II. റൂളിംഗ്

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡറിനെ സംബന്ധിച്ച് ഡിബേററ് പാടില്ല എന്നത് വളരെ ക്ലിയറാണ്. എന്റെ മുൻഗാമി ശ്രീ. വക്കം പുരുഷോത്തമൻ കൊടുത്ത റൂളിംഗ് വളരെ കറക്ടാണ്. പക്ഷെ ഇവിടത്തെ കീഴ്വഴക്കം അനുസരിച്ച് ചിലപ്പോൾ സംസാരിക്കാറുണ്ട്. But the Speaker may, if thinks fit hear members before giving the decision. പറയുന്നതു കേൾക്കാതെ ഞാൻ ഒരു തീരുമാനം എടുത്തു എന്ന് ഒരു ധാരണ വരണ്ട എന്നു കരുതി സീനിയർ അംഗങ്ങൾക്ക് ചിലപ്പോൾ അവസരം കൊടുക്കാറുണ്ട്, അതനുസരിച്ച് കേട്ടു. പിന്നെ ഇന്നലെ സംസാരിച്ച കാര്യത്തെ സംബന്ധിച്ചിടത്തോളം അത് ശ്രീ. പിണറായി വിജയൻ ആയാലും ശരി, ശ്രീ. അഹമ്മദ് പട്ടേൽ ആയാലും ശരി, ഇവിടെ വ്യക്തമായ ഒരു നടപടിക്രമം ഉള്ളത് നിയമസഭയിൽ ഉള്ള ആളുകളെപ്പററി പറയുമ്പോൾ അവർക്ക് എക്സ്പ്ലനേഷൻ കൊടുക്കാൻ പററും, ബാക്കിയുള്ളവരെപ്പററി പറയുമ്പോൾ ആ സ്ററാൻഡേർഡ് കുറച്ചുകൂടി authenticate ആയിട്ടുവേണം എന്നുള്ളതാണ് accepted കാര്യം. ഇനി ഇവിടെ പല ആളുകളുടേയും പേരു പറഞ്ഞു, ശ്രീ. ടി. കെ. ദേവകുമാർ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചു എന്നുള്ളത് ശരിയാണ്, പക്ഷെ ഈ കാര്യം ഏതെങ്കിലും മെമ്പർ പറഞ്ഞ സമയത്ത്...................................ഏതായാലും അതിനെ സംബന്ധിച്ച് ചെയറിന്റെ അഭിപ്രായം വളരെ വ്യക്തമാണ്. ആരോപണങ്ങൾ അങ്ങനെ സ്ററാൻഡേർഡ് വിട്ട് വ്യക്തിപരമായി എന്തെങ്കിലും ഉണ്ടോ എന്ന് ഞാൻ രേഖ പരിശോധിക്കാം, സ്ററാൻഡേർഡിൽ കുറഞ്ഞ കാര്യങ്ങളാണെങ്കിൽ അത് നീക്കം ചെയ്യുന്നതിനെപ്പററി പരിശോധിക്കാം.

III. ഷോർട്ട് ക്വസ്ററ്യന്റെ മറുപടി സംബന്ധിച്ച്

ഡോ. തോമസ് ഐസക്ക്: സർ, ഞാൻ ഷോർട്ട് ക്വസ്ററ്യൻ നോട്ടീസ് ആയി ചില ചോദ്യങ്ങൾ ചോദിച്ചിരുന്നു. അത് ഇന്നത്തെ ചർച്ചയ്ക്ക് അത്യന്താപേക്ഷിതമായതുകൊണ്ട് ലഭ്യമാക്കണം.

മി. സ്പീക്കർ: അതിൽ കാര്യം ഇത്രയേയുള്ളൂ, ചോദ്യോത്തര സമയം ഇന്ന് ഇല്ല. അങ്ങ് തന്ന നോട്ടീസ് ഞാൻ അദ്ദേഹത്തിന് കൊടുത്തു. അദ്ദേഹത്തിന് വേണമെങ്കിൽ മറുപടിയിൽ പറയാം. അല്ലെങ്കിൽ അടുത്ത ചോദ്യോത്തര ദിവസം പറയാം. I can't compel എന്താണ് പ്രതികരണമെന്ന് എനിക്കറിയില്ല. അദ്ദേഹം ഇവിടെ ഇല്ല.

IV. അവിശ്വാസപ്രമേയം (ചർച്ച തുടർച്ച)

ശ്രീ. ജി. കാർത്തികേയൻ: സർ, ഉമ്മൻചാണ്ടി മന്ത്രിസഭയുടെ മേൽ അവിശ്വാസം രേഖപ്പെടുത്തിക്കൊണ്ടുള്ള ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുന്നു. സാധാരണഗതിയിൽ ഒരു അവിശ്വാസ പ്രമേയം വരുമ്പോൾ അതിന് ആധാരമായ കാര്യങ്ങൾ അവതരിപ്പിച്ചു പ്രസംഗിക്കാനുള്ള ബാദ്ധ്യത അവതരിപ്പിക്കുന്ന വ്യക്തിക്കും അല്ലെങ്കിൽ അദ്ദേഹം നയിക്കുന്ന പ്രസ്ഥാനത്തിനുമുണ്ടാകാറുണ്ട്. കഴിഞ്ഞ ദിവസം നടന്ന ചർച്ചകളിലെങ്ങും ഉമ്മൻ ചാണ്ടി മന്ത്രിസഭയുടെ മേൽ അവിശ്വാസം രേഖപ്പെടുത്തുന്നതിന് പര്യാപ്തമായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

വാദങ്ങളൊന്നും കേട്ടില്ല. കഴിഞ്ഞ നാലു വർഷമായി സഭയ്ക്കകത്തും പുറത്തും വന്ന രാഷ്ട്രീയ പ്രശ്നങ്ങൾക്ക് അനുകൂലമായും പ്രതികൂലമായും വന്ന ലേഖനങ്ങളെ ഉദ്ധരിച്ചുകൊണ്ടു നടന്ന പ്രസംഗങ്ങൾക്കപ്പുറം മറ്റൊന്നും ഉണ്ടായിരുന്നില്ല. എൽ. ഡി. എഫ്. -ന് ഉണ്ടാകുന്ന അസ്വസ്ഥത നമുക്ക് ബോദ്ധ്യമാകും. മാസങ്ങൾ കഴിയുമ്പോൾ കേരളത്തിൽ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് നടക്കും. അതു കഴിഞ്ഞാൽപ്പിന്നെ നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പ്. വരാൻ പോകുന്ന തിരഞ്ഞെടുപ്പുകളെ മുന്നിൽ കണ്ടുകൊണ്ട് അന്തരീക്ഷത്തിൽ ഒരു അസ്വസ്ഥതയുണ്ടാക്കുക മാത്രമേ അവരെ സംബന്ധിച്ചുള്ളൂ. ജനങ്ങൾ വിലയിരുത്തുന്നത് പെർഫോർമൻസിന്റെ അടിസ്ഥാനത്തിലാണ്. പെർഫോർമൻസ് ആഡിററ് എന്നു പറയുന്നത് ജനങ്ങൾക്കും ബാധകമാണ്. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിലും പരാജയപ്പെട്ട രണ്ട് നിയമസഭാ തിരഞ്ഞെടുപ്പുകളിലും പരാജയപ്പെട്ടതിന്റെ കണക്കുമാത്രമെടുത്ത് വരാൻപോകുന്ന തിരഞ്ഞെടുപ്പിൽ കേരളത്തിലെ ജനങ്ങളുടെ വിധിയെഴുത്തുണ്ടാകുമെന്നുള്ള തെററിദ്ധാരണയിലാണ് അവർ. ജനങ്ങൾ നന്നായി ചിന്തിക്കുകയും വിലയിരുത്തുകയും ചെയ്യുന്നുണ്ട്. വരാൻ പോകുന്ന തിരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ടുള്ള രാഷ്ട്രീയ നാടകം മാത്രമാണ് ഇന്ന് നടക്കുന്നത്. ഇവരുടെ അസ്വസ്ഥതയ്ക്ക് പ്രധാന കാരണം അതാണ്. ശ്രീ. എ. കെ. ആന്റണി തുടങ്ങിവച്ച കേരളത്തിലെ മന്ത്രിസഭയുടെ വികസന അജണ്ട ശ്രീ. ഉമ്മൻ ചാണ്ടി മുന്നോട്ടു കൊണ്ടുപോകുന്നു. "ബഹുദൂരം അതിവേഗം" എന്നു പറയുമ്പോൾ ചിലർ കളിയാക്കും. എന്തിനാണ് കളിയാക്കുന്നത്? എവിടേയും നമുക്കുള്ളത് കോംപ്രമൈസിംഗ് ആണ്. വികസനമാണെങ്കിലും മററ് എന്താണെങ്കിലും സമയബന്ധിതമായി പരിപാടികൾ തീരില്ലെന്നുള്ളത് കേരളത്തിന്റെ ശാപമാണ്. ശ്രീ. എ. കെ. ആന്റണിയുടെ ശൈലിയല്ല ശ്രീ. ഉമ്മൻ ചാണ്ടിയുടെ ശൈലി. ശ്രീ. ആന്റണിയുടെ ഭരണത്തിന്റെ തുടർച്ചയായ ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണം കേരളത്തിലെ ജനങ്ങൾക്ക് മതിപ്പുണ്ടാക്കിയിട്ടുണ്ടെന്നുള്ളത് സത്യമാണ്. അതു മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് സമീപകാലത്ത് കേരള രാഷ്ട്രീയത്തിൽ വർഗ്ഗ വിനാശത്തിന്റെ വിത്തുകൾ വിതച്ചുകൊണ്ട് മുന്നോട്ടുപോകാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ശ്രമിക്കുന്നത്. ഞാൻ വിദ്യാർത്ഥി രംഗത്തുകൂടി കടന്നു വന്ന ഒരാളാണ്. മിക്ക ആളുകളും അങ്ങനെതന്നെയാണ്. ധാരാളം സമരങ്ങൾ നടത്തിയിട്ടുണ്ട്. ജയിലിൽ പോയിട്ടുണ്ട്. സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്. ലാത്തിച്ചാർജ് ഉണ്ടായിട്ടുണ്ട്. അതൊക്കെ സ്വാഭാവികമാണ്. എനിക്ക് ഇവിടത്തെ നേതാക്കളോട് ഒരു കാര്യം പറയാനുള്ളത് സ്ത്രീ ശാക്തീകരണത്തിന്റെ കാര്യമാണ്. പോലീസിന്റെ മുന്നിൽ ആർത്തലച്ചുവരുന്ന സമരം നടത്തുന്ന സംഘടിതശക്തിയോട് പത്തിരുപത്തിയഞ്ചോ, അൻപതോ പോലീസുകാർ പ്രതിരോധിക്കുന്നത് അവരുടെ കർമ്മവും ദൗത്യവുമാണ്. അങ്ങനെയുള്ള സന്ദർഭത്തിൽ പോലീസിന് ലാത്തിയും കണ്ണീർവാതകവും ഉപയോഗിക്കേണ്ടിവരും. മറ്റ് പലതും വേണ്ടിവരും. ആ സമയത്ത് താരതമ്യേന ആൺകുട്ടികളുടെപ്പോലെ ശരീരബലമില്ലാത്ത പെൺകുട്ടികളെ അതിന്റെ മുമ്പിലേക്ക് വലിച്ചെറിയുന്ന കാര്യത്തിൽ കുറച്ചു കൂടി സംയമനം ഉണ്ടാക്കണമെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണികൾ തീരുമാനിക്കണം. പെൺകുട്ടികൾ ആവേശം കൊണ്ടുവരും. ഒരു രംഗം വന്നാൽ അവരെ രക്ഷിക്കാൻ ആർക്കും കഴിയില്ല. പക്ഷെ അവരെ സമരത്തിന്റെ മദ്ധ്യത്തിലേക്ക് വലിച്ചെറിയുന്നതിനെക്കുറിച്ച് ഗൗരവതരമായി കേരളത്തിലെ മാർക്സിസ്ററ് പാർട്ടി ആലോചിക്കണമെന്ന് വിനയപുരസ്സരം ഞാൻ സഭയിൽ ആവശ്യപ്പെടുകയാണ്. അതിനോടൊപ്പം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു കാര്യംകൂടിപറയാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഗ്രനേഡുപോലുള്ള കാര്യങ്ങൾ വിദ്യാർത്ഥി സമരങ്ങളെ നേരിടുന്നതിനുവേണ്ടി വേണമോ, വേണ്ടയോ എന്ന് ആലോചിക്കേണ്ടതാണ്. പോലീസും മനുഷ്യരാണ്. ഒരുപാട് പോലീസുകാരില്ല. ആർത്തലച്ചുവരുന്ന വിദ്യാർത്ഥി സമൂഹത്തെ ഇവർക്ക് നേരിടേണ്ടിവരും. കല്ല് എറിയുമ്പോൾ, വീട് കത്തിക്കുമ്പോൾ, കാർ കത്തിക്കുമ്പോൾ ആളുകൾക്ക് എതിരെ സംഘടിതമായി ആക്രമണം നടത്തുമ്പോൾ സംഘടിതരായ നമ്മൾ അസംഘടിതരായ ഭൂരിപക്ഷത്തിനെതിരെ യുദ്ധം പ്രഖ്യാപിക്കുമ്പോൾ അസംഘടിതരായ ഭൂരിപക്ഷത്തിന് വേണ്ടി നിയമസമാധാനപരിപാലനം നടത്തേണ്ട പോലീസുകാർ അവരുടെ കർമ്മം നിർവ്വഹിക്കും. ആ സമയത്ത് ചിലപ്പോൾ ഇതിലും കൂടുതൽ വന്നുവെന്ന് വരും. അവിടെയാണ് പെൺകുട്ടികളോട് കാരുണ്യം കാണിക്കാൻ കേരളത്തിലെ സമരങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന സി.പി.ഐ. (എം.) പ്രത്യേകം ശ്രദ്ധിക്കണമെന്ന ഒരു അഭ്യർത്ഥന ഞാൻ വീണ്ടും വയ്ക്കുന്നത്. ഇവിടെ നടക്കുന്ന വികസനങ്ങളെ കാണാതെ പോകാൻ കഴിയുമോ? ലോകം മുന്നോട്ട് നീങ്ങുമ്പോൾ, ഇൻഡ്യ മുന്നോട്ട് നീങ്ങുമ്പോൾ തമിഴ്നാട് മുന്നോട്ട് നീങ്ങുമ്പോൾ അതിനോടൊപ്പം നീങ്ങാനുള്ള ഒരു ചിന്തയെങ്കിലും നമുക്കു വേണ്ടേ? അതിന് കേരളത്തിലെ വികസനങ്ങളോട് സഹകരിക്കുന്ന ഒരു സമീപനം മാർക്സിസ്റ്റ് പാർട്ടിക്ക് ഉണ്ടാകണം. വേറിട്ട സംസ്കാരം, വേറിട്ട ചിന്തകൾ എന്നു പറയുമ്പോൾ രാഷ്ട്രീയംകൊണ്ട് ഇക്കാലമത്രയും എന്തു നേടാൻ കഴിഞ്ഞുവെന്ന് മലയാളികൾ ചിന്തിക്കേണ്ട സമയം കഴിഞ്ഞുപോയിരിക്കുന്നു. ഇന്നലെ ഇവിടെ ബഹുമാന്യയായ ശ്രീമതി ടീച്ചർ സി.പി.ഐ. (എം.)-ന്റെ ധനശേഷിയെക്കുറിച്ച് പറഞ്ഞു, നല്ലത് , പാർട്ടിക്ക് ജനങ്ങൾ കൊടുത്തതാണ്. ആ പറയുന്ന രീതി, ആ ഒരു ധാർഷ്ട്യം പാടില്ല. ജനങ്ങൾ കൊടുക്കുന്ന പണം ആകട്ടെ, പാർട്ടിക്ക് ഇരിക്കട്ടെ, ഇൻഡ്യയിൽ ഇന്ന് ജീവിച്ചിരിക്കുന്ന നാരായണമൂർത്തിയെപ്പോലുള്ള അസിം പ്രേംജിയെപ്പോലുള്ള, മരിച്ചുപോയ ടാററായെ പോലുള്ള, ലാളിത്യമുള്ള തിരുവിതാംകൂർ മഹാരാജാവിനെപ്പോലുള്ള, ആളുകളുടെ വാക്കുകേട്ടാൽ അങ്ങനെ തോന്നുകയില്ല. അന്റോണിയോ ഗ്രാസ്മിയെന്ന് പറയുന്ന ഒരു ഇറ്റാലിയൻ ചിന്തകനുണ്ട്. പത്തിരുപത് വർഷം ഇറ്റലിയിലെ ജയിലിൽ കിടന്ന കമ്മ്യൂണിസ്റ്റ് തത്വചിന്തകനാണ്. അദ്ദേഹം പറഞ്ഞു, വൻധനശേഷിയുള്ള ഏത് പ്രസ്ഥാനവും സ്വേച്ഛാധിപത്യമാർഗ്ഗത്തിലേക്ക് പോകേണ്ടിവരുമെന്ന്. അദ്ദേഹം ഒരുപാട് പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. അവസരത്തിലും അനവസരത്തിലും കമ്മ്യൂണിസ്റ്റ് ചിന്തകൻമാരെയെല്ലാം ക്വാട്ട് ചെയ്യുന്ന ആളുകളായതുകൊണ്ട് ഞാൻ ഇവിടെ പറഞ്ഞുവെന്നേയുള്ളൂ. അത് പറയാതിരിക്കാൻ നിവൃത്തിയില്ല. 'വിദ്യകൊണ്ട് പ്രബുദ്ധരാകുക, സംഘടനകൊണ്ട് ശക്തരാകുക' എന്നു പറഞ്ഞ ശ്രീനാരായണഗുരുദേവന്റെ നാടാണ് ഇത്. സമരം കൊണ്ട് സംഘടനയെ ശക്തിപ്പെടുത്തി നിങ്ങൾ നിങ്ങളുടെ വിദ്യാഭ്യാസത്തെ നശിപ്പിക്കുക എന്നിട്ട് എന്റെ പ്രസ്ഥാനത്തെ രക്ഷിക്കുക എന്നു പറഞ്ഞുകൊണ്ടാണോ ഒരു വിദ്യാർത്ഥി സമരം നടത്തേണ്ടത്? പണ്ട് നടന്ന വിദ്യാർത്ഥി സമരങ്ങൾക്ക് ഒരു കാരണമുണ്ടായിരുന്നു. നിങ്ങൾ എന്തു പറഞ്ഞാലും കേരളം ഇന്ന് വിദ്യാഭ്യാസ രംഗത്ത് മുന്നോട്ടുപോയിട്ടുണ്ട്. ഉമ്മൻ ചാണ്ടി ഗവൺമെന്റ് കേരളത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് വരുത്തിയ മാററങ്ങൾ, മാററങ്ങൾ തന്നെയാണ്. കേരളത്തിലെ സമ്പന്ന വിഭാഗങ്ങൾക്കു മാത്രമായി കൽപ്പിച്ചു കൊടുത്തിരുന്ന, സംവരണം ചെയ്തുകൊടുത്തിരുന്ന പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തേയ്ക്ക് കേരളത്തിലെ ഇടത്തരക്കാർക്കുകൂടി കടന്നു വരാൻ അവസരം നൽകിയത് വിപ്ലവകരമായ മാററം തന്നെയാണ്. കുറവുകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ആ കുറവുകൾ പരിഹരിക്കാനായി ശ്രമിച്ചിട്ടുണ്ടോ? നിങ്ങൾ ആ കുറവുകൾ പരിഹരിക്കാൻ സഹായിച്ചിട്ടുണ്ടോ? ആ കുറവുകൾ പരിഹരിക്കാൻ ഒരു സഹായവും നിങ്ങൾ ഒരു സന്ദർഭത്തിലും ചെയ്തിട്ടില്ല. കേരളം കയററുമതി ചെയ്യുന്നത് മനുഷ്യ സമ്പത്തിനെയാണ്. അന്യ സംസ്ഥാനങ്ങളിലേക്കും അന്യ രാജ്യങ്ങളിലേക്കും കയററുമതി ചെയ്യുന്ന മനുഷ്യ സമ്പത്തിനെ പ്രാപ്തമാക്കി, നമുക്കാവശ്യമായ വർത്തമാന കാലത്തെ പ്രൊഫഷണൽ വിദ്യാഭ്യാസം ലഭിക്കുന്നതിനുവേണ്ടി കേരള സമൂഹത്തെ പ്രാപ്തമാക്കുന്നതിന് കൊണ്ടുവന്ന സ്വാശ്രയ വിദ്യാഭ്യാസ സമീപനമാണ്. ഇവിടെ നടക്കുന്ന സമരങ്ങളെല്ലാം അതിനെതിരായിരുന്നില്ലേ? കേരളത്തിലെ മക്കൾ രക്ഷപ്പെടണം, മക്കൾ മുന്നോട്ടു നീങ്ങണം, നല്ല വിദ്യാഭ്യാസം ലഭിക്കണം അതുവഴി കുടുംബം നന്നാകണം, ജീവിക്കണം എന്ന് ആഗ്രഹിക്കുന്ന കേരളത്തിലെ പാവപ്പെട്ടവരോട് പറയുന്നത് മറ്റൊന്നുമല്ല. കേരളത്തിൽ ഒന്നും നടക്കില്ല; ഒന്നും നടക്കാൻ പാടില്ല എന്നാണ്. അത്തരം ഒരു മുദ്രാവാക്യവും രാഷ്ട്രീയ സമീപനവും മനസ്സിൽ വെച്ചുകൊണ്ട് തന്നെയാണ് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഇവിടെ അവിശ്വാസ പ്രമേയം അവതരിപ്പിച്ചത്. ആ അവിശ്വാസ പ്രമേയത്തെ ഒരിക്കൽക്കൂടി ഞാൻ എതിർക്കുന്നു. 1995 ഏപ്രിൽ മാസം 20-ാം തീയതിയാണ് ഞാൻ ആന്റണി മന്ത്രിസഭയിൽ ആദ്യം അംഗമാകുന്നത്. 21-ാം തീയതിയാണ് വൈദ്യുതി വകുപ്പിന്റെ ചാർജ്ജ് അദ്ദേഹം എന്നെ ഏൽപ്പിക്കുന്നത്. അന്ന് ഞങ്ങളുടെ മന്ത്രിസഭയിൽ ശ്രീ. ആര്യാടൻ മുഹമ്മദ് ഉൾപ്പെടെയുള്ളവർ ഉണ്ടായിരുന്നു. 1991-ൽ കരുണാകരൻ മന്ത്രിസഭ അധികാരത്തിൽ വരുമ്പോൾ കേരളത്തിന്റെ ചിത്രം എന്തായിരുന്നു? ജലവൈദ്യുത പദ്ധതികൾ മാത്രമായിരുന്നു നമുക്കുണ്ടായിരുന്നത്. ജലവൈദ്യുത പദ്ധതികൾ കൊണ്ടു മാത്രം കേരളത്തിന്റെ വ്യവസായത്തിനും കൃഷിക്കും ആവശ്യമായ വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയില്ല എന്നുള്ളതുകൊണ്ടുതന്നെയാണ് അതിൽനിന്നും മാറി താപ വൈദ്യുത നിലയങ്ങൾ എന്നതിലേക്ക് പോകാൻ തീരുമാനിച്ചത്. അത്തരം ഒരു നയം അന്ന് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായി. എന്തുകൊണ്ട് സൈലന്റ് വാലിക്കും പൂയംകുട്ടിക്കും അനുവാദം കിട്ടിയില്ല? കൂടുതൽ വൈദ്യുത പദ്ധതികൾ ആരംഭിക്കാതെ കേരളത്തിന്റെ വൈദ്യുത ക്ഷാമം പരിഹരിക്കാൻ കഴിയില്ല എന്ന അവസ്ഥയിലാണ് വേറെ മാർഗ്ഗങ്ങളെപ്പററി ആലോചിച്ചത്. ഞാൻ മന്ത്രിയായിട്ട് വരുമ്പോൾ മൂന്നു മണിക്കൂർ പവർ കട്ടും ലോഡ് ഷെഡിംഗുമാണുണ്ടായിരുന്നത്. അത് ഏതെങ്കിലും മന്ത്രിക്ക് ഇഷ്ടമുള്ള കാര്യമാണോ? അതു പ്രഖ്യാപിക്കാൻ അന്നത്തെ ഗവൺമെന്റും ബാദ്ധ്യസ്ഥരായിരുന്നു. എന്തുകൊണ്ട്? മഴയില്ലായിരുന്നു, വെള്ളമില്ലായിരുന്നു. അന്തരിച്ച ഇ. കെ. നായനാരും, പി.. കെ. വാസുദേവൻ നായരും ഉൾപ്പെടെയുള്ള കേരളത്തിലെ പ്രതിപക്ഷനേതാക്കൾ ശ്രീ. എ. കെ. ആന്റണിയുമായി ദർബാർ ഹാളിൽ മൂന്ന് മണിക്കൂർ ചർച്ച ചെയ്ത് പവർകട്ട് പ്രഖ്യാപിക്കാൻ ബാദ്ധ്യസ്ഥമായ ചിത്രം ഒരുക്കിവച്ചു. അപ്പോൾ മറ്റു മാർഗ്ഗങ്ങൾ കണ്ടെത്തണമെന്ന് പറഞ്ഞു. കായംകുളം താപവൈദ്യുത നിലയത്തിന്റെ അന്തിമ അനുവാദം നമുക്ക് നേടിയെടുക്കാൻ കഴിഞ്ഞത് ഞാൻ മന്ത്രിയായിരുന്ന (1995) സമയത്തായിരുന്നു. അന്ന് കേരള നിയമസഭ ഒന്നടങ്കം എന്നെ അഭിനന്ദിച്ച കാര്യം ഞാൻ ധന്യതാപൂർവ്വം ഓർക്കുന്നു. ഇവിടെ ചില സ്നേഹിതൻമാർ പ്രസംഗിച്ചപ്പോൾ പറഞ്ഞു, ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 17 മെഗാ വാട്ട് വൈദ്യുതി മാത്രം ഉൽപാദിപ്പിച്ചു. ശരിയാണ്. യു. ഡി. എഫ്. അധികാരത്തിൽ ഇരിക്കുമ്പോൾ 17 മെഗാ വാട്ട് വൈദ്യുതി മാത്രമാണ് കമ്മീഷൻ ചെയ്തത്. എന്നാൽ,

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ മാറി കേരളത്തിൽ ഇ. കെ. നായനാർ മുഖ്യമന്ത്രിയും ശ്രീ. പിണറായി വിജയൻ മന്ത്രിയുമായി വന്നതിനുശേഷം ഒന്നര മാസത്തിനുള്ളിൽ 566 മെഗാ വാട്ടോളം വൈദ്യുതിയുടെ കമ്മീഷനിംഗ് നടന്നു. അതിങ്ങനെയാണ്. ലോവർ പെരിയാർ 150 മെഗാ വാട്ട്, കക്കാട് 50 മെഗാ വാട്ട്, ബ്രഹ്മപുരം 106 മെഗാ വാട്ട്, ബി. എസ്. ഇ. എസ്. 157 മെഗാ വാട്ട്, മൈലാട്ട് 20 മെഗാ വാട്ട്, പേപ്പാറ 3 മെഗാ വാട്ട്, കുറ്റ്യാടി എക്സ്ററൻഷൻ 50 മെഗാ വാട്ട്. 566 മെഗാ വാട്ട് വൈദ്യുതി ഒരു ഗവൺമെന്റിന്റെ കാലത്തുമാത്രം സാദ്ധ്യമല്ല. 566 മെഗാ വാട്ട് വൈദ്യുതിയെന്ന് പറയുന്നത് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്തുകൂടി ആരംഭിച്ച് പൂർത്തീകരിച്ചതാണ്. ലോവർ പെരിയാർ കമ്മീഷൻ ചെയ്തത് ഗവൺമെന്റ് വന്ന് ഒരു മാസം കഴിഞ്ഞതിനുശേഷമാണ്. എന്റെ നിയോജക മണ്ഡലത്തിലെ പേപ്പാറ കമ്മീഷൻ ചെയ്തത് ഈ ഗവൺമെന്റ് വന്ന് ഏഴാം ദിവസമാണ്. ബ്രഹ്മപുരത്തിന്റെ സ്ഥിതി അതായിരുന്നു. കക്കാടിന്റെ സ്ഥിതി അതായിരുന്നു. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് തനതായി തുടങ്ങി അവസാനം പൂർത്തീകരിച്ച പദ്ധതി എന്നു പറയുന്നത് 107 മെഗാ വാട്ടുള്ള കോഴിക്കോട്ടെ താപ വൈദ്യുത പദ്ധതിയാണ്. അത് കൃത്യമായിട്ടും എൽ. ഡി. എഫ്. ഗവൺമെന്റ് വന്ന്, നിങ്ങൾ തന്നെ തുടങ്ങി നിങ്ങൾ തന്നെ പൂർത്തീകരിച്ചു. 17 മെഗാ വാട്ട് മാത്രമായി തുടങ്ങി എന്ന് പറഞ്ഞതിന് മറുപടി എന്ന നിലയിൽ പറയുന്നതല്ല. പക്ഷെ അതല്ല ചിത്രം? മലബാറിലെ ചിത്രം എന്തായിരുന്നു? മലബാറിൽ ഉള്ളവർ സ്വതവേ മര്യാദയുള്ളവരാണെന്ന് ഞാൻ പറഞ്ഞത് പത്രത്തിൽ വന്നതാണ്. ഇല്ലെങ്കിൽ കേരളത്തിൽ വൈദ്യുതി വകുപ്പുമന്ത്രിമാർക്ക് അതുവഴി യാത്ര ചെയ്യാൻ കഴിയുമായിരുന്നോ? അത്രയ്ക്ക് വോൾട്ടേജ് ക്ഷാമം ആയിരുന്നു അന്ന് മലബാറിൽ അവിടെ സബ് സ്റ്റേഷനുകൾ ഇല്ല. ട്രാൻസ്മിഷൻ ലൈനുകൾ ഇല്ല. ഐക്യജനാധിപത്യമുന്നണി അധികാരം ഏറ്റെടുത്തതിനുശേഷം, ശ്രീ. എ. കെ. ആന്റണി പ്രഖ്യാപിച്ചതനുസരിച്ച് മലബാറിന്റെ വൈദ്യുതി ക്ഷാമത്തിനു വേണ്ടിയാണ് അവിടെ അടിയന്തിരമായി ആയിരം ട്രാൻസ്ഫോർമറുകളും , പുതിയ ലൈനുകളും , പുതിയ സബ് സ്റ്റേഷനുകളും കൊണ്ടുവന്നത്. 'മലബാർ പ്രോജക്ട്' എന്ന പേരിൽ മാത്രമായിട്ടാണ് കൊണ്ടു വന്നത്. മലബാറിലെ വൈദ്യുത ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി കണ്ണൂർ പ്രോജക്ട് കൊണ്ടുവന്നു. അത് നടക്കാതെ പോയത് നിങ്ങൾക്കെല്ലാം അറിയാം. അതിന്റെ ഭാഗമായിട്ടാണ് കുറ്റ്യാടി വന്നത്. അപ്പോൾ ഗവൺമെന്റിന് മാറി ചിന്തിക്കേണ്ടി വന്നു. കെ. എസ്.ഇ. ബി.-ക്ക് അത് ഏറ്റെടുക്കാൻ പണമില്ല. കെ. എസ്.ഇ. ബി. ഭീകരമായ ഒരു പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലായിരുന്നു കേരളത്തിൽ കുറ്റ്യാടി എക്സ്ററൻഷൻ പ്രോജക്ട് (50 മെഗാ വാട്ട്) വരുന്നത്. അതിനുശേഷം പള്ളിവാസൽ, പന്നിയാർ, ചെങ്കുളം റിനൊവേഷൻ പ്രോജക്ട് എന്നിവ വരുന്നു. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ, അഭിപ്രായം ആദ്യം അനുകൂലം ആയിരുന്നില്ല. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി പറഞ്ഞത് പൂർണ്ണമായും സ്വീകരിക്കാൻ കഴിയില്ല എന്നുള്ളത് നമ്മുടെ എക്സ്പെർട്ടുകളുടെ നിഗമനത്തിലാണ്. അതിൽ പിടിവാശി വല്ലതും ഉണ്ടോ? സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി പറഞ്ഞത് എന്താണ്? മൂന്നു പദ്ധതികളുടേയും എക്സ്റ്റൻഷൻ പൂർത്തിയായിട്ട് മതി നവീകരണം എന്നാണ്. പള്ളിവാസൽ പദ്ധതിയുടെ കാലാവധി 30 കൊല്ലമാണെന്ന ടെക്നിക്കൽ സങ്കൽപ്പം ഉണ്ട്. 50 വർഷം കഴിഞ്ഞ പദ്ധതികൊണ്ട് എന്തു പ്രയോജനം? ഉൽപ്പാദനം കുറയും. നവീകരണം അത്യാവശ്യമായി വരും. അത് മന്ത്രിപറയുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly

എക്സ്പെർട്ട് പറഞ്ഞതാണ്. മാത്രമല്ല, മൂന്നു പദ്ധതികളുടേയും സാദ്ധ്യതാ പഠനം ഉണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ഇല്ലാതെ ഇതൊന്നും സാദ്ധ്യമല്ല. നരസിംഹറാവു ഗവൺമെന്റ് വന്നപ്പോഴാണ് എം.ഒ.യു. സിസ്റ്റം വന്നത്. എം.ഒ.യു. റൂട്ടെന്ന് പറയുന്നത് ഒരു പാക്കേജാണ്. നമ്മൾ ഏത് രാജ്യവുമായിട്ടാണ് ഒപ്പു വയ്ക്കുന്നത് അവിടെ നിന്നുള്ള ലോണാണ്. ആ ലോണിന് കൊടുക്കുന്ന ഇന്ററസ്റ്റ് കുറവാണ്. അതോടൊപ്പം ഗ്രാന്റ് പാക്കേജായിട്ടാണ് വരുന്നത്. ഇലക്ട്രിസിറ്റി ബോർഡ് ഈ നവീകരണത്തിന്റെ പ്രവർത്തിയുമായിട്ടാണ് സഹകരിക്കേണ്ടത്. 85 ശതമാനവും ലോണായിട്ട് വരികയും ചെയ്യും. വികസിത രാജ്യങ്ങളെല്ലാം അവികസിത രാജ്യങ്ങളുടെ ഒരു പ്രോജക്ട് എടുത്താൽ ആ പ്രോജക്ടിനുവേണ്ടി സഹായം നൽകുന്ന പതിവുണ്ട്. വൈദ്യുത ഉപഭോഗം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഒരു പാക്കേജായിട്ടാണ് കൊണ്ടുവരുന്നത്. അതാണ് ഗ്രാന്റിന്റെ സംവിധാനം. ഇങ്ങനെ പാക്കേജായിട്ട് വരുമ്പോൾ സ്വാഭാവികമായിട്ടും അത് സ്വീകരിക്കുന്ന സമീപനമാണ് നല്ലത്. അതാണ് അന്നത്തെ നയം എന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി കേരള ഗവൺമെന്റ് ഏറ്റെടുത്തത്. ഇവിടെ കരാറുകാരുമായി ബന്ധപ്പെട്ട ഒരുപാട് കാര്യങ്ങളുണ്ട്. അതിലേക്കൊന്നും ഞാൻ പോകുന്നില്ല. അത് എല്ലാവരും പറഞ്ഞതാണ്. അതുകൊണ്ട് ആവർത്തിക്കേണ്ട കാര്യമില്ല. എങ്കിലും വളരെ പ്രധാനമായിട്ടുള്ള കുറച്ചു കാര്യങ്ങൾ പറയട്ടേ. കൺസൾട്ടൻസിയിൽ പറയുന്നത് എന്താണ്. തർക്കം അതാണല്ലോ? പ്രിലിമിനറി എഞ്ചിനീയറിംഗ്, ഡീറ്റെയിൽഡ് എഞ്ചിനീയറിംഗ്, ഡ്രോയിംഗുകൾ, ടെണ്ടർ ഡോക്യുമെന്റ്സ് തയ്യാറാക്കൽ, ടെണ്ടർ വിളിച്ചു വർക്ക് അവാർഡ് ചെയ്യൽ, സിവിൽ കൺസ്ട്രക്ഷന്റെ ഡ്രോയിംഗ് തയ്യാറാക്കൽ, ഡിസൈനിംഗുകളും ഡ്രോയിംഗുകളും, നിർമ്മാണ പ്രവർത്തനങ്ങളുടെ സൂപ്പർവിഷൻ, പരിശോധന, മെഷീനുകളുടെ കമ്മീഷനിംഗ്, യന്ത്രോപകരണങ്ങളുടെ പരിശോധന ഇതെല്ലാം കൺസൾട്ടൻസിയിൽ പറയുന്ന സേവനങ്ങളാണ്. ക്ലിയർ ആയിട്ടാണ് പറഞ്ഞിട്ടുള്ളത്. അതിനകത്ത് സ്കോപ് വർക്കാണ് ഏറ്റവും പ്രധാനപ്പെട്ടത്. Calling for an evaluating tenders and an award of contracts ഒത്തിരിയുണ്ട്. തർക്കം വന്ന വിഷയം ഞാൻ പറഞ്ഞെന്ന് മാത്രമേയുള്ളൂ. പിന്നെയുള്ളത് Design of tender documents, compilation of tender documents, തുടങ്ങിയവയാണ്. സംശയനിവാരണത്തിനുവേണ്ടി കൺസൾട്ടൻസിയുമായി ബന്ധപ്പെട്ടു വന്ന കരാർ വ്യവസ്ഥയിലെ ചില കാര്യങ്ങൾ

9 A.M.] സൂചിപ്പിച്ചെന്നേയുള്ളൂ. കേരളത്തിന്റെ അന്നത്തെ സാഹചര്യത്തിൽ കെ.എസ്.ഇ. ബി.യുടെ സാമ്പത്തിക പരാധീനതകൾക്കുള്ളിൽ നിന്നു കൊണ്ട് മറ്റ് രാജ്യങ്ങളുടെ സഹായം വാങ്ങാവുന്ന സിസ്റ്റത്തിലേക്ക് ഇൻഡ്യാ ഗവൺമെന്റിന്റെ തീരുമാനം പോവുകയും എം.ഒ.യു. റൂട്ട് അഖിലേൻഡ്യാ തലത്തിൽ അക്സെപ്റ്റ് ചെയ്തപ്പോൾ കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനു വേണ്ടി തീരുമാനം എടുക്കുകയും ചെയ്തു. പിന്നെ ഇത് ആർക്ക് കൊടുത്തു എന്നുള്ളതാണ് പ്രശ്നം? ഒരു കമ്പനിയെക്കുറിച്ച് പറയേണ്ട ഉത്തരവാദിത്തമൊന്നും നമുക്കാർക്കുമില്ല. എസ്. എൻ. സി. ലാവ്ലിൻ എന്ന കമ്പനിക്ക് കേരളവുമായിട്ടുള്ള ബന്ധം, ഇടുക്കി പ്രോജക്ടിന്റെ കൺസൽട്ടന്റായിരുന്നു, ലോവർ പെരിയാർ പദ്ധതിയുടെ കൺസൽട്ടന്റായിരുന്നു, ശ്രീ. പി. എസ്. ശ്രീനിവാസന്റെ കാലം മുതലുള്ള പദ്ധതികളുമായി ബന്ധപ്പെട്ട് നിൽക്കുന്ന ലോകപ്രശസ്തമായ ഒരു കമ്പനി എന്ന് അതിനുമുൻപ് ഇവിടെ എല്ലാവരും നിയമസഭയിൽ പറഞ്ഞിരുന്ന ഒരു കമ്പനിയാണ്. ഇന്റർനാഷണൽ

LIBRARY ARCHIVES Kerala Legislative Assembly

ലവലിൽ വളരെ പരിഗണിക്കപ്പെടുന്ന ഒരു കമ്പനിയാണ്. ഇനി ഇപ്പോൾ അങ്ങനെ അല്ലെങ്കിലും ഞാൻ തർക്കിക്കാനൊന്നും വരുന്നില്ല. അങ്ങനെയുള്ള ഒരു കമ്പനിയാണ് പുതിയ തീരുമാനമനുസരിച്ച് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് വന്നത്. ഇവിടെ ഞാൻ മന്ത്രിയായതിനു ശേഷം, ശ്രീ. എ. കെ. ആന്റണിയും അദ്ദേഹത്തിന്റെ മന്ത്രിസഭയിലെ അംഗങ്ങളുമായി കനേഡിയൻ അംബാസിഡർ ആവശ്യമായ ചർച്ച നടത്തി. അതൊരു വികസിത രാഷ്ട്രമാണ്. ആ വികസിത രാഷ്ട്രത്തിന് പണം afford ചെയ്യാൻ പറ്റും. അവരുടെ ഗ്രാന്റ് സ്വീകരിച്ച് ഈ പദ്ധതികൾ നവീകരിക്കുക എന്നുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് അന്ന് ഈ പ്രോജക്ട് ഏറ്റെടുത്തത്.

ഡോ. തോമസ് ഐസക്: അങ്ങ് മന്ത്രിയായിരുന്നപ്പോൾ കുറ്റ്യാടി പദ്ധതിയെക്കുറിച്ചെടുത്ത തീരുമാനം സംബന്ധിച്ചാണ് ചോദ്യം. കുറ്റ്യാടി പ്രോജക്റ്റിന് ശ്രീ. സി. വി. പത്മരാജൻ ധാരണാപത്രം ഒപ്പിട്ടു. ഇപ്പോൾ അങ്ങ് പരാമർശിച്ച രീതിയിലുള്ള കൺസൽട്ടൻസി കരാർ ഒപ്പുവെച്ചു. 1996 ഫെബ്രുവരി 24-ാം തീയതിയാണ് പള്ളിവാസൽ തുടങ്ങിയ പദ്ധതികളുടെ കൺസൽട്ടൻസി കരാർ ഒപ്പുവെച്ചത്. ആ ദിവസം അങ്ങ് കുറ്റ്യാടി പദ്ധതി സംബന്ധിച്ച സപ്ലൈ ഓർഡർ കരാർ ഒപ്പുവച്ചു. എന്റെ ചോദ്യം ലളിതമാണ്. മന്ത്രി എന്ന നിലയ്ക്ക് അന്ന് ആ സപ്ലൈ ഓർഡർ കരാറിനു പകരം ഗ്ലോബൽ ടെന്റർ വിളിക്കാൻ കഴിയുമായിരുന്നോ? ശ്രീ. സി. വി. പത്മരാജൻ ഒപ്പിട്ട ധാരണാപത്രത്തിന്റെയും കൺസൽട്ടൻസി കരാറിന്റെയും പശ്ചാത്തലത്തിൽ അനിവാര്യമായിരുന്നോ അങ്ങ് എടുത്ത തീരുമാനം? അതാണ് പറയേണ്ടത് ?

ശ്രീ. ജി. കാർത്തികേയൻ: എനിക്ക് മുൻപുള്ള ബഹുമാന്യനായ സി. വി. പത്മരാജൻ മന്ത്രിയായിരുന്നപ്പോൾ ശ്രീ. കെ. കരുണാകരൻ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നു. ആ സമയത്ത് കാനഡയിൽ പോയി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ വന്ന ആദ്യത്തെ എം.ഒ.യു. ആണ് കുറ്റ്യാടി എക്സ്റ്റെൻഷൻ 50 മെഗാവാട്ടിന്റേത്. ഞാൻ ഏപ്രിൽ 21-ന് മന്ത്രിയായി വന്നതിനുശേഷം ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വളരെ മുന്നോട്ട് നീങ്ങിയിരുന്നു. അങ്ങനെ വന്നപ്പോൾ സ്വാഭാവികമായിട്ടും മലബാറിന്റെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനുള്ള പ്രോജക്റ്റ് എന്നുള്ള നിലയിൽ, ഞാൻ അന്ന് മന്ത്രി എന്ന നിലയിൽ എന്റെ ഭരണകാലത്ത് അത് ഒപ്പു വച്ചു എന്നത് ശരിയാണ്.................. ....(ബഹളം)... ചോദ്യത്തിന് വഴങ്ങിയല്ലോ? ഇതുമായി ബന്ധപ്പെട്ട്...(ബഹളം).. ഞാൻ പറഞ്ഞല്ലോ, ഞാൻ ഒപ്പിട്ടു എന്ന് സമ്മതിച്ചല്ലോ, എന്റെ കാലത്താണ് ഒപ്പിട്ടത് ....(ബഹളം)...

മി. സ്പീക്കർ: അങ്ങ് ഇരിക്കണം. ഒരു മെമ്പർ സംസാരിക്കുമ്പോൾ അദ്ദേഹം വഴങ്ങിയാലേ പറ്റൂ. ക്രോസ് എക്സാമിനേഷനൊന്നും പറ്റില്ല. ക്രോസ് എക്സാമിനേഷനുള്ള സ്ഥലമല്ല ഇത്.

ശ്രീ. ജി. കാർത്തികേയൻ: അങ്ങയുടെ ചോദ്യത്തിന് ഞാൻ വഴങ്ങി. സഭയിലെ സീനിയർ അല്ലെങ്കിലും ഒരു സീനിയറായ വ്യക്തി എന്ന നിലയിൽ അങ്ങ് ചോദിച്ചപ്പോൾ ബഹുമാന പുരസ്സരം ഞാൻ വഴങ്ങി. അതിന് മറുപടി പറയുകയും ചെയ്തു. വേറെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു കാര്യം കൂടി പറയട്ടെ, കഴിഞ്ഞ മന്ത്രിസഭയുടെ കാലത്ത്, ശ്രീ. കോടിയേരി ഇരിക്കുന്ന സ്ഥാനത്ത് ഞാനൊക്കെ ഇരുന്നപ്പോൾ ഇതു സംബന്ധിച്ചുള്ള ചർച്ചകൾ നിയമസഭയ്ക്കകത്ത് വന്നു. ഈ സർക്കാർ വന്നപ്പോഴാണ് ശ്രീ. ടി. എം. ജേക്കബ് ചെയർമാനായിട്ടുള്ള സബ്ജക്റ്റ് കമ്മിററിയുടെ ഒരു പ്രൊപ്പോസൽ വന്നത്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയും ഞാൻ മന്ത്രിയുമായിരിക്കുന്ന കാബിനറ്റാണ് ഇതിനെക്കുറിച്ചുള്ള അന്വേഷണത്തിന് ഉത്തരവിട്ടത്. ഇതിന്റെ കരാറുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തുന്നതിന് അന്നത്തെ ഗവൺമെന്റ്, അന്ന് മന്ത്രിയായിരുന്ന ഞാനുൾപ്പെടെയുള്ള ആളുകൾക്ക് യാതൊരു വൈക്ലബ്യവും ഇല്ലാത്തതുകൊണ്ടുതന്നെയാണ് അന്വേഷണത്തിന് ഉത്തരവിട്ടത്. അന്വേഷണം നടക്കട്ടെ. ഒരു കാര്യം കൂടി പറയട്ടെ, ശ്രീ. ടി. കെ. ദേവകുമാർ പറഞ്ഞ ഒരു കാര്യം, കഴിഞ്ഞ മന്ത്രിസഭയിലെ ഒരു മന്ത്രി എന്ന നിലയിൽ ബഹുമാനപ്പെട്ട ആന്റണി എനിക്ക് സാംസ്കാരികം, ദേവസ്വം, ഭക്ഷ്യം, പൊതുവിതരണം എന്നീ വകുപ്പുകളുടെ ചുമതല നൽകിയിരുന്നു എന്നാണ്. ഞാൻ മന്ത്രിസ്ഥാനത്ത് നിന്ന് പോയതിനുശേഷം, അതിന് മുൻപ് ഈ സഭയിലെ പ്രതിപക്ഷത്തും ഭരണപക്ഷത്തുമുള്ള എല്ലാ ആളുകൾക്കുമറിയാം. കേരളത്തിലെ മാധ്യമങ്ങൾക്ക് എല്ലാവർക്കുമറിയാം, എന്തെങ്കിലും പ്രശ്നങ്ങൾ വന്നിരുന്നോ? അതിനുശേഷം ചില വേട്ടയാടലുകൾ നടന്നു. പറയാൻ ചില പരിമിതികളുണ്ട്. കാരണം അതിനെക്കുറിച്ച് ജുഡീഷ്യൽ എൻക്വയറി നടക്കുന്നു. ഇന്നലെയും ശ്രീ. ടി. കെ. ദേവകുമാർ പറഞ്ഞതുകൊണ്ട് പറയുകയാണ്, ഇവിടെ ഞാൻ മന്ത്രിയായി വന്നതിനുശേഷം അതിനുമുൻപ് ഇരുന്ന ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ, ദീർഘകാലം മന്ത്രിയായിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് തുടങ്ങിവച്ചിരുന്ന ടെന്റർ പ്രൊസിഡ്യൂവറിൽ നിന്ന് ലവലേശം ഞാൻ മാറിയിട്ടില്ല, ഒരിഞ്ച് മാറിയിട്ടില്ല. ഞാൻ പറയട്ടെ, ഹൈക്കോടതിയിൽ നിന്നുള്ള ചില നിർദ്ദേശങ്ങൾ കൂടി കൂട്ടിച്ചേർത്തതല്ലാതെ. പിന്നെ മന്ത്രിയായിരുന്ന സമയത്ത് ഒരു കാര്യത്തിൽ, ക്വാളിറ്റി സ്പെസിഫിക്കേഷനകത്ത് ഒരു വിട്ടുവീഴ്ചയുമില്ലായിരുന്നു. ക്വാളിറ്റിയിൽ നിർബന്ധം വരുത്തുമ്പോഴൊക്കെ വരുന്ന ചില വേരിയേഷൻസ് വന്നു. അതൊക്കെ സ്വാഭാവികമാണ്. അതിന്റെ പേരിൽ ചില പരാമർശങ്ങൾ ശ്രീ. ടി. കെ. ദേവകുമാർ നടത്തി. അന്വേഷണം നടക്കുന്നതുകൊണ്ട് ഇതിന് അപ്പുറമായി പറയാൻ പരിമിതികളുണ്ട്. ജുഡീഷ്യൽ എൻക്വയറി നടക്കുന്നു. അന്വേഷണമെന്ന് പറഞ്ഞാൽ അന്വേഷണത്തിന്റെ ഫലം പുറത്തുവരുമല്ലോ?.. ....(ബഹളം)...എല്ലാവരും പറയുന്ന വാചകം ആവർത്തിക്കുന്നില്ല. മടിയിൽ കനമുള്ളവനാണ് വഴിയിൽ പേടിക്കേണ്ടത്. അതുകൊണ്ട് ഞാൻ ഭയലേശമെന്യേ പറയുന്നു, അന്വേഷണം നടക്കട്ടെ, അന്വേഷണം സുതാര്യമായി നടക്കട്ടെ. ഉമ്മൻ ചാണ്ടി മന്ത്രിസഭയ്ക്കെതിരെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച അവിശ്വാസപ്രമേയത്തെ ശക്തമായി ഒരിക്കൽകൂടി ഞാൻ എതിർക്കുന്നു.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഞാൻ ഈ അവിശ്വാസപ്രമേയത്തെ പിൻതുണയ്ക്കുകയാണ്. കേരളത്തെ സർവ്വനാശത്തിലേക്ക് നയിച്ച ഐക്യജനാധിപത്യ മുന്നണിയുടെ നാല് വർഷത്തെ നെറികെട്ട ജനദ്രോഹ ഭരണത്തിനെതിരായ ജനകീയ വികാരത്തിന്റെ ബഹുസ്ഫുരണമാണ് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ അവതരിപ്പിച്ച അവിശ്വാസപ്രമേയം. ഇവിടെ ഉയർത്തിയ ഒരു പ്രശ്നത്തിനും ഉചിതമായ മറുപടി നൽകാൻ ഭരണകക്ഷിയിലെ ഒരാൾക്ക് പോലും കഴിഞ്ഞിട്ടില്ല. കുറേ സത്യങ്ങൾ ബഹുമാനപ്പെട്ട ജി. കാർത്തികേയൻ ഇപ്പോൾ പറയാൻ നിർബന്ധിക്കപ്പെട്ടു. പകരം കല്ലുവച്ച കുറെ നുണപ്രചരണമാണ് സി.പി.ഐ. (എം.)-ന് എതിരായി, പ്രത്യേകിച്ച് സി.പി.ഐ. (എം.)-ന്റെ സംസ്ഥാന ജനറൽ സെക്രട്ടറി സഖാവ് പിണറായി വിജയന് എതിരായി ഉന്നയിച്ചത്. ഇതിന്റെ പിന്നിൽ വലിയ രാഷ്ട്രീയ ഗൂഢാലോചന പതിയിരിക്കുന്നു എന്ന കാര്യം കേരള ജനത എന്നേ തിരിച്ചറിഞ്ഞിരിക്കുന്നു. കേരളത്തിന്റെ വികസനത്തിൽ ഉൽപ്പാദന മേഖലയെ തട്ടിയുണർത്തി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന കാര്യത്തിൽ 1996-2001 വരെ കേരളം ഭരിച്ച എൽ. ഡി. എഫ്. കേരളത്തിന് നൽകിയ സംഭാവന മറക്കാൻ കഴിയില്ല. 1991-96 വരെ ഭരിച്ചപ്പോൾ 95 ശതമാനം പവർ കട്ടായിരുന്നു ഐക്യജനാധിപത്യമുന്നണിയുടെ സംഭാവന. 100 ശതമാനം പവർ ഇന്റെൻസീവ് വ്യവസായങ്ങൾ പവർകട്ടിലായിരുന്നു. ആറ് മണിക്കൂർ ലോഡ് ഷെഡ്ഡിംഗായിരുന്നു. നാല് മണിക്കൂർ പകലും രണ്ട് മണിക്കൂർ രാത്രിയും. ഇതായിരുന്നു ഇവിടത്തെ സ്ഥിതി. പാലക്കാട് ജില്ലയിലെ മലബാർ സിമെന്റ്സ് അടക്കം നിരവധി വ്യവസായ സ്ഥാപനങ്ങൾ ഈ കാലഘട്ടത്തിലാണ് അടച്ചു പൂട്ടിയത്. ഈ സാഹചര്യത്തിലാണ് യുദ്ധകാലാടിസ്ഥാനത്തിൽ എൽ. ഡി. എഫ്. ഇടപെടുന്നത്. ഫലം, 5 വർഷം കൊണ്ട് 1083 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു. 13 പുതിയ വൈദ്യുത പദ്ധതികൾ പൂർത്തീകരിച്ചു. മൂവായിരത്തോളം സബ് സ്റ്റേഷനുകളും 1100-ഓളം ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചു. ഇതിനു പുറമേ 1000 മെഗാവാട്ട് വൈദ്യുതി കൂടുതൽ ഉല്പാദിപ്പിക്കാൻ തുടക്കം കുറിച്ചു. ഈ മേഖലയിൽ മാത്രം എൽ. ഡി. എഫ്. ഗവൺമെന്റ് 3,600 കോടി രൂപയാണ് ചെലവഴിച്ചത്. ഇതിനു നേതൃത്വം കൊടുത്ത സഖാവ് പിണറായി വിജയൻ സി.പി.ഐ. (എം.) സംസ്ഥാന സെക്രട്ടറിയായി ഭരണകാലാവധി പൂർത്തീകരിക്കുന്നതിന് മുമ്പ് തെരഞ്ഞെടുത്തു. അപ്പോൾ മാതൃഭൂമിയും മലയാള മനോരമയും അദ്ദേഹത്തെ വാനോളം പുകഴ്ത്തി മുഖപ്രസംഗം എഴുതി. ആ മുഖപ്രസംഗത്തിലെ പ്രസക്തമായ ഒരു ഭാഗം ഞാൻ ഇവിടെ ഉദ്ധരിക്കാൻ ആഗ്രഹിക്കുകയാണ്. മാതൃഭൂമി—"കായങ്കുളം പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ". ഇത് 1999 ജനുവരി മാസം 17-ാം തീയതിയിലെ പത്രമാണ്. 11 വർഷമായി മുട്ടിയും ഇഴഞ്ഞും തടഞ്ഞും മുന്നോട്ട് നീങ്ങിയ പദ്ധതി ഒടുവിൽ സ്വപ്നതുല്യമായ ഒരു കുതിപ്പോടെ നിശ്ചിതസമയത്തിനു മുമ്പ് യാഥാർത്ഥ്യമാകുമ്പോൾ കേരളത്തിന്റെ ഭാവി വൈദ്യുതി പ്രതീക്ഷകളിൽ പ്രകാശത്തിന്റെ ഒരു പൊൻനാളം തെളിയുന്നതുപോലെ അഭിമാനപൂർവ്വം ആഹ്ലാദചിത്തരായി ഈ സ്വപ്നം സാക്ഷാത്ക്കരിക്കാൻ പരിശ്രമിച്ച എല്ലാവരേയും ഞങ്ങൾ അഭിനന്ദിക്കുന്നു. മുഖപ്രസംഗം തുടരുന്നു. നിരന്തരമായ അവലോകനവും വിലയിരുത്തലും മൂലവും ശക്തമായ ഇടപെടൽകൊണ്ടും ഈ പ്രവർത്തന രീതിയിലേക്ക് വൈദ്യുതി ബോർഡിനെ എത്തിച്ചതിനും സമയക്ലിപ്തതയോടെ ഈ പദ്ധതികൾ യാഥാർത്ഥ്യ മാക്കിയതിലും വൈദ്യുതി മന്ത്രിയായിരുന്ന ശ്രീ. പിണറായി വിജയന്റെ പങ്ക് എടുത്തു പറയുന്നു. അദ്ദേഹത്തെ ഞങ്ങൾ അഭിനന്ദിക്കുന്നു. മാതൃഭൂമി എഡിറ്റോറിയൽ ആണ്. മാതൃഭൂമിയും മലയാള മനോരമയും ഏത് സാഹചര്യത്തിലാണ് എതിരായത്? ശ്രീ. പിണറായി വിജയൻ അഴിമതിക്കാരനായത്? അതിന്റെ കാരണം കേരളീയർക്കറിയാം. ആടിനെ പട്ടിയാക്കേണ്ട പട്ടിയെ നിങ്ങൾ പേപ്പട്ടിയാക്കേണ്ട എന്നിട്ട് നിങ്ങൾ എറിഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലേണ്ട. ശ്രീ. പിണറായി വിജയൻ തീയിൽ മുളച്ചവനാണ്. വെയിലത്ത് വാടുന്നവനല്ല. ആർ. എസ്. എസ്.-ന്റെയും ബി. ജെ. പി.യുടേയും കോൺഗ്രസ് (ഐ) അക്രമികളുടേയും പോലീസിന്റെയും കത്തിക്കും വാളിനും ബോംബിനും തകർക്കാൻ കഴിയാത്ത മനക്കരുത്തിന്റെ ഉടമയാണ് ശ്രീ. പിണറായി വിജയൻ എന്നു നിങ്ങൾ മനസ്സിലാക്കണം. പാമ്പ് വേലായുധനെ മാക്രിയെ കാണിച്ചു പേടിപ്പെടുത്തേണ്ട. രണ്ടു വർഷം മുമ്പ് ശ്രീ. പിണറായി വിജയന് എതിരായി വിജിലൻസ് കേസ് എടുക്കാൻ നിങ്ങൾ തീരുമാനിച്ചില്ലേ? എന്താണ് കേസ് അന്വേഷണം നടത്താത്തത്? ആരാണ് എതിര്? ഇപ്പോഴെങ്കിലും നിങ്ങൾക്ക് ധൈര്യമുണ്ടോ ശ്രീ. പിണറായി വിജയനെ പ്രോസിക്യൂട്ട് ചെയ്യാൻ? ശ്രീ. പിണറായി വിജയൻ കേസിൽ പ്രതിയാവുകയില്ല. ചിലപ്പോൾ അതിലെ പ്രതിയാവുക ശ്രീ. ഉമ്മൻ ചാണ്ടിയാണെന്നു ഞാൻ പറയുന്നില്ല. ശ്രീ. എ. കെ. ആന്റണിയായിരിക്കും. ശ്രീ. ജി. കാർത്തികേയനായിരിക്കും ശ്രീ. കടവൂർ ശിവദാസനായിരിക്കും. ശ്രീ. പിണറായി വിജയൻ സാക്ഷി മാത്രമേ ആവുകയുള്ളൂ. പൂർത്തീകരിക്കാത്ത സി. ആന്റ് എ. ജി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ലേ ഇവിടെ ചർച്ച നടന്നത്. എല്ലാ നടപടി ക്രമങ്ങളേയും ലംഘിച്ചുകൊണ്ട് അല്ലേ ഈ രൂപത്തിൽ ചർച്ച ഇവിടെ നടന്നത്. പത്രക്കാർ പഠിപ്പിച്ചു കൊടുക്കുന്നത് ഇവിടെ വന്നു ഛർദ്ദിക്കുകയാണ് ചെയ്യുന്നത്. പ്രസിദ്ധീകരിച്ച മേശപ്പുറത്തു വച്ച എല്ലാ മെമ്പർമാർക്കും നൽകിയ സി. ആന്റ് എ. ജി. റിപ്പോർട്ട് ഇവർ വായിച്ചിട്ടില്ല. അതിവിടെ ചർച്ച ചെയ്തില്ലല്ലോ? 2004 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ സി. ആന്റ് എ. ജി. റിപ്പോർട്ട് പേജ് 91-ൽ എന്താണ് പറഞ്ഞിരിക്കുന്നത്? കുറ്റിയാടി ഓഗ്മെന്റേഷൻ പദ്ധതി ഓഡിറ്റ് ഒബ്ജക്ഷനാണ്. നീരൊഴുക്ക് ഇല്ലാത്ത സ്ഥലത്ത് 201 കോടി രൂപയുടെ വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കുകയില്ല. എസ്. എൻ. സി. ലാവ്‌ലിനുമായി എം. ഒ. യു. ഒപ്പിട്ടില്ലേ? അതിന്റെ ഭാഗമല്ലേ ഇപ്പോൾ ഇവിടെ തന്നിട്ടുള്ള സി. ആന്റ് എ. ജി. റിപ്പോർട്ടിൽ വളരെ വ്യക്തമായി പറയുന്നത്. യഥാർത്ഥ നീരൊഴുക്കിന് വേണ്ടത്ര പരിഗണന നൽകാതെ ക്രമാതീതമായ ചെലവിൽ കുറ്റിയാടി വിപുലീകരണ പദ്ധതി നടപ്പിലാക്കിയതുമൂലം 201 കോടി രൂപയുടെ മുതൽമുടക്ക് പ്രയോജനരഹിതമായി തീർന്നു. ഓഡിററ് റിപ്പോർട്ടിലുള്ള കാര്യമല്ലേ ഇതു സംബന്ധിച്ച് ഇവിടെ യാതൊരു ചർച്ചയും ഇല്ലല്ലോ; യഥാർത്ഥത്തിൽ ഇതിന്റെ മുപ്പതു ശതമാനം ഗ്രാന്റും ലഭിക്കുമായിരുന്നില്ലേ? ആ ഗ്രാന്റ് വാങ്ങിയിട്ടുണ്ടോ; വാങ്ങിയിട്ടില്ലെങ്കിൽ എന്തുകൊണ്ട് വാങ്ങിയില്ല? ഞങ്ങൾ തലശ്ശേരി കാൻസർ ആശുപത്രി തുടങ്ങിയല്ലോ? പള്ളിവാസൽ-പന്നിയാർ-ചെങ്കുളം പദ്ധതികളുടെ ഗ്രാന്റ് ഉപയോഗിച്ചാണ് തുടങ്ങിയത്. നിങ്ങൾ എന്തുകൊണ്ട് ബാക്കി തുക വാങ്ങിയില്ല? പാവം കാൻസർ രോഗികളെ ഓർത്തെങ്കിലും നിങ്ങൾക്ക് അത് ചെയ്യാമായിരുന്നില്ലേ? പുല്ലുട്ടിൽ കിടക്കുന്ന പട്ടിയുടെ സ്വഭാവമാണ് ഇവർക്കുള്ളത്. പുല്ലു തിന്നുകയുമില്ല, പശുക്കളെ തിന്നാൻ അനുവദിക്കുകയുമില്ല. എത്രയോ ഓഡിറ്റ് ഒബ്ജക്ഷൻ യു. ഡി. എഫ്.-ന് എതിരായി ഈ റിപ്പോർട്ടിലുണ്ട്. സമയക്കുറവു കൊണ്ട് ഞാൻ അതൊന്നും പറയാൻ ഉദ്ദേശിക്കുന്നില്ല. ഇവിടെ ഒരു കാര്യം ഞാൻ എടുത്തു പറയാൻ ആഗ്രഹിക്കുന്നു. നേരത്തേ ബഹുമാനപ്പെട്ട ജി. കാർത്തികേയൻ ഇവിടെ ഒരു കാര്യം പരാമർശിക്കുമ്പോൾ ബഹുമാനപ്പെട്ട തോമസ് ഐസക് ഒരു ചോദ്യം ചോദിച്ചു. 1996 ഫെബ്രുവരി മാസം ബഹുമാനപ്പെട്ട ജി. കാർത്തികേയൻ സപ്ലൈ ഓർഡർ ഒപ്പിട്ടു. അന്നുതന്നെ കൺസൾട്ടൻസിയെ ഏല്പിച്ചു. ആഗോള ടെൻഡർ വിളിക്കാമായിരുന്നുവോ എന്ന ചോദ്യത്തിനു ഉത്തരം പറയാൻ കഴിഞ്ഞില്ല.

LIBRARY ARCHIVES Kerala Legislative Assembly

എം. ഒ. യു. ഒപ്പിട്ടു. കൺസൾട്ടന്റ് ഏജൻസിയെ വച്ചു. സപ്ലൈ ഓർഡറിൽ ഒപ്പിട്ടിട്ടുള്ളത് ബഹുമാനപ്പെട്ട കാർത്തികേയനാണ്. എന്തുകൊണ്ട് അന്നു ആഗോള ടെൻഡർ അദ്ദേഹത്തിന് വിളിക്കാൻ കഴിഞ്ഞില്ല. അതേ അവസ്ഥകൊണ്ടുതന്നെയാണ് സഖാവ് പിണറായി വിജയനും ആഗോള ടെൻഡർ വിളിക്കാതിരുന്നത്? ഇത് എന്തുകൊണ്ട് നിങ്ങൾ മൂടി വയ്ക്കുന്നു? 2700 കോടി രൂപ ജിമ്മിന്റെ പേരിൽ ഇവിടെ വരുമെന്നു പറഞ്ഞു. ഇതിനുവേണ്ടി ചുമട്ടു തൊഴിലാളികളെ പിടിച്ചുപറിക്കാരായി ചിത്രീകരിച്ചു. കരിനിയമം കൊണ്ടുവന്നു. 13 പദ്ധതികൾക്കായി 365 കോടി രൂപയാണ്. ആകെ ജോലികൊടുത്തത് 1507 പേർക്കാണ്. 3,559 ഫാക്ടറികൾ അടച്ചുപൂട്ടി. പാലക്കാട് മാത്രം 150 യൂണിറ്റുകളാണ് അടച്ചുപൂട്ടിയത്. 12,000-ഓളം വരുന്ന തൊഴിലാളികൾക്ക് തൊഴിലില്ലാതായി. ടാറ്റയുടെയും ബി.പി.എൽ.-ന്റെയും സ്ഥാപനങ്ങൾ അടച്ചുപൂട്ടി. ഇവിടെ തൊഴിലാളി സമരം ഉണ്ടായിട്ടില്ല. എന്നിട്ട് ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദനെപ്പറ്റി പറയുന്നത് വി. എസ്. എന്നാൽ വികസനത്തിന്റെ ശത്രു എന്നാണ്. വളരെ വ്യക്തമായി ശ്രീ. എം. എം. ഹസ്സനോട് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. വി. എസ്. എന്നു പറഞ്ഞാൽ വികസനത്തിന്റെ ശത്രുവല്ല. വി. എസ്. എന്നു പറഞ്ഞാൽ വിക്ടറി ആന്റ് സക്സസ്സ് എന്നാണ്; ജയത്തിന്റെയും വിജയത്തിന്റെയും പര്യായമാണെന്നു നിങ്ങൾ മനസ്സിലാക്കണം. ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള സഹകരണമേഖലയിലെ ചിറ്റൂർ ഷുഗർ ഫാക്ടറി ഇവർ അടച്ചു പൂട്ടി. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് നിരവധി പ്രാവശ്യം ഇക്കാര്യം മന്ത്രിയോട് പറയുകയും അസംബ്ലിയിൽ ഉന്നയിക്കുകയും ചെയ്തു. ഞാനും ഉന്നയിച്ചു. ബിവറേജസ് കോർപ്പറേഷൻ ഈ സ്ഥാപനം ഏറ്റെടുക്കുമെന്നു അവർക്ക് ഉറപ്പ് നൽകി. കേരളത്തിന് ആവശ്യമായ വിദേശമദ്യത്തിന്റെ 100 ശതമാനവും ഇന്നു 97 സ്വകാര്യ ഡിസ്റ്റിലറി ഉടമകളിൽ നിന്നാണ് വാങ്ങുന്നത്. ഇതിൽ 10 ശതമാനം ചിറ്റൂർ ഷുഗർ ഫാക്ടറിയിൽ നിന്നു വാങ്ങിയിരുന്നെങ്കിൽ ആ സ്ഥാപനത്തിന് രക്ഷപ്പെടാൻ കഴിയുമായിരുന്നു. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും വിറ്റു തുലച്ചു. കേരളത്തിന്റെ പൊതു സ്വത്ത് കൊള്ളയടിക്കുകയാണ്. ഞാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്ക് എതിരായി ഒരു ആരോപണം ഇവിടെ എഴുതി കൊടുത്തു. സിഡ്കോയുടെ നിയന്ത്രണത്തിലുള്ള 17 വ്യവസായ എസ്റ്റേറ്റുകൾ 21 കോടി രൂപയുടെ സ്വത്താണ്. ഇത് 29 ലക്ഷം രൂപയ്ക്ക് വിൽക്കാൻ തീരുമാനിച്ചു. പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ട് നാഷണൽ ഹൈവേയുടെ ഓരത്ത് നാലര ഏക്കർ KEL-ന്റെ സ്ഥലമാണ്. ബഹുമാനപ്പെട്ട മന്ത്രിക്കറിയാം ഒരു സെന്റിന് 50,000 രൂപ വിലയുണ്ട്. അതാണ് ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ഒരു സെന്റിന് 450 രൂപ വച്ച് വിൽക്കാൻ തീരുമാനിച്ചത്. ഞങ്ങൾ അവിടെ കൊടി വച്ചു. അവിടെ ആരേയും പ്രവേശിക്കാൻ സമ്മതിക്കുകയില്ലെന്ന് വ്യക്തമാക്കി. നിങ്ങൾക്ക് ആ ഭൂമി വിൽക്കാൻ പറ്റില്ല. ബഹുമാനപ്പെട്ട മന്ത്രി ആരാണ് ഇതിനു പിന്നിൽ എന്നുള്ളത് വ്യക്തമാക്കണം. പാലക്കാട് ജില്ലയിൽ മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി അഞ്ചാം വാർഡിൽ മലിനീകരണം ഉണ്ടാക്കുന്ന 36 ഇരുമ്പുരുക്ക് കമ്പനികളുണ്ട്. കേരളത്തിലുള്ളവർക്ക് അവിടെ ജോലിയില്ല. 29 കോടി രൂപയുടെ കറണ്ടാണ് ഇവർ കട്ടത്. 250 കോടി രൂപ കുടിശ്ശിക കൊടുക്കാനുണ്ട്. കുറ്റവാളികളെ പിടിക്കുന്നില്ല. ഇവരുടെ ബിനാമികളാണ് ഇന്നു കേരളം ഭരിക്കുന്ന വ്യവസായ വകുപ്പ് മന്ത്രിയും അദ്ദേഹത്തിന്റെ പാർട്ടിയുമെന്നു ഞാൻ ആരോപിക്കുകയാണ്. വിദ്യാഭ്യാസം പൂർണ്ണമായും കച്ചവടക്കാരുടെ കൈകളിലാണ്. ശ്രീ. ആര്യാടൻ ഷൗക്കത്ത് നിർമ്മിച്ച 'ദൈവനാമത്തിൽ' എന്ന പടം ബഹുമാനപ്പെട്ട സ്പീക്കർ കണ്ടിട്ടുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇതിലെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

കഥാപാത്രം പച്ചക്കറി കച്ചവടക്കാരൻ കൊച്ചിൻ ഹനീഫയാണ്. അദ്ദേഹത്തിന്റെ ഒരു സുഹൃത്ത് പച്ചക്കറി കച്ചവടക്കാരനോട് ചോദിക്കുകയാണ് ഇപ്പോൾ പച്ചക്കറി കച്ചവടം എങ്ങനെയുണ്ട്? മറുപടി, പച്ചക്കറി കച്ചവടം മോശമാണ്. ഒരു ബി. എഡ്. കോളേജ് ഉണ്ട്. അത് ലാഭത്തിലാണ്. നമ്മളല്ലേ ഭരിക്കുന്നത്? ഒരു സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിന് ഞാൻ ശ്രമിക്കുന്നുണ്ട്. അത് കിട്ടും അപ്പോൾ നല്ല ലാഭം ഉണ്ടാകും. പിന്നെ പച്ചക്കറിയും വേണ്ട മീൻ കച്ചവടവും വേണ്ട. ഇതാണ് നമ്മുടെ വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ച് ശ്രീ. ആര്യാടൻ മുഹമ്മദിന്റെ മകൻ ഷൗക്കത്ത് ആര്യാടൻ നിർമ്മിച്ച പടത്തിന്റെ ഉള്ളടക്കം. നിങ്ങളത് കണ്ടിട്ടുണ്ടാകുമെന്നു വിശ്വസിക്കുകയാണ്. ഇതിന്റെ തിരക്കഥയും അദ്ദേഹം തന്നെയാണ് നിർവഹിച്ചിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസത്തിന്റെ ചിത്രം എന്താണ്? പൊതു വിദ്യാഭ്യാസം തകർത്തു, ഉന്നത വിദ്യാഭ്യാസം ഒരു പ്രത്യേക വിഭാഗത്തിനായി. പിന്നോക്കക്കാരായ എസ്.സി./എസ്. ടി. വിഭാഗക്കാർക്ക് ഒന്നും തന്നെ ഉന്നത വിദ്യാഭ്യാസ രംഗത്ത് കടക്കാൻ ഇനി പറ്റില്ല. ഈ സഭയിലുള്ള പലർക്കും ഉന്നത വിദ്യാഭ്യാസം ലഭിച്ചത് എങ്ങനെയാണ്? ഗവൺമെന്റിന്റെ സാമ്പത്തിക സഹായം ഉണ്ടാകും. ഗവൺമെന്റിന്റെ സാമ്പത്തിക സഹായം, മെരിറ്റ് സംവരണം കൊണ്ടല്ലേ, പാവപ്പെട്ട ഞങ്ങളെപ്പോലുള്ളവർക്ക് ഉന്നത വിദ്യാഭ്യാസ രംഗത്ത് കടക്കാൻ കഴിഞ്ഞത്. നാളെ ഒരു പാവപ്പെട്ട പട്ടിക ജാതി-പട്ടിക വർഗ്ഗ സമൂഹത്തിൽ നിന്നു വരുന്ന ഒരു ചുമട്ടുകാരന്റെ, ഒരു നിർമ്മാണത്തൊഴിലാളിയുടെ മകനു പ്രൊഫഷണൽ വിദ്യാഭ്യാസം സ്വപ്നം കാണാൻ കഴിയുമോ? എന്തിനുവേണ്ടിയാണ് വിദ്യാർത്ഥികൾ സമരം നടത്തിയത്? ഗവൺമെന്റ് ഉണ്ടാക്കിയ നിയമം നടപ്പിലാക്കാനാണ് അവർ സമരം ചെയ്തത്. നിയമത്തിന്റെ നിഷേധികളല്ല അവർ. അവർ നിയമത്തിന്റെ സംരക്ഷകരാണ്. അമ്പത് ശതമാനം മെറിറ്റ് സീറ്റിൽ സർക്കാർ നിശ്ചയിച്ച ഫീസ്, സഹകരണ മേഖലയിലെങ്കിലും നടപ്പാക്കേണ്ടേ എന്നാണ് കുട്ടികൾ ചോദിക്കുന്നത്. നിയമസഭ പാസ്സാക്കിയ നിയമം നടപ്പിലാക്കാൻ നിയമസഭയ്ക്കും ഗവൺമെന്റിനും കഴിയാതെ വന്നാൽ ജനങ്ങൾക്ക് ഈ സ്ഥാപനങ്ങളോടുള്ള വിശ്വാസ്യത നഷ്ടപ്പെടും. അത് പാർലമെന്ററി ജനാധിപത്യത്തിന്റെ മരണമണിയുടെ മുഴക്കമായിരിക്കും. അതുകൊണ്ട് നമ്മൾ പാസ്സാക്കിയ നിയമം നമുക്ക് നടപ്പിലാക്കാൻ നമുക്ക് കഴിയണം. എ.ഐ.എസ്.എഫ്., എസ്.എഫ്.ഐ. വിദ്യാർത്ഥിനികളായ നമിത, സിന്ധു ജോയ്, രമ്യ, സീന, വോൾഗ, ഷൈനി, അനിത എന്നിവരെ ഗ്രനേഡ് കൊണ്ട് പരിക്കുപറ്റി അംഗവൈകല്യം സംഭവിച്ച് മെഡിക്കൽ കോളേജിലും മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലും അഡ്മിറ്റ് ചെയ്തിരിക്കുന്നു. ഈ വൈകിയ വേളയിലെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവരെ ഒന്നുപോയി കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അക്ഷരാർത്ഥത്തിൽ അവർക്ക് ഇന്ന് അംഗവൈകല്യം സംഭവിച്ചു കഴിഞ്ഞു. ബൂട്ട്സിട്ട കാൽ കൊണ്ട് പോലീസുകാരന് നൃത്തം ചവിട്ടാനുള്ളതാണോ പെൺകുട്ടികളുടെ ശരീരം. ഭരണഘടനയിൽ ദേശീയ പതാക കാത്തുസൂക്ഷിക്കുന്നതു പോലെ പെൺകുട്ടികളുടെ ചാരിത്ര്യവും മാനവും കാത്തുസൂക്ഷിക്കണമെന്ന് ഇല്ലേ? Any services against the dignity of the women is against the fundamental duty of a citizen എന്നാണ് എഴുതി വച്ചിട്ടുള്ളത്. എം.എൽ.എ.മാരെ തല്ലിയില്ലേ? എം.എൽ.എ.മാരുടെ പരിക്ക് കാണിച്ചു തന്നാൽ തെറ്റാണോ? യു.എസ്.എ.-ൽ കെന്നഡി പ്രസിഡന്റായ ഘട്ടത്തിൽ യുദ്ധത്തിൽ പരിക്കുപറ്റിയ ഒരു പാട്ടാളക്കാരൻ അദ്ദേഹത്തെ കാണാൻ പോയി. എവിടെയാണ്

LIBRARY ARCHIVES Kerala Legislative Assembly

പരിക്കുപറ്റിയതെന്ന് ചോദിച്ചപ്പോൾ പാട്ടാളക്കാരൻ പാന്റ് താഴ്ത്തി ചന്തി കാണിച്ചുകൊടുത്തു; അത് കെന്നഡിയെ അപമാനിക്കലായിരുന്നില്ല. കെന്നഡി തടവിക്കൊടുത്തു. തടവിക്കൊടുക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയുന്നില്ല. പരിക്കുപറ്റിയ എം.എൽ.എ.മാരെ ഒന്ന് ആശ്വസിപ്പിക്കേണ്ടേ? ഏറ്റവും പ്രസിദ്ധമായ ഫോറസ്റ്റ് ഗമ്പ് എന്നു പറയുന്ന ഒരു ഇംഗ്ലീഷ് പടത്തിലെ രംഗമാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട സ്പീക്കർ അതൊന്ന് കാണണം. കെന്നഡി കാട്ടിയ ജനാധിപത്യബോധം ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയും കാട്ടേണ്ടിയിരുന്നു എന്നാണ് ഞാൻ പറയുന്നത്. ബഹുമാനപ്പെട്ട സാവിത്രി ടീച്ചറോട് ഞാൻ ചോദിക്കുകയാണ്. ഉന്നത വിദ്യാഭ്യാസത്തിന് പഠിക്കാൻ കഴിയാത്തതിന്റെ പേരിൽ പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ നിന്ന് താഴേയ്ക്ക് ചാടി ആത്മഹത്യ ചെയ്ത രജനിയുടെ കന്യകാ ചർമ്മം മുമ്പ് പൊട്ടിയിട്ടുണ്ടോ എന്ന് പരിശോധിച്ച ആളുകളല്ലേ നിങ്ങൾ? ഇൻഡ്യയിലെ അറിയപ്പെടുന്ന ഒരു തുഴച്ചിൽ താരമായ ആലപ്പുഴ ജില്ലയിലെ ശോഭിനി ഗവൺമെന്റ് പ്രഖ്യാപിച്ച പണം ലഭിക്കുന്നതിനുവേണ്ടി ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുടെ അടുത്തു പോയി. തിരുവനന്തപുരത്ത് വരാൻ അവരോട് പറഞ്ഞു. തിരുവനന്തപുരത്ത് വന്നപ്പോൾ മുഖ്യമന്ത്രി പറഞ്ഞു ഒക്കത്തില്ല എന്ന്. ആ കുട്ടി പിറ്റേ ദിവസം ആത്മഹത്യ ചെയ്തു. കിളിരൂർ ശാരി ഇഞ്ചിഞ്ചായി മരിച്ച സംഭവം ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാവും. കവിയൂരിലെ നാരായണൻ നമ്പൂതിരിയും അദ്ദേഹത്തിന്റെ ഭാര്യയും മൂന്ന് പെൺകുട്ടികളും ആത്മഹത്യ ചെയ്തു. പാവപ്പെട്ട പെൺകുട്ടികളെ പ്രമാണിമാർക്ക് കാഴ്ചവച്ച ലതാനായരുടെ അഭയകേന്ദ്രം ചെന്നിത്തലയിലെ ഓമനയമ്മയുടെ ആശ്രമമായിരുന്നു. ആ ആശ്രമത്തിലെ നിത്യ സന്ദർശകനല്ലേ മുൻ വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. കടവൂർ ശിവദാസൻ? സ്പീക്കറോട് ഞാൻ ചോദിക്കുന്നു സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ പരാതി വരുന്നില്ല എന്നു പറയുന്നു. എങ്ങനെ പരാതി ലഭിക്കും? കാൽ ഔൺസ് രക്തമുള്ള ഒരു പെൺകുട്ടി ഏതെങ്കിലും യക്ഷിയുടെ മുമ്പാകെ പ്രത്യക്ഷപ്പെടുമോ? പരാതി കൊടുക്കുമോ? ലീഗിന്റെ നേതാക്കൾക്ക് അടുത്ത തിരഞ്ഞെടുപ്പിൽ ഇനിയൊരു നാദാപുരത്തെ നബീസയെ കിട്ടില്ല. മാർക്സിസ്റ്റുകാർ ബലാൽസംഗം ചെയ്തു എന്നു പറഞ്ഞ് മുസ്ലീം വികാരം ആളിക്കത്തിച്ചു. അങ്ങനെ വോട്ട് പിടിച്ചു. നബീസയുടെ ഭർത്താവ് പത്രസമ്മേളനം നടത്തി. ലക്ഷക്കണക്കിന് രൂപ ലീഗിന്റെ നേതാക്കൾ മുക്കി എന്നു പറഞ്ഞു. ഇനി നബീസയുടെ പേരുപോലും പറയാൻ അവർക്ക് പറ്റില്ല. അപ്പോഴാണ് അവർ ഒരു പുതിയ കണ്ടുപിടിത്തം നടത്തിയത്—എസ്. എൻ. സി. ലാവ്‌ലിൻ. ഞാൻ ബഹുമാനപ്പെട്ട ലീഗിന്റെ നേതാക്കളോട് ചോദിക്കുന്നു സുനാമിയുമായി ബന്ധപ്പെട്ട് നിങ്ങൾ പിരിച്ച പണം ആരുടെ അക്കൗണ്ടിലാണ് ഉള്ളതെന്ന് കെ. ടി. ജലീൽ ചോദിച്ചിട്ടുണ്ട്. ശ്രീ. കുഞ്ഞാലിക്കുട്ടിയുടെ അക്കൗണ്ടിലാണോ അതോ ശ്രീ. ശിഹാബ്തങ്ങളുടെ അക്കൗണ്ടിലാണോ? കേരളത്തെ ഭരിച്ചു മുടിച്ച ഐക്യജനാധിപത്യ മുന്നണിയുടെ ഭരണത്തിനെതിരായ കേരളത്തിലെ ജനങ്ങളുടെ വികാരത്തിന്റെ അതിശക്തമായ പ്രകടനമാണ് ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഇവിടെ സമർത്ഥിച്ചത്. അതിൽ ഒരു സെന്റൻസിനു പോലും മറുപടി പറയാൻ കഴിഞ്ഞില്ല എന്നുമാത്രമല്ല ഇവർ കൊണ്ടുവന്ന എല്ലാ ആരോപണങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലാതായി എന്നുള്ളതാണ് ശ്രീ. ജി കാർത്തികേയന്റെ പ്രസംഗത്തിന്റെ ഉള്ളടക്കം. ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: മെമ്പർമാരോട് ഒരു കാര്യം പറയാം. നമ്മൾ മൂന്ന് ദിവസമായി ചർച്ച ചെയ്തു. ഏതാണ്ട് നിയമസഭയിലെ അമ്പത് ശതമാനം ആളുകളും ഈ ചർച്ചയിൽ പങ്കെടുത്തു. എല്ലാ മന്ത്രിമാരുടേയും, പേരിൽ അഴിമതി ആരോപണമുള്ളതുകൊണ്ട് അവർക്കെല്ലാം സംസാരിക്കേണ്ടി വരും. അതുകൊണ്ട് നിശ്ചയിച്ച സമയത്തിൽ ഒതുക്കിയാൽ നന്നായിരിക്കും. ചെയറിനെ സംബന്ധിച്ചിടത്തോളം എത്ര സമയം വരെ വേണമെങ്കിലും ഇരിക്കാം. പക്ഷേ അത് വേണമോ എന്ന് നിങ്ങൾ തീരുമാനിക്കണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, മന്ത്രിമാരുടെ സമയം എത്രയാണെന്ന് അങ്ങ് തീരുമാനിച്ചിട്ടുണ്ടോ? ....(ബഹളം)..അര മണിക്കൂർ അല്ല. ചോദ്യോത്തര സമയവും സീറോ ഔവറും ഉള്ളപ്പോഴാണ് അര മണിക്കൂർ വച്ചിട്ടുള്ളത്. അത് ഇല്ലാത്തപ്പോൾ അതിന്റെ സമയം കൂടി കിട്ടണം. അത് കുറച്ചേ മററുള്ളവർക്ക് കൊടുക്കാവൂ. .... (ബഹളം)..

മി. സ്പീക്കർ: Please. I can manage. ഇതിനെ സംബന്ധിച്ചാണെങ്കിൽ ആവശ്യമില്ലാത്ത ചർച്ചയൊന്നും വേണ്ട. ബെൽ അടിച്ച സമയം അനുസരിച്ച് ആരും സംസാരിച്ചിട്ടില്ല. ആരോപണങ്ങൾ ഉന്നയിച്ച സാഹചര്യത്തിൽ മന്ത്രിമാർക്കും റീസണബിളായിട്ടുള്ള ടൈം കൊടുക്കും. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, നമ്മുടെ സംസ്ഥാനത്തിന്റെ ഉത്തമ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ്. പരമ്പരാഗതമായി കേരളത്തിൽ നിലനിൽക്കുന്ന നിഷേധാത്മകമായ ഒരു സമീപനം തിരുത്തി എഴുതുന്നതിനും ഒരു പുതിയ വികസന പാതയിലൂടെ സംസ്ഥാനത്തെ മുന്നോട്ട് നയിക്കുന്നതിനും അതുവഴി കേരളത്തിലെ 3 കോടി 20 ലക്ഷം വരുന്ന ജനങ്ങളെ സഹായിക്കുന്നതിനും മെച്ചപ്പെട്ട ജീവിത മാർഗ്ഗം ഉണ്ടാക്കിക്കൊടുക്കുന്നതിനും വേണ്ടി നന്നായി പരിശ്രമിച്ച ഒരു ഗവൺമെന്റാണിത്. ഈ സർക്കാരിന്റെ കാലത്ത് അനേകം പുതിയ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കുകയും നിരവധി സാമൂഹിക പരിവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ സംബന്ധിച്ച് അവരുടേതല്ലാത്ത ഒരു ഗവൺമെന്റ് എന്ത് നല്ല കാര്യം ചെയ്താലും അതിനെ എതിർക്കുക എന്നുള്ളത് എത്രയോ കാലമായി അവർ തുടരുന്ന നിലപാടാണ്. ഈ ഗവൺമെന്റിനോട് മാത്രമല്ല മുമ്പുണ്ടായിരുന്ന ഗവൺമെന്റുകളോടും ഇതേ സമീപനം തന്നെ അവർ പ്രതിപക്ഷത്തായിരുന്നപ്പോൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തൊഴിലില്ലാത്ത ലക്ഷോപലക്ഷം ചെറുപ്പക്കാർക്ക് തൊഴിൽ ഉണ്ടാക്കിക്കൊടുക്കാൻ ഈ ഗവൺമെന്റ് ധാരാളം പരിശ്രമിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പശ്ചാത്തലസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി ധാരാളം പുതിയ റോഡുകളും പാലങ്ങളും നിർമ്മിക്കുകയും വ്യവസായ ശാലകളിൽ

LIBRARY ARCHIVES Kerala Legislative Assembly

പണിമുടക്കില്ലാത്ത ഒരു സാഹചര്യം സൃഷ്ടിക്കുകയും 'പ്രത്യാശ' എന്നപേരിൽ ഒരു ലക്ഷത്തോളം സംരംഭകർക്ക് ജോലി ലഭിക്കുന്ന, 25,000 പേർക്ക് തൊഴിൽ ലഭിക്കുന്ന പുതിയ പദ്ധതി ആരംഭിക്കുകയും ചെയ്തു. വിദ്യാഭ്യാസരംഗത്ത് അനേകം മാറ്റങ്ങളുണ്ടാക്കിയ 25 വർഷത്തെ വികസനം കൊണ്ട് പുതിയ മെഡിക്കൽ കോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും ആരംഭിച്ച ഒരു നല്ല ഗവൺമെന്റാണിത്. ആ ഗവൺമെന്റ് ഈ

[അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ (ശ്രീ. പി. ജെ. ജോയി)]

വിധത്തിൽ മുന്നോട്ട് പോകരുതെന്ന് ആഗ്രഹിക്കുന്നതുകൊണ്ടാണ് എന്റെ സ്നേഹിതൻമാർ ഇതുപോലുള്ള ഒരു അവിശ്വാസ പ്രമേയത്തിന് തുടക്കം കുറിച്ചതെന്നാണ് ഞാൻ കരുതുന്നത്. വാസ്തവത്തിൽ ഈ അവിശ്വാസ പ്രമേയം ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി ഗവൺമെന്റിന് എതിരായിട്ടുള്ളതല്ല. പ്രധാനമായും അതിന്റെ പിന്നിൽ ഒരു പ്രതിപക്ഷ നേതാവിന്റെ ചെറിയ ഗൂഢാലോചന ഉണ്ടോയെന്ന് ഞാൻ സംശയിക്കുന്നു. ഭരണ കക്ഷിയെ പ്രകോപിപ്പിച്ച പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി സഖാവ് പിണറായി വിജയനെ ചീത്തയാക്കാനുള്ള ആസൂത്രിതമായ ശ്രമം ഇതിന്റെ പിന്നിൽ ഉണ്ടെന്ന് സംശയിക്കുകയാണ്. കഴിഞ്ഞ കാലത്ത് ഇതുപോലുള്ള പ്രശ്നങ്ങൾ ഉന്നയിച്ചിരുന്നത് പ്രധാനമായും പ്രതിപക്ഷ നേതാവായിരുന്നു. അന്ന് മഴ പെയ്യുകയായിരുന്നു. ഇപ്പോൾ മരം പെയ്യുകയാണ്. ഇപ്പോൾ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇത് അവതരിപ്പിച്ചു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇതിന്റെ വെട്ടിൽ വീണിട്ടാണ് ഈ പ്രമേയം അവതരിപ്പിച്ചതെന്നാണ് ഞാൻ കരുതുന്നത്. പ്രമേയം അവതരിപ്പിച്ച് കഴിഞ്ഞപ്പോൾ അപ്രതീക്ഷിതമായി എസ്. എൻ. സി. ലാവ്‌ലിൻ പ്രശ്നം സജീവമായി വന്നതോടുകൂടി മധുരിച്ചിട്ട് തുപ്പാനും വയ്യ കയ്ച്ചിട്ട് ഇറക്കാനും വയ്യ എന്നുള്ള അവസ്ഥയിൽ അകപ്പെട്ട് പോയിരിക്കുകയാണ്. എങ്ങനെയാണ് ഇങ്ങനെ ഒരു അബദ്ധം ശ്രീ. കോടിയേരി ബാലകൃഷ്ണന് പറ്റിയതെന്ന് എനിക്കറിഞ്ഞുകൂടാ. അദ്ദേഹം ഒറ്റ നോട്ടത്തിൽ നിഷ്കളങ്കനാണ്. മോണകാട്ടിയുള്ള ചിരിയൊക്കെ എനിക്ക് വലിയ ഇഷ്ടമാണ്. പക്ഷെ മലബാറിന്റെ നിഷ്കളങ്കത വാസ്തവത്തിൽ ചൂഷണം ചെയ്യപ്പെട്ടോയെന്ന് ഞാൻ സംശയിക്കുകയാണ്. പാർട്ടി ശ്രീ. പിണറായിയുടെ കൂടെയാണെങ്കിലും ബുദ്ധി ശ്രീ. അച്ചുതാനന്ദന്റെ കൂടെയാണോയെന്ന് ഈ പ്രമേയം വന്നപ്പോൾ എനിക്ക് ചെറിയ ഒരു സംശയം തോന്നുന്നു. എന്തായാലും അവിശ്വാസ പ്രമേയം ഇവിടെ അവതരിപ്പിച്ചതിൽ അത്ഭുതമില്ല. അവർക്ക് ഒന്നിലും വിശ്വാസം ഇല്ല. പരസ്പരം വിശ്വാസം ഇല്ല. തമ്മിൽത്തമ്മിൽ വിശ്വാസം ഇല്ല. ദൈവത്തിലും വിശ്വാസം ഇല്ലല്ലോ; പിന്നെ ശ്രീ. ഉമ്മൻ ചാണ്ടിയെ വിശ്വസിക്കണമെന്ന് പറയുന്നതിൽ എന്ത് ന്യായമാണുള്ളത്? ഇടതുപക്ഷ ജനാധിപത്യമുന്നണി എല്ലാ വികസന പ്രവർത്തനങ്ങൾക്കും ഏത് കാലത്തും എതിരായിരുന്നു. 1970-ലെ സഖാവ് അച്ചുതമേനോന്റെ നേതൃത്വത്തിലുള്ള കേരള ഗവൺമെന്റാണ് ഇൻഡ്യയിൽ ആദ്യമായി ഭൂപരിഷ്കരണ നിയമം കേരളത്തിൽ നടപ്പിലാക്കിയത്. 35 ലക്ഷം കുടികിടപ്പുകാർക്ക് പട്ടയമൊക്കെ കൊടുത്തു. ആ ഗവൺമെന്റ് ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയപ്പോൾ ആ ഗവൺമെന്റിനെതിരായി നടപ്പിലാക്കുവാനുള്ള സൗഭാഗ്യം സി.പി.ഐ.(എം.)-ന് ഇല്ലാത്തതുകൊണ്ടാണ് 'ചേലാട്ട് അച്ചുതമേനോനേ ചേലില്ലാത്തതു കാട്ടല്ലേ, ഇതുപോലൊരു നാറിയ ഭരണം കേരളമക്കൾ കണ്ടിട്ടില്ല' എന്ന് മുദ്രാവാക്യം വിളിച്ച് അന്ന് സമരം ചെയ്തിരുന്നത്. അതുപോലെ ഇപ്പോൾ ഐക്യജനാധിപത്യമുന്നണി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത ഒരു നല്ല കാര്യം സംസ്ഥാനത്ത് പുതിയ മാറ്റം സൃഷ്ടിച്ച് ലോകത്തിനനുസരിച്ച് ഇൻഡ്യയ്ക്കനുസരിച്ച് വമ്പിച്ച പരിവർത്തനത്തിന് വിധേയമാക്കി ഈ സംസ്ഥാനത്തെ മുന്നോട്ട് കൊണ്ടുപോകാൻ ശ്രമിച്ചു. സംസ്ഥാനത്ത് കുറേയധികം ആളുകൾക്ക് തൊഴിൽ ഇല്ലെന്ന് പറഞ്ഞാലും സമരങ്ങൾക്കും പ്രക്ഷോഭങ്ങൾക്കും ആളെ സംഘടിപ്പിച്ച് അക്രമാസക്തമായ അന്തരീക്ഷം ഉണ്ടാക്കി സ്വഭാവ രൂപീകരണത്തിന്റെ പ്രായത്തിൽ കുട്ടികളെ വഴിതെറ്റിക്കുന്ന പ്രക്ഷോഭസമരങ്ങളാണ് ഇപ്പോൾ നിർഭാഗ്യവശാൽ ഈ സംസ്ഥാനത്ത് കാണുന്നത്. സംസ്ഥാനത്ത് 44 ലക്ഷം ആളുകൾക്ക് തൊഴിലില്ലെന്ന് പറയുമെങ്കിലും ഓരോ ദിവസവും 50 ലക്ഷം ആളുകൾ തമിഴ്നാട്ടിൽ നിന്ന് വന്ന് കേരളത്തിൽ ജോലി ചെയ്യുന്നു. നേരെമറിച്ച് നമ്മുടെ ചെറുപ്പക്കാർക്ക് അവരുടെ പണിയായുധങ്ങളായിട്ടുള്ള കൊടിയും, വടിയും, സൈക്കിൾ ചെയിനും മറ്റ് ആയുധങ്ങളും എടുത്ത് കൊടുത്തിട്ട് സെക്രട്ടേറിയറ്റിലും കളക്ടറേറ്റിന് മുൻപിലേക്കും അവരുടെ പതിവ് സമര പണിക്കായി പറഞ്ഞയയ്ക്കുകയാണ്. നേരെ മറിച്ച് തമിഴ്നാട്ടിലുള്ളവർ രാവിലെ അവരുടെ പിക്കാസും മൺവെട്ടിയും പണി ആയുധങ്ങളും എടുത്ത് പാടങ്ങളിലേക്കും പറമ്പിലേക്കും ജോലിക്ക് പോകുകയാണ്. വ്യവസായ ശാലകളിൽ നിർഭാഗ്യകരമായ സാഹചര്യത്തിന് മാറ്റം വരേണ്ടതല്ലേ? മുമ്പുകാലത്ത് ട്രാക്ടറിനെ എതിർത്തതുപോലെ നെല്ലു കുത്തുന്ന യന്ത്രത്തിനെ വരെ എതിർത്തിട്ടുണ്ടെന്ന് ഞാൻ കേട്ടിട്ടുണ്ട്. അന്ന് ഒരുപാട് ആളുകൾക്ക് ജോലി നഷ്ടപ്പെടും എന്നാണ് പറഞ്ഞിരുന്നത്. എന്നാൽ അതിന് മറുപടിയായി അക്കാലത്ത് ഒരു മുസ്ലീം ലീഗ് നേതാവ് പറഞ്ഞിരുന്നത് ഇതുകൊണ്ട് തൊഴിൽ നഷ്ടപ്പെടുമെങ്കിൽ സഖാക്കളെ നിങ്ങൾ കൊയ്ത്തുകാലത്ത് ഓരോ പറ നെല്ല് ഓരോ വീട്ടിലും കൊണ്ടുകൊടുത്ത് കുടുംബത്തിലെ എല്ലാ അംഗങ്ങളും വട്ടത്തിലിരുന്ന് ഓരോ മണിയായിട്ട് തൊലിക്കട്ടെ, ധാരാളം തൊഴിൽ സാധ്യതകൾ കിട്ടുമെന്നാണ്. അതുപോലെ എന്തെങ്കിലും ഒരു കാരണം പറഞ്ഞ് എതിർക്കുകയാണ്. ഇപ്പോൾ ജിം-ന്റെ കാര്യമൊക്കെ പറഞ്ഞു. ഒരുപാട് വ്യവസായങ്ങൾ വരുമെന്ന് പറഞ്ഞല്ലോ? എന്തുകൊണ്ട് വന്നില്ലെന്ന്. 365 കോടി രൂപയുടെ വ്യവസായമല്ലേ വന്നുള്ളൂ എന്ന് ശ്രീ. എ. കെ. ബാലൻ ചോദിക്കുകയാണ്. വരുന്നതിനെ എതിർക്കുകയും വന്നില്ലെങ്കിൽ പരിഹസിക്കുകയും ചെയ്യുക എന്താണ് ഇതിന്റെ മലയാളം വാക്ക്. ഈ സംസ്ഥാനം വികസിക്കേണ്ടെന്നല്ലേ; കേരളത്തിലെ ബഹുഭൂരിപക്ഷം ആളുകളും ഇവർക്ക് എതിരാണ്; ഈ സമീപനങ്ങൾക്ക് എതിരാണ്. ബന്ദുകൾക്ക് എതിരാണ്. സ്വാശ്രയ കോളേജുകൾക്കും മാനേജ്മെന്റുകൾക്കും എതിരായിട്ടാണോ ഈ കഴിഞ്ഞ ദിവസം അക്രമാസക്തമായി സമരം ചെയ്തത്? അല്ല എന്ന് തെളിഞ്ഞത് ആ സമരം നിന്നപ്പോഴാണ്

....(ബഹളം)...

അക്രമ സമരം അവസാനിച്ചിട്ടാണ് ഒത്തുതീർപ്പുണ്ടായത് . നമുക്കെല്ലാം അറിയാവുന്ന കാര്യമാണ്. സ്വാശ്രയ കോളേജ് മാനേജ്മെന്റുകൾ അവരുടെ സ്വകാര്യ കോളേജുകളിൽ 50 ശതമാനം മെറിറ്റ് സീറ്റിൽ സർക്കാർ തോതിൽ ഫീസ് വാങ്ങുന്നില്ല. അതുകൊണ്ട് ഞങ്ങൾ സമരത്തിലാണ്. ആർക്ക് എതിരായിട്ടാണ് സമരം. മാനേജ്മെന്റിന് എതിരായിട്ടല്ലേ വേണ്ടത്? മാനേജ്മെന്റിന് എതിരായിട്ട് സമരമേയില്ല. സമരം കൗൺസിലിംഗ് നടക്കുന്ന സ്ഥലത്ത്. സമരം സെക്രട്ടേറിയറ്റിന് മുമ്പിൽ. ശ്രീ. എം. വി. രാഘവന്റെ പരിയാരം മെഡിക്കൽ കോളേജിലും കൊച്ചിൻ കോർപ്പറേഷൻ മെഡിക്കൽ കോളേജിലും, 50 ശതമാനം സീറ്റിൽ ഗവൺമെന്റ് ഫീസ് മാത്രമേ വാങ്ങിക്കുകയുള്ളൂവെന്ന് പറഞ്ഞപ്പോൾ സമരം തീർന്നു. ഈ രണ്ട് കാര്യത്തിലാണ് സമരം നടന്നതെങ്കിൽ സമരം നടത്തേണ്ട കാര്യമില്ലല്ലോ; അത് നിസാരമായ കാര്യമല്ലേ; അപ്പോൾ എന്തെങ്കിലും ഒരു കാര്യം പറഞ്ഞ് സമരം നടത്തേണ്ട സാഹചര്യമാണ് ഇവിടെ വന്നിട്ടുള്ളത്.

2/29—3

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ,.......................

ശ്രീ. കെ. എൻ. എ. ഖാദർ: ശ്രീ. കോടിയേരി ബാലകൃഷ്ണന് വഴങ്ങാത്തതിന് എന്നോട് ക്ഷമിക്കണം. അവിശ്വാസ പ്രമേയത്തിന്റെ ചർച്ചയിൽ നിങ്ങൾ നല്ല ആളാണെന്നു വരെ ഞാൻ കോംപ്ലിമെന്റ് തന്നിരിക്കുന്നു. കേളത്തിന്റെ രാഷ്ട്രീയ ശരീരത്തിൽ പടർന്നു പിടിച്ചിട്ടുള്ള അർബുദമാണ് ഈ നിഷേധാത്മകതയും വികസനത്തിലെ ശത്രുതയും. വാസ്തവത്തിൽ തലശ്ശേരിയിലെ കാൻസർ ഹോസ്പിറ്റൽ പോലെ കേരളത്തിന്റെ രാഷ്ട്രീയ ശരീരത്തിൽ പടർന്നു പിടിച്ച ഈ കാൻസർ പരിഹരിക്കുന്നതിനുവേണ്ടിയാണ് ഒരു അർബുദ പരിഹാര ഇൻസ്റ്റിറ്റ്യൂട്ട് ആവശ്യമായിട്ടുള്ളത്. രാഷ്ട്രീയ അർബുദമാണ് നമ്മുടെ ശരീരത്തിൽ നിന്ന് പോകേണ്ടത്. സംസ്ഥാനത്തിന്റെ കാര്യം പറയുമ്പോൾ എസ്.എൻ.സി. ലാവ്‌ലിന്റെ കാര്യം പറഞ്ഞു. എസ്.എൻ. സി. ലാവ്‌ലിൻ എന്ന കമ്പനിയെപ്പറ്റി ജൂലായ് 15-ന് ഇൻഡ്യൻ എക്സ്പ്രസ്സിന്റെ ഒന്നാമത്തെ പേജിൽ ഉണ്ട്. ഡൽഹിയിൽ ഓസ്കാർസിൽ ഖാലിദ് ബാഗ് എന്ന ഒരാളിന്റെ മൂന്ന് കിടപ്പു മുറികളുള്ള ഫ്ളാറ്റിലാണ് ഈ മഹാ ബഹുരാഷ്ട്ര കമ്പിനിയുടെ ഇൻഡ്യൻ ഓഫീസ് സ്ഥിതി ചെയ്യുന്നത്. ഇൻഡ്യൻ എക്സ്പ്രസ്സിന്റെ പ്രതിനിധി അവിടെ ചെന്നപ്പോൾ അവിടെ ടെലിഫോൺ ഇല്ല. ഒരു സ്ത്രീ മാത്രം ഉണ്ട്. എസ്.എൻ.സി. ലാവ്‌ലിനെക്കുറിച്ച് സംസാരിക്കാനാണ് വന്നതെന്ന് പറഞ്ഞപ്പോൾ ഈ സ്ത്രീ ഫ്ളാറ്റ് പൂട്ടിയിട്ട് ഒരു സഞ്ചിയുമെടുത്ത് പച്ചക്കറി വാങ്ങാൻ പോയി. ഇതാണ് അവരുടെ ഓഫീസ്. മാത്രമല്ല വളരെ പ്രധാനപ്പെട്ട പല സാമ്പത്തിക സ്ഥാപനങ്ങളും ഇതിനെ കരി പട്ടികയിൽപ്പെടുത്തിയിട്ടുണ്ട്. അവർ നിലവാരമില്ലാത്ത യന്ത്രങ്ങൾ കൊടുക്കുന്നു. അവർ യോഗ്യതയില്ലാത്ത എഞ്ചിനീയർമാരെ അയച്ചുകൊടുക്കുന്നു. അങ്ങനെ ചീത്തപ്പേരുള്ള ഒരു കമ്പനിയാണ് എസ്.എൻ.സി. ലാവ്‌ലിൻ. ആ കമ്പനിയുടെ നൂറ് കോടി രൂപ നമ്മുടെ ആവശ്യങ്ങൾക്കുവേണ്ടി തരുമെന്ന് പറഞ്ഞാൽത്തന്നെ എന്തോ കുഴപ്പങ്ങൾ ഉണ്ടെന്നുള്ളത് നമുക്ക് വിശ്വസിക്കാവുന്നതാണ്. ഇവിടെ ലക്ഷോപലക്ഷം വരുന്ന കേരളീയർ ഇത് കാണുന്നുണ്ട്. അനാവശ്യമായ അഴിമതി ആരോപണങ്ങൾ ഉന്നയിച്ച് എല്ലാ രാഷ്ട്രീയക്കാരും അഴിമതിക്കാരാണ് എന്നും എല്ലാവരും വാക്ക് പാലിക്കാത്തവരാണ്, എല്ലാവരും കൊള്ളരുതാത്തവരാണ് എന്നുമുള്ള നിലപാടിൽ മുന്നോട്ട് പോയാൽ അത് പ്രതിപക്ഷത്തിന് ഗുണം ചെയ്യുമോ? ഭരണ കക്ഷിക്ക് ഗുണം ചെയ്യുമോ? നാടിന് ഗുണം ചെയ്യുമോ? നമ്മുടെ സമൂഹത്തിന് ഗുണം ചെയ്യുമോ? ഈ സമൂഹത്തിൽ എല്ലാ ജോലിയും ചെയ്യാൻ തയ്യാറുള്ള ചെറുപ്പക്കാർ ശ്രദ്ധിക്കണം. ഭഗവാൻ ശ്രീകൃഷ്ണൻ രാജസൂയം നടക്കുന്ന സ്ഥലത്ത് ചെന്ന് യുധിഷ്ഠിരനോട് പറഞ്ഞു. എനിക്കും എന്തെങ്കിലും ജോലി തരണം. ഞാൻ വെറുതെ ഇരുന്നുകൂടാ. യുധിഷ്ഠിരൻ ആലോചിച്ചപ്പോൾ ഭഗവാന് അനുയോജ്യമായ ഒരു ജോലിയും കൊടുക്കാനില്ല. അങ്ങനെ ബുദ്ധിമുട്ടിയപ്പോൾ ഭഗവാൻ ശ്രീകൃഷ്ണൻ പറഞ്ഞു നീ വിഷമിക്കേണ്ട എനിക്ക് ചെയ്യാൻ പറ്റുന്നജോലി ഞാൻ കണ്ടുപിടിച്ചുകൊള്ളാമെന്ന്. അങ്ങനെ സദ്യക്ക് വന്നിരുന്ന ആളുകളുടെ ഇല എടുത്തു മാറ്റുന്ന ജോലി ഭഗവാൻ ശ്രീകൃഷ്ണൻ തന്നെ ഏറ്റെടുത്തുവെന്നാണ് പറയുന്നത്. ഏത് തൊഴിലും മാന്യമാണെന്ന ഭാരതീയ തത്വചിന്തവച്ച് പരിശോധിച്ചുനോക്കിയാൽ നമുക്ക് അതിൽനിന്നും ബോധ്യപ്പെടും. ഇവിടെ പല ആക്ഷേപങ്ങളും പറഞ്ഞകൂട്ടത്തിൽ സുനാമി

LIBRARY ARCHIVES Kerala Legislative Assembly

ഫണ്ടിനെക്കുറിച്ച് ശ്രീ. എ. കെ. ബാലൻ പറഞ്ഞു. പത്രം വായിച്ചാൽ മനസ്സിലാകാവുന്ന കാര്യങ്ങളാണ്, സുനാമി ഫണ്ട് എന്തു ചെയ്തുവെന്ന്. അത് മുഖ്യമന്ത്രിക്ക് കൊടുത്തുവെന്ന് എല്ലാവർക്കുമറിയാവുന്ന കാര്യമാണ്. ഇതിൽ ആരോപണം ഉന്നയിച്ച് ഒരു ചെറുപ്പക്കാരനെ തെളിവായിട്ട് അവർ കൊണ്ടു നടക്കുകയാണ്. അങ്ങനെ എന്തെങ്കിലും കണക്ക് ചോദിക്കുകയാണ്. എം. എൻ. വിജയൻ, എം. പി. പരമേശ്വരൻ, അതുപോലെ ഗോവിന്ദൻപിള്ള ഇങ്ങനെ ഇതിൽ ഉൾപ്പെട്ടവരുണ്ട്. ശ്രീ. എ. കെ. ബാലൻ സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട സഖാവ് പിണറായി വിജയനെ രക്ഷിക്കാൻ വേണ്ടി അദ്ദേഹം പറഞ്ഞു പാമ്പ് വേലായുധനെ മാക്രി കാട്ടി പേടിപ്പിക്കേണ്ട എന്ന്. അത് വല്ലാത്ത ഉദാഹരണമാണ്. പാമ്പ് വേലായുധൻ വിഷസർപ്പങ്ങളുടെ നടുക്കാണ് ഇരുന്നിരുന്നത്. ശ്രീ. പിണറായി വിജയൻ ഇരിക്കുന്നതിന് ചുറ്റും വിഷ സർപ്പങ്ങളുണ്ടോ എന്ന സംശയം തോന്നുന്ന തരത്തിലാണ് ശ്രീ. എ. കെ. ബാലൻ അങ്ങനെ പറഞ്ഞത്. "എല്ലാം മറന്നൊന്നുറങ്ങിയ യാമങ്ങൾ എന്നേയ്ക്കുമായി അസ്തമിച്ചുപോയി, ഇന്നിനി നമ്മിലൊരാളിന്റെ നിദ്രയ്ക്ക് മറ്റയാൾ കണ്ണിമചിമ്മാതെ കാവൽ നിന്നീടണം" എന്ന് കവി പാടിയതുപോലെ ഒരാൾക്ക് ഉറങ്ങണമെങ്കിൽ മറ്റെയാൾ ഉണർന്ന് കാവലിരിക്കേണ്ടുന്ന സാഹചര്യം ഈ സംസ്ഥാനത്തുണ്ടായത് ഇടതുപക്ഷത്തിന്റെ നിഷേധാത്മകമായ നിലപാടുകൊണ്ടാണ്. മാറ്റത്തിനനുസരിച്ച് മാറാൻ അവർ തയ്യാറാകണം. അങ്ങനെ മാറ്റത്തിനനുസരിച്ച് മാറാത്ത പാർട്ടിയെപ്പറ്റി സഖാവ് അച്ചുതമേനോൻ തന്റെ കത്തുകളിൽ പറഞ്ഞിട്ടുണ്ട്. ഒരുകാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടിയെക്കുറിച്ച് സഖാവ് അച്ചുതമേനോന്റെ ഡി. സി. ബുക്സ് പ്രസിദ്ധീകരിച്ച "33 കത്തുകളിൽ" പേജ് 18-ൽ അദ്ദേഹം പറയുകയാണ്, "താനടക്കം എല്ലാവരും ഒരു കാലത്ത് താലോലിച്ച് വളർത്തിയ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥിതി ഇന്ന് എന്താണ്? ഒരു കാലത്തും ഗുണം പിടിക്കാത്ത നിലയിലായി എന്തു ചെയ്യും? സത്യങ്ങൾ മുഖത്തു വന്ന് അടിച്ചാലും കാണാത്ത ഒരു പാർട്ടിയും നേതൃത്വവും" എന്നാണ് അച്ചുതമേനോൻ പറഞ്ഞത്. അതേസമയം ഇന്നലെ ഇവിടെ മഹാത്മാഗാന്ധിയെപ്പറ്റി പറഞ്ഞതെന്താണ്? ഞാൻ താത്വികമായി മാർക്സിസത്തിന്റെ പ്രായോഗികത പരിശോധിക്കുക തന്നെ ചെയ്തു. സാമൂഹ്യ ബന്ധങ്ങളിൽ വിപ്ലവകരമായ മാറ്റം വരുത്തണമെങ്കിൽ ഹിംസാത്മകമായ ഒരു സൂതികർമ്മിണിയായി വർത്തിക്കണം. ഞാൻ അത് അംഗീകരിച്ചിരുന്നു. ഇന്ന് ഞാൻ അപ്രകാരം വിശ്വസിക്കുന്ന ഒരാളാണ്. മറ്റ് രാജ്യങ്ങളിലെ സ്ഥിതി എന്തുതന്നെ ആയിരുന്നാലും നമ്മുടെ രാജ്യമായ ഇൻഡ്യയിൽ ഗാന്ധിജിയുടെ അഹിംസാ സിദ്ധാന്തമാണ് സാമൂഹ്യ പരിവർത്തനത്തിനുള്ള ഏറ്റവും നല്ല ഉപാധി എന്ന് സഖാവ് അച്ചുതമേനോൻ പറഞ്ഞിട്ടുണ്ട്. അതുപോലെ സഖാവ് കെ. ദാമോദരനെപ്പോലുള്ള ആളുകൾ പാർട്ടിയുടെ സ്റ്റാലിൻ കാലഘട്ടത്തെപ്പറ്റി വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള പാർട്ടി സാമൂഹ്യ പരിഷ്കരണത്തിന് സഹായമായ രീതിയിലുള്ള പോസിറ്റീവ് നിലപാട് എടുത്താലും പാർട്ടി വളർത്താൻ പറ്റും. മറ്റേത് തെറ്റിദ്ധാരണയാണ്. പോസിറ്റീവായ മാർഗ്ഗത്തിൽ തന്നെ അവർക്ക് പാർട്ടി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കും എന്നുള്ളതിന് ധാരാളം ഉദാഹരണങ്ങളുണ്ട്. ഇവിടെ ഏതോ സഖാക്കൾ സംസാരിച്ചപ്പോൾ ശ്രീ. എം. കെ. മുനീറിനെക്കുറിച്ച് ആക്ഷേപം പറഞ്ഞു. വളരെ അടിസ്ഥാനരഹിതങ്ങളായ ആക്ഷേപങ്ങൾ ഉന്നയിച്ചിട്ട് എസ്. എൻ. സി. ലാവ്‌ലിൻ തലയിൽ വന്നു വീണപ്പോൾ അതിൽനിന്ന് രക്ഷപ്പെടാൻ വേണ്ടി കൗണ്ടർ അലിഗേഷൻ ഉന്നയിക്കുക എന്നുള്ളത് ശരിയായ നടപടിക്രമമല്ല. മുസ്ലീം ലീഗായിട്ടുള്ള ശ്രീ. എം. കെ. മുനീർ മന്ത്രി എന്ന തരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിലുണ്ടായിട്ടുള്ള പശ്ചാത്തല വികസനത്തെക്കുറിച്ചൊന്നും ശരിയായി മനസ്സിലാക്കാതെയുള്ള ആളുകളാണ്. ഈ അവിശ്വാസ പ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുന്നു. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ: സർ, ഈ അവിശ്വാസ പ്രമേയത്തെ ഞാൻ ശക്തിയായി അനുകൂലിക്കുകയാണ്. അതിവേഗം കേരളത്തിലെ ജനങ്ങളിൽ നിന്നും ബഹുദൂരം അകന്നുകൊണ്ടിരിക്കുന്ന യു. ഡി. എഫ്. സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെയാണ് ഞങ്ങൾ അവിശ്വാസം കൊണ്ടുവന്നത്. ഇവിടെ കുറച്ചു ദിവസങ്ങളായി ലാവ്‌ലിൻ എന്നുള്ള ഒരു വാക്ക് മാത്രമാണ് ഭരണപക്ഷത്തിന് പറയുവാനുള്ളത്. ഏറ്റവും ഒടുവിൽ ശ്രീ. കെ. എൻ. എ. ഖാദറും അത് പറഞ്ഞു. 'എള്ളുണക്കുന്നത് മനസ്സിലാക്കാം, ആട്ടിൻ കാഷ്ഠം ഉണക്കുന്നത്' എന്തിനാണ് എന്നുള്ളതാണ് നമുക്ക് അറിയേണ്ടത്. നാല് വർഷം കഴിഞ്ഞപ്പോഴാണ് ഇപ്പോൾ ലാവ്‌ലിനുമായി വന്നിരിക്കുന്നത്? നിങ്ങൾക്ക് സമയം ഉണ്ടായിരുന്നല്ലോ? ഇതു സംബന്ധിച്ച് കൂടുതൽ പറയുന്നില്ല. നിങ്ങൾ അന്വേഷിക്കുക. വേണമെങ്കിൽ വിജിലൻസ് അന്വേഷിക്കും, അല്ലെങ്കിൽ സി. ബി. ഐ. നിങ്ങളുടെ കയ്യിലുണ്ടല്ലോ, അല്ലെങ്കിൽ സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അല്ലെങ്കിൽ ഇന്റർപോളിനെക്കൊണ്ട് അന്വേഷിച്ചാലും ഒരു ചുക്കുമില്ല. ഞങ്ങൾ വെല്ലുവിളിക്കുകയാണ്. ഇപ്പോൾ ശ്രീ. ജി. കാർത്തികേയന്റെ മറുപടിയിൽ നിന്ന് കാര്യങ്ങൾ മനസ്സിലായല്ലോ എവിടെയാണ് കള്ളം, എവിടെയാണ് കുഴപ്പം എന്നുള്ളത് നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞല്ലോ? ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. യഥാർത്ഥ പ്രശ്നം എന്താണ്? നിങ്ങൾ ഒരുപാട് രേഖകൾ ഉയർത്തിക്കാണിച്ചു. നിങ്ങൾ ഇത് ഉയർത്തിക്കാണിച്ചത് ഞാൻ കണ്ടില്ല. ഇത് എന്താണെന്ന് ശ്രീ. വക്കത്തിനോ ശ്രീ. ഉമ്മൻ ചാണ്ടിക്കോ അറിയാമോ? മന്ത്രിമാർക്കോ എം. എൽ. എ. മാർക്കോ അറിയാമോ? ഇതാണ് യു.ഡി.എഫ്.-ന്റെ പ്രകടന പത്രിക. ഈ പ്രകടന പത്രിക നിങ്ങൾ വായിച്ച് നോക്കിയിട്ടുണ്ടോ? അതിൽ പറഞ്ഞിരിക്കുന്ന കാര്യം നടപ്പിലാക്കാൻ നിങ്ങൾ ശ്രമിച്ചിട്ടുണ്ടോ? 15 ലക്ഷം ചെറുപ്പക്കാർക്ക് ജോലി നൽകും എന്ന് നിങ്ങൾ പ്രകടന പത്രികയിൽ വാഗ്ദാനം നൽകി. നിങ്ങൾ എത്ര പേർക്ക് ജോലി നൽകി? ആർക്കും ജോലി നൽകിയില്ല. നിയമന നിരോധനം ഏർപ്പെടുത്തിക്കൊണ്ട് കേരളത്തിലെ ചെറുപ്പക്കാരെ വഞ്ചിച്ച ഗവൺമെന്റാണ് ഐക്യ ജനാധിപത്യമുന്നണി ഗവൺമെന്റ്. ഘട്ടം ഘട്ടമായി മദ്യ നിരോധനം ഏർപ്പെടുത്തുമെന്ന് പറഞ്ഞു. മദ്യ നിരോധനം ഏർപ്പെടുത്താൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്? ആൻഡമാനിലെ അനുഭവങ്ങൾ നിലനിർത്തുന്ന ശ്രീ. വക്കത്തെയാണ് ഘട്ടം ഘട്ടമായി മദ്യ നിരോധനത്തിന് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇപ്പോൾ കേരളത്തിലെ ജനങ്ങളെ ഘട്ടം ഘട്ടമായി അദ്ദേഹവും യു.ഡി.എഫ്.-ഗവൺമെന്റും മദ്യത്തിൽ മുക്കിക്കൊണ്ടിരിക്കുകയാണ്. ശ്രീമതി കെ. ആർ. ഗൗരിയമ്മയുടെ വാഗ്ദാനം എന്തായിരുന്നു? ഒരു കപ്പ് പാലും ഷേക്ക് ഹാൻഡും. പാലും ഇല്ല ഷേക്ക് ഹാൻഡും ഇല്ല. അതാണ് വാഗ്ദാനങ്ങൾ. ശ്രീ. ബാബുദിവാകരന്റെ തൊഴിൽദാന പദ്ധതിയായ 'കെസ്റു' എവിടെപ്പോയി? ശ്രീ. ബാബുദിവാകരനേയും കാണുന്നില്ല. ആദിവാസി കുടുംബങ്ങൾക്ക് അഞ്ച് ഏക്കർ വീതം ഭൂമി കൊടുക്കുമെന്ന് വാഗ്ദാനം ചെയ്തു. ആ വാഗ്ദാനം നിങ്ങൾക്ക് പാലിക്കാൻ കഴിഞ്ഞോ? നിങ്ങളുടെ പ്രകടന പത്രികയിലെ

LIBRARY ARCHIVES Kerala Legislative Assembly

വാഗ്ദാനമാണ് ഞാൻ ചോദിക്കുന്നത്. നിങ്ങൾക്ക് അത് നടപ്പാക്കാൻ കഴിഞ്ഞില്ല. കാർഷിക മേഖലയിലെ സ്ഥിതി എന്താണ്? 100 കോടി രൂപയുടെ പാക്കേജാണ് നിങ്ങൾ പ്രഖ്യാപിച്ചത്. ഒരു രൂപ കാർഷിക മേഖലയ്ക്കുവേണ്ടി, കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടി നിങ്ങൾക്ക് നീക്കി വയ്ക്കാൻ കഴിഞ്ഞില്ല; അവരുടെ കണ്ണീരൊപ്പാൻ നിങ്ങൾക്ക് കഴിഞ്ഞില്ല. പരമ്പരാഗത വ്യവസായ മേഖലയെ രക്ഷിക്കും എന്നു പറഞ്ഞു. പരമ്പരാഗത വ്യവസായ മേഖലയുടെ ശവപ്പറമ്പാക്കി കേരളത്തെ മാറ്റിയത് യു.ഡി.എഫ്. ഗവൺമെന്റാണ്. മ്അദനിയെ മോചിപ്പിക്കും എന്ന് നിങ്ങൾ പറഞ്ഞു. മ്അദനിയെ മോചിപ്പിക്കുന്നതിനു നാടകം കളിച്ചുകൊണ്ട് ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. തിരുവഞ്ചൂരും മുഖ്യമന്ത്രി ജയലളിതയുമായി സംസാരിക്കാൻ പോയി. അവർ തിരിച്ചു വന്നത് എങ്ങനെയാണ്? സുനാമി പോയ അണ്ണാനെപ്പോലെയാണ്. മ്അദനിയെ മോചിപ്പിക്കാൻ അവർക്ക് കഴിഞ്ഞോ? അങ്ങനെ ഓരോരോ വാഗ്ദാനങ്ങൾ. ഇതെല്ലാം വാഗ്ദാന തട്ടിപ്പ് മാത്രമാണ്. ഒരു കാര്യം മാത്രം അവർ നടപ്പിലാക്കി. ഈ പ്രകടന പത്രികയിൽ എഴുതിവച്ചിരിക്കുന്ന ഒരു കാര്യം അവർ വളരെ ആത്മാർത്ഥയോടെ നടപ്പിലാക്കി. അതിൽ എഴുതിയിരിക്കുന്നത് പത്ര സ്വാതന്ത്ര്യവും അഭിപ്രായ സ്വാതന്ത്ര്യവും പരിരക്ഷിക്കപ്പെടുമെന്നതാണ് യു.ഡി.എഫ്.-ന്റെ കാഴ്ചപ്പാട്. പത്ര മാധ്യമ പ്രവർത്തകർക്ക് നേരേ ഉണ്ടാകുന്ന ഭീഷണിയും കയ്യേറ്റവും ഞങ്ങൾ തടയുമെന്നാണ് നിങ്ങൾ ഇതിൽ എഴുതി വച്ചിരിക്കുന്നത്. 50 മാസത്തെ യു.ഡി.എഫ്. ഭരണത്തിനിടയിൽ 58 തവണയാണ് പോലീസ് പത്രക്കാരെ മർദ്ദിച്ച് പരിരക്ഷിച്ചത്. യു.ഡി.എഫ്. ഭരണത്തിലുള്ള ബാക്കി പത്രം എന്താണ്? നിങ്ങൾ പൊതു വിദ്യാഭ്യാസം തകർത്തു. വിദ്യാഭ്യാസ മേഖല കച്ചവടച്ചരക്കാക്കി മാറ്റി. സാധാരണക്കാരന് ഉന്നത വിദ്യാഭ്യാസം നിഷേധിച്ചു. ചോദിച്ച വർക്കെല്ലാം എൻ. ഒ. സി. കൊടുത്തു. പെട്ടിക്കട തുടങ്ങുന്നതുപോലെ കേരളത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർന്നു വന്നു. രണ്ട് സ്വാശ്രയ കോളേജ് സമം ഒരു ഗവൺമെന്റ് കോളേജ് എന്നു പറഞ്ഞത് നിങ്ങളാണ്. 50 ശതമാനം മെറിറ്റ് സീറ്റ്, 50 ശതമാനം മാനേജ്മെന്റ് സീറ്റ്. മെറിറ്റ് സീറ്റിൽ സർക്കാർ ഫീസ്. നിങ്ങൾ ആ വാഗ്ദാനങ്ങളിൽ നിന്ന് പുറകോട്ട് പോയ അവസരത്തിലാണ് കേരളത്തിലെ വിദ്യാർത്ഥി പ്രസ്ഥാനവും യുവജനങ്ങളും സമരം നടത്തിയത്. അല്ലാതെ രാവിലെ എഴുന്നേറ്റ് കട്ടൻ കാപ്പി കുടിച്ച് ഇന്ന് സമരം നടത്തണമെന്ന വികാരം ഉണ്ടായതിന്റെ പേരിലല്ല. നിങ്ങൾ കേരളത്തിലെ കേരളീയർക്കും വിദ്യാർത്ഥി സമൂഹത്തിനും നൽകിയ വാഗ്ദാനങ്ങൾ നടപ്പിലാക്കാൻ കഴിയാതെ നിഷേധാത്മകമായ സമീപനം സ്വീകരിച്ചപ്പോഴാണ് ഞങ്ങൾ പ്രക്ഷോഭത്തിന് തുടക്കം കുറിച്ചത്. അതിന്റെ ഫലമായാണ് നിങ്ങൾ കേരള നിയമസഭയിൽ നിയമ നിർമ്മാണം നടത്താൻ നിർബന്ധിതമായിത്തീർന്നത്. അതിൽ നിന്ന് നിങ്ങൾ പുറകോട്ട് പോയി 9-ാം ഷെഡ്യൂളിൽപ്പെടുത്താൻ നടപടി സ്വീകരിച്ചില്ല. കത്തുകൾ അയച്ചു എന്ന് നിങ്ങൾ പറയുന്നു. ഇപ്പോൾ വീണ്ടും വിദ്യാർത്ഥി പ്രക്ഷോഭം വന്നപ്പോൾ 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ആലോചിക്കാമെന്ന് നിങ്ങൾ പറഞ്ഞു. സ്വാശ്രയ കോളേജുകളെപ്പറ്റി വാതോരാതെ സംസാരിച്ചു. ഇവിടെ സ്വാശ്രയ കോളേജുകൾ തലവരിപ്പണം വാങ്ങുന്നു. അഴിമതി കാണിക്കുന്നു. സ്വാശ്രയ കോളേജുകളിൽ മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളെ സ്വാശ്രയ കോളേജുകളിലെ മാനേജ്മെന്റ് പുറത്താക്കിക്കൊണ്ടിരിക്കുന്നു. സ്വാശ്രയ വിദ്യാഭ്യാസ മേഖല കേരളത്തിലെ ജനങ്ങളേയും വിദ്യാർത്ഥികളേയുമൊക്കെ രക്ഷിക്കുന്നു എന്ന് വലിയ വാപ്പടാച്ചി

LIBRARY ARCHIVES Kerala Legislative Assembly

അടിക്കുകയാണ്. നിങ്ങൾ അതല്ലേ ഇവിടെ നടത്തുന്നത്? നിങ്ങൾ ഒരു പക്ഷേ ഓർക്കുന്നുണ്ടാകും കഴിഞ്ഞ വർഷം ജൂലായ് 22-ാം തീയതിയാണ് അടൂർ സ്വാശ്രയ എൻജിനീയറിംഗ് കോളേജിൽ പഠിച്ചിരുന്ന പട്ടികജാതി വിഭാഗത്തിൽപെട്ട രജനി. എസ്. ആനന്ദ് എന്ന പെൺകുട്ടി എൻട്രൻസ് പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിന്റെ മുകളിൽ നിന്ന് ചാടി ആത്മഹത്യ ചെയ്തത്. ആ പെൺകുട്ടിയുടെ കന്യകാത്വം പരിശോധിക്കുന്ന പണിയായിരുന്നു ശ്രീ. കെ. സി. വേണുഗോപാലിനും ശ്രീ. ആര്യാടൻ മുഹമ്മദിനും. എന്തൊരു നാണംകെട്ട പരിപാടിയാണ്. ഇതാണ് നിങ്ങളുടെ വിദ്യാഭ്യാസ നയത്തിന്റെ ബാക്കി പത്രം. പെരിന്തൽമണ്ണയിലെ ഫാസില എന്ന വിദ്യാർത്ഥിനി എങ്ങനെയാണ് മരിച്ചത്? സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിച്ചിരുന്ന ഫാസില എന്ന പെൺകുട്ടി ദാരുണമായി ആത്മഹത്യ ചെയ്തത് നിങ്ങളുടെ വിദ്യാഭ്യാസ നയത്തിന്റെ പരിണതഫലമാണ്. നിങ്ങൾ പ്രസംഗിച്ചപ്പോൾ ഒരു കാര്യം പറഞ്ഞു, സ്വാശ്രയ വിദ്യാഭ്യാസ ലോബിയുടെ ആളുകൾ തിരുവനന്തപുരത്തും മറ്റ് പ്രദേശങ്ങളിലും ഹോട്ടലുകളിൽ തങ്ങി പ്രതിപക്ഷ നേതാക്കൻമാരെ കണ്ടുകൊണ്ടിരിക്കുന്നു എന്ന് നിങ്ങൾ ആരോപണം ഉന്നയിച്ചു. ഞങ്ങൾ ഒരു സ്വാശ്രയ ലോബിയേയും കാണാൻ പോകുന്നില്ല, ഞങ്ങളുടെ പണിയല്ല അത്. പക്ഷേ ഒരു കാര്യം പറയാനുണ്ട്. ഇവിടെ കർണ്ണാടകത്തിൽ നിന്നുള്ള ചില ലോബികൾ ഹോട്ടൽ മുറികളിൽ യു. ഡി. എഫ്. നേതാക്കൻമാരെ കാണുന്നതിനുവേണ്ടി ഇരിക്കുന്നുണ്ട്. കർണ്ണാടക സ്പിരിറ്റ് ലോബികൾ ഈ കേരളത്തിൽ ഹോട്ടൽ റൂമുകൾ എടുത്തുകൊണ്ട് ചില യു. ഡി. എഫ്. നേതാക്കളെ കാണുന്നുണ്ട്. നിങ്ങൾ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. രമേശ് ചെന്നിത്തലയോട് ചോദിച്ചാൽ ആരാണെന്ന് അറിയാൻ കഴിയും. സമസ്ത മേഖലകളിലും അരാജകത്വം നടക്കുകയാണ്. തോട്ടം മേഖലയിൽ വേളാങ്കണ്ണി എന്ന പെൺകുട്ടി ഒരു തോട്ടം തൊഴിലാളിയുടെ മകളാണ്. സ്കൂളിൽ പോകാൻ യൂണിഫോം വാങ്ങാൻ നിവൃത്തിയില്ലാതെ ആ പിഞ്ചു വിദ്യാർത്ഥിനി ആത്മഹത്യ ചെയ്തത് യു. ഡി. എഫ്. സർക്കാർ കേരളം ഭരിച്ച സന്ദർഭത്തിലാണ്. കയർ തൊഴിലാളിയുടെ മകനായ അമ്പാടി എന്ന കുട്ടി, ഫീസ് കൊടുക്കാൻ മാർഗ്ഗമില്ലാതെ ആത്മഹത്യ ചെയ്തത് യു. ഡി. എഫ്. ഭരണത്തിന്റെ മേൻമയാണോ? ശോഭിനി എന്ന കായികതാരം നമുക്ക് അഭിമാനകരമായ നേട്ടം ഉണ്ടാക്കി തന്ന ആ കുട്ടി ചികിത്സ നടത്താൻ പണമില്ലാതെ ആത്മഹത്യ ചെയ്തത് ഈ യു. ഡി. എഫ്. സർക്കാരിന്റെ ഭരണകാലത്താണ്. നിങ്ങളുടെ ഭരണകാലത്തിൽ 1300 കർഷകർ ആത്മഹത്യ ചെയ്തു. അവരുടെ ആത്മഹത്യ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് കണ്ടില്ല എന്നു നടിച്ചു. ഇങ്ങനെയാണ് ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഇവിടെ ക്ഷേമം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്; തേനും പാലും ഒഴുക്കുകയാണ്. ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി ജോഗി എന്ന ഒരു ആദിവാസി യുവാവിനെ വെടിവച്ചു കൊന്ന നാണം കെട്ട ഗവൺമെന്റാണ് കേരളത്തിലെ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ്. നിങ്ങൾ ഒരുപക്ഷേ ഓർക്കുന്നുണ്ടാകും. ശ്രീ. ജി. കാർത്തികേയൻ അവിടെയുണ്ടോയെന്ന് എനിക്കറിയില്ല. കാട്ടാക്കടയിൽ വസന്തകുമാരി എന്ന സ്ത്രീ പാമ്പു കടിയേറ്റുമരിച്ചപ്പോൾ പട്ടിണി മരണമാണെന്ന് പറഞ്ഞ് തെരഞ്ഞെടുപ്പ് പ്രചരണം നടത്തിയവരാണ് നിങ്ങൾ. ആ കാട്ടാക്കടയിൽ കഴിഞ്ഞ ദിവസം എന്താണ് ഉണ്ടായത്? രമണി എന്ന സ്ത്രീ പട്ടിണി കാരണം മണ്ണു തിന്നു മരിക്കുന്ന സാഹചര്യമുണ്ടായി. നാണമില്ലേ നിങ്ങൾക്ക്? നിങ്ങളുടെ കണ്ണുകൾ കാണുന്നില്ലേ, നിങ്ങളുടെ ചെവി

LIBRARY ARCHIVES Kerala Legislative Assembly

കേൾക്കുന്നില്ലേ? ഈ നാട്ടിൽ നടക്കുന്ന കാര്യങ്ങൾ മനസ്സിലാക്കാൻ നിങ്ങൾക്ക് കഴിയുന്നില്ലേ? അതിനുശേഷം ആ കുടുംബത്തിന് ധനസഹായം പ്രഖ്യാപിക്കുന്നു. എന്തിനാണ് സർ, വായ്ക്കരിയിടാനാണോ? ഇവിടെ ഈ 4 വർഷത്തിനിടയിൽ 3500 ആത്മഹത്യയാണ് കേരളത്തിലുണ്ടായത്. ആത്മഹത്യ പെരുകുന്നത് ഞങ്ങൾ ഒരിക്കലും ഇഷ്ടപ്പെടുന്നില്ല. പക്ഷേ ജനങ്ങളുടെ സുരക്ഷിതത്വബോധം നഷ്ടപ്പെടുന്നു. അതാണ് ആത്മഹത്യ പെരുകുവാനുള്ള കാരണം. വർഗ്ഗീയ കലാപങ്ങളിൽ 58 പേരാണ് നിങ്ങളുടെ ഈ കാലഘട്ടത്തിൽ മരിച്ചത്. വർഗ്ഗീയ കലാപം വ്യാപകമായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇടതുപക്ഷജനാധിപത്യമുന്നണി കേരളം ഭരിക്കുന്ന അവസരത്തിൽ കേരളത്തിൽ ഒരു വർഗ്ഗീയ കലാപസംഘർഷം പോലുമുണ്ടായിട്ടില്ല. ഈ കേരളത്തിന്റെ മതേതരമണ്ണിൽ വർഗ്ഗീയതയുടെ പേരിൽ ഒരു തുള്ളി മനുഷ്യരക്തം പോലും വീണില്ല എന്ന് ഞങ്ങൾക്ക് അഭിമാനിക്കാൻ കഴിയും. നിങ്ങൾ ഇപ്പോൾ ഗാന്ധിജിയുടെ പേരിൽ കപടസ്നേഹം അഭിനയിക്കുന്നു. ഇന്നലെ എന്തു പുകിലാണ് ഇവിടെയുണ്ടായത്? എന്തെല്ലാം ആണ് ഇവർ ഇന്നലെ ഇവിടെ കാട്ടിക്കൂട്ടിയത്? *** *** *** *** നിങ്ങൾക്ക് അത് നിഷേധിക്കാൻ കഴിയുമോ? നിങ്ങളാരെങ്കിലും നിഷേധിച്ചോ? ഇതാണ് കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

ശ്രീ. പി. ടി. തോമസ്: Sir, I am raising a point of order. സഭയിലും, പാർലമെന്റിലും അംഗമായിരുന്ന ഇന്ത്യ മുഴുവൻ ശ്രദ്ധിക്കപ്പെടുന്ന തികച്ചും പാർലമെന്റേറിയനായ ശ്രീ. വയലാർ രവിയെപ്പറ്റി അടിസ്ഥാനരഹിതമായി ഇങ്ങനെ ആരോപണം ഉന്നയിക്കുന്നത് രേഖയിലുണ്ടാകാൻ പാടില്ല. മാത്രമല്ല, അങ്ങനെ ഒരു കാര്യം ഇല്ലെന്ന് ശ്രീ. വയലാർ രവി പരസ്യമായി പ്രഖ്യാപിച്ചിട്ടുള്ളതും അതുസംബന്ധിച്ച് യാതൊരു കോൺട്രവേഴ്സിയും ഇല്ലാത്തതുമാണ്. ഇതു രേഖയിലുണ്ടാകാൻ പാടില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: ശ്രീ. വയലാർ രവി അത് നിഷേധിച്ചു. പക്ഷേ സുദർശനൻ അത് വീണ്ടും ആവർത്തിച്ചു. സുദർശനനെതിരായി എന്തെങ്കിലും പരാതി കൊടുക്കാനോ ഏതെങ്കിലും തരത്തിൽ നോട്ടീസ് കൊടുക്കാനോ ശ്രീ. വയലാർ രവി തുനിഞ്ഞിട്ടില്ല എന്നത് ശ്രീ. പി. ടി. തോമസ് മറന്നുപോകരുത്.

മി. ചെയർമാൻ: സഭയിലില്ലാത്ത ശ്രീ. വയലാർ രവിയെ സംബന്ധിച്ച് പറഞ്ഞ പരാമർശം രേഖയിലുണ്ടാകില്ല..(ബഹളം)....................................

ശ്രീ. പി. എസ്. സുപാൽ: സുദർശനൻ ശ്രീ. വയലാർ രവിയെ സംബന്ധിച്ച് പറഞ്ഞപ്പോൾ അത് നിഷേധിക്കാൻ..(ബഹളം)........................ ....അന്ന് ആർ. എസ്. എസ്സിന്റെ കാര്യാലയത്തിൽ കയറിയിറങ്ങിയ ....(ബഹളം)...

മി. ചെയർമാൻ: അത് രേഖയിലുണ്ടാകില്ലെന്നു പറഞ്ഞല്ലോ.

ശ്രീ. പി. എസ്. സുപാൽ: കൂത്തുപറമ്പ് - അഴീക്കോട് തെരഞ്ഞെടുപ്പുകളുടെ നേട്ടത്തെ കുറച്ചു കാണിക്കുന്നു. റിക്കോഡ് ഭൂരിപക്ഷത്തിലാണ് കൂത്തുപറമ്പിൽ ജയിച്ചത്. അഴീക്കോട്ടിൽ ഭൂരിപക്ഷം വർദ്ധിപ്പിച്ചു. കള്ളവോട്ട് ചെയ്തുവെന്നാണ് പറയുന്നത്.

*** ബഹുമാനപ്പെട്ട ചെയർമാന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

നാണം ഉണ്ടോ നിങ്ങൾക്ക് ഇങ്ങനെ പറയാൻ? ഏതെങ്കിലും തെരഞ്ഞെടുപ്പിൽ നിങ്ങൾ ജയിച്ചിട്ടുണ്ടോ? എറണാകുളം നിങ്ങൾ സ്ഥിരമായി ജയിച്ചുകൊണ്ടിരിക്കുന്ന മണ്ഡലമല്ലേ? അവിടെ ഉപതെരഞ്ഞെടുപ്പ് നടന്നപ്പോൾ നിങ്ങൾ ദയനീയമായി പരാജയപ്പെട്ടു. ഒരു മന്ത്രിയെ മൽസരിപ്പിച്ച വടക്കാഞ്ചേരിയിൽ നിങ്ങൾ പരാജയപ്പെട്ടു. മന്ത്രി മൽസരിച്ചു തോറ്റു എന്നു പറയുമ്പോൾ ഗവൺമെന്റ് തന്നെ തോറ്റു എന്നല്ലേ? പഞ്ചായത്ത് ഉപതെരഞ്ഞെടുപ്പുകളിൽ ദയനീയമായി നിങ്ങൾ പരാജയപ്പെട്ടു. ലോക്സഭാ തെരഞ്ഞെടുപ്പിൽ നിങ്ങൾ 20-ൽ 19 സീറ്റിലും പരാജയപ്പെട്ടു. ഞാൻ ഒന്ന് ചോദിക്കട്ടെ കോൺഗ്രസ്സ് സുഹൃത്തുക്കളേ , കോൺഗ്രസ്സ് എന്ന രാഷ്ട്രീയപ്രസ്ഥാനത്തിന് ലോക്സഭയിലേക്ക് ഒരാളെപ്പോലും വിജയിപ്പിക്കാൻ കഴിയാതെ പോയത് എന്തുകൊണ്ടാണ്? കള്ളവോട്ടു ചെയ്തു എന്നാണോ? ഈ കേരളത്തിലെ ജനങ്ങൾ മുഴുവനും കള്ളൻമാരാണ് എന്നാണോ നിങ്ങൾ പറയുന്നത്? ഇതാണ് തെരഞ്ഞെടുപ്പിന്റെ ബാക്കി പത്രം. ഇന്ന് നിങ്ങൾക്ക് തെരഞ്ഞെടുപ്പിനെ ഭയമാണ്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. എസ്. സുപാൽ: ...... (മൈക്ക് ഓഫ്) വാക്കുകൾ കടം എടുത്താൽ ആദർശകേരളത്തിന്റെ ആറാട്ടുമുണ്ടനായ ശ്രീ. എ. കെ. ആന്റണി 5-ാം തീയതിക്കുശേഷമാണ് അവിടെ രാജിക്കത്ത് കൊടുത്തത്. നിങ്ങൾക്കതിന് കഴിയില്ല. കാരണം ചേർത്തലയിൽ ഉപതെരഞ്ഞെടുപ്പ് നടന്നാൽ ഞാൻ വെല്ലുവിളിക്കുന്നു. ചേർത്തലയിലും, ഇവിടെ ഒഴിഞ്ഞു കിടക്കുന്ന സീറ്റുകളിലും നിങ്ങൾക്ക് തെരഞ്ഞെടുപ്പ് നടത്താൻ.......... (മൈക്ക് ഓഫ്)....

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്. മി. സുപാൽ, നിങ്ങളൊക്കെ സീനിയർ മെമ്പർമാരല്ലേ. പ്ലീസ്............. ശ്രീ. തോമസ് ഉണ്ണിയാടന്റെ സമയം പോകുന്നു. മൈക്ക് കിട്ടിയാൽ പ്രസംഗം തുടങ്ങണം.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ ഈ അവിശ്വാസ പ്രമേയത്തെ ശക്തിപൂർവ്വം എതിർക്കുന്നു*** **** *** ****..(ബഹളം)...................................

ശ്രീ. സാജു പോൾ: Sir, I am raising a point of order. റൂൾ 281 പ്രകാരം സഭയിൽ സംസാരിക്കുമ്പോൾ സഭാംഗമല്ലാത്ത ഒരാൾ ഏതെങ്കിലും ഗ്യാലറിയിൽ പ്രവേശിക്കുമ്പോൾ കയ്യടിക്കാൻ പാടില്ലാത്തതും, സംസാരിക്കുമ്പോൾ ഏതെങ്കിലും ഗ്യാലറിയിലുള്ള സഭാംഗമല്ലാത്ത ഒരാളെക്കുറിച്ച് സംസാരിക്കാൻ പാടില്ലാത്തതുമാകുന്നു. അതുകൊണ്ട് ശ്രീ. തോമസ് ഉണ്ണിയാടൻ ഇവിടെ പരാമർശിച്ച വ്യക്തിയെക്കുറിച്ചുള്ള വിവരങ്ങൾ ഈ രേഖയിൽ നിന്നും നീക്കം ചെയ്യാൻ ഞാൻ ആവശ്യപ്പെടുന്നു....................(ബഹളം)................

മി. ചെയർമാൻ: ശ്രീ. തോമസ് ഉണ്ണിയാടൻ ആ വിഷയം പരാമർശിക്കേണ്ട. മറ്റു വിഷയങ്ങളിലേക്ക് കടക്കാം. പ്ലീസ്..........പ്ലീസ്................................(ബഹളം).................... ശ്രീ. തോമസ് ഉണ്ണിയാടൻ, റൂൾ അനുസരിച്ച് അത് പറയാൻ പാടില്ല........................ (ബഹളം).....................................

*** ബഹുമാനപ്പെട്ട ചെയർമാന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : റൂൾ 281—Whilst the Assembly is sitting, a member—(i) shall not read any book, newspaper or letter except in connection with the business of the assembly;..(ബഹളം)..റൂൾ 281 ആണ് ശ്രീ. സാജുപോൾ ഉദ്ധരിച്ചത്. റൂൾ 281-നകത്ത് പുസ്തകങ്ങൾ വായിക്കരുതെന്ന് പറഞ്ഞിട്ട് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത് അതാണ്.

10 A.M.]

റൂൾ 281 (ii) shall not interrupt any member while speaking by disorderly expression or noises or in any other disorderly manner. അതനുസരിച്ച് യാതൊരു കാരണവശാലും ഒരു അംഗം സംസാരിച്ചുകൊണ്ടിരിക്കുന്നത് ശല്യപ്പെടുത്താൻ പാടില്ല. ശ്രീ. സാജുപോൾ പറഞ്ഞ റൂൾ 281-ന്റെ ഏറ്റവും വലിയ നിഷേധമാണ് ശ്രീ. ഉണ്ണിയാടനെ പ്രസംഗിക്കുന്നതിൽനിന്ന് തടയുന്നത്.

മി. ചെയർമാൻ: അതിന്റെ സബ് ക്ലോസിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട് ഗ്യാലറിയിൽ ഇരിക്കുന്ന ആളെപ്പറ്റി പരാമർശിക്കാൻ പാടില്ലെന്ന്. അതുകൊണ്ട് ആ പരാമർശം വേണ്ട.

ശ്രീ. തോമസ് ഉണ്ണിയാടൻ: എന്റെ നിയോജകമണ്ഡലത്തിലെ കരൾ രോഗിയായ ഒരു ചെറുപ്പക്കാരൻ സാമ്പത്തിക..(ബഹളം)................................. നിങ്ങൾ എന്തിനാണ് അസ്വസ്ഥരാകുന്നത്.

മി. ചെയർമാൻ: ശ്രീ. ഉണ്ണിയാടൻ ഇരിക്കണം. Rule 281 (xi) shall not, while speaking, make any reference to the strangers in any of the galleries എന്ന് പറഞ്ഞിട്ടുണ്ട്. നേരത്തെ ഗ്യാലറിയിൽ ഉണ്ട് എന്നു പറഞ്ഞതുകൊണ്ട് ആ വിഷയത്തിൽ മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ട കാര്യം പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. തോമസ് ഉണ്ണിയാടൻ: കരൾ രോഗിയായ ഒരു ചെറുപ്പക്കാരൻ നന്ദി പ്രകാശിപ്പിക്കാൻ മുഖ്യമന്ത്രിയുടെ അടുക്കൽ വന്നിരിക്കുകയാണ്. പ്രസംഗത്തിൽ മാത്രമല്ല മുഖ്യമന്ത്രി മനുഷ്യനെ സഹായിച്ചിട്ടുള്ളത് പാവപ്പെട്ട ഒരു കരൾ രോഗിക്ക് ജോലി നൽകി സഹായിച്ചിരിക്കുന്നു.

....(ബഹളം)...

(പ്രതിപക്ഷ മെമ്പർമാർ വിദ്യാർത്ഥി സമരവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ഉയർത്തിക്കാണിച്ചു)

....(ബഹളം)...

ശ്രീ. തോമസ് ഉണ്ണിയാടൻ: ഇതുപോലെ പാവപ്പെട്ടവരായ നിരവധി രോഗികൾക്ക് സഹായം ചെയ്തു കൊടുക്കുന്ന ഒരു ഗവൺമെന്റ് ഉണ്ടായിട്ടില്ല എന്നത് യാഥാർത്ഥ്യമാണ്. എത്രയോ രോഗികൾക്ക് ലക്ഷക്കണക്കിന് രൂപയുടെ സഹായം സർക്കാരിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സുപാൽ ഒരു രേഖ ഉയർത്തിക്കാണിച്ചു. ഈ രേഖ എന്താണെന്ന് അറിയാമോ? ഇത് 1996-ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ തിരഞ്ഞെടുപ്പു പ്രകടന പത്രികയുടെ കോപ്പിയാണ്, ദേശാഭിമാനി പ്രസിദ്ധീകരിച്ചത്. ഇതിൽ പറഞ്ഞിട്ടുള്ള എന്തെങ്കിലും കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ? ഒരു കാര്യം

LIBRARY ARCHIVES Kerala Legislative Assembly

പോലും നടപ്പാക്കാത്ത ഗവൺമെന്റ് മദ്യത്തിനെതിരെ വ്യാപകമായ ബോധവൽക്കരണം നടത്തുകയാണ്. കല്ലുവാതുക്കൽ മദ്യദുരന്തം മറന്നുപോയോ? ഇവിടെ മദ്യത്തിന് എതിരെ ബോധവൽക്കരണം. വിദ്യാഭ്യാസ മേഖലയിൽ ഉയർച്ച—എന്താണ് വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിട്ടുള്ളത്? പ്ലസ് ടു വിന്റെ പേരിൽ ഉണ്ടായിട്ടുള്ള അക്രമം വഴിയും പ്രീഡിഗ്രി ബോർഡിന്റെ പേരിൽ നടത്തിയ സമരം വഴിയും എത്ര വിദ്യാർത്ഥികളുടെ ഭാവിയെ തകർത്തവരാണ് വിദ്യാഭ്യാസ മേഖലയിൽ ഉയർച്ച ഉണ്ടാക്കുമെന്നു പറഞ്ഞിരിക്കുന്നത്. അതുപോലെതന്നെ കേരളത്തിൽ സംസ്കാരം പോഷിപ്പിക്കുമെന്ന് പറഞ്ഞിരിക്കുന്നു. ഈ പത്ര കട്ടിംഗുകൾ മുഴുവൻ കഴിഞ്ഞ കുറേ നാളുകളായി ഇവർ കത്തിച്ച ബസ്സുകളുടെ, കാറുകളുടെ ചിത്രമാണ്. സർക്കാർ വാഹനത്തിൽ സഞ്ചരിക്കുന്ന ആളുകൾക്കുപോലും സമാധാനത്തോടെ സഞ്ചരിക്കാൻ കഴിയുന്നില്ല. നല്ലവരായ ഭരണാധികാരികളുടെ കോലം കത്തിച്ച് ബസ്സുകളിലേക്ക് എറിയുന്നതിന്റെ ചിത്രമാണിവിടെ കാണാൻ കഴിയുന്നത്. (ചിത്രം സഭയിൽ ഉയർത്തിക്കാണിച്ചു)..........ഇത്ര മൃഗീയമായ നിലയിൽ അക്രമം നടത്തുന്ന കാലഘട്ടം ഇതിനു മുമ്പുണ്ടായിട്ടില്ല. ഭരണപക്ഷത്തിരുന്നാലും പ്രതിപക്ഷത്തിരുന്നാലും ജനങ്ങളെ ജീവിക്കാൻ അനുവദിക്കില്ല. എസ്. എൻ. സി. ലാവ്‌ലിൻ പ്രശ്നം ഉണ്ടായതോടുകൂടി ഇവിടെ ആകമാനം വെപ്രാളം പിടിച്ചിരിക്കുന്നു. ലാവ്‌ലിൻ സംഭവത്തെക്കുറിച്ച് ആദ്യ ദിവസം മണിക്കൂറുകളോളം സംസാരിച്ചു. അന്ന് ഒരു കുഴപ്പവും സംഭവിച്ചില്ല. എന്നാൽ പിന്നീട് ലാവ്‌ലിൻ എന്നു പറഞ്ഞാൻ പിന്നെ ഒന്നും സംസാരിക്കാൻ അനുവദിക്കുന്നില്ല.

മി. ചെയർമാൻ: ഡോ. നീലലോഹിതദാസൻ നാടാർക്ക് പ്രസംഗിക്കാം.

ശ്രീ. തോമസ് ഉണ്ണിയാടൻ: പ്രതിഷേധം വ്യാപകമായി എന്നു കണ്ടപ്പോൾ പിറ്റേദിവസം ലാവ്‌ലിൻ കാര്യം സംസാരിക്കാൻ പാടില്ല. എന്തിന് നിങ്ങൾ ഭയപ്പെടണം?

(മൈക്ക് ഓഫ് ചെയ്തു)

മി. ചെയർമാൻ: ഡോക്ടർ നീലലോഹിതദാസൻ നാടാർക്കാണ് മൈക്ക് അനുവദിച്ചിരിക്കുന്നത്. അങ്ങയുടെ സമയമാണ് പോകുന്നത്. അതുകൊണ്ട് അങ്ങ് പ്രസംഗിക്കണം.

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, പ്രതിപക്ഷം ഗവൺമെന്റിനെതിരെ അവിശ്വാസപ്രമേയം കൊണ്ടുവന്നത് ഇപ്പോഴാണ്. പക്ഷേ 14 മാസം മുമ്പ് 2004 മേയ് 10-ാം തീയതി നടന്ന പാർലമെന്റ് തിരഞ്ഞെടുപ്പിൽ കേരളത്തിലെ ജനങ്ങൾ ഈ ഗവൺമെന്റിനോടുള്ള അവിശ്വാസം സമ്പൂർണ്ണമായി രേഖപ്പെടുത്തി. 100 സീറ്റുകളോടുകൂടി അധികാരത്തിൽ വന്ന ഐക്യജനാധിപത്യ മുന്നണിക്കെതിരെ 120 നിയമസഭാ മണ്ഡലത്തിലെ ജനങ്ങൾ 2004 മേയ് 10-ന് നടന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ അവിശ്വാസം രേഖപ്പെടുത്തി. അതുകൊണ്ടുതന്നെ അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി ഹൈക്കമാൻഡിനു രാജി സമർപ്പിച്ചിരുന്നുവെന്നാണ് കേട്ടത്. ആ രാജി ഹൈക്കമാൻഡ് കോൾഡ് സ്റ്റോറേജിൽ വച്ചിരുന്നു. പിന്നീട് ആ രാജി നിലവിൽ വരികയാണുണ്ടായത്. അങ്ങനെയാണ് ശ്രീ. ഉമ്മൻചാണ്ടി ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ ഭാഷയിൽ പറഞ്ഞാൽ ശ്രീ. എ. കെ. ആന്റണിയുടെ

LIBRARY ARCHIVES Kerala Legislative Assembly

അനുജസ്ഥാനീയനായ ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായി ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നത്. കൂത്തുപറമ്പ്, അഴീക്കോട് ഉപതെരഞ്ഞെടുപ്പുകൾ ഉണ്ടായപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരസ്യമായി പറഞ്ഞു, ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുടെ ടെസ്റ്റ് കൂടിയായിരിക്കും ഈ ഉപതെരഞ്ഞെടുപ്പുകൾ എന്ന്. അന്ന് തെരഞ്ഞെടുപ്പുകളുടെയാകെ ചുമതല വഹിച്ചിരുന്ന ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞു, "ഞങ്ങൾ ജയിക്കു"മെന്ന്. അപ്പോഴൊക്കെ ഇവർ കരുതിയിരുന്നത് ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ ഭൂരിപക്ഷം കുറയുമെന്നാണ്. ഭൂരിപക്ഷം കൂടി എന്നു മാത്രമല്ല, ശ്രീ. പി. ജയരാജന് ചരിത്രവിജയവുമുണ്ടായി. ശ്രീ. എ. കെ. ആന്റണിയുടെ പാത പിൻതുടരുന്നുവെങ്കിൽ ശ്രീ. ഉമ്മൻചാണ്ടി ഹൈക്കമാന്റിനെങ്കിലും രാജി സമർപ്പിക്കണമായിരുന്നു. അതിന് തയ്യാറായില്ല. ഇപ്പോൾ ഞങ്ങൾ അവിശ്വാസ പ്രമേയം കൊണ്ടുവന്നത് പുറത്തുള്ള ജനങ്ങളുടെ വികാരം മാനിച്ചുകൊണ്ടാണ്. എന്തുകൊണ്ട് ജനങ്ങൾക്ക് ഈ ഗവൺമെന്റിലുള്ള വിശ്വാസം നഷ്ടപ്പെട്ടു? അതാണ് വിലയിരുത്തപ്പെടേണ്ടത്. ശ്രീ. പി.എസ്. സുപാൽ ചൂണ്ടിക്കാണിച്ചതുപോലെ, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ, "കേരളത്തിന്റെ നവോത്ഥാനത്തിന് ഒരു നയരേഖ" എന്നു പറഞ്ഞാണ് നിങ്ങൾ പ്രകടന പത്രിക അവതരിപ്പിച്ചത്. അന്ന് ശ്രീ. കെ. ശങ്കരനാരായണൻ ആയിരുന്നു യു. ഡി. എഫ്. കൺവീനർ. ഭരണം വന്നശേഷം ശ്രീ. ഉമ്മൻചാണ്ടി യു. ഡി. എഫ്. കൺവീനറായി. ഇപ്പോൾ ശ്രീ. പി. പി. തങ്കച്ചനാണ് കൺവീനർ. അന്ന് പ്രകടന പത്രികയുണ്ടാക്കാൻ വേണ്ടി നിയോഗിക്കപ്പെട്ട കമ്മിറ്റിയുടെ കൺവീനറായിരുന്നു ശ്രീ. എം. എം. ഹസ്സൻ. അപ്പുറത്തുനിന്ന് ആദ്യമായി സംസാരിച്ചത് ശ്രീ. എം. എം. ഹസ്സനായിരുന്നു. അവിശ്വാസ പ്രമേയത്തിനെതിരായി സംസാരിക്കുമ്പോൾ സ്വാഭാവികമായും പ്രകടനപത്രികയെ ഉദ്ധരിച്ചു കൊണ്ട്, ഈ പ്രകടന പത്രികയിൽ പറഞ്ഞ ഇന്നയിന്ന കാര്യങ്ങൾ നടപ്പിലാക്കി എന്ന് ശ്രീ. എം. എം. ഹസ്സൻ പറയുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. ശ്രീ. എം. എം. ഹസ്സൻ പറഞ്ഞില്ലെന്നു മാത്രമല്ല, അപ്പുറത്തു നിന്നു സംസാരിച്ച ആരും തന്നെ പ്രകടന പത്രികയിൽ പറഞ്ഞ ഏതെങ്കിലും ഒരു കാര്യം നടപ്പിലാക്കി എന്ന് പറഞ്ഞിട്ടില്ല. പ്രകടന പത്രികയിൽ സംവരണം സംബന്ധിച്ച രണ്ടാം പോയിന്റായി 35-ാമത്തെ പേജിൽ ഒരുകാര്യം പറഞ്ഞിട്ടുണ്ട്. പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്കും പിന്നോക്ക സമുദായങ്ങൾക്കും സംവരണ തത്വംമൂലം ലഭിക്കേണ്ടിയിരുന്ന സർക്കാർ ഉദ്യോഗങ്ങളിൽ ലഭിക്കാതെ പോയ ഒഴിവുകൾ ലഭ്യമാക്കുന്നതിന് നിയമസഭാ കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമെന്ന്. ഇതിന്റെ അർത്ഥം സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപ്പിലാക്കുമെന്നാണ്. നരേന്ദ്രൻ കമ്മിഷന്റെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപ്പിലാക്കാൻ ഈ ഗവൺമെന്റ് തെരഞ്ഞെടുപ്പ് വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറായിട്ടില്ല എന്നു മാത്രമല്ല, നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിൽ വേണ്ടത്ര പ്രാതിനിധ്യം ലഭിച്ചിട്ടില്ല എന്ന് അടിവരയിട്ട് പറഞ്ഞിട്ട് എല്ലാ പിന്നോക്ക വിഭാഗങ്ങളേയും അധിക്ഷേപിക്കുകയും ആക്ഷേപിക്കുകയും ചെയ്യുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്. അതുപോലെ 44-ാം പേജിൽ മത്സ്യത്തൊഴിലാളികൾക്ക് പട്ടയം നൽകുന്നതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 100 ദിവസത്തെ പരിപാടിയുടെ ഭാഗമായി കുറേ പട്ടയം നൽകുമെന്ന് പ്രഖ്യാപിച്ചു. നെയ്യാറ്റിൻകര താലൂക്കിൽ താലൂക്ക് ലാൻഡ് അസൈൻമെന്റ് കമ്മിറ്റി കൂടി. ഞാനും ആ യോഗത്തിൽ പങ്കെടുത്തു. പത്തു സെന്റിൽ താഴെയുള്ള ആളുകൾക്ക് പട്ടയം നൽകാൻ

LIBRARY ARCHIVES Kerala Legislative Assembly

ശുപാർശ ചെയ്തു. പക്ഷേ നെയ്യാറ്റിൻകര താലൂക്കിലെ തീരപ്രദേശത്തെ ഒരൊറ്റ മൽസ്യത്തൊഴിലാളിക്കും പട്ടയം നൽകിയിട്ടില്ല. തീരുമാനം എടുത്തതുപോലും നൽകിയിട്ടില്ല. അതാണ് സ്ഥിതി.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.....അഞ്ചു മിനിട്ടാണുള്ളത്. ഇപ്പോൾ ആറു മിനിട്ടായി.

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചുമതല വഹിക്കുന്ന ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പ്, 'സ്മാർട്ട് സിറ്റി' എന്നൊരു ലഘു പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിന്റെ 16-ാമത്തെ പേജിൽ പത്താമത്തെ ലൈനിൽ പറഞ്ഞിരിക്കുന്നത്, "പാലം പണിതു തരാമെന്ന് ഇലക്ഷൻ വാഗ്ദാനം കൊടുത്ത് വോട്ട് പിടുങ്ങിയിട്ട് അങ്ങോട്ട് പിന്നെ തിരിഞ്ഞുനോക്കാത്ത രാഷ്ട്രീയക്കാരന്റെ ശൈലി എന്തായാലും അന്തസ്സായി ആഗോളതലത്തിൽ വ്യവസായ ശൃംഖല സ്ഥാപിക്കാൻ കച്ച കെട്ടി നിൽക്കുന്ന ഡി. ഐ. സി. അവലംബിക്കുമെന്ന് കരുതുന്നത് മൗഢ്യമാണ്" എന്നാണ്. എല്ലാ രാഷ്ട്രീയക്കാരേയും അടച്ചാക്ഷേപിക്കുന്ന വാചകമാണ് ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പിന്റെ പ്രസിദ്ധീകരണത്തിൽ വന്നിരിക്കുന്നത്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുന്നു, 1970 മുതൽ എട്ടു തവണ പുതുപ്പള്ളി നിയോജകമണ്ഡലത്തിൽ തുടർച്ചയായി മൽസരിച്ച് ജയിച്ച് വരുന്ന ഒരാളാണ് അങ്ങ്. അങ്ങ് ഇങ്ങനെ ഒരു വാഗ്ദാനം നൽകി തിരിഞ്ഞു നോക്കാതിരുന്നിട്ടുണ്ടോ? ഞാൻ 1977 മുതൽ അഞ്ചു തവണ നിയമസഭയിലും രണ്ടു തവണ ലോക്സഭയിലും അങ്ങനെ 7 തവണ മത്സരിച്ചിട്ടുണ്ട്. ഒരു വാഗ്ദാനവും കൊടുത്തിട്ടില്ല. രാഷ്ട്രീയക്കാരെ അടച്ചാക്ഷേപിക്കുന്ന ഇത്തരം കാര്യങ്ങൾ ഒരു സർക്കാർ പ്രസിദ്ധീകരണത്തിൽ വരുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും സഭയിൽ അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും ഗൗരവമായി കാണണം. ഞാൻ ഇതു സംബന്ധിച്ച് ഒരു ചോദ്യം ചോദിച്ചപ്പോൾ പറഞ്ഞത്, മറ്റേതോ പത്രത്തിൽ വന്നത് അതുപോലെയെടുത്ത് പ്രൊഡ്യൂസ് ചെയ്തു എന്നാണ്. മറ്റേതെങ്കിലും പത്രത്തിൽ വരുന്നത് അതുപോലെ പ്രൊഡ്യൂസ് ചെയ്യാനാണോ ഒരു സർക്കാർ പ്രസിദ്ധീകരണം? ഞാൻ മറ്റ് കാര്യങ്ങളിലേക്ക് കടക്കുന്നില്ല. കെ.എസ്.യു.വിലൂടെ, യൂത്ത് കോൺഗ്രസ്സിലൂടെ രാഷ്ട്രീയ രംഗത്ത് വന്നയാളാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി. ഇവിടെ നടക്കുന്നതിനേക്കാൾ രൂക്ഷമായ വിമർശനമല്ലേ കെ.എസ്.യു.വിന്റെ സംസ്ഥാന ക്യാമ്പിലും യൂത്ത് കോൺഗ്രസ്സ് സംസ്ഥാന ക്യാമ്പിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെയും ഈ ഗവൺമെന്റിനെതിരെയും ഉണ്ടായത്. അവർ എന്താണ് പറഞ്ഞത്? കേരളത്തിലെ ഭരണാധികാരികൾ സാമുദായിക വർഗ്ഗീയ ശക്തികളുടെയും സമുദായ നേതാക്കന്മാരുടെയും മതമേലദ്ധ്യക്ഷന്മാരുടെയും അരമനയ്ക്കു മുമ്പിൽ, പടിവാതിൽക്കലിനു മുമ്പിൽ കാത്തു കിടന്ന് അവരെ കാണുന്നു എന്നാണ്. ഇത്തരുണത്തിൽ 1964-ലെ ഒരു സംഭവം ഞാൻ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അന്ന് ആർ. ശങ്കർ മന്ത്രിസഭയ്ക്കെതിരെ അവിശ്വാസപ്രമേയം വന്നു. അന്ന് കോൺഗ്രസ്സുകാരായിരുന്ന 15 എം. എൽ.എ.-മാർ മാറി വോട്ടു ചെയ്യാനുള്ള സാഹചര്യമുണ്ടായി. അന്ന് കോൺഗ്രസ്സ് അദ്ധ്യക്ഷനായ കാമരാജ് കേരളത്തിൽ വന്നു.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തോട് പത്രക്കാർ 'ചില മതമേലദ്ധ്യക്ഷന്മാരെയും സാമുദായിക പ്രമാണിമാരെയും കാണുന്നില്ലേ' എന്നു ചോദിച്ചപ്പോൾ അവർ കോൺഗ്രസ്സിന്റെ ആരാകും എന്നാണ് അദ്ദേഹം മറുചോദ്യം ചോദിച്ചത്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.

ഡോ. എ. നീലലോഹിതദാസൻ നാടാർ : അങ്ങനെ പാരമ്പര്യമുള്ളവർ കോൺഗ്രസ്സിന്റെ മുഖ്യമന്ത്രിയായാൽ ഇങ്ങനെയൊക്കെ ചെയ്യേണ്ടിവരും..................

മി. ചെയർമാൻ: അങ്ങ് കൺക്ലൂഡ് ചെയ്യൂ. അടുത്തയാളിന്റെ പേര് വിളിച്ചാൽ മൈക്ക് ഓഫ് ചെയ്യും.

ഡോ. എ. നീലലോഹിതദാസൻ നാടാർ : ഈ ഗവൺമെന്റ് എവിടെയാണ് എത്തിനിൽക്കുന്നത്? സംസ്ഥാനത്തെ എങ്ങോട്ടാണ് നയിക്കുന്നത്? ഈ ഗവൺമെന്റിനെതിരായി കൊണ്ടുവന്ന അവിശ്വാസപ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. ഉമേഷ് ചള്ളിയിൽ: സർ, പ്രതിപക്ഷം അവതരിപ്പിച്ച അവിശ്വാസപ്രമേയത്തെ ഞാൻ പുറങ്കാൽ കൊണ്ട് തൊഴിക്കുകയാണ്. ഇതിനെ ശക്തമായി എതിർക്കുന്നു. എന്തിനാണ് ഇങ്ങനെയൊരു അവിശ്വാസപ്രമേയം? സ്വയം വിശ്വാസമില്ലാത്തതിന്റെ പേരിലാണോ എന്നാണ് എന്റെ സംശയം. പ്രതിപക്ഷ പ്രഗൽഭന്മാർ കഴിഞ്ഞ നാലു വർഷത്തെ യു.ഡി.എഫ്. ഭരണം സംബന്ധിച്ച് തലനാരിഴ കീറി ചർച്ച നടത്തിക്കഴിഞ്ഞു. തലനാരിഴ കീറിയുള്ള ചർച്ച എന്നു പറയുമ്പോൾ ഇതൊക്കെ ലൈവ് ആയി ജനങ്ങൾ കാണുകയും പത്രങ്ങളിൽക്കൂടി വായിച്ചറിയുകയും ചെയ്യുന്നുണ്ട്. ജനങ്ങൾ ഇതൊക്കെ മനസ്സിലാക്കുന്നുണ്ട്. സഭയിൽ ഇപ്പോൾ കോടികളാണ് ദിവസവും വന്നു നിറയുന്നത്. കോടികളിൽ കുറഞ്ഞ ഒരു കണക്കും നമ്മുടെ കയ്യിൽ ഇല്ല. പ്രതിപക്ഷത്തെ എന്റെ സുഹൃത്തുക്കൾ ഓരോ മന്ത്രിക്കും ഇത്ര രൂപ എന്ന കണക്കിൽ കോടികൾ പങ്കു വച്ചു കൊടുക്കുകയാണ്. ജനങ്ങൾക്ക് ഇതൊക്കെ കണ്ടുനിൽക്കാനേ പറ്റൂ. ബഹുമാനപ്പെട്ട സ്പീക്കർ ഇന്നലെ പറഞ്ഞതുപോലെ ആരോപണങ്ങളുടെ പെരുമഴ ഉന്നയിച്ച് ആരോപണങ്ങളുടെതന്നെ വിശ്വാസ്യത തകർക്കുന്ന ഒരു സമീപനമാണിത്. ഇത് ജനാധിപത്യത്തിന് ഭൂഷണമല്ല. ആരോപണങ്ങളല്ലാതെ മറ്റെന്താണ് ഈ സർക്കാരിനെതിരായി യഥാർത്ഥത്തിലുള്ളത്. കഴിഞ്ഞ നാലു വർഷമായി ഏറ്റവും നൂതന പരിഷ്കരണ വികസന പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടത് യു.ഡി.എഫ്. സർക്കാരാണ്. അവ നടപ്പിലാക്കാൻ തീരുമാനിക്കുകയും ശ്രമിക്കുകയും ചെയ്യുമ്പോഴാണ് ഇത്തരത്തിലുള്ള ആരോപണങ്ങൾക്ക് വഴി തെളിക്കുന്നത്. സർക്കാർ പ്രസിദ്ധീകരണങ്ങൾ, പബ്ളിക് റിലേഷൻസ് വകുപ്പും മറ്റും പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസിദ്ധീകരിച്ചതും ഇപ്പോഴുള്ളതും തമ്മിൽ താരതമ്യം ചെയ്തു നോക്കണം. അപ്പോൾ ഈ സർക്കാരിനെതിരെ ആരോപണം ഉയരുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാകും. എന്തെങ്കിലും പ്രവർത്തിക്കുന്നവർക്കെതിരെ എപ്പോഴും ആരോപണമുണ്ടാകും. മുഖ്യമന്ത്രി രാവിലെ 10 മണി മുതൽ 5 മണിവരെ

LIBRARY ARCHIVES Kerala Legislative Assembly

ഓഫീസിലിരുന്ന് ചട്ടപ്പടി ഫയലുകൾ നോക്കിയിരിക്കട്ടെ. ഒരു ആരോപണവുമുണ്ടാകില്ല. പക്ഷേ കാസർഗോഡു മുതൽ തിരുവനന്തപുരം വരെ ജനങ്ങളുടെയിടയിൽ രാവും പകലുമില്ലാതെ, ഭക്ഷണമില്ലാതെ ജനസമ്പർക്ക പരിപാടി നടത്തിയപ്പോൾ ആരോപണമായി. ഒരു വില്ലേജ് ആഫീസർ ചെയ്യേണ്ട പണി മുഖ്യമന്ത്രി ചെയ്യുന്നു എന്നാണ്, ഇത് പ്രഹസനമാണെന്നാണ് ഇവർ ആരോപിച്ചത്. പക്ഷേ ഈ പൊതു ജനസമ്പർക്ക പരിപാടിയിൽ പരാതി കൊടുത്തവർക്ക് അറിയാം, കാസർഗോഡു കൊടുത്ത പരാതി പിറ്റേന്നുതന്നെ തിരുവനന്തപുരത്തെത്തി സെക്രട്ടേറിയറ്റിൽ അഞ്ചും ആറും സെക്ഷനുകളിൽ മണിക്കൂറുകൾകൊണ്ട് സഞ്ചരിച്ച് വകുപ്പു സെക്രട്ടറിയും മന്ത്രിയുംവരെ കണ്ട് തീർപ്പാക്കിയ കാര്യം. വർഷങ്ങളായി തീരുമാനമാകാതെ കിടന്ന ആയിരക്കണക്കിന് ഫയലുകളിലാണ് ഇങ്ങനെ അതിശീഘ്രം തീർപ്പുണ്ടായത്. പക്ഷേ ഇതിന്റെ ദോഷവശങ്ങളെന്തെങ്കിലുമുണ്ടെങ്കിൽ അതുമാത്രമാണ് നമ്മളൊക്കെ അറിഞ്ഞത്.

'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും
ചോരതന്നെ കൊതുകിന്നു കൗതുകം'

എന്ന മട്ടിലാണ് നേതാക്കൾ പെരുമാറുന്നത്. എല്ലാവർക്കും ഇപ്പോൾ ക്ഷീരം വേണ്ട, ചോര മതി. നല്ലതെന്തു നടന്നാലും അതിന്റെ ദോഷവശം മാത്രമേ നമ്മൾ കാണുന്നുള്ളൂ എന്നുള്ള അവസ്ഥയാണ്. ഇന്നലെ ബഹുമാന്യനായ എം. വി. ജയരാജൻ പ്രസംഗിച്ചപ്പോൾ വികസനത്തിന് ഞങ്ങൾ എതിരല്ലെന്നു പറഞ്ഞു. എതിരല്ലെന്നു പറയുമ്പോൾ എന്റെ മണ്ഡലത്തിനെക്കുറിച്ചുകൂടി നിങ്ങൾ ഒന്നു ശ്രദ്ധിക്കണമായിരുന്നു. 1998-ൽ സുശീലാ ഗോപാലൻ വ്യവസായ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ കൊടുങ്ങല്ലൂരിൽ 115 കോടി രൂപയുടെ ഒരു clinker grinding unit-ഉം ഒരു തുറമുഖവും പണിയാനുള്ള എം.ഒ.യു. സൈൻ ചെയ്തു. അതുകഴിഞ്ഞ് 2000-ൽ നിങ്ങൾ അതിന്റെ ബി.ഒ.ടി. എഗ്രിമെന്റ് സൈൻ ചെയ്തു. അത് സൈൻ ചെയ്തവർ ആരാണെന്നുള്ള രേഖകളൊക്കെ എന്റെ കയ്യിലുമുണ്ട്. എന്നിട്ട് നിങ്ങൾക്ക് അത് നടപ്പിലാക്കാൻ പറ്റിയില്ല. പക്ഷേ ഞാൻ എം. എൽ. എ. ആയി, ജനപ്രതിനിധിയായി വന്നപ്പോൾ നിങ്ങൾ എനിക്കെതിരെ ആഞ്ഞടിച്ചു. അന്ന് നിങ്ങൾ എനിക്കെതിരെ നടത്തിയ പ്രക്ഷോഭത്തിന്റെ രേഖകളും പത്ര റിപ്പോർട്ടുകളും മുഴുവൻ എന്റെ കൈയിലുണ്ട്. ശാസ്ത്രസാഹിത്യ പരിഷത്തും ഡി.വൈ.എഫ്.ഐ.-യും എസ്.എഫ്.ഐ.-യും എല്ലാവരുംകൂടിച്ചേർന്ന് ജീവഹാനി സംഭവിക്കുന്ന തരത്തിലുള്ള വ്യവസായം വരാൻ പോകുന്നു. അതിനെ എതിർക്കണമെന്നു പറഞ്ഞ് അവിടെ വലിയ സമരം നടത്തി. ആ സമരത്തിന്റെ ഇന്നത്തെ അവസ്ഥയെന്താണെന്നറിയാൻ കൊടുങ്ങല്ലൂരിൽ വന്ന് നോക്കണം. അതവിടെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ജീവഹാനിയുണ്ടാകുമെന്ന് പറഞ്ഞ്, നിങ്ങൾ കൊണ്ടുവന്നതിന്റെ നിങ്ങൾ തന്നെ, പിതൃത്വം കൊടുത്ത നിങ്ങൾ തന്നെ, അതിനെ ഞെക്കിക്കൊല്ലുന്ന അവസ്ഥയാണ് ഇന്ന് കൊടുങ്ങല്ലൂരിലുള്ളത്. ആയിരക്കണക്കിന് യുവാക്കൾക്ക് തൊഴിൽ കിട്ടുന്ന ആ ഒരു സംരംഭത്തെ എതിർക്കുകയും അത് നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്യുന്ന നിങ്ങൾ, ശ്രീ. കെ. പി. രാജേന്ദ്രനടക്കം കൊടുങ്ങല്ലൂരിൽ വന്ന് പ്രസംഗിച്ച കാര്യമാണ് ഞാൻ പറയുന്നത്, ആയിരക്കണക്കിനാളുകൾക്ക് തൊഴിൽ കിട്ടുന്ന, കൊടുങ്ങല്ലൂരിന്റെ വികസനത്തിന് കാരണമാകുന്ന രീതിയിൽ, കൊടുങ്ങല്ലൂരിന്റെ

LIBRARY ARCHIVES Kerala Legislative Assembly

മുഖച്ഛായതന്നെ മാറുന്ന, തീരപ്രദേശത്ത് വലിയ വികസനമുണ്ടാകുന്ന പദ്ധതിയെയാണ് നിങ്ങൾ എതിർക്കുന്നത്...(ബഹളം).. വൈക്കം എം. എൽ. എ. ഇന്റർവ്യൂവിൽ ചോദിച്ചപ്പോൾ അദ്ദേഹം എന്നോട് അനുകൂലമായ മറുപടി പറഞ്ഞതാണ്. അതിനെതിരെ ശ്രീ. കാനം രാജേന്ദ്രൻ അദ്ദേഹത്തിന് നോട്ടീസ് കൊടുത്തു. പിതൃത്വം കൊടുത്ത നിങ്ങൾ തന്നെ അതിനെ എതിർക്കുകയാണ്. എന്നിട്ട് ഇവിടെ തൊഴിലവസരമുണ്ടാകുന്നില്ല, ഇവിടെയുള്ള അഭ്യസ്ത വിദ്യരായ യുവതീയുവാക്കൾക്ക് തൊഴിലവസരങ്ങളുണ്ടാക്കാൻ ഒന്നും ചെയ്യുന്നില്ലെന്ന് അസംബ്ലിയിൽ നിങ്ങൾ വാദിക്കുന്നു. അങ്ങനെ വാദിക്കുന്ന നിങ്ങളോട് എനിക്ക് ഒന്നേ ചോദിക്കാനുള്ളൂ, ഇത്രയും നല്ലൊരു സംരംഭത്തിന് ബഹുമാന്യനായ മുൻമുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയുടെ മണ്ഡലത്തിൽ പള്ളിപ്പുറത്ത് ഇത് ആരംഭിച്ചപ്പോൾ നിങ്ങൾ സമരം ചെയ്തില്ല. അവിടേയും ജീവിക്കുന്നത് മത്സ്യത്തൊഴിലാളികളും സാധാരണ ജനങ്ങളും തന്നെയാണ്. അവിടെയൊന്നും ജീവഹാനി സംഭവിക്കുന്നില്ല. പാണക്കാട് തുടങ്ങിയപ്പോഴും നിങ്ങൾ അതിനെ എതിർത്തില്ല. 118 ഫാക്ടറികൾ കേരളത്തിൽ അടച്ചുപൂട്ടണമെന്ന് പറഞ്ഞപ്പോൾ ഗുരുദാസന്റെ നേതൃത്വത്തിൽ നിങ്ങൾ കേരളത്തെ സ്തംഭിപ്പിക്കുമെന്ന് പറഞ്ഞ് സമരം ആരംഭിച്ചു. അപ്പോൾ വികസനത്തിനെതിരെയുള്ള നിങ്ങളുടെ നയം തിരുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ വികസനമുണ്ടാകണം, തൊഴിലവസരങ്ങളുണ്ടാകണം, യുവതീയുവാക്കൾക്ക് ഈ മണ്ണിൽ നിന്നുകൊണ്ട് ഈ നാടിന്റെ വികസനത്തിൽ പങ്കാളികളാകാനുള്ള അവസരമൊരുക്കാൻ നിങ്ങളുടെ പിന്തിരിപ്പൻ നയം നിങ്ങൾ ഉപേക്ഷിക്കണമെന്നാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. അതുകൊണ്ടുതന്നെയാണ് നിങ്ങൾ അവതരിപ്പിച്ച ഈ അവിശ്വാസപ്രമേയത്തെ ഞാൻ പുറങ്കാൽ കൊണ്ട് തൊഴിക്കുന്നു എന്നു പറഞ്ഞത്................. ....(ബഹളം)..

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ,..............................(ബഹളം)......................

മി. ചെയർമാൻ: Your time is over............please conclude.............

....(ബഹളം)..

ശ്രീ. ഉമേഷ് ചള്ളിയിൽ: ചെയർ സമ്മതിക്കാത്തതിന്റെ പേരിൽ ഞാൻ വഴങ്ങുന്നില്ല. നിങ്ങളുടെ സമ്മർദ്ദത്തിനു വഴങ്ങി അന്ന് നിങ്ങളുടെ പിന്തിരിപ്പൻ വികസന നയത്തിന്റെ കൂടെ നിന്ന് സത്യം മനസ്സിലാക്കിയപ്പോൾ ശ്രീ. വി. കെ. ഗോപി ഇപ്പോൾ പുറത്തേയ്ക്ക് ചാടി. ഇന്ന് തൃശ്ശൂർ ജില്ലയിൽ സി.പി.ഐ.-യുടെ അവസ്ഥയെന്താണ്? സി.പി.ഐ. ഇപ്പോൾ ചീപ്പായിക്കഴിഞ്ഞു, അതിന്റെ കഥ തീർന്നു. അതുകൊണ്ടുതന്നെ നിങ്ങളുടെ ഈ നയത്തെ ഞാൻ ശക്തിയുക്തം എതിർക്കുന്നു എന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, ഞാൻ ഈ പ്രമേയത്തെ അതിശക്തമായി അനുകൂലിക്കുകയാണ്. ഈ ഗവൺമെന്റ് ശവംതീനികളുടെ ഗവൺമെന്റായി മാറിയിരിക്കുകയാണ്. കഴിഞ്ഞ 8-ാം തീയതി ആർ.വൈ.എഫ്.-ന്റെ നേതൃത്വത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഈ സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരായി സമരം ചെയ്തു. ആ സമരത്തെ അഭിസംബോധന ചെയ്യുവാൻ അതിന്റെ സംസ്ഥാന പ്രസിഡന്റെന്ന നിലയിൽ ഞാൻ പോവുകയുണ്ടായി. ഞങ്ങളുടെ പാർട്ടിയുടെ ബഹുമാന്യനായ ആക്ടിംഗ് സെക്രട്ടറി ശ്രീമാൻ വി.പി. രാമകൃഷ്ണപിള്ള പ്രസംഗിക്കാൻ ഒരുങ്ങിയപ്പോൾ യാതൊരു പ്രകോപനവുമില്ലാതെ, ലജ്ജാകരമായ തരത്തിൽ പോലീസിന്റെ അതിക്രമമുണ്ടായി. ഭീകരമായിരുന്നു ആ ലാത്തിച്ചാർജ്. വി.പി. രാമകൃഷ്ണപിള്ള പ്രസംഗിക്കാൻ തുടങ്ങിയപ്പോൾ എ. സി. മോഹനന്റെ നേതൃത്വത്തിൽ ഒരു സംഘം പോലീസുകാർ വന്ന് യാതൊരു പ്രകോപനവുമില്ലാതെ തന്നെ ഞങ്ങളെ മർദ്ദിക്കുകയായിരുന്നു. എന്നെയും മർദ്ദിച്ചു. ഞാൻ എം.എൽ.എ. ആണെന്നു പറഞ്ഞപ്പോൾ എന്നാൽ ഇതുകൂടിയിരിക്കട്ടെ എന്നു പറഞ്ഞ് നാഭിക്ക് ചവിട്ടി, വാരിയെല്ലിനു ചവിട്ടി. അതാണ് ശ്രീ. ഉമ്മൻ ചാണ്ടി. അതാണ് കേരളത്തിന്റെ മുഖ്യമന്ത്രി. ഇപ്പോൾ കേരളത്തിന്റെ മുഖ്യമന്ത്രിയല്ല ഇദ്ദേഹം. മൂന്നുകോടി ജനങ്ങളുടെ മുഖ്യമന്ത്രിയല്ല ഇദ്ദേഹം, ഇദ്ദേഹം കോൺഗ്രസ്സിന്റെ മുഖ്യമന്ത്രിയാണ്, യു.ഡി.എഫ്.-ന്റെ മുഖ്യമന്ത്രിയാണ്. അതല്ലേ ഇത് തെളിയിക്കുന്നത്? അങ്ങയെപ്പോലെയുള്ള ഒരു മുഖ്യമന്ത്രി ഞാനും ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ എം. പി.-യും ഏഴുദിവസം മെഡിക്കൽ കോളേജിൽ സുഖമില്ലാതെ കിടന്നപ്പോൾ, പോലീസിന്റെ കിരാതമായ മർദ്ദനംമൂലം ആശുപത്രിയിൽ അഡ്മിറ്റായപ്പോൾ ഒന്നുവന്ന് കാണുവാൻ പോലും സൻമനസ് കാണിച്ചില്ല. അദ്ദേഹം വരണമെന്ന് ഞാൻ പറയുന്നില്ല. അങ്ങയെപ്പോലെ തെരഞ്ഞെടുക്കപ്പെട്ട ഒരു എം.എൽ.എ. ആണ് ഞാനും. അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു, ഞാനും ഒരു മണ്ഡലത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട ഒരു ജനപ്രതിനിധിയാണ്. എന്റെ സഭാനേതാവല്ലേ അദ്ദേഹം? ബഹുമാനപ്പെട്ട സ്പീക്കർ വന്ന് അന്വേഷിച്ചു. ആ സ്പീക്കറെ ഞാൻ നന്ദിയോടുകൂടി സ്മരിക്കുകയാണ്. ഒന്ന് ഫോൺ ചെയ്യാൻപോലും ഈ മുഖ്യമന്ത്രിയും സഭാനേതാവും തയ്യാറായില്ല. പോലീസിന്റെ അതിക്രമത്തെ ന്യായീകരിക്കുകയാണ് അദ്ദേഹം ചെയ്തത്. അവിടെ യാതൊരു പ്രകോപനവുമുണ്ടായിട്ടില്ല. ഞാൻ ചോദിക്കട്ടെ, ഞങ്ങളുടെ പ്രവർത്തകർ, 57 പേർക്കെതിരെ കേസെടുത്തു. അന്നുരാത്രിതന്നെ അവരെ വിട്ടയച്ചു. പൊതുമുതൽ നശിപ്പിച്ചില്ല, മറ്റു വസ്തുവകകളൊന്നും നശിപ്പിച്ചില്ല. ഒരു പോലീസുകാരനുപോലും പോറൽ ഏറ്റിട്ടില്ല. ഇവിടെ മുഖ്യമന്ത്രി കള്ളം പറഞ്ഞു. എ. സി. മോഹനൻ എന്ന പോലീസ് ഉദ്യോഗസ്ഥൻ അന്ന് ആ സംഭവം കഴിഞ്ഞ് വൈകിട്ട് ആറുമണിക്ക് തിരുവനന്തപുരം ജനറൽ ഹോസ്പിറ്റലിൽ എന്റെ സുഹൃത്തായ ഒരു ഡോക്ടറുടെ മുമ്പിൽ ചെന്ന് എം.പി.-യും എം.എൽ.എ.-യും പരാതികൊടുത്തിരിക്കുന്നതുകൊണ്ട് എനിക്ക് രക്ഷപ്പെടണം, എന്നെ ഇവിടെ അഡ്മിറ്റാക്കണമെന്നു പറഞ്ഞ് അയാൾ ജനറൽ ഹോസ്പിറ്റലിൽ അഡ്മിറ്റായി. എന്തൊരു നാണക്കേടാണ്? അദ്ദേഹത്തിന്റെ ഓമനപ്പേര് മോർച്ചറി മോഹനൻ എന്നാണ്. കാരണം എന്താണെന്നറിയാമോ? അദ്ദേഹം തൊടുന്നവരെല്ലാം മോർച്ചറിയിലേക്കാണ് പോകുന്നത്. ഈ മോർച്ചറി മോഹനനെ അഡ്മിറ്റാക്കിയത് എവിടെയാണെന്നറിയാമോ? ജനറൽ ഹോസ്പിറ്റലിൽ. എന്തൊരു വിരോധാഭാസം? കേരളത്തിൽ പോലീസിനെ ഇങ്ങനെ കയറൂരി വിട്ടിരിക്കുകയാണ്. ജനപ്രതിനിധികളെ ചോരയിൽ മുക്കി കൊല്ലുന്ന പോലീസ് നയമല്ലേ ശ്രീമാൻ ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ കേരള സംസ്ഥാനത്ത് നടക്കുന്നത്? കഴിഞ്ഞ നാലു വർഷത്തെ സംസ്ഥാന ചരിത്രം പരിശോധിച്ചു നോക്കിയാൽ അതല്ലേ കാണാൻ കഴിയുന്നത്? ഇവിടെ ഒന്നു രണ്ടു ആരോപണങ്ങൾ ഞാൻ എഴുതിത്തന്നിട്ടുണ്ട്. ആ

LIBRARY ARCHIVES Kerala Legislative Assembly

ആരോപണങ്ങൾ ഉന്നയിക്കുന്നതിനുവേണ്ടി എന്റെ ബാക്കി സമയം ഞാൻ വിനിയോഗിക്കുകയാണ്. ഇവിടെ രണ്ടു ദിവസമായി ഭരണപക്ഷത്തു നിന്ന് ലാവ്‌ലിൻ കേസ്സിനെ സംബന്ധിച്ച് പൊടിപ്പും തൊങ്ങലും വച്ച് ചർച്ച നടക്കുകയാണ്. ബഹുമാന്യനായ ജി. കാർത്തികേയന്റെ പ്രസംഗം കേട്ടപ്പോൾ ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും കാര്യങ്ങൾ വ്യക്തമായി. ഞാൻ അതിനെ സംബന്ധിച്ച് കൂടുതലൊന്നും പറയുന്നില്ല. ജലസേചന വകുപ്പുമന്ത്രി ഇവിടെ നടത്തിയിട്ടുള്ള ഒരു അഴിമതിയാരോപണം ഞാൻ രേഖാമൂലം ഉന്നയിക്കുകയുണ്ടായി. സുനാമി ഫണ്ടിന്റെ പേരിൽ കോടിക്കണക്കിനു രൂപയുടെ അഴിമതി നടത്തി. ജപ്പാൻ കുടിവെള്ള പദ്ധതിയുടെ നിർദ്ദിഷ്ട പ്രദേശമായ ചേർത്തല താലൂക്കിലെ പട്ടണക്കാട്, തുറവൂർ, കുത്തിയതോട്, കോടന്തുരുത്ത്, അരൂർ, എഴുപുന്ന, കടക്കരപ്പള്ളി തുടങ്ങിയ ഏഴു പഞ്ചായത്തുകളിൽ. ഇന്നലെ ശ്രീ. ടി. കെ. ദേവകുമാർ അദ്ദേഹത്തിനെതിരെ ആരോപണം ഉന്നയിച്ചു. എഴുതി തന്ന ആരോപണം ഉന്നയിക്കുന്നതിനു സമയം തരണം. ഏഴു പഞ്ചായത്തുകളിൽ 140 കി. മീറ്റർ പൈപ്പു ലൈൻ ഇടുകയും 14 ട്യൂബ് വെല്ലുകൾ കുഴിക്കുകയും ചെയ്തു. ഇതിൽ 11 എണ്ണത്തിലും ഇപ്പോൾ ഒരു തുള്ളി വെള്ളം പോലുമില്ല. വെള്ളം കിട്ടാത്ത പ്രദേശത്ത് വർക്കു നടത്തേണ്ട കാര്യമുണ്ടോ? ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇതിനു മറുപടി തരണം. എന്റെ കയ്യിൽ അതിനാവശ്യമായ എല്ലാ രേഖകളുമുണ്ട്. അവ മേശപ്പുറത്ത് വയ്ക്കാൻ ഞാൻ തയ്യാറാണ്. ഈ അഴിമതിയാരോപണം ഒരു നിയമസഭാ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കണം. എവിടെ നിന്നാണ് 9 കോടി രൂപ ഇതിനുവേണ്ടി ചെലവഴിച്ചത്? സുനാമി ഫണ്ടിൽ നിന്നാണ്. സകല റിക്കോർഡുകളും എന്റെ കയ്യിലുണ്ട്..(ബഹളം)..................................പഴയ മാർക്കറ്റ് റേറ്റും പുതിയ മാർക്കറ്റ് റേറ്റും പരിശോധിച്ചു. പണിയെല്ലാം കഴിഞ്ഞപ്പോൾ അഞ്ചു കോടി രൂപ മാത്രമേ ചെലവായിട്ടുള്ളൂ. ബാക്കി നാലു കോടി രൂപ എവിടെ പോയി? ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പോക്കറ്റിൽ കിടക്കുകയാണ്. അദ്ദേഹം മറുപടി പറയട്ടെ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഒരു വർഷം കൊണ്ട് ഉണ്ടാക്കുവാൻ കഴിയുന്നതിലധികം ഉണ്ടാക്കുവാൻ ശ്രമിക്കുകയാണ്. വ്യാപകമായ അഴിമതിയാണ് ഇവിടെ നടക്കുന്നത്. ആധികാരികമായിട്ടു ഞാൻ പറയുകയാണ്. അഴിമതി നിരോധന കമ്മീഷന് അവിടത്തെ നാട്ടുകാർ കൊടുത്ത ഭീമ ഹർജിയാണിത്. (ഹർജി ഉയർത്തിക്കാട്ടി) നിയമസഭാ സമിതിയെക്കൊണ്ട് ഈ അഴിമതിയെപ്പറ്റി അന്വേഷിപ്പിക്കണം. ധാർമ്മികമായ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ തൽസ്ഥാനം രാജിവയ്ക്കണമെന്നാണ് എനിക്കു പറയാനുള്ളത്...(ബഹളം)..(മൈക്ക് ഓഫ്)

ശ്രീ. കെ. പി. മോഹനൻ: സർ,..................

മി. ചെയർമാൻ: പാർട്ടി സമയം അനുവദിച്ചു എല്ലാവർക്കും കൊടുത്തിട്ടുണ്ട് ....(ബഹളം)................ അവരവരുടെ സമയത്തു തന്നെ തീർക്കണം .... (ബഹളം)................ No question like that സ്പീക്കറുടെ എല്ലാ അവകാശത്തോടും കൂടിയാണ് ഞാൻ ഇവിടെ ഇരിക്കുന്നത്. ചെയറിനെ ചോദ്യം ചെയ്യേണ്ട. ശ്രീ. കെ. പി. മോഹനൻ അതൊന്നും പറയണ്ട. ശ്രീ. കോവൂർ കുഞ്ഞുമോന് അഞ്ചു മിനിട്ടിൽ സംസാരിക്കാനുള്ളതിന് 8 മിനിട്ട് കൊടുത്തു. അതിൽ കൂടുതൽ എന്തു മര്യാദ കാണിക്കണം ....(ബഹളം).................. ഇതു നിങ്ങൾ തന്നെ ഉണ്ടാക്കിയ സമയമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഒരു ബഹുമാന്യനായ മെമ്പർ ഒരു മന്ത്രിക്ക് എതിരായി അഴിമതിയാരോപണം ഉന്നയിക്കുമ്പോൾ, ആ ആരോപണം പറഞ്ഞുതീർക്കാൻ സമയം അനുവദിക്കണം.

ശ്രീ. കെ. പി. രാജേന്ദ്രൻ: ശ്രീ. കോവൂർ കുഞ്ഞുമോൻ, അദ്ദേഹത്തിനുണ്ടായ പോലീസ് മർദ്ദനത്തെക്കുറിച്ചാണ് സൂചിപ്പിച്ചത്. അത് കഴിഞ്ഞ് അദ്ദേഹം എഴുതിക്കൊടുത്ത ആരോപണം ഉന്നയിക്കുമ്പോൾ, ആ ആരോപണങ്ങൾ വസ്തുതകൾക്കനുസരിച്ച് ഇവിടെ പറയാനും അത് മുഴുമിപ്പിക്കാനുമുള്ള സമയം ചെയർ കൊടുക്കണം.

മി. ചെയർമാൻ: കക്ഷി നേതാക്കൾ ഇങ്ങനെ പറയുന്നത് മഹാകഷ്ടമാണ്. ഇവിടെ ബി.എ.സി. കൂടി ടൈം തീരുമാനിച്ചു. അതനുസരിച്ചാണ് കാര്യങ്ങൾ നടക്കുന്നത്. പിന്നെ എന്തിനാണ് ടൈം ഇവിടെ എഴുതി വയ്ക്കുന്നത്. ഒരു മിനിട്ടുള്ളപ്പോൾ ബെല്ലടിക്കും അത് കൺക്ലൂഡ് ചെയ്യാനാണ്. ശ്രീ. കോവൂർ കുഞ്ഞുമോന് അഞ്ചു മിനിട്ടിനു എട്ടു മിനിട്ടു കൊടുത്തു ....(ബഹളം)............... കക്ഷി നേതാക്കൾക്ക് ഒരു പരിഗണന കൊടുക്കണമെന്ന് പറയുന്നതു മനസ്സിലാക്കാം ....(ബഹളം)............... ഇതു ശരിയല്ല, ഇതൊരു കീഴ്വഴക്കമാകാൻ പാടില്ല. ന്യായമായ കാര്യങ്ങൾ ചെയർ അനുവദിക്കുന്നുണ്ട്. ....(ബഹളം)...............

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ബഹുമാനപ്പെട്ട മി. ചെയർമാൻ, ശ്രീ. കോവൂർ കുഞ്ഞുമോൻ അദ്ദേഹത്തിന് അനുഭവിക്കേണ്ടിവന്ന മർദ്ദനത്തിന്റെ കാര്യങ്ങളെല്ലാം വികാരഭരിതനായി മുഖ്യമന്ത്രിയെ അനുസ്മരിപ്പിച്ചപ്പോൾ ഒരുപക്ഷേ അനുവദിച്ച സമയം തീർന്നു കാണും. അതേ സമയം ഞാൻ ഇവിടെ കണ്ടുകൊണ്ടിരിക്കുകയായിരുന്നു. കോൺഗ്രസ്സിലെ പല മെമ്പർമാർക്കും യു.ഡി.എഫിലെ പല മെമ്പർമാർക്കും സമയം എത്ര കഴിഞ്ഞിട്ടും *** *** *** പ്രസംഗിക്കാൻ അവസരം കൊടുത്തു. അദ്ദേഹത്തിനു മൂന്നു മിനിട്ടു കൂടി കൂടുതൽ സമയം അനുവദിച്ചു. സമ്മതിച്ചു. അദ്ദേഹത്തിനു ഒരു മിനിട്ടു കൂടി കൊടുത്ത് അദ്ദേഹം പറഞ്ഞുതുടങ്ങിയ ആരോപണം പൂർത്തിയാക്കാൻ അനുവാദം കൊടുക്കണമായിരുന്നു. ഇതു വളരെ ഖേദകരമായിപ്പോയി. അങ്ങ് ദയവുചെയ്ത് ശ്രീ. കോവൂർ കുഞ്ഞുമോന് ആ വാചകം പൂർത്തിയാക്കുന്നതിനുള്ള അവസരം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. ചെയർമാൻ: ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യത്തോട് പൂർണ്ണമായും യോജിക്കുന്നു ....(ബഹളം)............... ശ്രീ. തോമസ് ഉണ്ണിയാടന്റെയും (മൈക്ക് ഓഫ് ചെയ്തു) മൈക്കില്ലാതെ പറയുന്നതൊന്നും രേഖയിൽ കാണില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതെല്ലാം ശരിയാണെങ്കിലും നിങ്ങൾ എല്ലാവരും ചേർന്നാണ് ടൈം നിശ്ചയിച്ച് ഇവിടെ തന്നിട്ടുള്ളത്. അതു നിയന്ത്രിക്കാൻ വേണ്ടി ചെയറിൽ ഒരാൾ ഇരിക്കുന്നു. ചെയർ പറയുന്നതു തെറ്റാണെന്ന് ആർക്കും പറയാനാവില്ല. കാര്യങ്ങൾ പറയാൻ വേണ്ടിയാണ് മൂന്നു മിനിട്ട് കൂടുതൽ കൊടുത്തത്. അദ്ദേഹം മൂന്നര മിനിട്ട് കഴിഞ്ഞാണ് വിഷയത്തിലേക്ക് വന്നത്. അതുകൊണ്ട് സമയം കുറഞ്ഞു. ആവശ്യമില്ലാത്ത കാര്യങ്ങൾ പറഞ്ഞു സമയം പോയി. അത്രയേയുള്ളൂ. ഇതിനെ ആ നിലയിൽ പ്രസ്സ് ചെയ്യരുത്. എല്ലാവരും സമയത്തുതന്നെ നിർത്തണം. അതിനു എല്ലാവരും സഹകരിക്കണം.

*** ബഹുമാനപ്പെട്ട ചെയർമാന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.ഡി. സതീശൻ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചെയറിന്റെ റൂളിംഗിനെക്കുറിച്ച് വിശദീകരണം നൽകിയപ്പോൾ, അദ്ദേഹം യു. ഡി. എഫ്. അംഗങ്ങളുടെ പ്രസംഗത്തെക്കുറിച്ച് വളരെ അൺപാർലമെന്ററിയായ, അപമാനകരമായ പരാമർശങ്ങൾ നടത്തി. അതു റൂൾ 307 അനുസരിച്ച് രേഖയിൽ നിന്നു നീക്കം ചെയ്യണം എന്നു ആവശ്യപ്പെടുന്നു.

മി. ചെയർമാൻ: അൺപാർലമെന്ററിയായിട്ടുള്ള പദങ്ങളൊന്നും രേഖയിൽ കാണില്ല.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ.)

ശ്രീ. കെ. മോഹൻകുമാർ: സർ, ഞാൻ ഈ അവിശ്വാസപ്രമേയത്തെ ശക്തമായി എതിർക്കുകയാണ്. കേരളപ്പിറവിയുടെ അൻപതാം വർഷത്തിലേയ്ക്കാണ് നാം കടക്കുന്നത്. പാർലമെന്ററി ജനാധിപത്യത്തിന്റെ ആരോഗ്യപരമായ വളർച്ചയുടെ ചരിത്രം ലോക ജനാധിപത്യത്തിന്റെ മുന്നിൽ അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. അഭിമാനകരമായ നിരവധി നിയമങ്ങൾക്ക് തുടക്കം കുറിക്കാനും മാതൃകാപരമായി നടപ്പാക്കാനും കഴിഞ്ഞിട്ടുള്ള ഒരു പാർലമെന്ററി സംവിധാനം ഉരുത്തിരിച്ചെടുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. കേരളപ്പിറവിയുടെ അൻപതാം വർഷത്തിൽ പാർലമെന്ററി ജനാധിപത്യത്തിൽ പുതിയ പരീക്ഷണങ്ങൾ നടപ്പിലാക്കണമെങ്കിൽ അതിനെക്കുറിച്ച് സമവായമുണ്ടാക്കാവുന്നതേയുള്ളൂ. അവിശ്വാസപ്രമേയ ചർച്ചയെ സംബന്ധിച്ചും അവിശ്വാസപ്രമേയ ചർച്ചയിൽ തങ്ങൾക്ക് അനുവദിച്ചുകിട്ടിയ സമയം കഴിഞ്ഞതിനു ശേഷം ഉന്നയിക്കുന്ന, പഴയ ആരോപണങ്ങളെക്കുറിച്ചുമൊക്കെത്തന്നെ പുതിയ മാനദണ്ഡങ്ങൾ വേണമെങ്കിൽ നമുക്ക് സൃഷ്ടിക്കാവുന്നതേയുള്ളൂ. പക്ഷേ നിർഭാഗ്യകരമെന്നു പറയട്ടെ ഇവിടെ അവതരിപ്പിക്കപ്പെട്ട അവിശ്വാസപ്രമേയം അനവസരത്തിലായിപ്പോയെന്ന് ബഹുമാന്യനായ കോടിയേരി ബാലകൃഷ്ണനും അദ്ദേഹത്തിന്റെ അനുഭാവികളായ സുഹൃത്തുക്കളും പരസ്യമായി പറയുന്നത് കേൾക്കാൻ എനിക്ക് അവസരമുണ്ടായി. ചില മാധ്യമങ്ങൾ ലൈവ് ആയി പ്രക്ഷേപണം ചെയ്യുന്നുണ്ടെങ്കിൽപ്പോലും ഇടതുപക്ഷജനാധിപത്യമുന്നണിയുമായി കൂടുതൽ ആഭിമുഖ്യമുള്ള കൂടുതൽ അടുപ്പമുള്ള മാധ്യമങ്ങൾ ഈ ചർച്ചയെ തിരസ്ക്കരിക്കുന്നത് ഒരുപക്ഷേ അത് അനവസരത്തിലുള്ള ഒരു ചർച്ചയായി അവരും കരുതുന്നതുകൊണ്ടാകുമെന്ന് ഞാൻ കരുതുന്നു. എന്തായാലും കേരളപ്പിറവിയുടെ സുവർണ്ണ ജൂബിലിയാഘോഷിക്കുന്ന ഈ കാലയളവിൽ കേരളത്തിനോടൊപ്പം ഭൂപടത്തിൽ അടുത്തു നിൽക്കുന്ന മറ്റ് സംസ്ഥാനങ്ങളിലേക്ക് കണ്ണോടിക്കുന്നത് നന്നായിരിക്കും. തമിഴ്നാട്ടിലായാലും കർണ്ണാടകത്തിലായാലും ഗുജറാത്തിലായാലും ഭരണപ്രതിപക്ഷങ്ങൾ മാറിവരുമ്പോഴും മുൻഗണന നൽകുന്ന വികസന അജണ്ടയിൽ നിന്ന് കുതറിമാറാതിരിക്കാനുള്ള ശക്തമായ ഒരു പൊതുജനാഭിപ്രായം ഈ സംസ്ഥാനങ്ങളിൽ വ്യാപകമായി രൂഢമൂലമായി വളർന്നിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് പ്രഭാഷണങ്ങളിലും പ്രസംഗങ്ങളിലും മാത്രം വികസനം നിൽക്കുമ്പോൾ തെരുവീഥികളിൽ, പണിശാലകളിൽ, വയലേലകളിൽ അവിടെയെല്ലാം വികസന അജണ്ട അട്ടിമറിക്കപ്പെടുകയാണ്. 900 മിനിട്ട് അനുവദിച്ച് തുടങ്ങിവച്ച അവിശ്വാസ പ്രമേയ ചർച്ചയിൽ അതിനേക്കാൾ

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ സമയം നമ്മളെല്ലാപേരും സംസാരിച്ചുകഴിഞ്ഞു. ഇവിടെ അൻപത് ശതമാനത്തിലധികം അംഗങ്ങൾ സംസാരിച്ചുകഴിഞ്ഞെങ്കിലും 50 മാസം പിന്നിട്ട ഈ ഗവൺമെന്റിനെതിരെ ജനങ്ങളുടേതായ, ജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങളുടെ പേരിലുള്ള ഒരവിശ്വാസം അവതരിപ്പിക്കുവാൻ ശ്രീ. കോടിയേരി ബാലകൃഷ്ണന് സാധിച്ചിട്ടില്ലെന്നുള്ളതാണ് സത്യം. 13 ആക്ഷേപങ്ങൾ അല്ലെങ്കിൽ 13 ആരോപണങ്ങളുടെ കൊടിക്കൂറ ഉയർത്തിക്കൊണ്ട് ഒരു കടത്തനാടൻ യോദ്ധാവിന്റെ വൈദഗ്ദ്ധ്യത്തോടുകൂടി കടന്നുവന്ന ശ്രീ. കോടിയേരി ബാലകൃഷ്ണൻ പരാജിതനായി പടിയിറങ്ങിപ്പോകുന്നതിൽ എനിക്ക് പരിഭവവും സഹതാപവുമുണ്ട്. പക്ഷേ ഈ അവിശ്വാസപ്രമേയം ഇവിടെ അവതരിപ്പിക്കപ്പെടുമ്പോൾ കേരളത്തിന്റെ മുമ്പിൽ പുതിയ ഒരു ദിശാബോധം ചൂണ്ടിക്കാണിച്ചുകൊടുക്കാൻ ആത്മാർത്ഥതയോടുകൂടി മുന്നോട്ടു പോകുന്ന ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നേട്ടങ്ങൾ ഈ നാട്ടിലെ ജനങ്ങൾക്ക് മുൻപാകെ ചർച്ച ചെയ്യപ്പെടാൻ ഇത് ഉപകരിച്ചു. ഉർവ്വശീ ശാപം ഉപകാരമായി എന്നുപറയുന്നതുപോലെയായിരിക്കുന്നുയെന്ന് ഞാൻ കൂട്ടിച്ചേർക്കുകയാണ്. ഇവിടെ ഏതാനും ദിവസങ്ങൾക്ക് മുൻപ് ഈ സഭാ സമ്മേളനം ആരംഭിക്കുമ്പോൾ ജൂലായ് മാസത്തിലെ ആദ്യത്തെ ആഴ്ചയിൽ ഇവിടം കലാപപൂരിതമായിരുന്നു. തിരുവനന്തപുരം നഗരത്തിന്റെ വിവിധ മേഖലകളിൽ ജനജീവിതം സംതംഭിപ്പിച്ചുകൊണ്ടുള്ള സമര പരിപാടികൾ അരങ്ങേറുകയായിരുന്നു. ഈ സമര പരിപാടികളിൽ എന്റെ നിയോജകമണ്ഡലത്തിലെ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് പരിസരത്തെ ജനങ്ങളെ ഒരു യുദ്ധക്കളമാക്കുന്നതിൽ ഇടതുപക്ഷ മുന്നണിയും അവരോടൊപ്പം നിൽക്കുന്നവരും വിജയിച്ചു എന്നു തന്നെ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അന്ന് കൗൺസലിംഗിന് വന്നവർ നാലുതവണ പരീക്ഷയെഴുതി പാസ്സായവരായിരുന്നില്ല, കേരളത്തിലെ അഭിമാനഭാജനങ്ങളായ പ്രതിഭാശാലികളായ വിദ്യാർത്ഥികൾ, വിവിധ രാഷ്ട്രീയ പ്രസ്ഥാനത്തിൽ വിശ്വസിക്കുന്നവർ തങ്ങളുടെ രക്ഷകർത്താക്കളോടൊപ്പം പ്രതീക്ഷാനിർഭരരായ മനസ്സുകളുമായി വന്ന മിടുമിടുക്കന്മാരായ വിദ്യാർത്ഥികളെ വഴിതടഞ്ഞ് അവരിൽ പരിഭ്രാന്തി ജനിപ്പിച്ചുകൊണ്ട് അന്യസംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ ലോബിയെ മാത്രം ആഹ്ളാദിപ്പിച്ചുകൊണ്ട്, അന്യ സംസ്ഥാനങ്ങളിലെ കച്ചവടക്കാർക്ക് മാത്രം സന്തോഷം പകരുന്ന നിരവധി കലാപപരിപാടികളാണ് ഇവിടെ ഉത്തരവാദപ്പെട്ട ബഹുമാന്യനായ പലരുടേയും നേതൃത്വത്തിൽ അരങ്ങേറിയത്. എന്റെ നിയോജകമണ്ഡലത്തിലെ പരിസര പ്രദേശങ്ങളായ അലത്തറയിലേയും ശ്രീകാര്യത്തെയും സാമൂഹ്യ ജനജീവിതം സ്തംഭിപ്പിച്ചുകൊണ്ടാണ് ഇത്തരം കലാപപരിപാടികൾ നടത്തിയത്. മെരിറ്റിൽ പാസ്സായ വിദ്യാർത്ഥികളുടെ കൗൺസലിംഗിനെ തടസ്സപ്പെടുത്താൻ വേണ്ടിയാണ് ഈ അക്രമം നടത്തുന്നുയെന്നുള്ളത് എത്രയോ ദുഃഖകരമാണ്; എത്രയോ വേദനാജനകമാണ്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിൽ ആരംഭിച്ചത് ഇന്നോ ഇന്നലെയോ അല്ല. ഇവിടെ വിദ്യാർത്ഥികളുടെ അവസരത്തിനുവേണ്ടി വിദ്യാഭ്യാസ കച്ചവടത്തിനെതിരെന്നുപറഞ്ഞ് ഈ കലാപപരിപാടികൾ നടത്തുന്നവരുടെ ആത്മാർത്ഥത തെളിയിക്കേണ്ടതാണ്. എത്രയോ വർഷങ്ങളായി അന്യ സംസ്ഥാനങ്ങളിൽ ചെന്ന് എം.ബി.ബി.എസും എഞ്ചിനീയറിംഗും പഠിച്ച് തിരുവനന്തപുരത്തേയ്ക്ക് കടന്നുവരുന്ന, കേരളത്തിലേയ്ക്ക് കടന്നുവരുന്ന ഈ നാട്ടിലെ സമ്പന്നരുടെയും സ്വാധീനമുള്ളവരുടെയും കുടുംബങ്ങളിൽപ്പെട്ടവർക്കെതിരെ

LIBRARY ARCHIVES Kerala Legislative Assembly

സമരങ്ങൾ നടത്തുന്നില്ല. കേരളപ്പിറവിക്ക് ശേഷമുള്ള അൻപതാം വർഷത്തിലേക്കാണ് നമ്മൾ എത്തിനിൽക്കുന്നത്. ഈ അൻപത് വർഷക്കാലയളവിൽ കേരളം കൂടുതൽ ഭരിച്ചത് ഇടതുപക്ഷജനാധിപത്യമുന്നണിയും അതോടൊപ്പം രണ്ടാംനിര പ്രതിപക്ഷമായി മാറിയിരിക്കുന്ന ഗ്രൂപ്പുകളിലുൾപ്പെടെയുള്ള മന്ത്രിസഭകളുമാണ്. അച്യുതമോനോൻ ഉൾപ്പെടെ പി. കെ. വാസുദേവൻ നായർ ഉൾപ്പെടെ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ഉൾപ്പെടെ, ഇ. കെ. നായനാർ ഉൾപ്പെടെ എന്തിനധികം ശ്രീ. ടി. എം. ജേക്കബും ശ്രീ. ബാലകൃഷ്ണപിള്ളയും ഉൾപ്പെടെയുള്ളവർ ഭരിച്ച മന്ത്രിസഭകളാണ് ഈ അൻപത് വർഷത്തിന്റെ സിംഹഭാഗവും കേരളത്തിന്റെ ഭാഗധേയം നിയന്ത്രിച്ചത്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചെന്ന് എഞ്ചിനീയർമാരാകാനും ഡോക്ടർമാരാകാനുമുള്ള പരീക്ഷകൾ പാസ്സായി വരുന്നവർ കേരളത്തിൽ അർഹതയുള്ള വിദ്യാർത്ഥികളുടെ അവസരങ്ങൾ നഷ്ടപ്പെടുത്തിയതിനെ ആക്ഷേപിച്ചുകൊണ്ട് ഒരു പ്രതിഷേധ സമരമെങ്കിലും നടത്താൻ തയ്യാറായോ? 2001 മേയ് മാസത്തിൽ ഇടതുപക്ഷമുന്നണി അധികാരം വിട്ടൊഴിയുമ്പോൾ കേരളത്തിലുണ്ടായിരുന്ന ഏതെങ്കിലും ഒരു മെഡിക്കൽ കോളേജോ എഞ്ചിനീയറിംഗ് കോളേജോ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് അടച്ചുപൂട്ടിയോ? ചോദ്യങ്ങൾക്ക് മറുപടി പറയാൻ പ്രയാസമുണ്ടെന്ന് എനിക്കറിയാം. ഇവിടെ രജനി എസ്. ആനന്ദിന്റെ ആത്മഹത്യയെക്കുറിച്ച് പ്രതിപാദിക്കുകയുണ്ടായി. ആത്മഹത്യ ചെയ്യപ്പെട്ട രജനി എന്ന കുട്ടി പഠിച്ചിരുന്ന വിദ്യാഭ്യാസ സ്ഥാപനം ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലയളവിൽ ആരംഭിച്ച സ്ഥാപനമല്ല. ഇ. കെ. നായനാർ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. പി. ജെ. ജോസഫ് വിദ്യാഭ്യാസ വകുപ്പു മന്ത്രിയായി കേരളം ഭരിച്ചപ്പോൾ ആരംഭിച്ച സ്ഥാപനമാണ് അടൂരിലെ എഞ്ചിനീയറിംഗ് കോളേജ്. ആ കോളേജിലാണ് രജനി എസ്. ആനന്ദ് പഠിച്ചിരുന്നത്. ആ കുട്ടിക്ക് അടയ്ക്കാനുണ്ടായിരുന്ന നാല് മാസത്തെ ഫീസ് പകുതിയായി വെട്ടിക്കുറയ്ക്കുകയാണ് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ചെയ്തത്. ഈ സഭയിൽതന്നെ നിരവധി അംഗങ്ങളുടെ മക്കൾ പഠിക്കുന്ന, നിരവധി അംഗങ്ങൾ പഠിച്ചിരുന്ന തരുവനന്തപുരത്തെ ലാ അക്കാഡമി, അതുപോലെതന്നെ ഈ സഭയിലെ ബഹുമാന്യരായ ഇടതുപക്ഷ നേതാക്കൻമാരുടെ മക്കൾ പഠിച്ചിട്ടുള്ള കൊല്ലത്തെ ടി. കെ. എം. എഞ്ചിനീയറിംഗ് കോളേജ് ഇതെല്ലാം തന്നെ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയാകുന്നതിന് മുൻപ് കേരളത്തിലുണ്ടായിരുന്ന സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. ഈ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിൽ, അതിലെ ഫീസ് നിശ്ചയിക്കുന്നതിനുവേണ്ടി ഒരു നിയമം കൊണ്ടുവരാൻ അന്നത്തെ ഇടതുപക്ഷമുന്നണി ഗവൺമെന്റ് തയ്യാറായിരുന്നോ? ഇവിടെ ഇന്നലെ ശ്രീ. ടി. എച്ച്. മുസ്തഫ വിശദീകരിച്ചതുപോലെ, ഇന്ന് ശ്രീ. കെ. എൻ. എ. ഖാദർ വിശദീകരിച്ചതുപോലെ പുതിയ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നമ്മുടെ വിദ്യാർത്ഥികൾക്ക് വേണ്ടി നൽകുമ്പോൾ അതിന്റെ മാർഗ്ഗമദ്ധ്യേ കടന്നുവന്ന് നിഷേധാത്മകമായ സമീപനങ്ങൾ സ്വീകരിക്കുകയാണ് കേരളത്തിലെ പ്രതിപക്ഷം ചെയ്തുവരുന്നത്. പുതിയ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കണം. കഴിഞ്ഞ 50 വർഷമായി പഴകിയ പുരാതനങ്ങളായ, പ്രാചീനങ്ങളായ കോഴ്സുകൾ മാത്രമുള്ള സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാനുള്ള സൗമനസ്യവും ദീർഘദർശനവും ദീർഘദൃഷ്ടിയും

LIBRARY ARCHIVES Kerala Legislative Assembly

ഇടതുപക്ഷമുന്നണിയുടെ ഭാഗത്തുനിന്നും ഒരിക്കലും ഉണ്ടായിട്ടില്ല. അതുകൊണ്ടാണ് കുട്ടികൾ കൂട്ടംകൂട്ടമായി കോയമ്പത്തൂർ, ബാംഗ്ലൂർ, ആന്ധ്രാപ്രദേശ് തുടങ്ങി അന്യ സംസ്ഥാനങ്ങളിലേയ്ക്ക് ചേക്കേറിക്കൊണ്ടിരിക്കുന്നത്. അങ്ങനെ അന്യസംസ്ഥാനങ്ങളിൽ പോയ്ക്കൊണ്ടിരിക്കുന്ന പ്രതിഭാശാലികളെ കേരളത്തിൽ തന്നെ നിലനിർത്തുന്നതിന് ആവ ശ്യമായ നടപടികൾ സ്വീകരിച്ച ഗവൺമെന്റിൽ അവിശ്വാസം രേഖപ്പെടുത്തുമ്പോൾ ഇന്ന ലെവരെ ഇടതുപക്ഷമുന്നണിക്കുവേണ്ടി നിന്നവർ തന്നെ ഇന്ന് ഈ ഗവൺമെന്റിനെ അനുകൂലിക്കുകയാണ് എന്നുള്ള യാഥാർത്ഥ്യം നിങ്ങൾ വിസ്മരിക്കരുത്. കേരളത്തിലെ ഏറ്റവും ചേതോഹരമായ കാഴ്ചയെക്കുറിച്ച് 30 വർഷം മുമ്പ് കേരളം സന്ദർശിച്ച ഒരു പ്രൊഫസർ പറയുകയുണ്ടായി, കേരളത്തിൽ മരങ്ങളും പുഴകളും സൗന്ദര്യമുള്ള ഗ്രാമ ങ്ങളും മാത്രമല്ല, പ്രസരിപ്പിന്റെ ഘോഷയാത്രയായി പ്രഭാതങ്ങളിൽ സ്കൂളുകളിലേയ്ക്കും കോളേജുകളിലേയ്ക്കും പോകുന്ന പ്രതിഭാശാലികളായ കുട്ടികൾ കണ്ണുകളിൽ തിളക്ക വുമായി പ്രതീക്ഷാനിർഭരമായ ഭാവിയിലേയ്ക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ബാല്യകൗ മാരങ്ങളെക്കുറിച്ചാണ് കേരളത്തിലെ ഏറ്റവും ചേതോമനോഹരമായ ഒരു കാഴ്ച എന്നാണ് ആ യൂറോപ്യൻ പ്രൊഫസർ പറഞ്ഞത്. അങ്ങനെ പ്രതീക്ഷാ നിർഭരമായ ഒരു ഭാവി യിലേയ്ക്ക് സഞ്ചരിക്കുമ്പോൾ അതിനുമുൻപിൽ അവസരങ്ങളുടെ ജാലകങ്ങൾ തുറ ന്നുകൊടുക്കുകയാണ് ഉത്തരവാദിത്വമുള്ള ഗവൺമെന്റ് ചെയ്യുന്നത്. പുതിയ പുതിയ വിദ്യാഭ്യാസ അവസരങ്ങൾ സൃഷ്ടിക്കുന്ന കാര്യത്തിൽ തീർച്ചയായും വലിയ നേട്ടങ്ങൾ കൈവരിച്ച ഈ ഗവൺമെന്റിനെതിരെ അവതരിപ്പിക്കപ്പെട്ട അവിശ്വാസ പ്രമേയം നനഞ്ഞ പടക്കംപോലെ ചീറ്റിപ്പോവുകയാണ്. ആയിരം വർഷം പഴക്കമുള്ള മഹത്തായ ഈ തിരു വനന്തപുരം നഗരത്തിന്റെ അവശതകൾ പരിഹരിക്കുന്നതിനു ഏറ്റവും നല്ല കർമ്മപ ദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി. പുതിയ പുതിയ ഫ്ളൈഓവറുകൾ, അണ്ടർപാസു കൾ, പുതിയ പാലങ്ങൾ, നവീനരീതിയിലുള്ള റോഡുകൾ, പുതിയ വിദ്യാഭ്യാസ സ്ഥാപ നങ്ങൾ, തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പുതിയ രണ്ട് വാർഡുകൾ, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകൾ ഇവയെല്ലാം സ്ഥാപിക്കുന്നതിന് ആവശ്യമായ കർമ്മ പരി പാടിയുമായി മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റിനെ ഈ തലസ്ഥാനനഗരിയിലെ ഒരു പൗരൻ എന്ന നിലയിൽ ഈ ഗവൺമെന്റിനെതിരെ ഉന്നയിക്കപ്പെട്ടിരിക്കുന്ന അനവസ രത്തിലുള്ള അവിശുദ്ധമായ ഈ അവിശ്വാസ പ്രമേയം അവതരിപ്പിച്ച ശ്രീ. കോടിയേരി ബാലകൃഷ്ണൻ തന്നെ ഇത് പിൻവലിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഇതിനെ ശക്തിയായി എതിർക്കുന്നു.

<u>ശ്രീ. ടി. എം. ജേക്കബ്:</u> സർ, അവിശ്വാസപ്രമേയത്തെ ഞാൻ അനുകൂലിക്കു കയാണ്. 2001-ലെ തെരഞ്ഞെടുപ്പിൽ ജനങ്ങളുടെ പിന്തുണ നേടി 99 സീറ്റുകളിൽ വിജയിച്ച് അധികാരത്തിൽ വന്ന ഐക്യജനാധിപത്യമുന്നണി ഇന്ന് ഇല്ല. ഈ ഐക്യ ജനാധിപത്യമുന്നണിയിലെ മൂന്ന് ഘടകകക്ഷികൾ വിട്ടുപോയി. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൽ പിളർപ്പുണ്ടായി. ഇന്ന് കക്ഷിനിലയിൽ മാറ്റമുണ്ടായിരിക്കുന്നു. പത്ത് അംഗങ്ങൾ ഈ സഭയിൽ ഇല്ല. ഇതെല്ലാം കണക്കിലെടുക്കുമ്പോൾ ഇവിടെ അവതരിപ്പിച്ച അവിശ്വാസപ്രമേയം കാലിക പ്രാധാന്യം ഉള്ളതു തന്നെയാണ്. അതു കൊണ്ടാണ് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നത്. ഇവിടെ ചില സുഹൃത്തു ക്കൾ ഞങ്ങൾ വിട്ടുപോയതിനെ സംബന്ധിച്ച് ചില വിശേഷണങ്ങളൊക്കെ പറയുകയു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടായി. ഈ വിശേഷണങ്ങൾ പറയുന്നവർ ഒരുകാലത്ത് ഈ സഭയിൽ ഞങ്ങളൊക്കെ പറയുമ്പോൾ അതിനെ അംഗീകരിച്ചുകൊണ്ട് കയ്യടിച്ചവരാണ് എന്നുള്ള കാര്യം വിസ്മരിക്കരുത്. ഞങ്ങളൊക്കെ വിട്ടുപോയി ഞങ്ങളുടെ കക്ഷിയിൽ ആരുമില്ല എന്നുള്ള നിങ്ങളുടെ അഭിപ്രായം വാദത്തിനുവേണ്ടി ഞാൻ അംഗീകരിക്കുന്നു. പക്ഷേ ഒരു കാര്യം ഞാൻ പറയട്ടെ, ഈ പറഞ്ഞ സുഹൃത്തുക്കൾ അടുത്ത നിയമസഭാ ഇലക്ഷൻ കഴിഞ്ഞ് ഈ നിയമസഭയിലെ അംഗങ്ങൾ ഇരിക്കുന്ന ഭാഗത്ത് ആയിരിക്കില്ല ഇരിക്കുന്നത്; സന്ദർശക ഗാലറിയിലായിരിക്കും പോകുന്നത് എന്ന് മാത്രം ഞാൻ ഓർമ്മിപ്പിക്കുന്നു ....(ബഹളം)............... ഞാൻ ഈ നിയമസഭയിൽ അംഗമായിട്ട് തിരിച്ചു വരും ....(ബഹളം)............... ഞങ്ങളെല്ലാവരും വരും . ധൈര്യസമേതമാണ് ഈ പറയുന്നത്. ആ കാര്യത്തിൽ ഒരു സംശയവും വേണ്ട ....(ബഹളം)............... എനിക്ക് അങ്ങയോട് ഒരു റിക്വസ്റ്റ് ഉണ്ട്. ഞാൻ മുഖ്യമന്ത്രിക്കെതിരെ രണ്ട് ആരോപണങ്ങൾ എഴുതി കൊടുത്തിട്ടുണ്ട്. അത് ഉന്നയിക്കാനുള്ള പ്രൊട്ടക്ഷൻ അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകണം.

മി. സ്പീക്കർ: ആരും ഒച്ച വയ്ക്കില്ല.

ശ്രീ. ടി. എം. ജേക്കബ്: നമ്മുടെ നിയമസഭയിൽ 1964 സെപ്റ്റംബർ 8-ന് ആർ. ശങ്കർ മന്ത്രിസഭയ്ക്ക് എതിരായ ഒരു അവിശ്വാസപ്രമേയമേ പാസ്സായിട്ടുള്ളൂ. 50-ന് എതിരെ 73 വോട്ടുകൾക്ക് ആ പ്രമേയം പാസ്സായി. അന്നത്തെ അവിശ്വാസ പ്രമേയത്തെ അനുകൂലിച്ച് വോട്ട് ചെയ്ത മൂന്ന് ആളുകൾ ഈ സഭയിൽ ഇപ്പോഴും ഉണ്ട്. അന്ന് ഇന്നത്തെപ്പോലെ ഭരണഘടനാഭേദഗതിയും പ്രത്യേക സാഹചര്യവും ഒന്നുമില്ല. അത് ഇല്ലായിരുന്നുവെങ്കിൽ ഒരു സംശയവും വേണ്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച അവിശ്വാസ പ്രമേയം ഈ സഭയിൽ പാസ്സാകുമായിരുന്നു. ഇപ്പോൾ അതിന് സാദ്ധ്യമല്ലല്ലോ ....(ബഹളം)............... ഇവിടെ നിരവധി ആക്ഷേപങ്ങൾ വന്നു. ലോട്ടറി, ചന്ദനം, മദ്യം, സിവിൽ സപ്ലൈസ്, വൈദ്യുതി, ടൂറിസത്തിന്റെ മറവിൽ ഭൂമി തട്ടിപ്പ്, എസ്. എസ്. എൽ. സി. ചോദ്യപേപ്പർ ചോർച്ച, സുനാമി ഫണ്ട്, പട്ടയ തട്ടിപ്പ് തുടങ്ങി ഒട്ടേറേ വിഷയങ്ങൾ ഉണ്ട്. ഞാൻ അതിലേക്കൊന്നും പോകുന്നില്ല. ഇവിടെ സുനാമിയെപ്പറ്റി ഞാൻ ഒരു വാക്ക് പറയട്ടെ ....(ബഹളം)............... സുനാമി ദുരിതാശ്വാസഫണ്ടിലേയ്ക്ക് കുറേ പണം കിട്ടിയില്ലേ? ആ പണത്തിന് വല്ല കണക്കുമുണ്ടോ? സോണാർ സെയിൽസ് ഏജൻസീസ്, പൈമറ്റം, പരീക്കണ്ണി പി. ഒ., കോതമംഗലം, എറണാകുളം എന്ന അഡ്രസ്സ് വച്ച് പതിനായിരം രൂപയുടെ ഒരു ചെക്ക് നിങ്ങൾക്ക് തന്നു. ആ ചെക്ക് മാറി ബി-658 എന്ന നമ്പറിൽ ഒരു രസീതും നിങ്ങൾ കൊടുത്തു. അതിൽ അക്ഷരത്തിലും അക്കത്തിലും നിങ്ങൾ എഴുതിയിരിക്കുന്നത് ആയിരം രൂപ കൈപ്പറ്റിയിരിക്കുന്നു എന്നാണ്. ഈ പണം കൊടുത്ത ആൾ മുഖ്യമന്ത്രിക്ക് പരാതി അയച്ചു ഇന്നലെവരെ അതിനെ സംബന്ധിച്ച് ഒരു മറുപടിയും കിട്ടിയില്ല. സമയമില്ലാത്തതുകൊണ്ട് സുനാമിയെക്കുറിച്ച് കൂടുതൽ പറയുന്നില്ല. Gantry sign board, Smart city ഇത് രണ്ടും സംബന്ധിച്ചാണ് ഞാൻ അഴിമതി ആരോപണം എഴുതി കൊടുത്തിരിക്കുന്നത്. Gantry sign board നമ്മുടെ സംസ്ഥാനത്ത് വളരെ വിവാദങ്ങൾ ഉണ്ടാക്കിയതാണ്. കഴിഞ്ഞ ഏപ്രിൽ മാസം 5,6,8 എന്നീ ദിവസങ്ങളിൽ മലയാള മനോരമയിൽ ഇത് സംബന്ധിച്ച് വളരെ

LIBRARY ARCHIVES Kerala Legislative Assembly

വിശദമായ വാർത്ത 1-ാം പേജിൽ വന്നു. ഞാൻ അതിനെക്കുറിച്ച് വിശദമായി അന്വേഷിച്ചു. നാഷണൽ ഹൈവേയിലൊക്കെ ആർച്ച് മാതിരി ഇടുന്നതാണ്. ഇൻഡ്യയുടെ പല ഭാഗത്തുള്ള നാഷണൽ ഹൈവേയിലും ഈ Gantry sign board കാണാം. സൈൻബോർഡ് കൊടുക്കണമെങ്കിൽ ഒരു നടപടിക്രമം ഉണ്ട്. ദേശീയ തലത്തിൽ ടെന്റർ വിളിച്ച് ആരാണ് ഹയ്യസ്റ്റ് റേറ്റ് ക്വാട്ട് ചെയ്യുന്നത് അവർക്കു മാത്രമേ ഇത് കൊടുക്കാവൂ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇത് സംബന്ധിച്ച് ഹബീബ് റഹ്മാൻ എന്ന കൊച്ചിയിലെ ഒരു കരാറുകാരൻ അന്നത്തെ ചീഫ് എഞ്ചിനീയർ ശ്രീ. പി. സി. കുട്ടപ്പന് അപേക്ഷ കൊടുത്തു. ശ്രീ. പി. സി. കുട്ടപ്പൻ ആരോടും ചോദിക്കാതെ അയാൾക്ക് 50 ബോർഡ് സ്ഥാപിക്കാനുള്ള അനുവാദം കൊടുത്തു. ഗവൺമെന്റ് തലത്തിൽ അതിനെക്കുറിച്ച് കൺസൽട്ട് ചെയ്തിട്ടില്ല. അത് സംബന്ധിച്ച് പരാതി വന്നു. പരാതി വന്നപ്പോൾ വിജിലൻസ് ഡിപ്പാർട്ടുമെന്റ് ഇതേക്കുറിച്ച് വളരെ വിശദമായ അന്വേഷണം നടത്തിയതിനുശേഷം ഗവൺമെന്റിലേയ്ക്ക് കത്ത് കൊടുത്തിട്ട് പറഞ്ഞു ഇതിനെക്കുറിച്ച്

11AM] അന്വേഷണം ആവശ്യമാണെന്ന്. അന്ന് വിജിലൻസ് ഡിപ്പാർട്ടുമെന്റിന് എഴുതിക്കൊടുത്ത കത്തിൽ രണ്ടു മൂന്നു കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. ഒന്ന്, പി. സി. കുട്ടപ്പനെതിരെ 50 എണ്ണം കൊടുത്തതിന് കേസ്സെടുക്കണം, അന്നത്തെ മറ്റൊരു ചീഫ് എൻജിനീയർ ശ്രീ. ജോസഫ് മാത്യൂവിന്റെ വകയായിട്ട് 310 എണ്ണം കൂടി കൊടുത്തു. ഇപ്പോഴും ശ്രീ. ജോസഫ് മാത്യൂ സർവ്വീസിലുണ്ട്. ഇത് വന്നുകഴിഞ്ഞ് വിജിലൻസ് ഡിപ്പാർട്ടുമെന്റ് ഈ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യണമെന്ന് ഗവൺമെന്റിലേക്ക് എഴുതി. അതുപോലെതന്നെ ഇവരുടെ വീടുകളും റെയ്ഡ് ചെയ്യണമെന്നും ഇവർക്കെതിരെ കേസ്സെടുക്കണമെന്നുമുള്ള ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഗവൺമെന്റിലേക്ക് എഴുതി. ശ്രീ. ഉമ്മൻ ചാണ്ടി നമ്മുടെ സംസ്ഥാനത്ത് മുഖ്യമന്ത്രിയായി വന്ന് വിജിലൻസ് ഡിപ്പാർട്ടുമെന്റിന്റെ ചുമതല ഏറ്റെടുത്തതിനുശേഷം ഇവിടെ ഇതുസംബന്ധിച്ച് വന്ന റിപ്പോർട്ടിൽ ഇവർക്കെതിരെ നടപടി സ്വീകരിക്കാൻ പറഞ്ഞു. അതിന്റെ രേഖകൾ എന്റെ കൈയിൽ ഉണ്ട്. എന്നാൽ ശ്രീ. ഉമ്മൻചാണ്ടി ഇവരെ സസ്പെന്റ് ചെയ്തില്ല. ഇവർക്കെതിരെ കേസ് എടുത്തില്ല. എഫ്. ഐ. ആർ. പ്രൊസീഡ് ചെയ്യാൻ സമ്മതിച്ചുമില്ല. അതിനുപകരം ശ്രീ. ഉമ്മൻചാണ്ടിയുടെ വിജിലൻസ് ഡിപ്പാർട്ട്മെന്റ് ഗവൺമെന്റിൽനിന്ന് വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം കൊടുത്തു. ഈ കേസുകൾ പിൻവലിക്കണം എന്നു പറഞ്ഞ് ഗവൺമെന്റിനുവേണ്ടി അന്നത്തെ അഡീഷണൽ ചീഫ് സെക്രട്ടറി വിജിലൻസിന്റെ ചാർജുള്ള സ്പെഷ്യൽ സെക്രട്ടറി അയച്ച കത്തുണ്ട്. അതിന് മറുപടിയായി ഈ കേസ് പിൻവലിക്കാൻ സാധ്യമല്ല എന്നു പറഞ്ഞ് അവിടെനിന്ന് വിജിലൻസ് ഡയറക്ടർ ഗവൺമെന്റിലേക്ക് എഴുതി. അന്നുമുതൽ ഉപേന്ദ്രവർമ്മ ശ്രീ. ഉമ്മൻചാണ്ടിയുടെ കണ്ണിലെ കരടായി മാറി. ഈ കേസിലെ ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിക്കണം, ഇവരെ സസ്പെന്റ് ചെയ്യണം, ഇവരുടെ വീടുകൾ റെയിഡ് ചെയ്യണം. ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് ഇവർക്കെതിരെ എഴുതിയയച്ച കത്ത് പൂഴ്ത്തിവച്ചു. നടപടി നേരേ വിരുദ്ധമായിട്ട് വന്നു. ശ്രീ. ഉമ്മൻചാണ്ടി ആരാണ് ഇതിനകത്ത് മുഖ്യമായിട്ടുള്ള ഹബീബ് റഹ്മാൻ. ഹബീബ് റഹ്മാന്റെ ഏജന്റൻമാരായി ശ്രീ. ഉമ്മൻചാണ്ടിയുടെ അടുത്ത് വന്നത് ആരാ? കൊച്ചിക്കാരനാണല്ലോ ഹബീബ് റഹ്മാൻ. അവിടെയിരിക്കുന്ന പലർക്കും അറിയാം, എനിക്കും അറിയാം ഞാൻ ഇതിനെക്കുറിച്ച് അന്വേഷിച്ചു. സഭയിൽ ഇല്ലാത്തവരെക്കുറിച്ച് പേര്

LIBRARY ARCHIVES Kerala Legislative Assembly

പറയാൻ പാടില്ലല്ലോ! ശ്രീ. ഉമ്മൻചാണ്ടിയുടെ ഏറ്റവും വിശ്വസ്തനായ ഒരു കെ. പി. സി. സി. ഭാരവാഹിയാണ് ഇതിന്റെ ഇടനിലക്കാരൻ. ഇതിനകത്ത് അഴിമതി ഉണ്ടോ ഇല്ലയോ ഇതാണല്ലോ വിഷയം. ഞാൻ ഇത് പറഞ്ഞപ്പോൾ ഇതിൽ എന്തുമാത്രം ഗ്രാവിറ്റിയുണ്ട് എന്ന ചിന്ത വരുമല്ലോ. ഈ ബോർഡ് സ്ഥാപിക്കാനുള്ള അനുവാദം കൊടുത്തു, ഞാൻ പറഞ്ഞല്ലോ ആദ്യം 50 പിന്നെ 310 ഈ 310-ഉം, 50-ഉം കൊടുത്ത നടപടിയെക്കുറിച്ച് വിജിലൻസ് കേസ് എടുത്തു. അവർ എഫ്. ഐ. ആർ. കൊടുത്തു, അത് വിത്ഡ്രാ ചെയ്യാനാണ് ഇവിടെനിന്ന് ആവശ്യപ്പെട്ടിരിക്കുന്നത്. ശ്രീ.ടി. പി. സെൻകുമാർ അങ്ങയുടെ ഐ. ജി. ആയിട്ട് ഇപ്പോൾ ഇരിക്കുകയല്ലേ, അദ്ദേഹം വിജിലൻസ് ഡയറക്ടർക്ക് കൊടുത്ത കത്തിന്റെ പകർപ്പ് എന്റെ കൈയിലുണ്ട്. അതിനകത്ത് അദ്ദേഹം എന്താണ് പറഞ്ഞിരിക്കുന്നത്, 500 കോടി രൂപയുടെ നഷ്ടം ഈ സംസ്ഥാനത്തിന് ഉണ്ടായിരിക്കുന്നു എന്നാണ്. ഇവിടെ നിങ്ങൾ വിവാദങ്ങൾ ഉയർത്തുന്നുണ്ടല്ലോ, ഏതാണ് ഏറ്റവും വലിയ അഴിമതി പാമോയിൽ ആണോ, എസ്. എൻ. സി. ലാവ്ലിൻ ആണോ? ഇതാണോ? ഇതാണ് ശ്രീ. ഉമ്മൻചാണ്ടി, ഏറ്റവും വലിയ അഴിമതി. കേശവദാസപുരത്ത് സ്ഥാപിച്ചിരിക്കുന്ന സൈൻബോർഡ് എല്ലാവർക്കും അറിയാം. സിവിൽ സപ്ലൈസ് കോർപ്പറേഷനാണ് അതിൽ പരസ്യ ബോർഡ് സ്ഥാപിച്ചിരിക്കുന്നത്. ഈ സൈൻബോർഡിന്റെ പ്രത്യേകത എന്താണെന്നറിയാമോ? ഇത് സ്ഥാപിക്കുന്നത് പരസ്യം കൊടുക്കുന്നവനാണ്. ഈ പറയുന്ന കരാറുകാരൻ ഇതിനകത്ത് ഒന്നും ചെയ്യണ്ട. അയാൾ ഒരു സൈറ്റ് മാത്രം കൊടുത്താൽ അതായത് ഹബീബ് റഹ്മാൻ സൈറ്റ് മാത്രം കൊടുത്താൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ അവിടെ കൊണ്ടുപോയി ഈ ബോർഡ് സ്ഥാപിക്കും. അതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഹബീബ് റഹ്മാന് കൊടുക്കേണ്ടത് ഏഴു ലക്ഷം രൂപ. ഇത് 5 വർഷത്തിൽ കൂടുതൽ കൊടുക്കാൻ പാടില്ല എന്നാണ് ദേശീയതലത്തിൽ പറയുന്നത്. ശ്രീ. ഉമ്മൻചാണ്ടിക്കറിയാമല്ലോ ഇത് എത്ര വർഷമാണെന്ന്. 30 വർഷത്തേക്കാണ് കൊടുത്തിരിക്കുന്നത്. ശ്രീ. ഉമ്മൻചാണ്ടിയെ ഞാൻ ചലഞ്ച് ചെയ്യുന്നു. നിങ്ങൾക്ക് ഒരു നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കാമോ? ഞാൻ ഇത് തെളിയിച്ചു തരാം. ഞാൻ വെറുതെ പറയുകയല്ല. സിവിൽ സപ്ലൈസ് കോർപ്പറേഷൻ കൊടുത്തതിന്റെ രേഖകൾ ഉണ്ട്. പഴയ സിവിൽ സപ്ലൈസ് മന്ത്രി ഇവിടെ ഇരിപ്പുണ്ടല്ലോ, എത്ര ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഏഴു ലക്ഷം രൂപ വച്ച് 30 വർഷത്തേക്ക് 2 കോടി 10 ലക്ഷം രൂപ 350 സ്ഥലങ്ങളിൽ ഇത്തരം സൈൻബോർഡ് സ്ഥാപിച്ചാൽ 7 ലക്ഷം രൂപ വച്ച് നോക്കിയാൽ 735 കോടി രൂപയുടെ തിരിമറിയാണ് ശ്രീ. ഉമ്മൻചാണ്ടി നടത്തിയിരിക്കുന്നത്. നമുക്ക് ബോർഡ് എണ്ണാം ശ്രീ. സെൻകുമാർ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട് 5 ലക്ഷം രൂപ വച്ച് കൂട്ടിയാലും 500 കോടി രൂപയുടെ നഷ്ടം ഉണ്ടായിരിക്കുന്നു. എന്റെ റിപ്പോർട്ടല്ല, ശ്രീ. സെൻകുമാറിന്റെ റിപ്പോർട്ടാണ്. ശ്രീ. ഉമ്മൻചാണ്ടിക്കറിയാം. നിങ്ങൾ ഈ കേസ് തേച്ചുമാച്ച് കളയാനുള്ള നടപടികൾ സ്വീകരിച്ചു..................

(ബഹളം)..................ഞാൻ ആദ്യം പറഞ്ഞു ഇതിൽ 50 എണ്ണം കൊടുത്തത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. നിങ്ങൾ വെറുതെ കയ്യടിച്ചിട്ട് കാര്യമില്ല, ഗവൺമെന്റിൽ അതിന്റെ ഒരു ഫയൽപോലുമില്ല. പി. സി. കുട്ടപ്പൻ, ഒരു ചീഫ് എഞ്ചിനീയർ വെറുതെ ഒരു റിക്വസ്റ്റിന്റെ പേരിലാണ് സാങ്ഷൻ ചെയ്തത്. അതിനെക്കുറിച്ച് പരാതി വന്നപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

എൻക്വയറി നടത്താൻ ഉത്തരവിട്ടത് കഴിഞ്ഞ ഗവൺമെന്റാണ്. അറിയുമോ നിങ്ങൾക്ക്? ആ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് എൻക്വയറി നടന്നത്. ആ എൻക്വയറിയുടെ അടിസ്ഥാനത്തിലാണ് ഈ എഞ്ചിനീയർമാരെ സസ്പെൻഡ് ചെയ്യണമെന്നും ഇവരുടെ വീട് റെയ്ഡ് ചെയ്യണമെന്നും ഇവർക്കെതിരെ കേസ് എടുക്കണമെന്നും വിജിലൻസ് ഡയറക്ടർ ഗവൺമെന്റിലേക്ക് എഴുതിയത്. അപ്പോഴാണ് ശ്രീ. ഉമ്മൻചാണ്ടി വന്നത്. അപ്പോഴാണ് കെ. പി. സി. സി. ഭാരവാഹി റഹ്മാനെ രക്ഷിക്കാൻ രംഗപ്രവേശം ചെയ്തത്. എന്തിനാ ശ്രീ. ഉമ്മൻചാണ്ടി ഈ കേസ് പിൻവലിക്കാൻ ഉത്തരവ് കൊടുത്തത്? ശ്രീ. ഉമ്മൻചാണ്ടി കണ്ടാണ് ആ ഫയൽ പോയിരിക്കുന്നത്, ഞാൻ ഈ സഭയിൽ പറയുന്നു ആഭ്യന്തരവകുപ്പുമന്ത്രി ശ്രീ. ഉമ്മൻചാണ്ടി കണ്ടാണ് ഈ ഫയൽ പോയിരിക്കുന്നത്. എന്നിട്ട് നിങ്ങൾ ഡയറക്ഷൻ കൊടുത്തു, ഉപേന്ദ്രവർമ്മ തിരിച്ചെഴുതി സാദ്ധ്യമല്ല, ചെയ്യാൻ പാടില്ല എന്ന്, ശ്രീ. ഉമ്മൻചാണ്ടി കോൾഡ് സ്റ്റോറേജിൽ വച്ചിരിക്കുകയാണ് അതുകൊണ്ട് ഇത് അവസാനിച്ചില്ലല്ലോ, പിന്നെ രണ്ടാമത് വീണ്ടും ശ്രീ. ഉമ്മൻചാണ്ടിക്ക് റഹ്മാന്റെ ഒരു പെറ്റീഷൻ കിട്ടുന്നു. വളരെ വേഗതയിൽ അത് പ്രോസ്സസ് ചെയ്ത്, 'അതിവേഗം ബഹുദൂരം' വളരെ ദൂരം വളരെ വേഗം ശ്രീ. ഉമ്മൻചാണ്ടിക്ക് കിട്ടിയ പെറ്റീഷൻ ട്രാൻസ്ഫർ ചെയ്യുന്നു. അടിയന്തിര നടപടി സ്വീകരിക്കണം, നടപടി സ്വീകരിക്കാൻ പറഞ്ഞ് കൊടുക്കുന്നു. നടപടി സ്വീകരിച്ചു. ഏപ്രിൽ മാസത്തിൽ ഈ കരാറുകാരന് 310-ഉം, 50-ഉം 360 എണ്ണം നാഷണൽ ഹൈവേയിലും പ്രധാന റോഡുകളിലും എം. സി. റോഡ് അടക്കം കൊടുത്തു. രണ്ടാമത് ശ്രീ. ഉമ്മൻചാണ്ടി കൊടുത്ത ഉത്തരവ് എന്താണെന്ന് അറിയാമോ? എത്ര ബോർഡ് വേണമെങ്കിലും കേരളത്തിൽ എവിടെയും ഏത് റോഡിലും എത്ര കൊല്ലത്തേക്കും സ്ഥാപിക്കാമെന്നാണ്, പോരേ, നിങ്ങൾ ആ ഫയൽ ഈ മേശപ്പുറത്തുവയ്ക്കണം. രണ്ടാമത്തെ ഉത്തരവ് പി. ഡബ്ല്യു. ഡി.-യിലാണ് വന്നിരിക്കുന്നത്. ആ ഉത്തരവ് പുറപ്പെടുവിച്ചത് ശ്രീ. ഉമ്മൻചാണ്ടിയാണ്. ഇവിടെ എല്ലാ കാര്യത്തിനും ക്വാട്ട് ചെയ്യുന്നത് ആരെയാണ്? എല്ലാപേരും ക്വാട്ട് ചെയ്യുന്നത് ബംഗാളിനെയാണ്. കൽക്കട്ടയിൽ ഇതുപോലെ ബോർഡു സ്ഥാപിക്കൽ നടന്നു. അവിടെ എൻജിനീയർമാരുടെ കളി നടന്നു. അവിടത്തെ മുഖ്യമന്ത്രി ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യയുടെ മുമ്പിൽ ഈ വിഷയം വന്നു അദ്ദേഹം സ്ഥാപിച്ച സകല ബോർഡുകളും റിമൂവ് ചെയ്യിപ്പിച്ചു. ഇൻഡ്യയിൽ എല്ലാ പത്രങ്ങളിലും അതിന്റെ ചിത്രം വന്നു. ഇവിടെയെല്ലാം എക്സാംപിൾസ് ക്വാട്ട് ചെയ്യുമല്ലോ? ശ്രീ. ഉമ്മൻചാണ്ടിക്ക് ഈ ഒറ്റ ബോർഡ് മാറ്റാൻ പറ്റുമോ? ശ്രീ. ഉമ്മൻചാണ്ടി അടിമുടി വിറയ്ക്കും. കാരണം കൈക്കൂലി നിങ്ങളുടെ കയ്യിലുണ്ട്. ഇതിന്റെ പിന്നിൽ കോഴ വാങ്ങിയിട്ടുമുണ്ട്. അതാണ്, നിങ്ങൾക്കത് സാദ്ധ്യമല്ല. ശ്രീ. ഉമ്മൻചാണ്ടിക്ക് കേസ് പിൻവലിക്കാൻ വല്ല വിഷമവും ഉണ്ടോ? കേസ് പിൻവലിക്കാൻ വിഷമം ഇല്ലല്ലോ, ഇവിടെ പ്രമാദമായ ഒരു സ്പിരിറ്റ് കേസ് പിൻവലിച്ചു. G.O. (Rt.) No. 101/2005/Vigilance, dated 21-3-2005. സർ, ഇത് ആർക്കാണ് മാർക്ക് ചെയ്തിരിക്കുന്നത്?

To

The Enquiry Special Judge,
Thiruvananthapuram.

ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം ശ്രീ. ഉമ്മൻചാണ്ടിയുടെ ഓഫീസിൽ നിന്ന് സ്പെഷ്യൽ ജഡ്ജിന്റെ കോടതിയിലെ മാനേജരെ വിളിച്ച്

LIBRARY ARCHIVES Kerala Legislative Assembly

വരുത്തുന്നു. മാനേജരുടെ കൈയിൽ ഈ ഓർഡർ കൊടുത്തയയ്ക്കുന്നു. സ്പെഷ്യൽ ജഡ്ജിക്കുള്ളതാണ്. സ്പെഷ്യൽ ജഡ്ജി മാനേജരെ വിളിച്ച് താക്കീത് ചെയ്യുന്നു. കേരളത്തിന്റെ ചരിത്രത്തിൽ ഇന്നേവരെ ഒരു വിജിലൻസ് ജഡ്ജിക്ക് കേസ് പിൻവലിച്ചതിന്റെ ഒരു ഗവൺമെന്റ് ഉത്തരവ് കൊടുത്തത് ശ്രീ. ഉമ്മൻചാണ്ടിക്ക് കാണിച്ചുതരാമോ? ....(ബഹളം)............... പലരും കേസ്സുകൾ പിൻവലിക്കുന്നുണ്ട് അത് ഗവൺമെന്റ് വക്കീൽ അവിടെ സബ്മിറ്റ് ചെയ്യണം. എന്നിട്ട് ജഡ്ജി അത് പരിശോധിക്കണം. ജഡ്ജി വേണം അത് പിൻവലിക്കാൻ, അല്ലാതെ നിങ്ങൾ കൊടുത്ത ഉത്തരവ് കേൾക്കാൻ അവിടെ വിജിലൻസ് ജഡ്ജിയെ ഇരുത്തിയിരിക്കുകയല്ല. ശ്രീ. ഉമ്മൻചാണ്ടി അത് മനസ്സിലാക്കണം, നടപടിക്രമങ്ങൾ ലംഘിച്ച്, നിങ്ങൾക്ക് എന്താ ശ്രീ. ഉമ്മൻചാണ്ടി, നിങ്ങൾക്ക് അഹങ്കാരത്തിന്റെ മത്ത് പിടിച്ചിരിക്കുകയല്ലേ. നിങ്ങൾക്ക് ധാർഷ്ട്യമാണ്, നിങ്ങൾക്ക് അഹങ്കാരമാണ്, നിങ്ങൾക്ക് ഗർവ്വാണ്. "ഞാൻ, ഞാൻ, ഞാൻ" എന്നുള്ള ഭാവം, ഇതല്ലേ ശ്രീ. ഉമ്മൻചാണ്ടി നിങ്ങൾ കാണിച്ചുകൊണ്ടിരിക്കുന്നത്? ....(ബഹളം)................ ഞാൻ ഇവിടെ പറഞ്ഞല്ലോ, എനിക്ക് ആ കടലാസ് കിട്ടി, ശ്രീ. ഉമ്മൻ ചാണ്ടിയുടെ ....(ബഹളം)................

Mr. Speaker: Please conclude......................please conclude.............................. ....(ബഹളം)...........................

ശ്രീ. ടി. എം. ജേക്കബ്: ശ്രീ. ഉമ്മൻചാണ്ടി കണ്ട ഫയൽ അനുസരിച്ച് വിജിലൻസ് ഡയറക്ടർക്ക് അഡീഷണൽ സെക്രട്ടറി അയച്ച കത്തിന്റെ നമ്പർ 11963/E2/2004/Vigilance, Thiruvananthapuram, dated 4-3-2005. ഇതാണ് രേഖ. ഇവിടെ ശ്രീ. ഉമ്മൻചാണ്ടിക്ക് കേസ് എടുക്കാനും പിൻവലിക്കാനും വല്ല വിഷമവും ഉണ്ടോ? ബി. എഡ്. കോഴക്കേസിൽ ഞാൻ ഇവിടെ പറഞ്ഞു; ഞാൻ വിശദീകരിക്കുന്നില്ല. ഞാൻ കോടതിയിൽ മൊഴി കൊടുത്തപ്പോൾ എന്റെ പേരിൽ ഒരാഴ്ചയ്ക്കുള്ളിൽ ശ്രീ. ഉമ്മൻചാണ്ടി കേസ് എടുത്തു. ശ്രീ. ഉമ്മൻചാണ്ടി ഡ്രാഫ്റ്റ് കേസ് എത്രയെണ്ണം ഇവിടെ പിടിച്ചു? ഡ്രാഫ്റ്റ് കേസ് പിടിച്ചതിൽ കൊച്ചിയിലെ ഡോ. ഗീതയ്ക്ക് നിങ്ങൾ ഇതുവരെ പ്രോസിക്യൂഷൻ സാങ്ഷൻ കൊടുത്തിട്ടില്ല. ചങ്ങനാശ്ശേരിയിലെ ഡോ. വിജയകുമാരിക്ക് കേസ് ട്രൈബ്യൂണലിന് മാറാൻ ശ്രീ. ഉമ്മൻചാണ്ടി ഉത്തരവിട്ടു. പിന്നെ ലീഗൽ മെട്രോളജി ഡിപ്പാർട്ടുമെന്റിലെ വിജയമ്മയ്ക്ക് ട്രൈബ്യൂണലിന് കൈമാറാൻ പറഞ്ഞു. ഇന്നലെ ഒരു പുള്ളിയെ കായംകുളത്തിനടുത്തുവച്ച് പിടിച്ചല്ലോ? ഒരു പെറ്റീഷൻ കൊടുത്താൽ ശ്രീ. ഉമ്മൻചാണ്ടി അത് ട്രൈബ്യൂണലിന് കൈമാറാൻ പറയും. ഞാൻ എഴുതി തന്നതിൽ ഒരു കാര്യം കൂടിയുണ്ട്, ഞാൻ രണ്ടേ രണ്ടു മിനിട്ടുകൊണ്ട് അവസാനിപ്പിക്കാം. സ്മാർട്ട് സിറ്റിയെ സംബന്ധിച്ച് ഇവിടെ ഒരുപാടു സംസാരിച്ചു. •ഡീറ്റെയിൽസിലേക്ക് പോകുന്നില്ല. ഈ സ്മാർട്ട് സിറ്റി കേരളത്തിൽ വേണം. പക്ഷെ സ്മാർട്ട് സിറ്റിയുടെ മറവിൽ നടത്തുന്ന വെട്ടിപ്പ് എത്രയാണ്? ഞങ്ങളെ, പ്രതിപക്ഷക്കാരെ വിളിച്ചിരുത്തി ഇൻഫ്രാ പാർക്ക് കൊടുക്കരുത്, സ്മാർട്ട്സിറ്റി കൊണ്ടുവരണമെന്ന് പറഞ്ഞു. എം. ഒ. യു.—വിന്റെ ഡ്രാഫ്റ്റ് ഞങ്ങളെ കാണിച്ചു. ഞങ്ങൾ അതിന് കുറെ ഭേദഗതികൾ പറഞ്ഞു. നിങ്ങൾ ആ ഡ്രാഫ്റ്റിന്റെ അന്തിമതീരുമാനത്തിലേക്ക് പോകുന്നു എന്നാണ് കേട്ടത്. ഏക്കറിന് ഒരു രൂപ നിരക്കിൽ 100 ഏക്കർ (സൗജന്യ നിരക്കിൽ) ഇരുപത്തിയാറു ലക്ഷത്തിനാല്പത്തിയേഴായിരത്തി അൻപത്തിയെട്ട് രൂപയ്ക്ക് 136 ഏക്കർ

LIBRARY ARCHIVES Kerala Legislative Assembly

ഇൻഫ്രാപാർക്കിലെ ഭൂമി 62.27 ഏക്കർ ആകെ 298.27 ഏക്കർ ഈ സംരംഭത്തിൽ ശ്രീ. ഉമ്മൻചാണ്ടി നിങ്ങൾ ഈ രാജ്യത്തെ വഞ്ചിക്കുകയാണ് ചെയ്തിരിക്കുന്നത്. ഇവിടെ മുപ്പത്തിമൂന്നായിരം പേർക്ക് ജോലി, 100 ഏക്കർ ഭൂമി കൈമാറി അഞ്ചുവർഷത്തിനകം അയ്യായിരം പേർക്ക് ജോലിയെന്നു പറഞ്ഞു, രണ്ടാം വർഷം പതിനായിരം, മൂന്നാം വർഷം പതിനെട്ടായിരം, എപ്പോഴാണ് 100 ഏക്കർ ഭൂമി കൈമാറിയാൽ, ശ്രീ. ഉമ്മൻചാണ്ടി ഇനി ഇത് സെൻട്രൽ ഗവൺമെന്റിലേക്കു പോകണം. ആദ്യം നിങ്ങൾ സമ്മതിച്ചില്ല. സെൻട്രൽ ഗവൺമെന്റ് കൂടി കണ്ട് അവിടത്തെ മിനിസ്ട്രി കണ്ട് വെറ്റ് ചെയ്ത് എഗ്രിമെന്റ് ആയിക്കഴിഞ്ഞാലാണ് അഞ്ച് വർഷത്തിനകം ഈ അയ്യായിരം പേർക്ക് ജോലി ലഭിക്കുക. അപ്പോൾ നിങ്ങളുടെ ഗവൺമെന്റ് ഇവിടെ ഉണ്ടാകുമോ എന്നു പറയൂ. ശ്രീ. ഉമ്മൻചാണ്ടി ആ കസേരയിൽ കാണുമോ? ആ കനക സിംഹാസനത്തിൽ ശ്രീ. ഉമ്മൻചാണ്ടി ഇരിക്കാൻ പോകുന്നില്ല. ഇരിക്കാൻ പോകുന്നില്ല.........................(ബഹളം)........................

മി. സ്പീക്കർ: മി. ജേക്കബ് പ്ലീസ് കൺക്ലൂഡ്, സമയം വളരെയധികമായി.

ശ്രീ. ടി. എം. ജേക്കബ്: ഞാൻ അവസാനിപ്പിക്കാം ഈ ഏർപ്പാടിന്റെ പിന്നിൽ ഒരു വ്യക്തിയുണ്ട്. ശ്രീ. ഉമ്മൻചാണ്ടിയുടെ വിശ്വസ്തൻ അതുകൂടി പറഞ്ഞ് അവസാനിപ്പിച്ചേക്കാം. ഞാൻ നിയമസഭയിൽ ചോദ്യം ചോദിച്ചു. അതിന് മറുപടി ഇവിടെ വന്നിട്ടുണ്ട്. 5-7-2005-ലെ ചോദ്യം നമ്പർ 117-നുള്ള മറുപടിയാണ്. ഞാൻ വായിക്കുന്നില്ല. ഞാൻ ചോദിച്ചു. ഈ ചർച്ചയിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തവർ, ഡി. ഐ. സി. അല്ലെങ്കിൽ ഇവർ പറഞ്ഞിരിക്കുന്ന എമിറേറ്റ്സ് ഓഫ് ദുബൈയുടെ പീക്കോ എന്ന കമ്പനി; ഇതിൽ പങ്കെടുത്തവർ ആരൊക്കെയാണ്? ശ്രീ. ഉമ്മൻചാണ്ടി മറുപടി തന്നു, ദീപ്തി ഗോസ്ലോ, ദീപക് പത്മനാഭൻ, ബാജു ജോർജ്ജ് ഇവർ ബിസിനസ്സ് ഡെവലപ്മെന്റ് മാനേജർമാരാണ് എന്നാണ് ഇവരുടെ വെബ്സൈറ്റിൽ പറയുന്നത്. ശ്രീ. ഉമ്മൻചാണ്ടിയുടെ ആൻസറിൽ പറഞ്ഞിരിക്കുന്നത് സീനിയർ മാനേജർ, കൊമേഴ്സ്യൽ പ്രോപ്പർട്ടി പാർട്ടണർ റിലേഷൻസ് ഡി.ഐ.സി. ഈ പറഞ്ഞ ആൾ ബിനാമിയാണ്, ശ്രീ. ഉമ്മൻചാണ്ടിക്ക് വേണ്ടി ഈ ആൾ ദുബായിൽ നിന്ന് എത്ര പ്രാവശ്യം കൊച്ചിയിൽ വന്നു? എത്ര പ്രാവശ്യം ശ്രീ. ഉമ്മൻചാണ്ടിയുടെ ആഫീസിൽ വന്നു? ശ്രീ. ഉമ്മൻചാണ്ടിയെ എത്രപ്രാവശ്യം വിളിച്ചു. ശ്രീ. ഉമ്മൻചാണ്ടി പറയുന്നല്ലോ എനിക്ക് മൊബൈൽ ഫോണില്ല, എനിക്ക് മൊബൈൽ ഫോൺ കിട്ടാൻ വല്ല വിഷമവുമുണ്ടോ? ആർ. കെ.-യെ വിളിച്ചാൽ കിട്ടില്ലേ, വേറേ എത്രപേരെ വിളിച്ചാൽ കിട്ടും? ശ്രീ. ഉമ്മൻചാണ്ടിയെ ഫോണിൽ കിട്ടാൻ വല്ല വിഷമവുമുണ്ടോ?

Mr. Speaker: Mr. Jacob please conclude..............please conclude............

ശ്രീ. ടി. എം. ജേക്കബ്: സർ, ബാജുജോർജ്ജ് ഈ സ്മാർട്ട് സിറ്റിക്കും ശ്രീ. ഉമ്മൻചാണ്ടിക്കും വേണ്ടി പണം കളക്ട് ചെയ്യുന്ന ഒരു ഏജന്റാണ്. ഇതിന്റെ ആദ്യ ഗഡു വന്നിരിക്കുന്നത് ബോംബെ വഴിയാണ്. ശ്രീ. ഉമ്മൻചാണ്ടിയുടെ സന്തതസഹചാരി റാന്നിക്കാരൻ, പേര് ഞാൻ പറയുന്നില്ല. ആ ആൾ വഴിയാണ് ഇങ്ങോട്ടേക്ക് പണം വന്നിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ഈ ഗ്യാൻട്രി സൈൻ ബോർഡിന്റെയും അതുപോലെ തന്നെ സ്മാർട്ട് സിറ്റിയുടെയും മറവിൽ 300 കോടിയിലേറെ രൂപയുടെ അഴിമതി നടന്നിട്ടുണ്ട്. ഇതിനെക്കുറിച്ച് വസ്തുനിഷ്ഠമായി അന്വേഷിക്കാൻ ശ്രീ. ഉമ്മൻചാണ്ടി

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറുണ്ടോ? നിയമസഭാകമ്മിറ്റിയെക്കൊണ്ട് അന്വേഷിക്കുമോ? ഇതിനുമുഴുവൻ തെളിവു തരാം. ഈ ഗവൺമെന്റ് അഴിമതിയിൽ മുങ്ങിക്കുളിക്കുകയാണ്. ശ്രീ. ഉമ്മൻചാണ്ടിക്ക് ഒരൊറ്റ അജണ്ട മാത്രമേയുള്ളൂ. പോകുന്ന പോക്കിൽ എത്രകണ്ട് വാരിയെടുക്കാം, എത്രകണ്ട് ഈ സംസ്ഥാനത്തെ തകർക്കാം, ഈ സംസ്ഥാനത്തെ കൊള്ളയടിക്കാം അതിനുവേണ്ടി ശ്രമിക്കുന്ന ഉമ്മൻചാണ്ടി ഗവൺമെന്റിന് എതിരെ കൊണ്ടുവന്നിരിക്കുന്ന ഈ അവിശ്വാസ പ്രമേയത്തെ ഞാൻ ശക്തിയായി അനുകൂലിക്കുകയാണ്.

ശ്രീ. ഇ. എം. അഗസ്തി: സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഈ സഭയിൽ അവതരിപ്പിച്ച അവിശ്വാസ പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഞാൻ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണനെ ശ്രദ്ധിക്കുകയാണ്. അദ്ദേഹം എപ്പോഴും Rules of Procedure നോക്കിക്കൊണ്ടിരിക്കുകയാണ്. സഭയിൽ ദീർഘകാല പരിചയമുള്ള അദ്ദേഹം എപ്പോഴും പുസ്തകവും നോക്കിക്കൊണ്ടിരിക്കുന്നതെന്തിനാണെന്ന് ഞാൻ ആലോചിച്ചു. ഒരിക്കൽ ഒരു അവിശ്വാസപ്രമേയം പൈലറ്റ് ചെയ്തു കഴിഞ്ഞാൽ അത് പിൻവലിക്കാൻ എന്തെങ്കിലും പഴുതുണ്ടോയെന്ന് നോക്കിക്കൊണ്ടിരിക്കുകയാണ്. പഴുതൊന്നും കാണാത്തതുകൊണ്ടാണ് അദ്ദേഹം നിശബ്ദനായി സഭയിൽ ഇരിക്കുന്നത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ മര്യാദക്കാരനായി ഈ സഭയിൽ ഇരിക്കുന്നത് ആരെങ്കിലും കണ്ടിട്ടുണ്ടോ? ശ്രീ. ടി. എം. ജേക്കബിനോട് എനിക്ക് ബഹുമാനം ഉണ്ട്. അദ്ദേഹം ഈ സഭയിൽ ദീർഘകാലം അംഗമായിരുന്നു. മന്ത്രിസ്ഥാനം നഷ്ടപ്പെട്ടാൽ ഇത്രയേറെ നിരാശ ആളുകൾക്കുണ്ടാകുമെന്ന് എനിക്ക് ഇപ്പോഴാണ് ബോദ്ധ്യം വന്നത്. അദ്ദേഹത്തിന്റെ ഈ കോപത്തിനുള്ള കാര്യം പറഞ്ഞറിയിക്കേണ്ട കാര്യമില്ല. എല്ലാപേർക്കും അത് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഇതിനെ അതിന്റെ ഗൗരവത്തിൽ എടുത്താൽ മതിയെന്നാണ് എന്റെ വിശ്വാസം. പ്രതിപക്ഷത്തിന്റെ അവിശ്വാസ പ്രമേയം ഈ ഗവൺമെന്റിനെ സംബന്ധിച്ച് വിശ്വാസ പ്രമേയമാണ്. ഈ ഗവൺമെന്റിൽ കേരളത്തിലെ ജനങ്ങൾക്ക് വിശ്വാസം ഉണ്ടെന്നുള്ളതിന്റെ തെളിവാണ് ഇന്ന് നടക്കാൻ പോകുന്ന വോട്ടെടുപ്പ്. ഇതുകൂടി കഴിയുമ്പോൾ കേരളത്തിലെ പ്രതിപക്ഷനേതാവിനും ഉപനേതാവിനും പ്രത്യേകിച്ച് ഒന്നും പറയാൻ ഇല്ലാത്ത സ്ഥിതിവിശേഷം സംജാതമാകും. എന്തിനാണ് അനവസരത്തിൽ പ്രമേയം കൊണ്ടുവന്നത്? ഞാൻ ഇന്നത്തെ മാതൃഭൂമി ദിനപ്പത്രത്തിൽ ഒരു കാര്യം കണ്ടു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ തമാശയ്ക്ക് പ്രമേയം ഡ്രാഫ്റ്റ് ചെയ്തതാണ്. പ്രതിപക്ഷനേതാവിന്റെ ഓഫീസിൽ നിന്ന് ആരോ എടുത്തുകൊണ്ടുപോയി സ്പീക്കർക്ക് കൊടുത്തു എന്നാണ് മാതൃഭൂമി ദിനപ്പത്രം തമാശയായി എഴുതിയിരിക്കുന്നത്. ഞാൻ അത് വിശ്വസിക്കത്തില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ അത്ര ലാഘവത്തോടെ കാര്യങ്ങൾ ചെയ്യുമെന്ന് ഞാൻ കരുതുന്നില്ല. എങ്കിലും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അതീവ ഗൗരവതരമായ ആഭ്യന്തര പ്രശ്നങ്ങളിലാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ പാർട്ടിയിൽ സ്വാധീനം ഉണ്ടായിരുന്ന സമയത്ത് അദ്ദേഹം ശ്രീ. കോടിയേരി ബാലകൃഷ്ണനേയും കൂട്ടരേയും ഉൾപ്പെടെ എല്ലാപേരെയും വെട്ടിനിരത്തി. ഇപ്പോൾ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ സ്വാധീനം നഷ്ടപ്പെട്ടപ്പോൾ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പേര് ഞാൻ പറയുന്നില്ല. അദ്ദേഹത്തിന്റെ സഹചാരിയായ ശ്രീ. പിണറായി വിജയന്റെ പേര് പറഞ്ഞാൽ തെറ്റിദ്ധരിക്കരുത്. പാർട്ടി സെക്രട്ടറി എന്ന നിലയിലാണ് അദ്ദേഹം വെട്ടിനിരത്തുക മാത്രമല്ല തുണ്ടം തുണ്ടമായി

LIBRARY ARCHIVES Kerala Legislative Assembly

വെട്ടി നുറുക്കുകയാണ്. വെട്ടിനിരത്തലിനും വെട്ടിമുറിക്കലിനും എതിരായി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അണികളിൽ ഉണ്ടായിരുന്ന പ്രയാസങ്ങൾ ദുരീകരിക്കുന്നതിനു വേണ്ടിയുള്ള രാഷ്ട്രീയമറയാണ് ഈ അവിശ്വാസപ്രമേയം. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ കേരളത്തിൽ സമരാഭാസമുറ നടക്കുകയുണ്ടായി. കേരളത്തിലെ സ്വാശ്രയ മെഡിക്കൽകോളേജുകളിലേയ്ക്കും എഞ്ചിനീയറിംഗ് കോളേജുകളിലേയ്ക്കും നടക്കുന്ന കൗൺസിലിംഗ് നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു നടത്തുന്ന സമരമുറ കേരളത്തിലെ ജനങ്ങൾ വെറുത്തു. ആ സമരത്തിന്റെ മുറിപ്പാടുകളിൽനിന്നും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ രക്ഷപ്പെടുത്താനുള്ള പ്രചരണായുധമാണ് ഈ അവിശ്വാസപ്രമേയം. ഈ സമരമുറയെപ്പറ്റിയൊന്നും ഞാൻ പറയേണ്ട കാര്യമില്ല. ശ്രീമതി സാവിത്രി ലക്ഷ്മണൻ ചില പരാമർശങ്ങളൊക്കെ നടത്തിയെന്ന് പറഞ്ഞുകൊണ്ട് ചില ആളുകൾ സമര രംഗത്താണ്. ടീച്ചർക്കെതിരെ പരുഷമായി സംസാരിക്കുന്നത് കേട്ടു. എന്റെ കയ്യിൽ ഇരിക്കുന്നത് കലാകൗമുദിയാണ്. അതിൽ ഞങ്ങൾ ഞങ്ങളുടെ മക്കളെ എങ്ങനെ പഠിപ്പിക്കും എന്നതാണ് ചോദ്യം. അതിന്റെ റ്റൈറ്റിൽ ഇങ്ങനെയാണ്. "പെറ്റ തള്ള സഹിക്കാത്ത കാഴ്ചകൾ" ഇത് എഴുതിയത് എന്തിനാണ്; ആരാണ് എന്നുള്ളതാണ് പ്രശ്നം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സഹയാത്രിക പുരോഗമന കലാസാഹിത്യത്തിന്റെ വേദികളിൽ പലപ്പോഴും നിറഞ്ഞുനിന്നിരുന്ന മലയാളത്തിന്റെ സാഹിത്യകാരി സാറാജോസഫ്. ഒരു പ്രത്യേകമായ ചോദ്യം അത് ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീമതി പി. കെ. ശ്രീമതി ടീച്ചറും ശ്രദ്ധിച്ചാൽ കൊള്ളാം. സി. പി. ഐ. (എം)-ന് അടുത്ത ഭരണം കിട്ടിയാൽ സ്വാശ്രയ കോളേജുകളോടുള്ള സമീപനം എന്തായിരിക്കും? മെരിറ്റ് അടിസ്ഥാനത്തിൽ സർക്കാർ ഫീസ് വാങ്ങി കുട്ടികളെ പഠിപ്പിക്കാൻ സി. പി. ഐ. (എം) നിർദ്ദേശിക്കുമോ? അതിനുള്ള മറുപടി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുമെന്ന് ഞാൻ വിചാരിക്കുന്നു. ഉത്തരമില്ലാത്ത നിരവധി ചോദ്യങ്ങൾ കേരളത്തിലെ ജനങ്ങളുടെ മുമ്പിൽനിന്നും മറച്ചുവയ്ക്കാൻ വേണ്ടിയാണ് അവിശ്വാസപ്രമേയം അവതരിപ്പിച്ചത്. ഇതിന്റെ അവസ്ഥയെന്ന് പറയുന്നത് ചക്കിനു വച്ചത് കൊക്കിനു കൊണ്ടു എന്നു പറയുന്നതുപോലെയാണ്. ഈ അവിശ്വാസ പ്രമേയം അവതരിപ്പിച്ചപ്പോൾ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി എത്തപ്പെട്ടിരിക്കുന്നത്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഇപ്പോഴത്തെ മുഖമെന്ന് പറയുന്നത് ആദർശദാരിദ്ര്യവും വികലമായ കാഴ്ചപ്പാടുകളുമാണ്. അതിന്റെ പ്രതിഫലനമാണ് ശ്രീ. വി. എസ്. അച്ചുതാനന്ദനെ അങ്ങോട്ടും ഇങ്ങോട്ടും ഇട്ട് തട്ടിക്കൊണ്ടിരിക്കുന്നത്. വികസനവിരുദ്ധമാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുഖമുദ്ര. ജനദ്രോഹകരമായ പരിപാടികൾ മാത്രമേ ഇവർ കേരള സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളൂ. ഇവർ ഇപ്പോൾ സ്വാശ്രയ കോളേജുകൾക്കെതിരായി സമരം ചെയ്തു. എന്തിനൊക്കെ സമരം ചെയ്തിട്ടുണ്ട്? കേരളത്തിന്റെ കാർഷിക മേഖലയിൽ വിപ്ലവം കൊണ്ടുവരാൻ കഴിയുമായിരുന്ന ട്രാക്ടർ വന്നപ്പോൾ സമരം ചെയ്തു. മെതിയന്ത്രം വന്നപ്പോൾ സമരം ചെയ്തു. ചകിരി പിരിക്കുന്ന യന്ത്രം വന്നപ്പോൾ സമരം ചെയ്തു. ഓട്ടോറിക്ഷ വന്നപ്പോൾ സമരം ചെയ്തു. സൈക്കിൾ റിക്ഷക്കാരുടെ പണി പോകുമെന്നു പറഞ്ഞുകൊണ്ടായിരുന്നു അപ്പോഴത്തെ സമരം. ടെലിവിഷൻ വന്നപ്പോൾ സമരം ചെയ്തില്ലേ? ദൂരദർശൻ കേന്ദ്രത്തിന് മുമ്പിൽ ടെലിവിഷൻ തല്ലിപ്പൊളിക്കാൻ പോയവരുടെ കൂട്ടത്തിൽ വിദ്യാർത്ഥി നേതാവായിരുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണനും ഉണ്ടായിരുന്നില്ലേ? ശാസ്ത്രസാങ്കേതിക നേട്ടങ്ങൾ ഇന്ത്യാക്കാർക്ക് സ്വായത്തമാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി രാജീവ് ഗാന്ധി കംപ്യൂട്ടർ കൊണ്ടുവന്നപ്പോൾ അതിനെതിരെ എന്തുമാത്രം സമരം ചെയ്തവരായിരുന്നു അങ്ങും, അന്നത്തെ നേതാവായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദനുമെന്ന കാര്യം അങ്ങ് മറന്നുപോയോ? പ്രീഡിഗ്രി ബോർഡ് കൊണ്ടു വന്നപ്പോൾ അതിനെതിരെ സമരം ചെയ്തില്ലേ? ജനവിരുദ്ധമായ എല്ലാ കാര്യങ്ങൾക്കുവേണ്ടിയും മാർക്സിസ്റ്റ് പാർട്ടി ശ്രമിച്ചിട്ടുണ്ട്. ഇപ്പോൾ കേരളത്തിൽ വികസന മുരടിപ്പാണ്. അത് ഞങ്ങൾ മാത്രം സൃഷ്ടിച്ചതല്ല. ഈ വികസന മുര ടിപ്പിൽനിന്ന് രക്ഷപ്പെടണമെങ്കിൽ ഇൻവെസ്റ്റ്മെന്റ് വേണം. ഇൻവെസ്റ്റ്മെന്റ് വരുന്ന തിന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി എതിരാണ്. സ്വാശ്രയ കോളേജുകളുടെ കാര്യ ത്തിൽ സാറാ ജോസഫ് ചോദിച്ച ചോദ്യം നിൽക്കട്ടെ. ബംഗാളിൽ ഇൻവെസ്റ്റ്മെന്റ് വരാം. വിദേശ മുതൽമുടക്ക് വരാം. സ്വദേശീയ മുതൽമുടക്ക് വരാം. അതൊന്നും കേരളത്തിൽ വരാൻ പാടില്ലെന്നാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ, പ്രത്യേകിച്ച് പ്രതിപക്ഷനേതാവിന്റെ സമീപനം. ഇക്കാര്യത്തിൽ പ്രതിപക്ഷനേതാവും ശ്രീ. പിണറായി വിജയനും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ട്. പ്രതിപക്ഷനേതാവിന്റെ സമീപനം ഇവിടെ ഒന്നും പാടില്ല എന്നാണ്. അദ്ദേഹത്തിന്റെ പാർട്ടി ഭരിക്കുന്ന വെസ്റ്റ് ബംഗാളിന്റെ സ്ഥിതിയെന്താണ്? ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യ ഭരിക്കുന്ന വെസ്റ്റ് ബംഗാളിൽ West Bengal is open to all investments എന്ന് എവിടെയാണ് പറഞ്ഞത്? സി. ഐ. ടി. യു.-വിന്റെ സംസ്ഥാന സമ്മേളനത്തിലാണ് പറഞ്ഞത്. ബംഗാളിൽ വിദേശ പണം മുടക്കാം. കേരളത്തിൽ പാടില്ല. ബംഗാളിൽ പുരോഗതിയുണ്ടാകാം, കേരളത്തിൽ പാടില്ല എന്ന സമീപനം കൊള്ളാമോ? അത് ആലോചിക്കണം. വിക സന കാര്യത്തിൽ, രാഷ്ട്രീയ കാര്യത്തിൽ നിങ്ങളുടെ സമീപനം അതല്ലായിരുന്നോ? ദേശീയ സ്വാതന്ത്ര്യസമരത്തിൽ നിങ്ങളുടെ സമീപനം എന്തായിരുന്നു എന്നു ചോദിച്ചപ്പോൾ, ചില പ്പോൾ നിങ്ങളിൽ ആരെങ്കിലും കോപിക്കുമെന്ന് എനിക്കറിയാം. നിങ്ങളുടെ ക്വിറ്റ് ഇന്ത്യാ സമരത്തിലുള്ള സമീപനം എന്തായിരുന്നു? ക്വിറ്റ് ഇന്ത്യാ സമരത്തിനെതിരായി നിങ്ങൾ ന്യായങ്ങളൊക്കെ വിശദമായി പറഞ്ഞു. ന്യായങ്ങൾ പറയുന്ന കാര്യത്തിൽ നിങ്ങൾ വളരെ മുമ്പിലാണെന്ന കാര്യം ഞങ്ങൾക്കറിയാം. ക്വിറ്റ് ഇന്ത്യാ സമരത്തിന് എതിരായി നിൽക്കുന്നതിന് നിങ്ങൾ പറഞ്ഞ ന്യായം Blood is thicker than water, Communalism is greater than Nationalism കമ്മ്യൂണിസത്തിന്റെ നിലനിൽപ്പാണ് പ്രശ്നം. ദേശീയതയല്ല എന്നതാണ് നിങ്ങളുടെ ന്യായം. ഔദ്യോഗിക റിപ്പോർട്ടിൽ പറഞ്ഞ കാര്യമാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒഫിഷ്യൽ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് Blood is thicker than Water, Communalism is greater than Nationalism എന്നാണ്. മാത്രമാണോ? നിങ്ങൾ ഗാന്ധിജിക്കെതിരായിരുന്നു. സുഭാഷ്ചന്ദ്ര ബോസിനെതിരായിരുന്നു. സ്വതന്ത്ര ഭാരതത്തെ നയിച്ചിരുന്ന മഹാനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെതിരായിരുന്നു. പഞ്ചവത്സരപദ്ധതികൾക്കെതിരായിരുന്നു. സ്വാതന്ത്ര്യദിനത്തെ കരിദിനമായി ആചരിച്ചവരാണ്. റിപ്പബ്ലിക് ഡേയെ അധിക്ഷേപി ച്ചവരാണ്. ഇന്ദിരാഗാന്ധിക്കെതിരായി ആർ. എസ്. എസ്.-ന്റെയും കൂട്ടരുടെയും സഹായം തേടിപ്പോയവരാണ്. രാജീവ് ഗാന്ധിക്കെതിരായി ബി. ജെ. പി. -യുമായി ചേർന്ന് കോൺഗ്രസ്സിന്റെ അധികാര കുത്തക അവസാനിപ്പിക്കാൻവേണ്ടി രാഷ്ട്രീയ പ്രവർത്തനം നടത്തിയവരാണ്. കോൺഗ്രസ്സിന്റെ അധികാര കുത്തക അവസാനിപ്പിക്കണം; കോൺഗ്രസ്സാണ് മുഖ്യ ശത്രു. കോൺഗ്രസ്സിനെ തോൽപ്പിച്ചാൽ ആരാണ് അധികാര

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാനത്തേയ്ക്ക് വരിക എന്നു ചോദിച്ചപ്പോൾ നിങ്ങൾ പറഞ്ഞു കോൺഗ്രസ്സാണ് ശത്രു, ബി. ജെ. പി.-യെ അധികാരത്തിൽ വരുത്തുന്നതിനുവേണ്ടിയാണ് ഇത് ചെയ്യുന്നത് എന്ന്. കോൺഗ്രസ്സിനെ തോൽപ്പിച്ചു. ബി. ജെ. പി. അധികാരത്തിൽ വന്നു. കാലം മാറി. തെറ്റ് തിരുത്താൻ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടി തയ്യാറാകുന്നില്ല എന്നതല്ലേ യാഥാർത്ഥ്യം? അഴിമതിക്കെതിരെ നിൽക്കുന്നവരെന്ന് പറഞ്ഞിട്ട് അഴിമതിയുടെ കാര്യത്തിൽ കേരളത്തിൽ ആദ്യമായി ഗവൺമെന്റ് നടപടികൾക്കെതിരായി ജുഡീഷ്യൽ അന്വേഷണം നടത്തിയത് ആർക്കെതിരായാണ്? ഇ. എം. എസ്. ഗവൺമെന്റിനെതിരായാണ്. ആന്ധ്രാപ്രദേശിലെ അരി ഇറക്കുമതി ചെയ്തതിന്റെ അഴിമതി, പി.ടി. രാമൻ നായർ കമ്മീഷൻ അഴിമതി കണ്ടെത്തിയത് കേരളത്തിൽ അധികാരത്തിൽ വന്ന ഇ. എം. എസ്. ഗവൺമെന്റിനെതിരെയായിരുന്നു എന്ന യാഥാർത്ഥ്യം അറിയേണ്ടതാണ്. സൗകര്യപൂർവ്വം നിങ്ങൾ അക്കാര്യങ്ങൾ മറച്ചുവയ്ക്കാൻ ശ്രമിക്കുകയാണ്. എന്തുകൊണ്ടാണ് ഇങ്ങനെയൊരു സമീപനം സ്വീകരിക്കുന്നു എന്നതാണ് പ്രധാന പ്രശ്നം. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ എല്ലാ കാര്യങ്ങൾക്കും അവരുടേതായ ന്യായമുണ്ട്. അവർ പറയുന്ന കാര്യം ശരി. അവർ സ്വാശ്രയ വിദ്യാഭ്യാസം കൊണ്ടുവരും. അത് കേരളത്തിന്റെ പുരോഗതിക്കുവേണ്ടി. പരിയാരം മെഡിക്കൽ കോളേജ് വന്നപ്പോൾ മാർക്സിസ്റ്റ് പാർട്ടി എതിരായിരുന്നു. എറണാകുളത്ത് വന്നപ്പോൾ അത് ശരിയാണ്. ശ്രീ. എം. വി. രാഘവൻ സഹകരണ മെഡിക്കൽ കോളേജ് കൊണ്ടുവന്നാൽ തെറ്റ്. ശ്രീ. ശർമ്മ കൊണ്ടുവന്നാൽ ശരി. അതെന്ത് സമീപനമാണ്? സ്വാശ്രയ വിദ്യാഭ്യാസ മേഖല കേരളത്തിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി തുറന്നു കൊടുത്താൽ അത് ശരി. ഞങ്ങൾ പ്രീഡിഗ്രി ബോർഡ് കൊണ്ടുവന്നാൽ തെറ്റ്. നിങ്ങൾ പ്ലസ് വൺ കൊണ്ടുവന്നാൽ ശരി. ശ്രീ. ടി. എം. ജേക്കബിനെ നിങ്ങൾ പ്രീഡിഗ്രി ബോർഡ് കൊണ്ടുവന്നതിന്റെ പേരിൽ എന്തുമാത്രം ക്രൂശിച്ചതാണ്. ഇപ്പോൾ ശ്രീ. ടി. എം. ജേക്കബ് കുഴലൂത്തുകാരന്റെ ഭാവത്തിൽ നിൽക്കുകയാണ്. ചെകുത്താന് വേദം ഓതുന്നതുപോലെ അദ്ദേഹം നിൽക്കട്ടെ! കേരളത്തിലെ ജനങ്ങൾക്ക് ഇതൊക്കെ അറിയാം. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഇരട്ടത്താപ്പുനയത്തെപ്പറ്റി പണ്ടും പല രാഷ്ട്രീയനേതാക്കളും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. നമ്മുടെ നിയമസഭയിൽ 1967 കാലഘട്ടത്തിൽ, അന്നാണല്ലോ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള മുന്നണി തകർന്ന് സി. പി. ഐ. കോൺഗ്രസ്സിന്റെ പിന്തുണയോടുകൂടി പുതിയ ഗവൺമെന്റുണ്ടാക്കിയത്. അച്ചുതമേനോൻ ഭരിക്കുന്ന ആ കാലഘട്ടത്തിൽ മാർക്സിസ്റ്റ് പാർട്ടിയുടെ രാഷ്ട്രീയ സമീപനത്തെപ്പറ്റി ഈ സഭയിലെ ഒരു അംഗമായിരുന്ന ശ്രീ. ടി. എ. പരമൻ നടത്തിയ ഒരു പ്രസംഗം 'നിയമസഭയിൽ നിശ്ശബ്ദരായി' എന്ന പേരിൽ ഡോക്ടർ ആർ. പ്രസന്നൻ എഴുതിയ പുസ്തകത്തിലെ ഒരു പരാമർശമുണ്ട്. മാർക്സിസ്റ്റ് പാർട്ടിയെപ്പറ്റി ഇത്ര ഭംഗിയായ ഒരു കമന്റ് വേറെ ആർക്കും പറയാനാവില്ല. ഞാനതൊന്ന് വായിച്ചു കേൾപ്പിക്കാം. "മാർക്സിസ്റ്റ് പാർട്ടി കുന്തീദേവിയെപ്പോലെയാണ്. സൂര്യഭഗവാനിൽ നിന്നായാലും വായുഭഗവാനിൽ നിന്നായാലും ആരിൽ നിന്നായാലും ഗർഭം ധരിച്ച് പ്രസവിച്ച് കഴിഞ്ഞാലും കുന്തീദേവിയുടെ കന്യകാത്വം പുനഃസ്ഥാപിക്കപ്പെടുമെന്നാണ് പറയുന്നത്". ഞാനല്ല, ശ്രീ. പരമനാണ് പറഞ്ഞത്. നിയമസഭാരേഖയിലുള്ളതാണ്. നാല് പ്രസവിച്ച ആ സ്ത്രീ സ്വർഗ്ഗാരോഹണ സമയത്ത് കന്യകയായിരുന്നത്രേ. ജനസംഘിനോട് ചേർന്നാലും സിൻഡിക്കേറ്റിനോട് ചേർന്നാലും മാർക്സിസ്റ്റ് പാർട്ടി

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളുടെ പാർട്ടിയാണെന്നാണ് അവർ പറയുന്നത്. നിങ്ങൾ ബി. ജെ. പി.- യുമായി ചേർന്നാൽ നിങ്ങൾ മതേതരവാദികൾ, ബാക്കിയുള്ളവർ വർഗ്ഗീയവാദികൾ. സ്വാശ്രയമേഖലയിൽ നിങ്ങൾ നടപ്പിലാക്കുന്നതെല്ലാം പുരോഗമനപരം. മറ്റുള്ളവർ നടപ്പിലാക്കുന്നതെല്ലാം ബൂർഷ്വാ സിസ്റ്റം എന്നുള്ള സമീപനമാണ്. ഇത് ഇന്നൊന്നും തുടങ്ങിയതല്ല. പിന്നെ എങ്ങനെയാണ്? അത്ഭുതം പ്രകടിപ്പിച്ചിട്ട് കാര്യമുണ്ടോ? ശ്രീ. ജേക്കബിനോട് ചേർന്നാലും പിള്ളയോടു ചേർന്നാലും നിങ്ങൾക്ക് മാറ്റമുണ്ടാകില്ല. നിങ്ങളുടെ സമീപനത്തിൽ മാറ്റം വരുത്താൻ ശ്രമിക്കുന്നവരെ നിങ്ങൾ വെട്ടിനിരത്തുകയാണ്. ഈ നിരത്തലിനെതിരായ മാറ്റമുണ്ടാകാത്തിടത്തോളം കേരള സംസ്ഥാനത്ത് നിങ്ങൾക്ക് പ്രതീക്ഷയില്ല എന്നതാണ് കാര്യം. അഴിമതിയെപ്പറ്റി പരാമർശിച്ചപ്പോൾ ഒരു കാര്യം ഞാൻ പറയുന്നു. ഈ സഭയിൽ പറഞ്ഞ ഒരു കാര്യമായതുകൊണ്ട് പറയുകയാണ്. എസ്. എൻ. സി. ലാവ്ലിൻ കേസ് പറയണ്ട എന്ന് വിചാരിച്ചതാണ്. പക്ഷേ ശ്രീ. തോമസ് ഐസക് രാവിലെ വളരെ പ്രധാനപ്പെട്ട ചോദ്യം ചോദിച്ചു. ശ്രീ. തോമസ് ഐസക് ചോദിച്ചതിന്റെ ദുരുദ്ദേശം എനിക്ക് മനസ്സിലായി. 374 കോടി രൂപ മുടക്കി പന്നിയാർ, ചെങ്കുളം, പള്ളിവാസൽ പദ്ധതി പുനരുദ്ധരിച്ചപ്പോൾ അതിന്റെ ഗ്രാന്റ് പോർഷനായി 100 കോടി രൂപ മലബാർ കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിനെ ഏൽപ്പിക്കുമെന്നാണ് വ്യവസ്ഥ എന്നാണ് കേരളത്തെ അറിയിച്ചിരുന്നത്. ബഹുമാനപ്പെട്ട ടി. എം. ജേക്കബ് ചെയർമാനും ശ്രീ. കോടിയേരി ബാലകൃഷ്ണനും ഞാനുമൊക്കെ അംഗങ്ങളായിട്ടുള്ള കമ്മിറ്റിയിലാണ് ഇതിനെ സംബന്ധിച്ച് ചർച്ച നടന്നത്. അന്ന് വിജിലൻസ് അന്വേഷണം വേണമെന്ന് പറഞ്ഞപ്പോൾ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ വാചകം എന്റെ ഓർമ്മയിലുണ്ട്. ഞങ്ങളിരുന്നുകൊണ്ട് അന്വേഷണ ഉത്തരവ് വേണ്ട എന്നാണ്......................(ബഹളം)......................നിങ്ങൾക്കെതിരെ ഞാനൊന്നും പറയുന്നില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇവിടെ വസ്തുതകളെ തെറ്റിദ്ധരിപ്പിച്ച് പറയുകയാണ്. ഇവിടെ സബ്ജക്റ്റ് കമ്മിറ്റിയുടെ പ്രൊസീഡിംഗ്സ് അടിച്ചു തന്നിട്ടുണ്ട്. ആ സബ്ജക്റ്റ് കമ്മിറ്റിയിൽ ഞങ്ങൾ പറഞ്ഞത്, ഏത് അന്വേഷണം വേണമെങ്കിലും നിങ്ങൾ നടത്തിക്കോ, അതു സംബന്ധിച്ച വിശദമായ കാര്യങ്ങൾ സബ്ജക്റ്റ് കമ്മിറ്റി ചർച്ച ചെയ്യുന്നുണ്ടെങ്കിൽ എനിക്ക് ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. രേഖ സഹിതം സമർപ്പിക്കാൻ അവകാശം വേണമെന്ന് ആവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിലാണ് സബ്ജക്റ്റ് കമ്മിറ്റി ചെയർമാനെ ഇതു സംബന്ധിച്ച് തീരുമാനിക്കാനായി വിട്ടത്. ചെയർമാനെ വിട്ടതിനുശേഷം അതിന്റെ പ്രൊസീഡിംഗ്സ് മുഴുവൻ വേണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ട് കത്ത് സ്പീക്കർക്ക് കൊടുത്തിട്ടുണ്ട്. ഇതിനൊക്കെ വിരുദ്ധമായി ഇത്തരത്തിലുള്ള അഭിപ്രായപ്രകടനങ്ങൾ ഇവിടെ നടത്തുന്നത് ശരിയല്ല. ഏത് അന്വേഷണം വേണമെങ്കിലും നടത്തുന്നതിന് തയ്യാറാണെന്നുള്ള നിലപാടാണ് ഞങ്ങൾ അന്ന് സ്വീകരിച്ചത്. അതേ നിലപാട് തന്നെയാണ് ഞങ്ങൾക്ക് ഇപ്പോഴുമുള്ളത്. നിങ്ങൾ ഏത് അന്വേഷണം വേണമെങ്കിലും നടത്തിക്കോ? ഏത് കോടതിയിൽ വേണമെങ്കിലും പൊയ്ക്കോ? ഞങ്ങൾക്ക് യാതൊരു കുഴപ്പവുമില്ല.

ശ്രീ. ഇ. എം. അഗസ്തി: എന്റെ സമയം തീർന്നുപോകുന്നു. ഒരു തർക്കത്തിലേക്ക് കടക്കുന്നില്ല. അദ്ദേഹം കൂടിയുള്ള കമ്മിറ്റിയിൽ ചർച്ച ചെയ്തു എന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തിൽ ആർക്കും സംശയമില്ലല്ലോ? ആ കമ്മിറ്റിയിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുണ്ടായിരുന്നു, ശ്രീ. കെ. സി. വേണുഗോപാലുണ്ടായിരുന്നു, ശ്രീ. ടി. എം. ജേക്കബ് ആയിരുന്നു ചെയർമാൻ.

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട മെമ്പർ, ബഹുമാന്യനായ ശർമ്മ വൈദ്യുതി മന്ത്രിയായിരിക്കുമ്പോൾ ഈ വിഷയം അന്വേഷിക്കണമെന്ന് ശ്രീ. എ. വി. താമരാക്ഷൻ ആവശ്യപ്പെട്ടപ്പോൾ സി. ബി. ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കാം, മറ്റ് അന്വേഷണമൊന്നും സാദ്ധ്യമല്ല എന്ന് നിയമസഭയിൽ മറുപടി നൽകിയത് അങ്ങേക്ക് അറിയാമോ?

ശ്രീ. ഇ. എം. അഗസ്തി: ഞാൻ പറയാൻ വന്ന കാര്യം, ഈ ചർച്ചയ്ക്ക് മറുപടി പറയേണ്ട ഒരാളുണ്ട്. ഈ സഭയിൽ ഇല്ലല്ലോ? ഈ കരാർ നടപ്പിലാക്കുന്ന സമയത്ത് കരാർ ഒപ്പിട്ടതിന്റെ ഉത്തരവാദിത്വം മാത്രമേ ശ്രീ. പിണറായി വിജയനുള്ളൂ. അതിനുശേഷം വിദ്യുച്ഛക്തി വകുപ്പ് നാല് വർഷം ഭരിച്ച ശ്രീ. ശർമ്മ വാ തുറന്നിട്ടുണ്ടോ? ഇനി അടുത്ത ദിവസങ്ങളിൽ വാ തുറക്കും. ഈ അവിശ്വാസപ്രമേയത്തിന്റെ വോട്ടെടുപ്പ് കഴിയട്ടെ, ശ്രീ. ശർമ്മ വാ തുറക്കും. ഞാൻ അതിലേക്ക് കടക്കുന്നില്ല. സമയത്തിന്റെ പരിമിതി സംബന്ധിച്ച് എനിക്ക് ബോദ്ധ്യമുള്ളതുകൊണ്ട് ഞാൻ തർക്കത്തിലേക്ക് കടക്കുന്നില്ല. ഇവിടെ ഡോ. തോമസ് ഐസക് ചോദിച്ച ചോദ്യം വളരെ പ്രധാനപ്പെട്ടതാണ്. കുറ്റ്യാടി ആഗ്മെന്റേഷന്റെ കാര്യത്തിൽ എം. ഒ. യു. റൂട്ടിൽ കൂടി ഉണ്ടായിരുന്ന കരാർ പ്രോജക്റ്റ് തന്നെയല്ലേ എസ്. എൻ. സി. ലാവ്‌ലിൻ 374 കോടി രൂപയുടെ കരാർ എന്നതാണ് ഡോ. തോമസ് ഐസക്കിന്റെ ചോദ്യം. ഞാൻ അദ്ദേഹത്തോട് യോജിക്കുകയാണ്. രണ്ട് കരാറിനും ഒരേ സ്വഭാവം തന്നെയാണ്. എം. ഒ. യു. റൂട്ടിന്റെ കാര്യത്തിൽ, ഗ്ലോബൽ ടെന്റർ വിളിക്കാനുള്ള സാദ്ധ്യത കുറവായതുകൊണ്ട് കുറ്റ്യാടി എക്സ്റ്റൻഷൻ സ്കീമിലും അതുപോലെതന്നെ പന്നിയാർ, ചെങ്കുളം, പള്ളിവാസൽ സ്കീമിലും ഗ്ലോബൽ ടെന്റർ ഉണ്ടായിട്ടില്ല. പക്ഷേ, ഡോ. തോമസ് ഐസക് അറിയേണ്ട ഒരു വ്യത്യാസമുണ്ട്. എസ്. എൻ. സി. ലാവ്‌ലിൻ 374 കോടി രൂപയുടെ കരാറിൽ അതിന്റെ ഗ്രാന്റ് പോർഷൻ എന്നുള്ള നിലയിൽ 100 കോടി രൂപ മലബാർ കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിനു കൊടുക്കും എന്നതാണ്. ആ 100 കോടി രൂപയിൽ 93 കോടി രൂപ എവിടെപ്പോയി എന്നതാണ് കേരള സംസ്ഥാനത്തിന് അറിയേണ്ടത്. CIDA, Grant Kuttiadi Extension Scheme അനുസരിച്ച്, as is evident from the above KSEB received a total grant of 23 million Canadian dollar ഗ്രാന്റ് ഇൻ എയ്ഡ് ആയിട്ട് വാങ്ങി. 23 മില്ല്യൻ കനേഡിയൻ ഡോളർ എന്നു പറഞ്ഞാൽ 40 കോടി രൂപ വരും. 40 കോടി രൂപ കെ. എസ്. ഇ. ബി.-ക്ക് കിട്ടി. പക്ഷേ കുറ്റ്യാടി എക്സ്റ്റൻഷൻ സ്കീമിൽ എസ്. എൻ. സി. ലാവ്‌ലിൻ പന്നിയാർ, പള്ളിവാസൽ, ചെങ്കുളം, സ്കീമിൽ 100 കോടി രൂപ ഓഫർ ചെയ്ത സ്ഥലത്ത് 93 കോടി രൂപ എവിടെപ്പോയി എന്ന് സമാധാനം പറയണം. അതിന് അധികാരത്തിലിരിക്കുന്നവർ ബാദ്ധ്യസ്ഥരാണ്. അത് മാത്രമാണോ? മാർക്സിസ്റ്റ് പാർട്ടിയുടെ സമുന്നത നേതാവായിരുന്നല്ലോ ശ്രീ. ഇ. ബാലാനന്ദൻ. ഇ. ബാലാനന്ദൻ കമ്മിറ്റി റിപ്പോർട്ടുണ്ടല്ലോ? കുറ്റ്യാടി എക്സ്റ്റൻഷനെക്കുറിച്ച് അങ്ങനെയൊരു റിപ്പോർട്ടില്ലല്ലോ? പള്ളിവാസൽ, ചെങ്കുളം പ്രോജക്റ്റിനെ സംബന്ധിച്ചുള്ള എം. ഒ. യു.-വിനു ശേഷമല്ലേ, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വന്നതിനുശേഷമല്ലേ ബാലാനന്ദനെ കമ്മീഷനായി വച്ചത്. ബാലാനന്ദൻ കമ്മീഷൻ പറഞ്ഞതെന്താണ്? മെയിന്റനൻസ് ആന്റ് റിപ്പയറിംഗിനു മാത്രം 65 കോടി രൂപകൊണ്ട് പരിഹരിക്കാൻ കഴിയുന്ന പ്രശ്നങ്ങൾ മാത്രമേയുള്ളൂ എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നാണ്. എന്നിട്ട് എന്തിനാണ് തിടുക്കത്തിൽ കരാറിലേക്ക് പോയതെന്നും 100 കോടി രൂപയുടെ ഗ്രാന്റ് എന്തു ചെയ്തു എന്നതിനെ സംബന്ധിച്ചും മറുപടി പറയണം.

ഡോ. തോമസ് ഐസക്: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് പുതിയ വിവരമാണ്; കുറ്റ്യാടി പദ്ധതിക്ക് വേണ്ടിയുള്ള ഗ്രാന്റ് കമ്പോണന്റ് പൂർണ്ണമായിട്ട് സർക്കാരിന് കിട്ടി എന്നുള്ളത്. ഏതായാലും ഞങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ള സി. ആന്റ് എ. ജി.-യുടെ റിപ്പോർട്ടുണ്ട്. അങ്ങേക്കും കിട്ടിക്കാണും. അതിൽ സി. ആന്റ് എ. ജി.-യുടെ പ്രധാനപ്പെട്ട വിമർശനങ്ങളിലൊന്ന് ഈ ഗ്രാന്റ് കമ്പോണന്റ് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല എന്നുള്ളതാണ്. സർക്കാർ കൂടി മറുപടി കൊടുത്തതിന് ശേഷമാണല്ലോ സി. ആന്റ് എ. ജി. റിപ്പോർട്ട് കംപ്ലീറ്റ് ചെയ്യുന്നത്. അതുകൊണ്ട് നമുക്ക് ഇത് വേറെ ചർച്ച ചെയ്യേണ്ടി വരും.

ശ്രീ. ഇ. എം. അഗസ്തി: അങ്ങ് അർദ്ധവിവരങ്ങൾ വച്ചാണ് സംസാരിക്കുന്നത്. ബാക്കി കാര്യങ്ങൾ കൂടി പറഞ്ഞാൽ അങ്ങ് കൂടുതൽ അപകടത്തിലാകും എന്നുള്ളതുകൊണ്ട് ഞാൻ അക്കാര്യത്തിലേക്കൊന്നും കടക്കുന്നില്ല. ബഹുമാനപ്പെട്ട ടി. എം. ജേക്കബ് അവസാനം ഞങ്ങൾക്കെതിരെ ശാപം എറിഞ്ഞിട്ടാണ് പോയത്. ഞങ്ങളാരും ഈ സഭയിൽ കാണില്ലെന്ന്. ഞങ്ങൾ ജനഹിതത്തിന് തലകുനിക്കുന്നവരാണ്. ചിലപ്പോൾ അങ്ങനെയൊക്കെ സംഭവിക്കും. ജനാധിപത്യം അങ്ങനെയല്ലേ? ഇന്ദിരാഗാന്ധി തെരഞ്ഞെടുപ്പിൽ തോറ്റിട്ടില്ലേ? ഒറ്റ കാര്യം ചോദിക്കുന്നു, അപ്പുറത്തിരിക്കുന്ന പ്രതിപക്ഷനേതാവ് തോറ്റിട്ടില്ലേ? അദ്ദേഹത്തിന്റെ തോൽവിയുടെ കാരണം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അന്വേഷിച്ചില്ലേ? ആ അന്വേഷണറിപ്പോർട്ട് കേരളത്തിലാരെങ്കിലും കണ്ടോ? അതുകൊണ്ട് ഞാൻ പറയട്ടെ സ്നേഹിതൻമാരെ, ജനാധിപത്യത്തിൽ വിജയവും പരാജയവുമൊക്കെയുണ്ടാകും. പക്ഷേ ശ്രീ. ടി. എം. ജേക്കബിന്റെ വാക്കുകൾ അറം പറ്റുന്നതാകരുത് എന്ന് മാത്രം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇനി തെരഞ്ഞെടുപ്പ് വരും. അത് നടത്താതിരിക്കാൻ പറ്റില്ല. തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഫലം വരുമ്പോൾ കേരളത്തിലെ ജനങ്ങൾ ഒരു പാട്ടുപാടിയേക്കും. ഞങ്ങൾ, ക്രിസ്ത്യാനികൾക്ക് ഒരു സ്തോത്രഗീതമുണ്ട്. അത് ഇങ്ങനെയാണ്, വിഷമങ്ങളൊക്കെ തീരുമ്പോൾ ഒരു പാട്ടുണ്ട്, "എന്റെ സങ്കടങ്ങളെല്ലാം തീർന്നുപോയി സംഹാരദൂതൻ എന്നെ കടന്നുപോയി". തെരഞ്ഞെടുപ്പ് കഴിയുമ്പോൾ കേരളത്തിലെജനങ്ങൾ ഒരുപക്ഷേ പാടിയേക്കും, "എന്റെ സങ്കടങ്ങൾ സർവ്വതും തീർന്നുപോയി ശ്രീ. അച്ചുതാനന്ദൻ തോറ്റുപോയി" എന്ന്. പക്ഷേ അതിൽ സന്തോഷിക്കുന്നത് ശ്രീ. പിണറായി വിജയനാണെന്ന കാര്യത്തിൽ എനിക്ക് സംശയമില്ല. ശ്രീ. അച്ചുതാനന്ദനെപ്പറ്റി പറയുമെങ്കിലും അദ്ദേഹത്തിന് വേറെ ഉദ്ദേശമൊന്നുമില്ല, രാഷ്ട്രീയ ഉദ്ദേശമേയുള്ളൂ. ശ്രീ. പിണറായി വിജയന് ഒരു മുദ്രാവാക്യമുണ്ട്. ശ്രീ. പിണറായിയുടെ മുദ്രാവാക്യമെന്താണ്? "ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം കമ്മീഷൻ" എന്നാണ്. ഈ പാർട്ടി എത്തിയിരിക്കുന്ന ദുരന്തത്തിൽ നിന്ന് രക്ഷപ്പെടാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

അടവ് മാത്രമാണ് ഈ അവിശ്വാസപ്രമേയം. ഈ അവിശ്വാസപ്രമേയത്തെ ഞാൻ എതിർക്കുന്നു.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഉമ്മൻ ചാണ്ടി ഗവൺമെന്റിനെതിരെ കൊണ്ടുവന്ന അവിശ്വാസപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള യു. ഡി. എഫ്.- ന്റെ തെരഞ്ഞെടുപ്പ് പ്രവർത്തനത്തിന്റെ ഫലമായി അധികാരത്തിൽ വന്ന ഗവൺമെന്റാണ് ഇത്. ആ ഗവൺമെന്റിൽ നിന്ന് സജീവരാഷ്ട്രീയമില്ലാതിരുന്ന ഒരു ചെറിയ വിഭാഗം ആളുകൾ പലതും പ്രതീക്ഷിച്ചു. ആ പ്രതീക്ഷ നിറവേററപ്പെടുന്നില്ല എന്നു വന്നപ്പോൾ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിസ്ഥാനം ഒഴിയേണ്ട സ്ഥിതി വന്നു. ദയാവധത്തിനുവേണ്ടി അദ്ദേഹം ആഗ്രഹിക്കുകയായിരുന്നോ? അല്ല അദ്ദേഹത്തിന് മാന്യമായ ദയാവധം കൊടുക്കാൻ അദ്ദേഹത്തിന്റെ ഉത്തമ സുഹൃത്തുക്കൾ തീരുമാനിക്കുകയായിരുന്നോയെന്നു എനിക്ക് അറിഞ്ഞുകൂടാ. എങ്ങനെയാണെങ്കിലും ദയാവധത്തിന് വിധേയമായി. ശ്രീ. എ. കെ. ആന്റണി എക്കാലത്തും സ്വീകരിച്ച രാഷ്ട്രീയം നമുക്കറിയാം. അദ്ദേഹം പലപ്പോഴും കണ്ണടയ്ക്കും. അദ്ദേഹം പലപ്പോഴും നിലത്ത് വീഴുന്നത് നാല് കാല് കുത്തി പൂച്ചയെപ്പോലെയാണ്. ഇപ്പോൾ കേന്ദ്രത്തിൽ അദ്ദേഹത്തിനു ലഭിച്ചിട്ടുള്ള പദവിയൊക്കെ നോക്കുമ്പോൾ ദയാവധത്തിന് അദ്ദേഹത്തെ ഇരയാക്കണമെന്ന് ആഗ്രഹിക്കുന്നവരെ സംബന്ധിച്ചിടത്തോളം ഭയപ്പാടിന്റെ ദിവസങ്ങളാണ് കടന്നുപോകുന്നത്. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി എന്ന നിലയിൽ അധികാരം ഏറെറടുത്തശേഷം കണ്ടെത്തിയ ഒരു പ്രചാരണ ആയുധമുണ്ട്. "ബഹുദൂരം അതിവേഗം" അദ്ദേഹം അതിവേഗത്തിൽ ഓടുന്നുണ്ട്. ബഹുദൂരം യാത്ര ചെയ്യുന്നുണ്ട്. അതിവേഗത്തിൽ ഓടുന്നതും ബഹുദൂരം യാത്ര ചെയ്യുന്നതും എന്തിനുവേണ്ടിയാണ്? ആർക്കുവേണ്ടിയാണ്? ഈ സ്റേററ് എന്ത് നേടി? ഈ ചോദ്യത്തിന് മറുപടി പറയാൻ നിങ്ങൾക്ക് അവസരം ഉണ്ടാക്കുക കൂടിയായിരുന്നു ഈ അവിശ്വാസ പ്രമേയ ചർച്ചയിലൂടെ ലഭിച്ചത് എന്ന് അപ്പുറത്ത് അവസാനം സംസാരിച്ച ശ്രീ. ഇ. എം. അഗസ്തി പോലും പറഞ്ഞില്ല. അവിശ്വാസ പ്രമേയങ്ങൾക്ക് ഒരു കാലത്ത് പ്രസക്തിയുണ്ടായിരുന്നു. മെമ്പർമാർക്ക് മാറി വോട്ട് ചെയ്യാം. കൂറുമാററ നിരോധന നിയമത്തെ തുടർന്നു പാർട്ടികൾക്കല്ലാതെ വ്യക്തികൾക്ക് കൂറുമാറാൻ കഴിയുകയില്ല. തീരുമാനം മാററാൻ കഴിയുകയില്ല. അവിശ്വാസ പ്രമേയത്തിലെ പ്രസക്തി അതുകൊണ്ടുതന്നെ പല രീതിയിൽ മാറുന്നു. എന്നാൽ ഇവിടെ അവിശ്വാസ പ്രമേയം യഥാർത്ഥത്തിൽ അവതരിപ്പിക്കേണ്ട സമയത്ത് അവതരിപ്പിച്ചിരിക്കുന്നു. നിങ്ങൾ അധികാരത്തിൽ വന്നത് 100 അംഗങ്ങളോടൊപ്പമാണ്. അന്ന് ഈ സഭയുടെ നോമിനേററഡ് അംഗം അടക്കം 141 അംഗങ്ങൾ ഉണ്ടായിരുന്നു. ഇന്നു സജീവമായി 130 പേരെയുള്ളൂ. ആ 130 പേരിൽ ജനങ്ങൾ നൽകിയ വോട്ടിന്റെയൊക്കെ കണക്കെടുത്തു നോക്കുമ്പോൾ ശ്രീ. ആർ. ബാലകൃഷ്ണ പിള്ളയും ശ്രീ. ടി. എം. ജേക്കബും ഇന്ന് എടുത്തിട്ടുള്ള തീരുമാനപ്രകാരം ബഹുഭൂരിപക്ഷം ഇപ്പുറത്താണ് ജനങ്ങൾ. അപ്പുറമല്ല. നിയമസഭയിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷം നിങ്ങൾക്കുണ്ടായിരുന്നു. അത് ഇല്ലാതെ പോയതിന്റെ ഗതികേട് അടുത്തകാലത്ത് നടന്ന നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ ജനങ്ങൾ നിങ്ങൾക്ക് എതിര്. സഭയിൽ ഭൂരിപക്ഷം നഷ്ടപ്പെടുന്നു. മാനിഫസ്റേറായെ സംബന്ധിച്ചിടത്തോളം അത് പരിപാലിച്ചോയെന്ന് പരിശോധിക്കുന്ന ഘട്ടത്തിൽ 100 ശതമാനവും പാലിച്ചില്ല എന്ന ഉത്തമ ബോധ്യമുള്ള അവസരമില്ലെങ്കിൽ പിന്നെ ഏത് അവസരത്തിലാണ് അവിശ്വാസം?

LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭയിൽ അവതരിപ്പിച്ച അവിശ്വാസങ്ങളിൽ സന്ദർഭോചിതമായി അവിശ്വാസ പ്രമേയം അവതരിപ്പിച്ചു. അപ്പുറത്തുള്ളവർക്ക് പറയാനുണ്ടായിരുന്നത് എസ്. എൻ. സി. ലാവ്ലിൻ കേസും അതുപോലുള്ള കാര്യങ്ങളുമാണ്. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. ഇന്ന് ശ്രീ. ജി. കാർത്തികേയന്റെ മറുപടി കേട്ടതോടുകൂടി കാര്യങ്ങൾ മനസ്സിലായിക്കാണും. അന്നത്തെ സാഹചര്യത്തിൽ സ്ററേററിന്റെ താല്പര്യം വച്ച് ഗ്ലോബൽ ടെൻഡറിന് പോകാമോയെന്നു ഡോക്ടർ തോമസ് ഐസക് ചോദിച്ചപ്പോൾ മറുപടി പറയാതെ മറിച്ച് ശ്രീ. ജി. കാർത്തികേയൻ പറഞ്ഞതെന്താണ്? ഇന്നു രണ്ടു മൂന്നു ദിവസമായി നിങ്ങൾ ഇപ്പുറത്തേക്ക് അവതരിപ്പിച്ച എല്ലാ ആയുധങ്ങളും അദ്ദേഹം വെള്ളം ഒഴിച്ച് തണുപ്പിച്ചിരിക്കുന്നു. ആ പ്രശ്നം ഈ സഭയിൽ നിന്നു ശ്രീ. ജി. കാർത്തികേയന്റെ മറുപടിയോടുകൂടി ഇല്ലാത്തതായി മാറിയിരിക്കുന്നു എന്നതാണ് വസ്തുത. പിന്നെ പറയാനുള്ളതെന്താണ്? ദേശീയ രാഷ്ട്രീയം പറഞ്ഞോ? ഇന്ത്യയിലെ രാഷ്ട്രീയം പറഞ്ഞോ? ഈ ഗവൺമെന്റിന്റെ അടിസ്ഥാനം എന്താണ്? രാഷ്ട്രീയമല്ലേ? ഞാനും നിങ്ങളും ഈ സഭയിൽ വന്നിരിക്കുന്നത് രാഷ്ട്രീയത്തെ ആധാരമാക്കിയല്ലേ? ഇവിടെ ആർക്കും രാഷ്ട്രീയം ആധാരമാക്കി ചർച്ചയ്ക്ക് അവസരമില്ല. ഞാൻ ഭയപ്പെടുന്നു. ഉമ്മൻ ചാണ്ടി ഗവൺമെന്റ് നിർഭാഗ്യത്തിനു ഒരു കൊല്ലം മുമ്പ് തുടങ്ങിയിരുന്നെങ്കിൽ കേരളത്തിനു ലഭിച്ചിട്ടുള്ള സാംസ്കാരിക പൈതൃകവും മതേതര രാഷ്ട്രീയവും ജനങ്ങളുടെ സമന്വയ ജീവിത സമ്പ്രദായവും നാം നേടിയിട്ടുള്ള നേട്ടങ്ങളുമൊക്കെ തകർക്കപ്പെടുന്ന ഇന്ത്യയിലെ അറുപിന്തിരിപ്പൻ സംസ്ഥാനമായി ഈ കേരളത്തെ കൊണ്ടുചെന്നെത്തിക്കുമായിരുന്നു. ഇന്ത്യയിൽ ഫീസ് ഏകീകരണത്തിനു വേണ്ടി വിദ്യാർത്ഥികൾ സമരം നടത്തിയ ഏക സംസ്ഥാനം കേരളമായിരുന്നു. ഫീസ് ഏകീകരണ സമരത്തിന്റെ മുദ്രാവാക്യം എന്തായിരുന്നു? രണ്ടു വീട്ടിൽ നിന്നു വരുന്ന രണ്ടു കുട്ടികൾക്ക് രണ്ടു രീതിയിൽ ഫീസ് കൊടുക്കാൻ സാധിക്കുകയില്ല. ഒരേ ഫീസേ പാടുള്ളൂ. അച്ചുതമേനോൻ ഗവൺമെന്റ് അത് അംഗീകരിച്ചില്ലേ? അംഗീകരിച്ചതിന്റെ ഫലമായി ഡയറക്ട് പേമെന്റ് കോളേജിലേക്ക് വന്നില്ലേ? അതിന്റെ ഫലമായി കോളേജുകളിൽ 80 ശതമാനം മെറിററ് അടിസ്ഥാനത്തിൽ കുട്ടികൾക്ക് പ്രവേശനം കിട്ടിയില്ലേ? ഇത്രയേറെ മുന്നോട്ടുപോയ ഒരു സംസ്ഥാനത്തെ, ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഇന്നു കുറേ സ്ഥാപനങ്ങളുണ്ടാക്കി കുറേ കുട്ടികൾക്ക് പഠിക്കാമെന്ന വ്യാമോഹം നൽകിക്കൊണ്ട് സംസ്ഥാനത്തെ പിന്തിരിപ്പൻ പാളയത്തിലേക്ക് തിരിച്ചു വിടുന്ന നടപടി സ്വീകരിച്ചില്ലേ? കേരളത്തിനു ഒരു പൈതൃകമുണ്ട്. കേരളത്തിനു രാഷ്ട്രീയ സംസ്കാരമുണ്ട്. കേരളം നേടിയ സാമൂഹ്യ മാററങ്ങൾക്കുവേണ്ടിയുള്ള നമ്മുടെ നിയമനിർമ്മാണ സഭയുടെ നല്ല സംഭാവനയുണ്ട്. അതിനെയൊക്കെ തച്ചുടയ്ക്കുന്ന ഈ സംസ്ഥാനത്തെ ചരിത്രത്തിന്റെ കറുത്ത ലിപികളാൽ രചിക്കപ്പെടുന്ന ഒരു ഗവൺമെന്റായി ഉമ്മൻ ചാണ്ടി ഗവൺമെന്റ് ചരിത്ര രേഖയായി മാറി എന്നുള്ളതാണ് ഈ അവിശ്വാസപ്രമേയം അവതരിപ്പിക്കാൻ ഞങ്ങളെ പ്രേരിപ്പിക്കുന്ന ഏററവും വലിയ ഘടകം. ഓരോ നടപടിയും പരിശോധിക്കണം. ഇവിടെ ചൂണ്ടിക്കാണിച്ച പല ആക്ഷേപങ്ങളും ആരോപണങ്ങളും സാമുദായിക രാഷ്ട്രീയത്തെ ഇളക്കിവിടുന്ന തരത്തിലുള്ളതാണ്. ഇന്നു യു. ഡി. എഫ്.- ന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ് (ഐ), 1960 മുതൽ ഈ സംസ്ഥാനത്ത് ഐക്യമുന്നണി സംവിധാനമുണ്ട്. ഏക കക്ഷി ഭരണം ഇന്ത്യയിലോ കേരളത്തിലോ ഉണ്ടാകുമെന്നു ഒരു രാഷ്ട്രീയ പാർട്ടിക്കും ഇപ്പോൾ അവകാശപ്പെടാൻ കഴിയില്ലല്ലോ. ഐക്യമുന്നണി രാഷ്ട്രീയം തുടരേണ്ടിവരും. ആ ഐക്യമുന്നണിക്ക് രാഷ്ട്രീയത്തിൽ ഒരു മര്യാദയുണ്ട്, അടിസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

സമീപനമുണ്ട്. ഒരു പൊതു സമീപനമുണ്ട്. ശ്രീ. ആർ. ബാലകൃഷ്ണപിള്ളയേയും ശ്രീ. ടി. എം. ജേക്കബിനേയും യു. ഡി. എഫിൽ നിന്നു പുറത്താക്കാൻ അവർ സ്വീകരിച്ചിട്ടുള്ള നടപടിയുണ്ടല്ലോ; കേരളത്തിന്റെ പാരമ്പര്യമുള്ള ഐക്യമുന്നണി പ്രസ്ഥാനത്തിന് തകർച്ചയുണ്ടാക്കുന്ന ഒരു സമ്പ്രദായമാണെന്ന കുററം ഞാൻ ആരോപിക്കുന്നു. ഐക്യമുന്നണി കാണിക്കേണ്ട രാഷ്ട്രീയ മര്യാദകൾ, ശ്രീ. ഉമ്മൻ ചാണ്ടിയുടെ കൂടെ നിൽക്കുന്ന ചില ആളുകൾക്ക് മന്ത്രിസ്ഥാനം കൊടുക്കുക എന്ന ലക്ഷ്യമല്ലാതെ മററ് എന്ത് ലക്ഷ്യമാണുള്ളത്. ബഹുമാന്യനായ മുഖ്യമന്ത്രി മറുപടി പറയുമ്പോൾ പറയണം. എന്തുകൊണ്ട് ശ്രീ. ആർ. ബാലകൃഷ്ണപിള്ളയേയും ശ്രീ. ടി. എം. ജേക്കബിനേയും മുന്നണിയിൽ നിന്നു പുറത്താക്കി ഗവൺമെന്റിൽ എടുത്തില്ല എന്നു ശ്രീ. ഉമ്മൻ ചാണ്ടി മറുപടി പറയണം. രാഷ്ട്രീയ കാരണങ്ങളാലാണോ പാർട്ടിയുടെ നയങ്ങളുടെ പേരിലാണോ അവർ അഴിമതിക്കാരായതുകൊണ്ടാണോ, അതോ കഴിവില്ലാത്തവരായതുകൊണ്ടാണോ അവർ പുറത്തുപോകേണ്ടി വന്നത് എന്ന് പറയാനുള്ള ധാർമ്മിക മര്യാദ ഐക്യമുന്നണി നേതാവ് എന്ന രീതിയിൽ ശ്രീ. ഉമ്മൻ ചാണ്ടിക്കുണ്ട്. കേരളത്തിന്റെ ഐക്യമുന്നണി ഇന്ത്യക്ക് മാതൃകയായി നോക്കുകയാണ്. ആ മാതൃകയിലേക്ക് ഇന്ത്യ എത്തിച്ചേരണമെന്ന് ആഗ്രഹിക്കുമ്പോൾ ഈ ഐക്യമുന്നണി സമ്പ്രദായത്തിന് ഇടംകോലിടുന്ന അതിനെ തകർക്കുന്ന രാഷ്ട്രീയ സമീപനം ഉണ്ടല്ലോ. ഇന്ത്യൻ രാഷ്ട്രീയത്തിനു കേരളം നൽകിയ സംഭാവനയിൽ നിന്നു പിന്നോട്ടുള്ള പോക്കാണോ അതൊക്കെ പറയുന്നതിനുവേണ്ടിയാണ് ഈ അവിശ്വാസപ്രമേയം ഇവിടെ അവതരിപ്പിച്ചതെന്നു ഞാൻ വിശ്വസിക്കുന്നു. കൂറുമാററ നിരോധന നിയമം ഇല്ലായിരുന്നുവെങ്കിൽ അപ്പുറത്തിരിക്കുന്ന പല സുഹൃത്തുക്കളും ഞങ്ങളോടൊപ്പം വോട്ടു ചെയ്യുമായിരുന്നു. ഇവിടെ ആർ. ശങ്കറിനെതിരെ കൊണ്ടുവന്ന അവിശ്വാസ പ്രമേയത്തിന്റെ അനുഭവം ഈ സഭയിൽ ഉണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. അപ്പുറത്തിരിക്കുന്ന പഴയ സഹപ്രവർത്തകരുടെ മനസ്സിൽ സ്വല്പമെങ്കിലും രാഷ്ട്രീയം ഇപ്പോഴും ബാക്കി ഉണ്ടെങ്കിൽ നിങ്ങൾക്ക് ഈ അവിശ്വാസപ്രമേയത്തിനു അനുകൂലമായല്ലാതെ പ്രതികൂല വോട്ട് ചെയ്യാൻ സാധിക്കുകയില്ല എന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഈ പ്രമേയത്തെ ഒന്നുകൂടെ ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ : അംഗങ്ങൾക്ക് കാന്റീനിൽ ഭക്ഷണം ഏർപ്പാട് ചെയ്തിട്ടുണ്ട്.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഞാൻ ഈ അവിശ്വാസ പ്രമേയത്തെ പിന്താങ്ങുന്നു. മരണ ദിവസം എണ്ണിയെണ്ണി ഇന്റൻസീവ് കെയർ യൂണിററിൽ കഴിയുന്ന ഒരു സർക്കാരാണ് ഇന്ന് കേരളം ഭരിക്കുന്നത്. അവർ അന്ത്യശ്വാസം വലിക്കുന്ന മരണവെപ്രാളമാണ് ഇവിടെ കാണുന്നത്. ശരീരത്തിലെ എല്ലാ അവയവങ്ങളും തകർന്നു തരിപ്പണമായിരിക്കുന്നു. മുത്തങ്ങയിലെ ആദിവാസികൾക്ക് നേരേ നിറയൊഴിച്ചപ്പോൾ അവിടെ തകർന്നത് രോഗി മാത്രമായിരുന്നില്ല; യു. ഡി. എഫ്.-ന്റെ ഇടനെഞ്ചായിരുന്നു. മാറാട് കലാപം തുടങ്ങി പതിനെട്ടോളം വർഗ്ഗീയ കലാപങ്ങളിൽ നിരവധി പേർ മരിച്ചു വീണപ്പോൾ യു. ഡി. എഫ്.-ന്റെ മുഖം തന്നെ വികൃതമായി. മതികെട്ടാനിൽ മുവ്വായിരം ഏക്കറോളം വനഭൂമി കയ്യേറിയപ്പോൾ നശിച്ചത് യു. ഡി. എഫ്.-ന്റെ കൈയ്യും കാലുമാണ്. മറയൂരിലെ ചന്ദനശേഖരവും ഒലവക്കോട് സ്ട്രോംഗ് റൂമിലെ ചന്ദനത്തൈലവും വനം വകുപ്പിന്റെ സഹായത്തോടുകൂടി കൊള്ളയടിച്ചപ്പോൾ യു. ഡി. എഫ്.-ന്റെ കരളാണ് പോയത്. യു. ഡി. എഫ്.-ന്റെ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപക നേതാവായ ശ്രീ. കെ. കരുണാകരൻ തുടങ്ങി മററ് നേതാക്കൾ പുറത്ത് വന്നതോടുകൂടി യു. ഡി. എഫ്.-ന്റെ ക്ലിനിക്കൽ ഡെത്ത് പരിപൂർണ്ണമായി. ഇവർക്ക് ദയാവധം നൽകുന്നതിനുള്ള അപേക്ഷയായി ഈ അവിശ്വാസത്തെ കണക്കാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പോലീസിന്റെ ഇപ്പോഴത്തെ സ്ഥിതി കുറെപ്പേർ അതിക്രമകാരികളാണെങ്കിൽ കുറെപ്പേർ നിഷ്ക്രിയരാണ്. കോൺഗ്രസ്സിനേക്കാൾ വലിയ ഗ്രൂപ്പിസം പോലീസിന്റെ ഉന്നതതലങ്ങളിലാണ് ഇപ്പോൾ നടക്കുന്നത്. ഡി. ജി. പി.-മാരും ഐ. ജി.-മാരും തമ്മിൽ കണ്ടാൽ പരസ്പരം മിണ്ടാറില്ല. ഏററവും വലിയ കുററകൃത്യങ്ങൾ കൊലപാതകങ്ങളാണ്. ആഫ്രിക്ക എന്ന ഇരുണ്ട ഭൂഖണ്ഡത്തിലേതിനേക്കാൾ കൂടുതൽ കൊലപാതകങ്ങളാണ് ഈ കൊച്ചുകേരളത്തിൽ നടക്കുന്നത്. എന്റെ മണ്ഡലത്തിൽ മാത്രം കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ഏഴ് കൊലപാതകം നടന്നു. ഇതുവരെയും പ്രതികളെ പിടികൂടാൻ കഴിഞ്ഞിട്ടില്ല. പോലീസിന് തെളിവ് കിട്ടാത്തതാണോ തെളിവ് നശിപ്പിച്ചതാണോ എന്നുള്ള സംശയം ഇപ്പോഴും ബാക്കി നിൽക്കുകയാണ്. കഴിഞ്ഞ ഏപ്രിൽ ഫൂൾ ഡേയ്ക്ക് മന്ത്രിസഭയെപ്പോലും വിഡ്ഢിയാക്കിക്കൊണ്ട് മന്ത്രിസഭ അറിയാതെ വിദേശ മദ്യത്തിന് 25 ശതമാനമാണ് വില വർദ്ധിപ്പിച്ചത്. കേരളത്തിലെ മദ്യവില്പനയുടെ 75 ശതമാനവും 'യുണൈററഡ് ബ്രൂവറീസ്' എന്ന കമ്പനിക്കാണ് കൊടുത്തിട്ടുള്ളത്. അവരുടെ മൊണോപ്പൊളിയാണ്. വിജയമല്ല്യയ്ക്ക് കൊള്ളലാഭമുണ്ടാക്കാൻ കൂട്ടുനിന്നതിന് എത്ര കോടികളാണോ ഇവിടെ വന്നുചേർന്നതെന്ന് ആർക്ക് അറിയാം? സുനാമി സമീപകാലത്ത് കേരളത്തിലുണ്ടായ ഏററവും വലിയ ദുരന്തമായിരുന്നു. എങ്കിലും പിരിവുകാർക്ക് ഇത് പെരുമഴക്കാലം ആയിരുന്നു. പിരിവിന്റെ കാര്യത്തിൽ സർക്കാരിന് ഒരു നിയന്ത്രണവും ഇല്ലാത്തതുകൊണ്ട് ഗവൺമെന്റിന് കിട്ടിയ സംഖ്യ യഥാർത്ഥത്തിൽ പിരിച്ചതിനേക്കാൾ എത്രയോ കുറവായിരുന്നു. സി. പി. ഐ. (എം.) മാത്രമാണ് ആലപ്പാട് പഞ്ചായത്തിൽ ആദ്യമായി ഒട്ടേറെ പേർക്ക് വീട് വച്ചുകൊടുത്തത്. വ്യവസായ വകുപ്പിന്റെ ബിനാമി ഭരണം ഇപ്പോൾ സുനാമി ഭരണമായി മാറിക്കൊണ്ടിരിക്കുകയാണ്. സർവ്വസ്വവും നഷ്ടപ്പെട്ട കടലിന്റെ മക്കളെ പുനരധിവസിപ്പിക്കാൻ മുസ്ലീം ലീഗ് പിരിച്ച ഫണ്ട് ആര് വിഴുങ്ങി എന്നാണ് കെ. ടി. ജലീലും കൂട്ടരും ഉയർത്തുന്ന പ്രശ്നം. പിച്ചച്ചട്ടിക്കാരുടെ ചട്ടിയിൽ കൈയിട്ടു വാരുന്നതിനേക്കാൾ മോശമല്ലേ ഇത്? ഞങ്ങളുടെ നാട്ടിൽ ഒരു ചൊല്ലുണ്ട്. പെണ്ണുങ്ങൾ പുത്തൻ കലം കണ്ടതുപോലെ എന്ന്. അതായത് കലം അവർ ഒരിക്കലും നിലത്ത് വയ്ക്കില്ല. അത് ലാളിച്ചുകൊണ്ടേയിരിക്കും. അതുപോലെയാണ് ലീഗുകാർ. ഫണ്ട് പിരിക്കും. പക്ഷേ ഒരിക്കലും അത് ആളുകൾക്ക് മടക്കിക്കൊടുക്കില്ല. സുനാമി ഫണ്ടിനു മുമ്പ് നബീസു ഫണ്ട് ഉണ്ടായിരുന്നു. അതിനു മുമ്പ് ഗുജറാത്ത് ഫണ്ട് ഉണ്ടായിരുന്നു. അതിനുമുമ്പ് മജീദ് കുഞ്ഞിപ്പ റഹ്മാൻ ഫണ്ട് ഉണ്ടായിരുന്നു. ലീഗ് പിരിച്ച ഏതെങ്കിലും ഒരു ഫണ്ട് മററുള്ളവർ ബഹളം വയ്ക്കാതെ കൃത്യമായി ഇതുവരേയും അവർക്ക് കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി വരുമ്പോൾ ചിലപ്പോൾ അവരെക്കൊണ്ട് നമ്മൾ നിർബന്ധിത അവധി എടുപ്പിക്കാറുണ്ട്. എന്നാൽ മന്ത്രിമാരെക്കൊണ്ട് നിർബന്ധിത അവധി എടുപ്പിക്കുന്നത് കേരള ചരിത്രത്തിൽ ആദ്യമായിട്ടാണ്. കഴിഞ്ഞ മേയ് മാസത്തിൽ പഞ്ചായത്ത് മന്ത്രിയെ രണ്ടാഴ്ചത്തെ നിർബന്ധിത അവധിക്ക് വിധേയമാക്കി. പകരം ഭരിച്ചത് ബിനാമി മന്ത്രിയായിരുന്നു. രണ്ട് ആഴ്ചയ്ക്കുള്ളിൽ യുദ്ധകാലാടിസ്ഥാനത്തിൽ സ്ഥലമാററങ്ങളും നിയമനങ്ങളും കെട്ടിട നിർമ്മാണ അനുമതികളും ആണ് നടന്നത്. പണപ്പിരിവിന് സർവ്വകാല റെക്കോർഡാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിന് ഭരണ നേട്ടങ്ങളെ കുറിച്ചൊന്നും പറയാനില്ല. അതുകൊണ്ട് ഓരോ മന്ത്രിയും ശബ്ദതാരാവലിയിലെ ഓരോരോ പേരുകളെടുത്ത് ഉപയോഗിക്കുകയാണ്. അതിവേഗം ബഹുദൂരം, വ്യവസായ മന്ത്രിയുടെ പ്രത്യാശ, ബി X ബി, ടൂറിസം മന്ത്രിയുടെ വഴിയോരം, നോർക്കയുടെ സമവായം, റവന്യൂ വകുപ്പിന്റെ പട്ടയമഹോത്സവം. പത്ത് മാസം കൂടി കഴിഞ്ഞാൽ ഈ പേര് ഇട്ടവർക്കൊക്കെ കേരളത്തിന്റെ മണ്ണിൽ പിറന്ന ആളുകൾ പുതിയ ഒരു പേരിടും.—'ഇരുട്ടിന്റെ ആത്മാക്കൾ'—എന്ന്. മുഖ്യമന്ത്രി ഈ അടുത്തകാലത്ത് ഗൾഫിൽ പോയി പ്രവാസികൾക്ക് വാഗ്ദാനങ്ങൾ വാരിക്കോരി വിതറി. കഴിഞ്ഞ നാല് കൊല്ലത്തിനിടയിൽ ശ്രീ. എം. എം. ഹസ്സൻ നൽകിയ അതേ വാഗ്ദാനങ്ങളാണ്. കൊച്ചിയിൽ പ്രത്യേക കപ്പൽ എന്നായിരുന്നു ആദ്യ വാഗ്ദാനം. ഇതിപ്പോൾ കപ്പൽ മാറി വിമാനമായി. കപ്പലിന്റെ ഗതി ഈ വിമാനത്തിനും വരുമെന്നാണ് പ്രവാസികൾ പറയുന്നത്. മടങ്ങി വന്ന പ്രവാസികളെ പുനരധിവസിപ്പിക്കാൻ സർക്കാർ ഇതുവരെ ഒന്നും തന്നെ ചെയ്തിട്ടില്ല. ഒരു മെഴുകുതിരി കണക്കെ ഗൾഫിൽ ജീവിതം ഹോമിച്ചവർ ഒരു കാലത്ത് നാടിനും വീടിനും കറവപ്പശുക്കളായിരുന്നു. ഇപ്പോൾ ഇറച്ചിവെട്ടുകാർക്കു പോലും വേണ്ടാത്ത ആന്ത്രാക്സ് പശുക്കളായി ആ പ്രവാസികൾ മാറിയിട്ടുണ്ട്. ഇന്ന് മലയാളികളായ 450-ഓളം ഇൻഡ്യൻ പൗരന്മാർ പാകിസ്ഥാൻ പൗരന്മാരെന്ന് മുദ്രയടിച്ച് ആഴ്ചയിൽ രണ്ടും മൂന്നും പ്രാവശ്യം കുററവാളികളെപ്പോലെ പോലീസ് സ്റേറഷനിൽ കയററി ഇറക്കുകയാണ്. വിഭജനകാലത്ത് പാക്കിസ്ഥാനിൽ പെട്ടുപോയവരാണ് ഇവരിൽ അധികവും. കുറച്ചുപേർ ദുബായിലേക്ക് ലോഞ്ചിൽ പോയപ്പോൾ ലോഞ്ചിന്റെ ഉടമ ഇതുതന്നെയാണ് ദുബായ് എന്ന് പറഞ്ഞ് കറാച്ചിയിൽ ഇറക്കിവിട്ടു. ഇവർക്ക് നാഷണാലിററി സർട്ടിഫിക്കററ് കൊടുക്കാനുള്ള ഏകതാമസം കേരള ഗവൺമെൻറിൽ നിന്ന് അതിനാവശ്യമായ രേഖകൾ കേന്ദ്രത്തിൽ എത്താത്തതാണ്. ഗുജറാത്ത്, രാജസ്ഥാൻ എന്നീ അതിർത്തി സംസ്ഥാനങ്ങളിലും ഇതിനകം ഏകദേശം പതിനയ്യായിരത്തോളം പാക് പൗരന്മാരെന്ന് മുദ്രയടിക്കപ്പെട്ട ഇൻഡ്യക്കാർക്ക് നാഷണാലിററി സർട്ടിഫിക്കററ് കൊടുത്തിട്ടുണ്ട്. കേരള നിയമസഭയിൽ പല പ്രാവശ്യം നമ്മൾ ഇത് ഉയർത്തിക്കാട്ടിയിട്ടുമുണ്ട് എങ്കിലും ഇതുവരേയും ക്രിയാത്മകമായ ഒരു കാര്യവും നടത്തിയിട്ടില്ല. എവിടെ മുഖ്യമന്ത്രി, "അതിവേഗം ബഹുദൂരം"? ലീഗാണല്ലോ ഇക്കാര്യം വളരെയധികം ശ്രദ്ധിക്കേണ്ടത്. കാരണം അവരാണല്ലോ ന്യൂനപക്ഷ സംരക്ഷകരെന്ന അവകാശം പറയുന്നത്. എന്തെങ്കിലും ഒരു വാക്ക് അവർ ആർക്കെങ്കിലും ഉരിയാടിയിട്ടുണ്ടോ? ഈ അവിശ്വാസ പ്രമേയം ഈ അസംബ്ലിയിൽ പരാജയപ്പെട്ടേക്കാം. പക്ഷേ ജനങ്ങളുടെ അസംബ്ലിയിൽ ഈ അവിശ്വാസപ്രമേയം എന്നേ പാസ്സായിരിക്കുന്നു. ഞാൻ ഈ അവിശ്വാസപ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, ഞാൻ ഈ അവിശ്വാസപ്രമേയത്തെ എതിർക്കുകയാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ അവതരിപ്പിച്ച അവിശ്വാസപ്രമേയത്തിന് ആധാരമായ പതിമൂന്ന് പോയിന്റുകളിൽ ഒന്നിനെക്കുറിച്ചും കഴിഞ്ഞ രണ്ടു ദിവസങ്ങളിലും ഇന്നുമായി നടന്ന ചർച്ചയിൽ അപ്പുറത്തു നിന്ന് സംസാരിച്ചവരാരും കാര്യമായി ഒന്നും പറഞ്ഞില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഇന്നലെ സംസാരിച്ച ശ്രീ. എം. വി. ജയരാജനും ശ്രീ. മത്തായി ചാക്കോയും ശ്രീ. ടി. കെ. ദേവകുമാറും ഇന്ന് സംസാരിച്ച ശ്രീ. എ. കെ. ബാലനും ഉൾപ്പെടെയുള്ളവർ എഴുതിക്കൊടുത്ത 13 പോയിന്റുകളിൽ ഒന്നിനേയും കുറിച്ച് പറഞ്ഞുകൊണ്ടല്ല ഈ സഭയിൽ സംസാരിച്ചത്. ഇതിനിടയിൽ എസ്. എൻ. സി. ലാവ്ലിന്റെ കോടിക്കണക്കിന് രൂപയുടെ അഴിമതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും മുഖം രക്ഷിക്കാൻവേണ്ടി തെളിവോ അടിസ്ഥാനമോ ഇല്ലാത്ത ആരോപണങ്ങൾ ഉന്നയിച്ച് ശ്രീ. പിണറായി വിജയനെ രക്ഷിക്കാൻ പുകമറ സൃഷ്ടിക്കുന്ന സമീപനം മാത്രമാണ് അപ്പുറത്തു നിന്ന് സംസാരിച്ച ആളുകളെല്ലാം ചെയ്തത്. ഇന്ന് ശ്രീ. എ. കെ. ബാലൻ നടത്തിയ പ്രസംഗം കേട്ടാൽ ഉദ്ദിഷ്ട കാര്യത്തിന് ഉപകാരസ്മരണയായേ തോന്നൂ. അദ്ദേഹത്തെ സംസ്ഥാന സെക്രട്ടേറിയററിൽ ആദ്യമായി അംഗമാക്കി. ബഹുമാന്യനായ എ. കെ. ബാലൻ അംഗമാകുന്നതിനു മുൻപ് അംഗങ്ങളായിരുന്ന ശ്രീ. എം. ചന്ദ്രനും ശ്രീ. എസ്. ശർമ്മയും ഉൾപ്പെടെയുള്ള ആളുകളെ ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദനെ അനുകൂലിക്കുന്ന ആളുകൾ എന്നതുകൊണ്ട് ഒഴിവാക്കി നിർത്തി ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ കൂടെയുണ്ടായിരുന്ന ശ്രീ. എ. കെ. ബാലൻ കൂറുമാറിയതിന് നൽകിയ സമ്മാനമാണ് സെക്രട്ടേറിയറ്റിലെ സംസ്ഥാന കമ്മിറ്റിയിലേക്കുള്ള പ്രവേശനം. അതിനുള്ള ഉപകാരസ്മരണയായാണ് ശ്രീ. പിണറായി വിജയനുവേണ്ടി ശ്രീ. എ. കെ. ബാലൻ നടത്തിയ 'പിണറായി പുരാണം' എന്ന് പ്രത്യേകം എടുത്തുപറയട്ടെ. ശ്രീ. എ. കെ. ബാലൻ പ്രസംഗിക്കുമ്പോൾ ഞങ്ങൾ ഇവിടെയിരുന്ന് നോക്കുകയായിരുന്നു. ശ്രീ. എ. കെ. ബാലൻ തല കുനിച്ച് നിന്ന് സംസാരിക്കുകയായിരുന്നു. നേരെ നോക്കിയാൽ ശ്രീ. വി. എസ്. അച്ചുതാനന്ദനെകാണേണ്ടി വരും. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മുഖത്ത് നോക്കിയാൽ അല്ലെങ്കിൽ അദ്ദേഹത്തിന്റെ തല ഭാഗം കണ്ടാൽപ്പോലും ശ്രീ. എ. കെ. ബാലന് സംസാരിക്കാൻ പറ്റില്ല എന്നുള്ളതുകൊണ്ടാണ് തല കീഴ്പ്പോട്ടിട്ട് ശ്രീ. പിണറായിയെ ന്യായീകരിക്കുന്ന രീതിയിലുള്ള പ്രസംഗം ശ്രീ. എ. കെ. ബാലൻ നടത്തിയത്. ശ്രീ. എ. കെ. ബാലൻ പറഞ്ഞ ഒരു കാര്യം വളരെ ശ്രദ്ധേയമാണ്. പിണറായി തീയിൽ പിറന്നവനാണ്. വെയിലേററാൽ വാടില്ല. ഞങ്ങൾ എല്ലാവരും വളരെ നിശബ്ദമായി ശ്രീ. എ. കെ. ബാലന്റെ മുഖവും കണ്ണും നോക്കിയിരിക്കുകയായിരുന്നു. അദ്ദേഹം അതുപറഞ്ഞിട്ട് ഒളിക്കണ്ണിട്ട് നോക്കിയത് ശ്രീ. വി. എസ്. അച്ചുതാനന്ദനെയാണ് എന്നുള്ള കാര്യം ഖേദത്തോടെ എടുത്തു പറയട്ടെ. അതായിരുന്നു അപ്പുറത്തുള്ള എല്ലാ ആളുകളുടേയും ഇന്നലത്തേയും ഇന്നത്തെയും പ്രസംഗത്തിന്റെ ശൈലി. എസ്. എൻ. സി. ലാവ്ലിൻ എന്ന പേരുപോലും ഈ നിയമസഭയിൽ മിണ്ടാൻ അനുവദിക്കരുതെന്ന് ഇന്നലെ ബഹുമാനപ്പെട്ട സ്പീക്കറോട് ആവശ്യപ്പെടുകയുണ്ടായി. ശ്രീ. ടി. കെ. ദേവകുമാറും ശ്രീ. മത്തായി ചാക്കോയും ശ്രീ. എം.വി. ജയരാജനും ഇന്നലെ ഉന്നയിച്ച അഴിമതി ആരോപണം വേണമെങ്കിൽ വേറൊരു സെഷനിൽ അടിയന്തിരപ്രമേയമായി കൊണ്ടുവരാമായിരുന്നു. എസ്. എൻ. സി. ലാവ്ലിന്റെ കാര്യം മറച്ചുവെയ്ക്കാൻ വേണ്ടി മാത്രം നടത്തിയ ഒന്നാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതിനെപ്പററി ഒന്നും വിശദീകരിക്കാതെ എസ്. എൻ. സി. ലാവ്ലിനെക്കുറിച്ച് പറയാതെ അരി എത്ര എന്നു ചോദിച്ചാൽ പയർ അഞ്ഞാഴി എന്നുപറയുന്ന രീതിയിലുള്ള പ്രസംഗമാണ് ഇന്നലെ ബഹുമാന്യരായ ടി. കെ. ദേവകുമാറും മത്തായി ചാക്കോയും എം. വി. ജയരാജനും ഇന്ന് ശ്രീ. എ. കെ. ബാലനും നടത്തിയത്. കെ. എസ്. ഇ. ബി.-യിൽ നിന്ന് 375 കോടി രൂപയുടെ അഴിമതി നടത്തിയതിന്റെ രേഖകൾ അപ്രത്യക്ഷമായതുപോലെ ഒരു സംഭവവും കേരള ചരിത്രത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല. കെ. എസ്. ഇ. ബി.-യുടെ ജോലി വൈദ്യുതി ഉൽപ്പാദനവും പ്രസരണവും വിതരണവുമാണ്. ലോക രാഷ്ട്രങ്ങളിൽ എവിടേയും ഇലക്ട്രിസിറ്റി വിഭാഗം കാൻസർ ആശുപത്രി തുടങ്ങിയതായി നമ്മളാരും കണ്ടിട്ടില്ല.

[അദ്ധ്യക്ഷ വേദിയിൽ മി. ചെയർമാൻ (ശ്രീ. തോമസ് ചാഴികാടൻ)]

LIBRARY ARCHIVES Kerala Legislative Assembly

സഖാവ് വി. എസ്. അച്ചുതാനന്ദനെ ഒതുക്കാൻ ശ്രീ. പിണറായി വിജയൻ

12 NOON] നടത്തുന്ന പ്രവർത്തനങ്ങൾക്കും പാർട്ടി പിടിക്കാനും തകർച്ചയിലേക്ക് മുതലക്കൂപ്പ് കുത്തിയിരുന്ന കൈരളി ചാനലിനെ രക്ഷിക്കാനുമാണ് ഈ പണം ഉപയോഗിച്ചു എന്നതാണ് പച്ചയായ സത്യം. ഗൾഫിൽ നിന്നുള്ള ഷെയറോ അല്ലെങ്കിൽ ഓഹരി ഉടമകളിൽ നിന്ന് കളക്ട് ചെയ്ത ഷെയറോ കൊണ്ടൊന്നും കൈരളിയെ രക്ഷപ്പെടുത്താൻ കഴിയാതെ വന്നു എന്നത് സത്യമാണ്. നഷ്ടത്തിൽനിന്ന് നഷ്ടത്തിലേക്ക് പോയി. ഓഹരി ഉടമകൾക്കൊന്നും ഡിവിഡന്റ് കൊടുക്കാൻ പററാതെ, ശമ്പളം കൊടുക്കാൻ പറ്റാതെ വലിയ പ്രതിസന്ധിയിൽനിന്നും കൈരളിയെ രക്ഷിക്കാൻ വേണ്ടി മാത്രമാണ് എസ്. എൻ. സി. ലാവ്‌ലിനിൽ നിന്ന് കിട്ടിയ പണം ഉപയോഗപ്പെടുത്തിയിട്ടുള്ളത്. കൈരളിയുടെ അക്കൗണ്ടിലേക്ക് വന്ന പണം എവിടെ നിന്നാണെന്ന് കൂടി അന്വേഷിക്കണം. സി. പി. ഐ. (എം.)-ന്റെ പേരിൽ ചെറിയ മാറ്റം വരുത്തണം. കമ്മ്യൂണിസ്ററ് പാർട്ടി ഓഫ് ഇൻഡ്യ മാർക്സിസ്ററ് എന്നുള്ളതിന്—പുതിയ വ്യാഖ്യാനം അനിവാര്യമാണ്—ഞങ്ങളൊക്കെ മാർക്സിസത്തേയും കമ്മ്യൂണിസത്തേയും അതിന്റെ പ്രത്യയ ശാസ്ത്രങ്ങളേയും എതിർക്കുമ്പോഴും ഏറെ ആദരവ് തോന്നിയിട്ടുള്ള ആളുകളാണെന്ന് തുറന്ന് പറയാൻ മടിയില്ല. കമ്മ്യൂണിസത്തിലെ നല്ല വശങ്ങളെ ഇഷ്ടമാണ്. നല്ല കമ്മ്യൂണിസ്ററുകാരേയും രാഷ്ട്രീയമായി എതിർക്കുമ്പോഴും ഉള്ളിൽ ആദരവ് തോന്നാറുണ്ട്. ഇന്ന് കമ്മ്യൂണിസ്ററ് പാർട്ടി ഓഫ് ഇൻഡ്യാ മാർക്സിസ്ററിന് ഒരു പുതിയ പേര് കേരളത്തിൽ സ്വീകരിക്കേണ്ടി വന്നിരിക്കുകയാണ്. "C" എന്നത് Corrupted, "P" എന്നത് Persons, " I" എന്നത് Industry, "M" എന്നത് Maximum.— Corrupted Persons Industry (Maximum) എന്നായി കേരളത്തിലെ സി. പി. ഐ. (എം)-നെ മാറേറണ്ട സ്ഥിതി ഇന്ന് ഉണ്ടായിരിക്കുകയാണ്. ഈ സഭയിൽ അപ്പുറത്തിരിക്കുന്ന ശ്രീ. ടി. എം. ജേക്കബിന്റെ ആരോപണം സംബന്ധിച്ച്, ചില വസ്തുതകൾ ഞാൻ ഈ സഭയിൽ ഉന്നയിക്കുകയാണ്. രേഖാമൂലം എഴുതിക്കൊടുത്തിരിക്കുകയാണ്. ഇന്ന് ബഹുമാനപ്പെട്ട ടി. എം. ജേക്കബിന്റെ പ്രസംഗം കേൾക്കാൻ ഇടയായി. അവസാന നാളിൽ ചെകുത്താൻ വേദമോതും എന്നൊരു................................

ശ്രീ. എം. പ്രകാശൻ മാസ്ററർ : റൂൾ 285 അനുസരിച്ച് ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. No allegation of a defamatory or incriminatory nature shall be made by a member against any person unless the member has given previous intimation to the Speaker and also to the Minister concerned.............................മിനിസ്ററർക്ക് എതിരായിട്ടല്ലാതെ നിലവിലുള്ള വ്യവസ്ഥയ്ക്ക് എതിരായിട്ട് അഴിമതി ആരോപണം അനുവദിക്കാവുന്നതല്ല. കാരണം മറുപടി പറയാൻ അവർക്ക് സാധിക്കേണ്ടതുണ്ടെന്നുള്ളതാണ്; അത് ചട്ടങ്ങൾക്ക് വിരുദ്ധമാണ്. അതിന്റെ തുടർച്ചയായിട്ട് പറയുന്നുണ്ട്. Provided that the Speaker may at any time prohibit any member from making any such allegation....................... So you should prohibit it.

ശ്രീ. എം. വി. ജയരാജൻ : ഇവിടെ ഉന്നയിച്ച ഒരു കാര്യം ശ്രീ. പ്രതാപൻ നിയമസഭാംഗമായിട്ടുള്ള ശ്രീ. ടി. എം. ജേക്കബിനെതിരായിട്ടുള്ള അഴിമതി ആരോപണമാണ്. എഴുതി കൊടുത്തിട്ടുണ്ട്. ഒരു അംഗം മറ്റൊരംഗത്തിനെതിരായി ഉന്നയിക്കുന്ന അഴിമതി

LIBRARY ARCHIVES Kerala Legislative Assembly

ആരോപണമാണ്. റൂൾ 285 അനുസരിച്ച് മന്ത്രിക്ക് നേരെ മാത്രമേ പാടുള്ളൂ. കഴിഞ്ഞ നിയമസഭയിൽ ഇതേ പ്രശ്നം ഇവിടെ ഉയർന്നു വന്നു. അന്ന് ഭരണപക്ഷത്തെ അംഗമായ ശ്രീ. പി. സി. ജോർജ്ജ് അന്നത്തെ പ്രതിപക്ഷാംഗമായ ശ്രീ. കെ. എം. മാണിക്ക് എതിരായി എഴുതിക്കൊടുത്ത് അഴിമതി ആരോപണം ഉന്നയിച്ചു. ഇതു സംബന്ധിച്ച് ഇവിടെ റൂളിംഗ്സും നൽകിയിട്ടുണ്ട്. ആ റൂളിംഗിൽ പറഞ്ഞിട്ടുള്ളതല്ലാത്തതുകൊണ്ട് തന്നെ അനുവദനീയമല്ല എന്ന റൂളിംഗ് നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് 285 അനുസരിച്ചുള്ള അഴിമതി ആരോപണം ഒരു അംഗം മന്ത്രിക്ക് എതിരായിട്ടാണ് ഉന്നയിക്കേണ്ടത്. ഇത് അനുവദനീയമല്ല. റൂളിംഗും കീഴ്വഴക്കങ്ങളും ഇവിടെ ഉണ്ടായിട്ടുണ്ട്. ഇതുസംബന്ധിച്ച് പരിശോധിച്ച് റൂളിംഗ് നൽകണം. ബഹുമാനപ്പെട്ട പ്രതാപനെ അഴിമതി ആരോപണം ഉന്നയിക്കുന്നതിൽനിന്നു വിലക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്.

മി. ചെയർമാൻ : ബഹുമാനപ്പെട്ട ടി. എൻ. പ്രതാപൻ സ്പീക്കർക്ക് എഴുതി തന്നതിനുശേഷമാണ് ഉന്നയിക്കുന്നത്. മറ്റൊരു കാര്യം ശ്രീ. ജയരാജൻ ഇവിടെ സൂചിപ്പിച്ചത് നേരത്തെ ഇതുപോലെ അലിഗേഷൻസ് ഉന്നയിച്ച അവസരം ഉണ്ടായിട്ടുണ്ട്. അത് അനുവദിച്ചിട്ടുമുണ്ട്. ബന്ധപ്പെട്ട അംഗത്തിന് അത് സംബന്ധിച്ച് മറുപടി പറയാനുള്ള അവസരവും കൊടുക്കാറുണ്ട്.

ശ്രീ. ടി. എൻ. പ്രതാപൻ : ഈ സഭയിൽ മുൻമന്ത്രിയായിരുന്ന ശ്രീ. ജി. കാർത്തികേയനെക്കുറിച്ച് അനാവശ്യമായ കാര്യങ്ങളാണ് പറഞ്ഞത്. ബഹുമാനപ്പെട്ട ടി. എം. ജേക്കബ് അദ്ദേഹം മന്ത്രിയായിരുന്ന പദവി ഉപയോഗപ്പെടുത്തി അനധികൃതമായി കോടിക്കണക്കിന് രൂപയുടെ സമ്പത്ത് സ്വരൂപിച്ചിരിക്കുകയാണ്. അദ്ദേഹം ഉണ്ടായിരുന്ന വകുപ്പിൽ കൊടുത്തിരുന്ന കരാറുകൾ മുഴുവൻ, ഏകാധിപതിയായ ജയലളിത പോലും കരാറുകൾ കൊടുക്കുമ്പോൾ അതിലെ വ്യവസ്ഥകൾ പാലിച്ചിരുന്നു, അദ്ദേഹം മന്ത്രിയായിരുന്ന സന്ദർഭങ്ങളിൽ അദ്ദേഹം വകുപ്പിൽ നടത്തിയ കരാറുകൾ പോലും അദ്ദേഹവും അദ്ദേഹത്തിന്റെ വിശ്വസ്തനായ തമ്പിക്കും മാത്രം ഇഷ്ടപ്പെടുന്നവർക്ക് കരാറുകൾ കൊടുക്കുന്ന രീതിയിലായിരുന്നു എന്നുള്ളത് ഞങ്ങൾ മാത്രമല്ല അപ്പുറത്തിരുന്നുകൊണ്ട് സഭയിലെ പ്രതിപക്ഷത്ത് ഇരിക്കുന്ന ആളുകൾ പോലും സഭയ്ക്കകത്തും പുറത്തും പറഞ്ഞതാണ്. അതിൽ നിന്ന് സമ്പാദിച്ച കോടിക്കണക്കിന് രൂപയിൽ നിന്നുണ്ടാക്കിയ സ്വത്തിനെ സംബന്ധിച്ചാണ് ഞാൻ പറയുന്നത്. ചോറ്റാനിക്കര ജംഗ്ഷന് സമീപം 10 ലക്ഷത്തോളം രൂപ വില വരുന്ന കുരിക്കാട് വില്ലേജിൽ 2219/04 ഡീഡ് നമ്പരായി 30-07-2004- ന് സർവ്വേ നമ്പർ 74/03-ൽ 2.63 ഏക്കർ ഭൂമി വാങ്ങിയിരിക്കുന്നു. പാമ്പാക്കുടം ടൗൺ സെന്ററിൽ 15 ലക്ഷം രൂപ വില വരുന്ന സ്ഥലവും 2 നില കെട്ടിടവും, മേമ്മുറി വില്ലേജിൽ 528/975/2002 ഡീഡ് നമ്പരായി സർവ്വേ നമ്പർ 597/11/10/24-ൽ 53 സെന്റും 597/11/14/34 2.875 ഏക്കറും ഉൾപ്പടെ അദ്ദേഹം വാങ്ങിയിരിക്കുന്നു. അദ്ദേഹത്തിന്റെ സ്വന്തം പേരിൽ പേപ്പതി ജംഗ്ഷന് സമീപം 16 സെന്റ് സ്ഥലവും രണ്ട് നില കെട്ടിടവും, 520/14/2002 ഡീഡ് നമ്പരായി ഇടയ്ക്കാട്ടുവയൽ വില്ലേജിൽ സർവ്വേ നമ്പർ 125/3-ൽ 16 സെന്റ് സ്ഥലവും വാങ്ങിച്ചിരിക്കുന്നത്. രാമമംഗലം ജംഗ്ഷന് സമീപം ആറ് ലക്ഷം രൂപ വിലവരുന്ന സ്ഥലവും കെട്ടിടവും 549 ഡീഡിൽ 249 സർവ്വേ നമ്പരായി 626/5 സി ആയി സ്ഥലവും കെട്ടിടവും വാങ്ങിയിരിക്കുകയാണ്. മുളന്തുരുത്തി ടൗണിൽ 15 ലക്ഷം രൂപ വിലവരുന്ന സ്ഥലവും കെട്ടിടവും മുളന്തുരുത്തി വില്ലേജിൽ ഡീഡ് നമ്പർ 2219/2004,

LIBRARY ARCHIVES Kerala Legislative Assembly

30-7-2004-ൽ സർവ്വേ നമ്പർ 128-ൽ റീ സർവ്വേ 76/10-ൽ 2.63 ഏക്കർ അദ്ദേഹം വാങ്ങിയിരിക്കുകയാണ്. ആമ്പല്ലൂർ ടൗണിൽ ആമ്പല്ലൂർ വില്ലേജിൽ 15 ലക്ഷം രൂപ വിലവരുന്ന സ്ഥലവും കെട്ടിടവും D. No. 1317/2003, 13-05-2005-ന് സർവ്വേ നമ്പർ 395/03-ൽ റീ സർവ്വേ 523/01-ൽ 2.78 ഏക്കർ വാങ്ങിയിരിക്കുന്നു. പിറവം ടൗണിൽ 17 സെന്റ് സ്ഥലവും 4 നില കെട്ടിടവും. അദ്ദേഹത്തിന്റെ മകൻ അനൂപ് ജേക്കബിന്റെ പേരിൽ തിരുമാറാടി വില്ലേജിൽ സർവ്വേ നമ്പർ 526/4എ/02-ൽ 1 ഏക്കർ 50 സെന്റ് സ്ഥലം 24-11-01-ൽ മതിപ്പ് വില 12 ലക്ഷം വരുന്നത് ആരുടെ കൈയിൽ നിന്നെന്നുകൂടി പറയാം. വെള്ളാശ്ശേരിൽ കൃഷ്ണൻ, സരോജിനി എന്നിവരിൽ നിന്നും അനൂപ് ജേക്കബിന്റെ പേരിൽ വാങ്ങിയിരിക്കുന്നു.

ശ്രീ. എം. വി. ജയരാജൻ : ചട്ടം 288 അനുസരിച്ച് രാവിലെ ഇവിടെ പ്രശ്നങ്ങൾ ഉണ്ടായപ്പോൾ ബഹുമാനപ്പെട്ട ചെയർ ഇക്കാര്യം സംശയാതീതമായി വ്യക്തമാക്കിയിട്ടുണ്ട്. ഒരു ആരോപണം ഉന്നയിക്കുമ്പോൾ അതിന് മറുപടി പറയാൻ കഴിയാത്ത വിധത്തിൽ സഭയിൽ അംഗമല്ലാത്ത ആളിനെപ്പറ്റി ഇങ്ങനെ പറയാൻ തുടങ്ങിയാൽ എങ്ങിനെയാണ്. അച്ചു ഉമ്മൻ ഇപ്പോൾ ഗൾഫിൽ കാറ് വാങ്ങി സഞ്ചരിക്കുകയാണ്. അച്ചു ഉമ്മൻ അവിഹിതമായി സ്വത്ത് സമ്പാദിക്കുകയാണ്. അങ്ങനെ പറയേണ്ടി വരും. ഇത് അപകടമാണ്. ഇത് കേരളം കാണുകയാണ്. അച്ചു ഉമ്മൻ അവിടെ കോടിക്കണക്കിന് രൂപ ഉണ്ടാക്കിയിരിക്കുകയാണ്. ഇതൊക്കെ അനുവദിച്ചാൽ നിയമസഭയെക്കുറിച്ച് ഈ നാട്ടിൽ ഉണ്ടാകുന്നത് എന്തായിരിക്കുമെന്ന് മനസ്സിലാക്കണം.

മി. ചെയർമാൻ : ഈ സഭയിൽ അംഗങ്ങളായിട്ടുള്ള ആളുകളെപ്പററി ഇതുപോലെ അലിഗേഷൻ പറഞ്ഞ പ്രീവിയസ് ചരിത്രമുണ്ട്. അത് പ്രൊസീഡിംഗ്സിൽ ഉണ്ട്. ഇത് അംഗീകരിച്ചിട്ടുള്ളതുമാണ്.

ശ്രീ. ടി. എൻ. പ്രതാപൻ : മണ്ണത്തൂർ വില്ലേജിൽ സർവ്വേ നം. 526 (3എ) 526-ൽ 3 (ബി) 1, ...(ബഹളം)............526 (3ബി)2, 526 (4) A6.....................(ബഹളം)...................... (ബഹളം)....................

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : മിസ്റ്റർ പ്രതാപൻ മിസ്റ്റർ ജേക്കബിനെ സംബന്ധിച്ച് എഴുതിക്കൊടുത്തിട്ടുള്ള ആക്ഷേപങ്ങൾ ഉന്നയിക്കുമ്പോൾ അദ്ദേഹത്തിന് പറയാനുള്ളതുകൂടി പറയാൻ അവസരം ഉണ്ടാക്കുന്നത് സൗകര്യമായിരിക്കും എന്ന് പറഞ്ഞത് നല്ലത്. എന്നാൽ അദ്ദേഹത്തിന്റെ മകനെപ്പററി പരാമർശിച്ചത് അങ്ങ് കേട്ടില്ലേ? അദ്ദേഹം സഭയിൽ ഇല്ല. അങ്ങനെയുള്ള ആളെപ്പററി പരാമർശിക്കുന്നത് ശരിയാണ് എന്നുള്ളത് സംബന്ധിച്ച വിശദീകരണം നൽകണം.............................(ബഹളം)......................

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : മക്കളെക്കുറിച്ചും കുടുംബത്തെക്കുറിച്ചും പറയുന്നത് ശരിയല്ല. പക്ഷേ അന്തരിച്ച സഖാവ് ഇ. കെ. നായനാരുടെ മകനെക്കുറിച്ചും മരുമകനെക്കുറിച്ചും ശ്രീ. ടി. എം. ജേക്കബ് ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. അത് രേഖയിലുണ്ട്. ഇന്ന് അതേക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ആക്ഷേപം ഇല്ലെങ്കിലും ഇ. കെ. നായനാരെ ബഹുമാനിക്കുന്ന ഞങ്ങൾക്ക് അതേക്കുറിച്ച് ആക്ഷേപമുണ്ട്. അതുകൊണ്ട് കീഴ്വഴക്കമാണ് പ്രധാന പ്രശ്നം. കീഴ്വഴക്കത്തിന്റെ അടിസ്ഥാനത്തിൽ ഇത് പറയുന്നതിൽ ഒരു തെററുമില്ല. ശ്രീ. എം. വി. ജയരാജൻ റൂൾ 288 അനുസരിച്ചാണ് ഇവിടെ ക്രമപ്രശ്നം ഉന്നയിച്ചത്. അതുപോലും ഓർഡറിൽ അല്ല. 288-ൽ പറയുന്നത്, A member may, with the permission of the Speaker, make a personal explanation although there is no question before the Assembly, അതിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹം പറഞ്ഞത്. റൂൾ 288 അനുസരിച്ച് ആ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

മി. ചെയർമാൻ : ഞാൻ ക്രമപ്രശ്നത്തെക്കുറിച്ച് ഇവിടെ പറഞ്ഞുകഴിഞ്ഞു.

..............................(ബഹളം).....................

ശ്രീ. ടി. എം. ജേക്കബ് : *** *** ***

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇവിടെ ബഹുമാനപ്പെട്ട സ്പീക്കറുടെ ചെയറിൽ പാനൽ ഓഫ് ചെയർമാൻ വന്നു കഴിഞ്ഞാൽ സ്പീക്കർക്ക് തുല്യമായ എല്ലാ അധികാരവും ഉണ്ട്. ഈ സഭ അങ്ങയുടെ അധീനതയിലാണ്. ഈ സഭയുടെ നാഥൻ അങ്ങാണ്. അങ്ങനെയുള്ള സഭാനാഥനെ *** *** എന്ന വൃത്തികെട്ട പദ പ്രയോഗംകൊണ്ട് ചെയറിനെ അപമാനിച്ച ശ്രീ. ജേക്കബിന്റെ നടപടിയെക്കുറിച്ച് അങ്ങ് റൂൾ ചെയ്യണം. ഇത് ആവർത്തിക്കാൻ ഇടയാകരുത്. അത് രേഖയിൽ നിന്ന് മാററണം എന്ന് പറയുന്നില്ല. എല്ലാം ലോകം കണ്ടുകൊണ്ടിരിക്കുകയാണ്. ലോകം കാണുന്ന കാര്യം രേഖയിൽ നിന്ന് മാററിയാലും അത് ലോകം മുഴുവൻ കാണും. അതുകൊണ്ട് ഇത് രേഖയിൽ നിന്ന് മാററിയാലും ജനങ്ങളുടെ ഹൃദയത്തിൽ പോകും. ഈ സഭയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് സ്പീക്കറുടെ പേര് എടുത്തുവിളിച്ച് അപമാനിച്ചിട്ടുള്ളത്. അതുകൊണ്ട് അങ്ങ് നടപടി എടുക്കണം.

മി. ചെയർമാൻ : ആദ്യം റൂളിംഗ് നൽകിയത് Practice and Procedure of Parliament അനുസരിച്ചുതന്നെയാണ്. അതിൽ പറയുന്നത്, Normally if a member during the course of debate makes any allegation in the House against another member or Minister without giving advance notice thereof to the Speaker as required under the rule on the subject, the member is called to order. However where any such allegations have gone on record the Minister or the Member against whom allegations have been made is allowed on his request to make a personal explanation in the House with a view to clarifying the position either on the same day or lateron. ഒന്നുകൂടി കേൾക്കണം. When the member is present in the House at the time the allegations are made he is normally permitted to make a statement by way of personal explanation at the end of the speach of the member who makes the allegations ...." നടപടിക്രമം അനുസരിച്ചു തന്നെയാണ് നേരത്തെ റൂളിംഗ് കൊടുത്തത്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച അലിഗേഷൻ സഭയിൽ നടത്തുന്നതിൽ തെററില്ല. നടപടിക്രമം അനുസരിച്ചു തന്നെയാണ് നടത്തിയത്

*** ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

................(ബഹളം)......................ഇതിനു മുമ്പും സഭയ്ക്ക് വെളിയിലുള്ള ആളുകളെ സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് ഉണ്ടായിട്ടുള്ളത് വസ്തുതയാണ്. മറ്റൊരു കാര്യം കഴിയുന്നതും ഇത് ഒഴിവാക്കണം എന്നാണ് നേരത്തേ സഭയിൽ റൂളിംഗ് ഉണ്ടായിട്ടുള്ളത്. അതനുസരിച്ച് മുന്നോട്ട് പോകുക. രണ്ടാമത്, ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പു മന്ത്രി പറഞ്ഞ കാര്യം രേഖ പരിശോധിച്ചശേഷം വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. എൻ. പ്രതാപൻ : ബഹുമാന്യനായ ടി. എം. ജേക്കബിന്റെ മകൻ അനൂപ് ജേക്കബിന് എതിരായിട്ടല്ല എന്റെ ആരോപണം. ബഹുമാന്യനായ ടി. എം. ജേക്കബ് നടത്തിയ അഴിമതിയാണ്. ഭൂമി വാങ്ങിയത് അനൂപിന്റെ പേരിലാണെന്ന് മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളൂ. കാള പെറ്റു എന്ന് പറയുമ്പോഴേ കയർ എടുക്കുന്നത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല. പ്രിയപ്പെട്ട അച്ചുതാനന്ദൻ അങ്ങയോട് വളരെയേറെ ബഹുമാനമുള്ളവരാണ് ഞങ്ങൾ. അങ്ങ് കാട് കയറുമ്പോഴും മല കയറുമ്പോഴും കടൽ തീരത്ത് ഇരിക്കുമ്പോഴും വെള്ളം ഊററുന്നിടത്ത് പോകുമ്പോഴും ഒക്കെ അങ്ങയോട് ആദരവും ബഹുമാനവും ഉള്ളവരാണ് ഞങ്ങളെപ്പോലുള്ള കേരളത്തിലെ പുതിയ തലമുറയിൽപ്പെട്ട ആളുകൾ എന്ന കാര്യം അടിവരയിട്ട് പറയുന്നു. പക്ഷേ ഈ സഭയിൽ ഉണ്ടായിരുന്ന മുൻമുഖ്യമന്ത്രി, ഞങ്ങളെല്ലാവരും ബഹുമാനിക്കുന്ന, ആദരിക്കുന്ന, പ്രിയപ്പെട്ട സാക്ഷാൽ സഖാവ് ഇ. കെ. നായനാരുടെ മകനെക്കുറിച്ചും മരുമകനെക്കുറിച്ചും വേദനാജനകമായി ഈ ഇരിക്കുന്ന ബഹുമാനപ്പെട്ട ടി. എം. ജേക്കബ് സഭയിൽ പറഞ്ഞപ്പോൾ നായനാരുടെ നെഞ്ച് പൊട്ടി. ശാരദ ടീച്ചറുടെ കണ്ണിൽ നിന്ന് ഒഴുകിയ കണ്ണുനീർ ഞങ്ങൾക്ക് ഓർമ്മയുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് ബഹുമാനത്തോടുകൂടി പറയട്ടെ, ഇദ്ദേഹത്തെ വിശ്വസിക്കരുത്. അദ്ദേഹം പ്രിയപ്പെട്ട വി. എസ്. അച്ചുതാനന്ദനേയും പ്രിയപ്പെട്ട കോടിയേരിയേയും ഒരു നാൾ വഞ്ചിക്കുകയും ചതിക്കുകയും വിററ് കാശാക്കുകയും ചെയ്യും. നിങ്ങൾ സൂക്ഷിക്കണം എന്ന് വിനയപൂർവ്വം പറയുകയാണ്. മണ്ണത്തൂർ വില്ലേജിലെ സർവ്വേ നം. 526-ലെ 3(എ) 77 സെന്റ്, 526-ൽ 3(ബി)1 ഒരു ഏക്കർ, 526-ൽ 3(ബി) 2 23 സെന്റ്, 526-ൽ 4(എ)65 സെന്റ് അങ്ങനെ 2.5 ഏക്കർ സ്ഥലം 22-4-2002-ൽ മുഴുപ്പേൽ വർഗ്ഗീസ്-മേരി എന്നിവരിൽ നിന്നും ബഹുമാനപ്പെട്ട ടി. എം. ജേക്കബ് പണം കൊടുത്ത് അദ്ദേഹത്തിന്റെ മകന്റെ പേരിൽ വാങ്ങിയിരിക്കുന്നു. തിരുമാറാടി വില്ലേജിൽ സർവ്വേ നം. 520-ൽ 10(എ) 80 സെന്റ്, സർവ്വേ നം. 520-ൽ 10(ബി) 10 സെന്റ്, 15-5-2002-ൽ അനൂപ് ജേക്കബിന്റെ പേരിൽ പുത്തൻപുരക്കൽ ഏബ്രഹാമിന്റെ കയ്യിൽ നിന്നും വാങ്ങിയിരിക്കുന്നു. എന്തിനാണ് അപ്പുറത്തിരിക്കുന്ന സി. പി. ഐ. (എം.)-ന്റേയും സി. പി. ഐ.-യുടേയും മെമ്പർമാർ അസഹിഷ്ണുത കാണിക്കുന്നത്. നിങ്ങൾ അഴിമതിക്ക് എതിരല്ലേ? എന്തിനാണ് ഇത് പറയുമ്പോൾ നിങ്ങൾ അസഹിഷ്ണുത കാണിക്കുന്നത്? നിങ്ങളുടെ പേര് കളയരുത്, മോശമാക്കരുത്. തിരുമാറാടി വില്ലേജിൽ സർവ്വേ നം. 533/1ബി ഒരു ഏക്കർ ആറ് സെന്റ്, 533/1/എ 86 സെന്റ്, 533/2/ രണ്ട് ഏക്കർ 37 സെന്റ്, കൊച്ചുപറമ്പിൽ വടക്കേതിൽ ഏലിയാസിന്റെ കൈയിൽ നിന്നും അനൂപിന്റെ ഭാര്യയുടെ പേരിൽ മുൻമന്ത്രി ശ്രീ. ടി. എം. ജേക്കബ് വാങ്ങിയിരിക്കുന്നു. തിരുമാറാടി വില്ലേജിൽ 21-12-2002-ൽ സർവ്വേ നം.529/3 ബി,1 ഒരു ഏക്കർ 88 സെന്റ് സ്ഥലം, 548/1/1-ലും ഒരു ഏക്കർ 43.5 സെന്റ് സ്ഥലം മതിപ്പുവില 17 ലക്ഷം രൂപ വിലയുള്ളത് പതിയാംപറമ്പിൽ പുത്തൻപുരയിൽ ഏലിയാകുരകനിൽ നിന്നും അനൂപ് ജേക്കബിന്റെ പേരിൽ ടി. എം. ജേക്കബ് വാങ്ങിയിരിക്കുന്നു. തിരുമാറാടി വില്ലേജിൽ സർവ്വേ നം. 364/1, 370/5 11-7-2003-ൽ.

LIBRARY ARCHIVES Kerala Legislative Assembly

11-7-2003-ൽ ടി. എം. ജേക്കബിന്റെ സ്ഥാനം എന്തായിരുന്നു എന്ന് ഞാൻ പറയേണ്ട കാര്യമില്ല. 11-7-2003-ൽ അറുപത്തിയൊന്നര സെന്റും 25 സെന്റും ഉൾപ്പെടെ 86 1/2 സെന്റ് അനൂപ് ജേക്കബിന്റെ പേരിൽ വാങ്ങിയിരിക്കുന്നു. വാളിയപ്പാടം വില്ലേജിൽ 351/9 (എ) /6-35 സെന്റ്, 351/9 (എ)/1-മുപ്പത്തിനാലേമുക്കാൽ സെന്റ്, 351/10/2-12 സെന്റ്, 351/10/6-7 സെന്റ്, 345/5/7-പതിനാലരസെന്റ്. ആകെ 1 ഏക്കർ 3 സെന്റ്. ഇത്രയും സ്ഥലം ശ്രീ. ടി. എം. ജേക്കബ് 23-10-2003-ൽ അനൂപ് ജേക്കബിന്റെ പേരിൽ വാങ്ങിയിരിക്കുന്നു. സ്പീക്കർ സമയം പരിമിതമാണെന്നു പറഞ്ഞതുകൊണ്ട് ഞാൻ ദീർഘിപ്പിക്കുന്നില്ല. 66 കോടി രൂപയുടെ അഴിമതിയാരോപണമാണ് അദ്ദേഹത്തിന്റെ പേരിൽ നേരത്തെ പ്രതിപക്ഷം ഇവിടെ ഉന്നയിച്ചത്. ഇത് ഞങ്ങളാരെങ്കിലും പറഞ്ഞതാണോ? രേഖയെടുത്ത് നോക്കണം. നിയമസഭാരേഖകൾ, പത്രകട്ടിംഗ്സുകൾ, ശ്രീ. ടി. എം. ജേക്കബിനെക്കുറിച്ചും, ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെക്കുറിച്ചും നിങ്ങൾ പറഞ്ഞ രേഖകളും നിയമസഭാരേഖകളും പത്രകട്ടിംഗ്സുകളും എവിടെവേണമെങ്കിലും ഡിബേറ്റ് ചെയ്തുകഴിഞ്ഞാൽ തരാൻ ഞങ്ങൾ തയ്യാറാണ്. ഞങ്ങളാരെങ്കിലും പറഞ്ഞതാണോ? ....(ബഹളം)........................അതുകൊണ്ട് ഇത്തരം ആളുകളെ കൂട്ടിനടക്കുന്ന ഇടതുപക്ഷജനാധിപത്യ മുന്നണിക്കും, സി. പി. ഐ. (എം.)-നും..........................

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ശ്രീ. ടി. എൻ. പ്രതാപൻ വളരെയധികം ആക്ഷേപിച്ചുകൊണ്ട് ശ്രീ. ടി. എം. ജേക്കബിനെപ്പറ്റി പറഞ്ഞുവന്ന കൂട്ടത്തിൽ ഞങ്ങളദ്ദേഹത്തിന്റെ ഒരു മകന്റെ കാര്യമാണ് ചോദിച്ചത്. അത് വലിയ അപവാദമായിപ്പോയി എന്ന് അദ്ദേഹം പറയുകയുണ്ടായി. മകന്റെ പേരിൽ ശ്രീ. ടി. എം. ജേക്കബ് വാങ്ങിയെന്ന് ശ്രീ. ടി. എൻ. പ്രതാപൻ പറഞ്ഞതോടുകൂടി ഞാൻ അത് ചോദ്യത്തിന് നിൽക്കുന്നില്ല. എന്നാൽ ഞാൻ പറയുന്നത് ഇങ്ങനെയെല്ലാം ആക്ഷേപിച്ച ശ്രീ. ടി. എം. ജേക്കബിന്റെ പേരിലുള്ള കേസ് പിൻവലിക്കാൻ ഉത്തരവിട്ടത് ആരാണെന്ന് ഓർക്കുന്നുണ്ടോ? അങ്ങയുടെ നേതാവ് ഈയിരിക്കുന്ന എന്റെ സ്നേഹിതനായ ശ്രീ. ഉമ്മൻ ചാണ്ടിയാണ്, ശ്രീ. എ. കെ. ആന്റണിയാണ്. അവരാണ് ഇവർക്കെതിരായി നിങ്ങൾ ഈ ലിസ്റ്റിൽ എല്ലാം പറഞ്ഞിട്ടുള്ള, ചിലപ്പോൾ ഞങ്ങൾ ഈ ലിസ്റ്റ് ഒന്നും പറഞ്ഞുകാണുകയില്ല. ഞങ്ങൾ വേറെ കാര്യമായിരിക്കും പറഞ്ഞുകാണുക. അങ്ങനെ വേറെ കാര്യം പറഞ്ഞുകൊണ്ട് കൊടുത്തിട്ടുള്ളതിൽ എല്ലാം തന്നെ അതിനേക്കാൾ അതീതമായി അറിയാവുന്ന നിങ്ങൾ ഈ കേസ് പിൻവലിക്കാൻ എടുത്ത നിലപാടിനെ സംബന്ധിച്ച് ഇപ്പോൾ എന്ത് തോന്നുന്നു?..........................(ബഹളം)........................

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, അങ്ങ് പറഞ്ഞതിന്റെ രത്നച്ചുരുക്കം ആ കേസ് തുടരണം എന്ന് തന്നെയല്ലേ..........................(ബഹളം)........................

ശ്രീ. ടി. എൻ. പ്രതാപൻ : ഓരോ ദിവസവും ശ്രീ. വി. എസ്. അച്ചുതാനന്ദനോട് എനിക്ക് ബഹുമാനവും ആദരവും കൂടുകയാണ്. അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. ഈ വസ്തുതകൾ ബോദ്ധ്യം ആയി എന്നുള്ളതുകൊണ്ടുതന്നെയാണ് ശ്രീ. ഉമ്മൻ ചാണ്ടി സത്യപ്രതിജ്ഞ ചെയ്തപ്പോൾ ശ്രീ. ടി. എം. ജേക്കബിനെ മന്ത്രിയാക്കാതിരുന്നത്. അങ്ങ് നല്ല മനസ്സിന്റെ ആളാണെന്ന് ഞങ്ങൾക്കറിയാം. അങ്ങ് പലപ്പോഴും ഞങ്ങൾക്ക് നല്ല

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾ ഓർമ്മിപ്പിച്ചുതരാറുണ്ട്. അങ്ങേക്ക് നന്ദി. ഞാൻ ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക്കിനോട് ഒരു കാര്യം പറയട്ടെ! അദ്ദേഹമാണ് ഈ ചർച്ച തുടങ്ങിയപ്പോൾ ആദ്യദിവസം സംസാരിച്ച രണ്ടാമത്തെയാൾ. എസ്. എൻ. സി. ലാവ്‌ലിൻ കരാറിനെ സംബന്ധിച്ച് അദ്ദേഹം ഒരു പുകമറ സൃഷ്ടിച്ചിരിക്കുകയാണ്.

മി. ചെയർമാൻ : പ്ലീസ് കൺക്ലൂഡ്. അങ്ങയുടെ സമയം കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്.

ശ്രീ. ടി. എൻ. പ്രതാപൻ : പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പവർ സ്റ്റേഷനുകളുടെ നവീകരണം സംബന്ധിച്ച് വൈദ്യുതി ബോർഡുമായി അടിസ്ഥാന കരാർ ഒപ്പിട്ടത് 1998-ലാണെന്ന് എസ്. എൻ. സി. ലാവ്‌ലിന്റെ വാർഷിക റിപ്പോർട്ടും വ്യക്തമാക്കിയിരിക്കുന്നു. ഡോ. തോമസ് ഐസക്, എസ്. എൻ. സി. ലാവ്‌ലിന്റെ വാർഷിക റിപ്പോർട്ടിനെപ്പററിയുള്ളത് ഇന്റർനെറ്റിൽ നിന്ന് വളരെ വ്യക്തമായി കിട്ടും. അതിലൊരു കാര്യം വളരെ വ്യക്തമായി പറയുന്നു. 1998-ൽ തന്നെയാണ് ഈ അന്തിമ കരാർ ഉണ്ടാക്കിയതെന്ന്. ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക് ചർച്ചയിൽ ഒരു പുകമറ സൃഷ്ടിക്കാൻ ശ്രമിച്ചു. ഇത് ചെയ്തത് ശ്രീ. ജി. കാർത്തികേയൻ മന്ത്രിയും, ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയും ആയിരുന്നപ്പോഴാണ്. അന്ന് ഉണ്ടാക്കിയ കരാറിനെ സംബന്ധിച്ചും അവിടെ അവരുടെ വാർഷിക റിപ്പോർട്ടിൽ പറയുന്നുണ്ട്. 1996-ലെ കരാർ എന്നത് വെറും കൺസൾട്ടൻസി കരാർ മാത്രമാണെന്ന് ഇതിൽ പറയുന്നുണ്ട്. നിങ്ങൾ നോക്കിയാൽ മനസ്സിലാകും. .... (ബഹളം)........................1998-ൽ അന്തിമകരാർ നടപ്പാക്കിയെന്നു തന്നെയാണ് ഇന്റർനെറ്റിലൂടെ ലഭിച്ച വാർഷിക റിപ്പോർട്ടിൽ പറയുന്നത്. ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക് അങ്ങയുടെ ഓഫീസിൽ കമ്പ്യൂട്ടറുണ്ടല്ലോ? അങ്ങ് കമ്പ്യൂട്ടർ നോക്കാറുണ്ടല്ലോ? അങ്ങ് എസ്. എൻ. സി. ലാവ്‌ലിന്റെ വെബ്സൈറ്റിൽ നിന്ന് വാർഷിക റിപ്പോർട്ട് എടുക്കണം. അതിൽ വളരെ ക്ലിയറായി കമ്പനി പറയുന്നുണ്ട്........................ (ബഹളം)........................എസ്. എൻ. സി. ലാവ്‌ലിന്റെ വാർഷിക റിപ്പോർട്ടിൽ അവർ നമ്മളെ ഞെട്ടിപ്പിക്കുന്ന ഒരു കാര്യം പറയുന്നുണ്ട്. 1998-99-ലെ വാർഷിക റിപ്പോർട്ടിൽ എസ്. എൻ. സി. ലാവ്‌ലിന്റെ വരുമാനത്തിൽ ഏറ്റവും വലിയ പങ്ക് വഹിച്ചത് കേരളമാണെന്നും കേരളത്തിലെ ഇലക്ട്രിസിറ്റി ബോർഡാണെന്നും പറയുന്നുണ്ട്. ഡോ. തോമസ് ഐസക് അങ്ങ് ഇത് വായിക്കണം. എനിക്ക് മുഖ്യമന്ത്രിയോട് ഒരു അഭ്യർത്ഥനയുണ്ട്. ബഹുമാനപ്പെട്ട അങ്ങ് ഇത് സി.ബി.ഐ.-യെ കൊണ്ട് അന്വേഷിപ്പിക്കണം. എസ്. എൻ. സി. ലാവ്‌ലിൻ സംബന്ധിച്ച കാര്യം സി.ബി.ഐ. അന്വേഷിച്ചിട്ട് കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കാൻ നടപടി ഉണ്ടാകണം. അതിനങ്ങ് തയ്യാറാകണം എന്ന് പറഞ്ഞുകൊണ്ട് ഞാൻ ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച അവിശ്വാസപ്രമേയത്തെ ശക്തിയുക്തം എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു........................ (ബഹളം)........................

V. വ്യക്തിപരമായ വിശദീകരണം

ശ്രീ. ടി. എം. ജേക്കബ് : സർ, ഇപ്പോൾ തന്നെ പറയാം. പറഞ്ഞല്ലോ........................അങ്ങ് വലിയ സ്പീക്കർ ആകല്ലേ ഇവിടെയിരുന്ന്........................ (ബഹളം)........................എന്നാൽ അങ്ങോട്ട് കയറിയിരിക്ക്........................ (ബഹളം)........................അറിയാം. അതുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകളിലെല്ലാം അഞ്ചു സെന്റും ഏഴു സെന്റും പത്തു സെന്റുമൊക്കെയുണ്ട്. ചില സ്ഥലങ്ങളിൽ ചെറിയ ചെറിയ കെട്ടിടങ്ങളും ഉണ്ട്. വീരശൂരപ്രതാപം പറയുന്ന ശ്രീ. ടി. എൻ. പ്രതാപന്റെ പാർട്ടിക്ക് അവിടെ ഒരു ആഫീസ് പോലും ഇല്ല. നിങ്ങൾ അന്വേഷിക്കൂ. ഞങ്ങളുടെ പാർട്ടി അവിടെ ശക്തമായ ഒരു പാർട്ടിയാണ്. അവിടെ മാത്രമല്ല, മൂവാററുപുഴ നിയോജകമണ്ഡലത്തിലുമുണ്ട്. കോതമംഗലം നിയോജകമണ്ഡലത്തിലുമുണ്ട്. പെരുമ്പാവൂർ മണ്ഡലത്തിലുമുണ്ട്. ഒരു പാർട്ടിയുടെ പേരിൽ അവിടേയും ഇവിടേയും അഞ്ചു സെൻറും എട്ടു സെന്റും പത്തു സെന്റുമൊക്കെ ഭൂമിയും അതിനകത്തിരിക്കുന്ന കൊച്ചു കെട്ടിടങ്ങളുമൊക്കെ അവിഹിതമായി സമ്പാദിച്ച സ്വത്താണെന്ന് പറയണമെങ്കിൽ കാണ്ടാമൃഗത്തിന്റെ തൊലിക്കട്ടിയേക്കാൾ കട്ടിയാണ് നിങ്ങളുടെ തൊലിക്കട്ടി എന്ന കാര്യത്തിൽ സംശയം വേണ്ട. അനധികൃതമായി ഒന്നും സമ്പാദിച്ചിട്ടില്ല. ശ്രീ. ഉമ്മൻ ചാണ്ടി വീരശൂരപരാക്രമിയായി അവിടെ ഇരിക്കുകയല്ലേ? നിങ്ങളുടെ പ്രിയ നേതാവിനോട് അന്വേഷിക്കാൻ പറയൂ. തികച്ചും അടിസ്ഥാനരഹിതമായ ആക്ഷേപമാണിത്. ഞാൻ ഇവിടെ അങ്ങേക്ക് എഴുതിത്തന്ന് മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിക്കെതിരെ ഉന്നയിച്ച ആരോപണങ്ങൾ കുറിക്കുകൊണ്ടു എന്നുള്ളതിന് തെളിവാണ് ഇത്. ഒരു കാര്യം ചെയ്യാം. ശ്രീ. ഉമ്മൻചാണ്ടിക്കെതിരെ ഞാൻ ഉന്നയിച്ച ആക്ഷേപങ്ങളും ശ്രീ. ടി. എൻ. പ്രതാപൻ എനിക്കെതിരെ ഉന്നയിച്ച ആക്ഷേപങ്ങളും നിയമസഭാ കമ്മിററിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ ധൈര്യമുണ്ടോ?..................(ബഹളം)..................... രണ്ടും വിടാം. രണ്ടും ഞാൻ ഏററിരിക്കുന്നു. രണ്ടും നമുക്ക് അന്വേഷിക്കാം. ധൈര്യമുണ്ടെങ്കിൽ വെല്ലുവിളി ഏറ്റെടുക്കൂ. ഉണ്ടോ?..................(ബഹളം)..................... അന്വേഷിക്കൂ...............................

<u>മി. സ്പീക്കർ:</u> പ്ളീസ്.............................അങ്ങേക്കറിയാമല്ലോ, പേഴ്സണൽ എക്സ്പ്ളനേഷനിൽ കാര്യങ്ങൾ നിഷേധിക്കാനല്ലാതെ മററ് കാര്യങ്ങൾക്ക് പറ്റുമോ? അങ്ങേക്ക് എന്താണ് പററിയത്? പ്ളീസ്.....................

<u>ശ്രീ. ടി. എം. ജേക്കബ് :</u> മലർന്ന് കിടന്ന് തുപ്പരുത് എന്ന് ശ്രീ. ടി. എൻ. പ്രതാപനോട് ഞാൻ പറയുകയാണ്. ഇപ്പോൾ അധികാരവും ചെങ്കോലുമെല്ലാം നിങ്ങളുടെ കയ്യിലുണ്ട്. നിങ്ങൾ എന്നോട് ഒരു ദയയും ദാക്ഷിണ്യവും കാണിക്കേണ്ട. നിങ്ങളുടെ ഔദാര്യവും എനിക്കു വേണ്ട. ശ്രീ. ഉമ്മൻചാണ്ടീ, ഞാൻ നിങ്ങളെ വെല്ലുവിളിച്ചു പറയുന്നു നിങ്ങളുടെ ഔദാര്യം എനിക്കു വേണ്ട. നിങ്ങളെ ഈ കസേരയിൽ നിന്ന് ഇറക്കി നിങ്ങളുടെ അഹങ്കാരം കുറയ്ക്കാൻ, ശ്രീ. പ്രതാപന്റെയടക്കം അഹങ്കാരം കുറയ്ക്കാനുള്ള മുന്നേററമാണ് ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. അവിടെ ഞങ്ങൾ വിജയിക്കും.

[അവിശ്വാസപ്രമേയം (ചർച്ച തുടർച്ച)]

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി :</u> സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ അവതരിപ്പിച്ച അവിശ്വാസപ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുകയാണ്. അവിശ്വാസപ്രമേയം അവതരിപ്പിച്ചിട്ട് ഈ ഗവൺമെന്റിനെതിരെ ഒന്നും പറയാനില്ലാതെ പുലിവാലു പിടിച്ച നിലയിലാണ് പ്രതിപക്ഷം നിൽക്കുന്നത്. ഇത് ഞങ്ങൾ പറഞ്ഞതല്ല. ഞായറാഴ്ച എ. കെ. ജി. സെന്ററിൽ എൽ. ഡി. എഫ്.-ന്റെ യോഗം കൂടി. ആ സംസ്ഥാനസമിതി യോഗം സംബന്ധിച്ച് പത്രങ്ങളിൽ വന്ന വാർത്തയിലും കേരളത്തിലെ ദൃശ്യമാധ്യമങ്ങളിൽ വന്ന വാർത്തയിലും എന്താണ് പറഞ്ഞത്? അവിശ്വാസപ്രമേയം

തിരിച്ചടിയായി എന്ന് ഘടകകക്ഷികൾ അഭിപ്രായപ്പെട്ടു എന്നാണ്. ആ വാർത്ത വന്നിട്ട് കേരളത്തിലെ ആരും നിഷേധിച്ചില്ല. അവിശ്വാസപ്രമേയം അവതരിപ്പിച്ച ശ്രീ. കോടിയേരി ബാലകൃഷ്ണനോ എൽ. ഡി. എഫ്. കൺവീനറായ ശ്രീ. പാലൊളി മുഹമ്മദ് കുട്ടിയോ കേരളത്തിലെ മുഴുവൻ ദൃശ്യമാധ്യമങ്ങളിലും വാർത്താ മാധ്യമങ്ങളിലും ഘടക കക്ഷികൾ ചൂണ്ടിക്കാണിച്ച ഈ അഭിപ്രായത്തെ നിഷേധിച്ചിട്ടില്ല. ഇതിനു മുമ്പും ഉണ്ടായില്ലേ? രാജ്യസഭാ തിരഞ്ഞെടുപ്പിൽ ശ്രീ. എ. കെ. ആന്റണിക്കെതിരെ സ്ഥാനാർത്ഥിയെ നിർത്താതിരുന്നതിനെക്കുറിച്ച് നിങ്ങൾ പറഞ്ഞതല്ലോ? ശ്രീ. പി. സി. ജോർജ്ജ് പത്രസമ്മേളനം നടത്തിയില്ലേ? ഏതെല്ലാം കക്ഷികൾ എതിരഭിപ്രായം പറഞ്ഞു. അവിശ്വാസപ്രമേയം തിരിച്ചടിയായി എന്ന് എൽ. ഡി. എഫ്.-ലെ ഘടകകക്ഷികൾ പറഞ്ഞു. അതല്ലേ ഡോ. തോമസ് ഐസക്കിന്റെ പ്രസംഗം സൂചിപ്പിക്കുന്നത്? ഇന്ന് രാവിലെ ശ്രീ. എ. കെ. ബാലന്റെ പ്രസംഗം എന്തായിരുന്നു? ഇവിടെ അവിശ്വാസപ്രമേയത്തോടനുബന്ധിച്ച് എസ്. എൻ.സി. ലാവ്ലിൻ റിപ്പോർട്ട് കടന്നുവന്നു. ഡോ. തോമസ് ഐസക്കിന്റെ പ്രസംഗത്തിൽ മുഴുവൻ പറഞ്ഞത് ഇത് ചർച്ച ചെയ്യാൻ പാടില്ല എന്നാണ്. സി. ആന്റ് എ. ജി. റിപ്പോർട്ട് ചോർത്തിക്കൊടുത്ത വാർത്താമാധ്യമങ്ങളോടൊക്കെ ഇന്നലെ വരെ പ്രേമമായിരുന്നു, ഇപ്പോൾ വലിയ വിരോധം. ഞാൻ ഡോ. തോമസ് ഐസക്കിനോട് ചോദിക്കുകയാണ്, അങ്ങ് ഇല്ലാത്ത സഭയിൽ, അന്നും പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ആയിരുന്നു. പാമോയിൽ കേസ് സംബന്ധിച്ച് കേരള നിയമസഭയിൽ സി. ആന്റ് എ. ജി. റിപ്പോർട്ട് വച്ചത് 21-2-1994-ലാണ്. അതു സംബന്ധിച്ച് പത്രവാർത്ത വന്നത് 16-7-93-ലാണ്. തലേവർഷം. ആ പത്രവാർത്ത കേരളകൗമുദിയിൽ വന്നു. "പാമോയിൽ-ഏഴര കോടി രൂപയുടെ ക്രമക്കേട്" എന്നാണ്. അന്ന് ഇവിടെ പ്രതിപക്ഷനേതാവടക്കമുള്ള ആളുകൾ അടിയന്തിരപ്രമേയം അവതരിപ്പിച്ചു. അവിടംകൊണ്ടും അവസാനിച്ചില്ല. അതു കഴിഞ്ഞ് 20-7-93-ൽ സഭ സ്തംഭിപ്പിച്ചു. പിന്നീട് അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് സഭ ബഹിഷ്ക്കരിച്ചു. ഇന്നലെ നടന്ന ചർച്ചയിൽ ഡോ. തോമസ് ഐസക്കും ശ്രീ. ടി. കെ. ദേവകുമാറുമൊക്കെ പറഞ്ഞത് സി. ആന്റ് എ. ജി.-യെ പരാമർശിക്കാൻ പാടില്ല. സി. ആന്റ് എ. ജി. റിപ്പോർട്ട് വന്നിട്ടില്ല എന്നാണ്. ഇവിടെ അതിനുവേണ്ടി പുതിയതായി വക്കാലത്തെടുത്ത ആളുകളൊക്കെ പറഞ്ഞത് സി. ആന്റ് എ. ജി. റിപ്പോർട്ട് വന്നിട്ടില്ല അതുകൊണ്ട് ചർച്ച ചെയ്യാൻ പാടില്ല എന്നാണ്. ഞാൻ ചോദിക്കുകയാണ്, 1991-96 കാലഘട്ടത്തിൽ എങ്ങനെയാണ് പാമോയിൽ ഇടപാടിനെക്കുറിച്ച് ചർച്ച വന്നത്? റിപ്പോർട്ട് വന്നത് 21-2-94-ലാണ്. ഇവിടെ ചർച്ച നടന്നത് 16-7-93-ലാണ്. 20-7-93-ലാണ് അതു സംബന്ധിച്ച പത്രവാർത്ത വന്നത്. മാർക്സിസ്റ്റ് പാർട്ടിയുടെ ഇരട്ടത്താപ്പെന്നു പറയുന്നത് ഇതാണ്. ഒരു കാര്യം ഞാൻ മാർക്സിസ്റ്റു പാർട്ടിയുടെ സുഹൃത്തുക്കളോട് പറയുകയാണ്, ഇങ്ങനെയുള്ള ചർച്ച പാടില്ലെന്നൊക്കെ പറഞ്ഞ് പ്രതിരോധമുയർത്തി ഏത് മതിൽ തീർത്താലും, ചൈനയിലെ സാക്ഷാൽ വൻമതിൽ കൊണ്ടുവന്ന് തടുക്കാൻ നോക്കിയാലും ലാവ്ലിൻ സംബന്ധിച്ച അഴിമതിയാരോപണങ്ങളിൽ നിന്ന് മാർക്സിസ്റ്റു പാർട്ടിക്ക് രക്ഷപ്പെടാൻ കഴിയില്ല എന്ന് ഉറപ്പിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ രണ്ടു ദിവസങ്ങളിലായി എന്താണ് ഇവിടെ നടക്കുന്നത്? അഴിമതിയാരോപണങ്ങളാണ്. എങ്ങനെയാണ് അഴിമതിയാരോപണം വന്നത്? ആദ്യത്തെ ദിവസം ഡോ. തോമസ് ഐസക് പറഞ്ഞു, ഇന്ന് എ. സി. ഇല്ല, അതുകൊണ്ട് ചർച്ച അടുത്ത ദിവസം ആകാമെന്ന്. രണ്ടാമത്തെ ദിവസം റെഡിയായി വന്നു. ഇവിടെ ഇന്നലത്തെ പ്രകടനം എന്തായിരുന്നു? ശ്രീ. പിണറായി വിജയനെക്കുറിച്ച് പറഞ്ഞാൽ ഞങ്ങളും പറയും. അതാണ്

LIBRARY ARCHIVES Kerala Legislative Assembly

അഴിമതിയാരോപണങ്ങൾക്ക് അടിസ്ഥാനം. അഴിമതിയാരോപണങ്ങൾക്ക് അടിസ്ഥാനമുണ്ടായിട്ടല്ല, മറിച്ച് ആരോപണങ്ങൾ തടയാൻ അടിസ്ഥാനരഹിതമായ അഴിമതിയാരോപണങ്ങളുമായി വന്നിരിക്കുകയാണ്. ഇവിടെ അഴിമതിയാരോപണമൊക്കെ ഉന്നയിച്ചു. നല്ല കാര്യം തന്നെ. ശ്രീ. എം. വി. ജയരാജൻ പറഞ്ഞത് ചെക്ക് ഡാം പൊട്ടി, അതിൽ ക്രമക്കേടുണ്ട് എന്നാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മന്ത്രിയായി ചുമതലയേററിട്ട് അഞ്ചാറുമാസമേയായിട്ടുള്ളൂ. ചെക്ക് ഡാം പൊട്ടിയ വാർത്ത വന്നത് നേരത്തേയാണ്. ശ്രീ. എം. വി. ജയരാജൻ എന്തു സൂചനയാണ് പറഞ്ഞതെന്ന് എനിക്ക് അറിയില്ല. ഞാൻ പേരു പറയുന്നില്ല. അതുപോലെ ശ്രീ. പി. സി. ജോർജ്ജും ശ്രീ. ടി. കെ. ദേവകുമാറും പറഞ്ഞത്, വൃക്ക കച്ചവടത്തെക്കുറിച്ചാണ്. ഈ സഭയിൽ വൃക്ക കച്ചവടത്തെക്കുറിച്ച് ആരോപണമുന്നയിച്ചത് ആരെക്കുറിച്ചാണ്? ഞാൻ പേര് പറയണോ? വൃക്ക കച്ചവടം ആരെക്കുറിച്ചാണ്? ഇതുപോലുള്ള ഓരോ കാര്യവും ആരെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്? ഈ കാര്യത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത്, നല്ല കാര്യമാണ്. ഭരണപക്ഷത്തെ ഓർമ്മിപ്പിച്ചിട്ട് കേസ് പിൻവലിക്കരുത് എന്നുള്ളത് വളരെ കർക്കശമായി അദ്ദേഹം ആവശ്യപ്പെട്ടു. അക്കാര്യത്തിൽ അദ്ദേഹത്തോട് തികഞ്ഞ നന്ദി രേഖപ്പെടുത്തുകയാണ്. ഇവിടെ ശ്രീ. ടി. എം. ജേക്കബ് അടക്കമുള്ള ആളുകൾ ശ്രീ. ഉമ്മൻ ചാണ്ടിയെക്കുറിച്ച് അഴിമതിയാരോപണം ഉന്നയിച്ചു. ഞാൻ അതിന്റെ മററ് വിശദാംശങ്ങളിലേക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. ഒരു കാര്യം പറയാം, ശ്രീ. ഉമ്മൻചാണ്ടിയെ കേരളത്തിലെ ജനങ്ങൾക്കറിയാം. ശ്രീ. ഉമ്മൻചാണ്ടിയുടെ പൊതുജീവിതമെന്താണെന്ന് കേരളത്തിലെ ജനങ്ങൾക്കറിയാം. കഴിഞ്ഞ 50 വർഷമായി പൊതുരംഗത്ത് പ്രവർത്തിക്കുന്ന ശ്രീ. ഉമ്മൻചാണ്ടി, ആരാണ്, എന്താണ് എന്നുള്ളത് എല്ലാവർക്കും അറിയാം. അദ്ദേഹത്തിന് സ്വകാര്യതയില്ല എന്നുള്ളതും എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അദ്ദേഹം 24 മണിക്കൂറിൽ 18 മണിക്കൂറും പൊതുജനങ്ങൾക്കുവേണ്ടി ജീവിക്കുന്ന ആളാണ്. ആൾക്കൂട്ടത്തിന് നടുവിൽ ജീവിക്കുന്ന ആളാണ്. അദ്ദേഹം ധനകാര്യവകുപ്പുമന്ത്രിയായിട്ടുണ്ട്, ആഭ്യന്തരവകുപ്പുമന്ത്രിയായിട്ടുണ്ട്, തൊഴിൽ വകുപ്പുമന്ത്രിയായിട്ടുണ്ട്, അധികാരസ്ഥാനങ്ങൾ നിയന്ത്രിക്കുന്ന ആളായി അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. പക്ഷേ അങ്ങനെ പ്രവർത്തിക്കുന്ന കാലയളവിലൊന്നും അദ്ദേഹത്തെക്കുറിച്ച് എതിരാളികളടക്കമുള്ള ആളുകൾ, പ്രതിപക്ഷത്തിരിക്കുന്ന ആളുകളടക്കം ഒരു ചെറിയ അഴിമതിയാരോപണം പോലും ഉന്നയിച്ചിട്ടില്ല. അന്നൊന്നും ഇല്ലാത്ത അസഹിഷ്ണുത മുഖ്യമന്ത്രിയായപ്പോൾ അദ്ദേഹത്തോട് കാണിക്കുകയാണ്. എന്തിനുവേണ്ടിയാണ്? ശ്രീ. ഉമ്മൻചാണ്ടി ഈ സംസ്ഥാനത്തെ ദിശാബോധത്തോടു കൂടി നയിക്കുന്നു, ഈ സംസ്ഥാനം മുന്നോട്ടു പോകുന്നു. അതുകൊണ്ടാണ് ശ്രീ. ഉമ്മൻചാണ്ടിക്കെതിരായി അഴിമതിയാരോപണങ്ങൾ ഉന്നയിക്കുന്നത്. ശ്രീ. ടി. എം. ജേക്കബ് ഇവിടെ വെല്ലുവിളിച്ചു, നിങ്ങളാരും ഇവിടെ കാണുകയില്ല, ഞങ്ങളൊക്കെ കാണുമെന്നുപറഞ്ഞു. അതൊക്കെ ജനവിധിയെ ആശ്രയിച്ച് കടന്നുവരേണ്ടതാണ്. ഞാൻ തോററിട്ടും ജയിച്ചിട്ടുമുള്ള ആളാണ്. പക്ഷെ ഒരു കാര്യം സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു ഇൻഡ്യൻ കറൻസിക്ക് വിലയുണ്ടെങ്കിൽ ജയിച്ചുകളയാമെന്നുള്ള അഹങ്കാരത്തിന്റെ ധ്വനി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കാണുന്നു. അതൊക്കെ എത്രമാത്രം നല്ലതാണെന്ന് ആലോചിക്കണമെന്നു മാത്രമേ ഈ അവസരത്തിൽ എനിക്ക് അദ്ദേഹത്തോട്

LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിക്കാനുള്ളൂ. എല്ലാവരും ഇവിടെ സമരത്തെക്കുറിച്ച് പറഞ്ഞു. അക്രമസമരമല്ലേ ഇവിടെ നടന്നത്? അക്രമസമരം നടക്കുമ്പോൾ ആ സമരത്ത എങ്ങനെ നേരിടണം? കേരളത്തിലെ പത്രങ്ങളായ പത്രങ്ങൾ മുഴുവൻ എന്താണ് എഴുതിയത്? അക്രമസമരത്തെക്കുറിച്ചാണ് കേരളത്തിലെ പത്രങ്ങൾ മുഴുവൻ റിപ്പോർട്ട് ചെയ്തത്. മുഴുവൻ പത്രങ്ങളും ഇത് അക്രമസമരം എന്ന് പറഞ്ഞുകൊണ്ടാണ് വന്നത്. ഇത് ഞങ്ങൾ മാത്രം പറഞ്ഞതല്ല. ഇവിടെ ക്രമസമാധാനത്തെക്കുറിച്ചൊക്കെ സി. പി. ഐ. യുടെ ചില നേതാക്കൾ സൂചിപ്പിക്കുകയുണ്ടായി. എ.ഐ.എസ്.എഫ്. എന്താണ് പറഞ്ഞത്? ആലപ്പുഴ എ.ഐ.എസ്.എഫ്.പ്രവർത്തകരെ വ്യാപകമായി എസ്. എഫ്.ഐ. ആക്രമിക്കുന്ന സാഹചര്യത്തിൽ എസ്. എഫ്.ഐ.യുമായുള്ള സഖ്യത്തെക്കുറിച്ച് പുനരാലോചന നടത്തുമെന്ന് എ.ഐ.എസ്.എഫ്. സംസ്ഥാന പ്രസിഡന്റ് ശ്രീ. ലിജു ജമാൽ അറിയിച്ചു. ഇതിനായി 26-ന് തിരുവനന്തപുരത്ത് സംസ്ഥാനതലയോഗം ചേരും. എസ്. എഫ്.ഐ. ആക്രമണത്തെ ശക്തമായി നേരിടുമെന്നും ലിജു പറഞ്ഞു. എ.ഐ.എസ്.എഫ്. സംസ്ഥാന സെക്രട്ടേറിയററ് അംഗവും ആലപ്പുഴ ജില്ലാ സെക്രട്ടറിയുമായ പി.എസ്.എം. ഹുസൈനെ എസ്. എഫ്.ഐ. വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ചു. വ്യാഴാഴ്ച രാത്രി സി.പി.ഐ. ജില്ലാ കമ്മിററി ഓഫീസിനടുത്തുവച്ചാണ് പി.എസ്.എം. ഹുസൈൻ, ജില്ലാകമ്മിററി അംഗം സജീർ എന്നിവരെ 25-ഓളം എസ്. എഫ്.ഐ. അക്രമികൾ വെട്ടിയത്. വടിവാളും കമ്പിപ്പാരയും കല്ലുമുപയോഗിച്ചാണ് ആക്രമണം. ഇരുവരും ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലാണ്. ഇത് എ.ഐ.എസ്.എഫ്.-യുടെ പ്രസ്താവനയാണ്. ഞങ്ങളാരും പറഞ്ഞതല്ല, എ.ഐ.എസ്.എഫിന്റെ അഭിപ്രായം അതാണ്. ഈ സമരത്തെ എങ്ങനെ നേരിടണമെന്നാണ് ഇവർ ആലോചിക്കുന്നത്? കല്ലേറും കുഴിബോംബുമൊക്കെയായി ആക്രമിക്കാൻ വരുമ്പോൾ ലാത്തിയും ജലപീരങ്കിയുമൊക്കെയുള്ള പോലീസല്ല വേണ്ടത്, സംഗീത അധ്യാപകരെ അവരെ നേരിടാൻ നിയോഗിക്കണമെന്നാണ് ഇപ്പോൾ ഇടതുപക്ഷം പറയുന്നത്. ഇതൊക്കെ എത്രമാത്രം അംഗീകരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിയും? ഇന്നലെ ഇവിടെ ശ്രീ. മത്തായി ചാക്കോയും ശ്രീ. ടി. കെ. ദേവകുമാറുമൊക്കെ ഞങ്ങളുടെ പൊരുതുന്ന വിദ്യാർത്ഥി സമൂഹം ഇതൊന്നും സമ്മതിക്കില്ല എന്നുപറഞ്ഞു വികാരം കൊള്ളുന്നത് കണ്ടു. ഇവിടെ പോലീസ് അക്രമത്തക്കുറിച്ചല്ല പറഞ്ഞത്. ഞാൻ ചോദിക്കുന്നു, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായ പരുമല പമ്പാ കോളേജ് സംഭവം നിങ്ങൾ മറന്നുപോയോ? എ.ബി.വി.പി. യുടെ മൂന്ന് വിദ്യാർത്ഥി സുഹൃത്തുക്കളെ മാർക്സിസ്റ്റുകാർ അടിച്ചോടിച്ച് പമ്പയാററിന്റെ അഗാധതയിലേക്ക് തള്ളിച്ചാടിച്ച് അവിടെനിന്നും ഇഷ്ടിക എറിഞ്ഞ് കൊന്നില്ലേ? നിഷേധിക്കാൻ കഴിയുന്ന കാര്യമാണോ? അതുമാത്രമാണോ, അതുകഴിഞ്ഞ് പ്രതിപക്ഷനേതാവ്, അന്നത്തെ എൽ. ഡി. എഫ്. കൺവീനർ ശ്രീ. വി. എസ്. അച്ചുതാനന്ദൻ പത്രക്കാരോട് പറഞ്ഞതെന്താണ്? ആ മൂന്നു കുട്ടികൾ മുങ്ങി മരിച്ചത് പാന്റിന്റെ പോക്കററിൽ വെള്ളം കയറിയിട്ടാണ് എന്നുപറഞ്ഞത് മറക്കാൻ കഴിയുമോ? വിദ്യാർത്ഥി സമൂഹത്തിന്റെ പോരാട്ടത്തോട് ഐക്യദാർഢ്യം പ്രഖ്യാപിക്കാനുള്ള ഒരു ആവേശം കാണുമ്പോൾ ഇത്തരം കാര്യങ്ങളൊന്നും മറക്കരുത് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇന്നലെ ശ്രീ. ജോണി നെല്ലൂർ പ്രസംഗിച്ചപ്പോൾ ഞങ്ങളുടെ പാർട്ടി ലീഡർ ശ്രീ. കെ. എം. മാണിയെക്കുറിച്ചും അദ്ദേഹത്തിന് കൊടുത്ത

LIBRARY ARCHIVES Kerala Legislative Assembly

നിവേദനം പോയതിനെക്കുറിച്ചുമൊക്ക ഇവിടെ സൂചിപ്പിച്ചു. ശ്രീ. കെ. എം. മാണി എത്രയോ നാളായി മന്ത്രിയായിട്ടിരിക്കുന്ന ഒരാളാണ്. ഈ കാര്യത്തിൽ പരിണതപ്രജ്ഞനായ ഒരാളാണ്. അതിന് ശ്രീ. ജോണി നെല്ലൂരിന്റെ സർട്ടിഫിക്കററിന്റെ ആവശ്യമുണ്ടോ? എനിക്ക് ശ്രീ. ജോണി നെല്ലൂരിനോട് പ്രത്യേകിച്ച് അത്തരം കാര്യത്തെക്കുറിച്ചൊന്നും പറയാനില്ല. ശ്രീ. കെ. എം. മാണിക്കു കൊടുത്ത നിവേദനം എങ്ങനെയാകും? അതിനകത്ത് ശ്രീ. കെ. എം. മാണിയുടെ എഴുത്തുണ്ടോ? ഒന്ന് കാണിക്കാമോ? എന്തെങ്കിലും രണ്ടു കടലാസെടുത്ത് ശ്രീ. കെ. എം. മാണിക്കു കൊടുത്ത നിവേദനമാണ്, ശ്രീ. കെ. എം. മാണി നിസ്സഹായാവസ്ഥയിലാണ്, De jure, De facto എന്നൊക്കെ പറഞ്ഞു. ഇവിടെയിപ്പോൾ പ്രതിപക്ഷത്ത് De jure ആയി പ്രവർത്തിക്കുന്നത് ആരാണ്? നിങ്ങളല്ലേ? ശ്രീ. ജോണി നെല്ലൂരിന്റെ മനസ്സ് നമുക്കറിയാം, ഒരു കുഴപ്പവുമില്ല. കാരണം ഉമ്മൻചാണ്ടി മന്ത്രിസഭയിൽ നിന്നും പുറത്താക്കിയപ്പോൾ ശ്രീ. ടി. എം. ജേക്കബ് പ്രതിഷേധക്കുറിപ്പു കൊടുക്കാൻ വേണ്ടി ശ്രീ. ജോണി നെല്ലൂരിനെ അന്വേഷിച്ചു, ഒരാഴ്ചത്തേക്ക് കണ്ടില്ല. അപ്പോൾ ശ്രീ. ടി. എം. ജേക്കബ് ഇല്ലെങ്കിലും ഞാനായാലും മതിയെന്നുള്ളതായിരുന്നു ശ്രീ. ജോണി നെല്ലൂരിന്റെ മനസ്സിൽ. അതൊക്കെ ഞങ്ങൾക്കറിയാം. പിന്നെ ഇപ്പോൾ മുന്തിരിങ്ങ പുളിക്കും. അതു നമ്മൾ നാളുകളായി കേൾക്കുന്ന കാര്യമാണ്. അതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. അതിനൊക്കെ ശേഷിയുള്ള പാർട്ടിയാണ് കേരള കോൺഗ്രസ് എന്ന് ബഹുമാനപ്പെട്ട ജോണി നെല്ലൂരിനെ ഓർമ്മിപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇവിടെ എന്തെല്ലാം കാര്യങ്ങൾ പറഞ്ഞു?. സ്ത്രീ പീഡനം, സ്ത്രീകൾക്ക് രക്ഷയില്ല, ഇത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ കുററപത്രത്തിൽ പറഞ്ഞകാര്യങ്ങളാണ്. സ്ത്രീകൾക്കെതിരായ പീഡനത്തെക്കുറിച്ചൊക്കെ ഇവിടെ പറഞ്ഞു. ഇവിടെ ഇന്ന് ശ്രീ. എ. കെ. ബാലൻ പ്രസംഗിച്ചപ്പോൾ പീഡനത്തിനിരയായവരുടെ ലിസ്റ്റിനെക്കുറിച്ച് പറഞ്ഞു. അതിൽ കവിയൂർ നാരായണൻ നമ്പൂതിരിയുടെ മകളുടെ കാര്യം പറഞ്ഞില്ല. ഞാൻ ബഹുമാനപ്പെട്ട എ. കെ. ബാലനോട് ചോദിക്കുകയാണ്. അനഘ, ആ പേര് നിങ്ങൾക്ക് ഓർമ്മയില്ലേ? അനഘ പീഡിപ്പിക്കപ്പെട്ടില്ല എന്ന് ആരാണ് പറഞ്ഞത്? ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ. അനഘ പീഡിപ്പിക്കപ്പെട്ടിട്ടില്ല എന്ന് ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ പത്രസമ്മേളനം നടത്തി പറഞ്ഞു. ആക്ഷേപം വന്നപ്പോൾ എന്താണ് പറഞ്ഞത്? ഡി.ജി.പി. പറഞ്ഞതുകൊണ്ടാണ് ഞാൻ പറഞ്ഞതെന്നാണ്. അപ്പോൾ ഡി.ജി.പി.യുടെ വാക്കുകൾ വിശ്വാസയോഗ്യമാണ് എന്നല്ലേ ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ പറഞ്ഞത്? ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു കാര്യം കൂടി പറയാൻ ആഗ്രഹിക്കുന്നു. അനഘ പീഡിപ്പിക്കപ്പെട്ടിട്ടില്ല എന്നു പറയുന്ന മഹിളാ അസോസിയേഷന്റെ നേതാവ് ശ്രീമതി പി. കെ. ശ്രീമതി ടീച്ചറാണ്, ഇവിടെയിപ്പോൾ സി. ബി. ഐ. അന്വേഷണം വന്നിട്ടുണ്ട്; പത്രങ്ങളിൽ വന്ന റിപ്പോർട്ടുകൾ ശരിയാണെങ്കിൽ അനഘ പീഡിപ്പിക്കപ്പെട്ടു എന്നാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണം. പോലീസ് ഉൾപ്പെടെയുള്ള ആളുകൾ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കണമെന്ന് സൂചിപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. അതോടൊപ്പംതന്നെ ഈ കേസുമായി ബന്ധപ്പെട്ടാണല്ലോ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വി.ഐ.പി. പരാമർശം നടത്തിയത്. അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

ഇതിനുശേഷം പ്രസംഗിക്കുന്നുണ്ട്. പ്രസംഗിക്കുമ്പോൾ എങ്കിലും ആ വി.ഐ.പി. ആരാണെന്ന് വെളിപ്പെടുത്താനുള്ള ഒരു സാമാന്യ മര്യാദ പ്രകടിപ്പിച്ചാൽ നല്ലതായിരിക്കുമെന്ന് ഈ അവസരത്തിൽ വിനയപൂർവ്വം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ മറ്റൊരു കാര്യം സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട അച്ചന്മാരോട് എന്തൊരു സ്നേഹമാണ്? കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റു പാർട്ടിയുടെ ആളുകൾ അച്ചന്റെ താടി പിടിച്ചൊക്കെ ഇങ്ങനെ അഭിനയിച്ചു കാണിക്കുന്നത് കണ്ടപ്പോൾ എനിക്ക് വലിയ സഹതാപം തോന്നി. ശ്രീ. ജോണി നെല്ലൂരിന് നെഞ്ചുപൊട്ടി, ശ്രീ. പി. സി. ജോർജ്ജിന് വലിയ വിഷമം. അച്ചന്മാർക്കെതിരെ പ്രസ്താവന ഇറക്കിയ ആളാണ് ശ്രീ. പി. സി. ജോർജ്. എന്താണ് സ്ഥിതി? ഇന്നലെ പറഞ്ഞ കാര്യങ്ങളൊന്നും ഞാനിവിടെ ആവർത്തിക്കുന്നില്ല. എസ്. ബി. കോളേജിൽ അച്ചൻ അടക്കമുള്ള ആളുകളെ അടിച്ചില്ലേ? അങ്കമാലി ലിററിൽ ഫ്ളവർ ആശുപത്രി അടിച്ചു തകർത്തില്ലേ? എന്തിനാണ് പഴയ കാര്യങ്ങൾ? അച്ചന്മാർ നടത്തുന്ന പുഷ്പഗിരി മെഡിക്കൽ കോളേജ് അടിച്ചു തകർത്തില്ലേ? അതു മാത്രമാണോ? അച്ചന്മാരുടെ കാര്യം പറഞ്ഞപ്പോൾ ഇത്രയും വലിയ വിഷമം. സാക്ഷാൽ ക്രിസ്തുവിനെ അപകീർത്തിപ്പെടുത്തുന്ന ആറാം തിരുമുറിവ് എന്ന നാടകം ശ്രീ. പി. ജെ. ആന്റണി അവതരിപ്പിച്ചപ്പോൾ ക്രിസ്തീയ വിശ്വാസികളുടെ ഭാഗത്തുനിന്നും പ്രതിഷേധമുണ്ടായി. അന്ന് ആവിഷ്കാര സ്വാതന്ത്ര്യമാണത് എന്നുപറഞ്ഞുകൊണ്ട് ക്രിസ്തുവിനെ അധിക്ഷേപിക്കുന്ന തരത്തിലുള്ള നാടകം അവതരിപ്പിക്കാൻ കോപ്പുകൂട്ടിയ ആളുകളാണ് ഇപ്പോൾ ഈ താത്പര്യങ്ങൾ പറഞ്ഞുകൊണ്ട് ഇറങ്ങിയിരിക്കുന്നത്. അതുകൊണ്ട് ഈ കാര്യങ്ങളൊന്നും വിലപ്പോകില്ലെന്നുമാത്രം ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുന്നു. ശ്രീ. ഉമ്മൻ ചാണ്ടി നയിക്കുന്ന ഗവൺമെന്റ് കേരളത്തെ പുരോഗതിയിലേക്ക് നയിക്കുന്ന ഒരു ഗവൺമെന്റാണ്. ആ ഗവൺമെന്റ് ഈ കേരളത്തെ മുന്നോട്ടു നയിക്കുമെന്ന കാര്യത്തിൽ എനിക്ക് ഒരു സംശയവുമില്ല. കാരണം അത്രമാത്രം നടപടികളുമായി മുന്നോട്ടു പോകുന്ന ഒരു ഗവൺമെന്റാണിത്. 'ബഹുദൂരം അതിവേഗം' എന്ന മുദ്രാവാക്യം അക്ഷരാർത്ഥത്തിൽ നടപ്പിലാക്കുന്ന മുഖ്യമന്ത്രിയാണ് ശ്രീ. ഉമ്മൻ ചാണ്ടി. സൂപ്പർമാനോ സ്പൈഡർമാനോ ആണെന്ന് ഞാൻ പറയുന്നില്ല, പക്ഷേ വിസ്മയിപ്പിക്കുന്ന വേഗതയിലും കരവിരുതിലുമാണ് ശ്രീ. ഉമ്മൻ ചാണ്ടി പ്രവർത്തിക്കുന്നത്. ശ്രീ. ഉമ്മൻ ചാണ്ടി എന്നു പറഞ്ഞാൽ അർത്ഥം ഉടൻ നടപടി എന്നാണ്. ഉടൻ നടപടി എന്നുള്ളതിന്റെ പര്യായമായി ശ്രീ. ഉമ്മൻ ചാണ്ടി മാറിയിരിക്കുന്നു. ഇത്തരത്തിൽ ഉണരുന്ന കേരളത്തിന്റെ ഉൾക്കരുത്തുള്ള നേതാവായി ശ്രീ. ഉമ്മൻ ചാണ്ടി മാറിയിരിക്കുകയാണ്. ജനമനസ്സുകളിൽ അദ്ദേഹത്തിന് സ്ഥാനമുണ്ട്. പദവികളും പത്രാസും നോക്കാതെ ജനപഥങ്ങളിൽ നിന്ന് ജനപഥങ്ങളിലേക്ക് തീർത്ഥയാത്ര നടത്തുന്ന ശ്രീ. ഉമ്മൻ ചാണ്ടി നയിക്കുന്ന ഈ ഗവൺമെന്റ്, ജനങ്ങളുമായി ബന്ധപ്പെട്ടു നിൽക്കുന്ന ഈ ഗവൺമെന്റ്, ശക്തമായി മുന്നോട്ടുപോകും. ആ ഗവൺമെന്റിനെതിരെ ഓരിയിടുന്നതുപോലെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് ആ ഗവൺമെന്റിന്റെ പ്രവർത്തനക്ഷമതയെ തകർക്കാമെന്ന് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ അതവർക്കു തെററിപ്പോയി എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഈ അവിശ്വാസപ്രമേയത്തെ ഒരിക്കൽക്കൂടി അതിശക്തമായി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. തോമസ് : സർ, I raise a Point of Order. ഇവിടെ ശ്രീ. ടി. എൻ. പ്രതാപൻ സംസാരിച്ചതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ടി. എം. ജേക്കബ് ഒരു കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. അദ്ദേഹത്തിന്റേയും ഭാര്യയുടേയും സ്വത്തുക്കളാണ് മകന്റെ പേരിൽ കൊടുത്തതെന്നു പറഞ്ഞു. ഞാൻ രേഖയിൽ തെററ് കടക്കാതിരിക്കാൻ വേണ്ടി ചൂണ്ടിക്കാണിക്കുകയാണ്. ശ്രീ. ടി. എൻ. പ്രതാപൻ ഇവിടെ വായിച്ചതൊക്ക മേരിക്കുട്ടി, മത്തായി, ചാണ്ടി, കൃഷ്ണൻകുട്ടി എന്നിവർ കൈമാറി കൊടുത്തതായിട്ടാണ് പറഞ്ഞത്. അത് എങ്ങനെയാണ് ശ്രീ. ടി. എം. ജേക്കബിന്റെ ഭാര്യയും അതുപോലെതന്നെ ബന്ധുക്കളുമൊക്കെ ആകുന്നത്? അത് തെററായിട്ടുള്ള ഒരു പ്രസ്താവനയാണ്. ശ്രീ. ടി. എൻ. പ്രതാപൻ ഇവിടെ അനൂപ് ജേക്കബിന്റെ പേരിൽ കൊടുത്ത സ്ഥലത്തെ സംബന്ധിച്ച് വായിച്ചപ്പോൾ വ്യക്തമായ രേഖ പറഞ്ഞിരുന്നു ....(ബഹളം)...................

മി. സ്പീക്കർ : ഇവർ രണ്ടുപേരും പറഞ്ഞത് രേഖയിലുണ്ട്. അതിൽ ആരും disturb ചെയ്തിട്ടില്ല, വ്യാഖ്യാനങ്ങളൊന്നും വേണ്ട. It is a closed chapter.

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ പറഞ്ഞല്ലോ ഇത് അന്വേഷിക്കാം. ഞാനും എന്റെ ഭാര്യയുമൊക്കെ income tax കൊടുക്കുന്നവരാണ്. ഇതിനെല്ലാം property statement ഉണ്ട്. അതുപോലെ തന്നെ നിയമം അനുസരിച്ച് രണ്ടുവർഷം കൂടുമ്പോൾ property statement ഗവർണർക്ക് കൊടുക്കണം. അതും കൊടുത്തിട്ടുണ്ട്. ഇതെല്ലാം രേഖയുള്ളതാണ്. അതുകൊണ്ട് ശ്രീ. പി. ടി. തോമസ് കൂടുതലൊന്നും പഠിപ്പിക്കാൻ നിൽക്കേണ്ട. ഞാൻ പറഞ്ഞതു തന്നെയാണ്, നമുക്കൊരു കാര്യം ചെയ്യാം നിയമസഭാ കമ്മിററിയിൽ ഇതും കൂടി വയ്ക്കാം. എന്നിട്ട് രണ്ടും കൂടി നമുക്ക് അന്വേഷിക്കാം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ഞാൻ ഈ അവിശ്വാസപ്രമേയത്തെ എതിർക്കുകയാണ്. ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റും ശ്രീ. ഉമ്മൻ
1.00 P.M.] ചാണ്ടിയുടെ ഗവൺമെന്റും വന്നതിനുശേഷം അവിശ്വാസപ്രമേയം അവതരിപ്പിച്ചിട്ടില്ല. പക്ഷേ 100 സീററിന്റെ പിൻബലത്തോടുകൂടി അധികാരത്തിൽ വന്ന ഒരു ഗവൺമെന്റിനെ വിശ്വാസത്തിലെടുക്കുന്ന ഒരു നിമിഷം, ബഹുമാന്യനായ വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള പ്രതിപക്ഷം ഇവിടെ കാണിച്ചിട്ടില്ല. ഒരു നിമിഷം അവർ ആ ജനവിധി മാനിച്ചുവെന്നു പറയാൻ യാതൊരു വഴിയുമില്ല. ഡോ. തോമസ് ഐസക് അവിടെ ഇരിക്കുന്നു. കഴിഞ്ഞ പ്രാവശ്യം ഇവിടെ എൽ. ഡി. എഫ്. ആണ് ഭരിച്ചത്. അപ്പോൾ ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള പ്രതിപക്ഷമായിരുന്നു പ്രതിപക്ഷത്തിരുന്നത്. നിങ്ങൾ നടത്തിയതുപോലുള്ള അക്രമസമരങ്ങൾ ഞങ്ങൾ നടത്തിയിട്ടില്ല. അക്രമസമരം നടത്തി കേരളത്തിന്റെ തലസ്ഥാനത്തും ജില്ലാ ആസ്ഥാനങ്ങളിലും കൊടും ക്രൂരതയ്ക്കും കലാപത്തിനും നേതൃത്വം കൊടുത്താൽ മാത്രമേ വീണ്ടും തിരിച്ചുവരികയുള്ളൂ എന്നുള്ള വിശ്വാസത്താൽ, നിങ്ങൾ ഈ നാലു കൊല്ലവും കാണിച്ചുകൂട്ടിയ കാര്യങ്ങൾ എന്തെല്ലാമായിരുന്നു? എന്ത് ആവശ്യത്തിനായിരുന്നു അതെല്ലാം കാണിച്ചത്? ശ്രീ. എ. കെ. ആന്റണിയുടെ

LIBRARY ARCHIVES Kerala Legislative Assembly

നേതൃത്വത്തിലുള്ള പ്രതിപക്ഷം ഇവിടെ ഇരുന്നപ്പോൾ അക്രമസമരങ്ങൾ, ഒരൊററ നെഗററീവ് സമീപനം പോലും ഞങ്ങൾ എടുത്തിട്ടില്ല. ഡോ. തോമസ് ഐസക് പ്ളാനിംഗിന്റേയും ജനകീയാസൂത്രണത്തിന്റേയും പരിപാടികളുമായി ഇറങ്ങിയപ്പോൾ, അധികാരവികേന്ദ്രീകരണത്തിനുശേഷം പഞ്ചായത്തുകളിലൊക്കെ രാഷ്ട്രീയത്തിനതീതമായിട്ടുള്ള ഒരു കൾച്ചർ ഉണ്ടാകണം, വികസനത്തിനു നമ്മൾ ഒന്നിച്ചു നിൽക്കണം എന്നൊക്കെ ഈ രാജ്യത്തു മുഴുവൻ പ്രസംഗിച്ചു നടന്നു. ആവുന്നത്ര നല്ലൊരു സമീപനമല്ലേ ഞങ്ങൾ സ്വീകരിച്ചത്. കഴിവില്ലാത്ത പ്രതിപക്ഷമെന്നു ഞങ്ങളെക്കുറിച്ച് പറഞ്ഞു. പക്ഷേ ഞാൻ പറയുന്നു, ആ പ്രതിപക്ഷം അക്രമസമരങ്ങൾ നടത്താതെ, ചെയ്യാവുന്ന കാര്യങ്ങൾക്ക് പിന്തുണ കൊടുത്തുകൊണ്ട്, സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ നടക്കട്ടെ, ജനങ്ങളുടെ കാര്യം നടക്കട്ടെ, അധികാരവികേന്ദ്രീകരണം പോലുള്ള വിഷയങ്ങളുമായി മുന്നോട്ടു പോകട്ടെ എന്നുള്ള സമീപനം കൺസ്ട്രക്ടീവായി എടുത്തുകൊണ്ട് മുന്നോട്ടു പോയിട്ടു ഞങ്ങൾക്ക് എന്ത് കുഴപ്പമാണ് പററിയത്? ഞങ്ങൾ 19 സീററിൽ തോററുവെന്ന് നിങ്ങൾ പറയുന്നു. ആ തെരഞ്ഞെടുപ്പിൽ ഞങ്ങൾ കൈവരിച്ച വിജയം ചില്ലറയാണോ? കൊടുങ്ങല്ലൂർ പോലുള്ള സീററിൽ, ഒരു കാലത്തും സി. പി. ഐ. (എം)-ഉം ഇടതുപക്ഷപ്രസ്ഥാനങ്ങളും പരാജയപ്പെടാത്ത സീററുകളിൽ നിന്നും വിജയിച്ച് 100 സീറ്റോടുകൂടി തിരിച്ചുവരാൻ കഴിഞ്ഞില്ലേ? ബഹുമാന്യനായ പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിൽ ഇപ്പോൾ നടക്കുന്ന കാര്യങ്ങളിലേക്കൊന്നു തിരിഞ്ഞുനോക്കിയാൽ എന്താണ് ഇവിടത്തെ സ്ഥിതി? ഇവിടെ പല പഠന റിപ്പോർട്ടുകളും വന്നിട്ടുണ്ട്. എല്ലാ കാലങ്ങളിലും കേരളത്തിന്റെ വികസനത്തെക്കുറിച്ച് ശരിയായ രീതിയിൽ ഗവൺമെന്റിനു അഡ്വൈസ് കിട്ടാറുണ്ട്. ആ അഡ്വൈസ് അനുസരിച്ച് ഇത്തവണ 100 സീററുകളിൽ വന്ന ഞങ്ങൾ തുടക്കം മുതൽ ഇനീഷ്യേററീവെടുത്തു ചെയ്ത കാര്യങ്ങളിൽ നിങ്ങൾ എടുത്ത സമീപനമെന്താണ്? ഇതൊരു തരം ഹിപ്പോക്രാററിക്കായിട്ടുള്ള സമീപനമാണ്. നിങ്ങൾക്ക് അറിയാം, ഇതാണ് ചെയ്യേണ്ടതെന്ന്. നിങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നതും അതു തന്നെയാണ്. എല്ലാ കാലങ്ങളിലും അധികാരത്തിൽ വരുമ്പോൾ നിങ്ങൾ ചെയ്തുകൊണ്ടിരുന്ന കാര്യങ്ങൾ അല്പം കൂടി പ്രൊഫഷണലായിട്ടു നല്ല രീതിയിൽ ഞങ്ങൾ ചെയ്യാൻ നോക്കിയപ്പോൾ, അതു മുഴുവൻ നിങ്ങൾ തടസ്സപ്പെടുത്തി. ഗ്ലോബൽ മീററിന്റെ കാര്യമെടുക്കാം. ആ ഗ്ലോബൽ മീററിൽ, എത്ര പ്രൊഫഷണലായി, എത്ര ഭംഗിയായി ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ആളുകളെ ഇവിടെ ക്ഷണിച്ചുകൊണ്ടുവന്ന് ചർച്ച നടത്തി. എല്ലാ ഡിപ്പാർട്ടുമെന്റിലും നടക്കേണ്ട വികസന പ്രവർത്തനങ്ങളിൽ ഒരു മൂന്നാം വികസന ഏജൻസിയിലൂടെ ഗവൺമെന്റിന്റെ പണം ഉപയോഗിച്ചല്ലാതെ, ലോകത്തു മുഴുവൻ ചെയ്തു കൊണ്ടിരിക്കുന്നത് അതാണ്. ലോകം മുഴുവൻ മുന്നോട്ടു പോയ്ക്കൊണ്ടിരിക്കുന്നത് അങ്ങനെയാണ്. ലോകം മുഴുവൻ വികസിക്കുന്നത് അങ്ങനെയാണ്. ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടും ബാക്കിയുള്ള കാര്യങ്ങളുമുണ്ട്. ഒരു മര്യാദ വേണ്ടേ? ആ ഗ്ലോബൽ മീററിൽ ഏററവും ബഹുമാന്യനായിട്ടുള്ള ഒരു ഗസ്റ്റായിരുന്നു ശ്രീ. വി. എസ്. അച്ചുതാനന്ദൻ. പ്രധാനമന്ത്രിയുടേയും മുഖ്യമന്ത്രിയുടേയും ഒപ്പം ഒരുവേള ബഹുമാന്യനായ പ്രതിപക്ഷനേതാവിന്റെ പ്രസൻസാണ് ഏററവും അധികം ചർച്ച ചെയ്യപ്പെട്ടത്. ഇവിടെ ഒരു പൊളിററിക്കൽ കൺസെൻസുണ്ടോ? മററു പല സ്റ്റേററുകളിലും അതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ടു തന്നെ നമ്മുടെ അയൽ സംസ്ഥാനങ്ങളായ തമിഴ്നാടും കർണ്ണാടകവും നമ്മളെയൊക്കെ പലകാര്യങ്ങളിലും ഓവർടേക്ക് ചെയ്തുകൊണ്ടിരിക്കുകയാണ്. മദ്രാസ് സിററിയിൽ മാത്രമല്ല വികസനം വരുന്നത്. അഗ്രിക്കൾച്ചറിൽ ഒരുപാടു ഡെവലപ്പ്മെന്റുണ്ട്. തൊഴിലവസരങ്ങൾ കൂടുന്നുണ്ട്. ഒരുപാടു മാററങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. പൊളിററിക്സ് എന്തുമാകട്ടെ. മുഖ്യമായും അക്കാര്യത്തിൽ അന്തർലീനമായിട്ടുള്ള ഒരു hidden consensus ആ സ്റ്റേററുകളിലൊക്കെയുണ്ട്. ആ കൺസെൻസസ് നിങ്ങളിവിടെ ഇല്ലാതാക്കിയില്ലേ? അറിയാഞ്ഞിട്ടല്ല. ഗ്ളോബൽ മീററിൽ വച്ച പ്രോജക്ടുകൾ ഓരോന്നോരോന്നായി എടുത്തു തകർക്കുകയായിരുന്നു. ഏതാണ് അല്ലാത്തത്? ഞാൻ പറയാം. സ്മാർട്ട് സിററി എടുക്കൂ. എന്താണ് സ്മാർട്ട് സിററിക്ക് എതിരായിട്ട് നടത്തുന്ന വിവാദങ്ങൾ? ഈ വിവാദങ്ങളിൽ ഒരു കഴമ്പുമില്ല. ഗ്ളോബൽ മീററിൽ വച്ച പ്രോജക്ടിനെക്കുറിച്ച് ഞാൻ പറയാം. കൊച്ചിൻ വാട്ടർ സപ്ളൈ സ്കീം. നിങ്ങൾക്കറിയാമോ? വൈപ്പിൻകരയിൽ ഇപ്പോഴും കുടിവെള്ള പ്രശ്നമില്ലേ? രാത്രി മൂന്നു മണിക്ക് നമ്മുടെ സഹോദരിമാർ കുടവുമായി പൈപ്പിൻ ചുവട്ടിൽ കാത്തു നിൽക്കുന്ന കാഴ്ച നമ്മളെ വേദനപ്പെടുത്തുന്നുണ്ട്: രാഷ്ട്രീയക്കാർ സംസാരിച്ചിട്ടു പോയില്ലേ? നമുക്കാർക്കെങ്കിലും എന്തെങ്കിലും ചെയ്യാൻ പററിയോ? കൊച്ചിയിലെ കുടിവെള്ളപ്രശ്നം മുഴുവൻ പരിഹരിക്കാമായിരുന്നു. ആ വാട്ടർ സപ്ളൈ സ്കീം അവിടത്തെ കൊമേഴ്സ്യൽ സ്ഥാപനങ്ങൾ പേ ചെയ്തു വാങ്ങിക്കോട്ടെ. നിങ്ങളുടെ കാലത്ത് ആവുന്നത്ര ആളുകളെ കിട്ടാൻ വേണ്ടി ശ്രമിച്ചിട്ട് കിട്ടാതിരുന്നതല്ലേ? ഞങ്ങൾ ഗ്ളോബൽ മീററിൽ വച്ചു. മലേഷ്യയിൽ നിന്നും ഒരു കമ്പനി വന്ന് ഇന്നതു നടത്തിയിരുന്നുവെങ്കിൽ, പെരിയാറിലെ വെള്ളം കടലിലേയ്ക്ക് വെറുതെ ഒഴുകിപോകില്ലായിരുന്നു. അതുപോലെതന്നെ കൊച്ചിയിലെ വെള്ളപ്രശ്നം പരിഹരിക്കാൻ കഴിയുമായിരുന്നു. എന്തിനാണ് ആ പ്രോജക്ടിൽ വിവാദമുണ്ടാക്കിയത്? എന്തൊക്കെ വിവാദങ്ങളാണ് ആ പ്രോജക്ടിനെതിരായി നിങ്ങൾ ഉണ്ടാക്കിയത്. 250 ഏക്കർ ലാന്റ് കിൻഫ്രക്ക് കൊച്ചിയിലുണ്ട്. എത്ര പ്രാവശ്യമാണ് ഒരാളെ കിട്ടാൻ വേണ്ടി advertise ചെയ്തത് എന്നറിയാമോ? അവിടെ ഏകദേശം അഞ്ഞൂറ് ഏക്കറോളം ഭൂമി എടുത്ത് ഒരു ഐ.ടി. സിററി സ്ഥാപിക്കാൻ ഗ്ളോബൽ മീററിൽ നമ്മൾ സൈൻ ചെയ്തു. ഒരാഴ്ച കഴിഞ്ഞപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഭൂമി ചുളു വിലയ്ക്ക് കൊടുക്കാൻ പോകുന്നു എന്ന് ഒരൊററ പ്രസ്താവന. വന്ന രണ്ട് എൻ. ആർ.ഐ. ക്കാരും അതു വേണ്ടെന്നു പറഞ്ഞു ഒരാഴ്ച കഴിഞ്ഞ് പത്രസമ്മേളനം നടത്തി. മാനക്കേടു കരുതിയാണ് അവർ പത്രസമ്മേളനം നടത്തിയത്. എത്രയാളുകളാണ് ബാംഗ്ളൂർക്ക് പോയതെന്നറിയാമോ? എത്ര ആളുകളാണ് മററു സ്ഥലങ്ങളിലേയ്ക്കു പോയതെന്ന്, നിങ്ങൾക്കു വല്ല concern-ഉം ഉണ്ടോ? യാതൊരു concern-ഉം ഇല്ല. ഈ നാലു കൊല്ലത്തിനുള്ളിൽ ഈ സംസ്ഥാനത്ത് ഇതിന്റെ പേരിൽ എത്രമാത്രം ദോഷം വന്നു എന്ന് വല്ല concern-ഉം ഉണ്ടോ? എന്തെല്ലാം പ്രസ്താവനകളാണ് ഇറക്കിക്കൊണ്ടിരിക്കുന്നത്? പൂട്ടിക്കുമെന്നല്ലേ? സ്മാർട്ട് സിററിയുടെ കാര്യത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതെന്താണ്? ഉദ്യോഗസ്ഥൻമാർക്ക് ജയിലിൽ പോകേണ്ടിവരും എന്നാണ്. എന്തൊരു മര്യാദകേടാണ്. ദുബായിൽ ഉള്ളതും നമ്മളെപ്പോലെ ഒരു ഗവൺമെന്റാണ്. ഇന്നിവിടെ ശ്രീ. ടി.എം. ജേക്കബ് സംസാരിച്ചപ്പോൾ രണ്ടു മൂന്നു

LIBRARY ARCHIVES Kerala Legislative Assembly

ആളുകളുടെ പേരൊക്കെ പറഞ്ഞു. രണ്ടു കൊല്ലത്തോളം ഈ സ്മാർട്ടു സിററിക്കുവേണ്ടി ദുബായിൽ ചെന്ന് അശ്രാന്ത പരിശ്രമം നടത്തിയത് ഞാനാണ്. ഞാൻ ഹാൻഡ് ഓവർ ചെയ്തതിനുശേഷമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിപോലും ഇക്കാര്യം അറിയുന്നത്. ഞാൻ ഉത്തമവിശ്വാസത്തോടുകൂടി പറയുന്നു, ആന്ധ്രാപ്രദേശും തമിഴ്നാടും നമ്മളും ഭയങ്കരമായി മത്സരിച്ച ഒരു പ്രോജക്ടാണ്. ആന്ധ്രാപ്രദേശ് ഗവൺമെന്റ് എന്തും കൊടുക്കാൻ തയ്യാറായിരുന്നു. നമ്മൾ ഐ.ടി. പോളിസിയൊക്കെ പ്രഖ്യാപിച്ച്, അവിടെ ചെന്ന് പ്രസന്റേഷനൊക്കെ നടത്തുന്നതു കണ്ടപ്പോൾ ശ്രീ. ചന്ദ്രബാബുനായിഡു നേരിട്ട് അവിടെ വന്ന് ഇന്റർനെററ് സിററിയുടെ അധികൃതരുമായി ചർച്ച നടത്തി. അതു കിട്ടാൻ വേണ്ടി വലിയ ഓഫർ വച്ചു. തമിഴ്നാടും അതുപോലെ ചെയ്തു. അങ്ങനെ മലയാളികൾക്ക് അഭിമാനിക്കാൻ കഴിയുമായിരുന്ന ഒരു പ്രോജക്ടിനെ വർത്തമാനം പറഞ്ഞ് നിങ്ങൾ കുളമാക്കി വച്ചില്ലേ? ഇതു ദുബായ് ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ളതാണ്. എന്നിട്ട് തലനാരിഴ കീറി പരിശോധിക്കുകയാണ്. ഇതു ഗവൺമെന്റിന്റേതാണോ ഇതിന്റെ പിന്നിൽ വല്ലതുമുണ്ടോ? രണ്ടു മൂന്നു മലയാളികളുടെ പേരു പറഞ്ഞു. അവരൊക്കെ അവിടെ എംപ്ലോയിഡ് ആയിട്ടുള്ള ആളുകളാണ്. ചർച്ച നടത്താൻ വന്നവരുടെ കൂട്ടത്തിൽ മലയാളികളും കാണും. എന്തു അഴിമതിയാണ് ഇവിടെ നടക്കാൻ പോകുന്നത്? എന്തിനാണ് ഇങ്ങനെ പറയുന്നത്? സ്മാർട്ട് സിററി ഇവിടെ പാടില്ലെന്ന് ഒരു നാണവുമില്ലാതെ പറയുകയാണ്. ദുബായിൽ എത്ര മലയാളികളാണ് ജോലി ചെയ്യുന്നത്. അവിടെ ജാതിയും മതവുമുണ്ടോ? ഈ സമീപനമെടുത്താൽ നിങ്ങൾ എവിടെ എത്തും? ഈ സമീപനം മാററണ്ടേ? ഇതെല്ലാംകൊണ്ട് കേരളത്തിലെ ജനങ്ങളാണ് വിഷമിക്കുന്നത്. ഇതുപോലെതന്നെ പ്രോജക്ടുകളുടെ കാര്യം. കടൽ മണൽ പ്രോജക്ട് വിവാദമുണ്ടായല്ലോ, നമുക്ക് ചർച്ചചെയ്യാമായിരുന്നു. അപ്പോൾ പല അഭിപ്രായവ്യത്യാസങ്ങളുണ്ടാകും. ഇന്നത്തെ സ്ഥിതി എന്താണ്? കേരളത്തിലെ നദികളിൽ നിന്നും മണൽ വാരുന്നതുകൊണ്ട് പാലങ്ങൾ വരെ ഇടിയുകയാണ്. കടലിൽ നിന്ന് മണലെടുത്ത് വാഷ് ചെയ്തുകൊടുത്താൽ മണലിന്റെ പ്രശ്നത്തിന് പരിഹാരമാകുമായിരുന്നു. ആ പ്രോജക്ട് വിജയകരമായി പല സ്ഥലത്തും നടത്തുന്നുണ്ട്. നമ്മുടെ സ്റ്റേററിനെ സംബന്ധിച്ച് നമുക്കൊരു ഉത്തരവാദിത്വമില്ലേ? ഇന്നലെ ഇവിടെ പ്രതിപക്ഷത്തുനിന്ന് ഒരു എം. എൽ. എ. നെഗററീവായിട്ടുള്ള സമീപനത്തെക്കുറിച്ച് പറഞ്ഞു. ശ്രീ. എ. കെ. ആന്റണി ഭരിച്ചപ്പോൾ എന്ത് ദോഷമാണ് ഉണ്ടാക്കിയത്? അദ്ദേഹം അവിടെയിരുന്നുകൊണ്ട് മണ്ടത്തരമാണോ പറഞ്ഞത്? അങ്ങനെയാണെങ്കിൽ നൂറ് സീററുമായി അധികാരത്തിൽ വരുമായിരുന്നോ? ശ്രീ. എ. കെ. ആന്റണി ഭരിച്ചപ്പോൾ ഇത്ര വലിയ അക്രമ സമരം നടത്തിയിട്ടുണ്ടോ? രാഷ്ട്രീയമെന്നു പറഞ്ഞാൽ കുറെക്കൂടി സൗഹാർദ്ദ പരമായിക്കൂടെ? ഒന്ന് പുഞ്ചിരിച്ചൊക്കെ കൈകാര്യം ചെയ്തുകൂടെ? ഇങ്ങനെ വിരോധം വളർത്തേണ്ടതുണ്ടോ? ഇങ്ങനെ അപമാനകരമായ ഒരു സ്ഥിതിയിലേയ്ക്ക് കേരള രാഷ്ട്രീയത്തെ കൊണ്ടെത്തിച്ചതിന്റെ ക്രെഡിറ്റ് ഇപ്പോഴത്തെ പ്രതിപക്ഷത്തിനാണുള്ളത്. അതിൽ യാതൊരു സംശയവുമില്ല. അതാണ് ഞാൻ പറഞ്ഞത് പ്രതിപക്ഷവും ഭരണപക്ഷവും തമ്മിലുള്ള ബന്ധം പോയി. രാഷ്ട്രീയം പറയുകയാണെങ്കിൽ പ്രതിപക്ഷം ഇപ്പോൾ വീണ്ടും അധികാരത്തിൽ വന്നതുപോലെയാണ്. അങ്ങനെയുള്ള ഒരു ഭാവമാററം കാണുന്നുണ്ട്. പ്രതിപക്ഷത്തു പത്തുനാൽപതുപേരേയുള്ളെന്നു പറഞ്ഞ് ഇങ്ങനെ അക്രമം കാണിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ നാല് വർഷം ഭരിച്ചില്ലേ? ഞങ്ങൾ ഇങ്ങനെയൊന്നും കാണിച്ചില്ലല്ലോ? നല്ല രീതിയിൽ പോകുമായിരുന്നില്ലേ. പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ പ്രതിപക്ഷം അധികാരത്തിൽ വന്നതുപോലെയായിരുന്നു. ഇപ്പോൾ ഉപതെരഞ്ഞെടുപ്പുകൂടി കഴിഞ്ഞപ്പോൾ പിന്നെ പറയുകയും വേണ്ട. നിങ്ങൾ ചരിത്രം മറക്കേണ്ട. 1991-ലെ തെരഞ്ഞെടുപ്പിന്റെ തൊട്ടുമുൻപുള്ള കാലഘട്ടം ഒന്നോർത്താൽ മതി. യു. ഡി. എഫ്. പാടേ തകർന്നു. 13 ജില്ലകളിലും നിങ്ങൾ ജയിച്ചു. ഇന്നത്തെ പാർലമെന്റ് ഇലക്ഷൻ പോലെയായിരുന്നു. പൊന്നാനിയിൽ മാത്രം ലീഗ് വിജയിച്ചതുപോലെയെന്നേ പറയാനുള്ളൂ. 13 സീറ്റിലും നിങ്ങൾ ജയിച്ചു. ലീഗാണെങ്കിൽ ഇടയ്ക്കൊന്ന് മുന്നണിയും വിട്ടു. ഡോ. കെ.സി. ജോസഫിന് അറിയാമല്ലോ? യു. ഡി. എഫ്. തകർന്ന് തരിപ്പണമായി. ഇനി ഇത് ബംഗാളാകുമെന്ന് വിചാരിച്ചുകൊണ്ടിരുന്നപ്പോഴാണ് 1991-ലെ തെരഞ്ഞെടുപ്പ്. രാജീവ്ഗാന്ധി മരിക്കുന്നതിന് മുൻപുതന്നെ പത്ത് എഴുപത്തിയാറ് സീറ്റിൽ യു. ഡി. എഫ്. ജയിക്കുമെന്ന് എല്ലാ കണക്കും എടുത്തുകൊണ്ട് പത്രങ്ങൾ പറഞ്ഞിരുന്നു. ആ ഘട്ടത്തിലാണ് രാജീവ് ഗാന്ധിയുടെ വധം നടക്കുന്നത്. അന്ന് 92 സീറ്റ് കിട്ടിയെന്നേയുള്ളൂ. അതുകൊണ്ടാണ് അടുത്ത ഭരണം നിങ്ങൾക്കു തന്നെ കിട്ടുമെന്ന് ഉറപ്പിക്കണ്ടെന്ന് ഞാൻ പറഞ്ഞത്. ഇത് ജനങ്ങളുടെ കൈയിലുള്ള കാര്യമാണ്. പഞ്ചായത്ത് തെരഞ്ഞെടുപ്പ് കഴിയട്ടെ. ഇപ്പോൾ ഈ പോയ ആളുകളെയെല്ലാംകൂടി നിങ്ങൾ എടുക്കുമോ? ആകെയൊരു ബഞ്ചാണുള്ളത്. എല്ലാപേരുംകൂടി അതിൻമേൽ കയറിയിരുന്നാൽ കുറച്ചുപേർ തെറിച്ചുപോകില്ലേ? സി. പി. ഐ. ഇതിനു മറുപടി പറയണം. ഇവർ എല്ലാംകൂടി വന്നാൽ എന്താകും കഥ? പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ചില കളികളൊക്കെ നടക്കും. കരുണാകരൻ കോൺഗ്രസ്സുകാരുമെല്ലാംകൂടി വന്നാൽ നിങ്ങൾ എന്ത് ചെയ്യും? ഇവരെയൊക്കെ എവിടെയെങ്കിലുമൊക്കെ Accommodate ചെയ്യണ്ടേ? സി. പി. ഐ. പറയാൻ കാത്തിരിക്കുകയാണ്. പറയേണ്ടിടത്ത് പറയുമെന്നാണ് എന്റെ വിശ്വാസം. പല കക്ഷികളും വളർന്ന് അതിന്റെ ഘടകങ്ങളുമായി ഇരിക്കുകയാണ്. അതിനിടയിലാണ് എല്ലാപേരുംകൂടി അപ്പുറത്തുപോയിരിക്കുന്നത്.

ഊർജ്ജവകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സി. പി. ഐ.(എം)-ഉം സി. പി. ഐ.-ഉം വാസ്തവത്തിൽ പാർലമെന്ററി വ്യാമോഹമില്ലാത്ത പാർട്ടികളാണ്. സീറ്റില്ലെങ്കിലും വിരോധമില്ലെന്നുള്ളതാണ് അവരുടെ അഭിപ്രായം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അങ്ങനെയുള്ള ത്യാഗമനോഭാവമുണ്ടെങ്കിൽ കുഴപ്പമില്ല. അല്ലെങ്കിൽ കേരള രാഷ്ട്രീയത്തിൽ എണ്ണം കുറഞ്ഞുകിട്ടും. ഇല്ലെങ്കിൽ പാർട്ടിയുടെ എണ്ണം കൂടിക്കൊണ്ടിരിക്കും. കെ. എം. മാണിസാറിനെപ്പോലെ ഉള്ളവരുടെ പാർട്ടിയുടെ എണ്ണം കൂടിക്കൊണ്ടിരിക്കും.

റവന്യൂവും, നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): നമ്മളെപ്പോലെ മഹാമനസ്ക്കരായ ആളുകളെ വേറെ എവിടെ തപ്പിയാലും കിട്ടില്ല. പോയവരെ വീണ്ടും എടുക്കും, വീണ്ടും പോകും, വീണ്ടും എടുക്കും, വീണ്ടും പോകും, വീണ്ടും എടുക്കും, വീണ്ടും പോകും, അപേക്ഷ തന്നാൽ വീണ്ടും എടുക്കും, വീണ്ടും പോകും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: എണ്ണം കൂടിക്കൂടി എവിടെയെത്തുമെന്ന് അറിയില്ല. തെരഞ്ഞെടുപ്പ് കഴിഞ്ഞിട്ട് ഇവിടത്തെ സ്ഥിതി എന്താകുമെന്ന് കാണാം. ഇവിടെ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സും ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗും, നമുക്കറിയാവുന്ന പാർട്ടികളെല്ലാമുണ്ട്. ഞങ്ങളെല്ലാപേരുംകൂടി ഒന്നിച്ചിറങ്ങിയാൽ അത്ര വലിയ മോശമൊന്നും വരില്ലെന്നാണ് ലീഗിന്റെ വിലയിരുത്തൽ. ഇപ്പോൾ കെ. പി. സി. സി. പ്രസിഡന്റ് ശ്രീ. രമേശ് ചെന്നിത്തല നേതൃസ്ഥാനത്തിരുപ്പുണ്ട്. നിങ്ങൾ ഇങ്ങനെ ഉറപ്പിക്കുന്നത് ശരിയല്ലെന്നാണ് ഞാൻ പറയുന്നത്. ഒരു തെരഞ്ഞെടുപ്പിൽ നിങ്ങൾ ജയിച്ചുവെന്ന് വിചാരിച്ച് ലോകാവസാനംവരെ വരുന്ന തെരഞ്ഞെടുപ്പുകളിലെല്ലാം ജയിക്കുമെന്ന് കണക്കുകൂട്ടുന്നത് അപകടമാണ്. പ്രതിപക്ഷ നേതാവ് ജയിക്കുമെന്ന് കണക്കുകൂട്ടിയിട്ടാണ് മാരാരിക്കുളത്ത് നിന്നത്. അവസാനം എന്ത് സംഭവിച്ചുവെന്നുള്ളത് നമ്മളെല്ലാം കണ്ടതല്ലേ? ഇപ്പോൾ കോൺഗ്രസ്സും ലീഗും തമ്മിൽ അഭിപ്രായവ്യത്യാസമൊന്നും ഇല്ല. നല്ല ബന്ധമാണ്. മുന്നണിയെല്ലാം നന്നാക്കി ഞങ്ങൾ ഇറങ്ങുകയാണ്. നിങ്ങളൊന്ന് കരുതിക്കോട്ടെയെന്ന് വിചാരിച്ച് ഞാൻ പറഞ്ഞതാണ്. ഇതത്ര എളുപ്പമാണെന്ന് കരുതേണ്ടെന്ന് വിചാരിച്ച് പറഞ്ഞതാണ്. ആമയും മുയലും പന്തയം വച്ചതുപോലെയാകും. ഇവിടെ ധനകാര്യവകുപ്പുമന്ത്രിക്കെതിരെ കലാപമാണെന്നും ഞാൻ ഡൽഹിയിൽ ശ്രീ. അഹമ്മദ് പട്ടേലിനെ കണ്ടെന്നുമൊക്കെ പറഞ്ഞു. ഇപ്പോൾ പോയപ്പോൾ ശ്രീ. അഹമ്മദ് പട്ടേലിനെ കണ്ടിട്ടേയില്ല. ധനകാര്യ വകുപ്പുമന്ത്രിക്കെതിരായി ഡൽഹിയിൽപ്പോയി പരാതി പറയേണ്ട ഒരാവശ്യവുമില്ല. അത് ഇവിടെത്തന്നെ പറഞ്ഞാൽ പരിഹാരമുണ്ടാകും. ചുറുചുറുക്കുള്ള കെ. പി. സി. സി. പ്രസിഡന്റ് ഉൽസാഹത്തോടെ വന്നിട്ടുണ്ട്. ആ ഉത്സാഹം നമുക്കുമൊക്കെ തോന്നുന്നുണ്ട്. അങ്ങിനെ ഒരു ഇറക്കം ഇറങ്ങുന്നുണ്ടെന്നുള്ള കാര്യം പറഞ്ഞെന്നേയുള്ളൂ. ഞങ്ങൾ ഇറങ്ങിയാൽ മോശമാകാൻ വഴിയില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ രാഷ്ട്രീയ കാര്യത്തിലായാലും പ്രോജക്ടിന്റെ കാര്യത്തിലായാലും അങ്ങോട്ടുമിങ്ങോട്ടും സഹകരിക്കണം. ഇവിടെ മാറാട് സംഭവമുണ്ടായി. അതുപോലെ മുത്തങ്ങ സംഭവമുണ്ടായി. മാറാട് സംഭവത്തിൽ നിങ്ങളെടുത്ത സമീപനമെന്താണ്? നാദാപുരത്ത് എട്ടൊൻപത് പേർ മരിച്ചു. ആ സംഭവത്തിൽ നിങ്ങളെടുത്ത സമീപനം ലീഗ് എടുത്തോ? എന്റെ പാർട്ടിയെന്ന നിലയിൽ അന്നത്തെ മുഖ്യമന്ത്രി എന്നെ വിളിച്ചു പറഞ്ഞു അപ്പുറത്തുമിപ്പുറത്തുമിരിക്കുന്ന ആളുകൾ മരിക്കുകയാണെന്ന്. കലാപമായി മാറുകയാണ്. ആ പ്രശ്നം തീർക്കണമെന്ന് പറഞ്ഞു. അങ്ങനെ ആ പ്രശ്നം ഒരുമിച്ച് തീർത്ത ചരിത്രമില്ലേ? ആ ഒരു സമീപനം നിങ്ങളെടുക്കാത്തതെന്താണ്? പ്രതിപക്ഷത്തിരിക്കുമ്പോൾ എന്തിനാണ് എതിർക്കുന്നത്? നാദാപുരം പ്രശ്നം വന്നപ്പോൾ നാദാപുരം കത്തട്ടെയെന്ന് നമ്മൾ വിചാരിച്ചാലോ? അപ്പോൾ ഇങ്ങനെയുള്ള സമീപനമെടുത്താൽ എന്താണ് ഉണ്ടാകാൻ പോകുന്നത്? നാദാപുരത്ത് പ്രശ്നമുണ്ടാകുന്ന സമയത്ത് ഞങ്ങൾ എടുത്ത സമീപനം ആ പ്രശ്നം കത്തിപ്പടരാൻ പാടില്ല, അത് പരിഹരിക്കണമെന്നായിരുന്നു. നിങ്ങൾക്ക് ഇങ്ങനെയുള്ള ഒരു സമീപനത്തിന്റെ എന്തെങ്കിലും ഒരു ചരിത്രമുണ്ടോ? ഇവിടെ മാറാട് പ്രശ്നമുണ്ടായപ്പോൾ നിങ്ങൾക്ക് ഇങ്ങനെ പരിഹരിക്കാൻ കഴിഞ്ഞോ? നിങ്ങൾക്ക് എത്ര

മാത്രം പ്രശ്നങ്ങളുണ്ടാക്കാൻ കഴിഞ്ഞോ അതൊക്കെയുണ്ടാക്കി. ആ പ്രശ്നം രാജ്യം കത്തുന്ന പ്രശ്നമല്ലായിരുന്നോ? പ്രതിപക്ഷനേതാവ് ഇ. കെ. നായനാർ ടൗൺ ഹാളിൽ ഒരു മീറ്റിംഗ് വിളിച്ചുകൂട്ടി, പക്ഷേ പ്രശ്നം പരിഹരിക്കാൻ സാധിച്ചില്ല. നിങ്ങളൊക്കെ കുററം പറയുന്ന ഞങ്ങൾ എല്ലാ വിഭാഗമാളുകളേയും ഒരുമിച്ചുകൂട്ടി കാര്യം പറഞ്ഞപ്പോൾ അവർക്ക് മനസ്സിലായി. ഞങ്ങൾക്കത് പരിഹരിക്കാൻ കഴിഞ്ഞു. മാറാട് കത്തിപ്പടർന്നോ? എത്ര അപകടകരമായ സംഭവമായിരുന്നു. അതിന് നിങ്ങളിൽ നിന്ന് ശരിയായ ഒരു സമീപനമുണ്ടായില്ലല്ലോ. ഇന്നലെ ഒരാൾ സംസാരിച്ചപ്പോൾ സുനാമിയുടെ കാര്യം പറഞ്ഞു. അത് പറയാൻതന്നെ നാണക്കേടാണ്. ഒരു തുറന്ന കത്ത് എഴുതിയിരിക്കുന്നു. തുറന്ന കത്തിന് മറുപടി പറയണ്ട എന്ന് വിചാരിച്ചതാണ്. ഹിന്ദു പത്രം ആ കാര്യം മുഴുവനായി എഴുതിയിട്ടുണ്ട്. അത് വായിച്ചാൽ സകല കണക്കുകളും മനസ്സിലാകും. അത് ശ്രീ. ശിഹാബ്തങ്ങളുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ് ഉള്ളത്. എല്ലാപൈസയും ആ അക്കൗണ്ടിലാണ് വരുന്നത്. മുഖ്യമന്ത്രിക്ക് ചെക്കു കൊടുത്തിട്ടുണ്ട്. കഴിഞ്ഞമാസം 24-ാം തീയതി അതിന്റെ രസീതും കിട്ടി. അതുപോലെ മ്ദനിയുടെ പ്രശ്നം പറഞ്ഞു. ലീഗിന് മ്ദനിയുടെ പ്രശ്നത്തിൽ വ്യത്യസ്തമായ നിലപാടില്ല. സത്യം പറയുകയാണെങ്കിൽ മ്ദനിയുടെ അറസ്റ്റ് നടന്നതിനു ശേഷം ആ കാര്യത്തിൽ മാനുഷികമായ ഒരു പരിഗണനവെച്ചു മാത്രമേ ഞങ്ങൾ എന്നും പെരുമാറിയിട്ടുള്ളു. വളരെ പ്രശംസിച്ചുകൊണ്ടു ജയിലിൽനിന്ന് അദ്ദേഹം അയച്ച കത്തുകളൊക്കെ എന്റെ കയ്യിലുണ്ട്. പേഴ്സണലായി എഴുതുന്ന കത്തുകളായതുകൊണ്ടാണ് അതൊന്നും പരസ്യപ്പെടുത്താത്തത്. സുപ്രീം കോടതിയിലെ കേസ്, അതു കഴിഞ്ഞ് ബി.ജെ.പി. അധികാരത്തിലിരിക്കുമ്പോൾ അദ്വാനിയെ ചെന്നു കണ്ടു ശ്രീ. ഇ. അഹമ്മദും ഞാനുംകൂടി പറഞ്ഞത്, മുഖ്യമന്ത്രിയുടെ കൂടെ പോയി തമിഴ്നാട് മുഖ്യമന്ത്രി കുമാരി ജയലളിതയെ കണ്ടു പറഞ്ഞത് ഒക്കെ എന്റെ കയ്യിലുണ്ട്. കേരള രാഷ്ട്രീയത്തിൽ മതേതരത്വം സ്വീകരിച്ചിരുന്നില്ലെങ്കിൽ ഒരുപാട് പ്രശ്നങ്ങൾ ഉണ്ടാകുമായിരുന്നു. അയോദ്ധ്യാ പ്രശ്നം ഉണ്ടായതിനുശേഷം അത് നമുക്കറിയാം. വർഗ്ഗീയ കലാപം മറ്റു സംസ്ഥാനങ്ങളിൽ ഉണ്ടായതറിയാം. ആ സാഹചര്യത്തിൽ നടന്നിരുന്ന പ്രസംഗങ്ങളേയും പ്രചരണങ്ങളേയും ഞങ്ങൾ എതിർത്തിട്ടുണ്ട്. അത് രാഷ്ട്രീയമായ എതിർപ്പാണ്. അതുകൊണ്ട് മ്ദനിയുടെ മോചനം സംബന്ധിച്ച് ഗവൺമെന്റെടുക്കുന്ന എല്ലാ നിലപാടിനും ഏത് രാഷ്ട്രീയ പാർട്ടികളെക്കാളും പിന്തുണ നൽകാൻ ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗ് തയ്യാറാണ് എന്നുള്ളത് ഇവിടെ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതുപോലെതന്നെ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ച് ഇവിടെ പല ചർച്ചകളും നടന്നിട്ടുണ്ട്. ആ ചർച്ച അവസാനഘട്ടത്തിൽ എത്തിനിൽക്കുകയാണ്. അപ്പോൾ സി. പി. ഐ. (എം)-ഉം അതുപോലെ പ്രതിപക്ഷത്തിരിക്കുന്ന ആളുകളും പിന്നോക്ക ജനവിഭാഗങ്ങളും ഈ പ്രശ്നത്തിൽ യോജിച്ച ഒരു തീരുമാനം ഉണ്ടാക്കാൻവേണ്ടി സഹായിക്കണം. ഇവിടെ പൊളിറ്റിക്സ് കളിക്കരുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് സംബന്ധിച്ച് എല്ലാ വിഭാഗങ്ങളുമായി കൂടിയാലോചന നടത്തിയത് നമുക്കറിയാം. അതുകൊണ്ട് ആരേയും വിഷമിപ്പിക്കാതെ അന്തിമമായ ഒരു തീരുമാനം അടുത്തു

LIBRARY ARCHIVES Kerala Legislative Assembly

തന്നെ ഉണ്ടാകും എന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ആ കാര്യത്തിൽ പ്രതിപക്ഷം സഹകരിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. ഇന്നിപ്പോൾ ഖജനാവിന്റെ സ്ഥിതി എന്താണ്? ഈ reforms മുഴുവൻ ഫലം ചെയ്തിട്ടുണ്ട്. ബഹളത്തിന്റെ ഇടയിലും നടത്തിയ reforms ഫലം ചെയ്തിട്ടുണ്ട്. പ്രോജക്ടുകൾ നഷ്ടപ്പെടുത്തുന്നതിനെ കുറിച്ച് ഞാൻ പറഞ്ഞു. ബി. എം. ഡബ്ളിയൂ. കമ്പനി കേരളത്തിൽ വന്നിരുന്നെങ്കിൽ പതിനായിരക്കണക്കിന് ആളുകൾക്ക് ജോലി കിട്ടുമായിരുന്നു. നിർഭാഗ്യമെന്നു പറയട്ടെ, അത് തമിഴ്നാട്ടിലേയ്ക്ക് പോകുന്നു എന്നാണ് ഇൻഫർമേഷൻ. അതുപോലെ Fashion Village എന്ന ഒരു വലിയ പ്രോജക്ട് ഉണ്ട്. അതുപോലെ എത്രയെത്ര പ്രോജക്ടുകൾ ഉണ്ട്. അതിൽ ഒന്നാണ് സ്മാർട്ട് സിറ്റി. വർത്തമാനം പറഞ്ഞു പറഞ്ഞ് അതും കളയരുത് എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. സ്മാർട്ട് സിറ്റി എന്നു പറഞ്ഞാൽ ഒരുപാട് ഇൻവെസ്റ്റ്മെന്റ് ദുബായ് ഗവൺമെന്റ് നടത്തും. ഭരണം വന്നും പോയും ഇരിക്കും. ഭരണത്തിലിരിക്കുന്ന ആളുകൾക്ക് ചെറിയ പ്രോബ്ലം ഉണ്ടാകും. എല്ലാ പേരെയും തൃപ്തിപ്പെടുത്താൻ പറ്റില്ല. അതുകൊണ്ട് ഭരണത്തിന്റെ പ്രശ്നമല്ല, ദീർഘ കാലാടിസ്ഥാനത്തിൽ സ്റ്റേറ്റിന്റെ താൽപര്യംകൂടി നോക്കണം. ഇൻഫോ പാർക്ക് ഇതിൽ ഉൾപ്പെട്ട ഒരു കെട്ടിടം മാത്രമാണ്. ഇൻഫോ പാർക്കിന്റെ സ്ട്രക്ച്ചർ മാത്രമേ ഇപ്പോൾ വന്നിട്ടുള്ളൂ. അതുകൊണ്ടുതന്നെ നാന്നൂറു കോടിയോളം രൂപ ഇൻവെസ്റ്റുമെന്റ് വരുമ്പോൾ ഇത്ര വലിയ പ്രശ്നമായി നിങ്ങൾ പൊളിറ്റിക്സ് കൊണ്ടു വന്നാൽ നമ്മുടെ ടേംസിൽ അവർ വരുമോ? അതിലും വലിയ സൗകര്യം കൊടുക്കാൻ തമിഴ്നാട് തയ്യാറാണ്.

ഡോ. തോമസ് ഐസക്: ഇൻഡ്യയിൽ ഏതെങ്കിലും സർക്കാർ Internet City-ക്ക് അവരുടെ ഏതെങ്കിലും പ്രദേശത്ത് monopoly right കൊടുക്കുമോ? Exclusive right കൊടുക്കാൻ തയ്യാറായിട്ടുണ്ടോ? അതല്ലേ അടിസ്ഥാനപരമായ പ്രശ്നം?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: Investment campaign ചെയ്യാൻ പാടില്ല എന്നൊക്കെയുണ്ടെങ്കിൽ അത് പരിശോധിക്കണം എന്നുതന്നെയാണ് എന്റെയും അഭിപ്രായം. അത് പറഞ്ഞാൽ മനസ്സിലാക്കാം. നമുക്ക് ഇനി ഭാവിയിലും വേറെ പാർക്കുകൾ വരും campaign ചെയ്യേണ്ടി വരും. പക്ഷേ നമ്മുടെ ടേംസിൽ മാത്രം അവർ വരില്ലല്ലോ. അതുകൊണ്ടാണ് നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാക്കരുതെന്ന് ഞാൻ പറയുന്നത്.

ഊർജ്ജവകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ബംഗാളിൽ ഒരു ഐലന്റ് തന്നെ 99 കൊല്ലത്തേയ്ക്ക് ഗവൺമെന്റ് കൊടുത്ത വിവരം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ബംഗാളിൽ തീരുമാനങ്ങളുടെ ഭാഗമായിട്ട് അതൊക്കെ നടപ്പിലാകും; യാതൊരു സംശയവും വേണ്ട. ഇവിടെ സംസ്ഥാനത്തിന്റെ താൽപര്യം കുറെക്കൂടി നോക്കണം. അതുപോലെ തന്നെ വികസനം നോക്കണം. ഇത്ര നെഗറ്റീവ് ആകണ്ട. ഇതേ വിഷയത്തിൽ കുറച്ചുകൂടി കൺസ്ട്രക്ടീവ് ആയിട്ടുള്ള സ്റ്റാന്റ്

LIBRARY ARCHIVES Kerala Legislative Assembly

എടുക്കാമായിരുന്നു. ഈ അവിശ്വാസപ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. കെ. സുധാകരൻ: സർ, ഞാൻ ഈ അവിശ്വാസപ്രമേയത്തെ എതിർക്കുകയാണ്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞത് ഞാൻ ഒന്നുകൂടി കൺവിൻസ് ചെയ്യുകയാണ്. അധികാരത്തിൽ എത്തി എന്ന അഹങ്കാരത്തിന്റേയും ധിക്കാരത്തിന്റേയും പുറത്താണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഈ അടിയന്തിരപ്രമേയം അവതരിപ്പിച്ചത്. വളരെ ചെറിയ കാലംകൊണ്ട് ഉണ്ടാകാവുന്ന വലിയ ഡെവലപ്മെന്റ്സ് രാഷ്ട്രീയ രംഗത്തെ എല്ലാ കണക്കുകൂട്ടലുകളും തെറ്റിക്കും. ഒരുപാട് ഉദാഹരണങ്ങൾ നമ്മുടെ മുൻപിലുണ്ട്. ഇനിയും ഞങ്ങൾക്ക് 300 ദിവസങ്ങളുണ്ട്. ഈ 300 ദിവസംകൊണ്ട് കേരളത്തിന്റെ രാഷ്ട്രീയ മണ്ഡലത്തിൽ tremendous changes വരുത്താനുള്ള തയ്യാറെടുപ്പിൽ തന്നെയാണ് യു. ഡി. എഫ്. ഭരണം നിങ്ങളുടെ കൈയിലായി എന്നുള്ള മിഥ്യാബോധമൊന്നും എന്റെ ബഹുമാന്യനായ കോടിയേരി ബാലകൃഷ്ണനും സൗഹൃദർക്കും വേണ്ട. ഈ അവിശ്വാസപ്രമേയം അവതരിപ്പിച്ചുകൊണ്ട് യു. ഡി. എഫ്. ദുർബ്ബലമായിരിക്കുന്നു, കോൺഗ്രസ്സ് ദുർബ്ബലമായിരിക്കുന്നു, ഞങ്ങളിൽ നിന്നും 9 എം. എൽ. എ. മാർ രാജി വച്ചിരിക്കുന്നു, ശ്രീ. ബാലകൃഷ്ണപിള്ളയും കോൺഗ്രസും ഒരുഭാഗത്ത് പോയിരിക്കുന്നു, ശ്രീ. ടി. എം. ജേക്കബും കോൺഗ്രസ്സും ഒരുഭാഗത്ത് പോയിരിക്കുന്നു, ശ്രീ. താമരാക്ഷനും ശ്രീ. ഷിബു ബേബിജോണും അപ്പുറത്ത് പോയിരിക്കുന്നു, ശ്രീ. എ. കെ. ആന്റണി രാജി വച്ചിരിക്കുന്നു, ഉപതെരഞ്ഞെടുപ്പിൽ നിങ്ങൾ വിജയിച്ചിരിക്കുന്നു, പാർലമെന്റിൽ ഞങ്ങൾ തോറ്റിരിക്കുന്നു എന്നൊക്കെ പറഞ്ഞു. ഞാൻ ചോദിക്കുന്നത് ഇതെല്ലാം സംഭവിച്ചിട്ടും 85 പേർ ഇവിടെയിരിക്കുന്നു എന്നതാണ് അത്ഭുതം. ഈ 85 പേരും അഞ്ചുവർഷം ഈ കേരളം ഭരിക്കാൻ തെരഞ്ഞെടുക്കപ്പെട്ടവരാണ്. ഈ 85 പേരോടും കാലം തികയുന്നതിനുമുൻപ് ഇറങ്ങിപോകണമെന്ന് പറയാൻ ശ്രീ. കോടിയേരി ബാലകൃഷ്ണന് എന്ത് അവകാശമാണുള്ളത്?

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

നിങ്ങൾ ഒരുപാട് ആരോപണങ്ങൾ ഉന്നയിച്ചില്ലേ? ശുദ്ധ നുണ, അവാസ്തവം, സത്യവിരുദ്ധം നിങ്ങൾ ഇവിടെ പറഞ്ഞില്ലേ പൊതുമരാമത്ത് വികസന പ്രവർത്തനം മരവിച്ചിരിക്കുന്നു എന്ന്. കണ്ണുപൊട്ടിയവൻ പറയുമോ കേരളത്തിലെ വികസനപ്രവർത്തനം മരവിച്ചു എന്ന്. കണ്ണൂരിൽ മാത്രം 12 പാലങ്ങൾ തീർക്കുകയും തുടങ്ങുകയും ചെയ്തില്ലേ? ഇതുപോലെ റോഡ് വികസനം നടന്ന ഒരു കാലഘട്ടം കേരളത്തിൽ ഉണ്ടായിട്ടുണ്ടോ? ബി. എം. ആന്റ് എ. സി. ടാറിംഗ് ഉപയോഗിച്ച് രാജ്യത്ത് പഞ്ഞിമെത്ത വിരിച്ചതുപോലുള്ള റോഡ് ഉണ്ടാക്കിയ കാലഘട്ടം കേരളത്തിൽ എന്നെങ്കിലും ഉണ്ടായിട്ടുണ്ടോ? ഏതുഭാഗത്ത് നോക്കിയാലും റോഡിന്റെ വികസനം. ടാറിംഗ്, പാലംപണി തുടങ്ങി റോഡ് വികസനമാണ്. എന്നിട്ട് യാതൊരു സങ്കോചവുമില്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ തന്നെ അവിശ്വാസപ്രമേയത്തിൽ പറഞ്ഞിരിക്കുന്നത് വികസന പ്രവർത്തനം മരവിച്ചിരിക്കുന്നു എന്നാണ്. നിങ്ങളുടെ കാലം ഓർത്തായിരിക്കും ഇത് പറഞ്ഞിട്ടുണ്ടാവുക. ഞങ്ങളുടെ കാലത്തുള്ളതല്ല. പിന്നെ വിലക്കയറ്റം. ഞാൻ ചോദിക്കുന്നു, വില വർദ്ധിപ്പിച്ചു എന്ന് ഈ നാലേകാൽ കൊല്ലത്തിൽ ഒരു ദിവസം നിങ്ങൾ ഈ നിയമസഭയിൽ പറഞ്ഞിട്ടുണ്ടോ? എന്റെ കൈയിൽ ചാർട്ട് ഉണ്ട്. ഏതിന്റെ വിലയാണ് ഇവിടെ വർദ്ധിച്ചത്. 2001 ജനുവരി 1-ന് 18.77 രൂപയാണ് ഒരു ലിറ്റർ ഡീസലിന്റെ വില. ഇന്ന് അത് 31.75 രൂപയായി. യു. ഡി. എഫ്. ഗവൺമെന്റല്ലല്ലോ പെട്രോളിന്റെ വില വർദ്ധിപ്പിച്ചത്. ഏതായാലും 31.75 രൂപയായിട്ടും സാധനത്തിന്റെ വില മാർക്കറ്റിൽ ഒന്നിനുപോലും കൂടിയില്ല എന്ന യാഥാർത്ഥ്യ ബോധത്തിന്റെ മുമ്പിലാണ് ഈ കേരളം. അരിയുടെ വില 2001 ജനുവരി ഒന്ന് മട്ടയരിക്ക് 13.40 രൂപയാണ്, ഇന്ന് 11.90 രൂപയാണ്. മുളകിന് നിങ്ങളുടെ പീരീഡിൽ കിലോക്ക് 33 രൂപ, ഇപ്പോൾ എത്രയാണ്, 22 രൂപ. എല്ലാ സാധനങ്ങളുടെയും വില ഞങ്ങൾ പരിശോധിച്ചു. ഞാൻ സമയക്കുറവുകൊണ്ട് പറയുന്നില്ല. വിലവർദ്ധനവ് ഇല്ലാതെ വിലവർദ്ധനവ് ഉണ്ടെന്ന് പറഞ്ഞ് അവിശ്വാസപ്രമേയം അവതരിപ്പിക്കേണ്ട ഗതികേടുണ്ടായിരിക്കുന്നു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ എന്തിനാണ് ഇത് അവതരിപ്പിച്ചത്? ക്രമസമാധാനത്തെക്കുറിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി കുറെ കാര്യങ്ങൾ പറഞ്ഞു, ഞങ്ങളുടെ കാലയളവിൽ ക്രമസമാധാനം തകർന്നു എന്നു പറയാൻ നിങ്ങൾക്ക് എന്താണധികാരം? നിങ്ങൾ അധികാരത്തിലിരുന്ന അഞ്ചുവർഷം ശ്രീ. കോടിയേരി ബാലകൃഷ്ണന് ഓർമ്മയുണ്ടോ? നിങ്ങൾ ഇപ്പോൾ ആർ. എസ്. എസ്. കാരൻ പള്ളിയിൽ കയറി അഷറഫിനെ കൊന്നു എന്നൊക്കെ പറഞ്ഞില്ലേ? എട്ടിക്കുളം പള്ളിയിലെ മുക്രിയെ കൊന്നത് ആരാ? ആരുടെ കാലത്താണ്? നിങ്ങളുടെ കാലത്ത്, നിങ്ങളാണ് കൊന്നത്. ഗോവിന്ദൻമാസ്റ്ററുടെ നിയോജകമണ്ഡലത്തിലെ തളിപ്പറമ്പ് പന്നിയൂരിൽ നടന്നത് എന്തായിരുന്നു? ഞാനെല്ലാ വീട്ടിലും പോയതല്ലേ? 52 വീടുകൾ നിങ്ങളുടെ ആളുകൾ കൊള്ളയടിച്ചില്ലേ? നാദാപുരത്ത് എന്താ നടന്നത്? ശ്രീ. വിശ്വൻ ഇവിടുണ്ടല്ലോ, നാദാപുരത്ത് നിങ്ങൾ തുടങ്ങിവച്ച അക്രമം അവസാനിപ്പിക്കാൻ ശ്രീ. വിശ്വൻ എത്തി. അവിടെ സമാധാന യാത്ര നടത്തിയില്ലേ? നിങ്ങളുടെ കാലഘട്ടത്തിൽ മനുഷ്യന്റെ തലയ്ക്ക് വിലയില്ലാത്ത അക്രമത്തിന്റെ വേലിയേറ്റമുണ്ടാക്കി, അക്രമ പരമ്പരയുണ്ടാക്കി കൊലപാതകത്തിന്റെ നടുത്തളമായി കൊച്ചു കേരളത്തെ മാറ്റി. ഉളുപ്പില്ലാതെ ഇപ്പോൾ പറയുന്നു ഇവിടെ ക്രമസമാധാനം തകർന്നു എന്ന്. അങ്ങ് പരമ്പരാഗത വ്യവസായങ്ങളെ കുറിച്ച് വിലപിച്ചല്ലോ. കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളെ തകർത്തതാരാണ്? ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സംസാരിച്ചതിന്റെ മറ്റൊരു സപ്ലിമെന്റാണ് ഞാൻ പറയുന്നത്. ആരാ തകർത്തത്? കണ്ണൂരിൽ കൈത്തറി തകർത്തതിന്റെ പിറകിലുള്ള സമരം നിങ്ങളുടെ സമരമല്ലേ? 'Crape' ഉണ്ടായകാലം ശ്രീ. കോടിയേരി നമുക്കറിയാമല്ലോ? തലശ്ശേരിയിലും, കണ്ണൂരിലും അങ്ങാടിയിൽ സാധാരണ നെയ്ത്തുകാരൻ 500-ന്റെ ഗാന്ധി നോട്ടുകൊണ്ട് മത്സ്യം വാങ്ങാൻ വന്ന കാലം ഉണ്ടായിരുന്നു. ആരാണ് തകർത്തത്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സമരം ചെയ്ത് സമരം ചെയ്ത് പരമ്പരാഗത വ്യവസായമായ കൈത്തറി വ്യവസായത്തെ നിങ്ങൾ തകർത്തില്ലേ? കയർ വ്യവസായം തകർത്തതാരാണ്? ആലപ്പുഴയിലെ കയർ വ്യവസായം നിങ്ങളല്ലേ തകർത്തത്? കയർ തൊഴിലാളികളെ പട്ടിണിക്കിട്ടവർ നിങ്ങളല്ലേ? ബീഡി വ്യവസായം തകർന്നതിന് നിങ്ങൾ ഇപ്പോൾ സങ്കടപ്പെടുകയല്ലേ? കണ്ണൂരിലെ ബീഡി എന്നുപറയുന്നത് ദിനേശ് ബീഡിയാണ്. 42,000 തൊഴിലാളികൾ ഉള്ള ദിനേശ് ബീഡി മഹത്തായ സ്ഥാപനമാണ്. ലോകത്തിന്റെ മുമ്പിൽ തൊഴിലാളി വർഗ്ഗത്തിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ പ്രതീകമായി പ്രസംഗിച്ചു നടന്നവരാണ് ഞാനും ശ്രീ. കോടിയേരി ബാലകൃഷ്ണനും. 42,000 തൊഴിലാളികളാണ് അവിടെയുള്ളത്. അന്നുമുതൽ ഇന്നുവരെ ദിനേശ് ബീഡിയുടെ ഭരണസാരഥ്യം ആരാണ് കൈകാര്യം ചെയ്തത്? സി. പി. ഐ. (എം.) അല്ലേ? സി. പി. ഐ. (എം.)-ന്റെ മാത്രം ഉള്ളംകൈയിൽ വച്ചുകൊണ്ടു നടന്ന ദിനേശ്ബീഡി എന്ന സഹകരണപ്രസ്ഥാനം തകർന്ന് ദിനേശ് ബീഡി തൊഴിലാളികൾ പട്ടിണി കിടന്നതിന്റെ ഉത്തരവാദിത്വം ആർക്കാണ്? ഉത്തരം പറയണം. 42,000 തൊഴിലാളികളുള്ള ദിനേശ് ബീഡിയിൽ 25,000 തൊഴിലാളികളെ നിഷ്കരുണം പിരിച്ചുവിട്ടില്ലേ നിങ്ങൾ? ആനുകൂല്യങ്ങൾ കൊടുത്തോ? തൊഴിലാളി വർഗ്ഗപ്രസ്ഥാനം അല്ലേ? എന്തേ ദിനേശ് ബീഡി തകരാൻ കാരണം? നിങ്ങളുടെ ദിനേശ് ബീഡിയിലെ ബീഡിത്തൊഴിലാളികൾ കൈവെള്ള തഴമ്പിച്ചുണ്ടാക്കിയ കാശ് നിങ്ങൾ സോഫ്റ്റ്വെയറിനും, എയർകണ്ടീഷൻ ആഡിറ്റോറിയത്തിനും മിസ് മാനേജ്മെന്റിലൂടെ ദുരുപയോഗം ചെയ്തിട്ട് ആ സ്ഥാപനം തകർന്ന് കൂപ്പണിഞ്ഞത് നിഷേധിക്കാൻ പറ്റുമോ? അവിടെ മാത്രമല്ല നിങ്ങൾ തൊഴിലാളികളെ പിരിച്ചുവിടുന്നത്? ദേശാഭിമാനിയിൽ പിരിച്ചു വിട്ടിരിക്കുന്നു. ദേശാഭിമാനിയിൽ 13 തൊഴിലാളികളെ പിരിച്ചുവിട്ടു. ആ തൊഴിലാളികളെ പിരിച്ചുവിടുന്നതിന് മുമ്പ് ആരാധ്യനായ വി. എസ്.-ന് വി. ആർ. എസ്. കൊടുത്തില്ലേ? ഒരു പത്രം അതിനെക്കുറിച്ച് ആലങ്കാരികമായി എഴുതിയത് അച്ചുതന്റെ അച്ചുകൂടം നഷ്ടപ്പെട്ടു എന്നാണ്. പത്രം എഴുതിയതാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദനെ പിരിച്ചു വിട്ടതിനു പുറമേ 13 തൊഴിലാളികളെക്കൂടി നിങ്ങൾ പിരിച്ചുവിട്ടില്ലേ? തിരുവനന്തപുരം യൂണിറ്റിൽ മാർഷൽ വി. സെബാസ്റ്റ്യനടക്കം 13 ആളുകളെ പിരിച്ചുവിട്ടിരിക്കുന്നു, രണ്ടുദിവസം മുമ്പ്; ശ്രീ. കോടിയേരി ബാലകൃഷ്ണൻ അറിഞ്ഞില്ലേ? അറിയണം. അത് ശ്രീ. വി. എസ്.-ന്റെ ആളാണെന്നാണ് പുറത്തെ കേൾവി. ഞാൻ ചോദിക്കുന്നു, ദീപിക പത്രത്തിലെ തൊഴിലാളികളെ പിരിച്ചുവിട്ടപ്പോൾ സി. ഐ. റ്റി. യു. നേതാവ് ഗുരുദാസ് അവിടെ സമരം ചെയ്തു. ദീപിക പിരിച്ചുവിട്ടത് വി. ആർ. എസ്. കൊടുത്ത് ആനുകൂല്യം കൊടുത്താണ്. ഇവിടെ ആനുകൂല്യവും കൊടുത്തിട്ടില്ല. അവിടെ ഗുരുദാസ് സമരം ചെയ്തോ? പ്രിയപ്പെട്ട വി. എസ്. അങ്ങയോട് ശ്രീ. പ്രതാപചന്ദ്രൻ പറഞ്ഞതുപോലെ പറയുന്നില്ല എങ്കിലും അങ്ങയോട് ബഹുമാനവും സ്നേഹവും ഉണ്ട്. ഞാൻ ഓർമ്മിക്കുന്നു 1964-ൽ പാർട്ടി പിളർന്നപ്പോൾ കമ്മിറ്റിയിൽ നിന്ന് ഇറങ്ങിവന്ന 32 പേരിൽ ജീവിച്ചിരിക്കുന്ന ഏക ദേഹമാണ് അങ്ങ്. മറ്റു രണ്ടു മലയാളികൾ കെ. പി. ആർ.-ഉം ചാത്തുണ്ണി മാസ്റ്ററുമാണ്. അവരെയൊക്കെ ഈ പാർട്ടി പുറത്തുചാടിച്ചു. 1986-ൽ ശ്രീ. എം. വി. രാഘവനെ

പുറത്താക്കി, 1995-ൽ ശ്രീമതി കെ. ആർ. ഗൗരിയമ്മയെ പുറത്താക്കി. 2006-ൽ അങ്ങ് ഞങ്ങളോടൊപ്പം വരും എന്ന പ്രതീക്ഷയിൽ ഞങ്ങൾ കാത്തിരിക്കുന്നു. പ്രൊ. സാവിത്രി ടീച്ചർ ഇന്നലെ നിയമസഭയിൽ പ്രസംഗിച്ചപ്പോൾ ശ്രീ. എം. വി. ജയരാജനും മറ്റും വെളിച്ചപ്പാട് ഉറഞ്ഞു തുള്ളുന്നതുപോലെ ഈ ട്രഷറി ബഞ്ചിനു നേരെ ചീറിയടുക്കുന്നതു കണ്ടു. പേടിപ്പിക്കാനാണല്ലോ? ശ്രീ. ടി. കെ. ദേവകുമാർ ഭീഷണിപ്പെടുത്തി, ഞാൻ ഒന്നേ ചോദിക്കുന്നുള്ളൂ. പ്രൊഫ. സാവിത്രി ടീച്ചർ എന്താ പ്രസംഗിച്ചത്, കൈരളി ചാനൽ ഉൾപ്പെടെയുള്ള ചാനലിൽ ഈ ലോകം മുഴുവൻ ആളുകൾ കണ്ടത് അതുപോലെ അവർ പറഞ്ഞു, ഞാൻ ചോദിക്കട്ടെ! നിങ്ങൾ മനുഷ്യച്ചങ്ങല കെട്ടി എന്നു ഞാൻ പറഞ്ഞാൽ നിങ്ങൾക്ക് ദേഷ്യം വരുമോ? ഇല്ല, നിങ്ങൾ പോലീസിനെ കല്ലെറിഞ്ഞ് പ്രകോപിപ്പിച്ചു എന്ന് ഞാൻ പറഞ്ഞാൽ നിങ്ങൾക്ക് ദേഷ്യം വരുമോ? ഇല്ല. അതുപോലത്തെ ഒരു സമരപ്രക്രിയ നിങ്ങൾ നടത്തിയത് അതുപോലെ പറഞ്ഞപ്പോൾ നിങ്ങൾക്ക് വികാരം ഉണ്ടായി എങ്കിൽ ആ സമര പ്രക്രിയ തെറ്റായതുകൊണ്ടല്ലേ നിങ്ങൾക്ക് വികാരം ഉണ്ടായത്. അതിന് ടീച്ചറിനെ നിങ്ങൾ എന്തിനാ ക്രൂശിക്കുന്നത്? നിങ്ങൾ സമരമുഖം മാറ്റാൻ ശ്രമിക്കുകയാണ്. ശ്രീ. മത്തായി ചാക്കോയുടെ പ്രസംഗത്തിൽ 5,000 കോടി രൂപയുടെ ആസ്തിയുണ്ടെന്ന് ഒരു അഭിമാനത്തിന്റെ തെളിവായി അങ്ങ് പ്രസംഗിച്ചു. 5,000 കോടി രൂപയുടെ ആസ്തിയെക്കുറിച്ചല്ല തർക്കം, നിങ്ങളുടെ ആസ്തി പതിനായിരം കോടി രൂപ ആയിക്കൊള്ളട്ടെ ഞങ്ങൾക്ക് തർക്കമൊന്നുമില്ല. പക്ഷേ എന്റെ ചോദ്യം അത് പാലോറ മാതയുടെ ആട് വിറ്റ കാശാണോ? കോടികളുടെ മൂലധനം നിങ്ങൾക്കുണ്ടെന്ന് പറഞ്ഞാൽ അത് പാലോറ മാതയുടെ ആട് വിറ്റ കാശല്ല എന്നാണോ നിങ്ങളുടെ ആക്ഷേപം. പാലോറ മാതയുടെ ആട് വിറ്റ കാശല്ല എന്നാണ് പറഞ്ഞതിന്റെ ചുരുക്കം. നിങ്ങൾ ഏറ്റവും കൂടുതൽ സമ്പാദ്യം ഉണ്ടാക്കിയത് 1996-2001 കാലത്താണ്. അന്ന് സി. പി. ഐ. (എം.) നേതാക്കൻമാർക്കു വേണ്ടി കുന്നുകുഴിയിൽ ഫ്ളാറ്റ് കെട്ടി. ആ ഫ്ളാറ്റിന്റെ മുമ്പിൽ ഒരു കോളനിയുണ്ട്. എ. കെ. ജി. മന്ദിരത്തിനകത്ത് ആയിരം ആളുകൾക്ക് ഇരിക്കാനുള്ള എയർ കണ്ടീഷൻ കോൺഫറൻസ്ഹാൾ ഉണ്ടാക്കിയത് ഈ പീരീഡിലാണ്. 150 കോടി രൂപ മുടക്കി കൈരളി ചാനലുണ്ടാക്കി, ദേശാഭിമാനിക്ക് കോട്ടയം മുതലുള്ള എഡിഷൻ ആരംഭിച്ചത് ഈ പീരീഡിലാണ്. ശ്രീ. വർക്കിയുടെ പേരിൽ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ഉണ്ടാക്കിയതും ഈ പീരീഡിലാണ്. പത്തനംതിട്ടയിൽ നമ്പൂതിരിപ്പാടിന്റെ പേരിൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ഉണ്ടാക്കിയതും ഈ പീരീഡിലാണ്. റബ്കോ ഉണ്ടാക്കിയതും ഈ പീരീഡിലാണ്. ഇ. എം. എസ്. അക്കാഡമിയുണ്ടാക്കിയതും ഈ പീരീഡീലാണ്. ആലപ്പുഴയിൽ നിങ്ങൾ ജില്ലാ സി. പി. ഐ. (എം.) പാർട്ടിക്ക് കെട്ടിടം ഉണ്ടാക്കിയിട്ടുണ്ട്. ആരുടെ പേരാണ്, കൃഷ്ണപിള്ളയുടെ പേരാണ്, കൃഷ്ണപിള്ളയുടെ പേരിൽ നിങ്ങൾ ഉണ്ടാക്കിയ പാർട്ടി ഓഫീസ് ഒരു റിസോർട്ട് സെന്ററാണ്. കൃഷ്ണപിള്ളയോട് ആദരവുള്ള ആളുകളാണ് ഞങ്ങളൊക്കെ. കൃഷ്ണപിള്ളയുടെ ആത്മകഥ വായിച്ചപ്പോൾ ഒരിടത്ത് ഞാൻ ഓർക്കുന്നു. മുടിമുറിക്കാൻ അര അണ ഇല്ലാഞ്ഞിട്ട് ബാർബറെ മടക്കി അയയ്ക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ആ കൃഷ്ണപിള്ളയ്ക്കുവേണ്ടി നിങ്ങൾ ആലപ്പുഴയിൽ റിസോർട്ട് സെന്റർ കെട്ടിപ്പൊക്കി, എന്നുവച്ചാൽ നിങ്ങളുടെ പാർട്ടി എങ്ങോട്ട് പോകുന്നുവെന്ന് ആലോചിക്കണം. അതിനപ്പുറത്ത് കൈരളിക്ക് സ്വന്തമായി കെട്ടിടം കെട്ടാൻ പോകുന്നു. 77 സെന്റ് സ്ഥലം എടുത്തിട്ടുണ്ട്. ഇപ്പോൾ നിങ്ങൾ തിരുവനന്തപുരത്ത് അതിനുമപ്പുറത്താണ്, കണ്ണൂരിൽ എന്റെ പ്രിയപ്പെട്ട ഗോവിന്ദൻ മാസ്റ്റർ ചെയർമാനായ മലബാർ പ്ലഷേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് ഉണ്ട്. എന്തിനാണ്? തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിന് ഈ പ്ലഷർ എന്താണ്? ഞാൻ അതിന്റെ അർത്ഥത്തിലേക്കൊന്നും പോകുന്നില്ല. പ്രസംഗിക്കാൻ സമയം കിട്ടുമ്പോൾ പ്രസംഗിക്കാം. ഏറ്റവും വലിയ അമ്യൂസ്മെന്റ് പാർക്കാണ് എസ്. എൽ. വൈ. അവർപോലും 'പ്ലഷർ' എന്ന് പേര് ഇട്ടിട്ടില്ല. ഒരു തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിന്റെ അമ്യൂസ്മെന്റ് പാർക്കിന് ഇട്ട പേര് പ്ലഷർ എന്നാണ്. ഞാൻ ഒരു കാര്യം പറയട്ടെ, ഹൈവേ ഇൻ, എന്ന് ബോർഡ് വയ്ക്കാറുണ്ട്. അതുപോലെ ദയവായി ഗോവിന്ദൻമാസ്റ്ററെ 'പ്ലഷർ ഇൻ' എന്ന് ബോർഡ് വയ്ക്കരുത് കേട്ടോ; അത് വച്ചാൽ വളരെ മോശമാകും. അതൊന്നും വച്ചേക്കരുത് തലശ്ശേരിയിലെ ഹൈപ്പർ മാർക്കറ്റ് നിങ്ങളുടെ ഈ പീരീഡിലാണ് നിർമ്മിച്ചത്. അവിടെ മുപ്പത് റൂമുള്ള ത്രീസ്റ്റാർ ആണ് മലബാർ പ്ലഷേഴ്സ് ലിമിറ്റഡ് ഉണ്ടാക്കാൻ പോകുന്നത് 30 മുറി, ത്രീസ്റ്റാറാണ്. Nothing to lose but gains. നിങ്ങളുടെ പാർട്ടി എങ്ങോട്ടാണെന്ന് പരിശോധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. നിങ്ങളെപ്പറ്റി പത്രങ്ങളിൽ വന്നിരിക്കുന്ന ഒരു പരസ്യം കണ്ടോ? (ബഹുമാനപ്പെട്ട മെമ്പർ ഒരു പത്രമാസിക ഉയർത്തിക്കാണിച്ചു.) ഇതൊരു ബിസിനസ്സ് മാസികയാണ്. അതിനകത്ത് പറയുന്നത് CPI(M) incorporation എന്നാണ്. Assets about Rs. 5000 crores, Number of employees 1.5 lakhs, Working condition-A+, Areas of interest-entertainment, Education, Tourism, Retailing, Rubber, Banking, IT. Major promoters, the working class. Nothing to lose but gains. ഇവിടെയാണ് എസ്. എൻ. സി. ലാവ്‌ലിന്റെ പ്രാധാന്യം. ഒരുപാട് ആളുകൾ സംസാരിച്ചു. ഞാൻ പ്രസക്തമായ രണ്ടുമൂന്നു ചോദ്യങ്ങൾ പ്രതിപക്ഷനേതാവിനോട് ചോദിക്കുന്നു. അങ്ങ് ഉത്തരം പറയണം. ഒന്ന്, ബാലാനന്ദൻ കമ്മിറ്റി റിപ്പോർട്ടിൽ എന്താണ് പറയുന്നത്? നിങ്ങളല്ലേ ബാലാനന്ദൻ കമ്മിറ്റിയെ നിയമിച്ചത്? ഞങ്ങളല്ലല്ലോ. നിങ്ങളുടെ നേതാവ് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു എക്സ്പേർട്ട് കമ്മിറ്റി ഉണ്ട്. ആ എക്സ്പേർട്ട് കമ്മിറ്റി കൊടുത്തിരിക്കുന്ന ശുപാർശയിൽ പറയുന്നു, The complete replacement may be re-examined and replacement may be limited to essential components. Import of such items from the original suppliers M/s Hitachi Japan are easier now modernizing with electronic Governors and State exertion system and control system is suggested. അതിനപ്പുറത്ത് ഒന്നുകൂടി പറയുന്നു. The Committee understand that there was some inherent problems in the intake tunnel and pen stock lines of power stations and as such total replacement of the machines may not be worthwhile at this stage. ശ്രീ. ബാലാനന്ദൻ തന്നിരിക്കുന്ന ഈ റിപ്പോർട്ട് ഒന്ന് കേൾക്കു,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഗോവിന്ദൻ മാസ്റ്റർക്ക് അൽപ്പം വിവരം ഉണ്ടാകട്ടെ. നിങ്ങളുടെ നേതാവായ ശ്രീ. ബാലാനന്ദൻ ചെയർമാൻ ആയ കമ്മിറ്റി തന്നിരിക്കുന്ന ഈ റിപ്പോർട്ട് മാറ്റി വച്ച് നിങ്ങൾ ഇത്തരം ഒരു പ്രോജക്ടിനുവേണ്ടി നടപടി സ്വീകരിച്ചത് ശരിയോ തെറ്റോ? രണ്ട്, 364 കോടി രൂപയുടെ ഒരു പ്രോജക്ട് ടെൻഡർ ഇല്ലാതെ belated dealing നടത്തി ഒരു ബിസിനസ് ഉറപ്പിച്ചത് ഈ സംസ്ഥാനത്തിന് ഗുണമാണോയെന്ന് ശ്രദ്ധിക്കണം. മൂന്ന്, 100 കോടി രൂപ കമ്മീഷന് വേണ്ടി ഇത്തരം ഒരു ഡീലിംഗ് നടത്തിയത് കേരളത്തിന് ന്യായീകരിക്കാൻ സാധിക്കുമോ? നാല്, കമ്മീഷൻ എന്നു പറഞ്ഞാൽ എന്താണ്? കമ്മീഷൻ എന്നുപറഞ്ഞാൽ കോഴയാണ്. ബോർഡിന്റെ ഒരു പ്രോജക്ട് കൂടിയനിരക്കിൽ ലാവ്ലിന് കൊടുത്തു. എന്നിട്ട് 100 കോടി രൂപ കമ്മീഷൻ വാങ്ങുന്ന നടപടിയെ നിങ്ങൾ ന്യായീകരിക്കുന്നുണ്ടോ?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ഈ കരാർ ഉണ്ടാക്കിയത് ശ്രീ. ജി. കാർത്തികേയന്റെ കാലത്താണെന്ന് അദ്ദേഹംതന്നെ ഇവിടെ പറഞ്ഞു. അദ്ദേഹത്തിന്റെ കാലത്താണ് ടെൻഡർ ചെയ്യാതെ എം. ഒ. യു. റൂട്ട് പ്രകാരം ചെയ്യാൻ തീരുമാനിച്ചത്. അതുപ്രകാരം മലബാർ കാൻസർ സെന്ററിന് 100 കോടി രൂപ കിട്ടുമെന്നുള്ളത് കനേഡിയൻ ഗവൺമെന്റ് നൽകിയിട്ടുള്ള വാഗ്ദാനമാണ്. ആ വാഗ്ദാനത്തിൽ 9 കോടി രൂപയാണ് തന്നത്. ബാക്കി തുക തരേണ്ടത് ശ്രീ. കടവൂർ ശിവദാസൻ മന്ത്രിയായിരുന്ന കാലത്ത്, അവർ കത്ത് അയച്ചിട്ടുണ്ട്. ആ കത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ ഫോളോ അപ്പ് ചെയ്യാത്തതുകൊണ്ടാണ് ആർബിട്രേഷൻ കിട്ടാതെ പോയി എന്നുള്ള കാര്യം നിങ്ങൾ മറച്ചുവച്ചത്.

<u>ശ്രീ. കടവൂർ ശിവദാസൻ:</u> ശ്രീ. ജി. കാർത്തികേയൻ ഇന്ന് രാവിലെ ഇവിടെ ടെന്റർ വിളിക്കുന്നതിനെപ്പറ്റി പറഞ്ഞു. Consultancy means tender, global or indigenous ....(ബഹളം)...................... കടലാസ് കാണിച്ചുതരാം. എഗ്രിമെന്റ് മൊത്തം വായിച്ചുനോക്കണം. ഇന്നലത്തെ മാതൃഭൂമി ദിനപത്രത്തിന്റെ ഫ്രണ്ട് പേജിലുള്ള വാർത്ത വായിച്ചുനോക്കണം. നിങ്ങളുടെ ശ്രീ. ശർമ്മ, ഇത് എൻഫോഴ്സിബിൾ കോൺട്രാക്ടല്ല. അങ്ങനെ ഒരു കോൺട്രാക്ട് ഉണ്ടാക്കണം എന്ന് എഴുതി വയ്ക്കുകയും അതിൽ തുടർനടപടികൾ ഒക്കില്ല എന്ന് അവർ പറയുകയും, ഞാൻ വന്നതിനുശേഷം ഞാനും ശ്രീ. എ. കെ. ആന്റണിയും ഇത് എഴുതി അവരെ വിളിച്ചു വരുത്തുകയും അവർ അതിന്റെ സമയം കഴിഞ്ഞുപോയി തരാൻ കഴിയില്ല എന്ന് പറയുകയും ചെയ്ത വസ്തുത അങ്ങേയ്ക്ക് അറിയാമോ?

<u>ശ്രീ. കെ. സുധാകരൻ:</u> എം. ഒ. യു. കൺസൾട്ടൻസിക്കുവേണ്ടിയാണ്. ഇവിടത്തെ പ്രസക്തമായ ചോദ്യം കൺസൾട്ടൻസി എങ്ങനെ കരാറുകാരനായി? അതിലും ഉണ്ട് അഴിമതി. അതിൽ അഴിമതി ഇല്ലെങ്കിൽ കൺസൾട്ടൻസി കരാറുകാരനാകുമോ? അതിൽ അഴിമതിയുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക്: ഇന്ന് കാലത്ത് ശ്രീ. ജി. കാർത്തികേയനോട് ഞാൻ ചോദിച്ചത്, കുറ്റ്യാടി പദ്ധതിയിൽ എം. ഒ. യു.-ഉം കൺസൾട്ടൻസിയും സൈൻ ചെയ്തു കഴിഞ്ഞു. അപ്പോഴാണ് അദ്ദേഹം മന്ത്രിയായി കാനഡയിലേക്ക് പോകുന്നത്. അദ്ദേഹം സപ്ലൈ കോൺട്രാക്ടും സൈൻ ചെയ്തു. എന്റെ ചോദ്യം, മന്ത്രിയായ അദ്ദേഹത്തിന് സപ്ലൈ കോൺട്രാക്ട് സൈൻ ചെയ്യാതെ ആഗോള ടെന്റർ വിളിക്കാൻ കഴിയുമായിരുന്നോ? അദ്ദേഹം പറഞ്ഞത് പാക്കേജാണ്, അതിന്റെ കീഴിൽ എം. ഒ. യു. ഒപ്പിട്ടു കഴിഞ്ഞു. കഴിയില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. അതേ പാറ്റേൺ തന്നെയാണ്. ....(ബഹളം)..................

ശ്രീ. കടവൂർ ശിവദാസൻ: അതിന്റെ വിശദീകരണക്കുറിപ്പിലെ 2, 5, 7 പേജുകളിൽ ഇതിന്റെ കരാറിന് ടെന്റർ വിളിക്കണം എന്നും global or indigenous tender വിളിക്കണം എന്നും അത് കമ്പയിൻ ചെയ്യണമെന്നും അതിന്റെ പ്രീ-ക്വാളിഫിക്കേഷൻ നോക്കി തീരുമാനിക്കണമെന്നും പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. സുധാകരൻ: ഈ പ്രോജക്ടിനെപ്പറ്റിയുള്ള മുൻമുഖ്യമന്ത്രി ഇ. കെ.നായനാരുടെ പ്രസംഗമാണ്. 100 കോടി രൂപ ചെലവഴിച്ച് അത്യാധുനിക സൗകര്യങ്ങളോടുകൂടിയ കാൻസർ സെന്ററാണ് വിഭാവന ചെയ്യുന്നത്. രണ്ടു മാസത്തിനകം ബൃഹത്തായ പ്രോജക്ട് റിപ്പോർട്ട് പൂർത്തിയാകും. കാനഡ, ക്യൂബ ഗവൺമെന്റുകളും മറ്റിടങ്ങളിലെ രാഷ്ട്രീയ അന്തരീക്ഷ ഏജൻസികളും ചേർന്ന് പദ്ധതിക്ക് രൂപം നൽകും. പദ്ധതി ഈ വർഷം നവംബറിൽ ആരംഭിച്ച് 4 വർഷംകൊണ്ട് പൂർത്തിയാകും എന്നാണ് പറയുന്നത്. 1997-ൽ ആരംഭിച്ച ഈ പ്രോജക്ട് 2001-ൽ അവസാനിക്കണം. 2001-ൽ അവസാനിക്കാത്തതിന് ശ്രീ. കടവൂർ ശിവദാസന്റെ മേലും ശ്രീ. ജി. കാർത്തികേയന്റെ മേലും കുതിരകയറിയിട്ട് കാര്യമുണ്ടോ? എന്തുകൊണ്ട് തീർന്നില്ല? അത് പരിശോധിക്കണം. ഈ പ്രോജക്ടിൽ പറയുന്ന 'സിഡ' യാണ് ഞങ്ങൾക്ക് പിരിവെടുത്ത് തരിക. കളക്ഷൻ 'സിഡ' യാണ്. ഞങ്ങൾക്ക് കിട്ടിയ വിവരം അനുസരിച്ച് 1997 മുതൽ കാനഡയിൽ 'സിഡ' കളക്ഷൻ എടുത്തിട്ടുണ്ട്. എവിടെയാണ് ആ കളക്ഷൻ? കോടിയേരിയിലെ കാൻസർ സെന്ററിൽ ഇതിനുവേണ്ടി ഒരു അക്കൗണ്ട് ഓപ്പൺ ചെയ്തിട്ടുണ്ട്. ഫോറിൻ കോൺട്രിബ്യൂഷൻ ആക്ട് അനുസരിച്ചുള്ള അക്കൗണ്ടാണ്. ഞാൻ അതു പരിശോധിച്ചു. അഞ്ച് പൈസ ആ അക്കൗണ്ടിൽ വന്നിട്ടില്ല. ഇത് ആരു കൊണ്ടുപോയി പൂട്ടടിച്ചു? എവിടെ ആ കാശ്? അവിടെ കെട്ടിടം കെട്ടിയത് ശ്രീ. കോടിയേരി ബാലകൃഷ്ണനറിയാമല്ലോ? ടെക്നിക്കാലിയയാണ്. ടെക്നിക്കാലിയയെ ഈ ഗവൺമെന്റ് ഉത്തരവാദപ്പെടുത്തിയതാണോ? പതിമൂന്നേമുക്കാൽ കോടി രൂപ ചെലവഴിച്ചു എന്ന് ടെക്നിക്കാലിയ പറയുന്നു. ശരിയാണോ? ഇതൊക്കെ പരിശോധിക്കേണ്ടേ? ഞാൻ ചോദിക്കട്ടേ, സ്മാർട്ട് സിറ്റിയെക്കുറിച്ച് ഇത്രയധികം ചർവ്വിതചർവ്വണം നടത്തി, മാദ്ധ്യമങ്ങളും മറ്റും നേരിട്ടും ഇതിനെക്കുറിച്ച് ചർച്ച നടത്തിയിട്ടും ഇപ്പോൾ എന്താ പറയുന്നത്? ചർച്ചയുടെ പൂർണ്ണ

LIBRARY ARCHIVES Kerala Legislative Assembly

രൂപം പ്രസിദ്ധീകരിക്കണമെന്നല്ലേ? ഈ നടത്തിയ ചർച്ചയും ഈ ആശുപത്രിയും ഇതിന്റെ പിരിവും അക്കൗണ്ടും കൺസ്ട്രക്ഷനും ടെക്നിക്കാലിയയുടെ റോളും ഒക്കെ ഈ രാജ്യത്തെ ജനങ്ങൾ ഇപ്പോഴും അറിഞ്ഞിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ. കെ. സുധാകരൻ പറയുന്നത്, ടെക്നിക്കാലിയ എന്ന സ്ഥാപനം പറയുന്നത് 13 കോടി രൂപ കിട്ടി എന്നാണ്. അവർ നമുക്ക് 92 കോടി രൂപ തരാമെന്ന് പറഞ്ഞു. ഈ പറയുന്ന ബാക്കി പൈസ നിങ്ങൾ കൊടുത്തിട്ടുണ്ടോ എന്നും എസ്. എൻ. സി. ലാവ്‌ലിന് കത്തെഴുതി 4 കൊല്ലമായിട്ടും എന്തുകൊണ്ട് ചോദിച്ചില്ല? അങ്ങനെ ചോദിച്ചിരുന്നെങ്കിൽ അവർ വിവരം തരുമായിരുന്നു. നിങ്ങളുടെ ഉദ്ദേശ്യം പുകമറ സൃഷ്ടിക്കൽ മാത്രമാണ് എന്ന് വ്യക്തമല്ലേ?

ശ്രീ. കെ. സുധാകരൻ: അത് ഞങ്ങളുടെ പണിയല്ല.

ശ്രീ. കടവൂർ ശിവദാസൻ: നിങ്ങളുടെ ആ കരാറിൽ എഴുതിവച്ചിരിക്കുന്നത് This payment will be concurrent with the work എന്നാണ്. Concurrent with the work എന്ന് പറഞ്ഞാൽ 2000-ൽ വർക്ക് തീർക്കണം. അതുകൊണ്ട് കരാർ അനുസരിച്ച് പണം കൊടുത്തു. 2000 വരേ കരാർ ഉള്ളൂ. പിന്നെ നിങ്ങൾ പുതുക്കി എന്ന് പറയുന്നത്, അവസാനമായി ഇത് എൻഫോഴ്സിബിൾ അല്ലെന്ന് ശ്രീ. ശർമ്മ പറഞ്ഞുതള്ളിയതാണ്. മൂന്നാമത്, നിങ്ങളുടെ കാലത്തുതന്നെ അവസാനം ഉണ്ടാക്കിയ കരാറിൽ 150 ദിവസം കഴിഞ്ഞാൽ അത് കാലഹരണപ്പെടുമെന്ന് പറഞ്ഞിട്ടുണ്ട്. ഞങ്ങൾ വരുമ്പോൾ കാലഹരണപ്പെട്ടുകഴിഞ്ഞു. എന്നിട്ടും ഞാൻ കത്തെഴുതി. ശ്രീ. എ. കെ. ആന്റണി കത്തെഴുതി. അവരെ വിളിച്ചുവരുത്തി. അവർ കബളിപ്പിക്കുകയായിരുന്നു. അവർക്ക് ശബരിഗിരി പദ്ധതിയും നേരിയമംഗലം പദ്ധതിയും കൊടുത്താൽ ചെയ്യാമെന്ന് മാറ്റിയിട്ട് പിന്നെ എഴുതി മറുപടി തന്നിട്ടുണ്ട്, ഈ സ്കീം ഇപ്പോൾ ഇല്ല.

ശ്രീ. കെ. സുധാകരൻ: ഒരു യാഥാർത്ഥ്യം ഓർക്കുക. നിങ്ങളുടെ കാലത്ത് തീർക്കേണ്ട പ്രോജക്ടാണ്. അത് ശ്രീ. ശർമ്മയോട് ചോദിക്കണം. അത് കാലഹരണപ്പെട്ടിട്ട് ഞങ്ങൾ കടന്നുവന്നപ്പോൾ നിങ്ങൾ എന്തുകൊണ്ടു നോക്കിയില്ല എന്ന് ചോദിക്കുന്നത് കൊഞ്ഞണം കുത്തുന്നതിന് തുല്യമല്ലേ? എന്തേ ശ്രീ. ശർമ്മ മിണ്ടാത്തത്? എന്തേ ശ്രീ. പിണറായി വിജയൻ മിണ്ടാത്തത്? ഈ രാജ്യത്തെ ജനങ്ങളുടെ മുമ്പിൽ അഴിമതിയുടെ ഭീകരമായ പുക ഉയർത്തിക്കൊണ്ട് അതുമായി ബന്ധപ്പെട്ട രണ്ടു മന്ത്രിമാർ മൗനം പാലിക്കുന്നു എന്നു പറയുന്നതുതന്നെ ഈ ഡീലിംഗ്സിൽ അഴിമതി ഉണ്ടെന്നുള്ളതിന് തെളിവാണ്. ആശുപത്രിയുടെ ഫണ്ടിൽ മാത്രമല്ല, മൊത്തത്തിൽ അഴിമതിയുണ്ട്. കൺസൾട്ടൻസി കരാറുകാരനായതിൽ അഴിമതിയുണ്ട്. ഈ പ്രോജക്ടിൽ അഴിമതിയുണ്ട്. മൊത്തം 200 കോടി രൂപ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

പുട്ടടിച്ചിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. അതിനെക്കുറിച്ച് അന്വേഷിക്കണം. അതിനെന്തിന് ശ്രീ. ഉമ്മൻചാണ്ടി രാജിവയ്ക്കണം? അതിന് രാജിവയ്ക്കേണ്ടത് നിങ്ങളുടെ പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയാണ്. സി. പി. ഐ. (എം.) എന്ന ഇരുമ്പു മറയ്ക്കുള്ളിൽ ഇരുന്ന് സുരക്ഷിതനായി ഈ അഴിമതിയാരോപണങ്ങൾ നിശബ്ദതയോടെ കേൾക്കുന്ന ശ്രീ. പിണറായി വിജയൻ പാർട്ടി സെക്രട്ടറി സ്ഥാനം രാജിവച്ച് അന്വേഷണം നേരിടാൻ തയ്യാറാകണം എന്നുമാത്രം ആവശ്യപ്പെട്ടുകൊണ്ട് ഒരിക്കൽക്കൂടി ഈ അവിശ്വാസപ്രമേയത്തെ എതിർക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഉമ്മൻചാണ്ടി ഗവൺമെന്റിനെതിരായിട്ട് അവതരിപ്പിച്ച അവിശ്വാസപ്രമേയത്തെ ഞാൻ ശക്തിയായി പിന്തുണയ്ക്കുകയാണ്. 50 മാസമായി അധികാരത്തിലിരിക്കുന്ന യു. ഡി. എഫ്. ഗവൺമെന്റ് കേരളത്തിലെ മഹാഭൂരിപക്ഷം ജനങ്ങളേയും കടുത്ത പട്ടിണിയിലേക്കും തൊഴിലില്ലായ്മയിലേക്കും അതുപോലെതന്നെ ഏറ്റവും കടുത്ത അഴിമതിയിലേക്കും തള്ളിവിട്ടുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ തുടരുന്ന ഓരോ നിമിഷവും കേരളത്തിലെ ജനങ്ങൾക്ക് ദുരിതവും കഷ്ടപ്പാടും മരണവും അപമാനവും അല്ലാതെ യാതൊന്നും ലഭിക്കുകയില്ല എന്നതുകൊണ്ടുതന്നെയാണ് അതു സംബന്ധിച്ച് കേരളത്തിലെ ജനങ്ങളുടെ ഇടയിൽ ശക്തമായി നിലനിൽക്കുന്ന രോഷവും പ്രതിഷേധവും അസംതൃപ്തിയും അത് അർഹിക്കുന്ന ഗൗരവത്തോടെ ഇവിടെ പ്രകടിപ്പിക്കാൻ ഈ അവിശ്വാസപ്രമേയം അവതരിപ്പിച്ചത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

എണ്ണിയെണ്ണി കാര്യങ്ങളെല്ലാം തന്നെ വിശദമായി പ്രതിപാദിച്ചിട്ടുള്ളതുകൊണ്ട് സഖാവ് കോടിയേരി ബാലകൃഷ്ണൻ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഞാൻ ആവർത്തിക്കാൻ തുനിയുന്നില്ല. പക്ഷേ അത് കേട്ടയുടനെ തന്നെ നിങ്ങൾ സ്വാഭാവികമായും ബേജാറായി. എന്നിട്ട് എസ്. എൻ. സി. ലാവ്‌ലിന്റെ അഴിമതി പൊക്കിപ്പിടിച്ച്, ലോകോത്തരമായ അഴിമതി എന്നുപറഞ്ഞ് ഒന്നര, രണ്ട്, മൂന്ന് കോടി രൂപ വരുന്ന പാംഓയിൽ, 64 കോടി രൂപ വരുന്ന ബൊഫോഴ്സ്, അതിനേക്കാളെല്ലാം വലുതല്ലേ ലാവ്‌ലിനുമായിട്ടുള്ള ഇടപാടിലെ തുക എന്നുപറഞ്ഞുകൊണ്ടാണ് നിങ്ങൾ ഇവിടെ കൊട്ടിഘോഷിച്ചത്. ആ ഇടപാടിനെ സംബന്ധിച്ചുള്ള കാര്യങ്ങളെക്കുറിച്ച് കാലത്ത് ആ ഇടപാടിന്റെ തുടക്കക്കാരൻ ശ്രീ. ജി. കാർത്തികേയൻ ഇവിടെ വിവരിച്ചു. ശ്രീ. ജി. കാർത്തികേയന്റെ നേതൃത്വത്തിൽ എസ്. എൻ. സി. ലാവ്‌ലിനെ സംബന്ധിച്ചും പള്ളിവാസൽ, ചെങ്കുളം, പന്നിയാർ പ്രോജക്ടുകൾ മാത്രമല്ല കുറ്റ്യാടി എക്സ്റ്റെൻഷനും അദ്ദേഹം കൈകാര്യം ചെയ്തതാണ്. അതിലെല്ലാം തന്നെ അദ്ദേഹം കൈക്കൊണ്ടിട്ടുള്ള സമീപനം ഇവിടെ വ്യക്തമാക്കിയിട്ടുണ്ട്. കുറ്റ്യാടി എക്സ്റ്റെൻഷനിൽ 50 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ 39 കോടി രൂപയുടെ ഗ്രാന്റ്

2 P.M.

LIBRARY ARCHIVES Kerala Legislative Assembly

ലഭിക്കുമെന്നാണ് കണക്ക് കൂട്ടിയിരുന്നത്. എസ്. എൻ. സി. ലാവ്ലിൻ അദ്ദേഹം തുടങ്ങിവച്ചു. അതിലും 46 കോടി രൂപയുടെ സഹായം ഗ്രാന്റായി നൽകുമെന്ന പ്രതീക്ഷ അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന് എം. ഒ. യു.-വിൽ ആ ധാരണയും കൊടുത്തിരുന്നു. അതിനെത്തുടർന്ന് നടന്ന ചർച്ചയിൽ അത് 98 കോടി രൂപയായി ഉയർന്നു. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല. ഞാൻ പറഞ്ഞുവന്നത് ഒന്നിന്റെ തുടക്കക്കാരൻ യു. ഡി. എഫ്., മറ്റൊന്നിന്റേത് എൽ. ഡി. എഫ്. അതുപോലെ തന്നെ കുറ്റ്യാടി എക്സ്റ്റെൻഷൻ ശ്രീ. ജി. കാർത്തികേയൻ തന്നെയാണ് തുടങ്ങി വച്ചിരിക്കുന്നത്. ഈ നിലയിൽ അന്ന് ലാവ്ലിൻ കമ്പനി നൽകിയ വാഗ്ദാനം നിറവേറ്റിയിരുന്നുവെങ്കിൽ എന്താകുമായിരുന്നു സ്ഥിതി? പള്ളിവാസൽ, ചെങ്കുളം, പന്നിയാർ പദ്ധതിക്ക് അവർ നമുക്ക് തരാനുണ്ടായിരുന്നത് 89 കോടി രൂപയാണ്. കുറ്റ്യാടി എക്സ്റ്റെൻഷന് 39 കോടി രൂപ. അങ്ങനെ 128 കോടി രൂപ നമുക്ക് രണ്ട് മന്ത്രിമാർവഴി ലാവ്ലിന് നൽകാമെന്ന് പറഞ്ഞത് തന്നില്ല. അങ്ങനെ കേരളത്തോട് കടുത്ത വഞ്ചന അവർ കാണിച്ചു. ആ സ്ഥാപനം നമ്മൾ തമ്മിലുള്ള ആരോപണ പ്രത്യാരോപണത്തിന്റെ ഫലമായി രക്ഷപ്പെടാമോ? രക്ഷപ്പെടാൻ പാടില്ല. നമ്മെ ചതിച്ച ചതിയൻമാരെ കണിശമായും ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തുന്നതിന് കാനഡാ ഗവൺമെന്റിനെ അറിയിക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടു. അവർ ലോകത്ത് ഒരു സ്ഥലത്തും ഇത്തരം ചതി പിന്നീട് കാണിക്കാൻ ഇടയാകാത്തവിധത്തിൽ കരിമ്പട്ടികയിൽപ്പെടുത്താൻ നാം യോജിച്ച് പരിശ്രമിക്കേണ്ടതല്ലേ എന്ന് ഞാൻ ഈ അവസരത്തിൽ നിങ്ങളോടും മുഖ്യമന്ത്രിയോടും ചോദിക്കുകയാണ്. ഇപ്പോൾ ഇതുസംബന്ധിച്ചെല്ലാമുള്ള ആരോപണ പ്രത്യാരോപണങ്ങളെ സംബന്ധിച്ച് നിങ്ങൾ അന്വേഷണം നടത്തുകയാണല്ലോ? ബാലാനന്ദൻ കമ്മീഷൻ റിപ്പോർട്ട് പ്രസക്തമായിരുന്നോ? അല്ലായിരുന്നോ? ഇതു സംബന്ധിച്ച് ശ്രീ. ജി. കാർത്തികേയനും ശ്രീ. പിണറായി വിജയനും കൈകാര്യം ചെയ്തതിൽ പിശക് പറ്റിയിട്ടുണ്ടോ? അഴിമതി നടന്നിട്ടുണ്ടോ? കേരളത്തിന് വൻ നഷ്ടമുണ്ടായിട്ടുണ്ടോ? നിങ്ങൾക്ക് ഇതെല്ലാം സംബന്ധിച്ച് വിശദമായി അന്വേഷിച്ച് കേരളത്തിലെ ജനങ്ങളുടെ മുൻപിൽ ബോദ്ധ്യപ്പെടുത്താൻ കഴിയുന്നില്ല. നിങ്ങൾ അധികാരത്തിൽ വന്നിട്ട് നാല് കൊല്ലമായി. ജേക്കബ് കമ്മിറ്റി ഈ പ്രശ്നം അന്വേഷിക്കാൻ പറഞ്ഞിട്ട് തന്നെ മൂന്ന് കൊല്ലമായി. ഇതിനിടയിലുള്ള നിങ്ങളുടെ അന്വേഷണം എവിടെ എത്തി? ഞാൻ അന്വേഷിച്ചപ്പോൾ, ഇതു സംബന്ധിച്ച് അന്വേഷിക്കാൻ ചുമതലപ്പെടുത്തിയ എസ്. പി. മാരിൽ മൂന്ന് കൊല്ലത്തിനിടയ്ക്ക് നാല് പേരെ മാറ്റി. അപ്പോൾ എന്താണ് കാരണം? വെന്ത ചേമ്പ് തിന്നാനായി വായിലേക്ക് എടുക്കാൻ നേരത്ത് കൈയിൽ വച്ചു, കൈയിൽ പൊള്ളൽ സഹിക്ക വയ്യ, പൊള്ളൽകൊണ്ട് സഹിക്കാൻ വയ്യാത്തത് എങ്ങനെ ഉണ്ണാക്കിലിടും, പാടില്ല. അപ്പോൾ അന്വേഷണത്തിന്റെ ആദ്യത്തെ ഉദ്യോഗസ്ഥൻ തന്നെ പറഞ്ഞു കാണും, ഇതിൽ ഒന്നാം പ്രതി നമ്മുടെ ആൾ തന്നെയായിരിക്കും. അങ്ങനെ സൂചിപ്പിച്ചത് കൊണ്ടായിരിക്കും

LIBRARY ARCHIVES Kerala Legislative Assembly

അയാളെ മാറ്റിയത്. വീണ്ടും വന്നയാൾ ഏതാണ്ട് അതുതന്നെ പറഞ്ഞുകാണും എന്നാണ് എനിക്ക് തോന്നുന്നത്. അയാളെയും മാറ്റി ഇതിനകം നിങ്ങൾ അന്വേഷണച്ചുമതല ഏൽപ്പിച്ച നാല് എസ്. പി. മാരെ മാറ്റി. നിങ്ങളുടെ കൈയിലല്ലേ ഇപ്പോഴും അധികാരമിരിക്കുന്നത്? ഇതിന്റെ സത്യാവസ്ഥ പുറത്തുകൊണ്ടുവരുന്നതിനുവേണ്ടി ഏത് അന്വേഷണത്തിനും ഞങ്ങൾ തയ്യാറാണ്. നിങ്ങൾ അത് ചെയ്യണം. സത്യം പുറത്തു കൊണ്ടുവരണം. അതേസമയം ഞാൻ നിങ്ങളോട് പറയുകയാണ്, നിങ്ങൾ ഹരിശ്ചന്ദ്രൻമാരാകാൻ തുനിയരുത്. നിങ്ങൾ ഇന്ന് പ്ലാനിംഗ് കമ്മീഷന്റെ വൈസ് ചെയർമാനായി വച്ചിരിക്കുന്ന ആളിനെ നിങ്ങൾക്ക് പരിചയമുണ്ടോ? ഞാൻ ചോദിക്കുമ്പോൾ അത്ഭുതം തോന്നേണ്ടതില്ല. കാരണം ശ്രീ. ഉമ്മൻചാണ്ടി തന്നെയാണല്ലോ അദ്ദേഹത്തെ പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാനാക്കിയിരിക്കുന്നത്. മൂന്നരക്കോടി, അറുപത്തിനാല് കോടി, അതിനേക്കാൾ വലുതല്ലേ 98 കോടി രൂപ എന്നുപറയുന്ന നിങ്ങളോട് ഞാൻ ചോദിക്കുന്നു, 125 കോടി രൂപ അതിനേക്കാൾ വലുതല്ലേ? ഞാൻ കേരള അസംബ്ലിയിൽ 1993-ൽ എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. പത്മരാജനെ സംബന്ധിച്ച് അദ്ദേഹം വൈദ്യുതി മന്ത്രിയായിരുന്ന അവസരത്തിൽ ഒരു ആക്ഷേപം ഉന്നയിച്ചു. സി. ആന്റ് എ. ജി. യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് 125 കോടി രൂപയുടെ അഴിമതി. അതുസംബന്ധിച്ച് അന്വേഷണം നടന്നു. മിസ്റ്റർ ഭാസ്ക്കരൻ നമ്പ്യാർ ജഡ്ജിയായിരുന്നയാളാണ്. അന്വേഷിച്ചപ്പോൾ എന്താണ് ഫലം? 125 കോടി രൂപ വിഴുങ്ങിയെന്നാണ്. അങ്ങനെയുള്ള ഒരാളെ സംബന്ധിച്ച് വിജിലൻസ് കോടതിയിൽ കൈകാര്യം ചെയ്യാൻ എൽ. ഡി. എഫ്. ഗവൺമെന്റ് ഒരു ഡിവൈ. എസ്. പി. യെ ചുമതലപ്പെടുത്തി. ആ ഡിവൈ. എസ്. പി. നല്ലപോലെ അന്വേഷണം നടത്തി. അധികാരം മാറി, നിങ്ങൾ ആ ഡിവൈ. എസ്. പി.-ക്ക് പകരം വിശ്വസ്തനായിട്ടുള്ള ഒരാളെ ഏൽപ്പിച്ചു, കൊല്ലം നാലായി. അത് എഴുതിത്തള്ളാനുള്ള നിലയിലാണ് ചുമതലപ്പെടുത്തിയത്. എഴുതിത്തള്ളൽ നടന്നില്ല. പക്ഷേ, 125 കോടി രൂപയുടെ ഈ അഴിമതിക്കാരൻ നിങ്ങളുടെ പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാനാണ്. അതുപോലെതന്നെ നിങ്ങൾ സർക്കാർ ജീവനക്കാരുടെ ശമ്പളകമ്മീഷന്റെ ചെയർമാനാക്കിവച്ചിരിക്കുന്ന നാരായണനാരാണ്? അന്ന് ഫ്രാൻസിലെ ബിൽസ്റ്റിക് കമ്പനിയുമായിട്ട് ശ്രീ. പത്മരാജന്റെ നിർദ്ദേശമനുസരിച്ച് പോയി ആദ്യ എം. ഒ. യു.-ൽ ഒപ്പിട്ടത് ഈ ആർ. നാരായണനാണ്. അദ്ദേഹം അഴിമതിക്കേസിലെ രണ്ടാം പ്രതിയായിരുന്നു. അദ്ദേഹത്തെ ഇപ്പോൾ സർക്കാർ ജീവനക്കാരുടെ ശമ്പള കമ്മീഷൻ ചെയർമാനായിട്ട് നിങ്ങൾ വച്ചിരിക്കുകയാണ്. ഈ നിങ്ങളാണ് ഹരിശ്ചന്ദ്രന്മാരാകുന്നത്. അഴിമതി എന്നു കേട്ടാൽ അതിനോടുള്ള ഒരു വെറുപ്പ് അദ്ഭുതകരം തന്നെയാണ്. ഞാൻ ചോദിക്കുകയാണ് 6,000 കോടി രൂപയുടെ നികുതിവെട്ടിപ്പ് നടന്നില്ലേ? ഓൺലൈൻ ലോട്ടറിക്കാരിൽ നിന്ന് നാല് പൈസ നിങ്ങൾ നികുതിയായിട്ട് പിരിച്ചിട്ടുണ്ടോ? നിങ്ങൾ തമ്മിലുള്ള ഒത്തുകളി അല്ലേ? എന്തു കിട്ടി ആ വക

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യിൽ? ഈ 6,000 കോടി രൂപയുടെ നികുതി, സംസ്ഥാനത്തിനു ലഭിക്കേണ്ട നികുതി നിങ്ങൾ വിട്ടുകൊടുത്തതിന്റെ ഫലമായി എന്ത് കൈയിൽ കിട്ടി? അത് ഈ സഭയോട് പറയണം. നിങ്ങൾക്ക് ഉത്തരവാദിത്വമുണ്ട്. നിങ്ങൾ അവരെ കയറൂരിവിട്ടുകൊണ്ട് മുഖ്യമന്ത്രിക്കുതന്നെ കേന്ദ്ര ഗവൺമെന്റിനോട് എഴുതേണ്ടിവന്നു. ഒരു ദിവസം 15 ലക്ഷം കേരളീയരെ ചതിക്കുന്ന ഒരു ലോട്ടറിയാണിത്. ഇതിനെതിരെ കർശന നടപടി സ്വീകരിക്കാൻ കേന്ദ്രം ഞങ്ങളെ സഹായിക്കണം, കേന്ദ്ര ഗവൺമെന്റ് നടപടി സ്വീകരിക്കണം എന്നു പറഞ്ഞ് ആവശ്യപ്പെടുമ്പോൾ ഈ ആളുകൾക്ക് എതിരായി എന്ത് നടപടികൾ സ്വീകരിച്ചു. കുറെ നടപടികൾ നിങ്ങൾ ആദ്യം സ്വീകരിച്ചു. ഇല്ലെന്ന് ഞാൻ പറയുന്നില്ല. നിങ്ങൾ ആദ്യം ചില നടപടികൾ സ്വീകരിച്ചില്ല എന്നു ഞാൻ പറയുന്നില്ല. പക്ഷേ ഇവിടുത്തെ ചീഫ് സെക്രട്ടറിയും ഡി. ജി. പി. യും സുപ്രീംകോടതിയിൽ കൊടുത്ത അഫിഡവിറ്റ് എന്താണ്? അവർക്ക് എതിരായി ഞങ്ങൾ യാതൊരു നടപടിയും എടുക്കുകയില്ല. എടുത്തിട്ടുള്ള നടപടികൾ എല്ലാംതന്നെ ഞങ്ങൾ അവരുടെ കൈയിൽ നിന്നു എന്തെങ്കിലും എടുത്തിട്ടുണ്ടെങ്കിൽ അത് തിരിച്ചു കൊടുക്കുന്നതാണ്. ഇനി യാതൊരു നടപടിയും സ്വീകരിക്കുന്നില്ല എന്ന് ഇന്ത്യയുടെ ഉന്നതമായ നീതിപീഠത്തിന്റെ അടുക്കൽ നിങ്ങൾ ഉറപ്പ് നൽകി. വ്യാജ ലോട്ടറിക്ക് എതിരായി ലോട്ടറി ഡയറക്ടറേറ്റിന് കൈകാര്യം ചെയ്യാവുന്ന മുഴുവൻ അധികാരങ്ങളും നിങ്ങൾ എടുത്തുകളഞ്ഞു. അതിന്റെ ഫലമായി കേരളത്തിലിപ്പോൾ പേപ്പർ ലോട്ടറി എന്നു പറയുന്ന ലോട്ടറി നമ്മുടെ സ്റ്റേറ്റിലെ ലോട്ടറികളോടൊപ്പം തന്നെ ലക്ഷക്കണക്കിനു വിൽപ്പന നടത്തിക്കൊണ്ടിരിക്കുകയാണ്. ആസന്നഭാവിയിൽ തന്നെ ഓൺലൈൻ ലോട്ടറി ഇവിടെ വരും. സുപ്രീം കോടതിയിൽ ഓൺലൈൻ ലോട്ടറിക്കാർ കൊടുത്ത കേസ്സും അതിന്മേൽ ഉണ്ടായിട്ടുള്ള വിധിയേയും സ്റ്റേയേയും ആസ്പദമാക്കി ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായും ധനകാര്യവകുപ്പുമന്ത്രിയുമായിട്ടുള്ള ചർച്ചയിൽ സൂചിപ്പിച്ചതാണ്. ഇതു സംബന്ധിച്ച് സുപ്രീംകോടതിയിൽ നമ്മുടെ വിഷമങ്ങളെല്ലാം കാണിച്ചുകൊണ്ട് ഒരു പെറ്റിഷൻ നൽകണം. ഏത് സാഹചര്യങ്ങളിലാണ് ഡി. ജി. പി. യും ചീഫ് സെക്രട്ടറിയും ഈ നിലയിൽ അഫിഡവിറ്റ് കൊടുക്കാൻ കാരണമായത് എന്നുള്ളതുസംബന്ധിച്ച് നമ്മുടെ നിലപാട് വ്യക്തമാക്കണം. നമ്മുടെ ചീഫ് സെക്രട്ടറിക്കും ഡി. ജി. പി. ക്കും മുന്നറിയിപ്പ് നൽകുന്ന വിധത്തിലുള്ള ഒരു നിലപാട് സുപ്രീം കോടതി എടുത്തിരിക്കുന്നത് കറക്ട് ചെയ്യണം. കാരണം സെൻട്രൽ ഗവൺമെന്റ് ഈ ലോട്ടറിയെ സംബന്ധിച്ച് എടുത്തിട്ടുള്ള തീരുമാനം തന്നെ നമുക്ക് ഇവിടെ work out ചെയ്യാൻ കഴിയാത്ത വിധത്തിലേക്ക് സുപ്രീംകോടതിയുടെ ഉറപ്പ് ബാധിച്ചിരിക്കുകയാണ് എന്നു പറഞ്ഞ് ഉടനെതന്നെ അതുസംബന്ധിച്ചുള്ള സ്പെഷ്യൽ പെറ്റീഷൻ കൊടുക്കാമെന്നു പറഞ്ഞെങ്കിലും മാസം എട്ടായിട്ടും ഇതുവരെ നടപ്പിലാക്കിയിട്ടില്ല. ഇന്നു കേരളത്തിന്റെ സ്ഥിതി എന്താണ്? പോലീസുകാർക്ക് ഒന്നുംതന്നെ

LIBRARY ARCHIVES Kerala Legislative Assembly

കള്ളലോട്ടറിക്കാർക്ക് എതിരായിട്ട് ഒരു നടപടിയും സ്വീകരിക്കാനാകുന്നില്ല. ഉണ്ടായിരുന്ന അധികാരം എടുത്തുകളഞ്ഞു. ലോട്ടറി വകുപ്പിനും ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കാനോ പോലീസിന് പെറ്റിഷൻ കൊടുത്തിട്ട് അവരെക്കൊണ്ട് ചെയ്യാനോ കഴിയുന്നില്ല. ഈ സ്ഥിതിയിലേക്ക് കള്ളലോട്ടറികൾ സർവ്വതന്ത്ര സ്വതന്ത്രമായി ജനങ്ങളെ വഞ്ചിക്കാൻ നമ്മുടെതന്നെ സ്റ്റേറ്റ് ലോട്ടറിയുടെ നിലനിൽപ്പിനു തന്നെ അപകടപ്പെടുത്താവുന്ന സ്ഥിതിയിലേക്ക് എത്തിച്ചത് മോക്ഷത്തിനുവേണ്ടിയാണെന്ന് ആർക്കും കരുതാൻ ഒക്കുകയില്ല. കണിശമായും നിങ്ങളും അവരും തമ്മിലുള്ള ഒത്തുകളിയുടെ ഫലമാണിത്. അവർ വിറ്റെടുക്കുന്ന ലക്ഷങ്ങളിൽ ഒരു ഓഹരി പറ്റുന്നതിന്റെ ഫലമായിട്ടല്ലെങ്കിൽ നിങ്ങൾ എന്തുകൊണ്ടാണ് ഇവർക്കെതിരായി കർശനമായ നടപടി സ്വീകരിക്കാത്തതെന്നു ഞാൻ ചോദിക്കുന്നു. കേന്ദ്രഗവൺമെന്റിൽ ഇതുസംബന്ധിച്ച് നിങ്ങൾ നിവേദനം കൊടുത്തല്ലോ? അവർ follow up ചെയ്തിട്ട് ഇതിൽ എന്ത് നടപടി നിങ്ങൾക്ക് സ്വീകരിക്കാൻ കഴിഞ്ഞു. ഇതുവരെ ഒന്നും നടന്നിട്ടില്ല; ആ നിലയിൽ വലിയ അഴിമതിയാണ് ഓൺലൈൻ ലോട്ടറി, പേപ്പർ ലോട്ടറി എന്നിവകളിലൂടെ ഒത്തുകളിച്ച് നിങ്ങൾ ഈ കേരളത്തിന്റെ ഖജനാവിനെ മുടിച്ചിട്ടുള്ളത് എന്നു ഞാൻ ആരോപിക്കുകയാണ്. അതുപോലെതന്നെ കേരളത്തിൽ മതികെട്ടാൻ, പൂയാംകുട്ടി, മറയൂർ ചന്ദന വേട്ട ഇങ്ങനെ ഒട്ടേറെ സംഭവങ്ങൾ ഈ കഴിഞ്ഞകാലത്ത് നടന്നിട്ടുണ്ട്. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല. മതികെട്ടാനിൽ കയ്യേറ്റം നടന്നത് 3500-ഓളം ഏക്കർ ഭൂമി കയ്യേറി കള്ളപട്ടയത്തിന്റെ പേരിൽ കൈവശപ്പെടുത്താനാണ്. അതുസംബന്ധിച്ച് പത്രങ്ങളിൽ വാർത്ത വന്നു. വനംവകുപ്പുമന്ത്രി 'അവിടെ പോയി. അദ്ദേഹം പോയതിനെ സംബന്ധിച്ച് റവന്യൂ വകുപ്പു മന്ത്രി മുഖ്യമന്ത്രിയോട് കംപ്ലെയിന്റ് ചെയ്തു. അദ്ദേഹം എന്നോട് പറയുന്നതിനുപകരം പത്രക്കാരോട് പറഞ്ഞുകളഞ്ഞുവെന്നു ആക്ഷേപിച്ചു. മുഖ്യമന്ത്രി ചോദിച്ചു അങ്ങനെ നിങ്ങൾ പറഞ്ഞത് ശരിയാണോ ശ്രീ. സുധാകരൻ? എന്നോട് പറയുകയല്ലേ വേണ്ടത്? പിന്നെ ശ്രീ. സുധാകരൻ വാ പൊളിച്ചിട്ടില്ല. അപ്പോഴാണ് എനിക്ക് മതികെട്ടാനിൽ പോകേണ്ടിവന്നതും സ്ഥിതി മനസ്സിലാക്കിയതും അതിന്മേൽ മുഖ്യമന്ത്രിക്ക് കത്ത് എഴുതേണ്ടിവന്നതും, മുഖ്യമന്ത്രി ആവശ്യമായ നടപടി സ്വീകരിച്ചതിന്റെ ഫലമായി കയ്യേറിയ നല്ല ഭാഗം ഭൂമി ഗവൺമെന്റിന് തിരിച്ചെടുക്കാൻ കഴിഞ്ഞു. അതിപ്പോൾ വിശേഷാൽ പ്രദേശമായി പ്രഖ്യാപിച്ചിരിക്കുന്നു എന്നുകേട്ടു. നല്ലകാര്യം. പക്ഷേ ഇപ്പോഴും 100 കണക്കിന് ഏക്കർ ഭൂമി കള്ളപട്ടയത്തിന്റെ പേരിൽ അന്യകൈവശമാണ്. അതിനും നിങ്ങൾക്കെല്ലാം വേണ്ടപ്പെട്ടവർക്ക് വേണ്ടതുപോലുള്ള പ്രതിഫലം കിട്ടിക്കാണുമെന്ന കാര്യത്തിൽ ആർക്കെങ്കിലും സംശയം ഉണ്ടോ? ഇല്ല. അതുപോലെതന്നെ പൂയാംകുട്ടിയിൽ എന്താണ് സ്ഥിതി? ഒന്നരലക്ഷത്തോളം ഏക്കർ വരുന്ന നിബിഡ വനമാണ്. 3000-ത്തോളം ഏക്കർ ഭൂമി കയ്യേറിയിരിക്കുകയാണ്. ഞാൻ നേരിട്ട് അവിടെ സന്ദർശിച്ചു. മല കയറി

മനസ്സിലാക്കിയിട്ടുണ്ട്. ആ ഭൂമിയിലെ കയ്യേറ്റക്കാരെ നിങ്ങൾക്ക് ഇറക്കിവിടാൻ കഴിഞ്ഞിട്ടുണ്ടോ? റവന്യൂ വകുപ്പിന് കഴിഞ്ഞിട്ടുണ്ടോ? ഫോറസ്റ്റ് വകുപ്പിന് കഴിഞ്ഞിട്ടുണ്ടോ? അവർ അവിടെ കഞ്ചാവ് കൃഷി ശരിക്കും നടത്തുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

സർക്കാർ ഭൂമിയിൽ കഞ്ചാവ് കൃഷി നടത്തി ലക്ഷക്കണക്കിന് രൂപ അവർ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. സർക്കാർ അവിടെയുണ്ടോ? ജനങ്ങൾ ചോദിക്കുകയാണ്. സർക്കാർ അവിടെ ഇല്ല. അപ്പോൾ സുലഭമായി കഞ്ചാവും അതുപോലുള്ള കൃഷികളും ചെയ്ത് ആദായമുണ്ടാക്കാൻ അവർക്ക് സൗകര്യം ചെയ്തുകൊടുക്കുന്നു. കഞ്ചാവ് നല്ല വില കിട്ടുന്നതാണ്. അതിൽ ഒരു ഓഹരി നിങ്ങൾക്ക് തരുന്നതിൽ അവർക്ക് ഒരു വിഷമവുമില്ല. അങ്ങനെ നിങ്ങൾ തമ്മിൽ നല്ല ഇടപാടിൽ മുന്നോട്ട് പോകുന്നു. അതുപോലെതന്നെ മറയൂരിലെ ചന്ദനത്തോട്ടം ഇന്ന് സുരക്ഷിതമല്ല. കേരളത്തിലെ 24 ചന്ദന ഫാക്ടറികൾ വ്യവസായ വകുപ്പിന്റെ പിന്തുണയോടുകൂടി അനുചരന്മാരായ ആളുകളെ ഓരോ ഫാക്ടറികളും നടത്താൻ ഏൽപ്പിച്ചിരിക്കുകയാണ്. മറയൂരിലെ ചന്ദനം വെട്ടി ചന്ദനത്തടികൾ ഈ ഫാക്ടറികളിൽ പ്രോസസ്സ് ചെയ്ത് ലക്ഷക്കണക്കിന് രൂപ മാസംതോറും ചന്ദനതൈലം വിറ്റ് ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ആ പ്രമാണിമാരെ നിങ്ങൾക്ക് തൊടാൻ കഴിയുന്നുണ്ടോ? അവരെ തൊടാനുള്ള ധൈര്യം നിങ്ങൾക്കുണ്ടോ? ഇല്ല. എനിക്ക് അൽപ്പം മുമ്പ് സംസാരിച്ച മുസ്ലീംലീഗ് ജനറൽ സെക്രട്ടറിയും മുൻ മന്ത്രിയുമായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്ക് ആ ഇടപാടുമായുള്ള ബന്ധത്തെക്കുറിച്ച് ഞാൻ പ്രത്യേകം പറയേണ്ടതില്ലല്ലോ? മൂന്നു മാസമായി കേരള ഹൈക്കോടതി അനധികൃതമായിട്ടുള്ള ചന്ദന ഫാക്ടറികൾ അടച്ചുപൂട്ടണമെന്ന് ആവശ്യപ്പെടുകയുണ്ടായി. കോടികളുടെ ഇടപാടാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, പല പ്രാവശ്യമായി അങ്ങ് ഇങ്ങനെ പറയുന്നു. എന്തിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ പറയുന്നത്? കേട്ടുകേൾവിയുടെ അടിസ്ഥാനത്തിലാണെങ്കിൽ ഞാൻ പറയാം. അവിടെയൊക്കെ പറഞ്ഞുകേൾക്കുന്നുണ്ട് ചന്ദന ഫാക്ടറി ഉടമകൾ റഗുലറായി അങ്ങയെവന്ന് കണ്ട് അങ്ങയുടെ മകന്റെ കയ്യിൽ കാശ് കൊടുത്തുകൊണ്ടിരിക്കുന്നു എന്ന്......................(ബഹളം)......................

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): തൃപ്തി ആയല്ലോ. എന്റെ മകന്റെയോ മകളുടെയോ..(ബഹളം)..

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അയാളെ നിലയ്ക്ക് നിർത്തണം. തോന്ന്യാസം അയാൾ പറയേണ്ട ....(ബഹളം)......................................

മി. സ്പീക്കർ: Please.........Please.................

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: അനധികൃത ചന്ദനഫാക്ടറികൾ അടച്ചുപൂട്ടണമെന്ന് കോടതി ഉത്തരവ് ഗവൺമെന്റ് നടപ്പിലാക്കാത്തത് ആരെ സഹായിക്കാനാണ്?

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, പ്രതിപക്ഷ നേതാവിനെ അടക്കി ഇരുത്തണമെന്ന് പറയാൻ ശ്രീ. കുഞ്ഞാലിക്കുട്ടി ആരാണ്? .... (ബഹളം).......................................

മി. സ്പീക്കർ: Please.........Please go to your seat.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: കഴിഞ്ഞ നിയമസഭയിൽ 21 ചന്ദനഫാക്ടറികൾ എന്റേതാണെന്ന് അദ്ദേഹം പറഞ്ഞു. അങ്ങനെ പറഞ്ഞു പോവുകയാണ്. അദ്ദേഹത്തിന് എന്തും പറയാനുള്ള സ്വാതന്ത്ര്യമുണ്ടോ? എന്ത് അടിസ്ഥാനത്തിലാണ് ഇങ്ങനെ പറയുന്നത്? ഞാൻ വ്യവസായവകുപ്പുമന്ത്രിയാകുന്നതിനുമുമ്പുള്ള മന്ത്രിമാർ എവിടെ? എനിക്ക് ഒരു ബന്ധവുമില്ല. നിയമസഭയിൽ വന്ന് എന്തും പറയാമെന്നാണോ? ....(ബഹളം).......................................

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ഞാൻ ഇത് അങ്ങേയ്ക്ക് എഴുതിതന്നിട്ട് ഉന്നയിക്കുകയാണ്. ഓരോ രംഗത്തെ സംബന്ധിച്ചും അതുമായി ബന്ധപ്പെട്ടുള്ള ആളുകൾക്ക് ബേജാറും പരിഭ്രമവും ഉണ്ടാവുക സ്വാഭാവികമാണ്. ഇവിടെ ചന്ദന ഇടപാടിൽ കോടികളുടെ അഴിമതിയാണ് നടന്നുകൊണ്ടിരിക്കുന്നത് എന്ന സത്യമാണ് ഞാൻ പറയുന്നത്. ഞാൻ ചന്ദനഫാക്ടറികൾ സന്ദർശിച്ചു. മറയൂരിലെ ചന്ദനത്തോട്ടം സന്ദർശിച്ചു.......................................(ബഹളം).......................................

മി. സ്പീക്കർ: Please.........Please go to your seat.................................(ബഹളം)... .... ഒരു കാര്യം പറയാം. മൂന്ന് ദിവസമായി ചർച്ച നടക്കുന്നു. ഇത് ചർച്ചയ്ക്കുള്ള സ്ഥലമാണ്. ഗോഗ്വാ വിളികൾക്കോ കയ്യാങ്കളിക്കോ ഉള്ള സ്ഥലമല്ല. സഭയുടെ നടപടിക്രമങ്ങൾക്ക് വിരുദ്ധമായി എന്തെങ്കിലും നടക്കുന്നുവെങ്കിൽ അത് പോയിന്റ് ഔട്ട് ചെയ്യാനുള്ള അധികാരം മെമ്പർമാർക്കുണ്ട്. അതിന് വിധി പ്രസ്താവിക്കേണ്ടത് ചെയറാണ്. ആ നടപടിക്രമം സ്വീകരിക്കാതെ കയ്യാങ്കളിക്ക് പോകുന്ന ഒരു സാഹചര്യം വന്നാൽ അത് ഈ രാജ്യത്തെ നിയമസഭയ്ക്കും ജനപ്രതിനിധികൾക്കും അപമാനമാണ്. ആ അപമാനം വരുത്തിവയ്ക്കരുത്.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ഇവിടെ മെമ്പർമാർ പ്രസംഗിക്കുന്നുണ്ട്; ഇവിടെ ആരോപണങ്ങളും പ്രത്യാരോപണങ്ങളും ഒക്കെയുണ്ട്. സ്വാഭാവികമായിട്ട് ഇവിടെ ചൂടേറിയ വാർത്തകൾ പലതും ഉന്നയിക്കപ്പെടുന്നുണ്ട്. പ്രതിപക്ഷ നേതാവ് വളരെ സത്യസന്ധമായി ഉന്നയിച്ച ആക്ഷേപം ഇതു സംബന്ധിച്ച് പ്രതിപക്ഷനേതാവിന് കിട്ടിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഉന്നയിച്ച ആരോപണങ്ങളാണ്...... (ബഹളം) ......ആരോപണത്തിന് ആരോപണവിധേയരായ വ്യക്തികൾക്ക് മറുപടി പറയാം. അതിന് ഇവിടെ ആരും എതിരല്ല. അങ്ങനെ പറയുമ്പോൾ ഒരു പ്രതിപക്ഷ നേതാവിനെ "ഇയാൾ" എന്നും മററും പറയുന്നത് ശരിയാണോ? അയാൾ എന്നും ഇയാൾ എന്നും പ്രതിപക്ഷ നേതാവിനേയും സഭാകക്ഷി നേതാക്കളേയും ഒക്കെ വിളിക്കുന്നത് ശരിയാണോ? കക്ഷി നേതാക്കൾ തന്നെ ഇങ്ങനെ തുടങ്ങിയാൽ മററുള്ള ആളുകളുടെ സ്ഥിതി എന്തായിരിക്കും? അതുകൊണ്ട് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ആ പരാമർശം പിൻവലിക്കണം. അത് സഭാ രേഖയിൽ ഉണ്ടാകാൻ പാടില്ല.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> ഞാൻ സാധാരണ വളരെ സംയമനം പാലിക്കുന്ന ആളാണ്. സംയമനം വിട്ട് സംസാരിച്ചതിൽ എനിക്ക് വിഷമമുണ്ട്. പ്രതിപക്ഷ നേതാവിനെ അങ്ങേയററം ബഹുമാനിച്ച് മാത്രമേ ഞാൻ ഇതുവരെ സംസാരിച്ചിട്ടുള്ളൂ. പക്ഷെ അദ്ദേഹം കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ 21 ഫാക്ടറികൾ എൻേറതാണെന്ന് പറഞ്ഞു. ഞാൻ ഒന്നും മിണ്ടിയില്ല. അദ്ദേഹം അങ്ങനെ പറഞ്ഞുപോട്ടെന്നു വച്ചു. ഞാൻ ഒന്നും മിണ്ടിയില്ല. പക്ഷെ എപ്പോഴും അങ്ങനെ പറഞ്ഞാൽ; ആളുകൾ കേട്ടിരിക്കുകയല്ലേ? യാതൊരു സത്യവുമില്ല.........(ബഹളം)........ എൻെറ മാനസിക വിഷമം ......(ബഹളം)......

<u>മി. സ്പീക്കർ:</u> പ്ലീസ്......(ബഹളം)......നിങ്ങൾക്ക് ചുരുങ്ങിയത് നിങ്ങളുടെ നേതാക്കൻമാരോടെങ്കിലും ബഹുമാനം വേണ്ടേ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> ചന്ദന ഫാക്ടറികൾ അധികവും മലബാറിലും മലപ്പുറത്തും പരിസരത്തുമുള്ളതാണ്. അവർ പറയുന്ന ഒരു പാട് കഥകളുണ്ട്. എനിക്കറിയാവുന്നതാണ്. അങ്ങനെ നമ്മൾ തമ്മിൽ വേണ്ട. അത് പറയാൻ പാടില്ല. സത്യമെന്താണെന്ന് വച്ചാൽ എനിക്ക് ഇതുമായിട്ട് യാതൊരു ബന്ധവുമില്ല. ഇടയ്ക്കിടയ്ക്ക് ഇങ്ങനെ പറയാതെ കറക്ടായിട്ട് അന്വേഷിക്കുക. യാതൊരു അടിസ്ഥാനവും ഇല്ലാത്ത കാര്യമാണ് പറയുന്നത്. എനിക്ക് വിഷമമുണ്ട്. ഞാൻ അങ്ങനെ പറയുന്ന ആളല്ല. പ്രതിപക്ഷ നേതാവിനെ ബഹുമാനിക്കാത്ത ആളുമല്ല. അങ്ങേയററം ബഹുമാനിക്കുന്നുണ്ട്. ഞാൻ വ്യവസായ വകുപ്പ് മന്ത്രിയായിരുന്ന സമയത്തും മുഖ്യമന്ത്രിയെപ്പോലെ തന്നെ അദ്ദേഹവും കടന്നുവരാറുണ്ട്. ഇങ്ങനെ പറയരുത്. രാഷ്ട്രീയത്തിൽ പൊതുജനങ്ങളുടെ ഇടയിൽ പ്രവർത്തിക്കണ്ടേ? യാതൊരു സത്യവും ഇതിൽ ഇല്ല. അങ്ങനെ കേട്ടു കേൾവിയുടെ അടിസ്ഥാനത്തിൽ പറയുകയാണെങ്കിൽ എനിക്ക് എന്തെല്ലാം പറയാം, മലപ്പുറത്ത് കുറേ ആളുകളുണ്ട്. അവർ മുസ്ലീങ്ങളാണ്. അവിടെ കുട്ടിയെന്ന് പേരുകേട്ടാൽ അത് കുഞ്ഞാലിക്കുട്ടിയാണെന്ന് പറയും. ......(ബഹളം)......

<u>ശ്രീ. കെ. പി. രാജേന്ദ്രൻ:</u> പറഞ്ഞത് പിൻവലിക്കണ്ടേ;......(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: പ്രതിപക്ഷ നേതാവിനെ ഡിസ്റെസ്പക്ട് ചെയ്യേണ്ടതല്ല എന്റെ ഉദ്ദേശം. അത് ഞാൻ കറക്ട് ചെയ്യുന്നു. അദ്ദേഹവും ഇത് ആവർത്തിക്കാൻ പാടില്ല. ഇതിന്റെ മാന്യത അദ്ദേഹവും കാണിക്കണം. ഞാൻ പ്രകോപിതനായപ്പോൾ എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ ഞാൻ അത് ഉദ്ദേശിച്ചതല്ല. അതിന്റെ ഡീസൻസി ഞാൻ കാണിക്കും. അദ്ദേഹവും അത് പറയട്ടെ. ഇത് ഇല്ലാത്ത കാര്യമാണ്. വെറുതെ ഒരു ആരോപണവും ഇങ്ങനെ പറയരുത്..

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ഞാൻ എഴുതി തന്നിട്ടുള്ള ആരോപണങ്ങളും ആക്ഷേപങ്ങളും ഒന്നൊന്നായി ഇവിടെ വിവരിച്ചപ്പോൾ മറ്റ് മന്ത്രിമാരുമായിട്ട് ബന്ധപ്പെട്ട പ്രശ്നങ്ങളാണല്ലോ ഞാൻ നേരത്തേ പറഞ്ഞത്. അവർക്ക് കാണിക്കാൻ കഴിഞ്ഞ സംസ്കാരം എന്തുകൊണ്ടാണ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്ക് കാണിക്കാൻ കഴിയാതിരുന്നത് എന്നാണ് എനിക്ക് മനസ്സിലാകാത്തത്. നമ്മൾ തമ്മിൽ വ്യക്തിപരമായി യാതൊരു തരത്തിലുള്ള ഭിന്നതയും ഇല്ല. അദ്ദേഹം വ്യവസായ വകുപ്പ് കൈകാര്യം ചെയ്തുവരുന്ന സന്ദർഭത്തിൽ ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങളാണ്. അദ്ദേഹത്തിന് കണിശമായി ശ്രീ. എ. കെ. ആന്റണിയേയും ശ്രീ. ഉമ്മൻ ചാണ്ടിയേയും നിയന്ത്രിച്ചുകൊണ്ട് കാര്യങ്ങളെല്ലാം കൈകാര്യം ചെയ്തു പോകാൻ കഴിഞ്ഞു കാണും. പക്ഷെ, ആ. ഒരു ധാരണ വച്ചുകൊണ്ട് ഇതു സംബന്ധിച്ചുള്ള യാതൊരു വിമർശനവും ഒരു സ്ഥലത്തും നടന്നിട്ടില്ല. നടത്താൻ സമ്മതിക്കുകയില്ല എന്നുള്ള ഭാവത്തിൽ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത് സഹായകമല്ല. ഇത് ജനാധിപത്യ രാഷ്ട്രമാണ്. ജനാധിപത്യ രാഷ്ട്രത്തിൽ ജനങ്ങൾക്ക് ഓരോ വ്യക്തിയെ സംബന്ധിച്ചും ഇൻഡ്യൻ യൂണിയൻ പ്രസിഡന്റിനെ സംബന്ധിച്ചും, സ്റ്റേറ്റിലെ മുഖ്യമന്ത്രിയെ സംബന്ധിച്ചും, പ്രതിപക്ഷ നേതാവിനെ സംബന്ധിച്ചും മറ്റാരെപ്പറ്റിയും പറയാനും വിമർശിക്കാനുമുള്ള സ്വാതന്ത്ര്യമുണ്ട്. ആ സ്വാതന്ത്ര്യം ആരും നിഷേധിക്കില്ല. സാംസ്കാരികമായ ഭാഷയിൽ അത് നമ്മൾ പരസ്പരം കൈകാര്യം ചെയ്താൽ മതി. അതേ എനിക്ക് പറയാനുള്ളൂ. ഞാൻ പറഞ്ഞുവന്നത് ഇവിടെ നടന്നുവരുന്ന നഗ്നമായ അഴിമതിയെ സംബന്ധിച്ചാണ്. അഴിമതിയിൽ എനിക്ക് പങ്കില്ലെന്ന് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്ക് ഇവിടെ പറയാമല്ലോ; മറ്റുള്ളവർ പറഞ്ഞതുപോലെ ഇക്കാര്യം വ്യക്തമായ അന്വേഷണത്തിന് വിധേയമാക്കണമെന്ന കാര്യമാണ് അവസാനം പറയാൻ പോകുന്നത്. അതുവരെ ക്ഷമിച്ച് ഇരിക്കാൻ, എന്താണ് പറയുന്നതെന്ന് മനസ്സിലാക്കാൻ തുനിയാതെതന്നെ സ്വാഭാവികമായും, ശ്രീ. കുഞ്ഞാലിക്കുട്ടിക്ക് ഏതാണ്ട് പറയാനുണ്ടെന്നു പറഞ്ഞപ്പോൾ ഞാൻ വഴങ്ങിക്കൊടുത്തു. ഏതാണ്ട് ഗുണ്ടാമട്ടിലാണ് അദ്ദേഹം സംസാരിച്ചത്. വളരെ കഷ്ടമായിപ്പോയി.......(ബഹളം) ......ആ നിലയിലുള്ള പെരുമാറ്റം അങ്ങയിൽനിന്ന്, ഞാൻ അത് പ്രതീക്ഷിച്ചില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പറെക്കുറിച്ച് അങ്ങനെ പറയരുത്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ഞാൻ പറഞ്ഞുവന്നത് ചന്ദന ഫാക്ടറിയെ സംബന്ധിച്ചും അതിലെ അഴിമതിയെ സംബന്ധിച്ചുമാണ്. ഗ്വാളിയർ റയോൺസ് ഇപ്പോൾ അതിനെ ഗ്രാസിം കമ്പനിയാണെന്നാണ് പറയുന്നത്. ഫോറസ്റ്റിന്റെ ഗ്വാളിയർ റയൺസ് അല്ലെങ്കിൽ ഗ്രാസിം കമ്പനിയെന്ന് അറിയപ്പെടുന്ന ആ കമ്പനി പൾപ്പ് ഉൽപ്പാദിപ്പിക്കാൻ ഗവൺമെന്റുമായിട്ട് ഉണ്ടാക്കിയിരിക്കുന്ന കരാറനുസരിച്ച് വില കുറച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഒരു പ്രോൽസാഹനമായ നിലയിലുള്ള ചാർജ്ജാണ് ഫോറസ്റ്റിൽനിന്നുമുള്ള കൊടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ളത്. പൾപ്പ് ഉൽപാദനം തീർന്നു. അത് കഴിയുമ്പോൾ മാർക്കറ്റ് വില നൽകണമെന്നാണ് കരാർ. അതനുസരിച്ച് ഏതാണ്ട് പത്ത് പതിനെട്ട് കോടിയോളം രൂപയുടെ ആസ്തി ഗ്രാസിം കമ്പനിയുടേത് അവിടെ ശേഖരിച്ച് വച്ചിട്ടുണ്ട്. അത് സംബന്ധിച്ച ഇടപാടിൽ പത്തോ ഇരുപതോ ലക്ഷത്തിന് അത് കൈമാറ്റം ചെയ്യുകയെന്നുള്ള സ്ഥിതിയുണ്ടായപ്പോൾ ഞാൻ അത് സംബന്ധിച്ച് ഇവിടെ ആക്ഷേപം ഉന്നയിച്ചു. എന്റെ സഹപ്രവർത്തകനായ ശ്രീ. മത്തായി ചാക്കോ അവിടെ നടന്ന ഇടപാടിനെ സംബന്ധിച്ച് ഒരു സബ്മിഷൻ അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചു. അന്നത്തെ വനം വകുപ്പുമന്ത്രിയായ മിസ്റ്റർ സുധാകരൻ അതിന് മറുപടിയും പറഞ്ഞു. അപ്പോൾ ഞാൻ എഴുന്നേറ്റ് ചോദിച്ചു, ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർക്ക് ഇത്തരത്തിലുള്ള വിമർശനം ഉള്ളപ്പോൾ അന്വേഷിച്ചുകൂടേ എന്ന്. അന്വേഷിക്കാമെന്ന് മറുപടിയും പറഞ്ഞു. അന്വേഷിക്കാമെന്ന് പറഞ്ഞതിനുശേഷം അവിടെ പിന്നീട് നടന്നത് പിന്നെയും ലേലം വിളിക്കലാണ്. ആദ്യത്തെ ലേലം 22 ലക്ഷം രൂപയ്ക്ക് പോയി. രണ്ടാമത്തെ ലേലം വന്നപ്പോൾ 98 ലക്ഷമായി. മി. സുധാകരൻ അസംബ്ലിയിൽ പറഞ്ഞ മറുപടി അത് ഉണങ്ങ തടിയായതുകൊണ്ട് 22 ലക്ഷം കിട്ടിയതുതന്നെ വലിയ ഭാഗ്യമാണ് എന്നാണ്. അപ്പോൾ ശ്രീ. മത്തായി ചാക്കോയും ഞാനും ഉന്നയിച്ച ആക്ഷേപം നിലനിൽക്കേ അദ്ദേഹം ധൃതിയിൽ വീണ്ടും അത് ലേലം ചെയ്തപ്പോൾ 22 ലക്ഷത്തിൽനിന്ന് 98 ലക്ഷമായി. അങ്ങനെ 18 കോടി രൂപയുടെ ആസ്തി ഇത്തരത്തിൽ തുച്ഛമായി തുകയ്ക്ക് കൈമാറ്റം ചെയ്യുകയെന്നുള്ളത് ഗ്രാസിം കമ്പനിയുമായിട്ട് വകുപ്പുമന്ത്രി കൈകാര്യം ചെയ്യുകയെന്നുള്ള വളരെ ശക്തമായ ആക്ഷേപമാണ് കോഴിക്കോട്ടും പരിസരങ്ങളിലും ഉണ്ടായത്. ഞാൻ അവിടെ പോയി സ്ഥിതിഗതികൾ പഠിച്ചതിന്റെ ഫലമായി ആക്ഷേപം ശരിയാണെന്ന് മനസ്സിലാക്കിയിട്ടാണ് ഇവിടെ പറഞ്ഞത്. ഇത് സംബന്ധിച്ച് കണിശമായും ഒരു അഴിമതിയുടെ സ്വഭാവം ഇവിടെ ഉണ്ടായിട്ടുണ്ട്. ആ അഴിമതിക്ക് അന്ന് നേതൃത്വം കൊടുത്തത് വനം വകുപ്പുമന്ത്രിയാണെന്ന് ഞാൻ ഇവിടെ ഉന്നയിച്ചിട്ടുണ്ട്. ഞാൻ എന്റെ പ്രസംഗത്തിൽ അത് ചൂണ്ടിക്കാണിച്ചിട്ടുമുണ്ട്. ഒരു കാര്യവും ഇതുവരെ അന്വേഷിച്ചിട്ടില്ല. അതുപോലെതന്നെ പാലക്കാട് വനം വകുപ്പിന്റെ സ്ട്രോങ് റൂമിൽ മോഷണം നടന്നു. ആ മോഷണത്തെ സംബന്ധിച്ച് കുറേക്കാലം യാതൊരു അന്വേഷണവും നടത്തിയില്ല. അതു സംബന്ധിച്ച് വളരെ ശക്തമായി അസംബ്ലിയിൽ ആക്ഷേപം ഉന്നയിച്ചതിനെതുടർന്ന് സി. ബി. ഐ.-യ്ക്ക് വിടുന്നതാണെന്ന് വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. അതനുസരിച്ച് സി. ബി. ഐ.-ക്ക് വിട്ടു എന്നാണ് മനസ്സിലാക്കുന്നത്, ഇപ്പോഴത്തെ പത്ര വാർത്തയനുസരിച്ച് സി.ബി.ഐ. അന്വേഷണം വന്നപ്പോൾ ഫോറസ്റ്റ് ഉദ്യോഗസ്ഥരടക്കമുള്ള ഉദ്യോഗസ്ഥരാണ് പ്രതികൾ എന്നു വന്നു. മോഷണം നടത്തിയത് തൊണ്ടി സാധനങ്ങളായിരുന്നു. ആറ്, എട്ട് കേസുകളിൽ നടന്ന മോഷണത്തിന്റെ തൊണ്ടി സാധനങ്ങളാണ് മോഷണം പോയത്. ഒരു ആനക്കൊമ്പ് അഞ്ച് കോടി രൂപ വിലപിടിപ്പുള്ള ചന്ദനത്തടിയും ചന്ദന തൈലവും ഇതിൽ ഉദ്യോഗസ്ഥർ കൂടി പങ്കാളികളായതിനാൽ തേച്ച് മാച്ച് കളയുന്നതിനുള്ള ശ്രമമാണ് നടന്നത്. പിന്നീട് ഗവൺമെന്റായാലും കോടതിയായാലും സി. ബി. ഐ.-ക്ക് വിട്ടതിന്റെ ഫലമായി പ്രതികളെ പിടിക്കേണ്ട സ്ഥിതി വന്നു. നിബിഡ വനങ്ങളിലെ കയ്യേറ്റങ്ങളും തടിവെട്ടി വിൽക്കലും ചന്ദനത്തോട്ടങ്ങളിലെ കൊള്ളയും പ്രോസസ്സിംഗും എല്ലാം ഇന്ന് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നു. കോടതി അടച്ചുപൂട്ടാൻ ഉത്തരവിട്ടിട്ടും

LIBRARY ARCHIVES Kerala Legislative Assembly

ഫാക്ടറികളുടെ മുൻവശത്ത് നോക്കിയാൽ മുട്ടൻ തുടലുകളിൽ പൂട്ട് ഇട്ടിരിക്കുന്നത് കാണാം. പക്ഷേ അതിന്റെ പുറകുവശത്ത് ചന്ദന പ്രോസസ്സിംഗ് നടന്നുകൊണ്ടിരിക്കുകയാണ്. ഞാനിത് നേരിട്ടു കണ്ടതിന്റെ അടിസ്ഥാനത്തിൽ പറയുന്നതാണ്. ഈ നിലയിൽ ഒട്ടേറെ അഴിമതി ഈ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നു. ഓൺലൈൻ ലോട്ടറികളിൽ ഏതാണ്ട് ആറായിരം കോടി രൂപയുടെ നികുതി അക്കൂട്ടർക്ക് വിട്ടുകൊടുക്കണമെന്നുണ്ടെങ്കിൽ നല്ലൊരു പോർഷൻ അതുമായി ബന്ധപ്പെട്ട വകുപ്പുകാർക്ക് ലഭിക്കാതെ അങ്ങനെയൊരു സൗജന്യം ചെയ്യുമെന്ന് കരുതുന്നില്ല. ഏതാണ്ട് അഴിമതിയുടെ കാര്യത്തിൽ ദാവൂദ് ഇബ്രാഹിമിനെ തന്നെ കടത്തിവെട്ടുന്ന സ്ഥിതിയിലേക്ക് ഈ ഗവൺമെന്റ് പോയിക്കൊണ്ടിരിക്കുകയല്ലേ എന്നാണ് ഞാൻ ചോദിക്കുന്നത്. പിന്നീട് എനിക്ക് പറയാനുള്ളത്, ഈ ഗവൺമെന്റ് പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തിരഞ്ഞെടുപ്പ് നടത്താൻ പോകുന്നില്ല. മുഖ്യമന്ത്രി കൂടെക്കൂടെ സെപ്റ്റംബറിൽ തന്നെ തിരഞ്ഞെടുപ്പ് നടത്തുമെന്ന് പ്രഖ്യാപിക്കുന്നുണ്ട്. സെപ്റ്റംബറിലാണ് ഗഡുക്കളായി തിരഞ്ഞെടുപ്പ് നടത്തേണ്ടത്. പക്ഷേ ഈ ഗവൺമെന്റ് തിരഞ്ഞെടുപ്പ് കമ്മീഷനുമായി വെല്ലുവിളി ഉയർത്തി. തിരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെട്ടതനുസരിച്ച് വാർഡ് ഡീലിമിറ്റ് ചെയ്തു കൊടുക്കണമെന്നും ഏതാണ്ട് 24 ലക്ഷത്തോളം വോട്ടർമാർ നഷ്ടപ്പെട്ടുപോയ സ്ഥിതി അവസാനിപ്പിക്കുന്നതിനായി വീട് വീടാന്തരം കയറിയിറങ്ങി എന്യൂമറേഷൻ നടത്തണമെന്നും ആവശ്യപ്പെട്ടു. എന്നാൽ അതൊന്നും വേണ്ടതില്ല. ഇപ്പോഴ ഉള്ളതിന്റെ കൂടെ വോട്ടേഴ്സ് ലിസ്റ്റിൽ പേര് ചേർക്കാനുള്ള സമയം കൊടുത്താൽ മതി, 10 കോടി രൂപ ചെലവ് വരും എന്ന് പറഞ്ഞ് തള്ളി. തിരഞ്ഞെടുപ്പ് കമ്മീഷന്റെ ആവശ്യം അംഗീകരിച്ചില്ല. എന്യൂമറേഷൻ നടത്തേണ്ടതല്ലേ? നിങ്ങൾ അത് ചെയ്തില്ല. തിരഞ്ഞെടുപ്പ് കമ്മീഷൻ എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും യോഗം വിളിച്ചുകൂട്ടി അവരുടെ അഭിപ്രായം ആരാഞ്ഞിട്ടാണ് എന്യൂമറേഷൻ നടത്തണമെന്ന് ആവശ്യപ്പെട്ടത്, പക്ഷേ ഗവൺമെന്റ് അത് അംഗീകരിച്ചില്ല. ഗവൺമെന്റാകട്ടെ ആളുകളുടെ ഫോട്ടോ പതിച്ച കാർഡുകളുമായി വോട്ട് ചെയ്യുന്നതിനുവേണ്ടിയുള്ള ഒരുക്കങ്ങളാണ് ചെയ്തത്. തിരഞ്ഞെടുപ്പ് കമ്മീഷനുമായി ആലോചിക്കാതെ കെൽട്രോണിന് ഓർഡർ കൊടുത്തു. ഇതുവഴി 23 കോടി രൂപ കെൽട്രോണിന് കിട്ടി എന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. 10 കോടി രൂപ മുടക്കി എന്യൂമറേഷൻ നടത്താൻ തയ്യാറാകാതിരുന്ന ഗവൺമെന്റ് തിരഞ്ഞെടുപ്പ് കമ്മീഷന്റെ പോലും അനുവാദമില്ലാതെ ഫോട്ടോ പതിച്ച കാർഡ് കൊടുത്ത് തിരഞ്ഞെടുപ്പ് നടത്താൻ ഒരുങ്ങുകയാണ്. ഏതാണ്ട് പത്തിരുപത്തഞ്ചോളം പഞ്ചായത്തുകൾ വെട്ടിമുറിച്ചു. എന്നിട്ട് അത് ഭരണ കക്ഷിക്ക് അനുകൂലമായ തരത്തിലുള്ള വാർഡുകളായി വിഭജിക്കാൻ തുടങ്ങി. അത് ഡീലിമിറ്റ് ചെയ്തു കൊടുക്കാൻ ഏതാണ്ട് 2004 മുതൽ തിരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെടുന്നതാണ്. ഇതുവരെ കൂട്ടാക്കാതിരുന്നതിന്റെ ഫലമായി അഞ്ച് ജില്ലകളിൽ തിരഞ്ഞെടുപ്പ് നടക്കാൻ പോകുന്നില്ല. മലപ്പുറത്താകട്ടെ വരുന്ന ജനുവരിയിലേ ഗഡു ആകൂ. സെപ്റ്റംബറിൽ വയ്ക്കേണ്ട. അതെല്ലാം കൂട്ടുമ്പോൾ ഏതാണ്ട് പകുതിയോളം സ്ഥലത്തേ തിരഞ്ഞെടുപ്പ് നടത്താൻ ഇടയുള്ളൂ. ഗവൺമെന്റ് ഇത് തടസ്സം നിൽക്കുന്നത് തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കാൻ ധൈര്യമില്ലാത്തതുകൊണ്ടാണ്. കൊച്ചിയിലെ ഉപതിരഞ്ഞെടുപ്പിലെയും 2004-ൽ നടന്ന പാർലമെന്റ് തിരഞ്ഞെടുപ്പിലെയും തോൽവി, കൂത്തുപറമ്പിലും അഴീക്കോടും ഉണ്ടായ തോൽവി ഇതെല്ലാം കൂടി ചിന്തിച്ചപ്പോൾ ഇനി പഞ്ചായത്ത് തിരഞ്ഞെടുപ്പുകൂടി നടത്തിയാലുള്ള സ്ഥിതി എന്താകും എന്നതിന്റെ അടിസ്ഥാനത്തിൽ നീട്ടിനീട്ടി

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുപോവുകയാണ്. ചില പത്രങ്ങളിൽ കണ്ടത്, അസംബ്ലി തിരഞ്ഞെടുപ്പുതന്നെ വേഗതയിൽ ആക്കിയാൽ എന്താണ് എന്ന് ചിന്ത രണ്ടുകക്ഷിക്കാരുടെ ഇടയിൽ ഉണ്ടെന്നാണ്. നമ്മുടെ മുഖ്യമന്ത്രി മറുപടി പറയുമ്പോൾ അത് സംബന്ധിച്ച് അഭിപ്രായ പ്രകടനം വരുമോ ഇല്ലയോ എന്ന് ഞാൻ ഉറ്റുനോക്കിക്കൊണ്ടിരിക്കുകയാണ്. ലാവ്‌ലിന്റെ ഇളക്കം തട്ടിയ അന്തരീക്ഷത്തിൽ ഒന്ന് അടിച്ചു കയറാം എന്നാണ് നേരത്തെ എന്റെ സ്നേഹിതൻ ശ്രീ. സുധാകരന്റെ ഇളകിയാടിയ പ്രസംഗം കേട്ടപ്പോൾ തോന്നിയത്. ഏതായാലും ഇത് സംബന്ധിച്ച് ഗവൺമെന്റിന്റെ പ്രഖ്യാപനം മുഖ്യമന്ത്രിയിൽനിന്ന് അറിയാൻ കഴിയും എന്ന് കരുതുന്നു. യാതൊരു കാരണവശാലും പഞ്ചായത്ത് തിരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടുപോകാൻ തുനിയരുത്. പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടത്താനാവശ്യമായ സഹായം തിരഞ്ഞെടുപ്പ് കമ്മീഷന് നിങ്ങൾ നൽകണം. അഞ്ച് ജില്ലകളിലെ ഡീലിമിറ്റേഷൻ വേഗം നടത്തി തിരഞ്ഞെടുപ്പ് കമ്മീഷനെ സഹായിച്ചാൽ കണിശമായും തിരഞ്ഞെടുപ്പ് നടത്താനുള്ള സാദ്ധ്യത ഉണ്ടെന്നുതന്നെയാണ് ഞാൻ കരുതുന്നത്. മലപ്പുറത്തെ സംബന്ധിച്ച് ജനുവരിയിൽ ഇതിന്റെ കൂടെ ഒന്നിച്ച് നടത്തണമോ അതോ ഗഡു വരുമ്പോൾ നടത്തിയാൽ മതിയോ എന്ന് നിങ്ങൾ തീരുമാനിക്കണം. ഏതായാലും പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തിരഞ്ഞെടുപ്പുകൾ സെപ്റ്റംബറിൽത്തന്നെ നടത്താനാവശ്യമായ നടപടി സ്വീകരിക്കാൻ നിങ്ങൾ തുനിയണമെന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ഈ ഗവൺമെന്റ് കൈക്കൊണ്ടുപോരുന്ന നയ സമീപനങ്ങൾ വളരെ അപകടം നിറഞ്ഞതാണ്. ബഡ്ജറ്റിൽ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനും എല്ലാംതന്നെ ഓരോ ആണ്ടിലും കൊടുക്കാൻ ഉദ്ദേശിക്കുന്ന തുക പ്രഖ്യാപിക്കും. മാർച്ച് ആകുമ്പോഴേയ്ക്കും അതിൽനിന്ന് 200-ഓ 300-ഓ കോടി രൂപ വെട്ടിക്കുറയ്ക്കും. ഏതാണ്ട് നാല് കൊല്ലത്തിനിടയിൽ ബഡ്ജറ്റിൽ നിർദ്ദേശിക്കുന്ന തുകയും കൊടുക്കുന്ന തുകയും തമ്മിൽ നോക്കുകയാണെങ്കിൽ 1000, 1100 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾ അല്ലെങ്കിൽ പ്രാദേശിക ഗവൺമെന്റുകൾക്ക് ഭരണഘടനാ ഭേദഗതി ചെയ്യപ്പെട്ട് ഒരു പ്രാദേശിക ഗവൺമെന്റ് എന്നുള്ള സ്റ്റാറ്റസ് വന്നിരിക്കുന്ന സ്ഥാപനങ്ങളുടെ ന്യായമായ വികസന പ്രവർത്തനങ്ങൾക്ക്, ഗ്രാമ, നഗരങ്ങളുടെ വികസനത്തിന് നൽകേണ്ട തുക വെട്ടിക്കുറയ്ക്കുന്നു. വികസനത്തിന് പുരോഗതിയില്ല. ഞങ്ങൾ വികസനത്തിന് നിൽക്കുന്നു എന്നാണ് കാലത്തു മുതൽ വൈകുന്നേരം വരെ മുഖ്യമന്ത്രിയുടെ പ്രസംഗം കേട്ടാൽ തോന്നുക. വികസന വിരോധികൾ പ്രതിപക്ഷം. വികസനത്തിന് നിൽക്കുന്നു എന്ന് അവകാശപ്പെടുന്ന മുഖ്യമന്ത്രിയുടെ പാർട്ടി ഭരിക്കുന്ന സംസ്ഥാനത്താണ് ഈ പ്രാദേശിക ഗവൺമെന്റുകൾക്ക് കൊല്ലംതോറും വെട്ടിക്കുറച്ച് നാല് കൊല്ലത്തിനിടയിൽ 1,100 കോടി രൂപ വെട്ടിക്കുറച്ചിരിക്കുന്നത്. അതുപോലെതന്നെ വിദ്യാഭ്യാസ ആരോഗ്യ രംഗത്തെ സമീപനത്തിലും നിങ്ങൾ പുറകോട്ടാണ് പോകുന്നത്. ഉദാഹരണത്തിന് 2003-04-ൽ ആരോഗ്യമേഖലയിൽ 202 കോടി 89 ലക്ഷം രൂപയാണ് നീക്കി വച്ചതെങ്കിൽ ചെലവ് ചെയ്തത് 187 കോടി രൂപയാണ്. 2004-05-ൽ വകയിരുത്തിയത് 200 കോടി 60 ലക്ഷം രൂപയും, ചെലവ് ചെയ്തത് 189 കോടി 65 ലക്ഷം രൂപയുമാണ്. ഇങ്ങനെ ആരോഗ്യരംഗത്തുനിന്ന് ഇവർ പുറകോട്ടു പോകുകയാണ്. അതുപോലെതന്നെ വിദ്യാഭ്യാസമേഖലയ്ക്കുവേണ്ടി 2003-04-ൽ നീക്കിവച്ച തുക 144 കോടി 46 ലക്ഷം രൂപ, ചെലവ് ചെയ്തത് 85 കോടി 37 ലക്ഷം രൂപ അതുപോലെതന്നെ 2004-05-ൽ നീക്കിവച്ച തുക 171 കോടി 38 ലക്ഷം രൂപ,

LIBRARY ARCHIVES Kerala Legislative Assembly

ചെലവഴിച്ചത് 115 കോടി രൂപ. ഇങ്ങനെ വിദ്യാഭ്യാസ ആരോഗ്യ രംഗങ്ങളിൽ നിന്ന് ഈ ഗവൺമെന്റ് പുറകോട്ടുപോകുകയും സ്വകാര്യ വ്യക്തികൾ , സ്ഥാപനങ്ങൾ, സ്വാശ്രയ സ്കൂളുകൾ, കോളേജുകൾ എന്നിവയ്ക്കാണ് മുൻതൂക്കം കൊടുക്കുന്നതും കോഴ്സുകൾ അനുവദിക്കുന്നതും. നമ്മുടെ സംസ്ഥാനത്ത് ഗവൺമെന്റ് കോളേജുകളിൽ 500-ൽപ്പരം അധ്യാപകരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. പ്രിൻസിപ്പൽമാരുടെ മുപ്പത്തിയഞ്ചോളം പോസ്റ്റുകളും ഒഴിഞ്ഞുകിടക്കുകയാണ്. ഗവൺമെന്റ് കോളേജുകളിൽ കാര്യമായ കോഴ്സുകൾ ഒന്നുംതന്നെ കൊടുക്കുന്നില്ല. ഒന്നുമുതൽ ഏഴാം ക്ലാസുവരെയുള്ള സ്കൂൾ വിദ്യാഭ്യാസമേഖലകളിൽ ഗവൺമെന്റ് സ്കൂളുകളും എയ്ഡഡ് സ്കൂളുകളും ഇന്ന് അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. ഇവിടെ അദ്ധ്യാപകരായി ജോലി ചെയ്തിരുന്ന ആയിരക്കണക്കിന് ആളുകൾ thrown out ആയിക്കൊണ്ടിരിക്കുകയാണ്. അതേസമയം ഗവൺമെന്റ്/എയിഡഡ് സ്കൂളുകളുടെ ചുററുപാടും സ്വാശ്രയ സ്കൂളുകൾ കൂണുപോലെ അനുവദിക്കപ്പെട്ടിരിക്കുകയാണ്. സ്വാശ്രയ സ്കൂളുകളിൽ ഇപ്പോൾ വന്നിരിക്കുന്ന പ്രതിഭാസം ഏതാണ്ട് 1-ാം ക്ലാസ് മുതൽ 6-ാം ക്ലാസ് വരെ പ്രൈവററായി കുട്ടികളെ പഠിപ്പിച്ചിട്ട് പരീക്ഷയ്ക്കിരുത്തുന്ന സമ്പ്രദായം അംഗീകരിച്ചുപോരുന്ന പത്ത് എഴുനൂറ് സ്കൂളുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഒരു സ്കൂളിന് 10 ലക്ഷം രൂപ കൊടുത്താൽ ഗവൺമെന്റ് അനംഗീകൃതം എന്ന സ്കൂൾ അംഗീകൃത സ്കൂളായി മാറും. ഇങ്ങനെ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്കൂളുകൾ അനുവദിക്കുന്നതിന്റെ ഫലമായി നമ്മുടെ ഗവൺമെന്റ് സ്കൂളിന്റെയും, എയിഡഡ് സ്കൂളിന്റെയും സ്ഥിതി ശോചനീയമായി വരികയാണ്. 2004-05-ൽ പൊതുവിൽ എടുത്തിട്ടുള്ള ഒരു സെൻസസിൽ ഏതാണ്ട് ഒരു ലക്ഷത്തോളം കുട്ടികൾ ഗവൺമെന്റ് എയിഡഡ് സ്കൂളുകളിൽ കുറഞ്ഞുവരുന്നതായിട്ടാണ് കാണിക്കുന്നത്. അപ്പോൾ ഈ നിലയിൽ നമ്മുടെ സംസ്ഥാനത്ത് പരമ്പരാഗതമായി നടന്നിട്ടുള്ള നവോത്ഥാന പ്രസ്ഥാനത്തിന്റെയും ദേശീയ പ്രസ്ഥാനത്തിന്റെയും ഇടതുപക്ഷ പ്രസ്ഥാനത്തിന്റെയും എല്ലാം നിരന്തരമായ ശ്രമങ്ങളുടെ ഫലമായി കേരളത്തിൽ 1-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെ കേരള പൗരന്റെ മക്കൾക്ക് 4 നയാപൈസ ഫീസ് കൊടുക്കാതെ പഠിക്കാം. മാത്രമല്ല കേരളത്തിൽ നിലനിൽക്കുന്ന റിസർവേഷൻ ആനുകൂല്യവും അവർക്ക് ലഭിക്കുന്നതിന്റെ ഫലമായി പാവപ്പെട്ടവരുടെ മക്കൾക്ക് സാമാന്യവിദ്യാഭ്യാസം നേടാനും അതുപോലെത്തന്നെ ഉന്നത വിദ്യാഭ്യാസ മേഖലയിലേക്ക് ഉയർന്നുവരാനും, പദവികൾ നേടാനുമുള്ള ഇന്നത്തെ സാഹചര്യം ഈ സ്വാശ്രയ സ്കൂളുകൾ, സ്വാശ്രയ കോളേജുകൾ, സ്വാശ്രയരംഗത്തെ പ്രൊഫഷണൽ കോളേജുകൾ ഇങ്ങനെ അനുദിനം അനുദിനം, അനുവദിക്കുന്നതിന്റെ ഫലമായി ഗവൺമെന്റ് എയ്ഡഡ് സ്കൂളുകൾ താഴെയും കോളേജുകൾ മുകളിലും, പ്രൊഫഷണൽ കോളേജുകൾ . അതിനുമുകളിലുമായിട്ട് സ്വാശ്രയമേഖലകൾ ആധിപത്യം പുലർത്തുന്നതിന്റെ ഫലമായി ഒന്നാം ക്ലാസുമുതൽ ഫീസ് കൊടുത്താലേ അതും പണമുള്ളവന്റെ മക്കൾ മാത്രം പഠിച്ചാൽമതി എന്ന സ്ഥിതിയിലേക്ക് കേരളത്തെ നിങ്ങൾ കൊണ്ടെത്തിച്ചിരിക്കുകയാണ്. നമ്മുടെ പരമ്പരാഗത വ്യവസായങ്ങളുടെ ഇന്നത്തെ സ്ഥിതിയെന്താണ്? കയർ, കശുവണ്ടി, കൈത്തറി, ബീഡി, ഫിഷറീസ്, ഖാദി എന്നീ മേഖലകളിലെ സ്ഥിതി പരമദയനീയമാണ്. പത്ത് അൻപത് ലക്ഷത്തോളം വരുന്ന പരമ്പരാഗത വ്യവസായമേഖലയിലെ തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും വർഷങ്ങളായിട്ട് പട്ടിണിയും, കഷ്ടപ്പാടും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ന് സർക്കാരിന്റെ ഉടമസ്ഥതയിലുള്ള പൊതുമേഖലാസ്ഥാപന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളുടെ സ്ഥിതി എന്താണ്? അവ അടച്ചുപൂട്ടൽ ഭീഷണി അഭിമുഖീകരിക്കുകയാണ്. കേന്ദ്രത്തിൽ മൻമോഹൻസിംഗ് ഗവൺമെന്റ് വന്നതിനു ശേഷം ഇവിടെ അസംബ്ലി നടന്നുകൊണ്ടിരുന്ന സന്ദർഭത്തിൽ ഞാൻ അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയോട് ചോദിച്ചു നിങ്ങൾ ഈ പൊതുമേഖലാ സ്ഥാപനങ്ങളെ അടച്ചുപൂട്ടുക എന്ന നിലപാടുതന്നെ തുടരുകയാണോ അതോ പുതിയ കേന്ദ്ര ഗവൺമെന്റിന്റെ നയം തുടരാനാണോ ഭാവമെന്ന്. അപ്പോൾ മുഖ്യമന്ത്രി പറഞ്ഞത് ഞങ്ങൾ പുതിയ ഗവൺമെന്റിന്റെ നയമാണ് സ്വീകരിക്കുന്നത് എന്നാണ്. പുറത്തുനിന്നിരുന്ന വ്യവസായ വകുപ്പുമന്ത്രി അപ്പോൾ സഭയിൽ ഓടി എത്തിയിട്ട് അദ്ദേഹവും പറഞ്ഞു ഞങ്ങളുടെ നയം തന്നെയെന്ന്. എന്നാൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ചിലത് നഷ്ടത്തിലും ചിലത് നഷ്ടവും ലാഭവുമില്ലാതെയും പോകുന്നുണ്ട്. കെ. എം. എം. എൽ.-ഉം മലബാർ സിമന്റ്സുംപോലെ ലാഭകരമായി നടന്നുകൊണ്ടിരിക്കുന്ന ഫാക്ടറികളുമുണ്ട്. എന്നാൽ ലാഭത്തിൽ നടന്നുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾതന്നെ നഷ്ടത്തിലേക്ക് കൂപ്പുകുത്തുന്ന സ്ഥിതിയാണ് ഇന്ന് കാണാൻ കഴിയുന്നത്. നഷ്ടത്തിൽ പോകുന്നു എന്നു പറഞ്ഞ് പല വ്യവസായ സ്ഥാപനങ്ങളും വിററുതുലയ്ക്കുകയാണ്. അപ്പോൾ ഞാൻ പറഞ്ഞുവന്നത് ഇത്തരത്തിൽ നമ്മുടെ വ്യാവസായിക മേഖലകൾ പൊതുവിലും പരമ്പരാഗതവുമായിട്ടുള്ളതും തകർന്നുകൊണ്ടിരിക്കുന്നു. കേരളത്തിലെ കർഷകരുടെ സ്ഥിതിയെന്താണെന്ന് എന്റെ സ്നേഹിതൻമാർ പലരും നേരത്തെ ഇവിടെ പ്രസംഗിക്കുന്നത് കേട്ടു, ഞാനത് ആവർത്തിക്കുന്നില്ല. പക്ഷേ കഴിഞ്ഞ ദിവസം കേരളത്തിലെ ഇത്തവണത്തെ കൊയ്ത്ത് കഴിഞ്ഞ് നെല്ലിന്റെ വില ഗവൺമെന്റ് പ്രഖ്യാപിച്ചശേഷം സംഭരണം സംബന്ധിച്ച പ്രഖ്യാപനം നടന്നു. ഈ അസംബ്ലിയിൽത്തന്നെ ധനകാര്യ വകുപ്പുമന്ത്രി സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി നെല്ല് സംഭരണം നടത്തുമെന്ന് പറഞ്ഞു. പക്ഷേ അതൊന്നുംതന്നെ പൂർത്തിയാക്കിയില്ല. ഇന്നും നമ്മുടെ ചെറുതും, ഇടത്തരവുമായ കർഷകർ ഗവൺമെന്റ് പ്രഖ്യാപിച്ച വിലയായ ക്വിന്റലിന് 750 രൂപ വച്ച് കിട്ടുമെന്ന് വിചാരിച്ച് കാത്തിരുന്ന്, കാത്തിരുന്ന് അവസാനം മാസങ്ങൾ കഴിഞ്ഞപ്പോൾ പിടിച്ചുനിൽക്കാൻ കഴിയാതെ കടക്കാരുടെ സമ്മർദ്ദം വന്നതോടുകൂടി കർഷകർക്ക് മിൽ ഓണേഴ്സിന് നഷ്ടവിലയ്ക്ക് കൊടുക്കേണ്ടിവന്നു. ഗവൺമെന്റ് പ്രഖ്യാപിച്ച വിലകൊണ്ട് അവർക്ക് പ്രയോജനം ലഭിച്ചില്ല. കാരണം ഗവൺമെന്റ് സംഭരണ നടപടി സ്വീകരിക്കാത്തതിന്റെ ഫലമായി പാലക്കാട് മാത്രം 32 കോടി രൂപ പാവപ്പെട്ട ഇടത്തരം കർഷകർക്ക് നഷ്ടപ്പെടുകയാണുണ്ടായത്. ഇപ്പോഴും കുട്ടനാട്ടിലും, കോട്ടയത്തും തൃശ്ശൂരിന്റെ ചില മേഖലകളിലും സംഭരണം നടത്താതെ ഒരു തരത്തിൽ പിടിച്ചുനിൽക്കാൻ കഴിയുന്ന കർഷകർ വിഷമത അനുഭവിക്കുകയാണ്. ഈ പ്രശ്നം ഒന്നുംതന്നെ ഗവൺമെന്റ് ഗൗരവമായി പരിഗണിച്ച് ആവശ്യമായ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. പ്രതിപക്ഷകക്ഷി നേതാക്കൾ ഇവിടെ ഫാസ്റ്റിംഗ് നടത്തിയതിനെത്തുടർന്നുണ്ടായ ഒരു ഒത്തുതീർപ്പ് ഉണ്ട്. ആ ഒത്തുതീർപ്പിൽ ആവശ്യപ്പെട്ട, അല്ലെങ്കിൽ ഗവൺമെന്റ്തന്നെ സമ്മതിച്ച 4 കാര്യങ്ങളുണ്ട്. മൂഞ്ഞ വന്ന് കൃഷി നശിച്ച കൃഷിക്കാരെ ഞങ്ങൾ സഹായിക്കാം. കൃഷിക്കാരുടെ ഇൻഷ്വറൻസിന്റെ ആദ്യ ഷെയർ ഞങ്ങൾ നൽകാം. അതുപോലെതന്നെ കർഷകസംഘത്തിന്റെ കണക്കും, പത്രമാധ്യമങ്ങളിൽ വന്ന വാർത്തകളുമായിട്ട് നോക്കുകയാണെങ്കിൽ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവിലും കടക്കെണിയിലുംപെട്ട് ആയിരത്തി മുന്നൂറോളം കൃഷിക്കാർ ആത്മഹത്യ ചെയ്തു. ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഔദ്യോഗികമായിട്ടുള്ള കണക്ക് 215 അല്ലെങ്കിൽ 250 മാത്രമാണ്. ആ ആളുകൾക്ക് കേന്ദ്രം പ്രഖ്യാപിച്ചിട്ടുള്ള ഒരു ലക്ഷം രൂപയുടെ സഹായം സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള ഒരു ലക്ഷം രൂപയുടെ സഹായം ഇതൊന്നും അവരുടെയടുത്ത് എത്തിയിട്ടില്ല. 10-50 പേർക്ക് മാത്രമാണ് അത് നൽകിയിട്ടുള്ളത്. നിരാഹാരസമരത്തിലും ഞങ്ങളുടെ ഒത്തുതീർപ്പ് വ്യവസ്ഥതന്നെ ഇതാണ്. അത് ഇതുവരെ പാലിക്കപ്പെട്ടിട്ടില്ല എന്ന വസ്തുത ഞാൻ ഖേദപൂർവ്വം ഇവിടെ അറിയിക്കട്ടെ. നമ്മുടെ കൃഷിക്കാരുടെയും തൊഴിലാളികളുടെയും പരമ്പരാഗത വ്യവസായികളുടെയുമെല്ലാംതന്നെ സ്ഥിതി വ്യത്യസ്തമല്ലേ? വിദ്യാഭ്യാസ രംഗത്ത് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള രണ്ട് സ്വാശ്രയ കോളേജുകൾ സമം ഒരു ഗവൺമെന്റ് കോളേജ് എന്ന ഗവൺമെന്റിന്റെ പ്രഖ്യാപനം നടപ്പിലാക്കാൻവേണ്ടി 3 പ്രാവശ്യം നമ്മുടെ സംസ്ഥാനത്തെ കുട്ടികൾ ചവിട്ടും തൊഴിയും അതുപോലെതന്നെ ഗ്രനേഡിന്റെ ഏറിയും എല്ലാം ഏററിട്ട് പെൺകുട്ടികളടക്കം നിരവധി ആളുകൾ ഇന്ന് ആശുപത്രിയിൽ കഴിയുകയാണ്. ഇവിടെ മാന്യൻമാരായ എന്റെ സ്നേഹിതരായ ചില മെമ്പർമാർ എന്തിനായിരുന്നു ഈ സമരമെന്ന് ചോദിക്കുകയുണ്ടായി. ഇതു പറഞ്ഞാൽ പോരായിരുന്നോ; ബഹുമാനപ്പെട്ട സഹകരണ മന്ത്രിയുടെ വകുപ്പിൽ അത് നടപ്പാക്കുമായിരുന്നല്ലോ എന്നാണ് അവർ പറഞ്ഞത്. ആത്മാർത്ഥമായിട്ടാണോ പറഞ്ഞത്? ഈ ചവിട്ടും തൊഴിയും, ഗ്രനേഡ് ആക്രമണവും എല്ലാം സഹിച്ച് നമ്മുടെ കുട്ടികൾ ഗത്യന്തരമില്ലാതെ നടത്തിയ ആ സമരത്തെത്തുടർന്നാണെന്ന സത്യം നിങ്ങൾ വിസ്മരിക്കരുത്. അതുകൊണ്ട് ഞങ്ങൾക്ക് സമരം ചെയ്യാതെ യാതൊരു തരത്തിലും പററില്ല എന്ന ഗതികേടിൽ പെട്ടിരിക്കുന്നു എന്ന നിലയിൽ, ഞങ്ങൾക്ക് ഭ്രാന്തുപിടിച്ചു എന്ന നിലയിൽ അല്ല അങ്ങനെ പറഞ്ഞത്. GIM ഒരു മഹത്തായ സംരംഭം ആയിരുന്നുവെന്ന് ഇവിടെ വിവരിക്കുകയുണ്ടായി. GIM-നെ തുടർന്നുള്ള പ്രഖ്യാപനം എന്തായിരുന്നു. 26000 കോടി രൂപ വരുന്നു, പ്രതിപക്ഷംകൂടി സഹകരിച്ചാൽ അത് അൻപതിനായിരം കോടി രൂപ ആയി ഉയരും. എന്തു സംഭവിച്ചു? ഞങ്ങൾ കണ്ടതും കേട്ടതുമാണ്. ഛത്തീസ്ഗഢിലെ നദികൾ വിലയ്ക്കെടുത്താണ് കുത്തകക്കാർ അതിലെ വെള്ളം കുപ്പികളിലാക്കി പത്തും പതിനഞ്ചും രൂപയ്ക്ക് വിൽപ്പന നടത്തുന്നത്. യന്ത്രങ്ങൾ വേണ്ട; തൊഴിലാളികൾ വേണ്ട ചുരുങ്ങിയ ചിലവിലുള്ള കൃഷി. വെള്ളം വിൽപ്പന പെരിയാറും മലമ്പുഴയും മററു നദികളിലെ വെള്ളവും കച്ചവടം ചെയ്യാൻ ശ്രമിച്ചപ്പോൾ ഞങ്ങൾ അത് തടഞ്ഞു; അതുകൊണ്ട് കൃഷിക്കും കുടിവെള്ളത്തിനും ഉള്ള വെള്ളം കിട്ടുന്നു. പാലക്കാട്ടെ സ്ഥിതിയെ സംബന്ധിച്ച് കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിയും, വ്യവസായ വകുപ്പു മന്ത്രിയും, ഞങ്ങളെല്ലാം കൂടി പങ്കെടുത്ത ഒരു ചർച്ചയുണ്ടായിരുന്നു. 2003-ൽ അവിടത്തെ വ്യവസായത്തൊഴിലാളികളും കൂടി പങ്കെടുത്ത ആ ചർച്ചയുടെ പരിണതഫലമായി അവിടെ ഏതാണ്ട് 13000 തൊഴിലാളികളും അൻപതോളം ഭേദപ്പെട്ട വ്യവസായ സ്ഥാപനങ്ങളും നൂററിപ്പതോളം ചെറുകിട ഫാക്ടറികളും പ്രവർത്തനമാരംഭിച്ചു. 13000-ത്തോളം തൊഴിലാളികൾ പണിയെടുത്തിരുന്ന ആ ഭാഗത്ത് ഇപ്പോൾ തൊഴിൽ രാഹിത്യവും പട്ടിണിയും അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. ആ നിലയിൽ ഈ ഗവൺമെന്റ് എല്ലാ മേഖലകളിലും പരാജയത്തിന്റെ റെക്കോഡ് സൃഷ്ടിച്ചിരിക്കുകയാണ് എന്നുള്ളത് ഒരു സത്യമാണ്. അതിനെ ലാവ്ലിൻ കൊണ്ടു മൂടി തടിതപ്പാമെന്ന് കരുതരുത്. ആ മേഖലയിലും നിങ്ങൾ മുൻപിൽ തന്നെയാണ് നിൽക്കുന്നതെന്ന സത്യം അംഗീകരിക്കണം. ഏററവും മുന്നിൽ പ്ലാനിംഗ് ബോർഡിന്റെ ചെയർമാൻ ആണ്.

LIBRARY ARCHIVES Kerala Legislative Assembly

നിൽക്കുന്നത്. അതുപോലെതന്നെ നിങ്ങളുടെ സഹപ്രവർത്തകൻ ശ്രീ. ജി. കാർത്തികേയന് ആ കാര്യത്തിലുള്ള പങ്ക് വിസ്മരിക്കരുത്. നിങ്ങൾ കണ്ണാടിക്കൂട്ടിൽ ഇരുന്നുകൊണ്ടാണ് കല്ലെറിയുന്നതെന്ന് നല്ലപോലെ ഓർക്കണം. ഞങ്ങൾക്ക് യാതൊരു തരത്തിലുള്ള അന്വേഷണത്തേയും ഭയമില്ല. നിങ്ങൾ ഏതു വിധത്തിലുള്ള അന്വേഷണം വേണമെങ്കിലും നടത്തി കുററവാളികളെ ജനസമക്ഷം കൊണ്ടുവരണം. അതുപോലെതന്നെ ഇവിടെ ഉന്നയിച്ച ഈ അഴിമതിയെ സംബന്ധിച്ച് നിഷ്പക്ഷമായ അന്വേഷണം നടത്തി കുററവാളികളെ പുറത്തുകൊണ്ടുവരാൻ സന്നദ്ധരാകണം. അങ്ങനെ ധീരമായി ഒരന്വേഷണം നടത്തി നിങ്ങളുടെ നിരപരാധിത്വവും, നിഷ്കളങ്കതയും തെളിയിക്കാൻ സന്നദ്ധമാകണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. അവിശ്വാസപ്രമേയത്തെ ശക്തമായി പിൻതാങ്ങുന്നു. ഞാൻ നിർത്തുന്നു.

വ്യക്തിപരമായ വിശദീകരണം

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഇവിടെ രണ്ടു മെമ്പർമാർ, അതിൽ പ്രധാനമായും ശ്രീ. ജോസഫ് എം. പുതുശ്ശേരി

3.00 p. m.] എന്റെ പേരെടുത്തു പറഞ്ഞ് ആക്ഷേപാർഹമായ ചില കാര്യങ്ങൾ പറഞ്ഞു. വസ്തുത അദ്ദേഹത്തിന് അറിയാമെന്നുണ്ടെങ്കിലും തെററിദ്ധാരണ ഉണ്ടാക്കുന്ന പരാമർശം നിയമസഭ പോലുള്ള വേദിയിൽ ഉന്നയിക്കുന്നത് മാന്യതയ്ക്ക് നിരക്കുന്നതാണോയെന്ന് അദ്ദേഹം ചിന്തിക്കേണ്ടതാണ്. ഒരു കാര്യം എനിക്ക് പറയാനുള്ളത് കഴിഞ്ഞ മൂന്നു നാലു മാസമായി കേരളത്തിലെ പത്രങ്ങളിൽ ചില പ്രത്യേക ഉദ്ദേശത്തോടുകൂടി അനഘ എന്ന പെൺകുട്ടി പീഡിപ്പിക്കപ്പെട്ടിട്ടില്ല എന്ന് ഞാൻ പറഞ്ഞുവെന്ന് എഴുതിക്കൊണ്ടിരിക്കുന്നു. ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല എന്ന് മാത്രമല്ല ഞാനത് നിഷേധിച്ചുകൊണ്ട് പത്രക്കാർക്കു മുൻപിൽ പറയുകയും ചെയ്തതിനുശേഷവും കേരളത്തിലെ കുറെ പത്രപ്രവർത്തകർ നിരന്തരമായി അവരുടെ യജമാനൻമാർക്കുവേണ്ടിയാവാം ഇങ്ങനെ എഴുതിക്കൊണ്ടിരിക്കുന്നത്. ഞാനതിനെ കുററം പറയില്ല, അവരുടെ ധാർമ്മികതയെ ചോദ്യം ചെയ്യുന്നുമില്ല....

മി. സ്പീക്കർ: പുതിയ ഇഷ്യു ഉണ്ടാക്കേണ്ട.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: ഞാൻ നിഷേധിച്ചിട്ടും അതു തുടരുകയാണ് സർ, നമ്മുടെ ആഭ്യന്തര വകുപ്പ് സെക്രട്ടറിയോട് ഞാൻ ഇക്കാര്യം പറഞ്ഞിരുന്നു., ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല......പറഞ്ഞിട്ടില്ല...... പറഞ്ഞിട്ടില്ല.... അന്നത്തെ ഡി. ജി. പി. ശ്രീ. ഹോർമിസ് തരകനോടും പറഞ്ഞിരുന്നു. ഇങ്ങനെ പറഞ്ഞുവോ എന്ന് ഒരു പത്ര റിപ്പോർട്ടർ എന്നോട് ചോദിച്ചതിന് ഉത്തരമായി കോട്ടയം പത്രസമ്മേളനത്തിൽ ഞാൻ പറഞ്ഞ കാര്യം കേരളത്തിലെ ഒരു പ്രമുഖ പത്രം ഒക്ടോബർ 5-ാം തീയതി റിപ്പോർട്ടു ചെയ്തിരുന്നു. ശാരി എന്ന പെൺകുട്ടി മരിച്ചതിനുശേഷം ഒരു മാസം കഴിയാറായപ്പോഴാണ് ഇത്തരം വിവാദ പരാമർശങ്ങൾ എന്നെ ചേർത്തു വന്നത്. എനിക്ക് അങ്ങയുടെ പ്രൊട്ടക്ഷൻ വേണം. ഞാൻ ഈ പത്രങ്ങളുടെ നേരെ മാനനഷ്ടത്തിന് കേസുകൊടുക്കാൻ പോകുന്നു. കവിയൂർ എന്ന പ്രദേശത്ത് ഞാൻ പോയി. ഒരു എം. എൽ. എ. എന്ന നിലയിൽ, ജനപ്രതിനിധി എന്ന നിലയിൽ, ഒരു അമ്മ എന്ന നിലയിൽ, ഒരു സ്ത്രീ എന്ന നിലയിൽ സമൂഹം എന്നെയേൽപ്പിച്ച ഉത്തരവാദിത്വമാണ് ഞാൻ നിർവഹിച്ചത്. എനിക്കെങ്ങനെ ഒരു പെൺകുട്ടി

LIBRARY ARCHIVES Kerala Legislative Assembly

VI. റൂളിംഗ്

അവിശ്വാസ പ്രമേയാവതാരകന് വീണ്ടും പ്രസംഗിക്കാൻ അവസരം കൊടുക്കണമെന്നത് സംബന്ധിച്ച്

ശ്രീ. എം. വി. ജയരാജൻ: സർ, അവിശ്വാസപ്രമേയ ചർച്ച........

മി. സ്പീക്കർ: പ്രമേയാവതാരകന് മറുപടിക്കുള്ള അവസരം കൊടുക്കണമെന്ന് പറഞ്ഞ് ശ്രീ. എം. വി. ജയരാജൻ ഒരു കടലാസ് എഴുതി തന്നു. അതിനെപ്പററി ഞാൻ പറയാം. ഇതുവരെ നമ്മുടെ നിയമസഭയിൽ വന്ന എല്ലാ പ്രൊസീഡിംഗ്സും ഞാൻ പരിശോധിച്ചു. ഒരിക്കലും അങ്ങനെ കൊടുത്തിട്ടില്ല. അദ്ദേഹം പറയുന്ന പാർലമെൻററി നടപടി ക്രമങ്ങളെ സംബന്ധിച്ചാണെങ്കിൽ പാർലമെൻറിൽ പ്രമേയാവതാരകന് ഒറവാക്കിൽ അവതരിപ്പിക്കാനല്ലാതെ പ്രസംഗിക്കാൻ അവകാശമില്ല. അതുകൊണ്ട് പ്രസംഗിക്കാൻ ഒരവസരം കൊടുത്തു. രണ്ടാമതും സംസാരിക്കാൻ അവസരമില്ല. നമ്മുടെ പ്രീസീഡൻറ് അനുസരിച്ചും സൗകര്യമില്ല. അതുകൊണ്ട് അനുവദിക്കാൻ സാധ്യമല്ല.

ശ്രീ. എം. വി. ജയരാജൻ: സർ, 1961 ജൂൺ 28-ന് കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ ശ്രീ. സി. ജി. ജനാർദ്ദനൻ അവിശ്വാസപ്രമേയം അവതരിപ്പിച്ച് അതിൻെറ മറുപടിക്കു ശേഷവും അദ്ദേഹത്തിന് സംസാരിക്കാൻ അനുവദിച്ചതിൻെറ പ്രൊസീഡിംഗ്സിൻെറ കോപ്പിയാണ് എൻെറ കയ്യിലുള്ളത്. അതിനുശേഷം നിയമസഭാ ചട്ടം 289 പ്രകാരവും Practice & Procedure of Parliament അനുസരിച്ചും യഥാർത്ഥത്തിൽ ഇത് നമുക്ക് അനുവദനീയമാണ്. അപ്പോൾ അതു കൊടുക്കേണ്ടതാണ്. അങ്ങ് ഈ ഭാഗം പരിശോധിക്കണം.

മി. സ്പീക്കർ: ഇതിൽ വളരെ വ്യക്തമായിട്ട് പറയാം. 289 (3)-നു ശേഷം 290 അതനുസരിച്ച് പോകുകയാണെങ്കിൽ മറുപടിയും മറുപടിക്ക് മറുപടിയുമായിട്ട് അനന്തമായി പോകും. റൂളുകൾ എന്തുതന്നെയായിരുന്നാലും വ്യക്തികൾക്ക് അവകാശമുണ്ട്. പക്ഷെ നമ്മൾ പാർട്ടികൾക്കാണ് സമയം കൊടുക്കുന്നത്. ആരോഗ്യകരമായ ചില പ്രീസീഡൻറ്സ് ഇവിടെ ഉണ്ട്. അങ്ങു പറഞ്ഞ ശ്രീ. സി. ജി. ജനാർദ്ദനൻെറ പ്രീസീഡൻറ് കഴിഞ്ഞ് വളരെയധികം വെള്ളം ഒഴുകിപ്പോയി. അതിനുശേഷം വന്ന എല്ലാ സന്ദർഭങ്ങളിലും ഏകകണ്ഠമായി എൻെറ പൂർവ്വികർ നൽകിയ റൂളിംഗ് ഇതാണ്: I stand by that. അതാണ് ഇപ്പോഴത്തെ കീഴ്‌വഴക്കം.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, അഴിമതിയാരോപണങ്ങൾ സംബന്ധിച്ച് ശ്രീ. എം. വി. ജയരാജൻ അങ്ങേയ്ക്ക് എഴുതിത്തന്നു. അതിൽ വെയർഹൗസിംഗ് കോർപ്പറേഷനെ സംബന്ധിച്ച് 266 കോടി രൂപ എന്നെഴുതിത്തരുകയും പിന്നീട് തിരുത്തി 26 കോടി രൂപയുടെ അഴിമതി നടത്തി എന്നു പറഞ്ഞ് ഒരു പരാമർശം ഉണ്ടാവുകയും ചെയ്തു. അദ്ദേഹം എഴുതിയത് ഇപ്രകാരമാണ്, മുഖ്യമന്ത്രിയുടെ അറിവോടെയും സമ്മതത്തോടെയും കേരള സ്റേററ് വെയർഹൗസിംഗ് കോർപ്പറേഷൻ, എം. ഡി. നടത്തിക്കൊണ്ടിരിക്കുന്ന അഴിമതി ബിസിനസ്സ് ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ ഗോഡൗൺ നിർമ്മിച്ചു കൊണ്ട് 266 കോടി രൂപ എന്നെഴുതി. രണ്ടാമത് 26 കോടി രൂപയുടെ

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടമുണ്ടാക്കി എന്നാണ്. ഇതിനൊരു വിശദീകരണം ഞാൻ പറയുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന തലത്തിൽ ഒരു വെയർഹൗസിംഗ് ഗോഡൗണും ഉണ്ടാക്കാൻ അനുവാദം കൊടുത്തിട്ടില്ല. 1999-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് 5 സ്ഥലങ്ങളിൽ ഗോഡൗൺ ഉണ്ടാക്കുന്നതിനു അനുവാദം കൊടുത്തിരുന്നു. അതു കേന്ദ്ര ഗവൺമെന്റിന്റെ കാശാണ്. നിലമ്പൂർ, ഇരിട്ടി, പടന്നക്കാട്, പറവൂർ തുടങ്ങിയ അഞ്ചു സ്ഥലത്താണ്. നാലു സ്ഥലത്ത് 76.95 ലക്ഷം രൂപയാണ്, മറേറത് 207.50 ലക്ഷം രൂപയാണ്. രണ്ടു കോടി ഏഴു ലക്ഷത്തി അമ്പതിനായിരം രൂപയുടെ നാലു ഗോഡൗൺ ഹരിപ്പാട്, നാട്ടിക, കാരിക്കാട്, കോട്ടയം എന്നീ സ്ഥലങ്ങളിൽ പണിതു. 30-11-2000-ൽ കേന്ദ്ര ഗവൺമെന്റിന്റെ 9 ഗോഡൗൺ പണിയുന്നതിനുള്ള അനുവാദം കൊടുത്തിരുന്നു. അതു നാല് കോടിയിൽപ്പരം രൂപയ്ക്കാണ് കൊടുത്തത്. അല്ലാതെ വെറുതെ ഒരു ഗോഡൗണും സംസ്ഥാന ഗവൺമെന്റിന്റേതായിട്ട് ചെയ്തിട്ടില്ല. സംസ്ഥാന ഗവൺമെന്റ് ചെയ്തിരുന്ന ഗോഡൗണുകൾ വൈക്കം, പാലക്കാട്, തകഴി എന്നിവയാണ്. അവ പണമില്ലാത്തതു കൊണ്ട് ഇന്നും ചെയ്തുതീർക്കാതെ കിടക്കുകയാണ്. ഏതാണ്ട് നാലു കോടിയിൽപ്പരം രൂപയുടെ സെൻട്രൽ ഗവൺമെന്റിന്റെ വർക്ക് ആണ്. 26 കോടി രൂപ നഷ്ടമാക്കി. അല്ലെങ്കിൽ അതിന് കൈക്കൂലി മന്ത്രിയും മുഖ്യമന്ത്രിയും വാങ്ങി എന്നു പറയുമായിരുന്നോ? അത് ഇവരുടെ കാലത്താണ് തുടങ്ങിയത്. ആ സ്കീമിനെപ്പററിയാണ് പുകമറ സൃഷ്ടിച്ച് ഇതുപോലെ ഒരവിശ്വാസ പ്രമേയം കൊണ്ടുവന്നത്. ഞാൻ സഭയിൽ 1952 മുതൽ മെമ്പറാണ്. ഈ നിയമസഭയിൽ ഇതുപോലൊരു അവിശ്വാസ പ്രമേയ ചർച്ച ഞാൻ കേട്ടിട്ടില്ല. അങ്ങോട്ടുമിങ്ങോട്ടും ചീത്ത പറയുകയും അഴിമതിയുടെ കഥ പറയുകയും ചെയ്യുകയാണ്. ഗവൺമെന്റുകളുടെ പ്രവർത്തനത്തെ സംബന്ധിച്ച്, അവർ ചെയ്തിട്ടുള്ള നടപടികൾ ജനക്ഷേമകരമായിട്ടുള്ള നടപടികളാണോ അല്ലയോ, ഗവൺമെന്റിനെ തിരാണോ അല്ലയോ എന്നു നോക്കുന്നതിനു പകരം അങ്ങോട്ടുമിങ്ങോട്ടും കഥകൾ പറഞ്ഞുകൊണ്ട് നിൽക്കുന്നതായിട്ടുള്ള ഇതുപോലൊരു അവിശ്വാസ പ്രമേയ ചർച്ച ഇതിനുമുമ്പ് ഇവിടെ നടന്നിട്ടില്ല. ഇപ്പോൾ അതാണ് ഇവിടെ നടന്നിരിക്കുന്നത്. അല്ലാതെ ഒരവിശ്വാസ പ്രമേയം ആയിട്ടല്ല ചർച്ച നടക്കുന്നത്, ഞാൻ പറയുന്നതിൽ വിഷമം തോന്നുമെങ്കിലും 1987-ലാണ് കമ്മ്യൂണിസ്ററ് മന്ത്രിസഭയുടെ അവസാനത്തെ മന്ത്രിസഭയിൽ ഞാൻ വ്യവസായ വകുപ്പുമന്ത്രിയായിരുന്നത്. 1994-ൽ എന്നെ പാർട്ടിയിൽ നിന്ന് പുറത്താക്കി. പാർട്ടിയിൽ നിന്ന് കളഞ്ഞതെന്തിനാണെന്ന് അവരോട് ചോദിക്കുക? ഞാൻ അധികപ്രസംഗിയാണ്, പറഞ്ഞാൽ കേൾക്കാത്തവളാണ് എന്നാണ് പറഞ്ഞത്. അതിന്റെ പിന്നീടുള്ള കഥകൾ പ്രതിപക്ഷ നേതാവിനോട് സ്വകാര്യമായി ചോദിച്ചാൽ അദ്ദേഹം പറഞ്ഞുതരും. എന്തുകൊണ്ട് എന്നെ കളഞ്ഞുവെന്ന്? അന്ന് എന്റെ പേരിൽ ഒരു അഴിമതി ആരോപണവും നടത്തിയല്ല പുറത്തുകളഞ്ഞത്. ഈ അഴിമതി ആരോപണത്തെ സംബന്ധിച്ച് ആരെക്കൊണ്ടും അന്വേഷിപ്പിക്കാൻ ഞാൻ തയ്യാറാണ്. എനിക്ക് ഒരു വിരോധവുമില്ല. ആരെക്കൊണ്ടു വേണമെങ്കിലും അന്വേഷിപ്പിക്കാം. ഞാൻ ഒരൊററ കാര്യം മാത്രം പറയുകയാണ്; ഞാൻ രാഷ്ട്രീയത്തിൽ വന്ന കാലത്തുണ്ടായിരുന്ന എന്റെ സ്വത്തും അത് കഴിഞ്ഞതിനുശേഷം എനിക്കുള്ള വരുമാനവും എനിക്കുള്ള സ്വത്തും ശ്രീ. എം. വി. ജയരാജന്റെ സ്വത്തും ഒന്ന് അന്വേഷിക്കുന്നത് നന്നായിരിക്കും. അതാണ് എനിക്ക് പറയാനുള്ളത്. രാഷ്ട്രീയത്തിൽ ഇടക്കാലത്തുവന്ന മാററങ്ങളുണ്ട്. അതാണ് നിങ്ങൾ ഈ നിയമസഭയിൽ അവതരിപ്പിച്ചു കാണിച്ചത്. രാഷ്ട്രീയ പാർട്ടികളിൽ വന്നിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

മാററത്തിന്റെ പ്രത്യേകത. ഇവിടെ പറയുന്നതെന്താണ്? കമ്മ്യൂണിസ്ററ് പാർട്ടി വീഗാലാൻറ് നടത്താൻ പോകുന്നുവെന്ന് കേട്ടപ്പോൾ ഞാൻ വിഷമിച്ചുപോയി. കമ്മ്യൂണിസ്ററ് പാർട്ടിയുടെ ഐഡിയോളജി എന്താണ്? കമ്മ്യൂണിസ്ററ് പാർട്ടിയുടെ ഐഡിയോളജി ശരീരം കാണിച്ച് കാശുണ്ടാക്കലാണോ? എന്തുമാത്രം മാറിപ്പോയി നിങ്ങൾ? കമ്മ്യൂണിസമെന്ന് പറയാൻ നിങ്ങൾക്ക് നാണമുണ്ടോ? കച്ചവടം നടത്തി. രാജ്യത്ത് കമ്മ്യൂണിസം നടപ്പിലാക്കാമെന്ന് വിചാരിക്കുന്ന ഭോഷത്തരം കാണിക്കുന്ന ഒരു പാർട്ടിയാണിത്. തൊഴിലാളികളേയും മററുള്ളവരേയും സംഘടിപ്പിച്ചുകൊണ്ട് കുറെ കാര്യങ്ങൾ ചെയ്യുന്നു. നിങ്ങൾ ഭരണത്തിൽ വരും, യു.ഡി.എഫ്. ഭരണത്തിൽ വരും. പ്രവൃത്തിയിൽ വ്യത്യാസമെന്താണ്? പരിപാടിയിൽ വ്യത്യാസമുണ്ടോ? പ്ലാനിംഗ് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള പരിപാടി അവരവരുടെ രീതിയിൽക്കൂടി, നടത്താൻ നടപടിയെടുക്കും. അതാണ് നടക്കുന്നത്. വ്യത്യാസമെന്തെങ്കിലുമുണ്ടോ? ഒരു വ്യത്യാസവുമില്ല. എന്നിട്ട് ഇവിടെ വന്ന് ആളുകളെ തെററിദ്ധരിപ്പിക്കത്തക്ക വിധത്തിൽ കാര്യങ്ങൾ പറയാറുണ്ട്. കേന്ദ്ര ഗവൺമെൻറ് എന്നോട് ആവശ്യപ്പെട്ടിട്ട് ഒരൊററ ആളും ഇവിടെ മരിച്ചില്ലെന്ന് ഞാൻ പറഞ്ഞതായി ഈ നിയമസഭയിൽ പല പ്രാവശ്യമായി ശ്രീ. കെ. പി. രാജേന്ദ്രൻ പറയുകയാണ്. ചോദ്യം ഇതാണ്, Whether cases of suicide by farmers in the country particularly in Andhra Pradesh. and Kerala having increase during the last six months. Increase ചെയ്തോ എന്നാണ് ചോദ്യം. അതിന് വിവരം ശേഖരിച്ചുവരുന്നു എന്ന് ഞാനൊരു മറുപടിയും കൊടുത്തു. വിവരം ശേഖരിക്കാതെ increase ചെയ്തോ ഇല്ലയോ എന്ന് കവടിവച്ച് പറയാൻ പററുമോ? കവടിവച്ച് പറയാൻ പററില്ലല്ലോ. അതുകൊണ്ട് അന്നുമുതൽ തുടങ്ങിയതാണ്, ഇവിടെ ആരും മരിച്ചില്ലെന്ന് ഞാൻ പറഞ്ഞതായി പറയുകയാണ്. നിങ്ങളുടെ കണക്ക് എനിക്ക് കൊടുക്കാൻ പററുമോ? 1300 പേർ ഉണ്ടെന്നു പറഞ്ഞാൽ ഞങ്ങൾ കണക്കുകൂട്ടി കഴിഞ്ഞപ്പോൾ 218 പേർ മരിച്ചിട്ടുണ്ടെന്നുകണ്ടു. അവർക്കു മുഴുവൻ 50,000 രൂപവച്ച് ഈ ഗവൺമെൻറ് കൊടുത്തിട്ടുമുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ സംസ്ഥാനത്ത് 1300-ഓളം കൃഷിക്കാർ ആത്മഹത്യ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് കുറച്ചു കൃഷിക്കാരേ ആത്മഹത്യ ചെയ്തിട്ടുള്ളൂ എന്നാണ്. അത് ആത്മഹത്യയാണെന്ന് മനസ്സിലാക്കാൻ കഴിയാത്തത് Police inquest report-ൽ കടംകൊണ്ടാണ് മരിച്ചതെന്ന് പറഞ്ഞിട്ടില്ലെന്ന് പറഞ്ഞുകൊണ്ടാണ് അങ്ങ് അതിനെ ന്യായീകരിച്ചത്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: അങ്ങനെ ഒരു ന്യായീകരണവുമില്ല. ഒരു കാര്യം ചോദിക്കട്ടെ കൃഷിയുടെ കടം കൊണ്ടാണോ ആലപ്പുഴയിൽ ഒരാൾ മരിച്ചത്? അയാൾ മരിച്ചതിന്റെ സഹായമായി 50,000 രൂപ വാങ്ങിയിട്ടുണ്ട്. അയാൾ ഓട്ടോറിക്ഷ ഓടിക്കുന്ന ആളാണ്. കൃഷിക്കാരനാണെന്നു പറഞ്ഞ് അയാളുടെ പേരും പോയി. ഇവിടെ ഏതെങ്കിലും വിധത്തിൽ കൃഷിക്കാരന്റെ പേരില്ലാതാക്കി ഈ 50,000 രൂപ കിട്ടുന്ന പാവപ്പെട്ടവന്റെ വീട്ടിൽ നിന്നും, അത് പിടിച്ചെടുക്കണമോ? ഇതുപോലെ കള്ളത്തരവും പ്രചാരവേലയും നടത്തിക്കൊണ്ടിരിക്കുകയാണ്. 218 പേർ മരിച്ചു. അവർക്ക് കേന്ദ്ര ഗവൺമെൻറ് ധനസഹായം കൊടുക്കുമോയെന്ന് ഞങ്ങൾ ആവശ്യപ്പെട്ടു, കിട്ടിയില്ല. കേന്ദ്ര ഗവൺമെൻറിൽനിന്ന് ആദ്യം 50 കോടി രൂപ മാത്രമേ കിട്ടിയുള്ളൂ, പിന്നെ ഇത് പോയതിനുശേഷം 106.5 കോടി രൂപ കൃഷിക്കും മററുമായി എന്നുപറഞ്ഞ് പ്രധാനമന്ത്രി ഇവിടെ വന്നപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അനൗൺസ് ചെയ്തുതന്നു. അതാണുണ്ടായത്. ഒന്ന് ആലോചിക്കണം; നിരന്തരമായിട്ടുള്ള പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് അത് വാങ്ങിയെടുത്തത്. ഇവിടെ ഇവരൊക്കെ ഭരിച്ചു, ഇല്ലാതെയില്ല. കേരളത്തിൽ കാററുവീഴ്ച തുടങ്ങിയിട്ട് നൂറു സംവൽസരമായി. ഞാൻ മന്ത്രിയായിരുന്നപ്പോഴും കാററു വീഴ്ച ചതിച്ചു. കേടായവ വെട്ടിമാററി പുതിയത് വയ്ക്കുകയാണു ണ്ടായത്. ഇന്നത്തെ യു. പി. എ. ഗവൺമെന്റ് വന്നതിനുശേഷം ഞങ്ങളുടെ പ്രയത്നം കൊണ്ടാണ് ഇത് കിട്ടിയത്. കഴിഞ്ഞ 5 കൊല്ലം നിങ്ങൾ തീർത്തുഭരിച്ചു. ഒരു പ്രോജക്ട് അവിടെ പോയോ? ഒരു പ്രോജക്ട് എവിടെയെങ്കിലും ഉണ്ടാക്കിയോ?...... (ബഹളം)........ ആരുണ്ടാക്കി? എവിടെയാണ് കൊടുത്തത്? ഒന്നു കാണിച്ചുതരാമോ? ഒന്നും പറയണ്ട; എം. എൻ. സ്മാരകത്തിനായിരിക്കും കൊടുത്തത്, അല്ലാതെ ഇവിടെയല്ല...... (ബഹളം).... ഏതായായും ഒരു പ്രോജക്ട് കൊടുത്ത് അംഗീകരിപ്പിച്ചു. കേരളത്തിലെ തെങ്ങുകൃഷിക്കാർ എത്രയാണ്? കേരളത്തിലെ തെങ്ങുകൃഷിക്കാർ അഭിവൃദ്ധിപ്പെട്ടാൽ തെങ്ങുവെട്ടിമാററി രോഗമില്ലാത്ത പഴയ കാലത്തെ തെങ്ങുപോലെ ആദായമുണ്ടാക്കി കഴിഞ്ഞാൽ ഇവിടത്തെ സാമ്പത്തിക സ്ഥിതി എത്ര മെച്ചപ്പെടും. കേരളത്തിൽ വളരെയേറെ മെച്ചപ്പെടും. 1924 കോടി രൂപ ഇവിടെ വന്നു....(ബഹളം)....ഒച്ചയെടുത്ത് എന്നെ ഇരുത്താൻ പററില്ല. നെൽക്കൃഷിക്ക് എന്തു ചെയ്യണമെന്നാണ് പറയുന്നത്? കഴിഞ്ഞകൊല്ലം വരെ ഒരു കുഴപ്പവുമുണ്ടായിരുന്നില്ല. ഇവിടെ വളരെ പ്രതീക്ഷയോടുകൂടി കൊണ്ടുവന്ന നെൽ procurement scheme ആയിരുന്നു. ഞാൻ വരുമ്പോൾ നെല്ലിന് 423 രൂപയാണുണ്ടായിരുന്നത്. ഇന്നിപ്പോൾ അത് 780 രൂപയാണെന്ന് ഇവർ തന്നെ പറയുന്നു.

മി. സ്പീക്കർ: എല്ലാ മന്ത്രിമാർക്കും പറയണം, ആരോപണം നിഷേധിച്ചു; അത്രയും പോരേ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: കൊല്ലം, ആലപ്പുഴ, എറണാകുളം, കോട്ടയം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിലാണ് തെങ്ങിന് കാററുവീഴ്ച രോഗം പിടിപെട്ടത്, അത് പകരാതിരിക്കാൻ..(ബഹളം)..

Mr. Speaker: Please............ Please.........(ബഹളം).... മിനിസ്ററർക്ക് പറയാനുള്ള അധികാരമുണ്ട്. അവർ പറയുന്നത് കേൾക്കുക.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: നിലവിലുള്ള buffer zone ചാലക്കുടി പുഴയുടെ അപ്പുറത്തും ഇപ്പുറത്തുമുണ്ട്. തിരുവനന്തപുരം, ആററിങ്ങൽ ആറിനപ്പുറത്തും ഇപ്പുറത്തുമുള്ള സ്ഥലങ്ങളിലെ തെങ്ങ് വെട്ടിമാററിയാൽ തെങ്ങുരോഗം പകരാതിരിക്കും. ശ്രീ. ബിനോയ് വിശ്വം ബഹളം വയ്ക്കണ്ട. അവിടെ കൂമ്പുചീയൽ എന്ന രോഗമുണ്ട്. അതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് എടുത്തുവരുന്നുണ്ട്. ഇത് കാററുവീഴ്ചയ്ക്കു മാത്രമുള്ള താണ്. അതുപോലെ ശ്രീ. മോഹൻദാസിന്റെ പ്രശ്നം ഇവിടെ പറഞ്ഞു. ഹൈക്കോടതി തീരുമാനിച്ചിട്ടും ശ്രീ. മോഹൻദാസിനെ പിരിച്ചുവിട്ടില്ലെന്നു പറഞ്ഞു. ഹൈക്കോടതിയുടെ മുകളിൽ ഒരു കോടതിയും കൂടിയുണ്ട്, സുപ്രീംകോടതി. സുപ്രീംകോടതി എഴുതി തന്നത് The petition arises out of the order made by the High Court and we had an interim stay order on 11-2-2000 staying the order made by the High Court that order shall be enforced until the disposal of the case എന്നാണ്. പിന്നെ എങ്ങനെ പിരിച്ചുവിടാൻ കഴിയും? 1987-ൽ ഞാൻ വ്യവസായ വകുപ്പുമന്ത്രിയായി

LIBRARY ARCHIVES Kerala Legislative Assembly

വരുമ്പോൾ ശ്രീ. മോഹൻദാസ് കെല്ലിന്റെ എം.ഡി. ആയിരുന്നു. അന്നും ആരോപണമൊന്നും പറയാതെ ശ്രീ. മോഹൻദാസിനെ പിരിച്ചുവിടണമെന്ന് ആവശ്യപ്പെട്ടതാണ്. കാരണം എന്താണെന്നോ? ശ്രീ. ചെറിയാനും ശ്രീ. മുസ്തഫയും തമ്മിൽ നടന്ന തെരഞ്ഞെടുപ്പിൽ, ശ്രീ. മുസ്തഫയ്ക്കു വേണ്ടി ശ്രീ. മോഹൻദാസ് പ്രവർത്തിച്ചു എന്നതാണ് അന്നത്തെ ആരോപണം. അതിന്റെ അടിസ്ഥാനത്തിൽ പിരിച്ചു വിടണമെന്നാണ് പറഞ്ഞത്. ഞാൻ അന്നത്തെ സെക്രട്ടറിയുമായി ആലോചിച്ചു. ഒരു കുററവും ചെയ്യാതെ പിരിച്ചു വിടുന്നതു ശരിയല്ലല്ലോ. അങ്ങനെ അന്നു പിരിച്ചു വിട്ടില്ല. പിൽക്കാലത്തു പിരിച്ചുവിട്ടു. എറണാകുളം ഡി.സി. അടക്കം രാജി വയ്ക്കുമെന്നു പറഞ്ഞപ്പോൾ, കുഴപ്പമുണ്ടാകാതിരിക്കാൻ വേണ്ടി പിരിച്ചു വിട്ടത് ശരി തന്നെയാണ്. എന്നും അതുപോലെ നടക്കുമോ? അന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഡി. സി.-യിൽ മാത്രമേയുള്ളൂ. അതുകൊണ്ട് ശ്രീ. കോടിയേരി ബാലകൃഷ്ണന് അറിയില്ല. കൃഷി വകുപ്പിൽ ഞാൻ ഒന്നും ചെയ്തിട്ടില്ലെന്നു പറയുന്നതിനെ സംബന്ധിച്ച് ഞാനൊന്നും പറയുന്നില്ല. കേരളത്തിലെ കൃഷിക്കാരൻ കൃഷി ചെയ്യാൻ ആഗ്രഹിച്ചു വന്ന കാലമാണ്. അങ്ങയുടെ നാട്ടിൽ കഴിഞ്ഞകൊല്ലം VFPCK എന്ന സ്ഥാപനം അഞ്ചുലക്ഷം ടൺ പച്ചക്കറി ഈ നാട്ടിലുണ്ടാക്കി. ഓണത്തിനു ലോറി പണിമുടക്കുണ്ടായിട്ടും ഒരു കുഴപ്പവുമില്ലാതെ പച്ചക്കറി വീട്ടിൽ കൊണ്ടുപോയില്ലേ? ഇവർ ഈ വകുപ്പ് എന്നെ ഏൽപ്പിച്ചു തന്നതിൽനിന്നും എത്ര കാതം ഞങ്ങൾ മുന്നോട്ടു പോയിട്ടുണ്ടെന്ന് ഇവർ തന്നെ മനസ്സിലാക്കട്ടെ. അത്രമാത്രമേ എനിക്കു അതു സംബന്ധിച്ചു പറയാനുള്ളൂ. അതിൽ കൂടുതലൊന്നും പറയാനില്ല. അതുകൊണ്ട് ഈ അവിശ്വാസ പ്രമേയം തള്ളിക്കളയണമെന്ന് ബഹുമാനപ്പെട്ട സ്പീക്കറോട് ഞാൻ അപേക്ഷിക്കുകയാണ്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഇവിടെ ബഹുമാനപ്പെട്ട എം. വി. ജയരാജനും ശ്രീ. ടി. കെ. ദേവകുമാറും ചില അഴിമതിയാരോപണങ്ങൾ ഉന്നയിച്ചു. അതിൽ പ്രധാനമായും എന്റെ വകുപ്പിനെ സംബന്ധിച്ച്. ശ്രീ. എം. വി. ജയരാജൻ എഴുതിക്കൊടുത്ത ആരോപണത്തിൽ പറഞ്ഞത്, പോൾസ് വാങ്ങിയ വകയിൽ ഞാനും ഉദ്യോഗസ്ഥരും പത്തു കോടി രൂപ കൈക്കൂലി വാങ്ങി അഴിമതി നടത്തി എന്നാണ്. പോൾസിന്റെ കാര്യത്തിൽ ഒന്നുമാത്രം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ന് ഈ സംസ്ഥാനത്ത് കിട്ടാൻ ഏററവും പ്രയാസമുള്ളത് ഇലക്ട്രിസിററിയുടെ മെററീരിയൽസാണ്. അതിൽ ഏററവും ക്ഷാമം കാണുന്നത് പോൾസിന്റെ കാര്യമാണ്. നമ്മുടെ സംസ്ഥാനത്താകെ 13 പോൾ കാസ്ററിംഗ് യൂണിററുകളുണ്ട്. ആ പോൾ കാസ്ററിംഗ് യൂണിററിൽ നാലു ലക്ഷത്തിൽപ്പരം, ഏഴു മീററർ പോൾസ് കാസ്ററ് ചെയ്യാനുള്ള സൗകര്യം മാത്രമേയുള്ളൂ. അഡീഷണലായി 12 സ്ഥലത്തു കൂടി പോൾ കാസ്ററിംഗ് യൂണിററുകൾ സ്ഥാപിക്കാനുള്ള ടെൻഡറുകൾ ക്ഷണിച്ചു. പുതിയ കാസ്ററിംഗ് യൂണിററ് ഉണ്ടാക്കണം. അതുപോലെ ചിലതിന്റെ കപ്പാസിററി വർദ്ധിപ്പിക്കണം. ഇതെല്ലാം ഉദ്ദേശിച്ചുകൊണ്ട് അഞ്ചു കൊല്ലത്തേയ്ക്കുള്ളതു കൊടുത്തു. ഒരു പോൾ കാസ്ററിംഗ് യൂണിററ് ഉണ്ടാക്കണമെങ്കിൽ ഏകദേശം ഒരു കോടിയോളം രൂപ വേണ്ടിവരും. ഒരു കൊല്ലത്തെ സപ്ലൈക്കുവേണ്ടി ആരും അതുണ്ടാക്കില്ല. അതു പോലെ expansion-നും കുറെ പണം വേണ്ടിവരും. ഓരോ കൊല്ലത്തേയ്ക്കു വേണ്ടതു അപ്പപ്പോൾ കൊടുത്താൽ ക്ഷാമമുണ്ടാകും. കാരണം അതിനു വീണ്ടും ടെൻഡർ ചെയ്ത് quotation വിളിച്ചു വരുമ്പോഴേയ്ക്കും

LIBRARY ARCHIVES Kerala Legislative Assembly

മുമ്പുള്ള സ്റ്റോക്ക് തീരും. അങ്ങനെ വലിയ പ്രയാസം വരും. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് അഞ്ചു കൊല്ലത്തേയ്ക്കു കൊടുത്തു. 12 സ്ഥലത്ത് ടെൻഡർ ഇൻവൈററു ചെയ്തെങ്കിലും ആകെ നാലു സ്ഥലത്തു മാത്രമാണ് പുതിയ ആളുകൾ ക്വാട്ടു ചെയ്തത്. കൊല്ലത്തുള്ളത് United Electricals Ltd. ആണ്. അവർക്ക് കൊടുക്കാൻ തീരുമാനിച്ചു. കോട്ടയത്തുനിന്നും ഒന്നുവന്നു. അതു പ്രൈവററാണ്. കൊടുക്കാൻ തീരുമാനിച്ചു. കോഴിക്കോട്, മലപ്പുറം ജില്ലകളിലാണ് ഏററവും കൂടുതൽ കൺസ്യൂമേഴ്സുള്ളത്. അവിടെയൊരു പോൾ കാസ്ററിംഗ് യൂണിററ് കൊടുക്കാൻ തീരുമാനിച്ചു. അവിടെ നിന്ന് ഒരു കക്ഷി വന്നു. കോഴിക്കോടു നിന്ന് ഇതുപോലെ വന്നു. ഇതാണ് വസ്തുത. ഈ യൂണിററുകൾ വന്നിട്ടുപോലും നമുക്ക് ആവശ്യമുള്ള 7 മീററർ പോംസ്, ഏകദേശ കണക്കനുസരിച്ച് 8 ലക്ഷത്തോളം വേണ്ടിവരും. ഇതു വന്നാൽപ്പോലും അഞ്ചു ലക്ഷത്തിൽപ്പരം പോംസ് മാത്രമേ വരികയുള്ളൂ. അപ്പോൾ ഇവിടെ പോൾ കാസ്ററിംഗ് യൂണിററ് ഇനിയും വേണം. ഇപ്പോൾ വടകര പുതിയൊരു സർക്കിൾ വന്നു. തിരൂരും വന്നു. പോംസ് ഏററവും കുറവ് മലബാർ മേഖലയിലാണ്. കണ്ണൂരിൽ പിണറായി കോ-ഓപ്പറേററീവ് സൊസൈററി ഉള്ളതുകൊണ്ട് പ്രശ്നമില്ല. കാസർകോട് പ്രശ്നമില്ല. കോഴിക്കോടും മലപ്പുറവും പ്രശ്നത്തിലാണ്. പാലക്കാട് വലിയ പ്രശ്നമില്ല. അതു കഴിഞ്ഞാൽ ഏററവും പ്രശ്നമുള്ള സ്ഥലമാണ് ഇടുക്കി. ബഹുമാനപ്പെട്ട ആർ. ബാലകൃഷ്ണപിള്ള കുറച്ചുകാലം ഇലക്ട്രിസിററി വകുപ്പ് കൈകാര്യം ചെയ്തിരുന്ന ഒരാളാണ്. അവിടേയും കുറവാണ്. തിരുവനന്തപുരം സിററിയിൽ രണ്ടു സർക്കിൾ ഉണ്ട്. റൂറലും അർബനും. ഈ രണ്ടു സർക്കിളുകളിലും ഇപ്പോൾ കുറവാണ്. പെരുമ്പാവൂരിൽ കുറവാണ്. തൃശ്ശൂരിൽ കുറവില്ല. എറണാകുളത്തു കുറവാണ്. പക്ഷേ പുതിയ Contractors വന്നിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് അഞ്ചു കൊല്ലത്തേയ്ക്കു കൊടുക്കേണ്ടിവന്നത്. കമ്പിയുടെ വില കൂടി. സിമൻറിൻെറ വില കൂടി. നമുക്ക് എല്ലാവർക്കും അറിയാം. ഇടുക്കിയിലും വടകരയിലും തിരൂരിലും ഒന്നു കൂടി ടെൻഡർ ഇൻവൈററു ചെയ്തിട്ടുണ്ട്. അവിടെ വന്നാലും നമുക്കാവശ്യമായ പോംസ് ഉണ്ടാവില്ല. ഇടുക്കിയിൽ കട്ടപ്പനയിലാണ് ഞാൻ ഒരു ടെൻഡർ വിളിക്കാൻ ഏർപ്പാടു ചെയ്തത്. അതേയവസരത്തിൽ കഴിഞ്ഞ കൊല്ലം പോംസിനുവേണ്ടി ടെൻഡർ വിളിച്ച് ഓർഡർ കൊടുത്തു. ഏഴു മീററർ പോംസിനു ആവറേജ് വേണ്ടത് 880 രൂപയാണ്. 'ഈ പ്രാവശ്യം അഞ്ചു കൊല്ലത്തേയ്ക്ക് ഓർഡർ കൊടുത്തു. ഒരു കൊല്ലത്തേയ്ക്ക് ആവശ്യമുള്ളതേ വാങ്ങൂ. അത്രയല്ലാതെ ഉണ്ടാക്കാനുള്ള കപ്പാസിററിയും അവർക്കില്ല. 880 രൂപയ്ക്ക് കഴിഞ്ഞ കൊല്ലം ഓർഡർ കൊടുത്തത്, ഇക്കൊല്ലം ടെൻഡർ വിളിച്ചപ്പോൾ 870 ആയി. അതു കൂടിയോ കുറഞ്ഞോ? അങ്ങു നോക്കിയാൽ മതി. അതുപോലെ എട്ടു മീററർ പോംസിനു കഴിഞ്ഞ വർഷം 1,099 രൂപ ആയിരുന്നെങ്കിൽ, ഈ പ്രാവശ്യത്തെ ടെൻഡറിൽ 1,044 രൂപയായി അതു കുറഞ്ഞു. അത്പോലെ ഒൻപതു മീററർ പോംസ് 1,725 എന്നുള്ളത് 1,695 ആയി കുറഞ്ഞിട്ടുണ്ട്. അഞ്ചു കൊല്ലത്തേയ്ക്ക് കൊടുത്തതാണ്. ഇതു കുറവാണെന്നു മാത്രമല്ല ഇനി conductor-ൻെറ കാര്യമെടുക്കാം. ഇവിടത്തെ 14 സ്മാൾ സ്കെയിൽ യൂണിററിൽ കൊടുത്തു. ട്രാക്കോ കേബിൾസ് കമ്പനിയിൽ ഉണ്ടാക്കുന്ന മുഴുവൻ കമ്പിയും ഇലക്ട്രിസിററി ബോർഡ് വാങ്ങുന്നു. ഏഴു ശതമാനം ഇൻററസ്ററ് വച്ചു അഞ്ചു കോടി രൂപ ഞങ്ങൾ അവർക്ക് ലോണായി കൊടുത്തു. അവരുടെ കപ്പാസിററി ഡബിൾ ചെയ്യാൻവേണ്ടി പറഞ്ഞു. മെററീരിയൽസിൻെറ കുറവു കാരണമാണ് ഞങ്ങൾ ഇങ്ങനെ ചെയ്തത്. അതുപോലെ ടെൽക്കിനും ഞങ്ങൾ അഡ്വാൻസ് ചെയ്യുന്നുണ്ട്. ഞങ്ങൾ മുഴുവൻ പവർ ട്രാൻസ്ഫോർമറും

LIBRARY ARCHIVES Kerala Legislative Assembly

അവിടെനിന്നും വാങ്ങുന്നു. പഴയ അവസ്ഥയല്ല ബോർഡിനിപ്പോൾ. സാമ്പത്തികമായി ഉയർന്നു വന്നതുകൊണ്ട് ഞങ്ങൾ അഡ്വാൻസുവരെ കൊടുക്കുന്നുണ്ട്. മെററീരിയൽസിന്റെ കുറവ് ഉണ്ട്. അതാണ് ഇതിന്റെ യഥാർത്ഥ സംഭവം. അതിൽ 10 കോടി രൂപയുടെ അഴിമതിയുണ്ടെന്ന് ശ്രീ. എം. വി. ജയരാജൻ പറഞ്ഞു. ശ്രീ. എം. വി. ജയരാജൻ പറഞ്ഞതിനെ പൊളിററിക്കലായി മാത്രമേ ഞാൻ കാണുന്നുള്ളൂ.

ശ്രീ. സ്പീക്കർ: മാററർ ബ്രീഫാക്കണം.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇവിടെ ഉന്നയിച്ച കാര്യങ്ങളല്ലാതെ ഞാൻ മറെറാന്നും പറഞ്ഞിട്ടില്ലല്ലോ. ഇപ്പോഴുംതന്നെ ഇങ്ങനെ പറയാൻ തുടങ്ങിയാലോ? അടുത്തത് ശ്രീ. ടി. കെ. ദേവകുമാർ പറഞ്ഞ അതിരപ്പിള്ളിയുടെ കാര്യമാണ്. അതിരപ്പിള്ളിയെന്നൊരു പ്രോജക്ട് ഇവിടെയുണ്ട്. 1999-ലാണ് ആ പ്രോജക്ടിലെ ഏർപ്പാടുകളൊക്കെ ചെയ്തത്. ആ പ്രോജക്ട് 1-3-2000-ൽ ടെൻഡർ ചെയ്തു. 414 കോടി രൂപയ്ക്കാണ് ടെൻഡർ ചെയ്തത്. ടെൻഡർ ചെയ്തുകഴിഞ്ഞതിനുശേഷം മൂന്ന് നാല് കോൺട്രാക്ടേഴ്സ് വന്നു. അതിരപ്പിള്ളി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് H.C.C. and B.H.E.L. consortium-ത്തിനാണ് അനുവദിച്ചു കൊടുത്തത്. അതിനുശേഷം കോടതിയിൽ ചില കേസുകൾ വന്നു. 6-3-2001-ൽ അത് ബോർഡ് പാസ്സാക്കി ഓർഡർ ഇറക്കി. ഞാൻ അതിനെ കുററം പറയുന്നില്ല. 414 കോടി രൂപയുടെ പ്രോജക്ടാണ്. അപ്പോൾ ഹൈക്കോടതി സ്റേറ ചെയ്തു. ഹൈക്കോടതി സ്റേറ ചെയ്തപ്പോൾ അതിന്റെ environment clearance ഇൻഡ്യാ ഗവൺമെന്റ് സസ്പെൻറ് ചെയ്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഞാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഡൽഹിയിൽപ്പോയി ബന്ധപ്പെട്ട മന്ത്രിമാരെയും പ്രധാനമന്ത്രിയേയും കണ്ടതിന്റെ അടിസ്ഥാനത്തിൽ അതിന്റെ ക്ലിയറൻസ് കിട്ടി. മാർച്ച് മാസത്തിലാണ് ക്ലിയറൻസ് കിട്ടിയത്. ആ ക്ലിയറൻസ് കിട്ടിയയുടനെതന്നെ ഞങ്ങൾ ഇത് കൺസോർഷ്യത്തിന് അയച്ചു. അന്നത്തെ ടെൻഡർ കണ്ടീഷൻ സംബന്ധിച്ച രേഖ ശ്രീ. ടി. കെ. ദേവകുമാറിന് എവിടെനിന്ന് കിട്ടിയെന്നറിയില്ല. അന്നത്തെ ടെൻഡർ കണ്ടീഷൻ അനുസരിച്ച് എഗ്രിമെന്റ് വയ്ക്കാൻ ഞങ്ങൾ അവർക്കെഴുതി. അത് 9-5-2005-ലാണ്. ക്ലിയറൻസ് കിട്ടുന്നത് മാർച്ച് മാസത്തിലാണ്. ഞങ്ങൾ വലിയ ധൃതി കൂട്ടിയില്ല. ധൃതി കൂട്ടേണ്ടതാണ്. ആ കത്ത് H.C.C., B.H.E.L.-ൽ consortium-ന് അയച്ചു. ആ കത്തിൽ പറഞ്ഞ വാചകം ഞാൻ വായിക്കാം. It is hereby informed that the contract for the subject work is awarded to M/s H.C.C., B.H.E.L. consortium on timely basis without financial package at the quoted rate ie., Rs. 414,22,04,500 less a discount of 50,00,000 offered by you on the basis of the conditions of the contract and other tender conditions of the Kerala State Electricity Board എന്നാണ്. ഇവിടെ ശ്രീ. ടി. കെ. ദേവകുമാർ പറഞ്ഞതെന്താണ്? 2001-ലെ ടെൻഡർ കണ്ടീഷനിൽ ചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടു. അതു കഴിഞ്ഞ് 10-5-2005-ന് അയച്ച മറുപടിയിൽ അവർ രണ്ട് കാര്യങ്ങൾ പറഞ്ഞിരുന്നു. ഒന്ന് അവിടെ മൂന്ന് മെഗാവാട്ടിന്റെ പവർഹൗസ് സെൻറർ രണ്ടാക്കാൻ ഇലക്ട്രിസിററി അതോറിററിക്ക് അന്ന് അയച്ചതാണ്. അതിന്റെ ക്ലിയറൻസ് ഇപ്പോൾ വന്നു. അപ്പോൾ ഒരു ചെറിയ ചെയ്ഞ്ച് വേണം. ആ ചെയ്ഞ്ച് നാല്, അഞ്ച് കോടിയിലധികം

LIBRARY ARCHIVES Kerala Legislative Assembly

രൂപ വരില്ലേ ശ്രീ. ആർ. ബാലകൃഷ്ണപിള്ളേ? എന്നേക്കാൾ കൂടുതൽ അങ്ങേയ്ക്ക് അറിയാം. മറ്റൊരു കാര്യം പറഞ്ഞത് ഇത് 2000-ൽ നടന്ന സംഭവമാണ്. ആ ടെൻഡർ ഡോക്യുമെന്റ്സ് അനുസരിച്ച് 2004-ൽ ഇതിന്റെ പണി തീരണം. അതുകൊണ്ട് ഞങ്ങൾക്ക് ഈ റേറ്റിന് ചെയ്യാൻ സാദ്ധ്യമല്ല, 2004 ഡിസംബറിൽ പുതിയ ഷെഡ്യൂൾ വന്നിരിക്കുന്നു. ഞങ്ങൾക്ക് അന്ന് എഗ്രിമെന്റും വച്ചിട്ടില്ല. അത് ഞാനല്ലല്ലോ വയ്ക്കേണ്ടത്. അതുകൊണ്ട് ഇതിന് എസ്ക്കലേഷൻ വേണമെന്ന് അവർ ആവശ്യപ്പെട്ടു. ശ്രീ. ടി. കെ. ദേവകുമാർ ഇവിടെ ഉന്നയിച്ചത് അവർ അയച്ച കത്തിനെ പറ്റിയാണ്. ആ കത്തിന് മറുപടിയായി ഞങ്ങൾ കൊടുക്കാമെന്നും പറഞ്ഞിട്ടില്ല, കൊടുക്കില്ലെന്നും പറഞ്ഞിട്ടില്ല. മനസ്സിലായോ? ഇക്കാര്യത്തിൽ എന്ത് വേണമെന്ന് ആലോചിച്ചിട്ടില്ല. കത്ത് വന്നത് 10-5-2005-ലാണ്. 1-3-2005-ൽ തീരുമാനം എടുത്തു. 6-3-2003-ന് ബോർഡ് ഓർഡർ കൊടുക്കുന്നു. ധൃതി നമ്മൾ കാണിച്ചിട്ടില്ല. ഇതിൽ ഇപ്പോൾ അവർ പറയുന്നത് ഇത് 1999-ലെ ഷെഡ്യൂളാണ്, ഇപ്പോൾ 2004-ലെ ഷെഡ്യൂൾ ഉണ്ടെന്നാണ്. ഞങ്ങൾ ഒരു തീരുമാനവും എടുത്തിട്ടില്ല. ഇതിനകത്തുള്ള പ്രശ്നം മുഖ്യമന്ത്രിയുടെ സഹായം കൊണ്ട് കിട്ടിയ ക്ലിയറൻസിൽ പറയുന്നത് 42 മാസം കൊണ്ട് പണി തീരണമെന്നാണ്. 598.97 കോടി രൂപയാണ് അവർ ആവശ്യപ്പെടുന്നത്. എന്നു പറഞ്ഞാൽ 155 കോടിയെന്ന് ശ്രീ. ടി. കെ. ദേവകുമാർ പറഞ്ഞത് ശരിയാണ്. ഈ തുക കൊടുക്കണമോ കൊടുക്കണ്ടയോയെന്ന് ബോർഡ് ഇതുവരെ ആലോചിച്ചിട്ടില്ല. അവർ 155 കോടി രൂപ ചോദിച്ചപ്പോഴേയ്ക്കും എനിക്കും മുഖ്യമന്ത്രിക്കും 100 കോടി രൂപ കിട്ടിയിട്ടുണ്ടെങ്കിൽ 414 കോടി രൂപയുടെ ഓർഡർ കൊടുത്തപ്പോൾ എന്തായിരിക്കും ശ്രീ. ടി. കെ. ദേവകുമാറേ സ്ഥിതി? ഏതായാലും ഇത് ഇവിടം കൊണ്ട് നിർത്തുന്നു. എസ്.എൻ.സി. ലാവ്ലിനെ സംബന്ധിച്ച് പ്രതിപക്ഷത്തുനിന്ന് രണ്ട് അഭിപ്രായങ്ങൾ വന്നു. ഡോ. തോമസ് ഐസക്കും ശ്രീ. കോടിയേരി ബാലകൃഷ്ണനുമൊക്കെ എസ്. എൻ. സി. ലാവ്ലിനിൽ തെറ്റില്ല, മന്ത്രിമാരായ ശ്രീ. ശിവദാസനും ശ്രീ. എ. കെ. ആന്റണിയും വേണ്ട സമയത്ത് നടപടി എടുക്കാത്തതുകൊണ്ട് നഷ്ടപ്പെട്ടു എന്നൊക്കെയാണ് വളരെ ശക്തിയായിട്ട് പറഞ്ഞത്. ഇതാണോ ശ്രീ. കോടിയേരി ബാലകൃഷ്ണൻ സത്യം? നിങ്ങൾ ഈ കമ്മിറ്റിയിലുള്ള ഒരാളല്ലേ? എസ്. എൻ. സി. ലാവ്ലിനിൽ കുഴപ്പമില്ല. അവർ എഗ്രിമെന്റ് പുതുക്കിയില്ല, എം. ഒ. യു. പുതുക്കിയില്ല, ഇവിടെ യാതൊരു നടപടിയും എടുത്തില്ല എന്നൊക്കെ പറഞ്ഞ് ഡോക്ടർ തോമസ് ഐസക് അനുകൂലിക്കുകയായിരുന്നു. എന്നാൽ, പ്രതിപക്ഷ നേതാവിനോട് എനിക്ക് ബഹുമാനമാണ്. അദ്ദേഹം പറഞ്ഞു, എസ്. എൻ. സി. ലാവ്ലിൻ കള്ള കമ്പനിയാണ്, കരിമ്പട്ടികയിൽ ഉൾപ്പെടുത്തേണ്ട കമ്പനിയാണ് എന്ന് പറഞ്ഞു. ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞത് കരിമ്പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് മാത്രമല്ല 15 മില്യൻ ഡോളർ കുറ്റ്യാടിക്ക് തരാൻ പറഞ്ഞത് തന്നില്ല എന്നാണ്. അതുപോലെ അദ്ദേഹം വേറൊരു കാര്യംകൂടി പറഞ്ഞു. പള്ളിവാസൽ റീഹാബിലിറ്റേഷൻ പ്രോജക്ടിന് അവർ 98 കോടി രൂപ തന്നു എന്ന്. അദ്ദേഹത്തിന്റെ കണക്ക് വളരെ ശരിയാണ്. 89 കോടി രൂപ ഇനി തരാൻ ബാക്കിയുണ്ട്. രണ്ടുംകൂടി നൂറ്റിഅമ്പതിനാലാണ്...

രണ്ടുംകൂടി നൂറ്റിചിലവാനം കോടി രൂപ തരാതെ കേരളത്തിലെ ജനങ്ങളെ വഞ്ചിച്ച കമ്പനിയാണ് എന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞു അത് രേഖയിൽ ഉണ്ട്. ഇത് പറഞ്ഞിട്ടില്ലെങ്കിൽ ഞാൻ എം. എൽ. എ. സ്ഥാനം രാജിവയ്ക്കാം. എന്താണ് ഡോക്ടർ തോമസ് ഐസക്കിന് എസ്.എൻ സി. ലാവ്ലിനോട് ഇത്ര താൽപ്പര്യം?

.......................(ബഹളം).......................പലരും ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രസംഗിച്ചപ്പോൾ എസ്. എൻ. സി. ലാവ്ലിനെ ന്യായീകരിക്കുകയല്ലേ ചെയ്തത്? എസ്. എൻ. സി. ലാവ്ലിനെ ന്യായീകരിക്കാൻ നിങ്ങൾക്ക് എന്ത് ബാദ്ധ്യതയാണുള്ളത്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എസ്. എൻ. സി. ലാവ്ലിനെ ഇവിടെ ആരും ന്യായീകരിച്ചിട്ടില്ല. ഇടുക്കി, ഇടമലയാർ, ലോവർ പെരിയാർ തുടങ്ങിയ നിരവധി പദ്ധതികൾ പൂർത്തിയാക്കിയിട്ടുള്ള ഒരു സ്ഥാപനം ആണ് എസ്. എൻ. സി. ലാവ്ലിൻ. ആ എസ്. എൻ. സി. ലാവ്ലിൻ കുറ്റ്യാടിയുടെ കാര്യത്തിലും പള്ളിവാസലിന്റെ കാര്യത്തിലും നമ്മുടെ സംസ്ഥാനത്തെ പറ്റിച്ചു എന്നാണ് പ്രതിപക്ഷ നേതാവ് പറഞ്ഞത്. ഈ രണ്ടു പദ്ധതിയിലും നമ്മുടെ സംസ്ഥാനത്തിന് എസ്. എൻ. സി. ലവ്ലിനിൽ തരാനുള്ള പൈസ ചോദിച്ചു വാങ്ങാൻ തയ്യാറാകണം. അത് വാങ്ങാതെ നമ്മൾ അന്യോന്യം തർക്കിച്ച് എസ്. എൻ. സി. ലാവ്ലിനെ നിങ്ങൾ രക്ഷപ്പെടുത്തരുത്.

ശ്രീ. ആര്യാടൻ മുഹമ്മദ്: പ്രതിപക്ഷ നേതാവ് പറഞ്ഞത് ഇപ്പോൾ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതാണ്. ഡോക്ടർ ഐസക് എസ്. എൻ. സി. ലാവ്ലിനെ ന്യായീകരിക്കുകയായിരുന്നു. ഞാനും ശ്രീ. കോടിയേരി ബാലകൃഷ്ണനും ഇപ്പോൾ ഒരേ അഭിപ്രായക്കാരാണ്. ശ്രീ. മുഹമ്മദ് ചോദിച്ചു ഈ എസ്. എൻ. സി. ലാവ്ലിൻ ആരാണെന്നറിയാമോ? ഇറാക്കിന് ആയുധം കൊടുത്ത ഏറ്റവും വലിയ ആയുധ കമ്പനിയാണെന്നാണ് ലേറ്റസ്റ്റായി ചില പ്രസിദ്ധീകരണങ്ങളിൽ വന്നത്. റിച്ചാർഡ് ഫ്രാങ്കിന് പങ്കുണ്ടെന്നാണ്..........(ബഹളം)...... ഞാൻ അത് പറയുന്നില്ല. പന്നിയാർ, പള്ളിവാസൽ, ചെങ്കുളം ഇതാണ് റീഹാബിലിറ്റേഷൻ പ്രോജക്ട്. അതിന്റെ കരാർ സംബന്ധിച്ചാണ് ഇവിടെ തർക്കം. ഈ കരാറിലെ ആദ്യത്തെ പേജിൽ തന്നെയുണ്ട്. Panniyar generating station upgrading project contract for Consultant's services between Kerala State Electricity Board and S.N.C. Lavalin........(ബഹളം)...... ഇത് consultancy-ക്ക് മാത്രം. 24-2-1996-ൽ ശ്രീ. ജി. കാർത്തികേയന്റെ പിരീഡിൽ ഉണ്ടാക്കിയ എഗ്രിമെന്റ് only for consultancy service.

ഡോ. തോമസ് ഐസക്: So called consultancy കരാറിന്റെ രണ്ടാമത്തെ ഭാഗം Scope of work ആണ്. അതിൽ രണ്ടാമത്തെ പാരയിൽ പറയുന്നത്......shall provide technical services for management, engineering, procurement and construction. എന്നിട്ട് (3)-ൽ complete contract ആണ്. This contract shall consist of this present instrument be in the general terms and conditions applicable to the work and following document which shall form an integral part thereof എന്നു പറഞ്ഞിട്ട് (b) Canadian finance goods and services-നെപ്പറ്റിയാണ് പറയുന്നത്.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഡോക്ടർ ഇത് പറഞ്ഞതിന് നന്ദി. ഇതിനകത്ത് എ 3 (4)-ൽ പറയുന്നത് Design and Tender Documents. അവരുടെ ജോലിയാണ് പറഞ്ഞിരിക്കുന്നത്. The main task that will be carried out in this phase of the work programme are preparation of detailed design, production of tender drawings, preparation of technical specifications and bills of quantities; compilation of tender documents, construction of planning studies, review and updating of the estimate tender support.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനാണ് consultancy. അത് കഴിഞ്ഞിട്ട് ശ്രീ. പിണറായി വിജയൻ ഒപ്പിട്ട എഗ്രിമെൻറ് വായിക്കുമ്പോൾ വളരെ ക്ലിയറാകും. ആ എഗ്രിമെൻറ് വയ്ക്കുന്നത് 1998 ജൂലായ് 6-നാണ്. അത് ഞങ്ങളല്ല വച്ചത്. നിങ്ങളാണ് വച്ചത്. അതുകഴിഞ്ഞ് അതിൽതന്നെ വേറൊരു പാരഗ്രാഫിൽ പറയുന്നത് whereas the parties have on 24th July, 1996 entered into an agreement for the provision by S.N.C. Lavalin of consultancy services. അതിൽ തന്നെ വേറൊരു പാരഗ്രാഫിൽ പറയുന്നു whereas K.S.E.B. wishes S.N.C. Lavalin to provide, in addition to the agreed upon consultancy sevices, the reduced scope of supply of Canadian sourced electro mechanical equipment for the project; as more fully described in this Addendum No. I. ഡോക്ടറുടെ വാശി എനിക്കറിയാം, ശ്രീ. വി. എസ്. അച്ചുതാനന്ദന് ആ വാശിയില്ല. ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞതു മുഴുവൻ ശരിയാണെന്നുള്ള രേഖ എന്റെ കയ്യിലുണ്ട്.. എസ്. എൻ. സി. ലാവ്‌ലിൻ ഒന്നുകിൽ കേരളാ ഗവൺമെൻറിനെ കളിപ്പിച്ചു, അല്ലെങ്കിൽ ചിലരും എസ്. എൻ. സി. ലാവ്‌ലിനും കൂടി നമുക്ക് ഏറെ പണം തരാതെ തടിതപ്പി. അക്കാര്യം വളരെ ക്ലിയറാണ്. ഞാൻ ഡോക്ടർ തോമസ് ഐസക് പറഞ്ഞതുകൊണ്ട് ഒന്നുകൂടി വായിക്കാം. whereas

4 P.M.] K.S.E B.wishes S.N.C. Lavalin to provide in addition to the agreed upon consultancy services, the reduced scope of supply of Canadian sourced electro mechanical equipment for the project; അപ്പോൾ ഈ കൺസൾട്ടൻസി സർവ്വീസ് 1996 ഫെബ്രുവരി 24-ന് കൊടുത്തു. അതിനുശേഷം സപ്ലൈ കോൺട്രാക്ടും കൊടുത്തുകൊണ്ട് 1998-ൽ ഉണ്ടാക്കിയ എഗ്രിമെൻറാണിത്. എന്റെ കയ്യിൽ രേഖയുണ്ടല്ലോ.....................

....(ബഹളം)..............................

എന്റെ കയ്യിൽ രേഖയുണ്ടാകുമ്പോൾ എനിക്ക് ശ്രീ. ജി. കാർത്തികേയനോടും ഡോ. തോമസ് ഐസക്കിനോടും ചോദിക്കണമോ? എന്റെ കൈയിലുള്ള രേഖയല്ലേ ഞാൻ പറയുന്നത്. എസ്. എൻ. സി. ലാവ്‌ലിനെ ഡിഫെൻഡ് ചെയ്യാൻ ബാദ്ധ്യതയുള്ളവർ ചോദിച്ചോളൂ. എനിക്ക് ചോദിക്കണ്ട, ഞാൻ ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞിടത്താണ് നിൽക്കുന്നത്. അത് കള്ള കമ്പനിയാണ്, അത് കേരളത്തെ തുലച്ച കമ്പനിയാണ്. കേരളത്തോട് ചതിവ് കാട്ടിയ കമ്പനിയാണ്. അല്ലെങ്കിൽ രണ്ടുകൂട്ടരും യോജിച്ച് ചിലത് നടത്തി. രണ്ടിൽ ഒന്ന് തീർച്ചയാണ്. എസ്. എൻ. സി. ലാവ്‌ലിൻ ജനുവരി 1997-ന് അവർ ശ്രീ. വിജയന് അയച്ച കത്തിൽ എന്താണ് പറയുന്നത്? Further to your request for assistance from the Canadian Government for the establishment of a Cancer Hospital in Tellicherry, we are pleased to confirm that a number of Canadian Agencies, including the Government of Quebec have shown interest in principle in providing assistance in the establishment of the proposed hospital. അതിന് സഹായം തരാൻ പല ഏജൻസികളും തയ്യാറാണ്. ഏതൊക്കെ ഏജൻസിയാണ്, ഓരോ ഏജൻസിയും എത്രയെത്ര തരും? അത് കഴിഞ്ഞതിനു ശേഷം വീണ്ടും ശ്രീ. പിണറായി വിജയന് കത്തയച്ചു. ആ കത്തിലും അതു തന്നെ പറഞ്ഞു, എല്ലാം കഴിഞ്ഞിട്ട് അവസാനം വന്നപ്പോൾ ശ്രീ. പിണറായി വിജയനു തന്നെ ഡിസംബർ 23-ന് കത്തയയ്ക്കുകയാണ്. I am pleased to confirm that the Malabar Cancer Centre will be built concurrently with a Rehabilitation Project along the lines presented in the recently prepared report which outlines in the requirement of cancer facility. എസ്. എൻ. സി. ലാവ്‌ലിൻ ചതിച്ചു എന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദൻ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞത് ശരിയാണെന്ന് സ്ഥാപിക്കാനുള്ള രേഖ ഞാൻ ഹാജരാക്കുമ്പോൾ തന്നെ നിങ്ങൾ എതിർത്താൽ അതിന്റെ അർത്ഥം നിങ്ങൾക്ക് ഈ കാര്യത്തിൽ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ അഭിപ്രായമല്ല എന്നാണ്. വളരെ ക്ലിയറല്ലേ? അദ്ദേഹം പറഞ്ഞത് ശരിയാണെന്ന് സ്ഥാപിക്കാനുള്ള രേഖ ഞാൻ കാട്ടു ചെയ്യുമ്പോൾ ചാടി വീഴുന്നത് എന്തിനാണ്? ഇത് രണ്ട് പ്രോജക്ടാണ്. ഒന്ന്, റീഹാബിലിറ്റേഷൻ പ്രോജക്ട് പള്ളിവാസൽ, രണ്ട്, പന്നിയാർ പ്രോജക്ട്. അതിന്റെ കൂടെ തലശ്ശേരി ഹോസ്പിറ്റൽ പ്രോജക്ടും ഉണ്ട്. ഇത് രണ്ടും കൺകറണ്ടായി കൊണ്ടുപോകാം എന്നുപറഞ്ഞാൽ 1997-98-ൽ തുടങ്ങി 2000-ത്തോടു കൂടി പണി തീരണം, അതിനുള്ള രേഖ ഞാൻ വേറെ ഹാജരാക്കാം.

......................(ബഹളം).....................

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്, അങ്ങ് ചുരുക്കി സംസാരിക്കണം.

ശ്രീ. ആര്യാടൻ മുഹമ്മദ്: എസ്. എൻ. സി. ലാവ്ലിന്റെ കേസ് ഇവിടെ വന്നിട്ട് ഞങ്ങളാണ് ഉത്തരവാദി. ആന്റണി ഗവൺമെന്റും ഉമ്മൻചാണ്ടി ഗവൺമെന്റും ഈ പണം കൊടുക്കുന്നതിന് നടപടി കൈക്കൊണ്ടില്ല എന്നുള്ള ഡോ. തോമസ് ഐസക്കിന്റെ വാദം ഞാൻ പൊളിക്കുകയാണ്. ആ വാദം എസ്. എൻ. സി. ലാവ്ലിനെ സഹായിക്കാനാണ്. ഞാൻ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ വാദത്തിൽ നിന്നാണ് വാദിക്കുന്നത്. അതാണ് വ്യത്യാസം.

......................(ബഹളം).....................

മി. സ്പീക്കർ: പ്ലീസ്, കൺക്ലൂഡ്, പ്ലീസ് കൺക്ലൂഡ്. എല്ലാവർക്കും സംസാരിക്കേണ്ടേ,

......................(ബഹളം).....................

ശ്രീ. ആര്യാടൻ മുഹമ്മദ്: ഞാൻ ആരേയും ക്ഷോഭിപ്പിക്കാൻ ഒന്നും പറയുന്നില്ല. 1997 ഡിസംബർ 23-ന് അയച്ച കത്തിൽ പറഞ്ഞത്, The Hospital and housing complex will be built in two phases. At the end of first phase the centre will fully operational and comprise all essential services. It is anticipated that construction of phase-I will be completed early in 2000 and phase-II one year later. എന്നു പറഞ്ഞാൽ അതനുസരിച്ച് 2000 ഫസ്റ്റ് ക്വാർട്ടറിൽ ഇതിന്റെ ഫസ്റ്റ് ഫെയിസിന്റെ പണി തീരണം. സെക്കൻറ് ഫെയിസിന്റെ പണി 2001 ഫസ്റ്റ് ക്വാർട്ടറിൽ തീരണം. അന്ന് ഞങ്ങളാണോ ഭരിക്കുന്നത് അതോ നിങ്ങളാണോ? അന്ന് എഗ്രിമെന്റ് എഴുതി കാശ് വാങ്ങി. ഞാൻ ആ രേഖകൾ വയ്ക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എസ്. എൻ. സി. ലാവ്ലിൻ കരാറിൽ പറയുന്ന സമയത്ത് പണി പൂർത്തിയാക്കിയില്ല. ഇടതുപക്ഷ മുന്നണിയുടെ കാലത്ത് കുറെ വർക്കുകൾ അവർ നടത്തി, പിന്നീട് യു. ഡി. എഫ്. ഗവൺമെന്റ് വന്നപ്പോൾ താങ്കൾ ഇപ്പോൾ പറഞ്ഞല്ലോ 2002 ഡിസംബർ മാസം 2-ന് അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിക്ക് അതിന്റെ സീനിയർ വൈസ്പ്രസിഡന്റ് ഒരു കത്ത് അയച്ചിരുന്നു നിങ്ങളുടെ ഗവൺമെന്റ് വന്നശേഷം എം. ഒ. യു. പുതുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്, അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കണ

LIBRARY ARCHIVES Kerala Legislative Assembly

മെന്ന് അതിന്റെ ഗവേണിംഗ് ബോഡി യോഗം ചേർന്ന് തീരുമാനിച്ചിട്ടുണ്ട്. മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി കാൻസർ സെന്ററിൽ വന്ന് യോഗം ചേർന്നു. ആ യോഗത്തിന്റെ തീരുമാനപ്രകാരം തുടർ നടപടികൾ സ്വീകരിക്കണമെന്നും എസ്. എൻ. സി. ലാവ്‌ലിൻ തരേണ്ട പൈസ ചോദിച്ചു വാങ്ങണമെന്നും തീരുമാനിച്ചു. അതിനുശേഷം കെ. എസ്. ഇ. ബി. ഈ എസ്. എൻ. സി. ലാവ്‌ലിന് നൂറിൽപ്പരം കോടി രൂപ കൊടുത്തിട്ടുണ്ടല്ലോ, ഈ പൈസ തരാത്ത എസ്. എൻ. സി. ലാവ്‌ലിന് എന്തിനാണ് തുടർന്ന് നിങ്ങൾ പൈസ കൊടുത്തത്? ഇതു ചെയ്തതിനുശേഷം കൊടുത്താൽ പോരായിരുന്നോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഞാൻ പറയാം, നിങ്ങളിത് ചോദിച്ചത് വളരെ നന്നായി. കാരണം എം. ഒ. യു. ഞാൻതന്നെ വായിക്കാം. ഈ എഗ്രിമെന്റ് പുതുക്കണമെന്നുള്ള നിങ്ങളുടെ അഭിപ്രായമേ ഞങ്ങൾക്കില്ല. അതാണ് ബേസിക് ആയ difference. I will read the MOU. ഞങ്ങൾ കൂടുതൽ പഠിച്ചപ്പോൾ വേണ്ടെന്നു വച്ചു, മനസ്സിലായോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ. എ. കെ. ആന്റണിയെ മോശക്കാരനാണെന്ന് വരുത്താനാണോ? (ബഹളം)...........

ശ്രീ. ആര്യാടൻ മുഹമ്മദ്: അല്ല, അല്ല, പ്ലീസ്, ഞങ്ങൾ പുതുക്കാതെ നിന്നതുതന്നെ ശ്രീ. എ. കെ. ആന്റണിയുടെ കാലത്താണ്. നിങ്ങളും ശ്രീ. വി. എസ്. അച്ചുതാനന്ദനും തമ്മിലുള്ളതുപോലെ ഞാനും ശ്രീ. എ. കെ. ആന്റണിയും തമ്മിലില്ല കേട്ടോ? ആ ധാരണ വേണ്ട മനസ്സിലായില്ലേ, Kerala and SLI will execute an agreement stipulating the terms and conditions under which Kerala and SLI will carry out all activities to be undertaken by them for the initiation, implimentation and completion of Malabar Cancer Centre. അതാണ് എം. ഒ. യു. വിലെ ഒരു വാചകം. രണ്ടാമത്തെ വാചകം ഞാൻ വായിക്കാം, The MOU sets forth the entire understanding between Kerala and SLI and shall not be modified except by the mutual written agreement. അതു കഴിയുന്നതുവരെ മാറേണ്ട കാര്യമില്ല. രണ്ടാമത്തെ പാര The MOU shall remain in force and effect until a formal agreement for the endeavours is executed by Kerala and SLI, unless Kerala or SLI serves written notice that it proposes to terminate it. Such written notice will be given 3 months in advance of the proposed date of termination. നിങ്ങൾ ഇതു നോക്കാതെ പുതുക്കാൻ പോകേണ്ട വല്ല കാര്യവുമുണ്ടോ? ഇതിന്റെ അടിസ്ഥാനത്തിൽ ഈ എം. ഒ. യു. ടെർമിനേറ്റ് ചെയ്യണമെങ്കിൽ രണ്ട് കക്ഷി—ഒന്ന്, കേരളാ ഗവൺമെന്റ്, രണ്ട്, എസ്. എൻ. സി. ലാവ്‌ലിൻ—ഇതിൽ ആരെങ്കിലും മൂന്നു മാസം മുൻകൂട്ടി നോട്ടീസ് നൽകണം. അതാണ് വ്യവസ്ഥ. അത് മനസ്സിലായപ്പോൾ ശിവദാസൻ വക്കീൽ നോക്കി. അദ്ദേഹം നല്ല വക്കീൽ ആണ്. എന്നെപ്പോലെയും നിങ്ങളെപ്പോലെയുമല്ല. അതുകൊണ്ട് അദ്ദേഹത്തിന് കാര്യം മനസ്സിലായി, പുതുക്കിയില്ല. പുതുക്കേണ്ട കാര്യവുമില്ല. അതു കഴിഞ്ഞതിനുശേഷം ഞങ്ങൾ നടപടി എടുത്തില്ല. ഇതൊക്കെ കഴിഞ്ഞിട്ട് ഒരു ഡ്രാഫ്റ്റ് എഗ്രിമെന്റ് ഇങ്ങോട്ടയച്ചു. അതാണ് ശിവദാസൻ വക്കീൽ പറഞ്ഞത്, മന്ത്രി ശ്രീ. ശർമ്മയാണ് ആദ്യം ഇതിനെ എതിർത്തത്. എസ്. എൻ. സി. ലാവ്‌ലിനിൽ ഡ്രാഫ്റ്റ് എഗ്രിമെന്റ് ഒപ്പിട്ട് അയയ്ക്കുകയാണ്. Reasonable efforts to arrange financing. ന്യായമായ ശ്രമം, തരാമെന്നല്ല. മനസ്സിലായോ, എന്നിട്ട് അതിൽ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്. SLI shall undertake all reasonable efforts to arrange financing required for the project. അപ്പോൾ ഇങ്ങനെ ഒഴിഞ്ഞുപോരുകയാണ്. എസ്. എൻ. സി. ലാവ്‌ലിൻ, അവിടെ ചെന്നപ്പോൾ പറഞ്ഞത് ഒന്ന്,—— നായനാരുടെ പ്രസ്താവനയെപ്പറ്റി. അത് കഴിഞ്ഞിട്ട് പിന്നെ എഴുതിയത് ഉടനെ എക്സിക്യൂട്ട് ചെയ്യണമെന്ന്, അതിനുശേഷം ഡ്രാഫ്റ്റ് എഗ്രിമെൻറ് എഴുതിതന്നു. അപ്പോൾ തരുമെന്നല്ല; കിട്ടാനുള്ള ശ്രമം നടത്തുമെന്ന് പറയുന്നു. രണ്ടു ഗവൺമെൻറുകളും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കണം. ഞങ്ങൾ വന്നിട്ട് എത്ര മാസമായി? രണ്ടു മാസം. ആ രണ്ടു മാസമായപ്പോൾ സെപ്റ്റംബർ 5, നാലു മാസം അല്ലെങ്കിൽ ആറു മാസം ആകട്ടെ, സെപ്റ്റംബർ 5-ന് 2001-ൽ ഗവൺമെൻറ് മാറിയെന്ന് മനസ്സിലാക്കിയപ്പോൾ എസ്. എൻ. സി. ലാവ്‌ലിൻ അയച്ച കത്ത്. In order to demonstrate the commitment of Kerala, SNC Lavalin agreed to participate in the development of Malabar Cancer Centre in Tellicherry and Memorandum of Understanding signed between the society and SNC Lavalin charges us with rates to arrange financing required for the construction of centre and arranging the financing for the balance of the facilities will not be easy. മാറുകയാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞതാണ് ശരി, മാറുകയാണ്, ആദ്യം തരാമെന്നു പറഞ്ഞു, പിന്നീട് ശ്രമിക്കാമെന്നു പറഞ്ഞു, പിന്നെ പിരിക്കാൻ ബുദ്ധിമുട്ടാണെന്ന് പറഞ്ഞു. അതുകഴിഞ്ഞിട്ട് എം. ഒ. യു. ആവശ്യമില്ല എന്നുള്ളതിനുള്ള രേഖയാണ് ഞാൻ പറയുന്നത്. ഇതാണ് ഞങ്ങൾ അയച്ച രേഖ. എം. ഒ. യു. ആവശ്യമില്ല എന്നുള്ളതിന് ഞങ്ങൾ അയച്ച രേഖ. 19-9-2002. In this regard the present status of MOU was explained and informed the committee that MOU was last revalidated on 4-9-2001 and as its validity expired on 9-12-2001, the fax copy received from you dated 4-7-2002 was circulated in which you once again committed to provide financial assistance for the hospital project and expressed your willingness to further extend the validity of MOU. It is also however given that revised draft memorandum of agreement may soon be available. We now doubt the necessity of revalidating of the MOU. എം. ഒ. യു. ആവശ്യമില്ല ഞാൻ നേരത്തെ വായിച്ചത് അതാണ്. അതെല്ലാം കഴിഞ്ഞിട്ട് നമ്മുടെ ഗവൺമെൻറ് സെക്രട്ടറി ഒരു കത്ത് അയച്ചു. കത്ത് അയച്ചത് ആർക്കാണ്? ഹൈക്കമ്മീഷണർ, Cancer Centre, Tellicherry project proposed for the construction of part of the treatment block with financial assistance of INR to 150 million Canadian dollar. അത് കഴിഞ്ഞിട്ട് അതിനു വന്ന മറുപടി എന്താണെന്ന് അറിയാമോ? അതൊക്കെ കഴിഞ്ഞ് 250 മില്ല്യൺ ഡോളർ ചോദിച്ചു. ഞങ്ങൾ എഴുതി അതിന് വന്ന മറുപടി എന്താണെന്ന് അറിയാമോ? ഹൈക്കമ്മീഷണറുടെ മറുപടി ഗവൺമെൻറ് സെക്രട്ടറി ശ്രീമതി ലിസി ജേക്കബിന് അയച്ചത് With regard to your request for additional funding from the Canadian International Development Agency for Malabar Cancer Centre, this is to inform you that we are not in a position to provide any additional funding. This is in conformity with the decision taken in mutual agreement between the Government of India and Government of Canada. ഇതു പറഞ്ഞിട്ട് തരാൻ പററില്ല എന്ന് എഴുതി അയച്ചു. ഡോക്ടർ തോമസ് ഐസക് പറയുന്നു ചോദിക്കാത്തതുകൊണ്ടാണെന്ന്. ഞാൻ ഒരു കാര്യം കൂടി പറഞ്ഞ് ഇത് അവസാനിപ്പിക്കുകയാണ്. ഇതിൽ ഞങ്ങളും നിങ്ങളും തമ്മിലുള്ള വ്യത്യാസം 103 കോടി, ഇദ്ദേഹം ചോദിച്ച ഒരു ചോദ്യത്തിന് ഞാൻ മറുപടി പറയുകയാണ്. എന്തുകൊണ്ട് ബോർഡ് കൊടുത്തില്ല?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അങ്ങ് ഇതിൽ മെമ്പറാണല്ലോ? ബോർഡിലും മെമ്പറായിരുന്നു. ന്യായമായിട്ടല്ലാതെ ഇതിൽ ഒന്നും ചെയ്തിട്ടില്ല എനിക്കറിയാം. അത് ഞാൻ സമ്മതിക്കുന്നു. ഒരു കാര്യം ചോദിക്കട്ടെ. ഈ ബോർഡിന്റെ ലോൺ എഗ്രിമെന്റിലോ എസ്. എൻ. സി. കരാറിലോ കാൻസർ സെന്ററിന് 10 രൂപ തരാമെന്ന് പറഞ്ഞ് ഒരു വാചകം ഉണ്ടോ? ഇല്ല. എന്നുമാത്രമല്ല, കൺസൾട്ടൻസി സർവീസിൽ, ആ പ്രോജക്ടിൽ ഒരക്ഷരം മലബാറിലെ ആശുപത്രിയെക്കുറിച്ച് പറയുന്നില്ല. അതുപോലെ അവിടെ ഉണ്ടാക്കിയ ലോൺ എഗ്രിമെന്റിലും പറയുന്നില്ല. ബോർഡും എസ്. എൻ. സി.-യുമായി എഗ്രിമെന്റ് ഉണ്ടാക്കി. ബോർഡും അവിടത്തെ ഫിനാൻഷ്യൽ ഏജൻസിയുമായി എഗ്രിമെന്റ് ഉണ്ടാക്കി. അതിലൊന്നും പറയുന്നില്ല. കേരള ഗവൺമെന്റും എസ്. എൻ. സി. ലാവ്‌ലിനുമായി മലബാർ കാൻസർ സെന്ററിന് എഗ്രിമെന്റ് ഉണ്ടാക്കി. എം. ഒ. യു. ഉണ്ടാക്കി. അത് ബോർഡിന് ബാധകമല്ല. എന്ന് മാത്രമല്ല, നിങ്ങൾ ഉണ്ടാക്കിയ എഗ്രിമെന്റിലെ വ്യവസ്ഥ അറിയാമോ? ഇതിന്റെ ആർബിട്രേഷൻ പാരീസിലാണ്. ബോർഡ് മുഴുവനും വിററാൽ തീരുമോ? കോഴിക്കോട്ടെ കാര്യം ചോദിക്കുമ്പോൾ കൊയിലാണ്ടിയിലെ കാര്യമാണ് പറയുന്നത്. അതിന് എന്നെ കിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ഈ നിയമസഭയെ തെററിദ്ധരിപ്പിച്ചുകൊണ്ട് ഇടതുപക്ഷമുന്നണി മന്ത്രിസഭയുടെ കാലത്ത് തയ്യാറാക്കിയ കരാറിലാണ് പാരീസ് എന്ന്, ഇതിൽ തർക്കം ഉണ്ടായാൽ പോകാമെന്നാണ് പറഞ്ഞത്. ശ്രീ. ജി. കാർത്തികേയൻ മിനിസ്ററുടെ കാലത്തുണ്ടാക്കിയ കരാറിൽ പറയുന്നത്, The International Chamber of Commerce, Paris by a Board of 3 arbitrators. The venue of the arbitration shall be Paris. Each party under dispute, will name one arbitrator. The third arbitrator will be named by the International Chamber of Commerce of Paris. Expenses and fees will be split equally between the disputing parties. ഇത് തയ്യാറാക്കിയ ഡേററ് ഫെബ്രുവരി 24, 1996 ആണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വാദിക്കുന്ന സർവ്വ വാദങ്ങളും ഇത്തരത്തിലുള്ള കളവ് പറഞ്ഞ് മന്ത്രിസഭയെ മിസ്ഗൈഡ് ചെയ്യുകയാണ് ചെയ്യുന്നത്. വസ്തുതാവിരുദ്ധമായ കാര്യങ്ങൾ തുടർച്ചയായി പറഞ്ഞ് ഈ സഭയെ തെററിദ്ധരിപ്പിക്കുന്നത് ശരിയല്ല. ആ ഫയലുകൾ മുഴുവനും ഈ മേശപ്പുറത്ത് വയ്ക്കാൻ അദ്ദേഹത്തോട് പറയണം.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഞാൻ വായിച്ച എല്ലാ രേഖകളും മേശപ്പുറത്ത് വയ്ക്കാം. ഞാൻ വായിച്ചത് ഫയലല്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്, ഞാൻ പറയട്ടെ. ആദ്യത്തേത് ക്ലിയറായല്ലോ? ബോർഡുമായിട്ടുള്ള എഗ്രിമെന്റും ധാരണാപത്രവും എന്തായാലും ക്ലിയറാവില്ല. ബോർഡുമായിട്ടുള്ള ധാരണാപത്രം അതിലില്ല. ലോൺ എഗ്രിമെന്റിൽ ഇല്ല. ആശുപത്രിയുടെ കാര്യമില്ല. അതുകൊണ്ട് ബോർഡിന് അക്കാര്യത്തിൽ യാതൊരു പങ്കുമില്ല. രണ്ടാമത്തെ കാര്യം എന്താണെന്ന് വച്ചാൽ, ഇവിടെ വന്ന ഒരു കാര്യം, ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് ശ്രീ. ജി. കാർത്തികേയന്റെ എഗ്രിമെന്റിനെപ്പററിയാണ്. ശ്രീ. ജി. കാർത്തികേയന്റെ എഗ്രിമെന്റ് എസ്. എൻ. സി. ലാവ്‌ലിനും കൺസൾട്ടൻസിക്കും ഉള്ളതാണ്. ഞാൻ വായിച്ച അഡൻറം നമ്പർ വൺ റിവൈസ് ചെയ്തിട്ട് 1998-ൽ കൊണ്ടുപോയിട്ട് ഇതിലേക്ക് ആ എഗ്രിമെന്റ് സപ്ലൈ കരാറുകാരനാക്കി മാററിയതുകൊണ്ടാണ് ബാധകമായത്. ശ്രീ. ജി. കാർത്തികേയന്റെ എഗ്രിമെന്റ് അനുസരിച്ച് ബോർഡിന് ഈ പറയുന്ന

LIBRARY ARCHIVES Kerala Legislative Assembly

റിഹാബിലിറ്റേഷൻ പ്രോഗ്രാമിന് പാരീസിൽ പോകേണ്ട കാര്യമില്ല. പക്ഷേ, പോകേണ്ടിവന്നത് നിങ്ങൾ എഗ്രിമെന്റ് റിവൈസ് ചെയ്ത് അഡന്റം നമ്പർ വൺ ആക്കി 1998-ൽ ഒപ്പിട്ടതുകൊണ്ടാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കുറ്റ്യാടി കരാർ നിങ്ങളുടെ കാലത്താണ് ചെയ്തതെന്നും ഇതു സംബന്ധിച്ച എല്ലാ കാര്യങ്ങളും ശരിയാണെന്നുമാണല്ലോ പറയുന്നത്. ആ കരാറിൽ നിന്ന് വ്യത്യസ്തമായി എന്താണ് പന്നിയാറിന്റെ കാര്യത്തിൽ ചെയ്തത് എന്ന് പറയാൻ തയ്യാറാകുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇവ രണ്ടും തമ്മിൽ വളരെ വ്യത്യാസമുണ്ട്. അതിന് തെളിവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ പ്രസംഗിച്ചപ്പോൾ പറഞ്ഞു: 15 million Canadian dollar കുറ്റ്യാടിക്ക് തരാമെന്ന് സിഡ പറഞ്ഞു. അതെല്ലാം കൂടി കൂട്ടിയിട്ടാണ് അദ്ദേഹം 127 കോടി രൂപയെന്ന് പറഞ്ഞത്. സിഡയുമായിട്ട് കുറ്റ്യാടി എഗ്രിമെന്റ് ഉണ്ടാക്കുമ്പോൾ 15 million Canadian dollar തരാമെന്ന് പറഞ്ഞു. അതിൽ സിഡയും ഞങ്ങളും തമ്മിൽ കണക്കിൽ തെറ്റുണ്ട്. അവരുടെ കണക്കനുസരിച്ച് 15 million Canadian dollar അവർ തന്നു. അതിനവർ സാധനങ്ങൾ സപ്ലൈ ചെയ്തിരിക്കുകയാണ്. കുറ്റ്യാടി കരാറിലെ വ്യവസ്ഥയിൽ മലബാറിലെ ട്രാൻസ്മിഷൻ ജനറേഷൻ സ്ട്രെംഗ്തൺ ചെയ്യാൻ വേണ്ടിയുള്ള സഹായധനമായി 15 million Canadian dollar തരാമെന്ന് പറഞ്ഞിരുന്നു. അതിൽ ഞങ്ങളും അവരും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ട്. അവർ എക്യുപ്മെന്റ് തന്നു. മൂന്നിൽ ചിലപ്പോൾ മില്യൺ അവർ സർവീസ് ചാർജ്ജായി കൂട്ടുന്നു. ഞങ്ങൾ അത് കൂട്ടുന്നില്ല. എക്യുപ്മെന്റ് കുറെ തന്നു. തന്നതിന്റെ വിലയിൽ ചില വ്യത്യാസമുണ്ട്. അപ്പോൾ ഈ പറഞ്ഞത് മുഴുവനും ശരിയല്ല. പള്ളിവാസൽ റിഹാബിലിറ്റേഷൻ മെയിനായിട്ട് പറയുന്നത് മലബാർ കാൻസർ സെന്റർ. മലബാർ കാൻസർ സെന്ററിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ അംഗമാണ്. അവിടെ ഇന്ത്യാ ഗവൺമെന്റിന്റെ ഫോറിൻ കോൺട്രിബ്യൂഷൻ റെഗുലേഷൻ ആക്ടനുസരിച്ച് അക്കൗണ്ട് തുറക്കാൻ അനുവാദം വേണമെന്ന് പറഞ്ഞ് ഇന്ത്യാ ഗവൺമെന്റിന് അപേക്ഷിച്ചു. അനുവാദം തന്നു. എന്നിട്ട് 2001-ൽ 300 രൂപ ഇട്ട് ഒരു അക്കൗണ്ട് തുടങ്ങി. 10 പൈസ എസ്. എൻ. സി. ലാവ്‌ലിൻ തന്നിരുന്നോ? എസ്. എൻ. സി. എന്നു പറയുമ്പോൾ ഡോ. ഐസക്കിന് എന്താ ഇത്ര ഭയം? അങ്ങയെപ്പറ്റി ഞാൻ അങ്ങനെയൊന്നും അല്ലല്ലോ ധരിച്ചിരുന്നത്. എസ്. എൻ. സി. എന്നു പറഞ്ഞാൽ അപ്പോൾ ചാടി എഴുന്നേൽക്കും. സാധാരണ അങ്ങ് അങ്ങനെ അല്ലല്ലോ? അതിൽ 300 രൂപ അടച്ച് ഒരു അക്കൗണ്ട് തുടങ്ങി. 10 പൈസയുടെ ഫോറിൻ കറൻസി അതിൽ വന്നിട്ടില്ല. എസ്. എൻ. സി. ലാവ്‌ലിൻ പണം പിരിച്ചു. ഹൈക്കമ്മീഷണർ ശ്രീ. പിണറായി വിജയന് എഴുതിയിരിക്കുന്നു. പണം പിരിച്ചുകൊണ്ടിരിക്കുന്നു, obtaining എന്നാണ് പറഞ്ഞത്. ആ പണം എവിടെ പോയി? എവിടെ റിക്കോർഡ്? ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവിടെ മെമ്പറാണ്. നോക്കണം; അക്കൗണ്ടിലുണ്ടോ എന്ന്. മലബാർ കാൻസർ സെന്റർ എന്ന് പറഞ്ഞ് തലശ്ശേരി എസ്. ബി. ഐ.-യിൽ ഫോറിൻ കോൺട്രിബ്യൂഷൻ റെഗുലേഷൻ ആക്ടിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ട് തുടങ്ങി. അന്ന് നമ്മുടെ കമ്മിറ്റി ഇട്ട 300 രൂപ അല്ലാതെ ഒരു പൈസ അതിൽ ഇല്ല. അങ്ങനെയാണ് അതുണ്ടായത്. ടെക്നിക്കാലിയ ചെന്നൈ എന്ന സ്ഥാപനത്തെപ്പറ്റി ഫയലിൽ ഉണ്ട്. എങ്ങനെ അവർക്ക് കൊടുത്തു? എസ്. എൻ. സി. ലാവ്‌ലിൻ ആ പണം കൊണ്ട് കെട്ടിടം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കി. ടെക്നിക്കാലിയ എസ്. എൻ. സി. ലാവ്‌ലിന്റെ കൺസൾട്ടൻസി, ആരാ അവരെ വയ്ക്കാൻ പറഞ്ഞത്? ആരോട് ചോദിച്ചിട്ട് വച്ചു? എസ് എൻ. സി. ലാവ്‌ലിനും നമ്മളും ആയിട്ടുള്ള ഫിനാൻഷ്യൽ ക്ലോഷർ എന്താണ്? പണം നമുക്ക് അതാത് മാസം തരണം. 1999 ഡിസംബറിൽ ഫസ്റ്റ് സ്റ്റേജ് തരണം. 2000 ഡിസംബറിൽ സെക്കൻഡ് സ്റ്റേജ് തരണം. കിട്ടിയോ? അന്ന് എഗ്രിമെന്റ് ഉണ്ടാക്കുമ്പോൾ അവരോട് പറയണമായിരുന്നു, ഇതിന് എഗ്രിമെന്റ് വേണമെന്ന്, ഇത്ര തരണമെന്ന്. ശിവദാസൻ വക്കീൽ ഫയലിൽ എഴുതിയതുപോലെ ഇത്ര ആളുകൾ ഇത്ര പണം തരണം എന്നു പറയാനുള്ള ബാദ്ധ്യത അന്നത്തെ ഗവൺമെന്റിന് ഉണ്ടായിരുന്നില്ലേ? അങ്ങനെ ഒന്നും എഴുതിയില്ല. അതുകൊണ്ട് ഓരോ ഘട്ടത്തിലും അതിൽനിന്ന് മാറാനുള്ള ശ്രമം എസ്. എൻ. സി. ലാവ്‌ലിൻ നടത്തി. അതിനെ ന്യായീകരിക്കരുത് ഡോക്ടർ. ചുരുങ്ങിയത് ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറയുന്നതെങ്കിലും അംഗീകരിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എസ്. എൻ. സി. ലാവ്‌ലിൻ കുറ്റ്യാടിക്ക് തരാമെന്ന് പറഞ്ഞ 38 കോടി രൂപ തന്നില്ല എന്ന് സി. ആൻറ് എ. ജി. റിപ്പോർട്ടിൽ പറയുന്നു. ഇപ്പോൾ കാൻസർ സെന്ററിന് തരാമെന്ന് പറഞ്ഞ 90 കോടി രൂപയും തന്നില്ല. ഇത്രയും കോടി രൂപ തരാത്ത എസ്. എൻ. സി. ലാവ്‌ലിനെ കരിമ്പട്ടികയിൽ പെടുത്തി ഇന്ത്യാ ഗവൺമെന്റിനെ സമീപിച്ച്, കനേഡിയൻ ഗവൺമെന്റിനെ സമീപിക്കണമെന്ന് പറഞ്ഞ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ അഭിപ്രായത്തെ സംബന്ധിച്ച് ഒരു കാര്യവും പറയാതെ എസ്. എൻ. സി. ലാവ്‌ലിൻ നടത്തിയ തട്ടിപ്പിന് അങ്ങ് കൂട്ടുനിൽക്കുകയാണോ ചെയ്യുന്നത്? എസ്. എൻ. സി. ലാവ്‌ലിനിൽനിന്ന് കേരളത്തിന് കിട്ടേണ്ട പണം ചോദിച്ചു വാങ്ങാനുള്ള തന്റേടം ശ്രീ. ആര്യാടൻ മുഹമ്മദിനുണ്ടോ? അതാണ് ഇവിടെ വ്യക്തമാക്കേണ്ടതായിട്ടുള്ളത്.

ശ്രീ. ആര്യാടൻ മുഹമ്മദ്: ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് മാത്രമല്ല, ഒരു കാര്യം കൂടിയുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് ഞാൻ അക്ഷരംപ്രതി അംഗീകരിക്കുന്നു. എസ്. എൻ. സി. ലാവ്‌ലിൻ അവിടെ പണം പിരിച്ചിരിക്കുന്നു. ഹൈക്കമ്മീഷണറുടെ കത്തിലുമുണ്ട്. ആര് പറഞ്ഞു പിരിക്കാൻ? എന്തിന് പിരിച്ചു? ആ പണം എവിടെപ്പോയി? അതും നമുക്ക് നോക്കാം. അതിനും തയ്യാറാണ്. ഈ സന്ദർഭത്തിൽ ഞാൻ ഇത്രയൊന്നും പറയണമെന്ന് വിചാരിച്ചതല്ല. പക്ഷേ അവിടെനിന്ന് വന്നത് അതുപോലെയുള്ള കല്ലേറാണല്ലോ? അപ്പോൾ ശരിക്കും അങ്ങോട്ടും കൊടുക്കാമെന്ന് ഉദ്ദേശിച്ച് പറഞ്ഞതാണ്. പണ്ട് കണ്ണൂരിൽ ഒരു തോൽവിയുണ്ടായി. അതുകൊണ്ട് മുഴുവൻ കയ്യിലായി എന്നൊന്നും ധരിക്കേണ്ട. പണ്ട് ഇ. കെ. നായനാർ ഇവിടെ ഭരിച്ചപ്പോൾ തിരഞ്ഞെടുപ്പ് നടന്നു. ഒരു ജില്ലാ പഞ്ചായത്ത് ഒഴിച്ച് ബാക്കി എല്ലാം നിങ്ങൾക്ക് കിട്ടി. ഇലക്ഷൻ വന്നപ്പോൾ ഞങ്ങൾ ആണുങ്ങളെ പോലെ അധികാരത്തിൽ വന്നു. അതാണ് സ്ഥിതി. ആ സ്ഥിതി ഇവിടെ ആവർത്തിക്കാൻ പോവുകയാണ്. അവരുടെ പാർട്ടിയിലുള്ള ഭിന്നിപ്പ് മറച്ചുപിടിക്കാൻ ഇങ്ങോട്ട് കല്ലെറിയുകയാണ്. നിങ്ങളുടെ പാർട്ടിയാണ് ഇതിനൊക്കെ ഉത്തരവാദികൾ. നിങ്ങൾ പരസ്പരം കല്ലെറിയുന്നതിന് പകരം അവിടെ എറിയുന്നു, വെട്ടുന്നു, കുത്തുന്നു. പക്ഷേ ഞങ്ങളെ അതിന്റെ പേരിൽ കല്ലെറിയണോ......(ബഹളം)........ ശ്രീ കരുണാകരന്റെ പാരമായിൽ കേസ് സംബന്ധിച്ച് അടിയന്തിര പ്രമേയം കൊണ്ടുവന്നു. ശ്രീ. വി. എസ്. അച്ചുതാനന്ദൻ കേസ്

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തു. ഇന്ന് നിങ്ങൾക്ക് മിണ്ടാൻ കഴിയുന്നുണ്ടോ? അതുകൊണ്ട് രാഷ്ട്രീയം പറയാനൊന്നും ഞാനില്ല ....(ബഹളം)............ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇപ്പോൾ ഡെപ്യൂട്ടി ലീഡറാണ്. ഇത് പറഞ്ഞാലല്ലേ അടുത്ത് എന്തെങ്കിലും ആകാൻ സാധിക്കൂ. ഞാനും നാളെ പോകും. ഞങ്ങൾക്ക് ഇത് സ്ഥിരമല്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ വിചാരിക്കുന്നത് നിങ്ങൾക്കും ശ്രീ. അച്ചുതാനന്ദനും ഇത് സ്ഥിരമാണെന്നാണോ? എന്നും ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഡെപ്യൂട്ടി ലീഡറാണോ? ശ്രീ. കോടിയേരി ബാലകൃഷ്ണനെ മാററി ശ്രീ. ടി. കെ. ദേവകുമാറിനെ ആക്കിയാൽ എന്താണ് കുഴപ്പം?.......... ....(ബഹളം)..............നാലുകൊല്ലം നായനാർ ഭരിച്ചപ്പോൾ നായനാരെ മാററാൻ പററാത്തതുകൊണ്ട് മിഡ് ടേം പോളിന് പോയി രാജിവയ്പിച്ച് പ്രതിപക്ഷത്ത് പോകേണ്ടിവന്നില്ലേ? ഏതായാലും ഇവിടെ കൊണ്ടുവന്നത് അവർ തമ്മിലുള്ള പ്രശ്നമാണ്. ആ പ്രശ്നം തീരാത്തതുകൊണ്ട് ഏതെങ്കിലും രൂപത്തിൽ സഭയിൽ കൊണ്ടുവന്ന് ഗവൺമെൻറിന് എതിരായി കരിവാരി എറിയാനാണ് ഈ പ്രശ്നം ഇവിടെ കൊണ്ടു വന്നത്. ഇതൊക്കെ ജനങ്ങൾ കാണുന്നുണ്ട്. നിങ്ങളുടെ അവിശ്വാസ പ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, പ്രക്ഷുബ്ധമായ അന്തരീക്ഷത്തിൽ വളരെ ശാന്തമായി മറുപടി പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. പ്രധാനമായും ഡോ. തോമസ് ഐസക് ഇവിടെ സാമ്പത്തിക തകർച്ചയെക്കുറിച്ചാണ് പറഞ്ഞത്, നിങ്ങളുടെ ഗവൺമെൻറ് അധികാരത്തിൽനിന്ന് പോയപ്പോൾ സാമ്പത്തിക തകർച്ചയുണ്ടായിരുന്നു എന്നുള്ളത് ശരിയാണ്. ഇത് കേരളത്തിലുള്ള എല്ലാ ആളുകൾക്കുമറിയാം. ഈ സാമ്പത്തികത്തകർച്ച എന്നുപറയുന്നത് കടത്തിനെ മാത്രം ബാധിക്കുന്ന, അല്ലെങ്കിൽ അതിൻെറ മാത്രം അടിസ്ഥാന ത്തിലുള്ളതല്ല. ഫിനാൻഷ്യൽ മാനേജുമെൻറ് എന്താണെന്ന് ഡോക്ടർക്ക റിയാം. പക്ഷേ Financial indiscipline-ൻെറ മൂർദ്ധന്യത്തിൽ നിന്ന കാലത്താണ് നിങ്ങൾ ഇറങ്ങിപ്പോയത്. ഞങ്ങൾ വന്നു. Financial stability ഉണ്ടാക്കി. സാമ്പത്തിക ബുദ്ധിമുട്ട് ഇപ്പോഴുമുണ്ട്. പക്ഷേ ഭരണം അതറിയുന്നില്ല, നിങ്ങൾ അത് അറിയുന്നില്ല, ഉദ്യോഗസ്ഥൻമാർ അറിയുന്നില്ല, ശമ്പളം മുറയ്ക്ക് കൊടുക്കുന്നുണ്ട്. ബഡ്ജററഡ് വർക്കു കളെല്ലാം അതുപോലെതന്നെ നടക്കുന്നുണ്ട്. എല്ലാ കാര്യവും ഭംഗിയായി നടക്കുന്നുണ്ട്. മന്ത്രിമാർക്ക് ഒരുപാട് നല്ല കാര്യങ്ങൾ ചെയ്യണമെന്ന് ആഗ്രഹമുണ്ടാകും. പ്രത്യേകിച്ച് നമ്മുടെ മുഖ്യമന്ത്രിക്ക് ഒരുപാട് കാര്യങ്ങൾ ചെയ്താൽ കൊള്ളാമെന്നുണ്ട്. എല്ലാം ചെയ്യണമെങ്കിൽ പണം വേണം. മുഖ്യമന്ത്രി ആഗ്രഹിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും സാധിച്ചുകൊടുക്കാൻ ഒരുപക്ഷേ ചിലപ്പോൾ ഫിനാൻസ് വകുപ്പിന് കഴിഞ്ഞു എന്നുവരില്ല. എന്നുകരുതി നമുക്ക് അഭിപ്രായവ്യത്യാസമൊന്നു മില്ല. കാര്യങ്ങൾ നടക്കാതിരിക്കുന്നില്ല. വികസന പ്രവർത്തനങ്ങൾ എല്ലാ കാലത്തും നടക്കുന്നതിനേക്കാൾ കൂടുതൽ നടക്കുന്നുണ്ട്. അതുകൊണ്ട് യാതൊരു സാമ്പത്തിക തകർച്ചയും ഇവിടെയില്ല. എല്ലാം ഭംഗിയായി നടക്കുന്നുണ്ട്. ഒരു ദിവസംപോലും ട്രഷറി അടയ്ക്കേണ്ട സന്ദർഭം ഈ വർഷം സംസ്ഥാനത്തുണ്ടാകില്ല. അത് ഞാൻ തറപ്പിച്ചു പറയുന്നു.

ശ്രീ. ബിനോയ് വിശ്വം: പശുക്കടവിൽ ഉരുൾപ്പൊട്ടലുണ്ടായി. 150 പേർ ഇപ്പോഴും അഭയാർത്ഥി കാമ്പിലാണ്. അവർക്ക് റേഷൻ കൊടുക്കാൻ വേണ്ടിയുള്ള 50,000 രൂപയുടെ ബിൽ ഇപ്പോഴും ട്രഷറിയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: ഇതിനൊക്കെ മറുപടി പിന്നീട് പറയാം. ഇപ്പോഴത്തന്നെ ലേറ്റായി. എല്ലാ മന്ത്രിമാർക്കും മറുപടി പറയേണ്ടതാണ്. അതുകൊണ്ട് എനിക്കെതിരായി വന്ന വിമർശനത്തിന് മാത്രം വളരെ ചുരുങ്ങിയ വാക്കുകളിൽ മറുപടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഈ രീതിയിലുള്ള ചോദ്യങ്ങൾ ചോദിച്ച് ബുദ്ധിമുട്ടിക്കരുത്. 1996-2001 കാലഘട്ടത്തിൽ റവന്യൂ വരുമാനത്തിന്റെ വളർച്ച പ്രതിവർഷം ശരാശരി 12.20 ശതമാനമായിരുന്നു. 2001-05 ആയപ്പോൾ വളർച്ചാനിരക്ക് 13.62 ശതമാനമായി ഉയർത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. നിങ്ങളുടെ കാലഘട്ടത്തിൽ റെസീപ്റ്റ്സ് എന്നു പറയുന്നത് ചില വർഷം ഒരു ശതമാനം ഗ്രോത്ത് റേറ്റ് വരെയുണ്ടായ കാലമുണ്ട്. 1996-97-ൽ ഒഴിച്ചാൽ പിന്നെ 10 ശതമാനമാണ് ഏററവും കൂടുതൽ വളർച്ചാനിരക്ക് വന്നത്. നേരെമറിച്ച് ഈ ഗവൺമെൻറ് വന്നതിനുശേഷം അത് 17 ശതമാനം ആയി, 11 ശതമാനം ആയി, 14 ശതമാനം ആയി. ഈ വർഷം നമ്മൾ ബഡ്ജററിൽ വച്ചിരിക്കുന്നത് 23.24 ശതമാനം വരുമാനത്തിൽ കൂടുതലുണ്ടാകും എന്നാണ്. അതായത് ചുരുക്കി പറഞ്ഞാൽ നിങ്ങൾ 76 കോടി രൂപ മുതൽ 900 കോടി രൂപ വരെ ഉണ്ടായിരുന്ന സ്ഥാനത്ത് 3135.15 കോടി രൂപ അധിക വരുമാനം ഉണ്ടാക്കാനാണ് ഈ വർഷം നമ്മൾ ബഡ്ജററ് എസ്ററിമേററിട്ട് പ്രവർത്തിക്കുന്നത്. അതുകൊണ്ട് വരുമാനത്തിന്റെ കാര്യത്തിലും മററുമെല്ലാം നമ്മൾ അതുപോലെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ നമ്മൾ സ്വീകരിച്ചിട്ടുണ്ട്. കടത്തിന്റെ കാര്യം നിരന്തരമായി പറയുന്നു. ഞാൻ സമ്മതിക്കുന്നു, നിങ്ങൾ പോയപ്പോൾ 23,919 കോടി രൂപയായിരുന്നു. അത് ഇപ്പോൾ കഴിഞ്ഞ മാർച്ചിൽ 41,000 കോടി രൂപയായി ഉയർന്നു. ഫൈനൽ ഫിഗർ എത്രയാണെന്ന് വന്നിട്ടില്ല. പക്ഷേ കടത്തിന്റെ ഗ്രോത്ത് നോക്കണം. ഡോക്ടർക്കറിയാമല്ലോ പെർസൻേറജ് വൈസായിട്ടാണ് ഇതെല്ലാം കണക്കാക്കുന്നത്. അത് നോക്കുകയാണെങ്കിൽ നിങ്ങൾ ഇറങ്ങിപ്പോയ കാലത്ത് 1998-99-ൽ 22 ശതമാനമായിരുന്നു കടത്തിന്റെ ഗ്രോത്ത്. അത് 1999-2000-ൽ 28.5 ശതമാനമായി. 2000-2001-ൽ 18.6 ശതമാനമായി കുറച്ചുകൊണ്ടുവന്നു. ഇപ്പോൾ 2004-2005-ൽ പ്രൊവിഷണൽ കണക്കനുസരിച്ച് 11.89 ശതമാനം മാത്രമേ കടമുള്ളൂ. ആ രീതിയിൽ നമുക്ക് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു. Financial discipline വരുത്താൻ നമ്മൾ കാര്യമായി ശ്രമിച്ചിട്ടുണ്ട്.

ഡോ. തോമസ് ഐസക്: സർ, നമ്മൾ ലോംഗ് റണ്ണിൽ കേരളത്തിന് debt growth എടുത്തിട്ടുണ്ടെങ്കിൽ ഈ റേററ് വലിയ വ്യത്യാസമില്ല. ഒരേ നിരക്കിൽ വളർന്നുകൊണ്ടിരിക്കുന്നു. എം.പോയിൻറ് എന്ത് എന്നതിനെ ആശ്രയിച്ച് കൂടിയും കുറഞ്ഞും ഇരിക്കും എന്നൊക്കെ പറയാം. ഞങ്ങളുടെ പ്രധാനപ്പെട്ട വിമർശനം കടം എടുക്കരുത് എന്ന് ഒരിക്കലും പറയില്ല. ഭാവിയിൽ എടുക്കേണ്ടിവരും. നിങ്ങൾ ഇപ്പോൾ എ.ഡി.ബി.-യിൽ നിന്നു സുനാമിക്ക് വായ്പ എടുക്കുന്ന......

ശ്രീ. വക്കം പുരുഷോത്തമൻ: സർ, I am sorry, സമയമില്ല. പാർലമെൻറ് മെമ്പർമാരെ കാണാൻവേണ്ടിയുള്ള മീററിംഗ് മുഖ്യമന്ത്രി വച്ചിട്ടുണ്ട്. അതുകൊണ്ട് സമയം ഇല്ല. ഞാൻ വഴങ്ങുന്നില്ല. ഒരു സാമ്പത്തിക സ്ഥിതിയെ പററി വിലയിരുത്തുന്നത് debt sustainability നോക്കിയാണ്. ഡോക്ടർക്കറിയാമല്ലോ. 2005 ജനുവരിയിൽ റിസർവ് ബാങ്ക് പ്രസിദ്ധീകരിച്ച കണക്ക് അനുസരിച്ച് debt sustainability-യിൽ കേരളം നിൽക്കുന്നത് ആറാം സ്ഥാനത്താണ്. നേരെ മറിച്ച് പശ്ചിമ ബംഗാൾ നിൽക്കുന്നത് പതിനഞ്ചാം

സ്ഥാനത്താണ്. അപ്പോൾ അതുകൊണ്ട് സാമ്പത്തിക ഭദ്രതയ്ക്ക് ഒരു കുഴപ്പവുമില്ല. നമ്മുടെ ആവശ്യത്തിന് പണം തികയുന്നില്ല എന്നുള്ള കാര്യമാണ്. പക്ഷേ രണ്ടത്തെ ഒരു രീതിയിലും അഫക്ട് ചെയ്യുന്നില്ല എന്ന് മാത്രമല്ല ഉദ്യോഗസ്ഥൻമാർക്ക് ഓണത്തിനുമുമ്പ് അവരുടെ ഇടക്കാലാശ്വാസം കൊടുക്കുമെന്ന് മുഖ്യമന്ത്രി തന്നെ അനൗൺസ് ചെയ്തിട്ടുണ്ട്. ഞങ്ങൾ ഇറങ്ങിപോകുന്നതിനുമുമ്പ് തന്നെ അവർക്ക് ശമ്പള പരിഷ്കരണം കൊടുക്കും. അതൊക്കെ ചെയ്താലും ഞങ്ങൾ ട്രഷറി അടയ്ക്കുകയില്ല. സാമ്പത്തിക ഭദ്രത ഉണ്ടായിരിക്കും, ഈ സഭയ്ക്ക് ഉറപ്പ് തരാൻ ഞാൻ ആഗ്രഹിക്കുകയാണ്. മറ്റൊരു കാര്യം പറഞ്ഞത് കോൺട്രാക്ടർമാരുടെ പണം ഒന്നും കൊടുക്കുന്നില്ല എന്നാണ്. നിങ്ങൾ ഇറങ്ങിപ്പോയപ്പോൾ 820 കോടി രൂപ കൊടുക്കാനുണ്ടായിരുന്നു. അത് ഞങ്ങൾ ഈ കഴിഞ്ഞ 4 വർഷം കൊണ്ട് 2185 കോടി രൂപ കൊടുത്തു. ഈ അടുത്ത കാലത്ത് തന്നെ 247 കോടി രൂപ അനുവദിച്ചു. അതിന് മുമ്പ് രണ്ട് ഇൻസ്റ്റാൾമെൻറ് ഞാൻ മന്ത്രിയായശേഷം കൊടുത്തു. ഇപ്പോൾ 247 കോടി രൂപ കൊടുത്തു. ഞങ്ങൾ കൂടെക്കൂടെ കൊടുത്തുകൊണ്ടിരിക്കുകയാണ്. അത് താഴോട്ടു കൊണ്ടുവന്ന് തീർക്കണമെന്നുള്ളതുതന്നെയാണ് ഞങ്ങളുടെ ആഗ്രഹം. മറ്റൊന്ന് കർഷക തൊഴിലാളി പെൻഷനും അല്ലെങ്കിൽ മറ്റ് എല്ലാ പെൻഷനും സർക്കാർ കൊടുക്കുന്നതാണ്. അഗതി പെൻഷൻ, വികലാംഗ പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 60 വയസ്സ് കഴിഞ്ഞ ചുമട്ട് തൊഴിലാളികൾക്കുള്ള പെൻഷൻ, 50 വയസ് കഴിഞ്ഞ അവിവാഹിതരായിട്ടുള്ള സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയും പിന്നെ കർഷകത്തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം തുടങ്ങിയവയും. കർഷകത്തൊഴിലാളി പെൻഷനും തൊഴിലില്ലായ്മ വേതനവും ഒഴിച്ച് ബാക്കിയെല്ലാം കറൻറാക്കുന്നു. ഇതിൽ കർഷകത്തൊഴിലാളി പെൻഷൻ ഈ സാമ്പത്തിക വർഷം തന്നെ മൂന്നു മാസത്തേക്കുള്ള ഒരു ഗഡു കൊടുത്തു. അതിനുശേഷം ഇപ്പോഴും കൊടുക്കുന്നു. ഞാൻ മൂന്നു മാസം, ആറ് മാസം എന്നിങ്ങനെ ഈ സാമ്പത്തിക വർഷം തന്നെ ആറ് മാസത്തേക്ക് കൊടുക്കുന്നു. തൊഴിലില്ലായ്മ വേതനം നാല് മാസത്തേത് കൊടുത്തു കഴിഞ്ഞു. ഇനി നാല് മാസത്തേത് ഓണത്തിന് മുമ്പ് കൊടുക്കും. 8 മാസത്തേതാണ് കൊടുക്കുന്നത്. ഒരു കാലത്തും ഇങ്ങനെ കൊടുത്തിട്ടില്ല. ഇത്രയും സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടായിട്ടും രണ്ട് ഇൻസ്റ്റാൾമെൻറ് കശുവണ്ടി കോർപ്പറേഷനുവേണ്ടി കൊടുത്തു. രണ്ട് ഇൻസ്റ്റാൾമെൻറിന് ഇപ്പോൾ 33 കോടി രൂപ കൊടുത്തു. ആദ്യം ഒരു ഇൻസ്റ്റാൾമെൻറ് കൊടുത്തു. ഇത്രയും ബുദ്ധിമുട്ടുണ്ടെങ്കിലും കൊടുത്തു. ഏത് കാലത്ത് ഇങ്ങനെ കൊടുത്തിട്ടുണ്ട്? ഇതെല്ലാം കൊടുത്തിട്ടാണ് നിങ്ങൾ ഞങ്ങളെ വിമർശിക്കുന്നത്. എന്നെപ്പറ്റി ഇവിടെ അഴിമതി ആരോപണം ഉന്നയിച്ചു. ഓൺലൈൻ ലോട്ടറിയെക്കുറിച്ച് പറഞ്ഞു. ഞാൻ ഇവിടെ വന്ന അന്നു മുതൽ പറയുകയാണ് ലോട്ടറി.......ലോട്ടറി...... ലോട്ടറി.......എന്ന്. അതിനെല്ലാം മറുപടി പറഞ്ഞതുമാണ്. പക്ഷേ എൻെറ സുഹൃത്തുക്കളെ നിങ്ങൾ ഒന്നും ആലോചിക്കണ്ടേ. ഞാൻ വന്നതിനുശേഷം ലോട്ടറി ഇവിടെ നടത്താൻ സമ്മതിച്ചോ? ഇല്ല. നിങ്ങൾ എൻെറ ഏത് ഉത്തരവാണ് അവരെ സഹായിച്ചതെന്ന് പറയുക. ഞാൻ മാപ്പ് പറയാം. ഈ ഗവൺമെൻറ് ഭിക്ഷക്കാരൻ തൊട്ട് ചീഫ് സെക്രട്ടറിവരെയുള്ളവരുടെ ശമ്പളം മുഴുവൻ, കയർ തൊഴിലാളിയുടെ ശമ്പളം, കശുവണ്ടി തൊഴിലാളികളുടെ ശമ്പളം മുഴുവനും ടിക്കറ്റിന് കൊടുത്താലും കിട്ടാത്ത ടാക്സ് കടമുണ്ട്, കിട്ടാനുണ്ട് എന്ന് പറയുന്നത്. അത് ഞാൻ കണക്ക് സഹിതം പറഞ്ഞതാണ്. എന്നെ സംബന്ധിച്ചിടത്തോളം ഓൺലൈൻ ലോട്ടറി നടക്കരുത് എന്ന കൺവിക്ഷനോടുകൂടി ആദ്യം മുതൽ നടപടി എടുക്കുകയും അതിൽ

LIBRARY ARCHIVES Kerala Legislative Assembly

വിജയിക്കുകയും ചെയ്ത ഒരു വ്യക്തിയാണ്, എനിക്കും ഗവൺമെന്റിനും മുഖ്യമന്ത്രിക്കും അതിൽ സന്തോഷമുണ്ട്. ഇപ്പോൾ അദ്ദേഹം പറയുന്നു ഇവിടെയും ലോട്ടറി ടിക്കററുണ്ടെന്ന്. എവിടെ മററ് ലോട്ടറി വിൽക്കുന്നു യെന്നു അറിയിച്ചാലും ചില എം. എൽ. എ.-മാർ അറിയിച്ചു 24 മണിക്കൂറിനകം ആക്ഷൻ എടുക്കും. എവിടെയെങ്കിലും കേരള സർക്കാരിന്റേതല്ലാത്ത ഗവൺമെൻറിന് ടാക്സ് തരാത്ത ഏത് ലോട്ടറി നടത്തിയാലും 24 മണിക്കൂറിനകം അവനെ അറസ്ററ് ചെയ്തിരിക്കും. ഞാൻ ഈ ഹൗസിന് ഉറപ്പു തരുകയാണ്. 24 മണിക്കൂറിനകം അങ്ങനെ ഒരു ലോട്ടറി ഇവിടെ അവിഹിതമായി നടത്തുകയാണെങ്കിൽ അവരെ അറസ്ററ് ചെയ്യും. അതുകൊണ്ട് വെറുതെ ആവശ്യമില്ലാതെ പറയരുത്. നമ്മൾ ഒരു ലജ്ജാകരമായ സ്ഥിതിവിശേഷത്തിലേക്ക് പോവുകയാണ്. ഇന്നത്തെ ചർച്ച സഭയുടെ അന്തസ്സിന് ചേരാത്ത രീതിയിൽ പോയിരിക്കുന്നു. ഇത് വേണമോ? മാറിയും തിരിഞ്ഞും ഓരോരുത്തർ ഭരണത്തിലേക്ക് വരും. പക്ഷേ ലജ്ജാകരമായ രീതിയിൽ ആരോപണം വേണമോ? ഇവിടെ എനിക്ക് ഏററവും സന്തോഷം ഉണ്ടായ ഒരു കാര്യമുണ്ട്. മക്കളെപ്പററി പറയരുത് എന്ന് പ്രതിപക്ഷാംഗങ്ങൾ എല്ലാവരുംകൂടി വലിയ ബഹളം ഉണ്ടാക്കി. ശ്രീ. ടി. എം. ജേക്കബിന്റെ മകനെ പറഞ്ഞത് പിൻവലിക്കണമെന്ന് പറഞ്ഞു. വളരെ സന്തോഷം. അതിനോട് ഞാനും യോജിക്കുന്നു. ഇവിടെ മക്കളെക്കുറിച്ച് പറഞ്ഞത് ആരാണ്? ശ്രീ. എം. വി. ജയരാജൻ. അദ്ദേഹം ഇന്നലെ എഴുതി തന്നിരിക്കുകയാണ് തിരുവനന്തപുരം ജില്ലയിൽ എന്റെ മക്കൾ ഏതാണ്ട് 30 ലക്ഷം രൂപ കടം എടുത്ത് ഏതാണ്ട് 86 ലക്ഷം രൂപയുടെ 8 ഏക്കർ റബ്ബർ എസ്റേററ് വാങ്ങിച്ചു. 86 ലക്ഷം രൂപയുടെ സ്ഥലം വിലയ്ക്ക് വാങ്ങി അത് അവരുടെ അവിഹിത സമ്പാദ്യംമൂലമാണെന്ന്. ഞാൻ ഒരു കാര്യം പറയാം. അവർ കുറച്ച് സ്ഥലം വാങ്ങിയെന്നത് ശരിയാണ്. അത് 8 ഏക്കറും റബ്ബർ എസ്റേററല്ല. അതൊരു കുന്നുംപുറമാണ്. ശ്രീ. എം. വി. ജയരാജനുതന്നെ പോയി നോക്കാം. നേരത്തെ ഇദ്ദേഹം തന്നെ പറഞ്ഞതുപോലെ എനിക്ക് മൂന്ന് മക്കളാണുള്ളത്. അവരെപ്പററി പറയേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്. പക്ഷേ ഇങ്ങനെ ഒരു ആരോപണമുള്ളതുകൊണ്ട് പറയാതിരിക്കാൻ നിവൃത്തിയില്ല. എനിക്ക് ഒരു മകളുണ്ട്. അവൾ ഡോക്ടറാണ്. കിംസ് ഹോസ്പിററലിലെ ഗൈനക്കോളജിസ്ററാണ്. അവൾക്ക് 45,000 രൂപ മാസം റീട്ടെയിനറും മററ് കട്ടും എല്ലാംകൂടി ചേർത്തിട്ട് 75,000 രൂപയിൽ കൂടുതൽ ഒരു മാസം വരുമാനം ലഭിക്കുന്നു. നിങ്ങൾക്ക് വേണമെങ്കിൽ പോയി അന്വേഷിക്കാം. ഇൻകം ടാക്സ് കൊടുക്കുന്നതാണ്. അവളുടെ ഭർത്താവും ഡോക്ടറാണ്. ഒരു ഹോസ്പിററലിലെ ചീഫ് ഫിസിഷ്യനാണ്. അയാളും അയാളുടെ അച്ഛനും സമ്പത്തുള്ളവരാണ്. 27 ഏക്കർ റബ്ബർ പ്ലാന്റേഷൻ തന്നെ അയാളുടെ പേരിലുണ്ട്. അതിന് പുറമേ കവുങ്ങ് പ്ലാന്റേഷനുണ്ട്, കോക്കനട്ട് പ്ലാന്റേഷനുണ്ട്, ഇതെല്ലാം ശ്രീമതി ടീച്ചർക്കും അറിയാം. ശ്രീ. കുഞ്ഞിരാമനും അറിയാം. കള്ളമാണോയെന്ന് ഇവർക്ക് രണ്ട് പേർക്കും അറിയാം. അവർ സ്ഥലം വാങ്ങിയാൽ എനിക്ക് വേണ്ടെന്ന് പറയാൻ ഒക്കുമോ? അടുത്തത് മകനാണ്, അവൻ എഞ്ചിനീയറാണ്, എം.ബി.എ. കാരനാണ്. ഇതിൽ രണ്ടിലും ഫസ്ററ് ക്ലാസിൽ പാസ്സായതാണ്. അവൻ കേന്ദ്രഗവൺമെൻറിലെ ജോലിവിട്ടിട്ട് ഇവിടെ വന്ന് ടി. വി. കച്ചവടവും മററും തുടങ്ങിയതാണ്. പക്ഷേ ഇത് പറയേണ്ടി വന്നതിൽ സങ്കടമുണ്ട്. 2000-2001-ലെ അക്കൗണ്ടിൽ, 2001-2002-ൽ അവന്റെ വാർഷിക വരുമാനം 36 ലക്ഷം രൂപയാണ്. ഇൻകം ടാക്സ് കൊടുത്തത് 11 ലക്ഷം രൂപയാണ്. ഇത് സർക്കാരുമായി ഒരു ബന്ധവുമുള്ളതുകൊണ്ടല്ല. ടി. വി. കച്ചവടമാണ്. മനസ്സിലായില്ലേ? പക്ഷേ വരുമാനം 36 ലക്ഷം രൂപ. അവൻ

LIBRARY ARCHIVES Kerala Legislative Assembly

കുറച്ച് കാട്ടുംപുറം വാങ്ങിച്ചതിന് ഇവിടെ ഇങ്ങനെ പറയണമായിരുന്നോ? അതുകൊണ്ട് മേലിലെങ്കിലും അത് വേണ്ടെന്ന് പ്രതിപക്ഷാംഗങ്ങൾക്ക് തോന്നിയെങ്കിൽ......

ശ്രീ. ടി. എം. ജേക്കബ്: സർ, ഇവിടെ ശ്രീ. ടി. എൻ. പ്രതാപനെ കൊണ്ട് ഇത് വായിപ്പിച്ചത് ഒരു വിദ്വാൻ എഴുതി കൊടുത്തതാണ്, ഒരു മന്ത്രി. ഞാൻ അദ്ദേഹത്തേയും കൂട്ടി നാട്ടിൽ പോകുന്നുണ്ട്. അവിടെ വന്ന് പ്രസംഗിക്കട്ടെ വിദ്വാൻ.

ശ്രീ. വക്കം പുരുഷോത്തമൻ: സർ, അതുകൊണ്ട് ഞാൻ പറയുന്നത് ആരെപ്പററിയാണെങ്കിലും നമ്മാം പൊളിററിക്കലായി നേരിടണം. അങ്ങോട്ടായാലും. ഇങ്ങോട്ടായാലും വീട്ടിലിരിക്കുന്ന മക്കളേയും ഭാര്യയേയുമൊക്കെ വലിച്ചിഴച്ച് രാഷ്ട്രീയത്തിൽ കൊണ്ടുവരരുത്. അത് ലജ്ജാകരമാണ്. അത് ചെയ്യരുത്. ഞാൻ കൂടുതലായി ഒന്നും സംസാരിക്കുന്നില്ല. ഈ അവിശ്വാസ പ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുന്നു.

ജലവിഭവവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, എന്റെ വകുപ്പിനെക്കുറിച്ച് ഇവിടെ പറഞ്ഞ അഴിമതി ആരോപണങ്ങൾ ഞാൻ നിഷേധിക്കുകയാണ്. ഞാൻ അതിന്റെ വിശദ വിവരം വളരെ ചുരുക്കി പറയാം. ഒലവക്കോട് പ്രശ്നത്തെ ക്കുറിച്ചും ഗ്രാസിം പ്രശ്നത്തെക്കുറിച്ചും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞു. അന്ന് മന്ത്രിയായിരുന്ന ശ്രീ. കെ. സുധാകരൻ അത് നിഷേധിച്ചതുകൊണ്ട് ഞാൻ ഒന്നും പറയുന്നില്ല. ഒലവക്കോട് പ്രശ്നം സി. ബി. ഐ. അന്വേഷണത്തിൽ നിൽക്കുകയാണ്. കാബിനററിൽ അന്നത്തെ ഗവൺമെൻറ് തീരുമാനിച്ചതാണ്. അതിന്റെ മുറയ്ക്ക് അത് പോവുകയാണ്. അതുകൊണ്ട് അതിനെക്കുറിച്ചുള്ള മററു കാര്യങ്ങളി ലേക്ക് ഞാൻ കടക്കുന്നില്ല. ഇവിടെ ശ്രീ. കോവൂർ കുഞ്ഞുമോൻ പറയാൻ ശ്രമിച്ച ഒരു ആക്ഷേപം ഉണ്ട്. അദ്ദേഹത്തിന് അത് പൂർത്തിയാക്കാൻ കഴിഞ്ഞില്ല. സത്യത്തിൽ അത് പൂർത്തിയാക്കേണ്ടതായിരുന്നു. ശുദ്ധ ജലം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ സുനാമി ബാധിച്ചതോടുകൂടി സ്ഥിതി കൂടുതൽ മോശമാവുകയും അടിയന്തിര ആശ്വാസമായി ഏർപ്പെടുത്തിയി ട്ടുള്ള പണികളുടെ ഭാഗമായി പതിനൊന്ന് കുഴൽക്കിണറുകൾ ടെണ്ടർ ചെയ്യുക യുണ്ടായി. അതിൽ ഏഴ് കുഴൽക്കിണറുകൾ കുഴിച്ചതിൽ നാലെണ്ണത്തിൽ ജലത്തിന്റെ ഗുണനിലവാരം മോശമായിരുന്നു. അത് സത്യമാണ്. ഇപ്പോൾ മൂന്ന് കുഴൽക്കിണറുകൾ പ്രവർത്തനക്ഷമമാണ്. അന്നത്തെ സാഹചര്യത്തിൽ അടിയന്തിരമായി വേണമെന്ന് പറഞ്ഞപ്പോൾ സി. ആർ. എഫ്.-ൽ നിന്ന് അനുവദിച്ച തുക ഉപയോഗിച്ച് അത് ചെയ്തതാണ്, ടെണ്ടർ വിളിക്കാതെയാണ് അത് ചെയ്തതെന്നതാണ് അദ്ദേഹം പറഞ്ഞതിലെ കാതലെന്ന് എനിക്ക് തോന്നുന്നു. അത് ഞാൻ നിഷേധിക്കുകയാണ്. സാധാരണ മററ് ഡിപ്പാർട്ടുമെൻറുകൾ ചെയ്യുന്നതുപോലെ എല്ലാം നോംസും പാലിച്ച് അതിന്റെ ക്രമത്തിൽ കോമ്പററിററീവ് ടെണ്ടർ വിളിച്ചു തന്നെയാണ് ഇതും ചെയ്തിട്ടുള്ളത്. 138 കിലോമീററർ പൈപ്പ് അവിടെ ഇട്ടിട്ടുണ്ട്. പതിനൊന്ന് കുഴൽക്കിണറുകൾ കുഴിച്ചിട്ടുണ്ട്. അതെല്ലാം കോൺട്രാക്ട് വിളിച്ച് തന്നെയാണ് ചെയ്തിട്ടുള്ളത്. അതേക്കുറിച്ച് ഇന്നുവരെ ഒരു ആക്ഷേപവും എനിക്ക് ലഭിച്ചിട്ടുമില്ല. എന്തെങ്കിലും ആക്ഷേപം അതിനെ കുറിച്ച് ഉണ്ടെങ്കിൽ അത് മാതൃകാപരമായി അന്വേഷിക്കുന്നതാണ്. ഇവിടെ ശ്രീ. ടി. കെ. ദേവകുമാർ കേരളാ വാട്ടർ അതോററിററിയിലെ കാര്യം പറഞ്ഞു......(ബഹളം). ......എനിക്ക് അതിൽ ഒരു പങ്കുമില്ലെന്ന് പറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾക്കും അറിയാം. എന്നാലും പറയുമ്പോൾ ഒരു ആചാരവെടി പോലെ നമുക്ക് എന്തെങ്കിലും മറുപടി പറയാതിരിക്കാൻ കഴിയില്ല. അല്ലെങ്കിൽ അതെല്ലാം റെക്കോർഡിൽ കിടക്കും. റെക്കോർഡിൽ കിടന്നാൽ അത് ശരിയല്ലല്ലോ. പത്ത് വർഷം കഴിയുമ്പോൾ ജനങ്ങൾ അതേപ്പറ്റി ചിന്തിക്കില്ലേ? കേരളാ വാട്ടർ അതോറിറ്റിയിലെ ട്രാൻസ്ഫറുകളെക്കുറിച്ച് പറഞ്ഞു. തേർഡ് ഗ്രേഡ് ഓവർസീയർമാരുടെ 64 ട്രാൻസ്ഫറുകളാണ് ജനറൽ ട്രാൻസ്ഫറിൽ നടത്തിയിട്ടുള്ളത്. അഞ്ഞൂറിലധികം ആളുകൾ ഉള്ളതാണ്. വളരെ പരിമിതമായാണ് ചെയ്തത്. ഞാൻ ആളുകളെ അധികം ഉപദ്രവിക്കേണ്ട എന്ന നിലപാടെടുക്കുന്ന ഒരു വ്യക്തിയാണ്. അങ്ങനെ 64 ട്രാൻസ്ഫറുകൾ നടന്നു. നോംസ് അനുസരിച്ച് മൂന്ന് വർഷത്തിന് ശേഷമുള്ള ആളുകളെയെല്ലാം മാറ്റണമെന്ന് പറഞ്ഞു. അതിൽ ഒരു വിജയകുമാറിന്റെ കാര്യം പറയുകയുണ്ടായി. വിജയകുമാറിന് ഒരു പ്രശ്നമുണ്ട്. കായംകുളം സി. പി. സി. ആർ. ഐ.-ൽ വച്ച് സുനാമി സംബന്ധിച്ച യോഗം ചേർന്നപ്പോൾ ആ യോഗത്തിൽ അങ്ങയുടെ നിയോജകമണ്ഡലത്തിലെ പഞ്ചായത്ത് അംഗം ഉൾപ്പെടെ രണ്ട് പഞ്ചായത്തംഗങ്ങൾ അവിടെ വെള്ളം കിട്ടുന്നില്ല, വെള്ളം കൊടുക്കുന്നില്ല എന്ന് പരാതി പറഞ്ഞു. എക്സിക്യൂട്ടീവ് എൻജിനീയറെ വിളിച്ച് അടിയന്തിരമായി വെള്ളം കൊടുക്കണമെന്ന് ഞാൻ നിർദ്ദേശിച്ചു. എക്സിക്യൂട്ടീവ് എൻജിനീയർ അവർക്ക് കിട്ടാവുന്ന ജോലിക്കാരെ അടിയന്തിരമായി സംഘടിപ്പിച്ച് വാട്ടർ അതോറിറ്റി ഓഫീസിൽ എത്തിച്ചു. അപ്പോൾ ഈ വിജയകുമാറിന്റെ നേതൃത്വത്തിൽ അവരെ തടഞ്ഞു എന്നുമാത്രമല്ല ഓഫീസ് പൂട്ടിയിടുകയും ഉണ്ടായി. അന്ന് അയാളെ മാറ്റണമെന്ന് പറഞ്ഞു. ഞാൻ പറഞ്ഞു ഇതൊരു ശിക്ഷണ നടപടി കൊണ്ട് നിൽക്കുന്നതല്ല, സുനാമി പോലുള്ള ദുരന്തമുണ്ടാകുമ്പോൾ അതിന് പോസിറ്റീവായി പ്രതികരിക്കേണ്ടത് എല്ലാവരുടേയും ഉത്തരവാദിത്തമാണ് എന്നുള്ള നിലയിലാണ് ഞാൻ അത് എടുത്തത്. പക്ഷേ ഇപ്പോൾ ജനറൽ ട്രാൻസ്ഫർ വന്നപ്പോൾ പഴയ കംപ്ലയിന്റിന്റെ അടിസ്ഥാനത്തിൽ ചെയ്തതാണ്. അങ്ങ് പറഞ്ഞതു പോലെ ശ്രീ. കെ. പി. സണ്ണി പത്ത് വർഷമായിട്ട് മാറിയിട്ടില്ല. ഹബീബ ബീവി മാറിയിട്ടില്ല. അങ്ങേയ്ക്ക് തന്നെ അവരുടെ രാഷ്ട്രീയം അറിയാം. ഞാൻ സണ്ണിയുടെ പേര് മാത്രം പ്രത്യേകമായി പറഞ്ഞതാണ്. അങ്ങേയ്ക്ക് മനസ്സിലാകുന്നെങ്കിൽ മനസ്സിലാകട്ടെ എന്നുകരുതി പറഞ്ഞതാണ്. അദ്ദേഹത്തെ മാറ്റണമെന്ന് അങ്ങേയ്ക്ക് നിർബന്ധമാണെങ്കിൽ എനിക്ക് ഒരു വിരോധവുമില്ല, അങ്ങയുടെ നിർബന്ധപ്രകാരമാണ്. ഇതിൽ എനിക്ക് ഒരു നിർബന്ധവുമില്ല....(ബഹളം)....ഞാൻ അങ്ങയോട് തർക്കിക്കാനില്ല, വാദിക്കാനില്ല. ചെയ്യാൻ വിട്ടുപോയ ഒരു കാര്യം അങ്ങ് ചൂണ്ടിക്കാണിച്ചു. അതിൽ അങ്ങ് മാറ്റണമെന്ന് ആവശ്യപ്പെട്ട മൂന്ന് പേരും സി. ഐ. ടി. യു. യൂണിയനിൽപെട്ട ആളുകൾ ആണ്. അങ്ങയുടെ ആവശ്യപ്രകാരം അവരെ മാറ്റാൻ തീരുമാനിച്ചിരിക്കുകയാണ്. അത് കൃത്യമായി ചെയ്തിരിക്കും. അങ്ങയെപ്പോലെ അത്യുന്നതനായ ഒരാൾ പറഞ്ഞാൽ എനിക്ക് അത് അംഗീകരിക്കാതിരിക്കാൻ പറ്റുമോ? ഞാൻ അത് കൃത്യമായി പാലിച്ചിരിക്കും. എനിക്ക് അതിൽ ഒരു ബുദ്ധിമുട്ടുമില്ല ......(ബഹളം)........അങ്ങ് പറഞ്ഞത് ഞാൻ അംഗീകരിച്ചിരിക്കുന്നു. വെറുതെ എന്റെ സമയം കളയുന്നത് എന്തിനാണ്? ജെ. ബി. ഐ. സി.-യെക്കുറിച്ച് ചില ആക്ഷേപങ്ങൾ പറഞ്ഞു. മൂന്ന് തലങ്ങളിലാണ് ജെ. ബി. ഐ. സി.-യുടെ തീരുമാനങ്ങൾ വരുന്നത്. അതിന് ഒരു ടെക്നിക്കൽ കമ്മിറ്റിയുണ്ട്. ശ്രീ. ടി. എം. ജേക്കബിന് അതിനെക്കുറിച്ച് നന്നായി അറിയാം. അദ്ദേഹത്തിന്റെ കാലത്തുള്ള ഡയറക്ടർ ബോർഡാണ് നിലവിലുള്ളത്.

ശ്രീ. ടി. എം. ജേക്കബ്: എന്നെ സാക്ഷിയാക്കേണ്ട, രാധാകൃഷ്ണന് പറയാനുള്ളത് പറഞ്ഞോളൂ...............(ബഹളം)..................

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> അങ്ങ് പ്രഗത്ഭനായ ഒരു വാട്ടർ റിസോഴ്സസ് മിനിസ്ററർ ആണെന്ന് എനിക്ക് അഭിപ്രായമുണ്ട്. അതുകൊണ്ടാണ് ഞാൻ അത് പറഞ്ഞത്. ഞാൻ പറഞ്ഞതുകൊണ്ട് അങ്ങേയ്ക്ക് എന്തെങ്കിലും വിഷമമോ പ്രയാസമോ ഉണ്ടാകുമെങ്കിൽ ഞാൻ അത് വിത്ത്ഡ്രോ ചെയ്യുന്നു. പക്ഷേ എന്റെ അഭിപ്രായത്തിൽ നിന്ന് ഞാൻ മാറുന്നില്ല. വാട്ടർ അതോറിററി ഡയറക്ടർ ബോർഡിൽ വ്യക്തിപരമായി ഞാൻ വച്ചതോ യു. ഡി. എഫിനെ പിന്തുണയ്ക്കുന്നതോ ആയ രാഷ്ട്രീയമായ ഒരാൾ പോലും ഇല്ല. ഉള്ള ആളുകൾ ആരാണെന്ന് ശ്രീ. ടി. എം. ജേക്കബ് പറയും, അദ്ദേഹം ഇത്രയും പറഞ്ഞതുകൊണ്ട് ഞാൻ ഇനി പറയുന്നതുമില്ല. ഏതായാലും ഞാൻ അതിനകത്തുള്ള ഒരാളെപ്പോലും മാററിയിട്ടില്ല. മൂന്ന് വേക്കൻസികൾ ഡയറക്ടർ ബോർഡിൽ ഉണ്ട്. ഇതുപോലുള്ള ഇഷ്യു ഉള്ളതുകൊണ്ടാണ് ഈ വേക്കൻസികൾ തിരക്കിട്ട് ഫിൽ അപ് ചേയ്യേണ്ട എന്ന് ഞാൻ കരുതിയത്. 1700 കോടിയോളം രൂപയെ ബാധിക്കുന്ന ഒരു പ്രശ്നത്തിൽ ഞാൻ തിരക്കിട്ട് പുനഃസംഘടിപ്പിച്ചു എന്ന ആക്ഷേപം വരുത്താൻ ആഗ്രഹിക്കാത്തതുകൊണ്ടാണിത്. വാട്ടർ അതോറിററിയെ ഒരു എക്സിക്യൂട്ടീവ് ഓർഡർ കൊണ്ട് മാത്രം എനിക്ക് മാററാൻ കഴിയും എങ്കിലും അത് ചെയ്തിട്ടില്ല. കാര്യങ്ങൾ വളരെ പ്രോപ്പറായും സുതാര്യമായും പോകണമെന്നതാണ് ഗവൺമെൻറിന്റെ കാഴ്ചപ്പാട്. ഇതിൽ അഞ്ച് പാക്കേജുകളാണുള്ളത്. 4-ാം പാക്കേജിന് ടെൻഡർ വിളിച്ചിട്ടുണ്ട്. ആ ടെൻഡറിനകത്ത് അസാധാരണമായ ശതമാന വർദ്ധനവ് കണ്ടു. ഏതാണ്ട് 60 ശതമാനം മുതൽ 155 ശതമാനം വരെ വർദ്ധനവ് കണ്ടപ്പോൾ ഞാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ വിളിച്ചുവരുത്തി. അവരെല്ലാവരും വളരെ നന്നായി കോ-ഓപ്പറേററ് ചെയ്തു. രാവും പകലും ഇല്ലാതെ അതിനുവേണ്ടി കഷ്ടപ്പെട്ട ആളുകളുണ്ട്. എനിക്ക് അവരോട് എത്ര നന്ദി പറഞ്ഞാലും മതിവരില്ല. അവരെയെല്ലാവരേയും വിളിച്ചുകൂട്ടി ഇങ്ങനെ അസാധാരണമായ വർദ്ധനവ് വന്നാൽ സംസ്ഥാനത്തിന് നഷ്ടമുണ്ടാകുമെന്ന് മാത്രമല്ല, ജെ.ബി.ഐ.സി. പദ്ധതി കേരളത്തിൽ നടക്കാതെ പോകുകയും 43 ലക്ഷം ആളുകൾക്ക് വെള്ളം കൊടുക്കാൻ കഴിയുന്ന പദ്ധതി ഇല്ലാതെ പോകുകയും ചെയ്യുമെന്ന് പറഞ്ഞു. 2007-ൽ ഇത് കംപ്ലീററ് ചെയ്തുകൊള്ളാമെന്ന് രണ്ടാമത് കൺസൾട്ടൻസി എഗ്രി ചെയ്തതുകൊണ്ട് അവരോട് പറഞ്ഞിട്ടുള്ളതാണ്. അല്ലെങ്കിൽ ഈ സ്കീം കേരളത്തിൽ നടപ്പിലാകാത്ത സ്ഥിതി വരും. അതിനാൽ ഈ കരാറുകൾ റദ്ദാക്കി പുതിയ കരാർ വിളിക്കാൻ നിർദ്ദേശിച്ചു. 1997-ൽ ഇതിനുവേണ്ടിയുള്ള ആദ്യത്തെ കരാർ ഒപ്പിട്ടതാണ്. അതിനുശേഷം കൺസൾട്ടൻറിനെ തീരുമാനിക്കാൻ താമസിച്ചുപോയി. എന്താണ് താമസിക്കാൻ കാരണമെന്നുള്ളതിന്, ഈ നിയമസഭയിൽ ഇതിനുമുമ്പ് നടന്ന ഡെലിബറേഷൻസിന്റെയെല്ലാം വിവരങ്ങൾ നമ്മുടെ

5.00 P.M.] രേഖകളിലുള്ളതുകൊണ്ട് ഞാൻ ആരുടേയും മുഖത്ത് വിരൽ ചൂണ്ടുന്നില്ല. എന്താണ് കാര്യമെന്നുള്ളത് നമ്മുടെ ഫയലുകൾക്കകത്ത് കിടപ്പുണ്ട്. ശ്രീ. എ. കെ. ആൻറണി മുഖ്യമന്ത്രിയായും ശ്രീ. ടി. എം. ജേക്കബ് അടക്കമുള്ള ആളുകൾ മന്ത്രിയായിരുന്ന ഗവൺമെൻറ് വന്നതിനുശേഷമാണ് ജെ.ബി.ഐ.സി.-ക്ക് പുതിയ ഒരു കൺസൾട്ടൻറിനെ തീരുമാനിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ പുതിയ കൺസൾട്ടൻറ് വന്നു. ആ കൺസൾട്ടൻറിന്റെ അഡ്വൈസോടുകൂടി നമ്മൾ മുന്നോട്ട് പോകാൻ തീരുമാനിച്ചു. അവിടെവച്ച് നമ്മൾ ഉറപ്പ് കൊടുത്തിട്ടുണ്ട്. ആ ഉറപ്പ് പാലിക്കണം. ആ ഉറപ്പ് time bound ആയിട്ട് നമുക്ക് ചെയ്തു തീർക്കാൻ കഴിയില്ല എങ്കിൽ, 2007 ഡിസംബറിൽ ഈ അഞ്ച് പദ്ധതികൾ പൂർത്തിയാക്കാൻ കഴിയില്ല എങ്കിൽ വർഷത്തിൽ 70 കോടി രൂപ വച്ച്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഈ സംസ്ഥാനത്തിന് നഷ്ടം ഉണ്ടാകുന്ന രൂപത്തിലേക്ക് അത് പോയ്ക്കൊണ്ടിരിക്കും. ഞാൻ ഇതിന്റെ രണ്ടിന്റെയും മദ്ധ്യത്തിൽ നിൽക്കുകയാണ്. ഒന്ന്, സുതാര്യത ഉറപ്പ് വരുത്തിക്കൊണ്ട് നമുക്ക് ഈ പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ കഴിയണം. രണ്ട്, ഇതുപോലുള്ള കോൺട്രവേഴ്സികൾ ഇല്ലാതെ പോകണം. അതോടൊപ്പം തന്നെ സ്പീഡിൽ നമുക്ക് ഇത് ചെയ്തുതീർക്കാൻ കഴിയണം. ഇത്രയും ചെയ്യുന്നില്ലെങ്കിൽ 2007 ഡിസംബർ മാസത്തിൽ ഈ പദ്ധതി നമുക്ക് നഷ്ടപ്പെട്ടുപോകും എന്നു മാത്രമല്ല 43 ലക്ഷം ആളുകൾക്ക് കിട്ടിയ പ്രതീക്ഷ എന്നെന്നേക്കുമായി നശിച്ചു പോകുകയും ചെയ്യും. കേരളത്തെ സംബന്ധിച്ചിടത്തോളം ഇത്രയും ഭീമമായ തുക മുടക്കി ഇത്രയും വിപുലമായ ഒരു ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കാനുള്ള സാമ്പത്തികശേഷി ഇല്ല. അതാണ് ഈ സംസ്ഥാനത്തിന്റെ സ്ഥിതി. ഇതിന്റെ പശ്ചാത്തലത്തെക്കുറിച്ച് ഒന്നും പറയുന്നില്ല. ഒരു കാര്യം മാത്രം പറയുന്നു. പൈപ്പ് വാങ്ങുന്നതിനെ കുറിച്ച് പറയുന്നുണ്ട്. ടെണ്ടർ നിബന്ധനകൾ മാററിയതിനെക്കുറിച്ച് പറയുന്നുണ്ട്. ഇവിടെ ജെ.ബി.ഐ.സി. ടെൻഡർ വിളിച്ച നാലാം പാക്കേജിൽ ഒരിഞ്ച് പൈപ്പ് പോലും ഇല്ല. ഒന്നാം പാക്കേജിനെക്കുറിച്ചുള്ള സംസാരം വന്നപ്പോൾ ഇവിടെ നേരത്തെ തീരുമാനിച്ചിരുന്ന പ്രീ-ക്വാളിഫൈഡായിട്ടുള്ള ആളുകളെ വിളിച്ച് അവരുമായിട്ടുള്ള നിയമപരമായ ചർച്ചയിൽ ചില വിവാദങ്ങൾ ഉണ്ടായി. ശ്രീ. ടി. കെ. ദേവകുമാർ മാതൃഭൂമി എഡിറേറാറിയലിനെക്കുറിച്ച് പറഞ്ഞു. ആ എഡിറേറാറിയലിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എടുത്ത നടപടി ശരിയാണെന്നാണ് എഴുതിയിട്ടുള്ളതെന്ന് അത് നോക്കിയാൽ അങ്ങേക്ക് മനസ്സിലാകും. സത്യം പറഞ്ഞാൽ എന്നോടുള്ള വ്യക്തിപരമായ അടുപ്പം വച്ചെങ്കിലും ആ ഭാഗം കൂടി പറയേണ്ടതായിരുന്നു എന്നുള്ളതാണ്. എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. ശ്രീ. ടി.കെ. ദേവകുമാർ പഴയ പരിവർത്തന വാദി കോൺഗ്രസ് ആയിരുന്നല്ലോ; എനിക്ക് വ്യക്തിപരമായി നന്നായി അറിയാവുന്നതാണ്. ആ പഴയ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം പറഞ്ഞ കൂട്ടത്തിൽ ഇതുംകൂടി പറയുമെന്ന് ഞാൻ കരുതി. പാക്കേജ് 1-ന് അകത്ത് ഡി.ഐ. പൈപ്പ് എന്നുപറയുന്ന ഒന്നില്ല. പാക്കേജ് 1-ൽ എം. എസ്. പൈപ്പുകളാണുള്ളത്. ഈ സംസ്ഥാനത്ത് എം. എസ്, പൈപ്പ് ഉത്പാദിപ്പിക്കുന്ന കുറേ കമ്പനികൾ ഉണ്ട്. ഇതിൽ കോമ്പററീഷനും ഉണ്ടാകും. ഒരു വ്യക്തിക്കോ ഒരു സ്ഥാപനത്തിനോ ആ പൈപ്പ് കൊടുക്കാനും കഴിയില്ല. ഒരു കോൺട്രാക്ടർക്കും കൊടുക്കാൻ സാധ്യമല്ല. അതുകൊണ്ട് എം. എസ്. പൈപ്പാണ് അവിടെ ഉള്ളത്. അതിനേക്കാൾ ഉപരി എം. എസ്. പൈപ്പ് ഉൽപ്പാദിപ്പിക്കുന്ന ഇൻഡ്യയിലെ ഏററവും ബൃഹത്തായ സ്ഥാപനം സ്ററീൽ അതോറിററി ഓഫ് ഇന്ത്യ തന്നെയാണ്. സ്ററീൽ അതോറിററി ഓഫ് ഇൻഡ്യ പോലുള്ള പൊതുമേഖലാ സ്ഥാപനം നിലനിൽക്കുമ്പോൾ എം. എസ്. പൈപ്പുകളെക്കുറിച്ച് മാത്രമുള്ള ഈ പാക്കേജ് 1-ന് അകത്ത് അനധികൃതമായി ഒന്നും നടക്കാൻ സാധ്യതയില്ലെന്നുള്ള പോസിററീവ് തിങ്കിംഗിലാണ് ഞാൻ നിൽക്കുന്നത്. പാക്കേജ് 2-ൽ ആണ് ഡി. ഐ. പൈപ്പ് വരുന്നത്. അത് ടെൻഡർ വിളിക്കുന്നതിനെക്കുറിച്ച് ഇതേവരെ ആലോചിച്ചിട്ടേയില്ല. അത് ടെൻഡർ വിളിക്കുന്ന സമയത്ത് ഇപ്പോൾ പത്രത്തിൽ വന്ന കാര്യമെല്ലാം കൂടി പരിശോധിച്ച് നമുക്ക് precautions എടുക്കാൻ പററും. അതുകൊണ്ട് പത്രത്തിൽ വന്ന കാര്യങ്ങളും ഇതിന്റെ നിജസ്ഥിതിയെല്ലാം ആലോചിച്ച് ചെയ്യാൻ കഴിയും. കേരളത്തിൽ ഇത് ചെയ്തുവരുന്ന ഉദ്യോഗസ്ഥൻമാരെക്കുറിച്ച് നിങ്ങൾ നോക്കണം. കേരളത്തിൽ ഇത് ചെയ്യാൻ കഴിയുന്ന, ഈ ഗവൺമെൻറിന് മനുഷ്യസാധ്യമായി ചെയ്യാൻ കഴിയുന്ന,

ഒരു ഹൈലെവൽ കമ്മിററിയെയാണ് നമ്മൾ നിയോഗിച്ചത്. ഏഴ് കൊല്ലം ഇൻഡ്യാ ഗവൺമെൻറിൽ വാട്ടർ റിസോഴ്സസ് വകുപ്പിൽ ജോലി ചെയ്ത് വിദഗ്ദ്ധമായ അനുഭവ പരിചയങ്ങളുള്ള നമ്മുടെ ചീഫ് സെക്രട്ടറി ചെയർമാനായി, വാട്ടർ റിസോഴ്സസ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. കെ. ജെ. മാത്യു, ഫിനാൻസ് പ്രിൻസിപ്പൽ സെക്രട്ടറി, ലോ സെക്രട്ടറി, പ്ലാനിംഗ് സെക്രട്ടറി ഇങ്ങനെ സംസ്ഥാനത്തെ ഏററവും പ്രമുഖരായ ഉദ്യോഗസ്ഥൻമാർ ഏററവും സുതാര്യമായി ഈ കൃത്യം നിർവ്വഹിക്കാൻ കഴിയുന്ന ഉന്നത ഉദ്യോഗസ്ഥരെ നിയോഗിച്ചത് കാബിനററാണ്.

ശ്രീ. എം. വി. ജയരാജൻ: ഏററവും പ്രധാനപ്പെട്ട പ്രശ്നം പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്താനുള്ള നമ്മുടെ അവകാശവും ഗ്യാരൻറിയും എന്തിനാണ് മാനദണ്ഡങ്ങളിൽനിന്ന് മാററിയത്? ഗ്യാരൻറി വേണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: മൂന്ന് കാര്യങ്ങളെ സംബന്ധിച്ച് ആ കമ്മിററി തീരുമാനമെടുത്തിട്ടുണ്ട്.

ശ്രീ. ടി. കെ. ദേവകുമാർ: ഞാൻ പറഞ്ഞതിനല്ല അങ്ങിവിടെ ഉത്തരം പറഞ്ഞത്. രണ്ടാം ഘട്ടത്തിന്റെ ടെൻറർ ഫോം വിതരണം ചെയ്യാതെ മൂന്നാം ഘട്ടത്തിന്റെ ടെൻറർ ഫോം മുൻകൂട്ടി വിതരണം ചെയ്തത് മൂവായിരം കിലോമീററർ പൈപ്പ് ഉപയോഗിക്കേണ്ടത് ഏതാണ്ട് 500 കോടിയിൽപരം രൂപയുടെ പൈപ്പ് ഉപയോഗിക്കുന്ന മൂന്നാം ഘട്ടത്തിന്റെ ടെൻറർ ഏപ്രിൽ മാസം 3-ാം വാരത്തിൽ വിളിക്കാൻ തീരുമാനിക്കുകയും രണ്ടാം ഘട്ടത്തിന്റെ ടെൻറർ ഏപ്രിൽ മാസം 4-ാം വാരത്തിൽ വിളിക്കാൻ തീരുമാനിക്കുകയും ചെയ്തത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ചില കമ്പനികൾ ഇവിടെ ഇറങ്ങിയിട്ടുണ്ട്. അങ്ങയെ അവർ തെററിദ്ധരിപ്പിച്ചതാണ്. അങ്ങയുടെ കൈയിൽ ഇരിക്കുന്ന ഡോക്യുമെൻറ് എന്റെ കയ്യിലും ഉണ്ട്. ഒന്ന്, രണ്ട്, മൂന്ന് പാക്കേജ് നമ്മൾ നടയെണ്ണുന്നതുപോലെ തീരുമാനിക്കാൻ പററില്ല. പതിനെട്ടാംപടി ആണെങ്കിൽ ഒന്നാം പടി കയറിയെ രണ്ടാം പടിയിൽ എത്താൻ പററു. അങ്ങനെ പതിനെട്ടിൽ എത്താം. ഇവിടെ പാക്കേജ് തീരുമാനിക്കുമ്പോൾ ആ പാക്കേജിൽ നമ്മൾ 1, 2, 3 എന്നുള്ള അരിത്തമാററിക് ഫോമിൽ അല്ല പോകുന്നത്. നാലാം പാക്കേജ് എന്നു പറയുന്നത് ഓവർ ഹെഡ്ഡ് ടാങ്കാണ്. നാലാം പാക്കേജ് തീർന്നെങ്കിൽ മാത്രമേ ഒന്നും രണ്ടും പാക്കജിലേക്ക് എത്തിയിട്ട് കാര്യമുള്ളു. അതല്ലാതെ ഒന്നും രണ്ടും പാക്കേജായിട്ടുള്ള പൈപ്പ് കുഴിച്ചിട്ട ശേഷം നമ്മൾ നാലാം പാക്കേജ് ചെയ്യാൻ തീരുമാനിച്ചാൽ നാലാം പാക്കേജ് അവിടെ കിടക്കും. 1986-ൽ കേരള മണ്ണിൽ വ്യാപകമായി പൈപ്പ് കുഴിച്ചിട്ടതുപോലെ അത് മണ്ണിൽ കിടക്കും എന്നുള്ളതുകൊണ്ട് ഈ പദ്ധതി മണ്ണിനടിയിൽ പോകാതിരിക്കുന്നതിന് ഏററവും ആദ്യമായി സിവിൽ വർക്ക് നടത്തേണ്ട ....(ബഹളം)..............ശ്രീ. ദേവകുമാർ ബഹളം വച്ചിട്ട് കാര്യമില്ല. ഞാനൊന്ന് ചോദിക്കട്ടെ, ഒരു വീട് പണിയണമെങ്കിൽ സിവിൽ പണി നടക്കാതെ പ്ലമ്പിംഗ് നടത്താൻ പററുമോ? നമ്മൾ ഇവിടെ പറയുന്നത് ഇതാണ്. സിവിൽ വർക്കിന്റെ ഓവർ ഹെഡ്ഡ് ടാങ്ക് ആദ്യം തീരണം. ....(ബഹളം)............തൃപ്പൂണിത്തുറ ഹഡ്കോ പദ്ധതിയിൽ കേരളത്തിന്റെ വാട്ടർ റിസോഴ്സസുമായി ബന്ധപ്പെട്ട ആളുകൾക്കാർക്കും പേര് പറയരുതെന്ന് പറയുന്നതുകൊണ്ട് പറയുന്നില്ല. പക്ഷെ ഇതുമായി ബന്ധപ്പെട്ട ആർക്കും അത് അറിയാം. സിവിൽ വർക്ക് തീർന്നെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ പൈപ്പ്‌ലൈൻ ഇട്ടിട്ടു കാര്യമുള്ളൂ. അതുകൊണ്ട് പൈപ്പ്‌ലൈൻ ഇടുന്നത് പിന്നീടുള്ള ഘട്ടത്തിലേ വരുന്നുള്ളൂ. ഞങ്ങൾ ആദ്യം സിവിൽ വർക്കിനുള്ള പണി ടെൻഡർ ചെയ്തു. അപ്പോൾ ടെൻഡറിൽ വർദ്ധന വുണ്ടായി. ഈ വർദ്ധനവുകൊണ്ട് സംസ്ഥാനത്തിന്റെ പണം അന്യാധീനമായി പോകാതിരിക്കാൻ ടെൻഡർ കാൻസൽ ചെയ്യാനുള്ള ചങ്കൂറ്റം കാണിച്ച സർക്കാരാണിത്. അതിനുശേഷം അടുത്ത സ്റ്റേജ്, പാക്കേജ് ഒന്നിലേക്ക് വരും, പിന്നീട് പാക്കേജ് 3-ലേക്ക് പോകും, സുതാര്യമായി മുന്നോട്ട് കൊണ്ടുപോകും. അതിനുള്ള നടപടികളെടുക്കുകയാണ്. ദയവായി അങ്ങ് എന്നെ പ്രൊട്ടക്ട് ചെയ്യണം. ഒരു മൈക്കിന്റേയും സഹായമില്ലാതെ ഇത്രയും ബഹളമുണ്ടാക്കുന്ന ഒരാളെ എങ്ങനെ സഹിക്കാൻ കഴിയും? ഇവിടെ നേരത്തേ പറഞ്ഞല്ലോ രണ്ട് രേഖകൾ സമർപ്പിച്ചിരുന്നുവെന്ന്. ഒന്ന്, ഡൽഹിയിലുള്ള ഒരു പദ്ധതിയെക്കുറിച്ച്........(ബഹളം)...... അങ്ങ് ഇത് ദയവായി കേൾക്കണം. നമ്മൾ തമ്മിലുള്ള ഡയലോഗ് അല്ലല്ലോ. അങ്ങേയ്ക്ക് എന്തെങ്കിലുമുണ്ടെങ്കിൽ അത് പ്രതിപക്ഷ നേതാവിനോട് പറയൂ. അദ്ദേഹം പറയട്ടെ...........(ബഹളം)........ ഇങ്ങനെ തുടങ്ങിയാൽ എന്തുചെയ്യും?............(ബഹളം)............ നിങ്ങൾക്കാർക്കും ഒരു നിയന്ത്രണവും ഇദ്ദേഹത്തിനുമേൽ ഇല്ലേ? ഡൽഹി ജൽ ബോർഡിനെക്കുറിച്ച് അദ്ദേഹം പറഞ്ഞു. അതിലേക്ക് പോകുന്നതിനുമുമ്പ് ഞങ്ങളുടെ ഹൈപവർ കമ്മിറ്റി എടുത്ത തീരുമാനം പറയാം. ഹൈപവർ കമ്മിറ്റിയിൽ എടുത്ത തീരുമാനം ഇന്റർനാഷണൽ പ്രാക്ടീസ് അനുസരിച്ച് ടെൻഡറുകൾ നടത്തുക എന്നുള്ളതാണ്. ഇന്റർനാഷണൽ പ്രാക്ടീസിലേക്ക് പോകുമ്പോൾ ജെ.ബി.ഐ.സി.-യുടെ ഇന്റർനാഷണൽ പ്രാക്ടീസിനകത്ത് അവർ പറയുന്ന ചില നിബന്ധനകളുണ്ട്. ഒന്ന്, നിശ്ചിത വർഷക്കാലത്തെ എക്സ്പീരിയൻസ് ഉള്ള കമ്പനികളായിരിക്കണം ക്വാട്ട് ചെയ്യുന്ന കമ്പനികൾ. അങ്ങനെ ക്വാട്ട് ചെയ്യുമ്പോൾ നമ്മൾ നേരിട്ട് ഒരിഞ്ച് പൈപ്പും വാങ്ങുന്നില്ല. പ്രീ ക്വാളിഫൈ ചെയ്ത കരാറുകാർ സാധനങ്ങൾ വാങ്ങുമ്പോൾ എടുക്കേണ്ട

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ചില കരുതലുകളെക്കുറിച്ചാണ് ഇവിടെ പറയുന്നത്. അല്ലാതെ നമ്മൾ നേരിട്ട് പൈപ്പ് മേടിക്കുന്നില്ല. പ്രീ ക്വാളിഫൈ ചെയ്ത ആളുകൾക്ക് ടെൻഡർ കൊടുത്തു കഴിയുമ്പോൾ ടെൻഡർ പിടിച്ച സ്ഥാപനങ്ങൾ നേരത്തേ കരുതേണ്ട ചില മുൻകരുതലുകളുണ്ട്. ആ മുൻകരുതലുകളിൽ ഒന്ന്, അവർ സാധനങ്ങൾ മേടിക്കുന്ന സമയത്ത് പത്തു വർഷത്തെ എങ്കിലും എക്സ്പീരിയൻസുള്ള കമ്പനികളായിരിക്കണം എന്നതാണ്. രണ്ട്, ഈ കമ്പനിയിൽ നിന്ന് സാധനങ്ങൾ മേടിക്കുമ്പോൾ ഈ കമ്പനി ഉൽപ്പാദിപ്പിച്ച ഉൽപ്പന്നങ്ങൾ എത്ര ടൺ പൈപ്പ് വേണ്ടിവരുമോ അത്രയും ക്വാണ്ടിറ്റി......

മി. സ്പീക്കർ: സമയം ഒരുപാടായി. എല്ലാത്തിനും ഒരു ലിമിറ്റ് വേണ്ടേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സമയം ലാഭിക്കാമായിരുന്നല്ലോ. ഇവിടെയിരിക്കുന്ന 130 പേരിൽ ആർക്കുമില്ലാത്ത ഒരേർപ്പാടാണ് ഇത്. ഇങ്ങനെ പെരുമാറിയാൽ എന്തു ചെയ്യും? ഞാൻ പറഞ്ഞുവരുന്നത് (1) സാധനങ്ങൾ വാങ്ങുന്ന കമ്പനികളുടെ എക്സ്പീരിയൻസ്. (2) നമ്മൾ കൊടുക്കുന്ന ഓർഡറിന്റെ അത്രയെങ്കിലും പൈപ്പുകൾ ഈ കമ്പനി ഉൽപ്പാദിപ്പിച്ചിരിക്കണം എന്നുള്ള നിബന്ധന. (3) ഈ കമ്പനികൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ രണ്ടു വർഷമെങ്കിലും നന്നായി പ്രവർത്തിക്കും

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളതിന്റെ സർട്ടിഫിക്കററ്. ഈ മൂന്ന് നിബന്ധനകൾ വച്ചു കൊണ്ടാണ് ഇത് വാങ്ങുന്നതിന് ഹൈപവർ കമ്മിററി തീരുമാനം എടുത്തി ട്ടുള്ളത്. അതുകൊണ്ട് ഹൈപവർ കമ്മിററി എടുത്ത രൂപത്തിൽ പോകും. ഈ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഡൽഹിയിലുള്ള ജലഭവൻ വേറൊരു രൂപത്തിൽ ഈ നിബന്ധനകൾ കരാറിൽ എഴുതിച്ചേർത്തിട്ടുണ്ട്. ബാംഗ്ലൂരിലുള്ള വാട്ടർ സപ്ലൈ ആൻറ് സ്വീവറേജ് ബോർഡ്, കുറഞ്ഞത് അഞ്ച് വർഷം തൃപ്തികരമായ നിലയിൽ പ്രവർത്തിച്ചിട്ടുള്ളതാകണം എന്ന നിബന്ധന വച്ചിട്ടുണ്ട്. ജെ.ബി.ഐ.സി. അടക്കം ഇൻറർനാഷണൽ പ്രാക്ടീസുള്ള ഏതു കരാറിലും ഈ പറഞ്ഞ നിബന്ധനകളെല്ലാം പാലിക്കപ്പെടുന്നു ശ്രീ. ടി. കെ. ദേവകുമാർ ഇവിടെ ഒരു കടലാസ് കൊണ്ടു വന്നു. ശ്രീ. ദേവകുമാർ കൊണ്ടുവന്ന കടലാസ് 'ജിൻഡാൽ' എന്ന സ്വകാര്യ പൈപ്പ് കമ്പനിയുടെ കേരളാ ഏജൻറ് ചന്ദ്രശേഖരൻ കൊടുത്തി രിക്കുന്ന ഒരു രേഖയാണ്. അതിൽ കോമ്പററീററായി ജിൻഡാൽ കമ്പനിക്കു വരാൻ സന്ദർഭം ഒരുക്കണമെന്ന് ആവശ്യപ്പെടുന്ന കത്ത്. ജിൻഡാൽ കമ്പനിയുടെ ആളുകൾ കുറേ ദിവസമായി ഇവിടെ കറങ്ങുന്നുണ്ട്. അവർ കൊടുത്ത രേഖയ്ക്കകത്ത് Chandrasekharan, Regional Marketing Head, Jindal Company Limited എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇതാണ് ഇദ്ദേഹ ത്തിന്റെ ആധികാരിക രേഖ. ഇവിടെ ജിൻഡാൽ കമ്പനിയുടെ രേഖയിലെ ഒരു സെൻറൻസ് മാത്രം ഞാൻ വായിക്കാം.

<u>ശ്രീ. ടി. കെ. ദേവകുമാർ:</u> സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഇത് ദുരുദ്ദേശ പ്രേരിതവും അവാസ്തവവുമായ പ്രസ്താവനയാണ്. എന്റെ കയ്യിൽ ഇരിക്കുന്ന രേഖ, ഡൽഹി ജൽ ബോർഡിന്റെ ടെൻറർ വ്യവസ്ഥകളും അതുപോലെതന്നെ ചെന്നൈ വാട്ടർ ബോർഡിന്റെയുമാണ്. ഒരു കമ്പനിയുടെ ഏജൻറിന്റെ കത്താണ് എന്റെ കൈയിൽ ഇരിക്കുന്നതെന്ന അവാസ്തവ പ്രസ്താവന പിൻവലിക്കണം. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനത്തെ ടെണ്ടർ നോട്ടിഫിക്കേഷനാണ് ഇത്. ഡൽഹിയിലേയും കർണ്ണാടകത്തിലേയും ചെന്നൈയിലേയും മൂന്ന് സംസ്ഥാന ബോർഡു കളുടെ രേഖ ഇവിടെ ഹാജരാക്കിക്കൊണ്ടാണ് പ്രസംഗിക്കുന്നത്. ഈ പ്രസ്താവന പിൻവലിക്കണം..........(ബഹളം)..........

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ദയവായി അങ്ങ് എന്നെ പ്രൊട്ടക്ട് ചെയ്യണം..............(ബഹളം)..............

<u>മി. സ്പീക്കർ:</u> ശ്രീ. ടി. കെ. ദേവകുമാർ ഉന്നയിച്ച കാര്യം പരിശോധിച്ച ശേഷം വ്യക്തമായ തീരുമാനം പിന്നീട് പ്രഖ്യാപിക്കാം. ....(ബഹളം)............

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ഇങ്ങനെ തുടങ്ങിയാൽ എന്തു ചെയ്യും? ശ്രീ. ടി.കെ. ദേവകുമാറിന് മാത്രം ഒരു സ്പെഷ്യൽ പ്രിവിലേജ് എന്താണ്? ഞാൻ ഒരു സെൻറൻസ് മാത്രം വായിക്കാം. ഇന്നലെ അദ്ദേഹം വായിച്ച ആ സെൻറൻസിന്റെ പുനരാവിഷ്ക്കരണം. This kind of proper competition has helped many water boards like Chennai Metro, Delhi Jal Board, Bangalore Water Supply Board, Karnataka Urban Water Supply Board. ഇന്നലെ ശ്രീ.ടി. കെ. ദേവകുമാർ പറഞ്ഞ അതേ കാര്യം തന്നെയാണ് ഡൽഹി ജൽ ബോർഡിന്റെ തീരുമാനം കർണ്ണാടകയിലും തമിഴ്നാട്ടിലും

ഫയൽ നമ്പർ 459/ഇ.സി.Leg./05/27-7-2005 പ്രകാരം നിലനിറുത്താൻ തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഇതേ നിബന്ധന വച്ചാണ് നടപ്പിലാക്കുന്നത്. ഈ സംസ്ഥാനത്തിന്റെ ഈ പദ്ധതിയെ 'കൊല്ലരുത് അനിയാ കൊല്ലരുത്' എന്ന് ഞാൻ വിനയപൂർവ്വം പറയുന്നു. ആറ് കൊല്ലമായി നമ്മൾ വട്ടുതട്ടി. ഈ കേരള സംസ്ഥാനത്തെ ഒരു വലിയ പദ്ധതിയാണ്. ശ്രീ. ഗോവിന്ദൻ മാഷ് പറയട്ടെ ഈ പദ്ധതി വേണോ വേണ്ടയോ എന്ന്? കടലോരത്ത് ജീവിക്കുന്ന ആളുകൾ പറയട്ടെ ഈ പദ്ധതി വേണോ വേണ്ടയോ എന്ന്. 43 ലക്ഷം ആളുകൾക്ക് പ്രയോജനം ചെയ്യുന്ന ഈ പദ്ധതിയെ തകർക്കുന്നതിനുള്ള ശ്രമങ്ങൾ ശരിയല്ല. അത് കേവലം ഒരു കമ്പനി എന്തോ എഴുതികൊടുത്തു എന്നു പറഞ്ഞ്. കമ്പനികൾ തമ്മിലുള്ള മൽസരത്തിൽ ഒരു ഭാഗം പിടിച്ച് ഇതുപോലുള്ള നിയമസഭയുടെ സമയം ചെലവഴിച്ചത് കഷ്ടമായിപ്പോയി എന്ന് വിനയപൂർവ്വം ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഈ പദ്ധതി ഭംഗിയായി മുന്നോട്ട് കൊണ്ടുപോകണം. ഈ പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിനുവേണ്ടി കേരളത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളും പ്രതിപക്ഷത്തുള്ളവരും ഭരണപക്ഷത്തുള്ളവരും കേരളത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കണമെന്ന് ആഗ്രഹിക്കുന്ന ആളുകളെല്ലാവരും ഒരുമിച്ച് സഹായിക്കണമെന്ന് വിനയപൂർവ്വം അപേക്ഷിച്ചുകൊണ്ട് എന്റെ പേരിൽ ഉന്നയിച്ചിട്ടുള്ള എല്ലാ ആക്ഷേപങ്ങളും നിഷേധിക്കുന്നു. ഇവിടെ മൂവ് ചെയ്തിട്ടുള്ള അവിശ്വാസ പ്രമേയത്തെ ഞാൻ ശക്തിയുക്തം എതിർക്കുന്നു.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): സർ, വയനാട് ജില്ലയിൽ National Food for Work പദ്ധതിയിൽ മാനദണ്ഡങ്ങളും ചട്ടങ്ങളും ലംഘിച്ച് ഗ്രാമവികസന മന്ത്രിയുടെ നേതൃത്വത്തിൽ രേഖാമൂലമുള്ള നിർദ്ദേശത്തോടെ ഭരണാനുമതി നൽകിയ നിർമ്മാണ പ്രവൃത്തികളിലൂടെ രണ്ടുകോടി രൂപയുടെ അഴിമതി നടത്തിയെന്ന ആരോപണം ഞാൻ നിഷേധിക്കുന്നു. എല്ലാവർക്കും അറിയാവുന്നതുപോലെ National Food for Work എന്നു പറയുന്നത് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ആ പദ്ധതിയുടെ ഗൈഡ്‌ലൈൻസ് കേന്ദ്രഗവൺമെന്റ് തന്നെ തയ്യാറാക്കി തന്നിട്ടുണ്ട്. ഇതിന്റെ മലയാള പരിഭാഷ വയനാട് ജില്ലയിലെ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, എം.പി.മാർ, എം.എൽ.എ.മാർ അങ്ങനെ എല്ലാവർക്കും അച്ചടിച്ച് കൊടുത്തിട്ടുണ്ട്. അതിൽ വ്യക്തമായി പറയുന്നത് ഈ പദ്ധതിയുടെ നോഡൽ ഓഫീസർ ജില്ലാ കളക്ടറായിരിക്കും എന്നാണ്. ഇതിന്റെ എല്ലാ ഭരണാനുമതിയും നൽകുന്നത് ജില്ലാ കളക്ടറാണ്. അതിന് മന്ത്രിയുമായി യാതൊരു ബന്ധവുമില്ല. പിന്നെ വലിയ ഒരു ആശ്വാസമുള്ളത് ഇവിടെ ഇതിനെ സംബന്ധിച്ച് നോക്കാനായി വിജിലൻസ് ആൻറ് മോണിററിംഗ് കമ്മിററിയുള്ളത് കേന്ദ്രാവിഷ്കൃത പദ്ധതിയായിട്ടാണ്. എം.പി.മാർ നേതൃത്വം കൊടുക്കുന്ന കമ്മിററിയിരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ ഈ പദ്ധതി നോക്കുന്നത് ഇതിനുവേണ്ടിയുള്ള വിജിലൻസ് ആൻറ് മോണിററിംഗ് കമ്മിററിയുടെ ചെയർമാനായ ശ്രീ. വീരേന്ദ്രകുമാർ എം, പി.യാണ്. ഇതിന്റെ കോ-ചെയർമാൻ ശ്രീ. എ. പി. അബ്ദുള്ള കുട്ടി എം.പി.-യാണ്. ഇവർ രണ്ടുപേരുമാണ് ഈ കമ്മിററിയുടെ പ്രവർത്തനം നോക്കുന്നത്. ജില്ലാ കളക്ടർ അഡ്മിനിസ്ട്രേററീവ് സാംഗ്ഷൻ കൊടുത്ത വർക്കുകളെക്കുറിച്ച് ഇവിടെ ആക്ഷൻ വന്നു. ആ കമ്മിററി കൂടി അതിനെപ്പററി അവർ ചില തീരുമാനങ്ങൾ എടുത്തിട്ടുണ്ടെന്ന് പറഞ്ഞു. ആ കമ്മിററിയിൽ എം.എൽ.എ.മാരും പിന്നെ ഈ രണ്ടു ചെയർമാൻമാരും ഉണ്ട്. ഇങ്ങനെയാണ് പോകുന്നത്. ആ കമ്മിററി കളക്ടർ അഡ്മിനിസ്ട്രേററീവ് സാംഗ്ഷൻ കൊടുത്ത വർക്കുകളെക്കുറിച്ചും അതിന്റെ നടത്തിപ്പിനെക്കുറിച്ചും ആക്ഷേപം

LIBRARY ARCHIVES Kerala Legislative Assembly

ഉന്നയിച്ചിട്ടുണ്ട്. അത് അന്വേഷിക്കുന്നുണ്ട്. അതുപോലുള്ള ചില തീരുമാനങ്ങൾ ഈ കമ്മിററി എടുത്തിട്ടുണ്ട്. അവർ ഗവൺമെൻറിനോട് ആവശ്യപ്പെട്ടത് ഗവൺമെൻറ് സെക്രട്ടറിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നാണ്. അതും ഗവൺമെൻറ് ചെയ്തു. ഉടൻതന്നെ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. രാം സിംഗിനെ നിയോഗിക്കുകയുണ്ടായി. മറെറാരു കമ്മിററി ഗവൺമെൻറ് വേറെയും നിയോഗിച്ചു. തടയണകൾ പലതും അവിടെ ഏറെറടുത്തിട്ടുണ്ട്. പഞ്ചായത്തുകളും, ബ്ലോക്ക് പഞ്ചായത്തുകളും, ജില്ലാ പഞ്ചായത്തുകളും എം.പി.മാരും, എം.എൽ.എ.മാരും പറഞ്ഞതനുസരിച്ച് ഏറെറടുത്ത കുറെ തടയണകളുമുണ്ട്. അതിൻെറ സുരക്ഷിതത്വവും, സാങ്കേതിക വശങ്ങളും എല്ലാം പരിശോധിക്കാനായി 3 എഞ്ചിനീയർമാരടങ്ങിയ ഒരു കമ്മിററിയെ കൂടി നിയോഗിക്കുകയുണ്ടായി. ഈ സാങ്കേതിക കമ്മിററിയും ശ്രീ. എം. പി. വീരേന്ദ്രകുമാർ അധ്യക്ഷനായുള്ള വിജിലൻസ് ആൻറ് മോണിററിംഗ് കമ്മിററിയും ഗവൺമെൻറ് നിയോഗിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ റിപ്പോർട്ടുകളും എല്ലാം പരിശോധിച്ച് ഇതിൻെറ നടത്തിപ്പിനെ സംബന്ധിച്ച് എന്തെങ്കിലും അപാകതകൾ വന്നിട്ടുണ്ടെങ്കിൽ അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്................ ......(ബഹളം)..........

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഇവിടെ നടന്ന ചർച്ചയിൽ.............. ....(ബഹളം).......... ശ്രീ. ടി. കെ. ദേവകുമാർ 16 കോടി രൂപയുടെ അഴിമതി നടത്തിയെന്ന ആക്ഷേപം ഉന്നയിച്ചിരിക്കുകയാണ്. ഞാൻ അതിനെ ശക്തമായി നിഷേധിക്കുകയാണ്..............(ബഹളം)............

ശ്രീ. ടി. കെ. ദേവകുമാർ: സർ................

മി. സ്പീക്കർ: രേഖ മേശപ്പുറത്ത്............(ബഹളം)............ Please take your seat..........(ബഹളം)............മേശപ്പുറത്ത് വയ്ക്കും. ഇതിനൊക്കെ ഒരു മര്യാദയില്ലേ? ശ്രീ. എം. വി. ജയരാജൻ ഇരിക്കണം. പ്ലീസ്......അങ്ങ് ചെയറിനെ അനുസരിക്കണം......(ബഹളം)........

ശ്രീ. അടൂർ പ്രകാശ്: പലവ്യഞ്ജന സാധനങ്ങൾ കഴിഞ്ഞ 5 മാസം വാങ്ങിയ വകയിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) 16 കോടി രൂപയുടെ അഴിമതി നടത്തിയെന്നാണ് അദ്ദേഹം ഇവിടെ ആക്ഷേപം ഉന്നയിച്ചിരിക്കുന്നത്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ ടെൻഡർ ക്ഷണിച്ചാണ് സാധനങ്ങൾ പർച്ചേസ് ചെയ്തുകൊണ്ടിരിക്കുന്നത്. ടെൻററിൽ ഏറെ സുതാര്യത ഉണ്ടാകുന്നതിനു വേണ്ടി ഇ-ടെൻററിംഗ് സിസ്ററം കേരളത്തിൽ ആദ്യമായി നടപ്പിലാക്കുകയുണ്ടായി. ഇ-ടെൻററിംഗ് സിസ്ററം കേരളത്തിൽ നടപ്പിലാക്കിയതുകൊണ്ട് നിരവധി ആളുകൾക്ക് ഇതിൽ പങ്കാളിത്തം ഉണ്ടാക്കിയെടുക്കാൻ സാധിച്ചു. അതുകൊണ്ട് മാർക്കററ് വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ പർച്ചേസ് ചെയ്യാനും കഴിയുന്നുണ്ട്. അതുകൊണ്ടുതന്നെ കഴിഞ്ഞ 8 മാസത്തിനുള്ളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് പ്രവർത്തന ലാഭത്തിലേയ്ക്ക് പോകുവാൻ കഴിഞ്ഞിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട എൻെറ സ്നേഹിതൻ ടി. കെ. ദേവകുമാർ അറിഞ്ഞിരിക്കണം. ആ പ്രവർത്തന ലാഭം എന്നു പറയുന്നത് ഏതാണ്ട് 11 കോടി 88 ലക്ഷം രൂപയാണ്. കാലാകാലങ്ങളിൽ ഗവൺമെൻറ് ഓഫ് ഇന്ത്യയിൽ നിന്നുണ്ടാകുന്ന ചില നിർദ്ദേശങ്ങളും നിയമങ്ങളും നടപ്പാക്കാനുള്ള ബാധ്യതയും ഉത്തരവാദിത്വവും

LIBRARY ARCHIVES Kerala Legislative Assembly

നമുക്കുണ്ട്. 2003-ലെ പഠസസ് ഗ്രേഡിംഗ് ആൻറ് മാർക്കററിംഗ് റൂബസ് 7-4-2004-ൽ ഗവൺമെൻറ് ഓഫ് ഇന്ത്യ നോട്ടിഫൈ ചെയ്തു. അതനുസരിച്ച് സാധനങ്ങൾ വാങ്ങുമ്പോൾ ക്വാളിററി നിർണ്ണയം ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടപ്പാക്കുകയും ഏറെ സുതാര്യതയോടെ ആ കാര്യങ്ങൾ നടത്തിക്കൊണ്ടു പോകുകയുമാണ്. അതുപോലെതന്നെ ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം ക്വാളിററി കൺട്രോളിനെ സംബന്ധിച്ച് പരിശോധന നടത്തുന്നതിനുവേണ്ടി 5 പേരടങ്ങിയ കമ്മിററി ഉണ്ടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആ 5 പേർ അടങ്ങുന്ന കമ്മിററി രൂപീകരിച്ചുകൊണ്ടാണ്, ഇതിൻെറ പ്രവർത്തനം ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. അദ്ദേഹം മറെറാരു കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഏതാണ്ട് 5 മാസം കൊണ്ട് ഇത്രയുമധികം, 16 കോടി രൂപയുടെ അഴിമതി മന്ത്രി കാണിച്ചു എന്നു പറയുമ്പോൾ ഞാൻ ഈ 5 മാസം 14 ഇനങ്ങൾ പർച്ചേസ് ചെയ്തയിനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് ചെലവായിട്ടുള്ളത് 40 കോടി 70 ലക്ഷം രൂപ യാണ്. ഈ 40 കോടി 70 ലക്ഷം രൂപയുടെ 40 ശതമാനം തുക ഇതിനു വേണ്ടി കമ്മീഷനായി മന്ത്രിക്കു കിട്ടിയെന്നു പറഞ്ഞാൽ ശ്രീ. ടി കെ. ദേവകുമാർ എന്തു കണ്ടുകൊണ്ടാണ് പറഞ്ഞതെന്ന് മനസ്സിലാകുന്നില്ല. അദ്ദേഹം കയർഫെഡിൻെറ ചെയർമാനായി ഇരുന്ന ആളാണ്. നാലഞ്ച് വർഷംകൊണ്ട് കയർഫെഡിൻെറ ചെയർമാനായി ഇരിക്കുമ്പോൾ നടത്തിയ എല്ലാ ഇടപാടുകൾക്കും ചെലവായ തുകയുടെ 40 ശതമാനം തുക തന്നെ കൃത്യമായി കമ്മീഷനായി വാങ്ങിയിട്ടുണ്ടോ? ഒരു ചെറിയ സംശയം മനസ്സിൽ ഉദിച്ചുവെന്നുള്ളതേയുള്ളൂ. ഞാൻ ആക്ഷേപം ഉന്നയിക്കുകയല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വി. എസ്. അച്ചുതാനന്ദൻ, അദ്ദേഹ ത്തിൻെറ പ്രസംഗത്തിൽ പറഞ്ഞു സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി ബന്ധപ്പെട്ട് നെല്ല് സംഭരണം നടന്നിട്ടില്ലെന്ന്. അദ്ദേഹം എല്ലാ കാര്യങ്ങളും കൃത്യമായി എന്നെ വിളിച്ച് സാധാരണ അന്വേഷിക്കാറുണ്ട്. ഞാൻ അദ്ദേഹത്തോട് കാര്യങ്ങൾ പറയാറുമുണ്ട്. അദ്ദേഹം അറിയുവാൻ വേണ്ടി ഒരു കാര്യം പറയുന്നു. 18-7-2005-വരെ ഒരു ലക്ഷത്തി തൊണ്ണൂററി അയ്യായിരത്തി നാന്നൂറ് ക്വിൻറൽ നെല്ല് മില്ലിംഗ് നടത്തുന്നതിനുവേണ്ടി മില്ലുകളിലേക്ക് മാററിക്കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ടി. കെ. ദേവകുമാർ: സർ, റൂൾ 284 വകുപ്പനുസരിച്ച് വ്യക്തി പരമായി ഒരു മെമ്പർക്കെതിരായി ആക്ഷേപം ഉന്നയിക്കാൻ പാടില്ല. അതിൻെറ നിഷേധമാണ് അദ്ദേഹത്തിൻെറ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്.

ശ്രീ. അടൂർ പ്രകാശ്: അദ്ദേഹം ഞാൻ പറഞ്ഞ വാക്കുകൾ ശ്രദ്ധിച്ചു കാണില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വി. എസ്. അച്ചുതാനന്ദൻ ഒരു കാര്യം ഇവിടെ പറഞ്ഞത് നെല്ലുസംഭരണം ഇവിടെ നടന്നിട്ടില്ലാ എന്നാണ്. തെററിദ്ധാരണ കൊണ്ടായിരിക്കുമെന്ന് ഞാൻ കരുതുന്നു. 18-7-2005-വരെ 1,95,400 ക്വിൻറൽ നെല്ല് മില്ലിംഗിനുവേണ്ടി മില്ലു കളിലേക്ക് മാററിയിട്ടുണ്ട്. മാററി എന്നു മാത്രമല്ല മില്ലിംഗ് നടത്തി യതിനുശേഷം അരി റേഷൻ കടകളിൽ ഇപ്പോൾ വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്........(ബഹളം)..........

മി. സ്പീക്കർ: ശ്രീ. ടി.കെ. ദേവകുമാർ എല്ലായ്പ്പോഴും നിങ്ങൾ ഇങ്ങനെ തുടങ്ങിയാലോ?..........(ബഹളം)........നിങ്ങൾ ഇരിക്കൂ. നിങ്ങളിരിക്കണം. I can't compel.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അടൂർ പ്രകാശ്: ഇത് കേൾക്കാനുള്ള സഹിഷ്ണുതയില്ലാത്തതു കൊണ്ടാണ്. എന്തെങ്കിലും പറഞ്ഞ് തടിതപ്പി പോകാനുള്ള ഒരു ശ്രമം അല്ലേയിത്. ഇത് കേൾക്കുന്നതിനുള്ള സഹിഷ്ണുത കാണിക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, കുട്ടനാടൻ പ്രദേശങ്ങളിൽനിന്ന് ഈ സഹകരണ സംഘങ്ങൾ സംഭരിച്ചിട്ടുള്ള നെല്ല് ഒരുപാട് സ്ഥലങ്ങളിൽ കെട്ടിക്കിടക്കുകയാണ്. അവർ പരാതി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞാൻ മിനിസ്റ്ററുമായി ബന്ധപ്പെട്ട് ആ പരാതിക്കാരെ മിനിസ്റ്ററുടെ അടുക്കൽ അയച്ചിട്ടുണ്ട്. ഒരുപാട് പേര് ഉണ്ടെന്നുള്ളത് സത്യം തന്നെയാണ്. ഇത്രയും എടുത്തിട്ടുള്ളതുകൊണ്ട് ഇനിയും കൂടുതൽ എടുക്കേണ്ടിവരും എന്നുള്ളതാണ് സൂചിപ്പിക്കുന്നത് എന്ന് തോന്നുന്നു. അല്ലാതെ എടുത്തിട്ടുണ്ട് എന്നു പറഞ്ഞിട്ടുള്ളതിനെ ഞാൻ ചോദ്യം ചെയ്യുന്നില്ല. അവിടെ സംഭരണം ഒരുപാട് നടക്കാറുണ്ട് എന്ന വസ്തുത ഓരോരുത്തരും പരാതി പറഞ്ഞതിൽനിന്ന് മനസ്സിലായി. അതിന്റെ അടിസ്ഥാനത്തിലാണ് ചിലരെ മിനിസ്റ്ററുടെ അടുക്കലേക്ക് അയച്ചിട്ടുള്ളത്.

ശ്രീ അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വി. എസ്. അച്ചുതാനന്ദൻ പറഞ്ഞ ഒരു കാര്യം ശരിയാണ്. അദ്ദേഹം എന്നെ വിളിച്ച് ഇക്കാര്യങ്ങൾ പറഞ്ഞിരുന്നു. സഹകരണസംഘത്തിലെ ചുമതലക്കാർ എന്നെ വന്നുകണ്ടിരുന്നു. ഞാനവരോട് അവർ സംഭരിച്ചുവച്ചിരിക്കുന്ന നെല്ല്കൂടി എടുക്കാമെന്നുള്ള ഉറപ്പ് കൊടുത്തിട്ടുണ്ട്. അങ്ങ് അറിഞ്ഞിരിക്കാൻവേണ്ടി ഒരു കാര്യം പറയുകയാണ്. അങ്ങ് തന്നെ പറഞ്ഞു നമ്മുടെ കർഷകരെ ചൂഷണം ചെയ്യുന്നതിനുവേണ്ടി പ്രൈവറ്റ് മില്ലുകാർ ആദ്യമിറങ്ങിയെന്ന്. അതിനകത്ത് ഒരു തർക്കവുമില്ല. ഞാനും അങ്ങ് പറഞ്ഞ അതേ സ്ഥാനത്തു നിൽക്കുകയാണ്. പ്രൈവറ്റ് മില്ലുകാർ യഥാർത്ഥത്തിൽ കർഷകരെ ചൂഷണം ചെയ്യാൻവേണ്ടി ഈ പ്രാവശ്യം ആലോചിച്ച് എടുത്ത ഒരു തീരുമാനത്തിന്റെ ഭാഗമായിട്ടാണ് നമ്മുടെ കർഷകർ ഉൽപ്പാദിപ്പിച്ച നെല്ല് കൊടുക്കാൻ കഴിയാതെ പോയത്. എങ്കിൽ പോലും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മില്ലിംഗ് നടത്താൻ ടെൻഡർ ക്ഷണിച്ചു. അപ്പോൾ പ്രൈവറ്റ് മില്ലുകാർ എല്ലാം കൂടെ ഒത്തുചേർന്നുകൊണ്ട് സിവിൽ സപ്ലൈസ് കോർപ്പറേഷന് ടെൻഡർ നൽകണ്ട എന്നുള്ള തീരുമാനമെടുത്തു. പക്ഷേ തീരുമാനം അവർ ഒന്നിച്ചെടുത്തുവെങ്കിലും ഏതാനും ചില ആളുകൾ സിവിൽ സപ്ലൈസ് കോർപ്പറേഷന് ടെൻഡർ നൽകി. അതനുസരിച്ച് ഏററവും ലോവസ്ററ് ടെൻഡർ നൽകിയ ആളുകൾക്ക് അത് കൊടുക്കുകയും ചെയ്തു. അതിനുശേഷം രണ്ടാമത് ഒന്നുകൂടി ടെൻഡർ ചെയ്തു. കാരണമെന്തെന്നുവച്ചാൽ നമ്മളിവിടെ സംഭരിക്കുന്ന നെല്ല് മില്ലിംഗ് നടത്താൻ വളരെയധികം കാലതാമസം ഉണ്ടാകുമെന്നുള്ളതുകൊണ്ട് മില്ലുകാർക്ക് കുറേക്കൂടി കൊടുക്കുന്നതിനുവേണ്ടി വീണ്ടും ടെൻഡർ ക്ഷണിച്ചു. അതനുസരിച്ച് കുറെ ആളുകൾക്കുകൂടി ടെൻഡർ നൽകി. അതനുസരിച്ച് വീണ്ടും 3 ജില്ലകളിൽ ആലപ്പുഴ, കോട്ടയം, പാലക്കാട് എന്നീ ജില്ലകളിൽ വീണ്ടും 2 മില്ലുകൾകൂടി എന്നുവച്ചാൽ 6 മില്ലുകൾകൂടി വീണ്ടും തെരഞ്ഞെടുത്തു. അവരെല്ലാപേരും ഇപ്പോൾ മില്ലിംഗ് നടത്തുന്നു. അങ്ങും അതുപോലെതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയും മററ് എല്ലാപേരും കർഷകർക്കുവേണ്ടി വാദിക്കുന്നു. അങ്ങയുടെ ശിഷ്യനാണ് ശ്രീ. ടി. കെ. ദേവകുമാർ എന്നാണ് ഞാൻ കരുതുന്നത്. ഇപ്പോൾ ആണെന്ന് അഭിപ്രായം എനിക്കില്ല.........(ബഹളം) ......അങ്ങ് കർഷകർക്കുവേണ്ടി വാദിക്കുമ്പോൾ അങ്ങയുടെ ശിഷ്യനായ ശ്രീ. ടി.കെ. ദേവകുമാർ പ്രൈവററ്

LIBRARY ARCHIVES Kerala Legislative Assembly

മിൽ ഉടമസ്ഥർക്കുവേണ്ടിയാണ് അദ്ദേഹം ദൂരദർശനിൽ വാദിച്ചത്. എന്തുകൊണ്ടാണ് ഇത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ പ്രൈവററ് മില്ലുകാർക്ക് അവർ പറയുന്ന റേററിൽ കൊടുക്കുന്നില്ലെന്ന്....(ബഹളം).... ഞാൻ അവിടെവച്ചു പറഞ്ഞു ഒരു കാരണവശാലും പ്രൈവററ് മില്ലുകാർക്കു വേണ്ടി വക്കാലത്ത് ഹാജരാക്കുവാൻ ഈ ഗവൺമെൻറിനെ കിട്ടുകയില്ല. ഈ ഗവൺമെൻറ് കേരളത്തിലെ കർഷകർക്കുവേണ്ടിയാണ് നിലകൊള്ളുന്നത്. ഞാൻ ഇത് സൂചിപ്പിച്ചത് മറെറാന്നിനും വേണ്ടിയല്ല. അങ്ങ് ഇന്ന് കർഷകരുടെ ആവലാതികൾ ഇവിടെ എടുത്തു പറഞ്ഞു. അങ്ങയുടെ പഴയ ശിഷ്യൻ എടുത്ത് പറഞ്ഞത് പാവപ്പെട്ട കർഷകരെ ചൂഷണം ചെയ്യുന്ന പ്രൈവററ് മില്ലുകാർക്ക് വേണ്ടിയാണെന്ന്. ഇക്കാര്യം അങ്ങയെ ഓർമ്മിപ്പിക്കുന്നു എന്നു മാത്രമേയുള്ളൂ. ഞാൻ മററ് കാര്യങ്ങളിലേക്കൊന്നും കടക്കുന്നില്ല. ഇവിടെ ആരോപിച്ച എല്ലാ ആക്ഷേപങ്ങളും ഞാൻ നിഷേധിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഇവിടെ അവതരിപ്പിച്ച ഈ അവിശ്വാസപ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുന്നു....(ബഹളം)....

മി. സ്പീക്കർ: ശ്രീ. ടി. കെ. ദേവകുമാർ എപ്പോഴും ഇങ്ങനെ ശബ്ദിക്കുന്നതുകൊണ്ട് എന്താണെന്ന് മനസ്സിലാകുന്നില്ല........... ....(ബഹളം)......

ശ്രീ. ടി. കെ. ദേവകുമാർ: ശരിയാണ്. ഞാൻ ഒരു ഏജൻറ് ആണ്.

പ്രതിപക്ഷനേതാവ് (ശ്രീ.വി.എസ്. അച്ചുതാനന്ദൻ): സർ, ശ്രീ. ടി. കെ. ദേവകുമാറിനെ അങ്ങ് താറടിക്കുന്ന പോലെ മില്ലിൻെറ ഏജൻറായിട്ട് ഞങ്ങൾ കരുതുന്നില്ല.............(ബഹളം)............ മിനിസ്ററുടെ ശ്രദ്ധയിൽപ്പെടുത്താൻ ശ്രമിച്ച കാര്യങ്ങളിൽ, അദ്ദേഹം പരാജയപ്പെട്ടു കാണും. നിങ്ങൾക്ക് പ്രശ്നം മനസ്സിലായിക്കാണില്ല. അതുകൊണ്ട് അദ്ദേഹം ഉന്നയിച്ച കാര്യത്തെ താറടിക്കുന്നപോലെ പറഞ്ഞത് ശരിയായില്ല.

ശ്രീ. ടി. കെ. ദേവകുമാർ: കേരള നിയമസഭാചരിത്രത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ ശ്രദ്ധയ്ക്കുവേണ്ടി പറയുകയാണ്. ഞാനിവിടെ ഉന്നയിച്ച ആരോപണം ഞാൻ മാർച്ച് മാസം 15-ാം തീയതി എഴുതിക്കൊടുത്ത ആരോപണം ആവർത്തിക്കുകയായിരുന്നു.....(ബഹളം).... ഞാൻ ഇവിടെ ഉന്നയിച്ച ആരോപണത്തിനല്ല ശ്രീ. അടൂർ പ്രകാശ് മറുപടി പറഞ്ഞത്. വിജിലൻസ് റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലാണ് അദ്ദേഹം മറുപടി പറഞ്ഞത്. ഞാനൊരു മില്ലുകാരനും വേണ്ടിയല്ല വാദിച്ചത്. ....(ബഹളം)........ശ്രീ. അടൂർ പ്രകാശ് ഈ ആരോപണം ആവർത്തിക്കുകയാണ്. ....(ബഹളം)........ഞാനൊരു മില്ലുകാരനും വേണ്ടി പറഞ്ഞില്ല. മുഖ്യമന്ത്രിയുടെ കയ്യിലിരിക്കുന്നത് വിജിലൻസ് റിപ്പോർട്ടാണ്. ഇതിൻെറ അടിസ്ഥാനത്തിൽ 87 ശതമാനം അഴിമതി നടത്തിയതിനെ ക്കുറിച്ചാണ് പറഞ്ഞത്.

മി. സ്പീക്കർ: ശ്രീ. ടി. കെ. ദേവകുമാർ ഇരിക്കൂ. അങ്ങേക്ക് പ്രത്യേക പ്രിവിലേജ് ഒന്നുമില്ല. അങ്ങ് പോയിൻറ് ഓഫ് ഓർഡർ.......... ....(ബഹളം)...... ശ്രീ. ജയരാജ് പ്ലീസ് ടേക്ക് യുവർ സീററ്....... ....പ്ലീസ്....... സമയം ചോദിച്ച് പ്രസംഗിക്കാനൊന്നും പററില്ല. പോയിൻറ് ഓഫ് ഓർഡർ ബ്രീഫായിട്ട് പറയൂ. അങ്ങേക്ക് പ്രത്യേക പ്രിവിലേജ് ഉണ്ടോ?........(ബഹളം)........

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ: ഞാൻ ഒരു പാവപ്പെട്ട കൃഷിക്കാരന്റെ മകനാണ്. ഞാനൊരു മില്ലുകാരന്റേയും ഏജൻറല്ല. ഞാനൊരു ചാരായ കച്ചവടക്കാരന്റേയും മോനല്ല........(ബഹളം)..........

മി. സ്പീക്കർ: പ്ലീസ്........(ബഹളം).........................

ശ്രീ. ടി. കെ. ദേവകുമാർ, എനിക്ക് ഇതിലും കവിഞ്ഞ് നടപടി എടുക്കേണ്ടിവരും. അങ്ങയെ കാണുന്ന ഈ സംസ്ഥാനത്തെ മുഴുവൻ ആളുകളും എന്റെ ക്ഷമാശക്തിയെ പരീക്ഷിക്കുകയാണെന്ന് പറയും. അങ്ങയെ ഇതിനനുവദിക്കുന്ന എന്നെപ്പററിയുള്ള മതിപ്പ് പോകും. പ്ലീസ്........പോയിൻറ് ഓഫ് ഓർഡർ.

ശ്രീ. ടി. കെ. ദേവകുമാർ: എന്റെ ഭാര്യയ്ക്ക് ബാററില്ല. അവരം അദ്ധ്യാപികയാണ്. ഞാൻ ഒരു ചാരായക്കച്ചവടക്കാരന്റേയും ഏജൻറ് അല്ല...........(ബഹളം)........

മി. സ്പീക്കർ: ഒരു കാര്യം വളരെ വ്യക്തമായി പറയുകയാണ്. ഇവിടെ ക്ഷമയുടെ അങ്ങേയററം ചെയർ എടുത്തിട്ടുണ്ട്. ശ്രീ. ടി. കെ. ദേവകുമാർ എല്ലാ കാര്യത്തിലും ചാടി നിൽക്കുകയാണ്. ശ്രീ. ടി. കെ. ദേവകുമാറിന്റെ ഈ പെരുമാററം വളരെ തെററാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത് ചെയറിന്റെ ദൌർബല്യമായി കണക്കാക്കരുത്. ഞാൻ അങ്ങേയററം ക്ഷമാശീലമുള്ള ആളാണ്. പക്ഷേ അടുത്ത കനത്ത നടപടിയിലേക്ക് എന്നെ വരുത്തരുത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്): സർ, ബഹുമാനപ്പെട്ട എം. വി. ജയരാജൻ എഴുതിത്തന്ന ഒരു ക്രമക്കേട്, കാഷ്യൂ ഡെവലപ്പ്മെൻറ് കോർപ്പറേഷനെ സംബന്ധിച്ചാണ്. മാർക്കററ് വിലയേക്കാരം കൂടിയ നിരക്കിൽ വിദേശത്തുനിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്ത് കാഷ്യൂ ഡെവലപ്പ്മെൻറ് കോർപ്പറേഷന് പത്തു കോടി രൂപയുടെ നഷ്ടം വരുത്തിയെന്നാണ് അദ്ദേഹത്തിന്റെ ആരോപണം. ഞാൻ ശക്തിയായി ഇതിനെ നിഷേധിക്കുകയാണ്. മാത്രമല്ല, ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം കാഷ്യൂ പർച്ചേസ് ചെയ്യുന്നതിലും സെയിൽസ് നടത്തുന്നതിലും യാതൊരു നിയന്ത്രണവും സ്വാധീനവും ഇല്ല. അതു മാത്രമല്ല, അവിടെ All Party Director Board ആണ് കാര്യങ്ങരം തീരുമാനിക്കുന്നത്. നിങ്ങളുടെ പാർട്ടിയിലുള്ള മൂന്നംഗങ്ങളും അതിൽ ഉണ്ട്. അവരുടെ പേര് ഞാൻ പറയാം. ശ്രീ. തുളസീധരൻ, സി. പി. ഐ. (എം), ശ്രീ. പ്രകാശ് ബാബു—യു. ടി. യു. സി., ശ്രീ. മൈലം പാപ്പച്ചൻ, ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ പാർട്ടി. ഇവരെല്ലാവരും കൂടി തീരുമാനിച്ചാണ് പർച്ചേസ് നടത്തിയത്. യുനാനിമസ് ആയിട്ടുള്ള ഡിസിഷനാണ്. അപ്പോരം എന്തെങ്കിലും ക്രമക്കേട് നടത്തിയിട്ടുണ്ടെങ്കിൽ അവരുമൊക്കെ പങ്കാളികളാണ് എന്നു പറയുകയാണ്. മാത്രമല്ല, ഒരു സബ് കമ്മിററി പോലും നിയോഗിക്കരുതെന്ന് അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആൻറണി കാഷ്യൂ ഡെവലപ്പ്മെൻറ് കോർപ്പറേഷന്റെ ചെയർമാനോട് പ്രത്യേകം നിർദ്ദേശിച്ചിരുന്നു. അവിടെ പർച്ചേസിനു മുമ്പ് സാധാരണ ഒരു സബ് കമ്മിററി കൂടാറുണ്ട്. ആ സബ് കമ്മിററി പോലും കൂടാതെ ഫുരം ബോർഡ് കൂടിയാണ് ഇതിന് അപ്രൂവൽ നൽകിയിട്ടുള്ളത്. അതിനോടനുബന്ധിച്ചുള്ള എല്ലാ ആരോപണങ്ങളും ഞാൻ ശക്തിയായി നിഷേധിക്കുകയാണ്. സമയമില്ലാത്തതുകൊണ്ട് വിശദീകരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതേസമയം സിഡ്കോയെപ്പറ്റി പറഞ്ഞ ഒരു കാര്യമുണ്ട്. സിഡ്കോയെപ്പറ്റി പറയുമ്പോൾ എന്റെ ഒരു മറുപടി എന്നു പറയുന്നത് സി. പി. ഐ.-യുടെ സംസ്ഥാന അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. കെ. ഇ. ഇസ്മയിലിന്റെ അതേ മറുപടിയാണ് എനിക്ക് അങ്ങോട്ടും പറയാനുള്ളത്. അതു ഞാൻ വായിക്കാം. 2-6-2005-ൽ മലയാള മനോരമയിൽ വന്ന അദ്ദേഹത്തിന്റെ സ്റ്റേറ്റ്മെന്റാണ്. സിഡ്കോയുടെ വ്യവസായ എസ്റ്റേറ്റുകളുടെ ഭൂമി, വർഷങ്ങളായി ഇവിടെ വ്യവസായം നടത്തുന്നവർക്ക് പതിച്ചുനൽകാനുള്ള നീക്കത്തിന് പിന്നിൽ അഴിമതിയുണ്ടെന്ന് പ്രതിപക്ഷനേതാവ് പറയുന്നത് കാര്യമറിയാതെയാണെന്ന് സി. പി. ഐ. സംസ്ഥാന അസിസ്റ്റന്റ് സെക്രട്ടറിയും ആൾ കേരള ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് യൂണിറ്റ്സ് അസോസിയേഷൻ പ്രസിഡന്റുമായ ശ്രീ. കെ. ഇ. ഇസ്മയിൽ പറഞ്ഞു. വ്യവസായ എസ്റ്റേറ്റുകളുടെ നടത്തിപ്പിന്റെ ചുമതല മാത്രമുള്ള സിഡ്കോയ്ക്കോ സംസ്ഥാന സർക്കാരിനോ ഇവയിൽ ഒരു മുതൽമുടക്കുമില്ല. 50 വർഷം മുമ്പ് പണിത കെട്ടിടങ്ങളാണ് ഇവയിലുള്ളത്. പഴയ വില ഈടാക്കിയ ശേഷവും വീണ്ടും കാലാകാലങ്ങളിൽ വില പുതുക്കി നിശ്ചയിക്കുകയും അതിൽ വ്യത്യാസമുള്ള തുക വാങ്ങിക്കൊണ്ടിരിക്കുകയുമാണ് സിഡ്കോ. ഇത് ലാൻഡ് അലോട്ട്മെന്റ് റൂളിന് വിരുദ്ധമാണ്. പട്ടയമോ ഉടമസ്ഥാവകാശമോ നൽകാത്തതിനാൽ വ്യവസായ എസ്റ്റേറ്റ് നടത്തുന്നവർക്ക് വായ്പ എടുക്കാൻ പോലും കഴിയുന്നില്ല. കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്താനും സിഡ്കോ തയ്യാറായിട്ടില്ല. ഈ കെട്ടിടങ്ങളും അനുബന്ധ സ്ഥലങ്ങളും വ്യവസായികൾക്ക് നൽകണമെന്ന് മുഖ്യമന്ത്രിയോടും വ്യവസായവകുപ്പുമന്ത്രിയോടും പലപ്രാവശ്യം ആവശ്യപ്പെട്ടിരുന്നു. വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് സ്ഥലം നൽകാൻ തീരുമാനിച്ചത്. ഇതിൽ കോഴയുടേയോ അഴിമതിയുടേയോ പ്രശ്നമേ ഉദിക്കുന്നില്ല എന്ന് ശ്രീ. കെ. ഇ. ഇസ്മയിൽ പറഞ്ഞു. ഇതാണ് എനിക്കും പറയാനുള്ള മറുപടി. ഈ വിഷയം കാബിനറ്റിൽ കൊണ്ടുവന്ന് ഞങ്ങൾ പാസാക്കിക്കൊടുത്തതാണ്. കൂടുതലായി ഞാൻ വിശദീകരിക്കുന്നില്ല. ഇതിനോടനുബന്ധിച്ചു വന്ന എല്ലാ ആരോപണങ്ങളും ഞാൻ നിഷേധിക്കുന്നു. അതോടൊപ്പം ഇവിടെ അവതരിപ്പിച്ച അവിശ്വാസ പ്രമേയത്തെ ഞാൻ എതിർക്കുന്നു......(ബഹളം)....

ശ്രീ. എ. കെ. ബാലൻ: സർ,......(ബഹളം)....

മി. സ്പീക്കർ: മിനിസ്റ്റർ വഴങ്ങുന്നില്ല. പിന്നെ അങ്ങേക്ക് സംസാരിക്കാൻ പറ്റുമോ? അദ്ദേഹം വഴങ്ങുന്നില്ല. മൂന്നു ദിവസം ഇവിടെ സംസാരിച്ചില്ലേ? ശ്രീ. ബാലൻ, മിനിസ്റ്ററെ കമ്പൽ ചെയ്യാൻ എനിക്കു പറ്റില്ല......(ബഹളം)......ശ്രീ. മുനീർ........

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, എനിക്കെതിരെ മേപ്പയൂർ മെമ്പർ കൊടുത്തിട്ടുള്ള......(ബഹളം)......

മി. സ്പീക്കർ: നേതാക്കൾ ദയവുചെയ്ത് നിയന്ത്രിക്കണം. മന്ത്രിയെ ഫോഴ്സ് ചെയറിന് നിർബന്ധമായി പറയിപ്പിക്കാൻ പറ്റുമോ?

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി പറഞ്ഞ സിഡ്കോയിലെ ചെറുകിട വ്യവസായികളുടെ പ്രശ്നവും ശ്രീ. ബാലൻ പറയുന്ന അവിടെയുള്ള സ്ഥലത്തിന്റെ പ്രശ്നവും രണ്ടും രണ്ടാണ്. അദ്ദേഹം അതു

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കിയിട്ടാണോ പറയുന്നത്; അതോ ഉദ്യോഗസ്ഥൻമാർ എഴുതി കൊടുത്ത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ എന്നറിയില്ല. അതു ശരിയായിട്ടു പരിശോധിക്കണം. ഇത് രണ്ടും രണ്ടാണ്.

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്: സർ, സിഡ്കോയുടെ കാര്യവും ശ്രീ. ബാലൻ എഴുതിത്തന്നിരുന്നു. സിഡ്കോയുടെ മറുപടിയാണ് പറഞ്ഞത്. കെൽ-നെ സംബന്ധിച്ച് പറയുകയാണെങ്കിൽ കെൽ അവിടെ കുറച്ചു സ്ഥലം ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനായി എടുത്തിരുന്നു. അതിന്റെ എക്സ്പാൻഷനുവേണ്ടിയാണ്. പക്ഷേ അവർ അതു വേണ്ടെന്നു വച്ചു തിരിച്ചു തന്നു. നമ്മൾ റെസ്യൂം ചെയ്തു. നാലേക്കർ അറുപത് സെന്റായിരുന്നു സ്ഥലം. അതിൽ 2.6 ഏക്കർ ഒരു വ്യവസായിക്ക് നമ്മൾ കൊടുത്തു. അവിടെ വ്യവസായം വന്നുകഴിഞ്ഞു. ഇനി രണ്ടേക്കർ ബാക്കിയുണ്ട്. ശ്രീ. ബാലൻ ഉൾപ്പെടെ ആരു ചോദിച്ചാലും നല്ല പ്രോജക്ടുണ്ടെങ്കിൽ കൊടുക്കുന്നതാണ്. സെന്റിന് 440 രൂപയാണ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ വില. ആ വിലയിൽ കൂടുതൽ നമുക്ക് എടുക്കാൻ പറ്റുമോ? പാലക്കാട് എൻ. എച്ച്.-ൽ അല്ല; ആ ഭൂമി കച്ചവടം നടത്താൻ പറ്റുകയില്ല. വ്യവസായ ആവശ്യത്തിന് ഉപയോഗിക്കാനേ പറ്റുകയുള്ളു. ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ വില 440 രൂപയാണ്. ....(ബഹളം)........

മി. സ്പീക്കർ: എല്ലാവർക്കും പറയാൻ പറ്റുമോ....നിങ്ങളാരെങ്കിലും നേതാവാകു. വാളെടുത്തവരൊക്കെ വെളിച്ചപ്പാടായാൽ പറ്റുമോ? ശ്രീ. ബാലൻ, പ്ലീസ്....

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി ഇവിടെ കെല്ലുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോൾ നമ്മുടെ പാർട്ടിയുടെ സംസ്ഥാന കൗൺസിലിന്റെ അസിസ്റ്റന്റ് സെക്രട്ടറി, ശ്രീ. കെ. ഇ. ഇസ്മയിൽ പറഞ്ഞ ഒരു പ്രസ്താവനയെക്കൂടിച്ചേർത്ത് ഒരു കൺഫ്യൂഷനുണ്ടാക്കിയ നടപടി ശരിയല്ല. അങ്ങനെയാണെങ്കിൽ സിഡ്കോ-യുമായി ബന്ധപ്പെട്ട് എ. ഐ. ടി. യു. സി. ജനറൽ സെക്രട്ടറി ശ്രീ. സി. ദിവാകരന്റെ പ്രസ്താവനയുമുണ്ട്. കെല്ലുമായി ബന്ധപ്പെട്ട പ്രശ്നം വന്നപ്പോൾ സിഡ്കോയിലെ വ്യവസായ യൂണിറ്റുകളുമായി ബന്ധപ്പെട്ട് ശ്രീ. കെ. ഇ. ഇസ്മയിൽ നടത്തിയ ഒരു പ്രസ്താവനയെക്കൂടി കൂട്ടി പറയേണ്ട ആവശ്യമില്ലായിരുന്നു. അങ്ങനെയാണെങ്കിൽ എ. ഐ. ടി. യു. സി. ജനറൽ സെക്രട്ടറി ശ്രീ. സി. ദിവാകരൻ പറഞ്ഞതുകൂടി പറയേണ്ടതായിരുന്നു.

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്: സർ, ശ്രീ. ബാലൻ സിഡ്കോ-യുടെ ആരോപണം എഴുതിത്തന്നിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ബാലൻ ഉന്നയിക്കുന്ന പ്രശ്നം പാലക്കാട് നാഷണൽ ഹൈവേ റോഡിൽ സെന്റിന് 450 രൂപ വില നിശ്ചയിച്ചുകൊണ്ട് ഗവൺമെന്റ് ഭൂമി വിൽക്കുന്നു എന്നാണ്. 450 രൂപ വില നിശ്ചയിച്ചുകൊണ്ട് നാഷണൽ ഹൈവേ റോഡിനടുത്ത് നാലര ഏക്കർ ഭൂമിയാണ് വിൽക്കുന്നത്. ഏറ്റവും വലിയ അഴിമതിയാണ് ഇവിടെ നടക്കുന്നത്.. 450 രൂപ വച്ച് ഭൂമി വിൽക്കുന്ന കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമ്പോൾ ഒരു പ്രത്യേകമായ വിശദീകരണം ഞങ്ങൾക്കു വേണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, ബഹുമാനപ്പെട്ട മേപ്പയൂർ അംഗം ഇവിടെ എനിക്കെതിരെ എഴുതിക്കൊടുത്ത് ഉന്നയിച്ച രണ്ട് ആരോപണങ്ങളും ഞാൻ നിഷേധിക്കുകയാണ്. അതിൽ ആദ്യത്തെ ആരോപണം, അത് കേൾക്കുമ്പോൾ തന്നെ അഴിമതി എന്നു പറയുന്ന പദത്തിന്റെ വിവക്ഷ എന്തെന്നുപോലും സംശയിച്ചുപോകുന്നു. കോഴിക്കോട് മാവൂർ റോഡിൽ മാവൂർ പഞ്ചായത്തിലെ പൊൻപാറക്കുന്നിൽ മൂന്നരയേക്കർ പി. ഡബ്ലിയു. ഡി. ഭൂമി മന്ത്രി മുനീറിന്റെ സഹോദരീ ഭർത്താവ് ശ്രീ. പി. എ. ഹംസയുടെ ഇൻഡസ് എഡ്യൂക്കേഷൻ ട്രസ്റ്റിന് കൈമാറാൻ നീക്കം നടത്തുന്നു, ഇതേ ഭൂമിക്കുവേണ്ടി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെ ഭാര്യാസഹോദരൻ ശ്രീ. കെ. പി. അലിയുടെ പേരിലുള്ള കൊടിയത്തൂർ പഞ്ചായത്തിലെ Rural Development Society-യും രംഗത്തുണ്ട്. സർക്കാർ ഭൂമി അനധികൃതമായി കൈവശപ്പെടുത്തുന്നതിലെ അഴിമതി സംബന്ധിച്ച്. ഒന്ന്, ഇത് നീക്കം നടത്തുന്നതിനുള്ള അഴിമതിയാണ്. ആദ്യമായി ഞാനൊരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്. മന്ത്രിയായിരുന്ന പല ആളുകളും ഇവിടെയുണ്ട്. നിങ്ങൾക്ക് നിവേദനങ്ങൾ കിട്ടിയാൽ നിങ്ങളത് ചവററു കൊട്ടയിലേക്ക് വലിച്ചെറിയുകയാണോ ചെയ്യുന്നത്? എനിക്ക് ദിവസവും 100-150 പരാതികൾ കിട്ടും. ആ പരാതികളിൽ ചിലത് അപ്പോൾ തന്നെ നടപടിയെടുക്കേണ്ടതാണെങ്കിൽ നടപടിയെടുക്കും. ചില കാര്യങ്ങളിൽ എന്തെങ്കിലും കൂടുതലായി അറിയേണ്ടതുണ്ടെങ്കിൽ റിപ്പോർട്ട് ചോദിക്കും. ഇവിടെ ശ്രീ. ഇ. ടി മുഹമ്മദ് ബഷീറിന്റെ ഭാര്യാസഹോദരൻ ശ്രീ. കെ. പി. അലി എനിക്ക് നൽകിയിട്ടുള്ള ഒരു നിവേദനത്തിൽ ഞാനാകെ ചെയ്തതെന്താണെന്നറിയാമോ? SE Roads Calicut for Report എന്നെഴുതി ഇത് അഴിമതി ആണെങ്കിൽ എനിക്കിത് ഇനിയും ആവർത്തിക്കേണ്ടിവരുമെന്നു മാത്രമാണ് സൂചിപ്പിക്കാനുള്ളത്. എനിക്ക് കിട്ടുന്ന പരാതികൾ ഗൗരവമില്ലാതെ ചവററുകൊട്ടയിലേക്ക് വലിച്ചെറിയാൻ സാധിക്കില്ല. ഇതിൽ റിപ്പോർട്ട് വന്ന് ഞാൻ എന്തെങ്കിലും നടപടി എടുത്തോ? എസ്. ഇ. യോട് റിപ്പോർട്ട് ചോദിക്കുന്നത് അഴിമതിയാണെങ്കിൽ എന്താണ് ചെയ്യാൻ സാധിക്കുക? അങ്ങ് ഇന്നലത്തെ പത്രം വായിച്ചോ എന്ന് എനിക്കറിയില്ല, ഇത് ദേശാഭിമാനിയിൽ വന്ന ഒരു വാർത്തയായിരുന്നു. അതു കഴിഞ്ഞ് ദേശാഭിമാനിയിൽ മറെറാരു വാർത്ത വന്നിട്ടുണ്ട്. അതിൽ കോളമിട്ട് കൊടുത്തതാണ്, ശ്രീ. കെ. പി. അലിയേയോ Rural Development Society-യേയോ അപകീർത്തിപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി പ്രസിദ്ധീകരിച്ചതല്ല. മറിച്ച് അദ്ദേഹത്തിന് 'അങ്ങനെ തോന്നിയിട്ടുണ്ടെങ്കിൽ ഞങ്ങൾ ഖേദിക്കുന്നു. കഴിഞ്ഞ ഗവൺമെൻറിന്റെ കാലഘട്ടത്തിൽ ഈ സൊസൈററിക്ക് പ്രിയപ്പെട്ട ' പാലൊളി മുഹമ്മദ് കുട്ടി അവർകൾ ഗ്രാൻറ് പോലും അനുവദിച്ചിട്ടുണ്ട്. ഈ രാജ്യത്ത് എത്ര പേർക്ക് ഏതെല്ലാം പേരിൽ, എ. കെ. ജി. സെൻറർ മുതൽ സി. അച്ചുതമേനോൻ പ്രസ്ഥാനം വരെ നിങ്ങൾക്ക് ലീസിനും അല്ലാതെയും പതിച്ചുകൊടുക്കാം. എന്ത് അർത്ഥത്തിലാണ് നിങ്ങളിതിനെ വേറെ കണ്ണുകൊണ്ട് കാണുന്നത്? അത് ഞങ്ങൾക്ക് വിശദീകരിച്ചു തരണമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.........(ബഹളം)........നിങ്ങൾ ഇനിയും പല കാര്യങ്ങളും പറഞ്ഞാൽ അതിന്റെ രേഖ കൊണ്ടുവരാൻ എനിക്ക് സമയമില്ല, നിങ്ങൾ വായിൽ തോന്നുന്നതു പറഞ്ഞാൽ, ഇന്ന് എല്ലാ പത്രങ്ങളുടേയും ഫ്രണ്ട് പേജിൽ എന്റെ ഫോട്ടോ സഹിതം ഞാൻ അഴിമതിക്കാരനായി ഈ നാട്ടുകാർ മുഴുവൻ വായിച്ചുകൊണ്ടിരിക്കുകയാണ്. എനിക്ക് അതിന് മറുപടി പറയണം. രണ്ടാമത്തെ കാര്യം എന്റെ സഹോദരീ ഭർത്താവ് ഇൻഡസ് എഡ്യൂക്കേഷൻ ട്രസ്റ്റിന് കൈമാറാൻ നീക്കം നടത്തുന്നതിൽ

ഞാൻ പങ്കെടുത്തു എന്നാണ്. ശ്രീ. പി. എ. ഹംസ ശരിക്കും ഒരു തെററ് ചെയ്തിട്ടുണ്ട്, അദ്ദേഹം എന്റെ സഹോദരിയെ കല്യാണം കഴിച്ചു എന്നുള്ള തെററ്. അദ്ദേഹം ഒരു സ്ഥലം എടുത്തിട്ടുണ്ട്. പണ്ട് ഇതേ സ്ഥലത്തെക്കുറിച്ച് ഒരു വാർത്ത വന്നിട്ടുണ്ട്. എക്സ്പ്രസ് ഹൈവേ പണിയുന്നതിനുവേണ്ടി ഞാൻ റോഡ് വെട്ടിക്കൊടുത്തു, ആ എക്സ്പ്രസ് ഹൈവേയുമായി ബന്ധപ്പെട്ട് അദ്ദേഹം വാങ്ങിയ താണ് ആ ലാൻറ് എന്നാണ്. ഏതായാലും എക്സ്പ്രസ്‌വേ എന്നുള്ള ചർച്ച ഇപ്പോഴില്ലല്ലോ. ഉണ്ടെങ്കിൽ തന്നെ ഈ എക്സ്പ്രസ് വേയ്ക്കു വേണ്ടിയുള്ള ഔട്ട്ലെററ് കുന്നമംഗലത്ത് തുറന്നുകൊടുത്തത് ഇ. കെ. നായനാരാണ്. അദ്ദേഹം ഇപ്പോൾ ജീവിച്ചിരിപ്പില്ല. മാത്രവുമല്ല ഇവിടെയിരിക്കുന്ന പലർക്കും അറിയാം, അവരോട് ചോദിക്കാം. ശ്രീ. പി. എ. ഹംസ പണ്ടേ Educational Institutions കൈ നടത്തുന്ന ആളാണ്. അദ്ദേഹത്തിന്റെ Educational Institutions-ൽ ഇവിടെയുള്ള ചില എം. എൽ. എ. മാരുടെ ബന്ധുക്കളും പഠിക്കുന്നുണ്ട്, അപ്പുറത്തുള്ള സി. പി. ഐ. (എം.) എം. എൽ. എ. മാരുടെ ചില ബന്ധുക്കളും പഠിക്കുന്നുണ്ട്. എന്നുള്ളത് ആദ്യം മനസ്സിലാക്കണം. ശ്രീ. പി. എ. ഹംസ അതിനുവേണ്ടിയുള്ള അപേക്ഷ കൊടുത്തത് കളക്ടർക്കാണ്. സാധാരണ ആവശ്യത്തിന് വ്യക്തികൾക്കും ഇൻസ്ററിററ്യൂഷനുകൾക്കും ലീസിനും അല്ലാതെയും ലാൻറ് പതിച്ചു കൊടുക്കുന്ന കാര്യം ഇത് ആദ്യമാണോ? അത് നിങ്ങൾ പറയുക. അവസാനം ഈ കത്ത് എന്റെ സെക്രട്ടറിയുടെ അടുത്ത് റിപ്പോർട്ടിനു വന്നു. എന്റെ സെക്രട്ടറി ഇതു സംബന്ധിച്ച് കൊടുത്തിട്ടുള്ള റിപ്പോർട്ട് എന്താണെന്ന് നിങ്ങൾ വായിച്ചിട്ടുണ്ടോ? എന്റെ സെക്രട്ടറി ചോദിച്ചിട്ടുള്ളത്, Any precedent in this regard is in assigning large area of land under the possession of PWD to Private Agencies or Institutions എന്നാണ്. ഇത്രയും സ്ഥലം private agencies-നും private Institutions-നും കൊടുത്ത precedent ഉണ്ടോ? രണ്ട്, whether this said land is not required for Government use for the construction of Government quarters and offices എന്നാണ്. ആദ്യം ചെയ്തതെന്താണെന്നറിയാമോ? റോഡ് നിങ്ങൾ പണിയുന്നുണ്ടോ, റോഡ് പണിതിട്ട് ബാക്കി സ്ഥലം നിങ്ങൾക്ക് ആവശ്യമുണ്ടോ എന്നാണ് കളക്ടർ ചോദിച്ചത്. എസ്. ഇ. പറഞ്ഞു. ഇല്ല, റോഡ് പണിയാനുള്ള സ്ഥലം ഞങ്ങൾക്ക് ഇത്രവേണം എന്നാണ്. പക്ഷേ സെക്രട്ടറി ചോദിച്ചത് എന്താണെന്നറിയാമോ? റോഡ് പണിതിട്ട് ബാക്കി സ്ഥലത്ത് നമുക്ക് ചിലപ്പോൾ ഓഫീസ് പണിയണമെങ്കിലോ അല്ലെങ്കിൽ ക്വാർട്ടേഴ്സ് പണിയണമെങ്കിലോ, അങ്ങനെയെന്തെങ്കിലും ആവശ്യത്തിന് ആ ലാൻറ് വേണ്ടി വന്നാലോ എന്നാണ്. നാലാമത്തേത് a detailed sketch of the location may also be furnished എന്നാണ്. ലാൻറ് എങ്ങനെ കൊടുക്കാതിരിക്കാൻ സാധിക്കുമെന്ന് പറഞ്ഞുകൊണ്ടുള്ള ക്വറീസ് ആണ്. ഞങ്ങളുടെ പാരമ്പര്യത്തിൽ സ്വജനപക്ഷപാതമുണ്ടായിട്ടില്ല. എന്റെ പിതാവിന്റെ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ അനുജൻ കോഴിക്കോടുനിന്നും കാസർഗോഡ് ട്രാൻസ്ഫറായി എന്ന് അദ്ദേഹം അറിയുന്നത് 8 മാസത്തിനുശേഷമാണ്. മാത്രമല്ല, ഞങ്ങളുടെ പാരമ്പര്യത്തിൽ അങ്ങനെ ആരെയും എവിടേയും തിരുകിക്കയററാൻ ശ്രമിച്ചിട്ടുമില്ല. അപ്പുറത്തുള്ളവർ അവരുടെ മക്കളെവരെ എവിടെയൊക്കെ തിരുകിക്കയററാൻ ശ്രമിച്ചു, ഏതൊക്കെ കോർപ്പറേഷനിൽ കൊണ്ടുവന്നു എന്നുള്ളതിനെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. ......(ബഹളം)...... പക്ഷേ ഇതിലും നീതിപൂർവ്വം ഒരു പൊതുമരാമത്ത് വകുപ്പിന് എങ്ങനെയാണ് ഒരു റിപ്പോർട്ട് ചോദിക്കാൻ സാധിക്കുക? ഇതിലും നീതിപൂർവ്വം ആരെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുണ്ടെങ്കിൽ ഞാൻ പറഞ്ഞ വാക്കുകൾ മുഴുവൻ പിൻവലിക്കാം. ഈ രാജ്യത്തെ ഓരോ പൗരനും പൗരാവകാശമുണ്ട്. എന്റെ സഹോദരീ ഭർത്താവായതുകൊണ്ട് ആ പൗരാവകാശം നിഷേധിക്കരുത്. ഇത്രയും പീഡനം പാടില്ല. അത്രയധികം പീഡനങ്ങൾ പലപലപേരിലും കേൾക്കുന്നു. പക്ഷേ അവിഹിതമായി എന്റെ സഹോദരീ ഭർത്താവ് എന്തെങ്കിലും ചെയ്തിട്ടുണ്ടെന്ന് നിങ്ങൾ കണ്ടെത്തിയാൽ ആ നിമിഷം എന്തു നടപടിയെടുക്കാനും ഈ ഗവൺമെന്റിനോടൊപ്പം ഞാനുമുണ്ടാകും. അത് രേഖാസഹിതം നിങ്ങൾ തെളിയിച്ചുകഴിഞ്ഞാൽ ഞാൻ തയ്യാറാണ്.

ആ കാര്യത്തിൽ അത്രമാത്രമേ ഞാൻ പറയാൻ ഉദ്ദേശിക്കുന്നുള്ളൂ.

6.00 P.M.] രണ്ടാമത്തെ കാര്യം, 150 കോടിയിലധികം രൂപയുടെ കപ്പേഷൻ വർക്ക് ബഡ്ജറ്റ് സപ്പോർട്ടില്ലാതെ സ്വന്തക്കാരായ കോൺട്രാക്ടർമാർക്ക് നൽകി എന്നാണ്. പൊതുമരാമത്തു വകുപ്പ് ചെയർമാൻ ഇന്ത്യാ വിഷൻ ചാനലിനു ഫണ്ട് സ്വരൂപിച്ചു എന്നും ആരോപണമുണ്ട്. 150 കോടി രൂപയുണ്ടെങ്കിൽ ഞാൻ ഏഴു ചാനലുകൾ തുടങ്ങും. ഈ ചാനൽ വന്ന വകയിൽ എനിക്കു ചെറിയ ചില പ്രശ്നങ്ങളുണ്ട്. ആ പ്രസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ അങ്ങനെയാണെങ്കിൽ എന്തുകൊണ്ട് ശമ്പളം തരുന്നില്ല എന്നു ചോദിക്കുന്നുണ്ട്. ഡിപ്പാർട്ടുമെന്റൽ വർക്ക് ഞാൻ ചെയ്തത് എന്തോ വലിയൊരു അപരാധം ചെയ്ത മട്ടിലാണല്ലോ നിങ്ങൾ ഇവിടെ പറഞ്ഞത്. അങ്ങയുടെ നിയോജകമണ്ഡലത്തിൽ ഒരു വർക്ക് നടക്കുന്നതിനെ സംബന്ധിച്ച് അങ്ങേക്ക് അറിയാമോ? തുറശ്ശേരിക്കടവു പാലത്തിനു ഡിപ്പാർട്ടുമെന്റലായിട്ടുള്ള എക്സിക്യൂഷൻ അനുമതി കൊടുത്തത് ഞാനല്ല. 2001 മാർച്ച് മാസത്തിൽ ആരാണ് ഇവിടെ ഭരിക്കുന്നത്? ശ്രീ. പി. ജെ. ജോസഫ്. അഞ്ചു കോടി രൂപയ്ക്ക് ഡിപ്പാർട്ടുമെന്റൽ എക്സിക്യൂഷൻ കൊടുത്തതിന്റെ ജി. ഒ. യുടെ കോപ്പിയാണിത്........(ബഹളം)........ഡിപ്പാർട്ടുമെന്റൽ എക്സിക്യൂഷൻ നടത്തുന്നത് മഹാപാപമാണെന്ന് എവിടേയും പറയുന്നില്ല. ഇതു കോഡ് ആൻഡ് മാനുവലാണ് (കോഡ് ആൻറ് മാനുവൽ ഉയർത്തി കാട്ടി) ....(ബഹളം)........ ഡിപ്പാർട്ടുമെന്റൽ എക്സിക്യൂഷൻ നിങ്ങളുടെ കാലത്ത് നടന്നിട്ടില്ലേ? അപ്പോൾ നിങ്ങൾ ആ പണം എങ്ങോട്ടു കൊണ്ടുപോയി ഇതു ടെൻഡർ കോഡ് ആൻറ് മാനുവലാണ്. അതിൽ പറയുന്നുണ്ട് ഏതൊക്കെ രീതിയിൽ വർക്ക് നടത്താമെന്ന്. 1st departmental, 2nd by piece work contract, 3rd by schedule contract, 4th by lump sum contract, 5th by percentage contract. അതിൽ വേറൊരു കാര്യം കൂടി പറയുന്നുണ്ട്. The authority competent to accord technical sanction to the estimate is the authority who will decide whether the work is to be done departmentally. ടെക്നിക്കൽ സാംഗ്ഷൻ കൊടുക്കുന്ന ആൾക്ക് തീരുമാനിക്കാം ഡിപ്പാർട്ടുമെന്റലായി ചെയ്യണമോ വേണ്ടയോ എന്ന്. അതായത് ചീഫ് എൻജിനീയർക്കാണ് തീരുമാനിക്കാനുള്ള അവകാശമുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇങ്ങനെ ടെൻഡർ ചെയ്യാതെ വർക്ക് കൊടുക്കുമ്പോൾ, എസ്റ്റിമേററ് തുകയുടെ എത്ര ശതമാനം അധികം കൊടുക്കാമെന്നാണ് പറയുന്നത്. ഇതിനുള്ള നടപടിക്രമം എന്താണ്?

ശ്രീ. എം. കെ. മുനീർ: കാര്യങ്ങളൊക്കെ പറഞ്ഞുതരാം. ഫറൂക്ക് പാലത്തിന്റെ കാര്യമല്ലേ അങ്ങു പറഞ്ഞത്? ഞാൻ അപ്പുറത്തുള്ള ആരേയും വിഷമിപ്പിക്കാൻ വേണ്ടി പറയുന്നതല്ല. പക്ഷേ പറയാതിരിക്കാൻ നിർവ്വാഹമില്ല. ഡിപ്പാർട്ടുമെന്റൽ എക്സിക്യൂഷൻ എപ്പോഴാണ് വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

വരുന്നത്? ഒരു പാലം തകർന്നു പോയാൽ എന്തു ചെയ്യും? ബഡ്ജററിൽ കൊണ്ടു വന്ന് തുക പാസ്സാക്കുന്നതുവരെ കാത്തിരിക്കണമോ?........ (ബഹളം)...... പത്രത്തിൽ വാർത്ത വന്നു. പാലം അടച്ചു, യാത്രാ ദുരിതം ദുസ്സഹമാകുന്നു. ഈ സാഹചര്യത്തിൽ മീററിംഗ് വിളിച്ചു കൂട്ടി. ആ മീററിംഗിൽ........(ബഹളം)........എൻെറ പ്രിയപ്പെട്ട സുഹൃത്ത്, ശ്രീ. വി. കെ. സി. മമ്മത്കോയ ....(ബഹളം)......അതു ഡിപ്പാർട്ടുമെൻറലായി നടത്തണമെന്നു പറഞ്ഞ് കത്തു തന്നതിൻെറ അടിസ്ഥാനത്തിലാണ് അങ്ങനെ ചെയ്തത്. അതുപോലെ മുറിഞ്ഞപുഴ പാലത്തിൻെറ കാര്യം, ഇതു വൈക്കം എം. എൽ. എ. ശ്രീ. പി. നാരായണൻെറ കത്താണ്. പാലത്തിൻെറ ഗുരുതരമായ അപകടാവസ്ഥ മനസ്സിലാക്കി, ടെൻഡർ നടപടികളിലെ കാലതാമസം ഒഴിവാക്കാൻ, ഡിപ്പാർട്ടുമെൻറ് നേരിട്ട് പുതിയ പാലം പണിത് സമയബന്ധിതമായി പൂർത്തിയാക്കണമെന്നും സത്വര നടപടികൾ സ്വീകരിക്കണമെന്നും അപേക്ഷിക്കുന്നു. ഇനി പറഞ്ഞിട്ടുള്ളത് ഒന്നാം പാലത്തിൻെറ കാര്യമാണ്. ബഹുമാനപ്പെട്ട ഫിനാൻസ് മിനിസ്ററുടെ കോൺസ്ററിററ്യുവൻസിയിലാണ്. ഒന്നാം പാലത്തിനെക്കുറിച്ചു വന്ന റിപ്പോർട്ട് എന്താണെന്നറിയാമോ? Yesterday night there occurred a bus accident at Onnam Palam and one person was killed and two persons seriously injured. The existing Onnam Palam is in a very dilapidated condition. The bus fell into the canal upside down demolishing the balance portion of the handrails in Varkala. On enquiry it is said that the conductor was driving the bus with the crews inside. Fortunately there was no other passenger in the bus. അത്തരം അവസ്ഥയിൽ ഒരു പാലം തകർന്നു വീണാൽ, അതിൻെറ ഉത്തരവാദിത്വം ആർക്കാണ്? നിങ്ങൾ ഇവിടെ വന്നു എനിക്കു നേരെ അല്ലേ ചോദ്യം ഉന്നയിക്കുന്നത്. കഴിഞ്ഞ കാലഘട്ടങ്ങളിൽ മെഡിക്കൽ കോളേജിൽ ക്വാട്ടേഷൻ വർക്കു നടത്തി എന്നു ഞാൻ പറയുന്നില്ല. എന്താണ് കാരണം? കാലാകാലങ്ങളിൽ അങ്ങനെ നടത്താനുള്ള ഓരോ സാഹചര്യം ഉണ്ടാകും. കോഡിലും മാനുവലിലും എന്തുകൊണ്ട് അങ്ങനെ എഴുതി വച്ചു. ആ സാഹചര്യം മുൻകൂട്ടി കണ്ടുകൊണ്ടാണ് അങ്ങനെ എഴുതി വച്ചത്. ഒരു ഓപ്പറേഷൻ തിയേറററിനകത്തു ലീക്കേജുവന്നാൽ എന്താണ് ചെയ്യേണ്ടത്? ആ ഓപ്പറേഷൻ തിയേറററിനകത്തു അണുക്കൾ കയറി സെപ്ററിക്കായി കഴിഞ്ഞാൽ അല്ലെങ്കിൽ എന്തെങ്കിലും ഇൻഫെക്ഷൻ വന്നു കഴിഞ്ഞാൽ അതിനു മറുപടി പറയേണ്ടത് ആരാണ്? കേരളത്തിൽ ഇരുന്നൂററ് പാലങ്ങളുടെ വർക്കു നടക്കുന്നുണ്ട്. 500 കോടി രൂപയുടെ വർക്കു നടക്കുന്നുണ്ട്. നൂറു നൂററിയമ്പതു കെട്ടിടങ്ങളുടെ വർക്ക് നടക്കുന്നുണ്ട്. അതിനകത്തു നാലോ അഞ്ചോ കേസുകൾ മാത്രമാണ് ഈ രീതിയിൽ ഡിപ്പാർട്ടുമെൻറലായി കൊടുത്തിട്ടുള്ളത്. ഡിപ്പാർട്ടുമെൻറൽ വർക്കുകളിൽ ഏററവും പിന്നിൽ ഞങ്ങളാണ്. നെടുമ്പാശ്ശേരി എയർപോർട്ട്, 12 കോടി രൂപയ്ക്ക് ഡിപ്പാർട്ടുമെൻറലായി നിങ്ങളാണ് ചെയ്തത്. അവിടെ ഒരു പാലത്തിനും അപകടമില്ലായിരുന്നു. ആ കാലഘട്ടത്തിലെ കണക്കുകൾ ഞങ്ങൾ പറഞ്ഞു തുടങ്ങിയാൽ തീരില്ല. എനിക്ക് ശ്രീ. മത്തായി ചാക്കോയോടു പറയാനുള്ളത്, ആടിനെ പട്ടിയാക്കി, പട്ടിയെ പേപ്പട്ടിയാക്കി തല്ലിക്കൊല്ലുന്നതു ശരിയല്ല എന്നാണ്. ഈ ദൃശ്യ ശ്രവ്യ മാദ്ധ്യമങ്ങളിലൂടെ പുറം ലോകം ഞങ്ങളെ തെററായി ധരിക്കുകയാണ്. ഒരു പ്രൊഫഷനിൽ നിന്ന് വന്ന ഒരാളാണ് ഞാൻ. നേരും നെറിയും രാഷ്ട്രീയത്തിൽ ഇപ്പോഴുമുണ്ടെന്നു വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. അതിനു വിഘാതമായി നിൽക്കുന്ന എന്തെങ്കിലും സംഭവിക്കുന്നു എന്നു കാണുമ്പോൾ, . എന്നെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

ഇതെന്റെ ഉപജീവനമാർഗ്ഗമല്ല എന്ന് ഓർമ്മപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. എന്റെയും എന്റെ മുൻതലമുറയുടെയും സമ്പാദ്യം ഈ ലോകത്തിനു മുഴുവൻ പച്ചയായി അറിയാവുന്ന കാര്യമാണ്. അതിൽ എന്തെങ്കിലും മാററം സംഭവിച്ചിട്ടുണ്ടോ എന്നു പരിശോധിക്കുന്നതു നന്നായിരിക്കും. ഞാൻ സമ്പാദ്യമുണ്ടാക്കുന്നില്ല എന്നു പറയുന്നില്ല. പക്ഷേ അത് എന്റെ ചോരയും നീരും വിയർപ്പാക്കി ഉണ്ടാക്കുന്ന സമ്പാദ്യമായിരിക്കും. പൊതുജനങ്ങളുടെയോ സർക്കാരിന്റേയോ അവകാശപ്പെട്ട പണത്തിന്റെ ഒരംശം പോലും ഞാൻ കഴിക്കുന്ന ഭക്ഷണത്തിൽ വരാതിരിക്കാൻ വേണ്ടി ശ്രദ്ധിക്കുമെന്നു മാത്രം പറഞ്ഞുകൊണ്ട്, ഈ അവിശ്വാസ പ്രമേയമെന്നു പറയുന്നത് എത്രമാത്രം പൊള്ളയാണെന്നതിനുള്ള ഏററവും വലിയ തെളിവായി ഇതിനെ പ്രിയപ്പെട്ട ലോകം കണക്കാക്കണമെന്നു ലോകത്തോടു തന്നെ പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇവിടെ അംഗങ്ങളാ, ഭരണപക്ഷവും പ്രതിപക്ഷവും ചേർന്ന് മൂന്നു മണിക്കൂറിൽ കൂടുതൽ സമയം എടുത്തിരിക്കുന്നു. ......(ബഹളം)...... ഇനി എത്ര സമയം കൂടി വേണം. ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞത് റീസണബിൾ ടൈം എന്നാണ്. എന്നാൽ എന്റെ ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞിട്ടുമില്ല. ഒരു അക്കാഡമിക് ചോദ്യമാണ് ഞാൻ ചോദിച്ചത്. എന്താണ് മറുപടി പറയാതിരുന്നത്? സമയത്തിന് ഒരു ക്ലിപ്തതവേണം. എത്ര വേണമെന്നു പറയണം.

ശ്രീ. എം. കെ. മുനീർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ കാര്യം—ഡിപ്പാർട്ടുമെന്റൽ എക്സിക്യൂഷന്, സി. ഇ. ക്ക് ഇത്ര റേററു കൊടുക്കാമെന്നുള്ളതു സംബന്ധിച്ച് നിബന്ധനയുണ്ട്. എസ്റ്റിമേററ് റേററിന്റെ 35 ശതമാനത്തിന് മുകളിൽവരെ കൊടുക്കാമെന്നുള്ള നിബന്ധനയുണ്ട്. അതിന്റെ കടലാസ് ഇവിടെയുണ്ട്. അതു ചോദിച്ചാൽ മേശപ്പുറത്തു വയ്ക്കാം.

ശ്രീ. എം. എം. ഹസ്സൻ: മന്ത്രിമാരെക്കുറിച്ചു പറഞ്ഞ അഴിമതി ആരോപണത്തിന്റെ മറുപടി കേട്ടതിനുശേഷം മാത്രമേ നമുക്ക് സഭയിൽ നിന്നും പോകാനാകൂ. എത്ര സമയമായാലും അതു നമുക്ക് കേൾക്കണം. അതിന് എത്ര സമയം വേണമെന്നു ചെയർ നിശ്ചയിക്കണം.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്ററർ): സർ, ഞാൻ ഈ അവിശ്വാസപ്രമേയത്തെ എതിർക്കുകയാണ്. അതേസമയം ആരോഗ്യ വകുപ്പിനെക്കുറിച്ച് ഉയർന്നുവന്നിട്ടുള്ള എല്ലാ ആരോപണങ്ങളേയും പൂർണ്ണമായും നിഷേധിക്കുകയാണ്. എന്റെ സുഹൃത്ത് ബഹുമാനപ്പെട്ട എം. വി. ജയരാജൻ വാസ്തവത്തിൽ എന്നെ അപമാനിക്കുകയാണ് ചെയ്തത്. ആരോഗ്യവകുപ്പിൽ ആറരക്കോടി രൂപയുടെ അഴിമതി നടന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. ഇതൊരു പത്ത് അൻപത് കോടി എന്ന് പറയാമായിരുന്നു. എല്ലാ വകുപ്പ് മന്ത്രിമാരുടെ പേരിലും നൂറ് നൂററിയമ്പത് കോടി രൂപയുടെ അഴിമതിയെപ്പററി പറയുമ്പോൾ എന്റെ വകുപ്പിനെമാത്രം ആറരക്കോടി രൂപയിൽ ഒതുക്കിയത് കഷ്ടമായിപ്പോയി. അതിൽ എനിക്കുതന്നെ ക്ഷീണം തോന്നുകയാണ്. നാട്ടിലെ പലരും എന്നോട് ചോദിക്കുന്നത് ഇത്ര കഴിവില്ലാത്ത ഒരു മന്ത്രിയാണോ എന്നാണ്. 'വായിൽ തോന്നിയത് കോതയ്ക്ക് പാട്ട്' എന്ന്, പറയുന്നതുപോലെ നിയമസഭയിൽ എന്തും വിളിച്ചുകൂവാമെന്ന് ധരിക്കരുത്. ഈ നിയമ

LIBRARY ARCHIVES Kerala Legislative Assembly

സഭയ്ക്ക് ഒരു അന്തസ്സുണ്ട്. നമ്മൾ ജനപ്രതിനിധികളാണ്. ഇവിടെ യാതൊരു ലക്കും ലഗാനുമില്ലാതെ, തെളിവിന്റെ അംശം പോലുമില്ലാതെ വായിൽത്തോന്നുന്നത് വിളിച്ചുപറയുന്ന സമ്പ്രദായം ഇനിയെങ്കിലും അവസാനിപ്പിക്കണം. കേരളത്തിലെ ജനങ്ങൾ നമ്മളെ എങ്ങനെ കാണുമെന്നുള്ളതിനെക്കുറിച്ച് ഒരു ആത്മപരിശോധന നടത്തുന്നത് നന്നായിരിക്കും. ഏറ്റവും പ്രധാനമായി പറഞ്ഞത് ശസ്ത്രക്രിയ ഉപകരണങ്ങൾ വാങ്ങിയതുവഴി 50 ലക്ഷം രൂപയുടെ നഷ്ടം ഗവൺമെന്റിന് സംഭവിച്ചുവെന്നാണ്. അതിൽ മന്ത്രിക്ക് എത്ര കിട്ടിയെന്നാണ് അദ്ദേഹം ചോദിച്ചത്. ശസ്ത്രക്രിയ ഉപകരണങ്ങൾ വാങ്ങുന്നതിനെക്കുറിച്ച് ദീപിക പത്രത്തിലെ വാർത്തയാണ് അദ്ദേഹം ഉദ്ധരിച്ചത്. പത്രത്തിൽ വാർത്ത വന്നത് 11-4-2005-നാണ്. സാധാരണ മന്ത്രിയെന്ന നിലയിൽ ഇത്തരം വാർത്തകൾ വരുമ്പോൾ സ്വാഭാവികമായും ആ വാർത്തകളിൽ പറയുന്ന കാര്യങ്ങൾ ശരിയാണോ തെറ്റാണോയെന്ന് പരിശോധിക്കുന്ന ഒരു സമ്പ്രദായം എന്റെ ഓഫീസിലുണ്ട്. ഞാൻ 11-4-2005-നു തന്നെ ആ പത്രവാർത്ത സംബന്ധിച്ച് ഉത്തരവിട്ടു. DME for enquiry and report within a week. ഞാൻ അന്വേഷിക്കാൻ പറഞ്ഞു. ഞാൻ ഒന്ന് രണ്ട് കാര്യങ്ങൾ കൂടി പറയട്ടെ. Vessel sealing system and ultrasonic cutting and coagulatory system. ഇത് bloodless surgery-ക്കുള്ള ഉപകരണമാണ്. ആ മൂന്ന് ഉപകരണങ്ങൾ വാങ്ങാനാണ് തീരുമാനം. ഒന്ന് കോട്ടയം മെഡിക്കൽ കോളേജിൽ, ഒന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ, ഒന്ന് കോഴിക്കോട് മെഡിക്കൽ കോളേജിൽ. സാധാരണ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഒരു ടെക്നിക്കൽ കമ്മിറ്റിയുണ്ട്. ആ ഉപകരണങ്ങൾക്കാവശ്യമായ ടെക്നിക്കൽ സ്പെസിഫിക്കേഷൻ സജസ്റ്റ് ചെയ്യുന്നത് അവരാണ്, ടെണ്ടർ കിട്ടിക്കഴിഞ്ഞാൽ ആ കമ്മിറ്റി അത് പരിശോധിക്കും. അങ്ങനെ പരിശോധിക്കുമ്പോൾ ടെക്നിക്കൽ സ്പെസിഫിക്കേഷൻ സാറ്റിസ്ഫൈഡ് ആണെങ്കിൽ മാത്രമേ ഉപകരണങ്ങൾ വാങ്ങാൻ തീരുമാനമെടുക്കുകയുള്ളൂ. സാറ്റിസ്ഫൈഡ് അല്ലെങ്കിൽ ആ ഉപകരണങ്ങൾ വാങ്ങുകയില്ല. അദ്ദേഹം പറഞ്ഞത് 50 ലക്ഷം രൂപയുടെ നഷ്ടമുണ്ടായിയെന്നാണ്. ഏറ്റവും കൂടുതൽ ക്വാട്ട് ചെയ്ത കമ്പനി ജോൺസൺ ആന്റ് ജോൺസൺ കമ്പനി തന്നെയാണ്. ആ കാര്യത്തിൽ യാതൊരു തർക്കവുമില്ല. ആ കമ്പനിക്ക് കൊടുക്കാനുള്ള തീരുമാനത്തിലെത്തിയിരിക്കുകയാണ്. ആ ഉപകരണങ്ങൾ ഇന്നുവരെ വാങ്ങിയിട്ടില്ല ശ്രീ. എം. വി. ജയരാജാ. ഞാൻ എൻക്വയറി ഓർഡർ ഇട്ടതിന് ശേഷം വാങ്ങൽ നിർത്തിവച്ചിരിക്കുകയാണ്. അതിനുശേഷം അദ്ദേഹം പറഞ്ഞത് ഒരു ഉപകരണത്തിന് ഈ കമ്പനി ക്വാട്ട് ചെയ്തിരിക്കുന്നത് 20 ലക്ഷം രൂപയാണ്. അപ്പോൾ 20 x 3 എത്രയാണ്. 60 ലക്ഷം രൂപ. അറുപത് ലക്ഷം രൂപയിൽ 50 ലക്ഷം രൂപ നഷ്ടമുണ്ടാക്കിയെന്നാണ് പറയുന്നത്. ബാക്കി 10 ലക്ഷം രൂപയോ? പറയുന്നതിൽ എന്തെങ്കിലും അർത്ഥം വേണ്ടേ? അതുപോലെ മറ്റൊരു പ്രധാനപ്പെട്ട കാര്യം പറഞ്ഞത് മൂന്നു മാസത്തേയ്ക്കുള്ള expendable items, കോട്ടയം മെഡിക്കൽ കോളേജിൽ 18 ലക്ഷം രൂപയുടെ സാധനങ്ങൾ കെട്ടിക്കിടക്കുന്നുണ്ടെന്നും, 50 ലക്ഷം രൂപയുടെ പർച്ചേസ് ഓർഡർ കൊടുത്തിട്ടുണ്ടെന്നുമാണ്. ഒരു മാസം ഏഴ് ലക്ഷത്തോളം രൂപ suture materials-നും ആറ് ലക്ഷത്തോളം രൂപ disposable items-നും വേണം. അതായത് 13 ലക്ഷം മുതൽ 18 ലക്ഷം വരെയൊക്കെയാകും. ചിലപ്പോൾ കൂടും. ചിലപ്പോൾ കുറയും. അവിടെ 18 ലക്ഷം രൂപയുടെ സാധനങ്ങൾ കെട്ടിക്കിടക്കുന്നു എന്നാണ് പറഞ്ഞത്. ഒരുമാസത്തേയ്ക്കുള്ള സാധനങ്ങൾ മാത്രമാണ് അത്. അതുള്ളപ്പോൾ 50 ലക്ഷം രൂപയുടെ പർച്ചേസ് ഓർഡർ കൊടുത്തിരിക്കുന്നുവെന്നാണ്. അത് കൊടുത്താൽത്തന്നെ മൂന്ന് മാസത്തേക്കേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

പർച്ചേസ് ഓർഡർ കൊടുത്തിട്ടില്ല. ശ്രീ. എം. വി. ജയരാജന് എവിടെ നിന്ന് ഈ വിവരം കിട്ടിയെന്നെനിക്കറിയില്ല. അതുപോലെത്തന്നെ മറ്റൊന്ന് സി.പി.സി. പർച്ചേസിനെക്കുറിച്ചാണ്. സി.പി.സി. പർച്ചേസിൽ ജോൺസൺ ആൻറ് ജോൺസൺ കമ്പനിക്ക് 50 കോടി രൂപയുടെ മരുന്ന് വാങ്ങിയപ്പോൾ 20 കോടി രൂപയുടെ ഓർഡർ കൊടുത്തു എന്നാണ്. ആകെ ആ കമ്പനിക്ക് കൊടുത്തത് എത്രയാണെന്ന് ബഹുമാനപ്പെട്ട എം.വി. ജയരാജന് അറിയാമോ? ഞാൻ നിയമസഭയിൽ ഉത്തരവാദിത്വബോധത്തോടുകൂടിയാണ് പറയുന്നത്. എനിക്ക് നിയമസഭയോട് ബാദ്ധ്യതയുണ്ട്. അതിൽ തെറ്റുണ്ടെങ്കിൽ അപ്പോൾ പറയാം. അതിനുള്ള നടപടികളുണ്ടല്ലോ. ജോൺസൺ ആൻറ് ജോൺസൺ കമ്പനിക്ക് കൊടുത്ത ആകെ മരുന്നിൻെറ വില എത്രയാണ്? 42,39,089 രൂപയുടെ ഓർഡറാണ് കൊടുത്തത്. അടുത്തത് ട്രാൻസ്ഫറിൽ നടന്നിട്ടുള്ള ആക്ഷേപങ്ങളെ കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. നിങ്ങൾ ഭരിച്ചിരുന്നപ്പോൾ പല വകുപ്പുകളിലും ട്രാൻസ്ഫറിൻെറ കാര്യത്തിൽ നടന്നിട്ടുള്ള ആക്ഷേപങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. മരുന്ന് പർച്ചേസ് വളരെ ട്രാൻസ്പേരൻറ് ആയി നടത്താൻ വേണ്ടിയാണ് പർച്ചേസ് പോളിസിയുണ്ടാക്കിയത്; ഞാൻ വന്നതിനുശേഷമാണ്. വാങ്ങിയ മരുന്ന് എല്ലാം ഫൈനലൈസ് ചെയ്തു. സി.പി.സി. ലിസ്ററായിക്കഴിഞ്ഞു. ഈ വർഷം 106 കോടി രൂപയുടെ ബഡ്ജററ് പ്രൊവിഷൻ ഉണ്ട്. സാധാരണ മരുന്ന് വാങ്ങുന്നതിന് തീരുമാനമെടുത്താൽ ഹൈക്കോടതിയിൽ തുരുതുരെ ഹർജിയാണ്. ഇപ്പോൾ ഒരാൾപോലും കോടതിയിൽ പോയില്ല; ഒരു ആക്ഷേപവുമുണ്ടായില്ല. ഒരാൾക്കും ഒന്നും പറയാനുണ്ടായിരുന്നില്ല. ഏററവും ട്രാൻസ്പേരൻറായി നടത്തിയെന്നുള്ളതിന് തെളിവാണത്. ഈ അടുത്ത കാലത്ത് 1200 ഡോക്ടർമാരെ ട്രാൻസ്ഫർ ചെയ്തു. അതിന് പ്രത്യേക നോംസ് ഉണ്ടാക്കി. ആ ട്രാൻസ്ഫർ പോളിസിയിൽതന്നെ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്, ആ പോളിസിയിലുള്ള ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുന്ന ഉദ്യോഗസ്ഥരെ, ഏത് ഉദ്യോഗസ്ഥൻമാരായാലും ശരി, ആ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുമെന്ന്. സിവിൽ സർജ്ജനടക്കം 1200 ഡോക്ടർമാരെ ട്രാൻസ്ഫർ ചെയ്തു. അതിനുശേഷം പതിനായിരക്കണക്കിന് പാരാ മെഡിക്കൽ സ്ററാഫിനെ ട്രാൻസ്ഫർ ചെയ്തു. ട്രാൻസ്ഫർ ചെയ്തതെല്ലാം ട്രാൻസ്ഫർ നോംസ് അനുസരിച്ചാണ്. നിങ്ങൾ ഇപ്പോൾ പറയുന്നത് ഹൗസ് സർജൻസി കഴിഞ്ഞു വരുന്നവരെ പോസ്ററ് ചെയ്തതിനെ കുറിച്ചാണ്. 616 അസിസ്ററൻറ് സർജൻ ഉദ്യോഗാർത്ഥികൾ ഉണ്ടായിരുന്നു. കൗൺസിലിംഗ് സമയത്ത് 96 പേർ ഹാജരായില്ല. 520 പേരാണ് നിയമനം ആവശ്യപ്പെട്ടത്. അഡ്വൈസ് ലഭിച്ചവരിൽ 275 പേർ ഉപരിപഠനം നടത്തുന്നവർ. അവശേഷിക്കുന്നത് 245 പേരാണ്. അതിൽ 168 പേർക്ക് അവർ ആവശ്യപ്പെട്ട സ്ഥലത്തുതന്നെ കൊടുത്തു. എല്ലാ പേർക്കും അവർ ആവശ്യപ്പെടുന്ന സ്ഥലത്ത് കൊടുക്കാൻ പററുമോ? ഹൗസ് സർജൻസി കഴിഞ്ഞവർ പറയുന്ന പരാതിയനുസരിച്ചാണ് ശ്രീ. എം.വി. ജയരാജൻ ഈ ആരോപണം ഉന്നയിച്ചത്. എല്ലാപേർക്കും അവരവർ ചോദിക്കുന്ന സ്ഥലത്ത് കൊടുക്കാൻ പററുമോ? അവർ ചോദിക്കുന്ന സ്ഥലത്തുതന്നെ കൊടുക്കാൻ സ്ഥലം ഉണ്ടാകണ്ടേ? കാരണം പി.എസ്.സി. അഡ്വൈസ് മെമ്മോ ലഭിച്ചവർ കൂടുതലും തെക്കൻ ജില്ലകളിലാണ്. അപ്പോൾ അവരെ വടക്കൻ ജില്ലകളിലേക്ക് പോസ്ററ് ചെയ്യേണ്ടിവരും. കൗൺസിലിംഗിനെപ്പററി ഇവിടെ ആക്ഷേപമുണ്ടായി. കൗൺസിലിംഗ് സമയത്ത് ഡി.എച്ച്.എസ്. ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ എടുത്ത തീരുമാനമാണ്, പി.എസ്.സി. പരീക്ഷ എഴുതാൻ എം.ബി.ബി.എസ്. മതി. പി.ജി. കഴിഞ്ഞവർ എത്രയുണ്ട്

എന്ന് പരിശോധിച്ച് സ്പെഷ്യാലിററിയുള്ളവരെ സ്പെഷ്യാലിററി വിഭാഗമുള്ള ആരോഗ്യകേന്ദ്രങ്ങളിൽ പോസ്ററ് ചെയ്യണം. അതുപോലെ ദമ്പതികളുണ്ടെങ്കിൽ അവർക്ക് ഒരു കേന്ദ്രത്തിൽ തന്നെ കൊടുക്കണം. ഇങ്ങനെ ചില മാനദണ്ഡങ്ങൾ വച്ചിട്ട് ഡി.എച്ച്.എസ്. കൗൺസിലിംഗ് നടത്തി. അതിന്റെ അടിസ്ഥാനത്തിലാണ് നിയമനം കൊടുക്കുന്നത്. 168 പേർക്ക് അവരുടെ താൽപ്പര്യമനുസരിച്ച് അവർ ആവശ്യപ്പെട്ട സ്ഥലത്തുതന്നെ കൊടുത്തു. പത്രങ്ങളിൽ. വരുന്നതൊക്കെ ശരിയാണെങ്കിൽ ശ്രീ. ജയരാജൻ പറഞ്ഞതും ശരിയാണോ? പിന്നെ ഹൗസ് സർജൻസിമാരിൽനിന്നും കാശ് വാങ്ങി എന്നാണ് പറയുന്നത്. ഹൗസ് സർജൻസി കഴിഞ്ഞവർ എങ്ങനെയെങ്കിലും ജോലി കിട്ടിയാൽ മതിയെന്ന് പറഞ്ഞിട്ടാണ് ജോലിക്ക് കയറുന്നത്. അവരിൽനിന്നും കാശ് വാങ്ങുന്നതിനേക്കാൾ സർവ്വീസിലിരിക്കുന്നവരിൽനിന്നും കാശ് വാങ്ങുന്നതല്ലേ നല്ലത്. എന്തെങ്കിലും വിളിച്ചുകൂവരുത് ശ്രീ. ജയരാജാ. ഈ മന്ത്രിമാർ ആരും അഴിമതിക്കാരല്ല. അഴിമതി നടത്താത്ത ആളുകളെ അഴിമതി നടത്താൻ പ്രേരിപ്പിക്കുന്നത് വളരെ ദൗർഭാഗ്യകരമാണ്. ഇത്തരത്തിലുള്ള ആരോപണങ്ങൾകൊണ്ടൊന്നും ഗവൺമെന്റിന്റെ നല്ല പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താമെന്ന് നിങ്ങൾ ധരിക്കേണ്ട. ഉപകരണങ്ങൾ വാങ്ങുമ്പോൾ പരാതിയാണ്. ഇത് ആർക്ക് വേണ്ടിയിട്ടാണ്? പ്രൈവററ് ആശുപത്രികൾക്കുവേണ്ടിയിട്ടാണോ? സ്വകാര്യ ആശുപത്രികളുടെ വക്കാലത്ത് എടുത്തിട്ടാണ് നിങ്ങൾ ഈ ആരോപണങ്ങൾ ഉന്നയിക്കുന്നത്. പർച്ചേസ് ഓർഡർ കിട്ടാത്ത കമ്പനിക്കാർ ഉണ്ടല്ലോ അവരുടെ കടലാസുമായിട്ടാണ് നിങ്ങൾ ആരോപണങ്ങൾ ഉന്നയിക്കുന്നത്. നിങ്ങൾ അത് ഏററുപാടേണ്ടവരല്ല. നിങ്ങൾ സത്യസന്ധമായി വിലയിരുത്തേണ്ടവരാണ്. അത് ഒന്ന് മനസ്സിലാക്കണം. ഏതെങ്കിലും കമ്പനിക്കാർ നിങ്ങളെ സ്വാധീനിച്ച് അതിന്റെ പേരിൽ പിറെറ ദിവസം നിങ്ങൾ ആരോപണവുമായി നിയമസഭയിൽ വന്ന് ഉന്നയിക്കുന്നത് ശരിയല്ല. കൂലിത്തല്ലുകാരെപ്പോലെ നിങ്ങൾ പെരുമാറരുത്. എല്ലാ ഡോക്ടർമാർക്കും സ്വന്തം ജില്ലയിൽ ട്രാൻസ്ഫർ കിട്ടണമെന്ന് പറഞ്ഞാൽ കൊടുക്കാൻ കഴിയുമോ? നിങ്ങൾ ഇത് സത്യസന്ധമായിട്ട് വിലയിരുത്തണ്ടേ? അതുപോലെ സ്ഥലംമാററം ആഗ്രഹിക്കുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുണ്ട്. അവർക്കും സ്വന്തം ജില്ലയിൽ കിട്ടണം. ഇതൊക്കെ ജില്ലാതല റിക്രൂട്ട്മെന്റ് ആണ്. ഈ കാര്യങ്ങൾ മനസ്സിലാക്കാതേയും പഠിക്കാതെയും ഏതെങ്കിലും ഒരു കടലാസ് കിട്ടുമ്പോൾ ആ കടലാസും എടുത്ത് പത്രത്തിൽനിന്ന് കിട്ടുന്ന ഏതെങ്കിലും വാർത്തയും വെച്ച് പിറെറദിവസം നിയമസഭയിൽവന്ന് ആരോപണം ഉന്നയിക്കുമ്പോൾ സ്വന്തം മനസ്സാക്ഷിയോട് ഒന്ന് ചോദിക്കണം. മാന്യൻമാരെ സ്വതന്ത്രമായി നടക്കാൻ അനുവദിക്കണം. മാന്യൻമാരെ തെറിപറയുന്ന സമ്പ്രദായം ഇനിയെങ്കിലും അവസാനിപ്പിക്കണം. ഇത്തരത്തിലുള്ള ആരോപണങ്ങൾ കൊണ്ടൊന്നും ഈ ഗവൺമെന്റ് ചെയ്യുന്ന നല്ലകാര്യങ്ങളെ തടസ്സപ്പെടുത്താൻ കഴിയില്ല. അതുകൊണ്ട് ഈ ആരോപണങ്ങളൊക്കെ ഞാൻ നിഷേധിക്കുന്നു.

ഡോ. തോമസ് ഐസക്: Sir, I am raising a point of order. റൂൾ 12. അങ്ങ് ഇവിടെ വിതരണം ചെയ്ത സമയക്രമം അനുസരിച്ച് ഒന്നര മണിക്കൂർ ആയിരുന്നു. മന്ത്രിമാർക്ക് reasonable increase in time നൽകുമെന്ന് അങ്ങ് പറഞ്ഞു. ഇത് arbitrary ആകാൻ കഴിയില്ല. You have to fix the time........(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: സാധാരണ നമ്മാം ഒമ്പതര മണിക്കാണ് ചർച്ച തുടങ്ങാറുള്ളത്. ആ ടൈം അനുസരിച്ചാണ് പഴയ മാതിരി ഇത്ര മിനിട്ട് എന്നൊക്കെ തീരുമാനിച്ചത്. അവതാരകൻ ഒഴികെയുള്ള ആളുകൾക്ക് 19 മണിക്കൂർ ചർച്ചയ്ക്ക് കൊടുത്തു. ഏഴ് മണിക്കൂർ കൂടുതൽ എടുത്തു. അതിന് ആനുപാതികമായി നോക്കുമ്പോൾ......(ബഹളം)......പിന്നെ ഒരു കാര്യം കൂടി, ഇന്നത്തെ ചർച്ചയുടെ കാര്യമാണെങ്കിൽ കാട് അടച്ച് എല്ലാ മന്ത്രിമാരുടെ പേരിലും ആരോപണം ഉന്നയിച്ചപ്പോൾ അവർക്ക് പറയാനുള്ള അവസരം കൊടുക്കണ്ടേ? In the fairness of things മി. ആര്യാടൻ മാത്രമാണ് കുറച്ച് കൂടുതൽ സമയം എടുത്തത്. ബാക്കിയുള്ളവരൊക്കെ വളരെ reasonable time ആണ് എടുത്തത്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച അവിശ്വാസ പ്രമേയത്തെ പിന്തുണച്ചുകൊണ്ട് സംസാരിച്ചപ്പോൾ സുനാമി ഫണ്ട് മര്യാദയ്ക്ക് ചെലവഴിക്കാൻ കഴിയാത്ത സർക്കാരിന് അധികാരത്തിൽ തുടരാൻ അവകാശമില്ല എന്ന് സൂചിപ്പിച്ചു. സുനാമി ഫണ്ടിന്റെ കാര്യത്തിൽ സുതാര്യത ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വളരെ വ്യക്തമാണ്. ഞാൻ ആത്മാർത്ഥമായി പറയട്ടെ, ഗവൺമെന്റ് അതിന്റെ നോംസ് അനുസരിച്ച് അല്ലാതെ വിനിയോഗിച്ചിട്ടില്ല. രാജീവ്ഗാന്ധി പാക്കേജ് അനുസരിച്ച് കേന്ദ്ര ഗവൺമെന്റ് 249 കോടി രൂപ തരാമെന്ന് പറഞ്ഞു. 100 കോടി രൂപ തന്നു. ആ തുക എങ്ങനെ ചെലവഴിക്കണമെന്ന് പാക്കേജിൽ നോംസ് ഉണ്ട്. ആ നോംസ് അനുസരിച്ചാണ് ഇവിടെ സുനാമി ഫണ്ട് ചെലവഴിച്ചിട്ടുള്ളത് എന്ന് ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. 2004-05-ൽ 58.14 കോടി രൂപ ചെലവഴിക്കുകയുണ്ടായി. 2005-06-ൽ 23.15 കോടി രൂപ ചെലവഴിച്ചു. അങ്ങനെ ആകെ 81.29 കോടി രൂപ ചെലവഴിക്കുകയുണ്ടായി. സി.ആർ.എഫ്. 12.93 കോടി രൂപ ചെലവഴിച്ചു; രണ്ടുംകൂടി 100 കോടിയിൽ നിന്നും 94.22 കോടി രൂപയാണ് സുനാമിക്ക് ചെലവഴിച്ചിട്ടുള്ളത്. അത് ദുർവിനിയോഗം ചെയ്തു എന്നാണ് പറയുന്നത്. അത് എങ്ങനെയാണ് ദുർവിനിയോഗം ചെയ്യുന്നത്? ജനറലായിട്ട് ഞാൻ അത് ഒന്ന് വായിച്ചു കേൾപ്പിക്കാം. സഹായധനം ക്യാമ്പിൽ വിതരണം ചെയ്തത്, മരണപ്പെട്ട ആളുകളുടെ കുടുംബങ്ങൾക്ക് നൽകിയത്, പരിക്കു പററിയവർക്ക് നൽകിയത്, വിക്ററിംസിനെ ഒഴിപ്പിക്കുന്നതിന് നൽകിയത്, വസ്ത്രം, ആഹാരം, മരുന്ന് എന്നിവയ്ക്ക് നൽകിയത്, കുടിവെള്ള വിതരണത്തിന് നൽകിയത്, മൃഗസംരക്ഷണത്തിന്, റോഡുകളുടെ റിപ്പെയറിംഗ്, ഡ്രെയ്നേജ് വർക്കിന്, കടൽഭിത്തിയുടെ റിപ്പെയറിംഗ്, വീടുകളുടെ റിപ്പെയറിംഗ്, മൽസ്യബന്ധന ഉപകരണങ്ങൾ, മററ് ചെലവുകൾക്ക് എല്ലാംകൂടി 58 കോടി രൂപയാണ് ചെലവായത്; ഐററം തിരിച്ചുള്ള കണക്ക് പറയാൻ സമയമില്ലാത്തതുകൊണ്ട് പറയുന്നില്ല. ഈ വർഷം 23.15 കോടി രൂപ ചെലവഴിച്ചു. ക്യാമ്പിൽ വിതരണം ചെയ്തത്, മരണപ്പെട്ടവർക്ക് നൽകിയത്, പരിക്കുപററിയവർക്ക് നൽകിയത്; ആളുകളെ ഒഴിപ്പിക്കുന്നതിനു നൽകിയത്, ആഹാരം, വസ്ത്രം, മരുന്ന് എന്നിവയുടെ വിതരണത്തിന്, കുടിവെള്ള വിതരണത്തിന്, മൃഗസംരക്ഷണത്തിന്, റോഡ് റിപ്പെയറിംഗിന്, ഡ്രെയിനേജ് വർക്ക്, വീടുകളുടെ റിപ്പെയറിംഗിന്, മററു ചെലവുകൾക്ക് എല്ലാംകൂടി 23.15 കോടി രൂപ ഈ നിലയിൽ നോംസ് അനുസരിച്ച് കൃത്യമായി ഒരു ആക്ഷേപവുമില്ലാതെ ഈ ഫണ്ടിൽനിന്നും സുനാമിക്കുവേണ്ടി ചെലവഴിച്ചു. ഇത് ദുർവിനിയോഗം ചെയ്തു, ക്രമക്കേട് നടത്തി എന്നൊക്കെ പറഞ്ഞാൽ വളരെ സങ്കടമുണ്ട് എന്ന് മാത്രമേ എനിക്ക് അതിനെപ്പററി പറയാനുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

വയനാട് ജില്ലയിലെ ചെക്ക്ഡാം നിർമ്മാണത്തിന് വരൾച്ചാ ദുരിതാശ്വാസ ഫണ്ട് ദുർവിനിയോഗം ചെയ്യുന്നു എന്നുള്ള ആക്ഷേപം ബഹുമാനപ്പെട്ട എം. വി. ജയരാജൻ ഇവിടെ ഉന്നയിക്കുകയുണ്ടായി. ഞാൻ അത് നിഷേധിക്കുകയാണ്. അത് അടിസ്ഥാനരഹിതമാണ്. ആ ആക്ഷേപത്തിന് ഒരു അർത്ഥവുമില്ല. വെറും അന്തസ്സാരവിഹീനമായ ഒരു ആക്ഷേപമാണ്. വരൾച്ചാ ദുരിതാശ്വാസത്തെ സംബന്ധിച്ച് ഒരു കാര്യം ഞാൻ പറയട്ടെ, വയനാട് ജില്ലയിൽ വരൾച്ച രൂക്ഷമായപ്പോൾ ഞങ്ങൾ ക്യാബിനററിൽ ഒരു ഡിസിഷൻ എടുക്കുകയുണ്ടായി. കാരണം അടിയന്തിരമായി ചെയ്യേണ്ടതുള്ളതുകൊണ്ട് 15 ലക്ഷം രൂപ വരെയുള്ള വർക്കുകൾക്ക് എ. എസ്. കൊടുക്കാൻ കളക്ടർക്ക് അനുമതി നൽകുന്നു. മുമ്പാണെങ്കിൽ മുഴുവൻ ഗവൺമെന്റിൽ വരണം. 15 ലക്ഷത്തിന് മുകളിലുള്ളതാണെങ്കിൽ ഗവൺമെന്റിൽ വന്ന് ഗവൺമെന്റ് അതിന് എ. എസ്. കൊടുക്കും. ഇങ്ങനെ ഒരു തീരുമാനം എടുക്കുകയുണ്ടായി. ഒരു കാര്യം ഞാൻ സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു. 15 ലക്ഷത്തിനുമുകളിൽ ഉള്ളത് വയനാട് ജില്ലയിൽ നിന്നുവന്ന ഒരേ ഒരു കേസേയുള്ളു. ആ ഒരേയൊരു കേസ് എന്നു പറയുന്നത് 25 ലക്ഷം രൂപയ്ക്ക് എ. എസ്. കൊടുത്തു, പക്ഷേ ടി. എസ്. കൊടുത്തില്ല. ഇതുവരെ അതിന്റെ പണി തുടങ്ങാൻ കഴിഞ്ഞിട്ടേയില്ല. ഗവൺമെന്റ് കൊടുത്ത ഒരു വർക്കിനെ സംബന്ധിച്ചിടത്തോളമാണിത്. ബാക്കി 15 ലക്ഷത്തിൽ താഴെയുള്ള മുഴുവൻ വർക്കുകൾക്കും വയനാട് കളക്ടറേററിൽ നിന്ന് വയനാട് ഡിസ്ട്രിക്ട് കളക്ടർ സാംങ്ഷൻ നൽകുകയാണുണ്ടായത്. എ. എസ്. കൊടുത്തു, എ.എസ്. കൊടുക്കുന്നത് എങ്ങനെയെന്ന് ചോദിച്ചാൽ ഇവിടെ കൊടുത്തിട്ടുള്ളത് വിവിധ ഡിപ്പാർട്ടുമെന്റുകൾക്കാണ്. റവന്യു ഡിപ്പാർട്ടുമെന്റാണ് ഇത് കൈകാര്യം ചെയ്തിട്ടുള്ളത്. മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന് 20 ലക്ഷം, ഡി.എഫ്.ഒ.-യ്ക്ക് 97 ലക്ഷം, സോയിൽ കൺസർവേഷൻ ഡിപ്പാർട്ടുമെന്റിന് 30 ലക്ഷം, പോലീസ് ഡിപ്പാർട്ടുമെന്റിന് 5 ലക്ഷം, ഡി.ടി.പി.സി.-ക്ക് ഒരു ലക്ഷം, ത്രിതല പഞ്ചായത്തിന് 227 ലക്ഷം. ഈ രീതിയിൽ മററു ഡിപ്പാർട്ടുമെന്റുകൾക്ക് കൊടുത്ത് അവർ ചെലവ് ചെയ്തതാണ്. റവന്യു ഡിപ്പാർട്ടുമെന്റ് ചെലവേ ചെയ്തിട്ടില്ല. ഇത്ര നല്ല രീതിയിൽ ഒരു കാര്യം ചെയ്തിട്ട് അത് ദുർവിനിയോഗം ചെയ്തു എന്നു പറയുന്നതിൽ മാത്രമാണ് സങ്കടം. ഞാൻ 1967 മുതൽ ഇവിടെ എം. എൽ.എ.യായിട്ട് ഇരിക്കുന്ന ആളാണ്. എത്രയോ അവിശ്വാസ പ്രമേയ ചർച്ചകളിൽ പങ്കെടുത്തു. ഇതുപോലുള്ള ഒരു അവിശ്വാസ പ്രമേയ ചർച്ചയിൽ പങ്കെടുക്കാൻ ഇതുവരെ എനിക്ക് ഭാഗ്യമോ നിർഭാഗ്യമോ ഉണ്ടായിട്ടില്ല. അങ്ങ് ഇന്ന് ഇവിടെ സൂചിപ്പിച്ചതുപോലെ അഴിമതി ആരോപണങ്ങളുടെ പെരുമഴ കൊണ്ടുവന്നത് എന്തിനാണ്? വാസ്തവത്തിൽ നിങ്ങളുടെ ഈ അവിശ്വാസപ്രമേയത്തിന്റെ ക്രെഡിബിലിററി തന്നെ പോയില്ലേ? ഇങ്ങനെ ചെയ്യാൻ പാടില്ല. നാളെ ഇതിന് ആകെ കിട്ടുന്ന നേട്ടം എന്താണെന്നുവച്ചാൽ ദേശാഭിമാനി പത്രത്തിൽ കുറേ കണക്ക് വന്നിട്ട് അത് വിററഴിക്കാം എന്നുള്ളതല്ലാതെ ജനങ്ങളുടെ മുമ്പിൽ അത് വിററഴിക്കാൻ ഒക്കില്ല എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. 1001 രാത്രികൾ പറഞ്ഞുതീർത്ത അറേബ്യൻ നൈററ്സ് കഥയുണ്ടല്ലോ, അതിനെ വിസ്മയിപ്പിക്കുന്ന കെട്ടുകഥകളാണ് കഴിഞ്ഞ മൂന്നു ദിവസമായി പ്രതിപക്ഷം പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇന്നും ഇന്നലേയുമായി ഞാൻ ഈ മന്ത്രിമാരുടെ പേരിൽ വന്ന കോടികൾ എല്ലാം കണക്കു കൂട്ടി. എന്നിട്ട് ഇവർ പറഞ്ഞ discrepancies ഞാൻ ഒരു വക്കീലിന്റെ നിലയിൽ കണക്കു കൂട്ടി നോക്കി. ഇവിടെ പറഞ്ഞ 13 കാരണങ്ങളിൽ 6-ാമത്തെ കാരണമാണ് കറപ്ഷൻ; 3000 കോടി രൂപ അവിടെയാണ് നമ്മൾ തുടങ്ങുന്നത്. ആദ്യം ശ്രീ. കോടിയേരി ബാലകൃഷ്ണൻ 3000 കോടിയെന്ന് പറഞ്ഞു; 3000

LIBRARY ARCHIVES Kerala Legislative Assembly

കോടി രൂപയുടെ അഴിമതി ആറാമത്തെ കാരണമായിട്ട് പറഞ്ഞിരിക്കുകയാണ്. എന്നിട്ട് പ്രസംഗിച്ചപ്പോൾ ആ 3000 കോടി എന്നുള്ളത് 1140 കോടിയായി കുറഞ്ഞു. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പ്രസംഗം തീർത്തപ്പോൾ എണ്ണി എണ്ണി പറഞ്ഞു 1140 കോടിയായിട്ട് കുറഞ്ഞു. അതുകഴിഞ്ഞ് സഭയിൽ ശ്രീ. എം. പി. ഗംഗാധരൻ പറഞ്ഞത് ഞാൻ കേട്ടതാണ് hearsay-ക്ക് വല്ല എവിഡൻസും ഉണ്ടോ? Hearsay കൊണ്ട് ഒരു കോടതിയിൽ ചെന്നാൽ ഞാൻ പറഞ്ഞു കേട്ടതാണെന്നു പറഞ്ഞാൽ അന്നേരം അത് റിജക്ടഡാണ്. അങ്ങനെയുള്ള എവിഡൻസേ എടുക്കുകയില്ല. പഴയ കാലത്ത് ഞങ്ങളൊക്കെ ചെയ്തുകൊണ്ടിരുന്നത് എന്താണെന്നറിയാമോ? അഴിമതിയാരോപണം എന്നു പറഞ്ഞാൽ ആദ്യമേ വസ്തുതകൾ നിരത്തും. രണ്ടാമത് അതിലെ നിയമം പറയും, മൂന്നാമത് അതിന്റെ prima-facie എവിഡൻസ് നിരത്തിവയ്ക്കും, നാലാമത് ഒന്നുകിൽ നിങ്ങൾ അഴിമതി നടത്തിയെന്ന് എസ്റ്റാബ്ലിഷ് ചെയ്യും. അതിനുപകരം 100 കോടി, 200 കോടി, 500 കോടി, 1000 കോടി, 2000 കോടി, 3000 കോടി, 4000 കോടി, 5000 കോടി ഇത് എവിടത്തെ ലേലം വിളിയാണ്.

....(ബഹളം)....

ശ്രീ. എം. എം. ഹസ്സൻ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഈ അവിശ്വാസ പ്രമേയം അവതരിപ്പിച്ചതുകൊണ്ടാണോ ഇത്രയും കോടി അഴിമതി വന്നത് എന്നുള്ള സംശയമുണ്ട്.

ശ്രീ. കെ. എം. മാണി: അത് എനിക്കറിയില്ല. ശ്രീ. എം. വി. ജയരാജൻ പറഞ്ഞപ്പോൾ 1152 കോടി, ഞാൻ നിങ്ങളുടെ പ്രസംഗം മുഴുവൻ കുറി ച്ചെടുത്തു. ഇതിന്റെ മുഴുവൻ പ്രൊസീഡിംഗ്സും എന്റെ കൈയിലുണ്ട്. ശ്രീ. എം. വി. ജയരാജന്റെ പ്രസംഗത്തിൽ എണ്ണിയെണ്ണി പറഞ്ഞപ്പോൾ 1152 എന്നുള്ളത് 912 കോടിയായി. ഇന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞപ്പോൾ 4016 കോടി ആയി. നിങ്ങൾക്ക് ഉത്തരവാദിത്വം ഇല്ലേ? 3000 കോടി രൂപയുടെ അഴിമതി നടത്തിയ ഒരു ഗവൺമെന്റിന് എതിരെ പ്രധാനപ്പെട്ട ഒരു ചാർജ്ജെടുത്തുകൊണ്ട് നിങ്ങൾ ഒരു അവിശ്വാസപ്രമേയം അവതരിപ്പിച്ചാൽ എല്ലാവരും 3000 കോടിയിൽ നിൽക്കണം. അല്ലാതെ എല്ലാവരും ആ 3000 കോടിയിൽ നിൽക്കാതെ ശ്രീ. വി. എസ്. അച്ചുതാനന്ദൻ വന്നപ്പോൾ 2416 കോടി. നിങ്ങൾ എല്ലാവരും കേട്ടുകൊള്ളണം. ഞാൻ ഇതിനു വേണ്ടി കാറ്റഗറി തിരിച്ചു നോക്കി. ഇതിൽ സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ പുതിയ ഗോഡൗൺ നിർമ്മിച്ചതിന് മുഖ്യമന്ത്രി 266 കോടി രൂപ എന്ന് ശ്രീ. എം. വി. ജയരാജൻ എഴുതിക്കൊടുത്തു, ഇവിടെ വന്നപ്പോൾ 26 കോടി. ജപ്പാൻ കുടിവെള്ള പദ്ധതി ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു 250 കോടി രൂപയുടെ അഴിമതി എന്ന്, ശ്രീ. ടി. കെ. ദേവകുമാറും ശ്രീ. എം. വി. ജയരാജനും പറഞ്ഞിരിക്കുന്നത് 100 കോടി രൂപയുടെ discrepancy എന്നാണ്. ഇത് കോടതിയിലാണെങ്കിൽ അന്നേരം കോസ്റ്റും കൂടെ ഇട്ട് വിധിക്കും. ഈ സഭയിൽ ഇനി ഇതു പോലെ വരാൻ പാടില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ 30 കോടി രൂപയെന്നു പറയുന്നു, ശ്രീ. ടി. കെ. ദേവകുമാർ 16 കോടി എന്നു പറയുന്നു. ഇതൊക്കെ ഇതിനകത്തുണ്ട്. ഓരോ വാക്കിനും എനിക്ക് ഉത്തരവാദിത്വമുണ്ട്. ലോട്ടറി—ശ്രീ. കോടിയേരി ബാലകൃഷ്ണൻ 100 കോടി എന്നു പറയുന്നു, ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇന്നു വന്ന് എഴുതിക്കൊടുത്തപ്പോൾ 'One Line Lottery' എന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എഴുതിയത്. അതുപോകട്ടെ 'On Line Lottery'-2000, പേപ്പർ ലോട്ടറി 3000 എന്ന് എഴുതിക്കൊടുത്തിട്ട് ഇന്ന് വന്ന് മുമ്പേ പ്രസംഗിച്ചപ്പോൾ 6000 കോടി. ഇത് എന്തൊരു ഇടപാടാണ്.

........(ബഹളം)........

ഇലക്ട്രിസിറ്റി മിനിസ്റ്റർ കേൾക്കണം, വൈദ്യുതി നഷ്ടം ശ്രീ. എം. വി. ജയരാജൻ ഇതിനകത്ത് എഴുതിയതിൽ 90 കോടി, ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് 10 കോടി. ഇങ്ങനെയൊരു അവിശ്വാസ പ്രമേയം ഉണ്ടോ? ഒരേ വിഷയത്തിൽ നിങ്ങൾ തമ്മിൽ പറയുന്നത് വ്യത്യസ്തമാണ്. ഇനി മറയൂരിലെ ചന്ദനത്തിന്റെ കാര്യം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ എഴുതി തന്നിരിക്കുന്നത് 50 കോടി, ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞിരിക്കുന്നത് 100 കോടി. ഇതാണ് ഞാൻ പറഞ്ഞത് അറേബ്യൻ കഥകളിൽ പറയുന്ന 1001 ദിവസം കൊണ്ട് പറഞ്ഞുതീർത്ത കഥയെപ്പോലെയെന്ന്, അവർ രാജ്ഞിയെ വശത്താക്കാൻ വേണ്ടി പറഞ്ഞതാണ്. പക്ഷേ ഇവിടെ ജനങ്ങളൊന്നും വശത്താകില്ല, ജനങ്ങൾ നിങ്ങളെ ചാട്ടവാർ കൊണ്ട് അടിക്കും. ജനങ്ങളെ വശത്താക്കാൻ ഒക്കില്ല, അങ്ങനെയുള്ള അവിശ്വാസ പ്രമേയവുമായിട്ടാണ് നിങ്ങൾ വന്നിരിക്കുന്നത്. ഞാൻ ഒരു കാര്യം പറയുകയാണ്. കേരളം ഈ അടുത്ത നാളിൽ ജൂലായ് ഒന്നാം തീയതിയിലെ ദി ന്യൂ ഇന്ത്യൻ എക്സ്പ്രസിൽ Kerala is least corrupt.... ....സ്റ്റഡിയാണ്. ആ സ്റ്റഡിയിൽ പറഞ്ഞിരിക്കുന്നത് You need to grease less number of palms in Kerala. Grease palm എന്നു പറഞ്ഞാൽ കൈമടക്ക് എന്നാണ്. You need to grease less number of palms in Kerala എന്നു പറഞ്ഞാൽ കേരളത്തിൽ കുറഞ്ഞ കൈമടക്ക് മതി, ആരാണ് പറഞ്ഞിരിക്കുന്നതെന്നറിയാമോ? ആരാ പറഞ്ഞിരിക്കുന്നത് എന്നു ചോദിച്ചാൽ പറയാം, ഞാൻ ഒന്ന് വായിക്കട്ടെ. You need to grease less number of palms in Kerala. But things are not so rosy in other parts of South India, according to the Transparency International. A report released by the Transparency International here has chosen Kerala as the least corrupt State in India, while Andhra Pradesh was placed at the 17th position, Tamilnadu and Karnataka are defined as "more corrupt" States and placed in the 9th and 4th positions respectively in the most corrupt States. ഒരു വാചകം കൂടി ഉണ്ട്. The India corruption Study is the largest corruption survey ever undertaken in the Country with a sample of 14,405 respondents spread across the country. All 11 services considered for the Study in Kerala are ranked as least corrupt in the country, എന്ന് ഇന്റർ നാഷണൽ സ്റ്റഡി നടത്തിയിട്ട് നിങ്ങൾ വന്ന് ഇവർ മുഴുവൻ അഴിമതിക്കാരെന്ന് പറഞ്ഞ് താറടിക്കുന്നത് എത്ര വിരോധാഭാസമാണെന്ന് ഞാൻ ചോദിക്കുകയാണ്. അതുകൊണ്ട് സത്യം പറഞ്ഞാൽ എനിക്ക് മനോവിഷമമുണ്ട്. ഒരു അവിശ്വാസപ്രമേയ ചർച്ച എങ്ങനെ വേണം, അതിനകത്ത് രണ്ടോ മൂന്നോ എടുത്തുകൊണ്ടുവന്ന് ഒരു അടി അടിച്ചിരുന്നെങ്കിൽ, ഇത് ചുമ്മാതെ, ചുമ്മാതടിക്കുകയാണ്. എസ്.എൻ.സി. ലാവ്‌ലിനിൽ മുറിവേറ്റ പ്രതിപക്ഷം മദമിളകിയ ആനയെ പോലെ 100 കോടി, 200 കോടി, 300 കോടി, 400 കോടി, 500 കോടി, ആയിരം കോടി, മൂവായിരം കോടി, 6,000 കോടിയുടെ അഴിമതി നടത്തിയെന്ന് പറഞ്ഞ് അവിടെയിരിക്കുന്ന മീഡിയ കാണുന്നവർ പരിഹസിക്കും. സർ, ഞാൻ രണ്ടു വാക്കുകൂടി പറഞ്ഞുകൊണ്ട് ഉപസംഹരിക്കുകയാണ്. ഈ അവിശ്വാസ പ്രമേയത്തിൽ യാതൊരു ഗ്രൗണ്ടും ഇല്ല. ഇങ്ങനെ ഒരു അവിശ്വാസ പ്രമേയം കൊണ്ടുവന്ന്, ജനങ്ങൾ തെരഞ്ഞെടുത്ത, ജനങ്ങൾ ഭൂരിപക്ഷം നൽകിയ, ജനങ്ങൾക്ക് വിശ്വാസമുള്ള ഒരു ഗവൺമെന്റിനെ

ഇങ്ങനെ frivolous ആയിട്ടുളള ഒരു അവിശ്വാസപ്രമേയം കൊണ്ട് നീക്കം ചെയ്യാമെന്ന് നിങ്ങൾ കരുതുന്നുണ്ടോ, അതിനൊന്നും ജനപിന്തുണ കിട്ടില്ല. മുഖ്യമന്ത്രി മൂന്നു ദിവസം അനുവദിച്ചു. ഈ മൂന്നു ദിവസം വളരെ ക്ഷമയോടുകൂടി ഞങ്ങൾ ഇരുന്നു. ഇനിയെങ്കിലും എല്ലാവർക്കും ഒരു ധാരണ വേണം. consensus വേണം. ഭാവിയിൽ എങ്ങനെ ഒരു അവിശ്വാസ പ്രമേയം കൊണ്ടുവരാം. ഇനിയിപ്പോൾ വേണ്ടല്ലോ, നമുക്കിനി ഒന്നും വേണ്ട, ഇനി നിങ്ങളും കൊണ്ടുവരില്ല. എനിക്ക് ധൈര്യമാണ്. ആറു മാസം കഴിഞ്ഞാൽ കൊണ്ടുവരാൻ ഒക്കില്ലല്ലോ. അതുകൊണ്ട് ഇതൊരു ആവശ്യമില്ലാത്ത അവിശ്വാസ പ്രമേയമാണ്, സഭയുടെ മൂന്നു ദിവസത്തെ വിലപ്പെട്ട സമയം പാഴാക്കിയ ഒരു അവിശ്വാസ പ്രമേയമാണ്. ഇതുപോലെ കെട്ടുകഥകൾ മാത്രം കെട്ടിച്ചമയ്ക്കുന്നതിനുവേണ്ടി മനഃപൂർവ്വം കൊണ്ടുവന്ന ഒരു അവിശ്വാസപ്രമേയം, ജനങ്ങൾ പുച്ഛിച്ചുതളളുന്ന ഒരു അവിശ്വാസ പ്രമേയം, ക്രെഡിബിലിററി നശിപ്പിച്ച ഒരു അവിശ്വാസപ്രമേയം, ഈ ചർച്ച വാസ്തവം പറഞ്ഞാൽ നിരാശാജനകമാണ്. അതുകൊണ്ട് വളരെ ക്ലീനായ ഒരു ഗവൺമെൻറ്, ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ജനങ്ങൾ ഈ ഗവൺമെൻറിന് വിശ്വാസം നൽകുന്നുണ്ട്. ഇത്രയും പറഞ്ഞു കൊണ്ട് ഞാൻ എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

VII. അറിയിപ്പ്

മേശപ്പുറത്തുവച്ച രേഖയെ സംബന്ധിച്ച്

മി. സ്പീക്കർ: ശ്രീ. എം. വി. ജയരാജൻ ഇവിടെ ഒരു രേഖ കൊണ്ടുവന്ന് മേശപ്പുറത്ത് വെച്ചുവെന്ന് പറഞ്ഞു. അംഗങ്ങൾ കേൾക്കാൻവേണ്ടി പറയുകയാണ്. അത് പ്രത്യേക രേഖയൊന്നുമല്ല. 11-ാം കേരള നിയമസഭയുടെ 12-ാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 310-ന് മന്ത്രി കൊടുത്ത മറുപടിയാണ് ഇവിടെ തന്നത്........(ബഹളം)........ Yes,........(ബഹളം)........ Yes,......എന്താണ്, Please.. അങ്ങ് ഇരിക്കൂ, എന്താണ് കാണിക്കുന്നത്, Please, Please......പറയുന്നത് കേൾക്കൂ............(ബഹളം)...........എനിക്ക് പറയാനുളളത് കേൾക്കണ്ടേ? എനിക്ക് പറയാനുളളത് കേൾക്കണ്ടേ, എനിക്ക് പറയാനുളളത് കേൾക്കണ്ടേ? No......No......അതായത് ഞാൻ പറഞ്ഞത്, Yes, Yes..............(ബഹളം)...........എനിക്ക് പറയാനുളളത് പറയാൻ അനുവദിക്കുക........(ബഹളം)........Please........

(സ്പീക്കറുടെ പ്രസ്താവനയിൽ പ്രതിഷേധിച്ച് പ്രതിപക്ഷം നടുത്തളത്തിൽ ഇറങ്ങുകയും ശ്രീ. എം. വി. ജയരാജൻ രേഖയും ഉയർത്തിപ്പിടിച്ച് നടുത്തളത്തിൽ കുത്തിയിരിക്കുകയും ചെയ്തു.)

എനിക്ക് പറയാനുളളത് കേൾക്കണം. പ്ലീസ് എനിക്ക് പറയാനുളളത് കേൾക്കണം. ഞാൻ പറഞ്ഞത് 11-ാം കേരള നിയമസഭയുടെ 12-ാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 310-ന് നൽകിയ മറുപടിയാണ് ഇവിടെ കൊണ്ടുവന്നത്. അതൊരു പബ്ലിക് ഡോക്യുമെൻറായതുകൊണ്ട് പ്രത്യേകിച്ച് അത് മേശപ്പുറത്ത് വയ്ക്കേണ്ട ഒരു കാര്യവുമില്ല. It is a public document,....Open document. എനിക്ക് undo ചെയ്യാൻ പററില്ല. അതിനുളള മറുപടിയൊക്കെ ഉണ്ട്......(ബഹളം)...... അത് പബ്ലിക് ഡോക്യുമെൻററായതുകൊണ്ട് പ്രത്യേകിച്ച് മേശപ്പുറത്ത്

LIBRARY ARCHIVES Kerala Legislative Assembly

വയ്ക്കേണ്ട യാതൊരു കാര്യവുമില്ല. അതൊരു പബ്ലിക് ഡോക്യുമെൻറാണ്........(ബഹളം)........ഞാൻ പറയുന്നത് കേൾക്കൂ. ഞാൻ പറഞ്ഞത് ആരെങ്കിലും തെററിദ്ധരിച്ചിട്ടുണ്ടെങ്കിൽ ഞാൻ ക്ലാരിഫൈ ചെയ്യാം. ചോദ്യോത്തരത്തിന്റെ മറുപടിയും പബ്ലിക് ഡോക്യുമെൻറുമായതുകൊണ്ട് ഇവിടെ പ്രത്യേകിച്ച് ടേബിളിൽ വയ്ക്കേണ്ട കാര്യമില്ല. It is a public document........(ബഹളം)........ഞാൻ അത് ക്ലാരിഫൈ ചെയ്തല്ലോ, അതായത് പബ്ലിക് ഡോക്യുമെൻറാണ്. അത് മേശപ്പുറത്ത് വയ്ക്കേണ്ട കാര്യമില്ല. ആർക്കും എപ്പോഴും കാണാവുന്ന കാര്യം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ഒരു നിയന്ത്രണവുമില്ലാത്ത പ്രതിപക്ഷം, ചോദിക്കാനും പറയാനുമില്ലാത്ത പ്രതിപക്ഷം........(ബഹളം)........

മി. സ്പീക്കർ: ഞാൻ വളരെ വ്യക്തമായി പറഞ്ഞു. ഒരു തെററിദ്ധാരണയുടെയും കാര്യമില്ല. പബ്ലിക് ഡോക്യുമെൻറ്സ് മേശപ്പുറത്ത് വയ്ക്കാതെതന്നെ അത് ഇവിടുത്തെ ഒരു രേഖയാണ്. അത് ഇവിടെ പ്രത്യേകിച്ച് മേശപ്പുറത്ത് വയ്ക്കേണ്ട ഒരു കാര്യവുമില്ല. എല്ലാപേർക്കും കൊടുക്കാവുന്ന കാര്യമല്ലേ? ഞാൻ ക്ലാരിഫൈ ചെയ്തില്ലേ....(ബഹളം)....

(പ്രതിപക്ഷനേതാവ് സംസാരിക്കാൻ എഴുന്നേററതിനെത്തുടർന്ന് ശ്രീ. എം. വി. ജയരാജൻ നടുത്തളത്തിൽനിന്നെഴുന്നേററ് സ്വന്തം സീററിലേക്ക് പോയി.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ബഹുമാനപ്പെട്ട സ്പീക്കർ ഇതു സംബന്ധിച്ച് ശരിയായ വസ്തുതകൾ മനസ്സിലാക്കിയായിരുന്നില്ല പറഞ്ഞത്. എന്ന് മാത്രമല്ല, ഇത് ഉന്നയിച്ച മെമ്പറെ ഏതാണ്ട് അവഹേളിക്കുകയും അപമാനിക്കുകയും ചെയ്തതുപോലെയായി പോയി. അത് വളരെ ഖേദകരമായിപ്പോയി. അങ്ങ് ഇത് സംബന്ധിച്ച് കുറച്ചുകൂടി സീരിയസ്സായിട്ട് ഒന്നുകൂടി മനസ്സിലാക്കിയിട്ട് ഇത് കൈകാര്യം ചെയ്യേണ്ടതായിരുന്നു. അങ്ങനെയുള്ള ഒരു തീരുമാനം എടുക്കണം ഇക്കാര്യത്തിൽ. ഉദ്യോഗസ്ഥൻമാർ തന്നതോ അങ്ങേക്ക് മനസ്സിലാക്കാൻ കഴിയാതെ വന്നതോ ആയിട്ടുള്ള കാര്യംകൊണ്ട് പെട്ടെന്ന് ഓടിച്ചുള്ള റഫറൻസിൽ ഇത് ഉന്നയിച്ച മെമ്പറെ അവഹേളിക്കുന്നതുപോലെയുള്ള സ്ഥിതിയാണ് സംഭവിച്ചത്. അതാണ് യാഥാർത്ഥ്യം. അതുകൊണ്ട് തെററിദ്ധാരണ ഒഴിവാക്കാൻ തക്കവിധത്തിൽ കൈകാര്യം ചെയ്യണം, ക്ലാരിഫൈ ചെയ്യണം എന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ഞാൻ പറഞ്ഞുവന്നത് ബഹുമാനപ്പെട്ട മെമ്പറെ ചെറുതാക്കി കാണിക്കുന്ന തരത്തിൽ തോന്നിയെങ്കിൽ I am sorry about it. ഞാൻ അത് ഉദ്ദേശിച്ചിട്ടില്ല. പത്രങ്ങളിൽ വരികയും എല്ലാ രേഖകളും available ആയിട്ടുള്ള ഒരു സാധനം പുതിയ രേഖയായി ഇവിടെ കൊണ്ടുവരികയും ചെയ്യുമ്പോൾ മേശപ്പുറത്തു വയ്ക്കേണ്ട കാര്യമില്ല എന്നാണ് ഞാൻ പറഞ്ഞത്.

അവിശ്വാസപ്രമേയം (ചർച്ച തുടർച്ച)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട ഗ്രാമവികസന വകുപ്പുമന്ത്രിയോട് ചോദിച്ച ചോദ്യത്തിൽ മന്ത്രിയുടെ നിർദ്ദേശപ്രകാരം ഒന്നരക്കോടി രൂപയുടെ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയ പത്ര

LIBRARY ARCHIVES Kerala Legislative Assembly

വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്ന് ഈ നിയമസഭയിൽ മറുപടി പറഞ്ഞിട്ടുണ്ട്. വകുപ്പുമന്ത്രിയുടെ നിർദ്ദേശ പ്രകാരം അങ്ങനെ കൊടുക്കാൻ പാടില്ലെന്നാണ് നോംസ്. അത് ലംഘിച്ചു ചെയ്തത് സംബന്ധിച്ച കാര്യങ്ങളാണ് ശ്രീ. എം. വി. ജയരാജൻ സൂചിപ്പിച്ചത്. ഇത് വളരെ പ്രസക്തമായ കാര്യമാണ്. കേന്ദ്ര ഗവൺ മെൻറിൻെറ ഗൈഡ്ലൈൻസിന് വിരുദ്ധമായി ഒരു മന്ത്രി ഇടപെടുകയും അതിൻെറ അടിസ്ഥാനത്തിൽ 174 ചെക്ക് ഡാമുകളുടെ പണി താൽക്കാലിക മായി നിർത്തിവയ്ക്കുകയും ചെയ്തു. പ്രഥമ ദൃഷ്ട്യാ പരിശോധിച്ചാൽ മന്ത്രി ഇതിൽ ഇടപെട്ടു എന്നതിൻെറ അടിസ്ഥാനത്തിൽ ശ്രീ. സി. എഫ്. തോമസ് ഈ സ്ഥാനത്തിരിക്കാൻ അർഹനല്ല. അദ്ദേഹം മന്ത്രിസ്ഥാനം രാജിവയ്ക്കണം. കേന്ദ്ര ഗവൺമെൻറിൻെറ ഗൈഡ്ലൈൻസ് ലംഘിച്ചു കൊണ്ട് പ്രവർത്തിച്ചു എന്ന് സമ്മതിച്ച സാഹചര്യത്തിൽ അദ്ദേഹത്തിന് മന്ത്രിയായിട്ട് തുടരാനുള്ള അവകാശം ഇല്ല. അത്രയും ഗൗരവതരമായ പ്രശ്നമാണ് ശ്രീ. എം. വി. ജയരാജൻ ഇവിടെ ഉന്നയിച്ചത്. ആ ഗൗരവത്തിൽത്തന്നെ ഈ പ്രശ്നം പരിശോധിക്കണം.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): സർ, ഞാൻ ഒരു അഴിമതിയും നടത്തിയിട്ടില്ല. ഇവർ എന്തെല്ലാം ബഹളം ഉണ്ടാക്കിയാലും, ഞാൻ ഒരു അഴിമതിയും കാണിച്ചിട്ടില്ല, ഇനി കാണിക്കുകയുമില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണനൊക്കെ ഞാൻ സ്നേഹിക്കുന്ന ആളുകളാണ്. ഞാൻ ഒരു കാര്യം ലളിതമായ ഭാഷയിൽ പറയാം. ഞാൻ അഡ്മിനിസ്ട്രേറ്റീവ് സാംങ്ഷൻ കൊടുക്കാൻ നിർദ്ദേശി ച്ചതായിട്ട് ഏതെങ്കിലും രേഖ ഉണ്ടോ? വയനാട്ടിൽ ഫുഡ് ഫോർ വർക്ക് പ്രോജക്ട് നടപ്പിലാക്കിയതിൻെറ നോഡൽ ഓഫീസർ കളക്ടറാണ്. അദ്ദേഹമാണ് എ. എസ്. കൊടുത്തത്. അതിൻെറ നടത്തിപ്പിനെക്കുറിച്ച് ആക്ഷേപം വന്നു. കേന്ദ്ര ഗവൺമെൻറിൻെറ നിർദ്ദേശം അനുസരിച്ച് ഇത് പരിശോധിക്കാൻ ശ്രീ. എം. പി. വീരേന്ദ്രകുമാർ......(ബഹളം)...... അദ്ധ്യക്ഷനായിട്ടുള്ള കമ്മിററിയിൽ ശ്രീ. കെ. പി. അബ്ദുള്ളക്കുട്ടി കോ-ചെയർമാനാണ്. ആ കമ്മിററിയുടെ തീരുമാനപ്രകാരം കളക്ടറുടെ പ്രോജക്ടനുസരിച്ചുള്ള നടപടികൾ ഉൾപ്പെടെ ബഹുമാനപ്പെട്ട ഗവൺമെൻറ് അന്വേഷിക്കണം എന്ന് പറഞ്ഞ് ബഹുമാനപ്പെട്ട എം. പി. വീരേന്ദ്രകുമാർ എനിക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും നൽകിയ കത്തിൻെറ അടിസ്ഥാ നത്തിൽ ഉടൻതന്നെ ഗവൺമെൻറ് സെക്രട്ടറി ശ്രീ. രാംസിംഗിനെ അന്വേഷണത്തിനായിട്ട് നിയോഗിച്ചു. ശ്രീ. എം. പി. വീരേന്ദ്രകുമാർ അദ്ധ്യക്ഷനായിട്ടുള്ള കമ്മിററിയുടെ കഴിഞ്ഞ ദിവസങ്ങളിലെ യോഗങ്ങളുടെ മിനിട്ട്സ് എടുക്കാൻ പോകുകയാണ്. ഈ വർക്കുകൾ കളക്ടർ അനുവദി ച്ചതിൽ വല്ല അപാകതയും ഉണ്ടെങ്കിൽ, ഈ കമ്മിററിയുടെ യോഗ തീരുമാന ങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന അഭിപ്രായങ്ങൾ നോക്കി മാത്രമേ ഞങ്ങൾ എന്തെങ്കിലും ചെയ്യൂ. ശ്രീ. കോടിയേരി ബാലകൃഷ്ണനോടും ശ്രീ. എം. വി. ജയരാജനോടും സ്നേഹത്തോടുകൂടി പറയുകയാണ്. ഒററ വർക്കിനുപോലും എ. എസ്. കൊടുക്കാൻ മന്ത്രി എന്നുള്ള നിലയിൽ ഞാൻ നിർദ്ദേശം കൊടുത്തിട്ടില്ല. ശ്രീ. എം. കെ. മുനീർ പറഞ്ഞതു പോലെ വളരെ പ്രയാസം ഉണ്ട്. എൻെറ ജീവിതത്തിൽ ഞാൻ അഴിമതി കാണിച്ചിട്ടില്ല. എൻെറ നാട്ടിൽ വന്ന് ചോദിച്ചാൽ അറിയാം ഞാൻ ജീവിതത്തിലും രാഷ്ട്രീയത്തിലും ഒന്നും അഴിമതി കാണിക്കുകയില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണനൊക്കെ വികാരാധീനനായി എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അതെല്ലാം പരിശോധിച്ചുനോക്കാം.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, എന്റെ മന്ത്രിസഭക്കെതിരായി ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ അവതരിപ്പിച്ച അവിശ്വാസ പ്രമേയം മൂന്ന് ദിവസങ്ങളിലായി ആറ് ദിവസത്തെ സഭയുടെ സമയത്തിലും അധികമായി ഇവിടെ ചർച്ച ചെയ്തത് വളരെ നന്നായി എന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ ചർച്ച മൂന്നു ദിവസം വേണമെന്ന് പറഞ്ഞപ്പോൾത്തന്നെ ഗവൺമെന്റ് അത് സമ്മതിച്ചു. ഈ ചർച്ചകളൊക്കെ ലോകം കാണത്തക്കവിധത്തിൽ ആദ്യമായി ഇത് ലൈവ് ആയി പ്രക്ഷേപണം ചെയ്തുകൊണ്ടിരിക്കുകയാണ്. ചർച്ചയ്ക്ക് ആവശ്യമായ സമയം വേണം. പറയാനുള്ളതെല്ലാം പറയണം. പ്രതിപക്ഷത്തിന് പറയാനുള്ളതെല്ലാം പറയട്ടെ! ഗവൺമെന്റിന് പറയാനുള്ള മറുപടികൂടെ കേൾക്കട്ടെ! നമ്മളെ തെരഞ്ഞെടുത്ത ജനങ്ങൾ ഇതെല്ലാം മനസ്സിലാക്കട്ടെ! ഇവിടെ ഈ സമ്മേളനം പ്രത്യേകമായി വിളിച്ച് ചേർത്തത് നിയമനിർമ്മാണത്തിന് വേണ്ടിയാണ്. അതുകൊണ്ട് രാഷ്ട്രീയ ചർച്ചകൾക്ക് സാധാരണ രീതിയിൽ അധികം സമയം കിട്ടുമായിരുന്നില്ല. ഇവിടെ വളരെയധികം പ്രചരണങ്ങളും ആക്ഷേപങ്ങളും വന്നപ്പോൾ അതിന് നിങ്ങൾക്ക് പറയാനുള്ളത് മുഴുവനും പറയാനും ഞങ്ങൾക്ക് പറയാനുള്ളത് മുഴുവനും കേൾക്കാനും അതിന് ജനങ്ങൾ മുഴുവനും സാക്ഷികളായി നിന്നുകൊണ്ടുള്ള ഒരു അവസരം ഉണ്ടായതിനെ സ്വാഗതം ചെയ്യുന്നു. അതിന് അവസരം ഉണ്ടാക്കിത്തന്ന ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് ഞാൻ ആദ്യമായി നന്ദി പറയുന്നു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഈ മന്ത്രിസഭയ്ക്കെതിരെ അവിശ്വാസപ്രമേയം

7.00 P.M.] അവതരിപ്പിക്കുന്നതിന് അടിസ്ഥാനമായി 13 കാര്യങ്ങൾ പറഞ്ഞു. ആ 13 കാര്യങ്ങളിൽ നിന്ന് വ്യത്യസ്തമായ ഒരു കാര്യത്തിലേക്കാണ് ഈ ചർച്ച വഴുതി വീണത്. അതിലേക്കാണ് ഈ ചർച്ച കൂടുതലായി വന്നത്. ഞാൻ ഏതായാലും കൂടുതൽ സമയം എടുക്കുന്നില്ല. കാരണം ഇതൊരു ഡ്രാഫ്റ്റ് പാരയാണ്. ഗവൺമെന്റ് അതിനെക്കുറിച്ച് ഔദ്യോഗികമായി പ്രതികരിക്കാൻ പാടില്ല, പ്രതികരിക്കുന്നത് ശരിയുമല്ല. അതുകൊണ്ട് ഞാൻ അതിന് വലിയ പ്രാധാന്യം കൊടുത്തുകൊണ്ട് അധിക സമയം എടുക്കുന്നില്ല. പക്ഷേ ഞാൻ ഇതൊരു സാധാരണ സംഭവമായിട്ടാണ് കരുതിയിരുന്നത്. വലിയ പ്രാധാന്യത്തോടു കൂടിയല്ല ഇതിനെ കണ്ടിരുന്നത്. പക്ഷെ ആദ്യം എന്റെ ചിന്തക്ക് മാറ്റം വന്നത് ഡോ. തോമസ് ഐസക്കിന്റെ പ്രസംഗം കേട്ടപ്പോഴാണ്. കാരണം 25 മിനിട്ടാണ് അദ്ദേഹത്തിന് അനുവദിച്ചത്. അദ്ദേഹം ആ 25 മിനിട്ട് മുഴുവനും പിന്നെ 5 മിനിട്ടും കൂടി എടുത്ത് 30 മിനിട്ടും എസ്.എൻ.സി. ലാവ്ലിനെക്കുറിച്ചാണ് സംസാരിച്ചത്. അടിസ്ഥാനപരമായി അവിശ്വാസ പ്രമേയത്തിന് വെറും 5 മിനിട്ടേ അദ്ദേഹം സംസാരിച്ചിട്ടുള്ളൂ. അന്നേരമാണ് ഇതിൽ എന്തോ പ്രാധാന്യം മാർക്സിസ്റ്റ് പാർട്ടിക്കുണ്ടെന്ന് എനിക്ക് തോന്നിയത്. അതുകഴിഞ്ഞ് ഇന്നലെ വന്ന് ഈ ചർച്ച പാടില്ല എന്ന് പറഞ്ഞപ്പോൾ എനിക്ക് പിന്നെയും പ്രശ്നമായി. കാരണം ഇത് ചർച്ച ചെയ്യുന്നതല്ലേ നല്ലത്. കുറ്റം ചെയ്തിട്ടില്ലെങ്കിൽ, തെറ്റ് ചെയ്തിട്ടില്ലെങ്കിൽ, അത് തുറന്നു പറയാൻ കിട്ടുന്ന ഒരു നല്ല അവസരം ഇതുപോലെ വേറെയുണ്ടോ? എനിക്കെതിരായി അഴിമതി ആരോപണങ്ങൾ വന്നിട്ടുണ്ട്. ഞാൻ സന്തോഷിക്കുകയാണ്. കാരണം എനിക്കെതിരായി വന്ന മുഴുവൻ ആരോപണങ്ങളും ജനങ്ങൾ കാണട്ടെ, കേൾക്കട്ടെ. എനിക്ക് പറയാനുള്ള മറുപടിയും അവർ കേൾക്കട്ടെ, എന്നിട്ട് അവർ വിലയിരുത്തട്ടെ. ഇതൊരു നല്ല അവസരമായി എടുക്കേണ്ടതായിരുന്നു എന്നുള്ള അഭിപ്രായമാണ്. ഞാൻ അതിനെക്കുറിച്ച് കൂടുതലൊന്നും പറയുന്നില്ല. ഇതു സംബന്ധിച്ച് വിജിലൻസ് കേസുണ്ട്. അതിനെക്കുറിച്ച് ഞാൻ പറയാതെ പോയാൽ, ഈ അവിശ്വാസപ്രമേയ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ ചർച്ചയുടെ സിംഹഭാഗവും എടുത്ത വിഷയത്തെക്കുറിച്ച് പറയാതെ പോയാൽ അത് എന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായിരിക്കും. അതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് മാത്രം ചുരുക്കിപ്പറഞ്ഞുകൊണ്ട് മററ് കാര്യങ്ങളിലേക്ക് കടക്കുകയാണ്. വിജിലൻസ് എൻക്വയറി വന്ന ഒരു വഴിയുണ്ട്. സബ്ജക്ററ് കമ്മിററി—III, 2002 ജനുവരി 11-ാം തീയതി കൂടി. അതിന്റെ ചെയർമാൻ അന്നത്തെ ജലവിഭവ വകുപ്പുമന്ത്രി ശ്രീ. ടി. എം. ജേക്കബായിരുന്നു. അതിന്റെ മിനിട്ട്സിൽ വന്നത്, പള്ളിവാസൽ, ചെങ്കുളം, പന്നിയാർ, പ്രോജക്ററുകളുമായി ബന്ധപ്പെട്ട ചില irregularities കമ്മിററിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ഒരു എൻക്വയറി നടത്തണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നതിന് കമ്മിററിയുടെ ചെയർമാനെ ചുമതലപ്പെടുത്തി. കമ്മിററി ഒരു തീരുമാനമെടുത്തില്ല. ചർച്ച ചെയ്തതിനുശേഷം ചെയർമാനെ ചുമതലപ്പെടുത്തി. ചെയർമാൻ അതിൻമേൽ ഒരു തീരുമാനമെടുത്തു. വളരെ ഗുരുതരമായ ക്രമക്കേടുകളാണ് കമ്മിററിയുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നത്. ആയതിനാൽ ഇക്കാര്യം സംസ്ഥാന വിജിലൻസ് വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു ടീമിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നത് ഉചിതമായിരിക്കും. അതിന്റെ അടിസ്ഥാനത്തിൽ 6-3-2003-ൽ അതിന് തീരുമാനമെടുത്തു. 14-3-2003-ൽ വിജിലൻസ് ഡയറക്ടറോട് അന്വേഷണം നടത്താൻ ആവശ്യപ്പെട്ടു. ചില പത്രങ്ങളിലൊക്കെ 4 കൊല്ലമായി, ഇതുവരെ ഒരിടത്തും എത്തിയില്ല എന്നൊക്കെ കണ്ടു. അതൊന്നും ശരിയല്ല. 2 കൊല്ലം കഴിഞ്ഞതേയുള്ളൂ. വിജിലൻസിനോട് ആവശ്യപ്പെട്ടത് 14-3-2003-ലാണ്.

ശ്രീ. ടി. എം. ജേക്കബ്: ഈ സബ്ജക്ട് കമ്മിററിയുടെ ചെയർമാൻ ഞാനായിരുന്നു. അത് അങ്ങ് ഇവിടെ പറഞ്ഞല്ലോ? 2002 ജനുവരി 11-ാം തീയതി കൂടിയ യോഗത്തെക്കുറിച്ചാണ് ഇവിടെ പറഞ്ഞത്. അതിൽ 9 അംഗങ്ങളും ഞാനും ശ്രീ. കടവൂർ ശിവദാസനുമുണ്ടായിരുന്നു. ഞങ്ങൾ 11 പേരാണ് പങ്കെടുത്തത്. സബ്ജക്ററ് കമ്മിററിയെ സംബന്ധിച്ചുള്ള പീരിയോഡിക്കൽ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്. ആ റിപ്പോർട്ട് അങ്ങയുടേയും എന്റെയും കയ്യിലുണ്ട്. വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. എന്റെ പേരെടുത്ത് പറഞ്ഞതുകൊണ്ട് പറയാതെ പോകുന്നത് ശരിയല്ല. അല്ലെങ്കിൽ ഇത് രേഖയിലുണ്ടാകും.... ....(ബഹളം)............................ ഞാനൊന്ന് പറഞ്ഞോട്ടെ, ഞങ്ങൾ പറഞ്ഞ കാര്യങ്ങളാണ് പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അതിനകത്ത് എന്തെങ്കിലും പറയാനുണ്ടെങ്കിൽ അദ്ദേഹവും പറഞ്ഞോട്ടെ. ഒരു കുഴപ്പവുമില്ല. ഒരു ഡിബേററി ലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ഈ സബ്ജക്ററ് കമ്മിററിയുടെ യോഗം തുടങ്ങിയ സമയത്ത് അതിൽ പങ്കെടുത്തിട്ട് ഞാനൊരു ശവ സംസ്ക്കാര ശുശ്രൂഷയ്ക്ക്............. ....(ബഹളം)............... മിനിട്ട്സ് ഉണ്ടാക്കാൻ വെർബാററിം റിപ്പോർട്ട് ഉണ്ടല്ലോ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. കെ. സി. വേണുഗോപാലും ശ്രീ. ഇ. എം. അഗസ്തിയും ഞാനുമൊക്കെ പങ്കെടുത്ത കമ്മിററിയാണ്. ആ വെർബാററിം റിപ്പോർട്ടിൽ ഒരു സ്ഥലത്തും ഞാൻ ആ ചർച്ചയിൽ പങ്കെടുത്തതായി പറഞ്ഞിട്ടില്ല. അങ്ങയുടെ അറിവിലേക്ക് ഞാൻ പറയുന്നു, അതുകഴിഞ്ഞ് 17-3-2003-ൽ ഈ മിനിട്ട്സ് ശരിയല്ല എന്നുപറഞ്ഞ്, അന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. സി. കെ. നാണു, ശ്രീ. രാജു എബ്രഹാം, ശ്രീ. വി. കെ. ചന്ദ്രൻ എന്നിവർ ഒരു കത്ത് എഴുതിക്കൊടുത്തു. അങ്ങ് പറഞ്ഞല്ലോ ഞാൻ ശുപാർശ ചെയ്തെന്ന്. എന്റെ കയ്യിൽ കിട്ടിയ.... ....(ബഹളം)................... ഫയൽ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട കടവൂർ ശിവദാസന് അയച്ചു. അതു കഴിഞ്ഞ് അദ്ദേഹം വകുപ്പിന്റെ ചുമതല വിട്ടപ്പോൾ എനിക്ക് തിരിച്ചയച്ചു. ഞാനും അദ്ദേഹവും കൂടി സംസാരിച്ചതിന് ശേഷം ഇത് ഉദ്യോഗസ്ഥൻമാരുടെ ഉന്നതതല സമിതി അന്വേഷിക്കേണ്ടതാണ് എന്ന് എഴുതി. അതുകഴിഞ്ഞ് അത് മുഖ്യമന്ത്രിക്ക് അയച്ചു. മുഖ്യമന്ത്രി അത് കാബിനററിൽ വച്ച് കാബിനററാണ് അത് ഡിസൈഡ് ചെയ്തത്...(ബഹളം).........................

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): ഈ സബ്ജക്ററ് കമ്മിററിയിൽ ഞങ്ങളൊക്കെ അംഗങ്ങളായിരുന്നു. അങ്ങ് പറഞ്ഞതുപോലെ ഒരു ദിവസം മാത്രമല്ല ചർച്ച ചെയ്തത്. സബ്ജക്ററ് കമ്മിററി പല ദിവസങ്ങളിലായിട്ടാണ് ഈ വിഷയം ചർച്ച ചെയ്തത്. അങ്ങ് പറഞ്ഞത് ശരിയാണ്, അവസാനത്തെ ദിവസം, തീരുമാനമെടുക്കുന്ന ദിവസം അങ്ങ് കുറച്ച് നേരത്തെ പോയി. അതിനുമുമ്പ് നമ്മൾ ചർച്ച ചെയ്തിട്ടുണ്ട്. സബ്ജക്ററ് കമ്മിററി അംഗങ്ങൾ ഉണ്ടല്ലോ. ചർച്ച ചെയ്തിട്ട് നമ്മൾ കൃത്യമായി പറഞ്ഞു. മുഖ്യമന്ത്രി ഇവിടെ വായിച്ചു....................(ബഹളം)............ കമ്മിററിയിൽ ഒരു ഡിസ്പ്യൂട്ട് ഉണ്ടായി. ഏകകണ്ഠമായ ഒരു തീരുമാനം വരില്ല എന്ന് വന്നപ്പോൾ ഇത് വേണമോ വേണ്ടയോ എന്ന് തീരുമാനിക്കാൻ ചെയർമാനെ ചുമതലപ്പെടുത്തിയിരുന്നു.....................................(ബഹളം)................

ശ്രീ. എം. എം. ഹസ്സൻ: ഒരു കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്താനുണ്ട്. ശ്രീ. ജേക്കബ് ഇവിടെ പറഞ്ഞത്, സബ്ജക്ററ് കമ്മിററി ചെയർമാൻ എന്ന നിലയിൽ അദ്ദേഹം എടുത്ത തീരുമാനമാണ്. ഈ തീരുമാനമെടുത്തത് കാബിനററിലാണ്. ആ കാബിനററിൽ ഞങ്ങളെല്ലാവരും അംഗങ്ങളായിരുന്നു. കാബിനററിൽ നടക്കുന്ന ഒരു ചർച്ചയും പുറത്തുപറയാൻ പാടില്ല. ആ തീരുമാനം എടുത്തതിൽ സുപ്രധാന പങ്ക് വഹിച്ചത് ശ്രീ. ടി. എം. ജേക്കബാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ആ സബ്ജക്ററ് കമ്മിററിയിൽ ഞാനും ഒരംഗമായിരുന്നു. ഇതു സംബന്ധിച്ച് പല ഘട്ടങ്ങളിലും ഞങ്ങൾ ചർച്ച നടത്തിയിരുന്നു. സബ്ജക്ററ് കമ്മിററിയിൽ തന്നെ ഈ വിഷയം വിശദമായി പരിശോധിക്കണമെന്ന ഒരു ഘട്ടം വന്നപ്പോൾ ഞങ്ങൾ പറഞ്ഞത് പരിശോധിക്കാമെന്നാണ്. കൂടുതൽ സമയം ചർച്ചയ്ക്ക് അനുവദിക്കാത്ത ഒരു ഘട്ടം എത്തിയപ്പോഴാണ് ചെയർമാനെ ചുമതലപ്പെടുത്തുന്ന സ്ഥിതിയിൽ എത്തിയത്....................(ബഹളം)................ ഞാനൊരു പോയിന്റ് ക്ലിയർ ചെയ്യുകയാണ്. ഞങ്ങൾ ഇതു സംബന്ധിച്ച് എടുത്ത നിലപാട് ഏത് അന്വേഷണം വേണമെങ്കിലും നടത്താമെന്നാണ്. ഇപ്പോഴും അന്വേഷണത്തിന് ഞങ്ങൾ അനുകൂലമാണ്. അതുകൊണ്ട് ഇത് സംബന്ധിച്ച ഏത് ചർച്ചയ്ക്കും ഞങ്ങൾ തയ്യാറാണ്. ഞങ്ങൾക്ക് അതിൽ യാതൊരു വിഷമവുമില്ല. സബ്ജക്ററ് കമ്മിററിയിൽ ഈ നിലപാടാണ് സ്വീകരിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻചാണ്ടി: സർ, ഞാൻ ഒരു സത്യം ഇവിടെ പറഞ്ഞു എന്നേയുള്ളൂ. ഈ സബ്ജക്ട് കമ്മിററിയിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതുപോലെ വേണമോ വേണ്ടയോ വേണമെങ്കിൽ വേണം വേണ്ടെങ്കിൽ വേണ്ട. അത് ചെയർമാനെ ഏല്പിച്ചു. അദ്ദേഹം ഇങ്ങനെ എഴുതി. വളരെ ഗുരുതരമായ ക്രമക്കേടുകളാണ് കമ്മിററിയുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നത്. ആയതിനാൽ ഈ കാര്യം സംസ്ഥാന വിജിലൻസ് വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥൻമാർ അടങ്ങുന്ന ഒരു ടീമിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നത് ഉചിതമായിരിക്കും, അതിന്റെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് വന്നത്. വിജിലൻസിനെ കുററപ്പെടുത്തിക്കൊണ്ടുള്ള വാർത്ത കാലതാമസം വന്നിരിക്കുന്നുയെന്നാണ്. 7,000 പേജുള്ള ഫയലുകളാണ് ഇപ്പോൾ കിട്ടിയിരിക്കുന്നത്. അതിന്റെ പരിശോധന പ്രോഗ്രസിലാണ്. പക്ഷേ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. സമയബന്ധിതമായി അതിന്റെ അന്വേഷണം പൂർത്തീകരിക്കുന്നതാണ്. ഒരു കാര്യം ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സമയത്തും ഇന്ന് ഞാനും സ്വീകരിക്കുന്ന ഒരു സമീപനം വിജിലൻസിനെ രാഷ്ട്രീയ പകപോക്കലിനുവേണ്ടി വിനിയോഗിക്കുകയില്ല എന്നതാണ്. ആരെയും സഹായിക്കാൻ അല്ല. പക്ഷേ ഇത് രാഷ്ട്രീയമായിട്ടോ മററ് ഏതെങ്കിലും വിധത്തിലോ പകപോക്കലിനു വേണ്ടി വിനിയോഗിക്കുകയില്ല. നിയമം നിയമത്തിന്റെ വഴിക്ക്. അതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം ഏററവും വേഗം പൂർത്തീകരിക്കുന്നതിനു വേണ്ട നടപടിയെടുക്കും. അത് എടുക്കുന്നത് തികച്ചും വസ്തുനിഷ്ഠമായി തെളിവിന്റെയും സാഹചര്യങ്ങളുടേയുമെല്ലാം അടിസ്ഥാനത്തിലായിരിക്കും എന്ന് വ്യക്തമാക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ 13 കാര്യങ്ങൾ പറഞ്ഞു.....

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, അങ്ങ് ഇപ്പോൾ പറഞ്ഞത് നിയമം നിയമത്തിന്റെ വഴിക്ക് പോകുമെന്നാണ്. പ്രെജ്യൂഡിഷ്യലായി ഒന്നും ഉണ്ടാവുകയില്ലെന്ന് പറഞ്ഞു. അത് ശരിയാകണമെന്നുണ്ടെങ്കിൽ ഞാൻ സൂചിപ്പിച്ച ശ്രീ. പത്മരാജന്റെ പ്രശ്നത്തിൽ അങ്ങനെയുണ്ടായില്ലല്ലോ. അത് നിങ്ങളുടേതായി വരുമ്പോൾ ഒന്നു വേറെയും മറേറത് വരുമ്പോൾ വേറെയും എന്നുള്ളതാണോ? നിയമത്തിന്റെ വഴിക്ക് പോകാൻ അതിൽ അവസരം ഉണ്ടായില്ല എന്നുള്ളത് ഞാൻ സൂചിപ്പിച്ചു. അതിനോടുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രതികരണം എന്താണെന്ന് പറയുമെന്ന് കരുതാമോ?

ശ്രീ. ഉമ്മൻചാണ്ടി: അങ്ങ് ഇത് സി.ബി.ഐ.ക്ക് വിടണമെന്നാണോ ഉദ്ദേശിക്കുന്നത്? എന്നിൽ വിശ്വാസം ഇല്ലെന്നു പറഞ്ഞാൽ പിന്നെ പോംവഴി അതല്ലേയുള്ളത്. അങ്ങേക്ക് അങ്ങനെ വല്ല ഉദ്ദേശവുമുണ്ടോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, അന്വേഷണത്തെ സംബന്ധിച്ചു പറഞ്ഞല്ലോ. ഗവൺമെന്റ് ഇതു സംബന്ധിച്ച് എടുക്കുന്ന ഏത് തീരുമാനത്തോടും ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമില്ല.

ശ്രീ. ഉമ്മൻചാണ്ടി: സർ, അങ്ങയുടെ ആവശ്യം എന്താണ്?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഞാൻ പറഞ്ഞത് കേട്ടില്ല അല്ലേ? ബ്രഹ്മപുരം പ്രശ്നം കൈകാര്യം ചെയ്ത ശ്രീ. പത്മരാജന്

LIBRARY ARCHIVES Kerala Legislative Assembly

ഒരു പരിശോധനയുടെ അടിസ്ഥാനത്തിൽ അന്വേഷണ കമ്മീഷൻ 125 കോടി രൂപയുടെ അഴിമതി നടത്തി എന്നു പറഞ്ഞ പ്രശ്നം ഇല്ലായ്മ ചെയ്യുന്നതിനുള്ള സമീപനമാണ് നിങ്ങൾ എടുത്തത്.

ശ്രീ. ഉമ്മൻചാണ്ടി: അത് അങ്ങയുടെ അഭിപ്രായം

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ആയിരിക്കും. നിങ്ങളുടെ അഭിപ്രായം വ്യത്യസ്തമല്ല എന്നു കാണാതിരിക്കാൻ കാര്യം എന്താണ് എന്നു ചോദിച്ചാൽ അദ്ദേഹം പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാനായി.

ശ്രീ. ഉമ്മൻചാണ്ടി: സർ, അത് അങ്ങയുടെ അഭിപ്രായമാണ്. ഏതായാലും ഞാൻ ഇത് സംബന്ധിച്ച് ഗവൺമെന്റ് നിലപാട് പറഞ്ഞു. അത് തൃപ്തികരമല്ലെന്ന അഭിപ്രായം പ്രതിപക്ഷനേതാവിനു ണ്ടെങ്കിൽ ഇത് സി.ബി.ഐ.-ക്ക് വിടണമെന്നാണോ അങ്ങ് ആഗ്രഹി ക്കുന്നത്. എന്നാൽ പിന്നെ മതി. തൃപ്തിയാണെന്ന് മനസ്സിലായി. അപ്പോൾ അതിന്റെ അടിസ്ഥാനത്തിൽ പൊയ്ക്കൊള്ളാം. അവിശ്വാസ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. കോടിയേരി ബാലകൃഷ്ണൻ 13 കാര്യങ്ങൾ ഇവിടെ പറഞ്ഞു. ഒന്നാമത് പറഞ്ഞത്, ജനപിന്തുണ നഷ്ട പ്പെട്ടുയെന്നാണ്. അഴീക്കോടും കൂത്തുപറമ്പിലും ഞങ്ങൾ തോററു. ഞങ്ങൾ സമ്മതിക്കുന്നു. ആ തോൽവിയുടെ അനുഭവങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഞങ്ങൾ ആ കുറവുകൾ നികത്താൻ ഞങ്ങളുടെ പാർട്ടിക്ക്, മുന്നണിക്ക്, ഗവൺമെന്റിന് ഇങ്ങനെ മൂന്ന് തരത്തിൽ പരിശോധിക്കും. വന്നിട്ടുള്ള കുറവുകൾ പരിഹരിച്ച് മുന്നോട്ട് പോകാൻ, ഒരു ഉപതെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടാൽ ഗവൺമെന്റ് രാജിവയ്ക്കണമെന്ന നില വന്നാൽ പിന്നെ എങ്ങനെ സ്ഥിരതയുള്ള ഒരു ഗവൺമെന്റിന് മുന്നോട്ട് പോകാൻ സാധിക്കും? ഇത് നിങ്ങൾ ജയിച്ച സീററാണ്. പരമ്പരാഗതമായി നിങ്ങൾ ജയിച്ചുകൊണ്ടിരിക്കുന്ന സീററ്. അവിടെ ഞങ്ങൾ തോററു, സമ്മതിച്ചു. പക്ഷേ അതിന്റെ പേരിൽ രാജി വയ്ക്കണമോ? ഇവിടെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി അത് പറഞ്ഞുകഴിഞ്ഞു. നിങ്ങൾ ഏതാണ്ട് ജയിച്ച് അധികാരത്തിലേക്ക് വരുന്ന ഒരു ചിന്താഗതിയിലാണ്. പക്ഷേ ഒന്നു കരുതണം. അഴീക്കോടും കൂത്തുപറമ്പുമല്ല കേരളമെന്നു കൂടി നിങ്ങൾ മനസ്സിലാക്കണം. കൂട്ടുത്തരവാദിത്വം ഇല്ല എന്നത് രണ്ടാമത്തെ കാര്യമാണ്. ഞങ്ങൾ കൂട്ടുത്തരവാദിത്വത്തോടുകൂടി തന്നെയാണ് പ്രവർത്തിക്കുന്നത്. ഞങ്ങൾ കെട്ടുറപ്പോടുകൂടിത്തന്നെയാണ് പ്രവർത്തി ക്കുന്നത്. ഈ അവിശ്വാസ പ്രമേയത്തിന്റെ ചർച്ച കാണുന്ന കേരളത്തിലെ ജനങ്ങൾക്കറിയാം ഐക്യജനാധിപത്യമുന്നണിയുടെ കെട്ടുറപ്പ്. മറെറാന്ന് തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ പാലിച്ചില്ലെന്നുള്ളതാണ്. 100 ശതമാനം ഞങ്ങൾ നേടിയെന്നൊന്നും അവകാശപ്പെടുന്നില്ല. പക്ഷേ കഴിവിന്റെ പരമാവധി വളരെയധികം സാമ്പത്തിക ബുദ്ധിമുട്ടുകളുടെ നടുവിൽ നിന്നുകൊണ്ട് ഞങ്ങൾ കുറച്ചു കാര്യങ്ങൾ ചെയ്തു. ഞങ്ങൾക്ക് ഇനിയും തൃപ്തിയില്ല. കൂടുതലായി പലതും ചെയ്യേണ്ടതായിട്ടുണ്ട്. ഞങ്ങൾ ചില പ്രയോറിട്ടി ഫിക്സ് ചെയ്തിട്ടുണ്ട്. ആ പ്രയോറിട്ടിയിൽ നിന്നുകൊണ്ട്, കാര്യങ്ങൾ നടത്താൻ ശ്രമിക്കുകയാണ്. അതിനു നിങ്ങളുടെ കൂടി സഹായം വേണം. ഞാൻ മുഖ്യമന്ത്രിയായി അധികാരത്തിൽ വന്നിട്ട് 11 മാസം ആകാൻ പോകുന്നതേയുള്ളൂ. അതിനിടയ്ക്ക് നമ്മൾ എത്ര പ്രാവശ്യം ചർച്ച ചെയ്തു. പരമാവധി നിങ്ങൾ പറയുന്ന

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾകൂടി ഞങ്ങൾ ഉൾക്കൊള്ളാൻ ശ്രമിക്കുന്നുണ്ട്. ഒരു അഭിപ്രായ സമന്വയത്തിലൂടെ പോകാവുന്ന അത്രയും കാര്യങ്ങൾ മുന്നോട്ടുപോകണമെന്നുതന്നെയാണ്. നമുക്ക് അടിയന്തിരമായി ചെയ്തുതീർക്കേണ്ട ചില കാര്യങ്ങളുണ്ട്. ഒന്നാമത്തെ കാര്യം ദാരിദ്ര്യ നിർമ്മാർജ്ജനം തന്നെയാണ്. ഇവിടെ പട്ടിണി മരണത്തെക്കുറിച്ച് പറഞ്ഞല്ലോ, ശ്രീ. ജി. കാർത്തികേയൻ വളരെ വേദനയോടുകൂടി അക്കാര്യം ഈ സഭയിൽ അവതരിപ്പിച്ചു. ആ കുടുംബത്തിനു വേണ്ട സഹായം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. പക്ഷേ ഒരു കുടുംബത്തിന് മാത്രം ചെയ്താൽ മതിയോ, അങ്ങനെ വരുന്നതിനു മാത്രം മതിയോ, അപ്പോൾ ദാരിദ്ര്യനിർമ്മാർജ്ജനത്തിനു വേണ്ടിയിട്ടുള്ള പരിപാടികൾ അതുപോലെതന്നെ നമ്മുടെ സംസ്ഥാനം ഇന്നു നേരിടുന്ന ഏറ്റവും വലിയ പ്രശ്നം തൊഴിലില്ലായ്മയാണ്. തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ, അഭ്യസ്തവിദ്യരുടെ എണ്ണം വർദ്ധിക്കുന്നു. അങ്ങനെയുള്ള പ്രയോറിട്ടി വച്ചുകൊണ്ട് കാര്യങ്ങൾ മുന്നോട്ട് കൊണ്ടു പോകണം. തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ പാലിക്കാവുന്ന അത്രയും കാര്യങ്ങൾ ശേഷിക്കുന്ന അവസരങ്ങളിലൂടെ പരിഹരിച്ച് മുന്നോട്ട് പോകാൻ ആഗ്രഹിക്കുകയാണ്. രാഷ്ട്രീയ ഭരണരംഗത്ത് അസ്ഥിരത, അവിടെ അസ്ഥിരതയാണ്. കാര്യങ്ങൾ ഒന്നും നടക്കുന്നില്ല എന്നൊക്കെ ഇവിടെ പറഞ്ഞു. ഭരണരംഗത്ത് ഞങ്ങൾ പരമാവധി കാര്യങ്ങൾ ചെയ്തുകൊണ്ടുതന്നെ മുന്നോട്ട് പോകാൻ ശ്രമിക്കുകയാണ്. 100 ദിവസത്തെ പരിപാടിക്കുള്ളിൽ 19,976 പേരെ പി. എസ്. സി. അഡ്വൈസ് ചെയ്തു. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പി.എസ്.സി. അഡ്വൈസ് ചെയ്യുന്നത് 20,000-ന് അടുത്ത നമ്പറാണ്. ചിലപ്പോൾ പത്തോ രണ്ടായിരമോ കുറയും. ചിലപ്പോൾ രണ്ടായിരം കൂടിയെന്നിരിക്കും. കഴിഞ്ഞ പത്തു കൊല്ലത്തെ കണക്ക് പരിശോധിച്ചാൽ ഒരു വർഷം പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുന്ന അത്രയും പേരെ ഈ 100 ദിവസത്തിനുള്ളിൽ ഞങ്ങൾ റിക്രൂട്ട് ചെയ്തു. 100 ദിന പരിപാടി ആരംഭിക്കുന്ന ദിവസം 1,25,266 ഫയലുകൾ സെക്രട്ടേറിയറ്റിലുണ്ടായിരുന്നു. അതിൽ 36,150 എണ്ണം കോടതി കേസുകളും സാങ്കേതിക തടസ്സങ്ങളുംകൊണ്ട് തീർപ്പ് കല്പിക്കാൻ ബുദ്ധിമുട്ടുള്ളവയായിരുന്നു. ബാക്കി 89,116 ഫയലുകളിൽ 68,150 എണ്ണത്തിന് തീർപ്പുകല്പിച്ചു. അതായത്, 76.47 ശതമാനം ഫയലുകളിൽ തീർപ്പു കല്പിച്ചു. ഇപ്പോൾ ഞങ്ങൾ 'ബഹുദൂരം അതിവേഗം' എന്ന പേരിൽ ഒരു വർഷത്തെ പരിപാടി നടത്തുകയാണ്. അതിനും നിങ്ങളുടെ സഹായം വേണം. കാരണം ഞങ്ങൾ ഒറ്റയ്ക്ക് ഓടിയിട്ട് കാര്യമില്ല. നമുക്ക് കൂട്ടായിട്ട് ഓടാം. കൂട്ടഓട്ടം അതാണ് ആവശ്യം. ഇന്നലെ ശ്രീ. ടി. കെ. ദേവകുമാർ എന്നെ പരിഹസിച്ചുകൊണ്ട് സംസാരിച്ചു. അദ്ദേഹം അയച്ച കത്തിന് ഞാൻ മറുപടി അയച്ചു. ഞാൻ തന്നെ ഞെട്ടിപ്പോയി. ഇവിടെ നിന്നു തന്നെ ഞാൻ വിളിച്ചു പറഞ്ഞു എനിക്ക് അവിടെ വരുമ്പോൾ ഫയൽ കാണണമെന്ന്. ആ ഫയൽ 26-6-2005-ൽ ശ്രീ. ടി. കെ. ദേവകുമാർ ഒപ്പിട്ട നിവേദനം ടൂറിസം വകുപ്പുമന്ത്രി എന്റെ ഓഫീസിൽ എത്തിച്ചു. 26-6-2005-ൽ തന്നെ ഞാൻ അതിൽ ഓർഡറിട്ട് സെക്രട്ടറി, ലോക്കൽ സെൽഫ് ഗവൺമെന്റ് (റൂറൽ)-ന് കൊടുത്തു. 30-ാം തീയതി ശ്രീ. ടി. കെ. ദേവകുമാറിന് ഞാൻ കത്തും കൊടുത്തു. ഞാൻ ഒരു തെറ്റേ ചെയ്തിട്ടുള്ളൂ. സാധാരണ ഗതിയിൽ എം. എൽ. എ.-മാർ നേരിട്ട് മന്ത്രിമാർക്ക് കത്ത് കൊടുത്താലാണ് മറുപടി കൊടുക്കുന്നത്. എന്റെ ഓഫീസിൽ ഞാൻ പറഞ്ഞിട്ടുണ്ട് എം.എൽ.എ.-മാരുടെ കത്ത് ഏതെങ്കിലും മിനിസ്റ്റേഴ്സു ഫോർവേഡ് ചെയ്താൽ

LIBRARY ARCHIVES Kerala Legislative Assembly

മിനിസ്റ്റേഴ്സിന് കൊടുക്കുന്ന കൂട്ടത്തിൽ ഒരു കത്ത് എം.എൽ.എ.മാർക്ക് കൂടി കൊടുക്കണമെന്ന്. ഞാൻ ആ കത്താണ് അയച്ചത്. ശ്രീ. ടി. കെ. ദേവകുമാർ ഇവിടെ പറഞ്ഞു രണ്ടുമൂന്ന് മാസം മുമ്പ് അയച്ച കത്തെന്ന്. ഞാൻ മറുപടി അയച്ചിട്ടുണ്ട്.

ശ്രീ. ടി. കെ. ദേവകുമാർ: ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ചാർജ്ജ് ഉണ്ടായിരുന്ന വേണുഗോപാൽ എഴുതിയ കത്താണ്. ഞാൻ അങ്ങേക്ക് കത്തെഴുതിയത് ഫെബ്രുവരി മാസം പത്താം തീയതിയാണ്. മൂന്ന് മാസത്തേക്ക് പദ്ധതിയുടെ കാലാവധി നീട്ടണമെന്ന് അങ്ങേക്ക് കത്തെഴുതി. ജൂൺ മാസം പത്താം തീയതിയായിട്ടും പദ്ധതി നീട്ടി കൊടുത്തില്ല. ഇനി അത് നടക്കില്ല എന്നുള്ള സത്യം അങ്ങേക്ക് ബോദ്ധ്യപ്പെടാൻ വേണ്ടിയാണ് ഈ പ്രശ്നം ഉന്നയിച്ചത്.

ശ്രീ. ഉമ്മൻചാണ്ടി: ഇല്ല. ശ്രീ. ടി. കെ. ദേവകുമാറിന് കമ്പ്യൂട്ടർ ഷീറ്റ് അയച്ചിട്ടുണ്ട്. 27/37/2005/CM/VIP Extension of time for completing the Development Project in Kerala. സെക്രട്ടറി, ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ അദ്ദേഹത്തിന്റേതായിട്ടുള്ളത് അയച്ചു. ഈ പെറ്റിഷന്റെ ഫയൽ മുഴുവൻ ഞാൻ എടുത്തുനോക്കി. ആറാട്ടുപുഴ, ആലപ്പാട് എന്നീ രണ്ട് പഞ്ചായത്തുകൾക്ക് ഇതു നീട്ടാനുള്ള പ്രൊപ്പോസലാണ്. കാരണം സുനാമി ബാധിത പ്രദേശത്ത് ഇത് നീട്ടണം. പക്ഷെ ഫിനാൻസ് മിനിസ്ററുമായി ആലോചിച്ച് രണ്ടു മാസത്തേക്ക് കേരളത്തിൽ മുഴുവൻ നീട്ടാൻ തീരുമാനിച്ചു. അപ്പോൾ ഇതിനായി പ്രത്യേക ഓർഡർ വേണ്ട എന്നുപറഞ്ഞ് ഈ ഫയൽ തിരിച്ച് വന്നു. ഇപ്പോൾ ശ്രീ. ടി. കെ. ദേവകുമാറിന്റെ റിക്വസ്ററിന്റെ അടിസ്ഥാനത്തിൽ വീണ്ടും നീട്ടുന്നത് സംബന്ധിച്ച ഫയൽ ക്ലോസ് ചെയ്ത് 21-ാം തീയതി ഇത് ചർച്ച ചെയ്യാൻ വേണ്ടി മോണിററിംഗ് കമ്മിററി കൂടുകയാണ്. അതിൽ എന്നെ കുററപ്പെടുത്തണമോ? ഇന്നലെ 'അതിവേഗം ബഹുദൂരം' ഇതാണോ എന്നൊക്കെ ചോദിച്ചു. പ്രതിപക്ഷത്ത് ചിലർ കയ്യടിക്കുകയും ചെയ്തു. ധവളപത്രം എന്തു ചെയ്തു എന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചോദിച്ചു. 2001-ൽ യു.ഡി.എഫ്. ഗവൺമെൻറ് അധികാരത്തിൽ വന്നപ്പോഴുള്ള സാമ്പത്തിക സ്ഥിതി നമുക്ക് ഇന്നും മറക്കാനാവാത്തതാണ്. എല്ലാം ഞങ്ങൾ പരിഹരിച്ചു എല്ലാം തീർത്തു എന്നൊന്നും അവകാശപ്പെടുന്നില്ല. ഇപ്പോഴും സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. പക്ഷെ നിങ്ങൾ ഒന്നു മനസ്സിലാക്കണം. നിങ്ങളുടെ അഞ്ചുകൊല്ലത്തെ ഫിനാൻസ് മാനേജുമെൻറും ഈ നാല് കൊല്ലത്തെ ഫിനാൻസ് മാനേജുമെൻറും തമ്മിൽ ഒന്ന് താരതമ്യപ്പെടുത്തണം. 1996-ൽ നിങ്ങൾ അധികാരം ഏറെറടുക്കുന്ന സമയത്ത് യു.ഡി.എഫ്. ഗവൺമെൻറ് റവന്യൂ കമ്മി 402.82 കോടി രൂപയാക്കി തന്നിട്ടാണ് പോയത്. 1991-ൽ ഞങ്ങൾ അധികാരമേൽക്കുമ്പോൾ 422 കോടി രൂപ ആയിരുന്നു. അഞ്ച് കൊല്ലം കൊണ്ട് ഞങ്ങൾ 20 കോടി രൂപ കുറച്ച് 402.82 കോടി രൂപയാക്കി. 2001-ൽ നിങ്ങൾ പിരിഞ്ഞപ്പോൾ 3147.05 കോടി രൂപയാണ്. ഇപ്പോൾ 2005-ൽ 3674.62 കോടി രൂപയാണ്. 500 കോടി രൂപയുടെ വർദ്ധനവാണ് നാല് കൊല്ലം കൊണ്ടു വന്നത്. നിങ്ങൾ എട്ട് ഇരട്ടി വർദ്ധനവാണ് അഞ്ചു കൊല്ലം കൊണ്ടു വരുത്തിയത്. എല്ലാം ആയി എന്നല്ല ഞാൻ പറയുന്നത്. വരുമാനം വർദ്ധിപ്പിക്കാനും ചെലവ് കുറയ്ക്കാനും കുറെ നിയന്ത്രണങ്ങൾ വരുത്തി കാര്യങ്ങൾ അല്പം മുന്നോട്ട് നിൽക്കുന്നു എന്നുമാത്രമേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

മൂവായിരം കോടി രൂപയുടെ അഴിമതിയെപ്പറ്റി പറഞ്ഞു. അഴിമതി ഉണ്ടെങ്കിൽ അത് തുറന്നടിക്കണം. യാതൊരു തെറ്റുമില്ല. ഞാൻ ഈ സഭയിൽ വന്നിട്ട് 35 വർഷമായി. ഇന്നുവരെ പ്രതിപക്ഷനേതാവ് അഴിമതി ആരോപണം ഉന്നയിച്ചിട്ടില്ല. പ്രതിപക്ഷനേതാവിന് അഴിമതി ആരോപണം ഉന്നയിക്കാൻ പാടില്ല എന്നല്ല ഞാൻ പറയുന്നത്. ഇന്നുവരെ ഉന്നയിച്ചിട്ടില്ല. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ പ്രതിപക്ഷ നേതാവ് ഒരു അഴിമതി ആരോപണം ഉന്നയിക്കുമ്പോൾ അതിനുതക്ക പ്രാധാന്യവും ഗൗരവവുമൊക്കെ ഉണ്ടാകണം. പ്രിയപ്പെട്ട പ്രതിപക്ഷാംഗങ്ങളോട് ഞാൻ പറയുകയാണ്; ഇന്ന് പ്രതിപക്ഷനേതാവ് ഒരു ചിറ്റ് ഞങ്ങൾക്ക് തന്നു. ലെറ്റർ പാഡിൽ അല്ല. ചായക്കടയിലെ പറ്റ് എഴുതുന്നതുപോലെ എഴുതിയിരിക്കുകയാണ് 2416 കോടി രൂപയുടെ അഴിമതി ആരോപണം. അങ്ങേക്ക് സ്റ്റാഫുകളും എല്ലാവിധ സൗകര്യങ്ങളും ഇല്ലേ? കുറച്ചുകൂടി ഗൗരവമായി ഇത് എടുത്തുകൂടേ? ജനങ്ങൾ കാണട്ടെ. (മുഖ്യമന്ത്രി ആ കടലാസ് സഭയിൽ ഉയർത്തി കാണിച്ചു). ഇങ്ങനെയാണോ ഇത് അവതരിപ്പിക്കേണ്ടത്. പ്രതിപക്ഷ നേതാവ് അഴിമതി ആരോപണം ഉന്നയിക്കുന്നതിൽ ഒരു തെറ്റുമില്ല. പക്ഷേ അതിനുപറ്റിയ ഗൗരവവും പ്രാധാന്യവും കൊടുത്ത് ഇത് അയയ്ക്കുന്നതിനുപകരം ഈ രീതിയിൽ ആണ് അയച്ചിട്ടുള്ളത്. അങ്ങ് ഇങ്ങനെയായാൽ അണികൾ എന്തു ചെയ്യും? ശ്രീ. എം. വി. ജയരാജൻ എനിക്ക് എഴുതി തന്നു. 266 കോടി രൂപയെന്ന്. അത് തപ്പി നടക്കുമ്പോൾ പെട്ടെന്ന് പറയുന്നു 25 കോടിയേയുള്ളൂ എന്ന്. ഇങ്ങനെ ഗൗരവമില്ലാതെ വന്നാലോ? ....(ബഹളം)..................അതിന് ശ്രീമതി കെ. ആർ. ഗൗരിയമ്മ മറുപടി പറഞ്ഞു. അതായത് ആവശ്യമില്ലാത്ത സ്ഥലത്ത് ഗോഡൗൺ പണിത് 26 കോടി രൂപ എന്നാണ് ഇപ്പോൾ ആക്കിയിരിക്കുന്നത്. ഗോഡൗൺ പണിയുന്നതിനുള്ള സ്ഥലം നിശ്ചയിച്ചത് മുഴുവൻ നിങ്ങളുടെ കാലത്താണ്. ഞാൻ അതിന്റെ ഫയൽ കൊണ്ടു വന്നിട്ടുണ്ട്. ആരോപണത്തെക്കുറിച്ച് മറുപടി പറയുന്നത് അവസാനമാണ്. അപ്പോൾ ഞാൻ അത് പറയാം. അത് കേരളത്തിലെ മുഴുവൻ ജനങ്ങളോടുമായി പറയേണ്ട കാര്യങ്ങളാണ്. അതിരപ്പിള്ളിയിൽ 100 കോടി രൂപയുടെ അഴിമതിയെപ്പറ്റി ശ്രീ. ടി. കെ. ദേവകുമാർ പറഞ്ഞു. അദ്ദേഹത്തെ ഇപ്പോൾ കാണുന്നില്ല. എങ്ങോട്ട് പോയി എന്ന് അറിയില്ല. ശ്രീ. ആര്യാടൻ മുഹമ്മദ് വിശദമായി പറഞ്ഞതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. പക്ഷേ നിങ്ങൾ തീരുമാനിച്ചിരുന്നതനുസരിച്ചുള്ള കമ്പനി ഗവൺമെന്റിന് കത്തയച്ചിട്ട് അതിൻമേൽ തീരുമാനമെടുക്കുന്നില്ല എന്നു പറയുന്നു. അതിൽ എങ്ങിനെയാണ് 100 കോടി രൂപയുടെ അഴിമതി നടക്കുന്നത്. അതിന്റെ കരാറും തീരുമാനവുമൊന്നും ആയിട്ടില്ല. ഇതു സംബന്ധിച്ച് നിങ്ങളുടെ കാലത്ത് നിശ്ചയിച്ചിരുന്നതനുസരിച്ചുള്ള കമ്പനി വന്നിട്ട് അവർതന്നെ ചില കണ്ടീഷൻസ് വച്ചിരിക്കുകയാണ്. സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് അണുവിട ദോഷം വരുന്ന ഒരു കാര്യവും ഈ ഗവൺമെന്റ് ചെയ്യില്ല എന്ന് ഞാൻ ഈ സഭയിൽ നിങ്ങൾക്ക് ഉറപ്പു തരികയാണ്. പക്ഷേ അതുപോലെ ഒരു കാര്യംകൂടി ഞാൻ ആവർത്തിക്കുകയാണ്. ഡൽഹിയിൽ പോയി പ്രധാനമന്ത്രി അടക്കമുള്ളവരെ കണ്ട് കേരളത്തിനുവേണ്ടി ഞങ്ങളെല്ലാം ശ്രമിച്ചാണ് അതിരപ്പിള്ളി പദ്ധതിക്ക് അനുമതി കിട്ടിയത്. 163 മെഗാവാട്ടാണ്. ഇവിടെ ഇലക്ട്രിസിറ്റി ക്ഷാമം ഇന്നില്ല എന്നു വേണമെങ്കിൽ പറയാം. പക്ഷേ കോസ്റ്റ്ലി ഇലക്ട്രിസിറ്റിയാണ്. തെർമൽ പവറാണ്. കോസ്റ്റ് വളരെ കൂടുതലാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഹൈഡൽ പവ്വറിന്റെ ഷെയർ വർദ്ധിപ്പിക്കണം. ഗവൺമെന്റ് അതിനുവേണ്ടി ശ്രമിക്കുകയാണ്. അതിന് ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് അതിരപ്പിള്ളി 163 മെഗാവാട്ട്. നമുക്ക് കേന്ദ്ര ഗവൺമെന്റിന്റെ ക്ലിയറൻസ് കിട്ടാത്തതുകൊണ്ടാണ് ഇത് തടസ്സപ്പെട്ടിട്ടുള്ളത്. ഞാൻ എന്നെല്ലാം ഡെൽഹിയിൽ പോയിട്ടുണ്ടോ അന്നെല്ലാം ഒന്നുകിൽ പ്രധാനമന്ത്രിയെ കാണും അല്ലെങ്കിൽ പരിസ്ഥിതി മന്ത്രിയെ കാണും അല്ലെങ്കിൽ ബന്ധപ്പെട്ട സെക്രട്ടറിയെ കാണും അല്ലെങ്കിൽ കേരള ഹൗസിൽ ഉദ്യോഗസ്ഥരെ വിളിച്ച് അതിന്റെ പൊസിഷൻ തിരക്കും. ഞാൻ പത്ത് പ്രാവശ്യം പോയിട്ടുണ്ട്. പത്ത് പ്രാവശ്യവും അത് അന്വേഷിച്ചു. അത് നടപ്പിലാക്കിയേ മതിയാകൂ എന്ന ആഗ്രഹമുള്ളതുകൊണ്ടാണ്. അങ്ങനെയുള്ള പദ്ധതിയെ അഴിമതി ആരോപണം കൊണ്ടുവന്ന് തടയിടാമെന്ന് വിചാരിച്ചാൽ അതിന് ഞങ്ങൾ തയ്യാറാകില്ല. ഇത് കേരളത്തിന്റെ ആവശ്യമാണ്. അതേ സമയത്ത് ഒരു പൈസയുടെ നഷ്ടം സംസ്ഥാനത്തിന് ഉണ്ടാകത്തക്കവിധത്തിലുള്ള ഒരു തീരുമാനത്തിനും പോകില്ല. എനിക്ക് ഈ സംശയം വന്നത് എന്തെന്ന് ചോദിച്ചാൽ ഇവിടെ പോസ്റ്റ് വാർക്കുന്നതിന് എതിരായിട്ട് ആരോപണം വന്നു. അത് കണ്ടപ്പോഴാണ് എനിക്ക് സംശയം. കാരണം നൂറ് ദിവസത്തെ പരിപാടിയിൽ ഇലക്ട്രിസിറ്റി ബോർഡ് വളരെ കൂടുതൽ കാര്യങ്ങൾ ചെയ്തു. അവർ ചെയ്യാമെന്ന് ടാർജററ് വച്ചു. പക്ഷെ സമയത്ത് അത്രയും കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചില്ല. നൂറു ദിവസം പൂർത്തിയാക്കിയപ്പോൾ ടാർജററിനെ മറികടന്ന് വന്നു. ഇലക്ട്രിസിറ്റി ബോർഡിൽ തീരുമാനമെടുത്താൽ നടപ്പിലാക്കാൻ സാധിക്കുമെന്നുള്ളത് വന്നതുകൊണ്ട് വൺ ഇയർ പ്രോഗ്രാം വന്നപ്പോൾ അവർക്ക് ഉദ്ദേശിച്ചതിനേക്കാൾ കൂടുതൽ ടാർജററ് ഞങ്ങൾ കൊടുത്തു. ഞങ്ങൾ കൊടുത്ത ടാർജററ് അവർ എടുത്തിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ ഇത്രയും കാലഘട്ടത്തിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ, വളരെ വേഗത്തിൽ അത്രയുംതന്നെ നേടാൻ വേണ്ടിയുള്ള ശ്രമങ്ങളാണ് അവർ നടത്തുന്നത്. ഇലക്ട്രിസിറ്റി കണക്ഷൻ ആഗ്രഹിക്കുന്ന മുഴുവൻ ആളുകൾക്കും കണക്ഷൻ കൊടുക്കുന്ന പരിപാടി വന്നു. അപ്പോൾ മെററീരിയൽ ഷോർട്ടേജുണ്ടായി. ആ മെററീരിയൽ ഷോർട്ടേജ് തീർക്കുന്നതിനുവേണ്ടി ഇലക്ട്രിസിററി ബോർഡിൽ ചില നടപടികൾ എടുത്തിട്ടുണ്ട്. അതിനും ഇന്ന് ചില അഴിമതി ആരോപണം വന്നിട്ടുണ്ട്. എന്തെങ്കിലും തെററുണ്ടെങ്കിൽ ഒരു കാരണവശാലും മുമ്പോട്ട് പോകില്ല. പക്ഷെ ആരോപണങ്ങൾ ഉന്നയിച്ച് നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളും ജനങ്ങൾക്ക് നൻമ ചെയ്യുന്ന പ്രവർത്തനങ്ങളും തടസ്സപ്പെടുത്താൻ നിങ്ങൾ ശ്രമിക്കരുത്. അങ്ങനെ തടസ്സപ്പെടുത്താൻ ശ്രമിച്ചാൽ ഞാൻ അത് അംഗീകരിക്കുന്ന പ്രശ്നമില്ല.

<u>ശ്രീ. കെ. പി. രാജേന്ദ്രൻ:</u> അതിരപ്പിള്ളി പദ്ധതിയെക്കുറിച്ച് അങ്ങ് പറഞ്ഞതുകൊണ്ടാണ് ഞാൻ പറയുന്നത്. വളരെ വേഗത്തിൽ മുന്നോട്ട് കൊണ്ടുപോകുന്നു എന്നു പറഞ്ഞല്ലോ; അതിരപ്പിള്ളി പദ്ധതിയുമായി ബന്ധപ്പെട്ട ആ പ്രദേശങ്ങളിലെ 24 ഗ്രാമപഞ്ചായത്തിലേയും രണ്ട് ബ്ലോക്ക് പഞ്ചായത്ത് ഉൾപ്പെടെയുള്ള ജന പ്രതിനിധികളും ഒററക്കെട്ടായി യു. ഡി. എഫ്., എൽ. ഡി. എഫ്. വ്യത്യാസമില്ലാതെ ആ പ്രദേശം ഉൾക്കൊള്ളുന്ന സ്ഥലത്തെ എം. എൽ. എ. ഉൾപ്പെടെ ആ പദ്ധതി പാടില്ലെന്ന് ഒരു പബ്ലിക് ഹിയറിങ്ങിലൂടെ തീരുമാനിച്ച സാഹചര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ആ പദ്ധതി മുന്നോട്ടു കൊണ്ടുപോകുമോ? എന്റെ അഭിപ്രായത്തിൽ അവിടത്തെ മൊത്തം ജനങ്ങളും എതിർക്കുന്നതുകൊണ്ട് ആ പദ്ധതിയുമായിട്ട് മുന്നോട്ട് പോകുന്നത് ആലോചിച്ചുവേണം.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: അതിരപ്പിള്ളി ഉൾക്കൊള്ളുന്ന പ്രദേശത്തെ എം എൽ. എ. എന്ന് പരാമർശിച്ചതുകൊണ്ടാണ് ഞാൻ പറയുന്നത്. ആ എം. എൽ. എ. ഞാനാണ്. അവിടെ പരിസ്ഥിതി സംരക്ഷകരെന്ന് പറഞ്ഞ് ഒരു കൂട്ടർ ഈ പദ്ധതി ഒരു കാരണവശാലും നടപ്പിലാക്കില്ലെന്ന് പറഞ്ഞ് പാവപ്പെട്ട ആദിവാസി കുടുംബങ്ങളിൽ കയറിയിറങ്ങി വെറുതെ ഇല്ലാത്ത വർത്തമാനങ്ങളൊക്കെ പറഞ്ഞ് ഒരു യോഗം ചേർന്നു. ആ യോഗത്തിൽ എന്നേയും ക്ഷണിച്ചപ്പോൾ ഞാനും പോയി. ഒരു യോഗത്തിൽ ഞാൻ സംബന്ധിച്ചു എന്നുള്ളതുകൊണ്ട് ഞാൻ ഉൾപ്പെടെ ഈ പദ്ധതിക്ക് എതിരാണെന്ന് അസത്യമായ പ്രസ്താവന ചേർപ്പ് എം. എൽ. എ. ഇവിടെ ഉന്നയിച്ചത് ശരിയായില്ലെന്ന്, വിനയപൂർവ്വം അറിയിക്കുന്നു. ഈ പറഞ്ഞപോലെ 24 പഞ്ചായത്തിലെ ആളൊന്നും അവിടെ വന്നില്ല. സംഘടന കൊണ്ടുവന്ന കുറച്ചു സ്കൂൾ കുട്ടികളും ഒരു ആദിവാസി ഊരിൽനിന്ന് വന്ന കുറച്ച് സ്ത്രീകളും പുരുഷൻമാരുമാണ് ആ യോഗത്തിൽ ഉണ്ടായിരുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി: നമുക്ക് ഈ പദ്ധതി വേണം. പക്ഷെ ഇതിനകത്ത് അഴിമതി വേണ്ട. ആർക്കെങ്കിലും എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെന്ന് അവിടത്തെ എം. എൽ. എ. പറഞ്ഞാൽ ആ ബുദ്ധിമുട്ട് എങ്ങനെ പരിഹരിക്കാൻ സാധിക്കും എന്നും നമുക്ക് പരിശോധിക്കാം. പക്ഷെ ഈ പദ്ധതിയുമായി മുന്നോട്ട് പോകാൻ എല്ലാവരും സഹായിക്കണം. അതു കൊണ്ട് അഴിമതി ആരോപണങ്ങൾ വസ്തുതയുടെ അടിസ്ഥാനത്തിൽ യാഥാർത്ഥ്യബോധത്തോടുകൂടി കൊണ്ടുവരികയും അത് കുറച്ചുകൂടി സീരിയസായിട്ട് ഡിസ്കസ് ചെയ്യുകയും ചെയ്യുന്ന ഒരു സാഹചര്യം ഉണ്ടാകണം. റവന്യൂ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു കഴിഞ്ഞു. അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണെന്ന് ആഗോള സംഘടന അടുത്ത കാലത്ത് നടത്തിയ പഠനത്തിൽ വ്യക്തമാക്കിയിരിക്കുകയാണ്. 20 സംസ്ഥാനങ്ങളിലായി 356 ഗ്രാമങ്ങളിൽ നടത്തിയ സർവ്വേയിൽ കേരളത്തിലെ 11 സർക്കാർ ഓഫീസുകളെ കേന്ദ്രീകരിച്ച് നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിലാണ് ഈ നിഗമനത്തിലെത്തിയത്. ഇതിൽ നമ്മൾ അഭിമാനം കൊള്ളുകയല്ലേ വേണ്ടത്? നമുക്ക് ഒന്നിച്ച് ശ്രമിക്കാം. കാര്യങ്ങളെല്ലാം സുതാര്യമാക്കാനും, അഴിമതി രഹിതമാക്കാനും കാര്യക്ഷമമാക്കാനും നമുക്ക് കൂട്ടായി ശ്രമിക്കാം. പക്ഷെ ഇന്ന് നമ്മുടെ സംസ്ഥാനത്ത് അഭിമാനിക്കാൻ സാധിക്കത്തക്കവിധത്തിലുള്ള ഒരു നേട്ടമാണ് വന്നിരിക്കുന്നതെന്ന് സൂചിപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. അടുത്ത് പറഞ്ഞത് വ്യാവസായിക-കാർഷിക, വിദ്യാഭ്യാസ മേഖലകളിലെ സ്വകാര്യവൽക്കരണത്തെക്കുറിച്ചാണ്. 9 പബ്ലിക് സെക്ടർ സ്ഥാപനങ്ങൾ അടച്ചു പൂട്ടിയെന്നു പറയുന്നു. സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് ഒരു വിധത്തിലും മുന്നോട്ട് പോകാൻ പറ്റാത്ത സാഹചര്യത്തിൽ വന്ന ഒരു കാര്യമാണിത്. ഞാൻ അധികാരം ഏറ്റെടുത്ത ഉടനെ തന്നെ ഇനിയുള്ള പൊതുമേഖലാ സ്ഥാപനങ്ങളൊന്നും പൂട്ടരുതെന്ന് പറഞ്ഞ് പ്രതിപക്ഷ നേതാവ് കത്ത് തന്നിരുന്നു. അതിന്റെയടിസ്ഥാനത്തിൽ പ്രതിപക്ഷ നേതാക്കളെല്ലാം സംസാരിച്ചു തീരുമാനമെടുത്തിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് വേഗത്തിൽ മുന്നോട്ട് പോകാൻ നമുക്ക് സാധിച്ചില്ലെങ്കിലും ഇനി ഒരു സ്ഥാപനവും പൂട്ടാതിരിക്കാനുള്ള നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

എടുത്തിട്ടുണ്ട്. ലാഭത്തിലുള്ള ഒരു സ്ഥാപനവും പൂട്ടില്ല. വൺ ടൈം ഹെൽപ്പ് കൊണ്ട് പിടിച്ചു നിൽക്കുമെങ്കിൽ വി. ആർ. എസ്. കൊടുത്തോ മോഡണൈസേഷൻ നടത്തിയോ കടബാധ്യത കുറച്ചോ എങ്ങനെയെങ്കിലും ഇത് നടക്കുമെന്നുണ്ടെങ്കിൽ ഗവൺമെന്റ് ശ്രമിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഇതനുസരിച്ച് തുടർന്നുള്ള നടപടികൾ നിർത്തിവച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ ഈ ഗവൺമെന്റ് ഒരു കോളേജും ഇതുവരെ സ്വകാര്യ മേഖലയ്ക്ക് കൊടുത്തിട്ടില്ല. കൊടുക്കണമെന്ന ആഗ്രഹമുണ്ട്. വളരെ വർഷങ്ങളായി ആദ്യമായിട്ടാണ് ഗവൺമെന്റ് കോളേജുകളിൽ അഡീഷണൽ ബാച്ചുകൾ കൊടുത്തത്. കോടതിയുടെ നിർദ്ദേശപ്രകാരം 16 ഹയർ സെക്കൻററി സ്കൂളുകൾ സ്വകാര്യമേഖലയ്ക്കും 286 സ്കൂളുകൾ ഗവൺമെന്റ് മേഖലയ്ക്കും കൊടുത്തിട്ടുണ്ട്. സ്വകാര്യമേഖലയെ അവഗണിക്കാനോ പിൻതള്ളാനോ അല്ല. മറിച്ച് സാമ്പത്തിക ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഉള്ളതുകൊണ്ട് പലപ്പോഴും സ്വാശ്രയ മേഖലയെ ആശ്രയിക്കേണ്ടതായി വരികയാണ്. ആശ്രയിക്കുക എന്നുള്ള പദമാണ് ഉപയോഗിക്കുന്നത്. പ്രോൽസാഹിപ്പിക്കുകയല്ല. കാരണം നമ്മുടെ കുട്ടികൾക്ക് അവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കണം. കേരളത്തിന് പുറത്ത് എന്തെല്ലാം സൗകര്യങ്ങളാണ് വിദ്യാഭ്യാസരംഗത്ത് ഉള്ളത്. ഇപ്പോൾത്തന്നെ സ്വാശ്രയ കോളേജുകൾ വരുന്നതിനുമുൻപുള്ള സ്ഥിതി എന്തായിരുന്നു. സ്വാശ്രയ കോളേജുകളുടെ കാര്യത്തിൽ നിങ്ങൾ പറയുന്ന ഏത് കുററവും ഞങ്ങൾ ഏററുവാങ്ങാം. കാരണം രണ്ട് സ്വാശ്രയ കോളേജ് സമം ഒരു ഗവൺമെന്റ് കോളേജ്. അതായിരുന്നു ഗവൺമെൻറിൻെറ നയം. അതുതന്നെയാണ് ഗവൺമെൻറിൻെറ ഇന്നത്തേയും നയം. പക്ഷെ അതിന് തടസ്സമായി ചില കാര്യങ്ങൾ വന്നു. മാനേജ്മെൻറുകൾ അതിനെ എതിർത്തുകൊണ്ട് കോടതിയിൽ പോയി. കോടതി വിധി നമുക്ക് ദോഷകരമായി വന്നു. അങ്ങനെ വന്ന സാഹചര്യത്തിൽ ചില ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. അത് ഞാൻ സമ്മതിക്കുന്നു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> നിങ്ങൾ പ്രഖ്യാപിച്ച സ്വാശ്രയ നയം രണ്ട് സ്വാശ്രയ കോളേജുകൾ സമം ഒരു ഗവൺമെന്റ് കോളേജ് എന്നുള്ളതാണ്. അതിൻെറ അടിസ്ഥാനത്തിൽ സ്വാശ്രയ കോളേജ് കൊടുത്ത സന്ദർഭത്തിൽ അവരിൽനിന്ന് ഒരു എഗ്രിമെന്റ്പോലും എഴുതി വാങ്ങാത്തതിൻെറ ഫലമായിട്ടാണ് ഇങ്ങനെ സംഭവിച്ചതെന്ന് മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആൻറണി തന്നെ പരസ്യമായി പറഞ്ഞുകഴിഞ്ഞു. കർണ്ണാടക ഗവൺമെൻറ് സ്വകാര്യ മാനേജുമെൻറുകളുമായി ഒരു എഗ്രിമെൻറ് ഉണ്ടാക്കി. ആ എഗ്രിമെൻറിൻെറ അടിസ്ഥാനത്തിൽ വിദ്യാർത്ഥി പ്രവേശനം നടത്തിക്കൊള്ളാൻ സുപ്രീംകോടതി അനുമതി കൊടുത്തു. ഈ സാഹചര്യത്തിൽ കർണ്ണാടകയിൽ ചെയ്തതുപോലെ ഇവിടുത്തെ മാനേജുമെൻറുമായി കോടതിക്ക് പുറത്ത് നമ്മളുണ്ടാക്കിയ നിയമത്തിൻെറ അടിസ്ഥാനത്തിൽ എഗ്രിമെൻറ് ഉണ്ടാക്കാൻ ഒരു ചർച്ചയും ഇതുവരെ നടത്താതിരുന്നത് എന്തുകൊണ്ടാണ്? ഇന്നിപ്പോൾ കേരളത്തിലെ എല്ലാ സ്വകാര്യ സ്വാശ്രയ മാനേജുമെൻറുകളും ഇഷ്ടംപോലെ പൈസ വാങ്ങുന്ന സ്ഥിതിയിലേക്ക് എത്തിക്കഴിഞ്ഞിരിക്കയാണ്. വമ്പിച്ച അഴിമതിയുടെ കേന്ദ്രങ്ങളായി കേരളത്തിലെ സ്വാശ്രയ കോളേജുകൾ മാറിക്കഴിഞ്ഞ സാഹചര്യത്തിൽ ഈ ഗൗരവം കണക്കിലെടുത്ത് ഇടപെടാൻ ഇനിയെങ്കിലും മുഖ്യമന്ത്രി തയ്യാറാകുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി <u>(ശ്രീ. കെ. എം. മാണി):</u> ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അനുവാദത്തോടെ ഗവൺമെൻറിനുവേണ്ടി ഒരു വാക്ക്. അന്ന് ഉണ്ണികൃഷ്ണൻ കേസാണ്. സുപ്രീംകോടതി ഉണ്ണികൃഷ്ണൻ ജഡ്ജ്മെൻറിലൂടെ 50 ഫ്രീ സീററ്, 50 പേമെൻറ് സീററ് എന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിരുന്ന സന്ദർഭത്തിൽ അന്ന് നിലവിലുള്ള വ്യവസ്ഥയാണിത്. അതുകൊണ്ട് എഗ്രിമെൻറ് വാങ്ങേണ്ട കാര്യമില്ല. എഗ്രിമെൻറ് വാങ്ങിയില്ലെങ്കിലും Supreme Court judgment is the law of the land അതുകൊണ്ട് വേറെ ആവശ്യമില്ല. പിന്നെ സ്ഥിതിഗതികൾ മാറും.

ശ്രീ. ഉമ്മൻ ചാണ്ടി: ഞങ്ങൾ സംസാരിച്ചിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): മാനേജുമെൻറുകളിലൊക്കെത്തന്നെ ഏററവും താൽപ്പര്യക്കാരനായിട്ടുള്ള ശ്രീ. കെ. എം. മാണിയെ ഇതുപോലുള്ള സന്ദർഭത്തിൽ സംസാരിക്കാൻ അനുവദിക്കരുത്. അങ്ങ് തന്നെ പറയണം.

ശ്രീ. ഉമ്മൻ ചാണ്ടി: വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഞാനും കൂടി ഒരു റൗണ്ട് ചർച്ച നടത്തിയിട്ടുണ്ട്. അതുകൊണ്ട് എല്ലാമായി എന്ന് പറയുന്നില്ല. ഞങ്ങൾ ചർച്ച തുടരും. ഞങ്ങൾക്ക് ഇപ്പോൾ ചർച്ച തുടരാൻ ആത്മവിശ്വാസം തരുന്നത് പ്രതിപക്ഷ നേതാവ് എല്ലാ കക്ഷിനേതാക്കൻമാരുടേയും യോഗത്തിൽ പറഞ്ഞ കാര്യമാണ്. ഇതുവരെ ഒരു കാര്യത്തിൽ മാത്രം നമുക്ക് അഭിപ്രായ വ്യത്യാസം ഉണ്ടായിരുന്നു. രണ്ട് സ്വാശ്രയ കോളേജുകൾ സമം ഒരു ഗവൺമെൻറ് കോളേജ് എന്ന് പറയുമ്പോൾ മാനേജ്മെൻറ് ക്വാട്ടയിൽ മാനേജ്മെൻറിന് ഫ്രീഡം കൊടുത്തില്ലെങ്കിൽ സ്ഥാപനങ്ങൾ നടത്തിക്കൊണ്ട് പോകാൻ പററില്ല. അതിൽ നിങ്ങൾ ചെറിയൊരു റിസർവേഷനെക്കുറിച്ച് പറഞ്ഞിരുന്നു. അത് മാറി. ഇതാണ് ഞങ്ങളുടെ പ്രധാനപ്പെട്ട കാര്യം എന്ന് പറഞ്ഞപ്പോൾ അത് സഹായകരമായി. അതുവച്ചുകൊണ്ട് അമിതമായി ചൂഷണം ചെയ്യാനോ സ്വാതന്ത്ര്യം കൊടുക്കാനോ അല്ല. പക്ഷേ ഒരു സ്ഥാപനം നടത്തിക്കൊണ്ടുപോകാൻ ആവശ്യമായ റിസോഴ്സസ് ആ സ്ഥാപനങ്ങളിൽ നിന്ന് ഉണ്ടാക്കുക. ഇവിടെ ഫ്രീയായി കൊടുക്കുമ്പോൾ മറുഭാഗത്ത് കൂടുതൽ ചാർജ്ജ് ചെയ്യേണ്ടിവരും. അത് അവരുമായി ചർച്ച ചെയ്യും. ഞങ്ങൾ ആ നിലയിലേയ്ക്ക് പോകും സംശയമില്ല. എനിക്ക് പ്രതിപക്ഷ നേതാവിനോടും പ്രതിപക്ഷ എം. എൽ. എ. മാരോടും ഒന്ന് ചോദിക്കാനുള്ളത് അടുത്ത കാലത്ത് വലിയ സമരങ്ങളൊക്കെ നടന്നു. നിങ്ങളുടെ എതിർപ്പ് എന്തിനോടാണ്? ഗവൺമെൻറിനോടാണോ? അതോ ഈ നയത്തിനോടാണോ? ഈ നയത്തിനോടാണെങ്കിൽ ഇതിൽ എത്രയോ നേതാക്കൻമാരുടെ മക്കളാണ് സ്വാശ്രയ കോളേജുകളിൽ പഠിക്കുന്നത്? എത്രയോ പേർ മററ് സംസ്ഥാനങ്ങളിൽ പോയി പഠിക്കുന്നു. നിങ്ങൾ ഒരു തീരുമാനമെടുക്കു്. ഗവൺമെൻറിനോടാണ് എതിർപ്പെങ്കിൽ എതിർത്തോളൂ. കാരണം ഒരു പ്രതിപക്ഷം ഗവൺമെൻറിനെ എതിർക്കുക സ്വാഭാവികമാണ്. ഈ നയത്തോടാണ് എതിർപ്പെങ്കിൽ ഇത് രണ്ടുംകൂടി ഒന്നിച്ച് പോകുമോ?

ശ്രീ. സി. കെ. നാണു: ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, ഈ സംസ്ഥാനം എത്രയോ വർഷങ്ങളായി ഇൻഡ്യയിലെ മററ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി പിന്തുടർന്നു വരുന്ന വിദ്യാഭ്യാസ നയത്തിനെതിരെ നടപടികൾ സ്വീകരിച്ചു. അതിനുശേഷം പ്രക്ഷോഭം നടത്തി. രണ്ടു മൂന്ന് കൊല്ലം കഴിഞ്ഞു. ഇപ്പോൾ നിങ്ങളാണ് ഭരിക്കുന്നത്? ഈ ഗവൺമെൻറിൽ നിന്ന് ഭൂരിപക്ഷം വരുന്ന പാവങ്ങളുടെ താൽപ്പര്യം പരമാവധി സംരക്ഷിക്കാൻ, 50 ശതമാനം റിസർവേഷൻ സമ്മതിച്ചു കിട്ടാൻ നാലു വർഷം മർദ്ദനം ഏൽക്കേണ്ടി വന്നു. സാമൂഹ്യമായ ബാദ്ധ്യത ഏറെറടുക്കുന്ന വിദ്യാർത്ഥികളെ,

LIBRARY ARCHIVES Kerala Legislative Assembly

യുവാക്കളെ ഈ മർദ്ദനത്തിൽ നിന്ന് രക്ഷിക്കാൻ പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം സ്വീകരിക്കാൻ സാധിക്കുന്ന നടപടി അത് മാത്രമാണ്. അതൊരു ദൗർബല്യമല്ല.

ശ്രീ. ഉമ്മൻ ചാണ്ടി: ദൗർബല്യമായിട്ടല്ല പറഞ്ഞത്. ഞാൻ ചോദിച്ചത് ഇതാണ്. നിങ്ങൾ നയത്തോടാണോ അതോ ഗവൺമെന്റിനെയാണോ എതിർക്കുന്നത്? ഗവൺമെന്റിനോടാണെങ്കിൽ മറുപടിയില്ല. എനിക്ക് പരാതിയില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇക്കാര്യത്തിൽ ഞങ്ങളുടെ നയം എന്താണെന്നുള്ളത് ഇടതുപക്ഷ മുന്നണിയുടെ കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പ് കാലത്തെ മാനിഫെസ്റ്റോയിൽ വ്യക്തമാക്കിയിട്ടുണ്ട്. സാമൂഹ്യനിയന്ത്രണത്തിന് വിധേയമായേ ഇത്തരം സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകാൻ പാടുള്ളൂ. ഗവൺമെന്റ് പറഞ്ഞിട്ടുള്ള 50 ശതമാനം സീറ്റിൻമേൽ മെറിറ്റ് സീറ്റിൽ ഗവൺമെന്റ് കോളേജിലെ ഫീസ് എന്നുള്ള തത്വത്തെ അടിസ്ഥാനമാക്കി മാത്രമേ ഇവിടെ കോളേജുകൾ പ്രവർത്തിക്കാൻ പാടുള്ളൂ; ഇതാണ് ഞങ്ങളുടെ നയം.

ശ്രീ. ഉമ്മൻ ചാണ്ടി: ഒരു സാമൂഹ്യ നിയന്ത്രണത്തിന് വിധേയമായി സെൽഫ് ഫിനാൻസിംഗ് കോളേജിൽ നിങ്ങളുടെ നേതാക്കൻമാരുടെ മക്കൾ പഠിക്കുന്നത് ശരിയാണോ? അതാണ് എന്റെ ചോദ്യം.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: നയത്തെയാണോ ഗവൺമെന്റിനെയാണോ എതിർക്കുന്നത് എന്ന് ചോദിച്ചത് കഷ്ടമായിപ്പോയി. കാരണം ഞങ്ങൾ എത്രയോ പ്രാവശ്യം ഇതുസംബന്ധിച്ച് നിങ്ങൾ എല്ലാ പാർട്ടികളുടേയും യോഗം വിളിച്ചപ്പോഴും പ്രതിപക്ഷ നേതാവിനെ വിളിച്ചപ്പോഴും എല്ലാം വ്യക്തമാക്കിയിട്ടുള്ളതാണ്. ഇതുസംബന്ധിച്ച് റിസർവ്വേഷൻ ഉണ്ടായിരുന്നത് മാറി പറഞ്ഞത് സഹായമായി എന്ന് പറഞ്ഞിട്ടും അങ്ങനെ കിട്ടിയ അവസരം ഉപയോഗപ്പെടുത്തിക്കൊണ്ട് ബാക്കി 50 ശതമാനം സീറ്റിൽ സ്വതന്ത്ര നിലപാട് സ്വീകരിക്കാൻ ഗവൺമെന്റ് നിങ്ങൾക്ക് അവസരം തരുമ്പോൾ അത് മറേറ 50 ശതമാനത്തിൽ മെറിററഡ് ആയിട്ടുള്ള സ്ററുഡൻസിനെ എടുക്കാതിരിക്കുന്നത് ശരിയല്ല എന്ന് ഇപ്പോഴെങ്കിലും ഉറപ്പ് പറയാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? അത് ചെയ്യാതെ ഞങ്ങളുടെ കുട്ടികളെ സ്വാശ്രയത്തിലേയ്ക്ക് അയയ്ക്കുന്നു എന്നു പറഞ്ഞ് പരിഹസിക്കാനല്ലേ നിങ്ങൾ തുനിഞ്ഞത്? അത് ശരിയല്ലേ?

ശ്രീ. ഉമ്മൻ ചാണ്ടി: അങ്ങയെ വേദനിപ്പിച്ചെങ്കിൽ ഞാൻ പിൻവലിക്കുന്നു. പക്ഷേ യാഥാർത്ഥ്യം ഞാൻ പറഞ്ഞു എന്നേയുള്ളൂ. ഒരു വശത്ത് പാവപ്പെട്ട കുട്ടികൾ തെരുവിൽക്കിടന്ന് തല്ലു കൊള്ളുക, മറു വശത്ത് നേതാക്കൻമാരുടെ മക്കൾ പഠിക്കുക. അതുകൊണ്ട് ഞാൻ പറഞ്ഞു എന്നേയുള്ളൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എയ്ഡഡ് കോളേജുകളും ഗവൺമെന്റ് കോളേജുകളും മാത്രം ഉണ്ടായിരുന്ന കാലത്തും ഞങ്ങൾ ചോദ്യം ചോദിച്ചിട്ടുണ്ട്. നിങ്ങൾ സ്വകാര്യ മേഖലയ്ക്ക് എതിരല്ലേ? നിങ്ങളെന്തിനാണ് എയ്ഡഡ് സ്കൂളുകളിൽ കുട്ടികളെ പഠിപ്പിക്കുന്നതെന്ന് ചോദിച്ചിട്ടുണ്ട്. അതേ ചോദ്യത്തിന്റെ അർത്ഥം മാത്രമേ ഇപ്പോൾ ചോദിച്ച ചോദ്യത്തിലും ഉള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: തൊഴിലില്ലായ്മ കേരളത്തിൽ ഏററവും രൂക്ഷമാണ്. ഞങ്ങൾ സമ്മതിക്കുന്നു. അതുവച്ചുകൊണ്ടാണ് ഞങ്ങൾ ഇവിടെ കൂടുതൽ ഇൻവെസ്ററ്മെൻറ് വരണം, ഗവൺമെൻറിന് എവിടെ ഇൻവെസ്ററ് ചെയ്യാൻ സാധിക്കും, ശമ്പളവും പെൻഷനും പലിശയും കൂടി 92 ശതമാനം വരും.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടീ, ഇപ്പോൾ അങ്ങ് പറഞ്ഞ 50 ശതമാനത്തിൽ വേറൊരു കുഴപ്പം വന്നിരിക്കുന്നു. അതായത് 85 ശതമാനം സീററ് മെറിററ് ക്വാട്ടയിൽ നിന്ന് കൊടുത്തുകൊണ്ടിരുന്ന എയ്ഡഡ് ട്രെയിനിംഗ് കോളേജുകളിലും, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലും ഇന്നലെ അഡ്മിഷൻ നടന്നിട്ടില്ല. അവർ 50 എ നുള്ളതിൽനിന്ന് 50-ലേയ്ക്ക് വരികയാണ്. നമ്മൾ 50 ശതമാനത്തിലേക്ക് കൊണ്ടെത്തിക്കാൻ ശ്രമിക്കുമ്പോൾ മറുഭാഗത്ത് 50 ശതമാനത്തിലേയ്ക്ക് വരാൻ ശ്രമിക്കുകയാണ്. കോടതി വിധിയും കേസുമായി ഇന്നലെ അഡ്മിഷൻ നടന്നില്ല. എൽ. ബി. എസ്. സെലക്ഷൻ നടത്തി അയച്ച എയ്ഡഡ് ട്രെയിനിംഗ് കോളേജുകളിൽ ഇന്നലെ അഡ്മിഷൻ നടന്നിട്ടില്ല. സംഗതി വളരെ ഗുരുതരമായിരിക്കയാണ്. അതിന് എന്താണ് ഗവൺമെൻറിന് ചെയ്യാൻ പോകുന്നത്?

ശ്രീ. ഉമ്മൻ ചാണ്ടി: ചില ബി. എഡ്. കോളേജിൽ അഡ്മിഷൻ നടന്നിട്ടുണ്ട്. അതിന് ഇപ്പോൾ തന്നെ വ്യവസ്ഥയുണ്ട്. 50 : 50 എന്നു പറയുന്നത് സ്വാശ്രയ കോളേജുകളിലാണ്. എയ്ഡഡ് കോളേജുകളിലെ അഡ്മിഷൻ സിസ്ററം വേറെ രീതിയിലാണ്. മാനേജ്മെൻറ് ക്വാട്ട 15 ശതമാനം, കമ്മ്യൂണിററി ക്വാട്ടയും റിസർവ്വേഷനുമാണ്. പക്ഷേ അത് മെറിററിൽ ആയിരിക്കണം എന്നുള്ളതാണ്. അതിനോട് സഹകരിക്കണം. കാരണം എയ്ഡഡ് സ്ഥാപനങ്ങളിലെ പ്രവേശന രീതി വേറെയാണ്. കേരളത്തിൽ തൊഴിലില്ലായ്മ രൂക്ഷമാണ്. അതിനെന്താണ് പോംവഴി? സമരം ചെയ്തതുകൊണ്ട് ഇവിടെ തൊഴിലവസരങ്ങൾ ഉണ്ടാകുകയില്ല. മുദ്രാവാക്യം വിളിച്ചതുകൊണ്ട് ഇവിടെ സ്ഥാപനങ്ങൾ വരുകയില്ല. ഇവിടെ പുതിയ ഇൻവെസ്ററ്മെൻറ് വരണം. അതിനുവേണ്ടിയാണ് ഗവൺമെൻറ് പരമാവധി ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ആ ശ്രമങ്ങൾ വിജയിക്കണമെങ്കിൽ നിങ്ങളുടെ സഹായം കൂടി വേണം. സിംഗപ്പൂരിൽ നിന്ന് ഫാഷൻ സിററിയുടെ ആൾക്കാർ മൂന്നു ദിവസത്തെ സന്ദർശനത്തിനായി കേരളത്തിൽ വന്നു. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി എറണാകുളത്തു പോയി അവരുമായി ഡിസ്കഷൻ നടത്തി. അവർക്ക് സ്ഥലം കാണിച്ചു കൊടുത്തു. അവർക്ക് സ്ഥലം ഇഷ്ടപ്പെട്ടു. പിന്നീട് തിരുവനന്തപുരത്തു വന്ന് എന്റെ സാന്നിദ്ധ്യത്തിൽ ഒരു ഫൈനൽ റൗണ്ട് ഡിസ്കഷൻ നടത്താൻ വച്ചിരുന്നതാണ്. അപ്പോഴാണ് ഹർത്താൽ. അവർ എറണാകുളത്തു നിന്നുതന്നെ തിരിച്ചുപോയി. ഡൽഹിയിൽ നിന്ന് നിങ്ങളുടെ പാർട്ടിയിൽപ്പെട്ട ആലപ്പുഴ എം. പി. ആയ ശ്രീ. മനോജ്, ആലപ്പുഴയിലെ നെഹ്റു ട്രോഫിയുടെ ടെർമിനലുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രശ്നം ചർച്ച ചെയ്യാനായി നാഷണൽ വാട്ടർ വേയ്സിലെ ഉദ്യോഗസ്ഥൻമാരൊക്കെ വന്നു. അവർ മൂന്നു ദിവസത്തേയ്ക്കാണ് ഇവിടെ വന്നത്. പിറേറ ദിവസം സമരമാണെന്ന് കണ്ടുകൊണ്ട് അവർ പ്രാരംഭ ചർച്ചകൾ നടത്തി തിരിച്ചു പോയി. നമുക്ക് ഈ കാര്യങ്ങളിൽ ഒരു യോജിപ്പു വേണ്ടേ? നമുക്ക് വളരെയധികം അനുഭവങ്ങളില്ലേ? സമരം ചെയ്തതുകൊണ്ട് ഇവിടെ പുതിയ

LIBRARY ARCHIVES Kerala Legislative Assembly

ഇൻവെസ്റ്റ്മെന്റ് വരാൻ പോകുന്നില്ല. രണ്ടാഴ്ച മുമ്പ് ശ്രീ. വി. ആർ. കൃഷ്ണയ്യർ ശ്രീ. സീതാറാം യെച്ചൂരിക്ക് ഒരു കത്തെഴുതി. ശ്രീ. വി ആർ. കൃഷ്ണയ്യർ യു. ഡി. എഫ്.-ന്റെ ആളല്ലല്ലോ. കാറൽ മാർക്സിന്റെ തത്വം കേവലം ഹർത്താലും സമരം ബഹിഷ്കരണവും മാത്രമല്ല. മറിച്ച് അത് സർഗ്ഗാത്മകമാണ്. ജനാധിപത്യ സോഷ്യലിസ്റ്റ് നടപടികളാണ്. നിങ്ങൾ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ഇൻകിലാബിന്റെ പടധ്വനിയുമായി പഞ്ചനക്ഷത്ര കാപ്പിറ്റലിസത്തിന്റെ ചെങ്കൊടി പാറുന്നതും മാർക്സിസമല്ല. അദ്ദേഹം ഹർത്താലിനെതിരെ എഴുതിയിരിക്കുകയാണ്. ആ പോയിന്റുകളാണ് ഞാൻ പറയുന്നത്. നമ്മൾ ഒന്നു ചിന്തിക്കണം. ഹർത്താലിനും പ്രതിഷേധത്തിനും അവകാശമുണ്ട്, സ്വാതന്ത്ര്യമുണ്ട്. അതുപയോഗിക്കൂ. പക്ഷേ ജനങ്ങൾക്ക് ബുദ്ധിമുട്ട് വരത്തക്ക വിധത്തിലുള്ള സമരങ്ങളും ഹർത്താലുകളും നമ്മുടെ സംസ്ഥാനത്തിന്റെ വികസനത്തെ ബാധിക്കുന്ന പ്രശ്നങ്ങളാണ്. തൊഴിലില്ലാത്ത ചെറുപ്പക്കാരെ ഓർത്തെങ്കിലും ഒരു നയം മാറ്റത്തിന് നിങ്ങൾ തയ്യാറാകണം. അങ്ങ് അവിശ്വാസപ്രമേയം അവതരിപ്പിക്കുന്നതിന് മുഖ്യമായി ഒരു കാരണം പറഞ്ഞിരിക്കുന്നത് ഇതായതുകൊണ്ട് അങ്ങോട്ടും കൂടിയുള്ള ഒരഭ്യർത്ഥനയാണ്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് എന്തൊക്കെ ചെയ്യണം? അതു ചെയ്യാൻ തയ്യാറാണ്. മതന്യൂനപക്ഷങ്ങൾക്ക് സംരക്ഷണമില്ല എന്നു പറഞ്ഞു......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സി. പി. എം. ആണ് ഹർത്താൽ നടത്തുന്നത് എന്ന ധാരണയിലാണ് അങ്ങു പറയുന്നത്. വ്യാപാരി വ്യവസായി ഏകോപന സമിതി മൂന്നു ദിവസം തുടർച്ചയായി ബന്ദ് നടത്തിയ ഒരു സംസ്ഥാനമാണിത്. ഞങ്ങൾ വർഷത്തിൽ ഒരിക്കൽ മാത്രമാണ് ബന്ദ് നടത്തുന്നത്. അവർ മൂന്നു ദിവസം തുടർച്ചയായി ബന്ദ് നടത്തിയതാണ്. ഞങ്ങളെ ഈ കാര്യത്തിൽ കുറ്റപ്പെടുത്തുന്നതിനു മുമ്പ് അങ്ങയുടെ കൂടെയുള്ള ആളുകളെ തന്നെ ഉപദേശിക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇവിടെ മതന്യൂനപക്ഷങ്ങൾക്ക് സംരക്ഷണമില്ല എന്നുള്ളതാണ് മറ്റൊരു കാരണമായി പറഞ്ഞത്. മതന്യൂനപക്ഷങ്ങളുടെ അവകാശങ്ങളൊക്കെ സംരക്ഷിക്കും. അതിന് പോറലേൽക്കുന്ന ഒരു കാര്യവും ഉണ്ടാകുകയില്ല. പക്ഷേ നമുക്ക് അവർ പറയുന്നതുപോലെ എല്ലാം ചെയ്യാൻ പറ്റുമോ? ഇല്ല. എല്ലാ വിഭാഗത്തിന്റേയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന ഒരു ഗവൺമെന്റാണ് ഇത്. മറ്റൊന്ന് പറഞ്ഞത് വികസന പ്രവർത്തനങ്ങൾ സ്തംഭിച്ചു എന്നാണ്. സമയമില്ലാത്തതുകൊണ്ട് ഞാൻ കൂടുതൽ ഡീറ്റെയിൽസിലേയ്ക്ക് പോകുന്നില്ല. 'ജിം' എന്തായി എന്ന് ചോദിച്ച് ആക്ഷേപിക്കുകയും പരിഹസിക്കുകയും ചെയ്തല്ലോ? 'ജിം' കേരളത്തിന്റെ വികസന രംഗത്ത് ഒരു നാഴികക്കല്ലാണ്. അവിടെ നിന്നാണ് ഒരു തിരിവുണ്ടായത്. ഒരൊറ്റ ഉദാഹരണം മാത്രമേ ഞാൻ പറയുന്നുള്ളൂ. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ 42.8 ശതമാനം ആയിരുന്നു. പിന്നീട് 59.01 ശതമാനമായിട്ട് അതായത് ഏതാണ്ട് 20 ശതമാനത്തോളം വർദ്ധനവുണ്ടായി. എമൗണ്ട് എത്രയാണെന്നറിയാമോ? 42.8 ശതമാനം ആയിരുന്നപ്പോൾ 2001-ൽ 19,180 കോടി രൂപയായിരുന്നത് ഇന്ന് 40,948 കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. അപ്പോൾ ഡെപ്പോസിറ്റ് കൂടിയിട്ടുണ്ട്. മറ്റൊന്ന് വിദേശ സഹായമാണ്. സംസ്ഥാനത്തിന്റെ റിസോഴ്സസ് വളരെ കുറവാണ്. അതുകൊണ്ട് പരമാവധി മറ്റു വിധത്തിലുള്ള സഹായങ്ങൾ തേടി മുമ്പോട്ടു പോകും. ഒമ്പതാം പദ്ധതിയിൽ 295 കോടി രൂപ കിട്ടിയ സ്ഥാനത്ത് പത്താം പദ്ധതിയിൽ നാലു കൊല്ലം കൊണ്ട്, നടപ്പു വർഷം കൂടി

LIBRARY ARCHIVES Kerala Legislative Assembly

ഉൾക്കൊള്ളിച്ചുകൊണ്ട് പറയുകയാണ്. 3,151.53 കോടി രൂപയാണ് കിട്ടിയത്. ഇത്തരത്തിൽ വിദേശസഹായം വാങ്ങി നാലു വർഷം കൊണ്ട് കാര്യങ്ങൾ ചെയ്യാനായിട്ടാണ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിച്ചപ്പോൾ തദ്ദേശഭരണസ്ഥാപനങ്ങളെയൊക്കെ ഞങ്ങൾ നശിപ്പിക്കുന്നു എന്നു പറഞ്ഞു. സാമ്പത്തിക ബുദ്ധിമുട്ടുകൾ എല്ലാ കാലത്തും ഉണ്ട്. plan cut ഉണ്ടായിട്ടുണ്ട്. ഇവിടെയും plan cut പത്തു ശതമാനവും പതിനഞ്ചു ശതമാനവുമൊക്കെ വേണ്ടി വന്നിട്ടുണ്ട്. പക്ഷേ ഏതെങ്കിലും വിധത്തിൽ ഈ തദ്ദേശഭരണ സ്ഥാപനങ്ങളെ ഉദ്ധരിക്കാനും അവരെ സഹായിക്കാനും കിട്ടുന്ന അവസരം ഞങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. അഞ്ചു കോർപ്പറേഷനുകൾക്കു വേണ്ടി 1200 കോടി രൂപയുടെ ഒരു സ്കീമിന് അംഗീകാരം കൊടുത്തുകഴിഞ്ഞിരിക്കുകയാണ്. മുനിസിപ്പാലിറ്റികൾക്കെല്ലാം കൂടിയുള്ള സഹായം കേന്ദ്ര ഗവൺമെന്റിന്റെ Urban Renewal Scheme-ൽപ്പെടുത്തി, അതിന്റെ സഹായം ലഭിക്കുന്നതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റിന്റെ റിസോഴ്സസ് കുറവാണെങ്കിലും മറ്റു വിധത്തിലുള്ള റിസോഴ്സസ് ഉപയോഗിച്ച് ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുമായി മുമ്പോട്ടു പോകുന്നു. പന്ത്രണ്ടാമതായി പറഞ്ഞത്, സുനാമി ഫണ്ട് വകമാറ്റി ചെലവഴിച്ചു എന്നാണ്. ചില പ്രസ്താവനകളും വാർത്തകളുമൊക്കെ അതിന്റെ ഭാഗമായി വരുന്നുണ്ട്. അതിന്റെ എല്ലാ വശങ്ങളും നമുക്കറിയാം. മുഴുവൻ തെറ്റാണ്, അവർ കള്ളത്തരം കാണിക്കുന്നു എന്ന് ഞാൻ പറയുന്നില്ല. പക്ഷേ അതിന്റെ കൂടെയുള്ള മറ്റു പല യാഥാർത്ഥ്യങ്ങളും കണക്കിലെടുക്കുന്നില്ല. റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് റവന്യൂവകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. CMDRF-നകത്ത് 39.98 കോടി രൂപയാണ്. അതായത്, 40 കോടി രൂപയ്ക്കടുത്തുള്ള തുകയാണ് ജൂലായ് 13-ാം തീയതി വരെ ഉണ്ടായിരുന്നത്. അതിൽ സുനാമി വർക്കുകൾക്ക് മാത്രമായി 27.95 കോടി രൂപ സാംഗ്ഷനാക്കി കൊടുത്തു കഴിഞ്ഞു. കൂടാതെ 14 ജില്ലകളിലേയ്ക്കുകൂടി കൊടുത്തു. കോസ്റ്റൽ ഏരിയായിൽ ഒമ്പതു ജില്ലകളിൽ റേഷൻ സബ്സിഡിക്ക് കൊടുത്ത തുകയുണ്ട്. എല്ലാം കൂടി 9.57 കോടി രൂപയാണ് 14 ജില്ലകളിൽക്കൂടി ചെലവാക്കിയിരിക്കുന്നത്. സുനാമിക്കു വേണ്ടി 27.95 കോടി രൂപ മാത്രമായിട്ട് വച്ചു. സി. ആർ. എഫ്.-ൽ കിട്ടിയ തുക ചെലവഴിക്കുന്നതിന് ചില നിയന്ത്രണങ്ങൾ ഉണ്ട്. അതിന് ചെലവാക്കേണ്ട രീതിയെക്കുറിച്ച് സ്പെസിഫിക് ഡയറക്ഷൻ ഉണ്ട്. അതു ലംഘിക്കാൻ പാടില്ല. ഇപ്പോഴത്തന്നെ മത്സ്യോപകരണങ്ങൾ 50 ശതമാനം മാത്രമേ കൊടുക്കാൻ പറ്റൂ. അതിനായി 100 ശതമാനം കൊടുത്താൽ അവിടെനിന്ന് തുക കിട്ടില്ല. അങ്ങനെ കേന്ദ്രഗവൺമെന്റിന്റെ ഗൈഡ്ലൈൻസിൽപ്പെടാത്ത കാര്യങ്ങൾക്കുവേണ്ടിയാണ് 27.95 കോടി രൂപ വച്ചിരിക്കുന്നത്. അതിൽ 20 കോടി രൂപയും വരുന്നത് പ്രധാനപ്പെട്ട ഹൈറ്റമായ കടൽഭിത്തി നിർമ്മാണത്തിനു വേണ്ടിയാണ്. ആലപ്പാട്, ആറാട്ടുപുഴ, എടവനക്കാട്, അന്ധകാരനഴി എന്നീ പ്രദേശങ്ങൾ സുനാമി ദുരന്തം നേരിട്ട് ഏറ്റുവാങ്ങിയ പ്രദേശങ്ങളാണ്. അവർക്ക് നേരിട്ട് സഹായം കൊടുക്കാൻ കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്നില്ല. അതുകൊണ്ട് ഞങ്ങൾ പോയി അനുവാദം വാങ്ങിച്ചിട്ട് ചെയ്യാമെന്നു പറയാനുള്ള തന്റേടം നമുക്കില്ല. കാരണം അവർ അതു സമ്മതിക്കുകയില്ല. അവർ ദുരന്തം നേരിട്ട് കണ്ടവരാണ്. അവർ അസ്വസ്ഥരാണ്. അതിനുള്ള നടപടികൾ എടുക്കും. ഞാൻ ഒരു കാര്യം ആവർത്തിച്ചു പറയാൻ ആഗ്രഹിക്കുന്നു. സുനാമി ഫണ്ട് ഉപയോഗിക്കേണ്ട വിധത്തിൽ, അർഹിക്കുന്ന വിഭാഗങ്ങൾക്ക് കിട്ടത്തക്ക വിധത്തിൽ ഞങ്ങൾ കാര്യങ്ങൾ ചെയ്യുമെന്ന് വ്യക്തമാക്കാൻ ഞാൻ ഈ അവസരം വിനിയോ

LIBRARY ARCHIVES Kerala Legislative Assembly

ഗിക്കുകയാണ്. പതിമൂന്നാമതായി പറഞ്ഞത്, ജീവനും സ്വത്തിനും സംരക്ഷണമില്ല, ക്രമസമാധാനം തകർന്നു എന്നാണ്. വളരെ നിർഭാഗ്യകരമായ സംഭവങ്ങൾ കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായി. അടിയന്തിരപ്രമേയം വന്നപ്പോൾ ഞാൻ തന്നെ പറഞ്ഞു. ഇതു സന്തോഷത്തോടെ ചെയ്യുന്നതല്ല. മൂന്നു ദിവസത്തെ സമരത്തിൽ പത്തു വണ്ടികൾ കത്തിച്ചു. 93 കെ. എസ്. ആർ. ടി. സി. ബസ്സുകൾ സഹിതം 112 വാഹനങ്ങൾ തകർത്തു. 141 പോലീസുദ്യോഗസ്ഥൻമാർക്ക് പരിക്കു പററി. 86 സമരക്കാർക്ക് പരിക്കു പററി. ഇതുപോലെ പോലീസുകാരെ ആക്രമിച്ച ഒരു സമരം ഇതുവരെ ഉണ്ടായിട്ടില്ല. ഓരോ തുള്ളി ചോരയ്ക്കും പകരം ഞങ്ങൾ ചോദിക്കുമെന്ന് ശ്രീ. ബിനോയ് വിശ്വം പ്രസംഗിച്ചപ്പോൾ പറയുകയുണ്ടായി. പൗരൻമാരുടെ

8.00 P. M.] രക്തത്തിന് ആര് സമാധാനം പറയും? ഇന്നുവരെ ഉണ്ടായിട്ടില്ലാത്ത വിധത്തിലുള്ള അക്രമമാണുണ്ടായത്. എനിക്ക് ഒന്നേ അഭ്യർത്ഥിക്കാനുള്ളൂ. മനുഷ്യരക്തം വീണ് നമ്മുടെ ഈ മണ്ണ് ചുമക്കണ്ട. മനുഷ്യരക്തം വീണ്. നമ്മുടെ നാട് ചുമക്കുന്ന സാഹചര്യമുണ്ടാകാൻ പാടില്ല.........(ബഹളം).........എന്നെ ഗ്രനേഡ് രാജ് എന്നുപറഞ്ഞ് ആക്ഷേപിച്ചു. ഇന്നലെ ശ്രീ. മത്തായി ചാക്കോ എനിക്ക് ഒരു പുതിയ പേരും തന്നു. 'ഗ്രനേഡ് ചാണ്ടി' എന്നാണ് പേരെന്നു പറഞ്ഞു. ഞാൻ ഗ്രനേഡ് സംബന്ധിച്ചുള്ള മുഴുവൻ വിവരങ്ങളും കൊണ്ടുവന്നിട്ടുണ്ട്. ആറു തരം ഗ്രനേഡുണ്ട്. ടെക്കൻപൂർ ബി. എസ്. എഫ്.-ന്റെ യൂണിററിലാണ് ഇതുണ്ടാക്കുന്നത്. ശത്രുരാജ്യങ്ങളേയും ഭീകരൻമാരേയുമൊക്കെ കൈകാര്യം ചെയ്യുന്നതിനുവേണ്ടിയാണ് ഗ്രനേഡ് ഉപയോഗിക്കുന്നത്. ഇത് പോലീസിനുവേണ്ടിയുണ്ടാക്കുന്നതാണ്. പ്രിയപ്പെട്ട കെ. പി. രാജേന്ദ്രൻ, അങ്ങയുടെ നേതാവ് ശ്രീ. ഇന്ദ്രജിത്ഗുപ്ത കേന്ദ്ര ആഭ്യന്തര മന്ത്രിയായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ കീഴിൽ ഗ്രനേഡുണ്ടാക്കുന്ന ഒരു യൂണിററ് പ്രവർത്തിച്ചിരുന്നു.......(ബഹളം)......

ശ്രീ. കെ. പി. രാജേന്ദ്രൻ: അത് വർഗ്ഗീയ ലഹളയുണ്ടാകുമ്പോൾ ഉപയോഗിക്കാനാണ്......(ബഹളം)......

ശ്രീ. ഉമ്മൻ ചാണ്ടി: ഇതുകൂടി കഴിഞ്ഞ് ഞാനിരിക്കാം......(ബഹളം)......ഈ 6 ഗ്രനേഡും വാങ്ങിയത് എപ്പോഴാണെന്നറിയാമോ? നിങ്ങളുടെ ഇ. കെ. നായനാർ ഭരിച്ചിരുന്ന കാലത്താണ് കേരളത്തിൽ ഇത് വാങ്ങിയത്. ......(ബഹളം)......ഇത് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു............ (ബഹളം)......

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഇ. കെ. നായനാരുടെ കാലത്ത് വാങ്ങിയെന്ന് മുഖ്യമന്ത്രി പറയുന്നത് നേരുതന്നെയാണോ? കാരണം ഒരു കോൺഗ്രസ്സുകാരന്റെയോ ഒരു കെ. എസ്. യു. ക്കാരന്റെയോ മേൽ അങ്ങനെ ഒരു ഗ്രനേഡും വീണിട്ടില്ല. മോർച്ചറി മോഹനനും ഗ്രനേഡ് ചാണ്ടിയും എപ്പോഴാണോ ഉണ്ടായത് അതിനോടനുബന്ധിച്ചാണ് ഇതെല്ലാമുണ്ടായിട്ടുള്ളത്. അതുകൊണ്ട് തർക്കം വരുമ്പോൾ പശ്ചിമബംഗാൾ, ചൈന, നായനാരുടെ കാലം എന്നെല്ലാം പറഞ്ഞ് ഇങ്ങനെ അവസാനിപ്പിച്ചത് കഷ്ടമായിപ്പോയി. ഇത് ജനങ്ങൾ കേട്ടുകൊണ്ടിരിക്കുകയാണ്......(ബഹളം)......

ശ്രീ. ഉമ്മൻ ചാണ്ടി: ഇത് അധികം ഞങ്ങൾ വാങ്ങിക്കാണില്ല, കാരണം ഞങ്ങൾ അക്രമസമരത്തിന് പോകില്ലല്ലോ. പക്ഷേ അങ്ങ് ഇത് പരിശോധിക്കണം. ഈ 6 ഗ്രനേഡും കേരള പോലീസിന്റെ ആയുധപ്പുരയിലേക്ക് വന്നത് 1987-ലും 1990-ലുമൊക്കെയുള്ള കാലഘട്ടത്തിലാണ്. ഞാനിത് സൈൻ ചെയ്ത് മേശപ്പുറത്തു വയ്ക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അങ്ങേയ്ക്ക് എത്ര സമയം വേണം?

ശ്രീ. ഉമ്മൻ ചാണ്ടി: അര മണിക്കൂർകൊണ്ട് തീർക്കാം....(ബഹളം)....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പോലീസിന്റെ കൈയിൽ പലതരം ആയുധങ്ങളുണ്ട്. ധാരാളം തോക്ക് പോലീസിന്റെ കൈവശമുണ്ട്. ഇടതുപക്ഷമുന്നണി ഭരിച്ച കാലത്ത് ഒറ്റയാളെ പോലീസ് വെടിവച്ചുകൊന്നിട്ടില്ല. കേരളത്തിൽ മുഖ്യമന്ത്രിയായി ശ്രീ. എ. കെ. ആന്റണി വന്നപ്പോഴാണ് ഒരു ആദിവാസിയെ വെടിവച്ചുകൊന്നത്. വർഗ്ഗീയ കലാപത്തിന് ഉപയോഗിക്കുന്നതിനുവേണ്ടിയുള്ളതാണ് ഈ ഗ്രനേഡ്. മാറാട് വർഗ്ഗീയ ലഹളയുണ്ടായപ്പോൾ എന്തുകൊണ്ട് നിങ്ങൾ ഗ്രനേഡ് ഉപയോഗിച്ചില്ല? മുന്നാട് നിങ്ങൾ എന്തുകൊണ്ട് ഈ ഗ്രനേഡ് ഉപയോഗിച്ചില്ല? വർഗ്ഗീയ ലഹളകൾക്കെതിരെ പ്രയോഗിക്കാത്ത ഗ്രനേഡ് നിങ്ങൾ എന്തിനാണ് വിദ്യാർത്ഥികളുടെ നേരെ പ്രയോഗിക്കുന്നത്? അതിനാണ് നിങ്ങൾ ഉത്തരം പറയേണ്ടത്.

ശ്രീ. ബി. വിജയകുമാർ: സർ, നായനാർ ഗവൺമെന്റിന്റെ കാലത്ത് കണ്ണൂരിൽ ഗ്രനേഡ് ഉപയോഗിച്ചത് ഈ സഭയിൽ ഞാൻ പ്രസംഗിച്ചതാണ്. അത് സഭാ രേഖയിലുണ്ട്. നിങ്ങൾ അനുവദിക്കുമെങ്കിൽ നാളെ പത്ര കട്ടിംഗ് ഞാൻ കൊണ്ടുവരാം....(ബഹളം)....

ശ്രീ. ഉമ്മൻ ചാണ്ടി: എനിക്ക് ഒരു അഭ്യർത്ഥനയേയുള്ളു.. (ബഹളം)..

മി. സ്പീക്കർ: പ്രതിപക്ഷനേതാവ് ഒരു മണിക്കൂറിൽ കൂടുതൽ എടുത്തു. മുഖ്യമന്ത്രിയോട് ഞാൻ സമയം ചുരുക്കണമെന്ന സൂചന കൊടുത്തു. ഇടയ്ക്കിടയ്ക്ക് നിങ്ങൾ interrupt ചെയ്ത് സമയം വൈകിക്കുന്നു. കഴിയുന്നതും ചുരുക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി: എനിക്ക് നിങ്ങളോട് അഭ്യർത്ഥിക്കാനുള്ളത് കണ്ണൂർ സെൻട്രൽ ജയിലിൽ 15 പേർ, തിരുവനന്തപുരം സെൻട്രൽ ജയിലിൽ 4 പേർ അങ്ങനെ 19 പേർ കൊലക്കയർ കാത്ത് കഴിയുകയാണ്. അവരെ തൂക്കിക്കൊല്ലാൻ വിധിച്ചിരിക്കുകയാണ്. കേരളത്തിൽ ഇതിനുമുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ലാത്ത ഒരു പ്രതിഭാസമാണ്. ഇങ്ങനെ ഒരു സാഹചര്യം ഇവിടെ ഉണ്ടാകാമോ? നമ്മളെല്ലാവരും ആലോചിക്കണം, മനുഷ്യ ജീവനല്ലേ അവർക്കും, കുടുംബമില്ലേ? 19 പേർ മരണത്തെ മുഖാമുഖം കണ്ടുകൊണ്ടിരിക്കുകയാണ്. അവരിൽ പലരും രാഷ്ട്രീയ കേസ്സുകളിൽപ്പെട്ടവരാണ്. നിങ്ങൾ ഇവിടെ ക്രമസമാധാനം തകർന്നു, സ്വൈരജീവിതം സാധ്യമല്ലെന്ന് പറയുമ്പോൾ നമ്മളൊന്നു ചിന്തിക്കേണ്ടേ? ഇതുപോലൊരു സാഹചര്യം കേരളത്തിന് ഭൂഷണമാണോ? ഇത് മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത സ്ഥിതിവിശേഷമാണ്. അത് നിങ്ങൾ ആലോചിക്കണമെന്നുമാത്രം, ഞാൻ പറയുകയാണ്. ഇനി 13 കാര്യങ്ങളും പറഞ്ഞ സാഹചര്യത്തിൽ...... (ബഹളം).... നിങ്ങൾ പ്രകടിപ്പിച്ച വികാരം ഞാൻ മനസ്സിലാക്കുന്നു. ....(ബഹളം)....ഇവിടെ മുത്തങ്ങ സംഭവത്തെക്കുറിച്ച് പറഞ്ഞു. ഒരു ആദിവാസി കൊല്ലപ്പെട്ടു. അത് നിർഭാഗ്യകരമായിപ്പോയി. പക്ഷേ പോലീസുകാരെ ബന്ദികളാക്കിക്കൊണ്ടുപോയി പീഡിപ്പിച്ച് കൊലപ്പെടുത്തുന്ന അവസരത്തിൽ അത് നോക്കിക്കാണുന്ന പോലീസുകാർ എന്തുചെയ്യണം? നമുക്ക് അത് സന്തോഷമുള്ള സംഗതിയല്ല. പക്ഷേ പോലീസ് നോക്കി നിൽക്കെ ഒരു പോലിസുകാരനെ പീഡിപ്പിച്ചു കൊല്ലാൻ ശ്രമിക്കുന്ന സമയത്ത് പോലീസുകാരന് ആക്ട് ചെയ്യാതിരിക്കാൻ പറ്റുമോ?

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയുണ്ടായതാണ്. സി. ബി. ഐ. അന്വേഷിച്ചു. പോലീസിന്റെ നടപടി പൂർണ്ണമായി ന്യായീകരിച്ചുകൊണ്ടുള്ള അവരുടെ റിപ്പോർട്ടും വന്നിട്ടുണ്ട്. മ്അദനിയുടെ പ്രശ്നം ഇവിടെ ഉന്നയിച്ചു. എട്ടു വർഷമായി ജയിലിൽ കഴിയുകയാണ്. മനുഷ്യത്വപരമായ ഒരു സമീപനം മ്അദനിയുടെ പ്രശ്നത്തിൽ ഉണ്ടാകണം എന്നുതന്നെയാണ് ഈ ഗവൺമെന്റിന്റെ സമീപനം. ഞാനും ശ്രീ. പി. കെ കുഞ്ഞാലിക്കുട്ടിയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും കൂടി ജയിലിൽ പോയി മ്അദനിയെ കണ്ടു. തമിഴ്നാട് മുഖ്യമന്ത്രി ശ്രീമതി ജയലളിതയോട് മ്അദനിയുടെ കാര്യം പറഞ്ഞു. പക്ഷേ അവർ സഹായകരമായ ഒരു മറുപടി അപ്പോൾ തന്നില്ല. മ്അദനിയെ പിടിച്ചുകൊടുത്തത് ആരാണെന്നറിയാമോ?....(ബഹളം).... ''സംതൃപ്തം, സമാധാനപൂർണ്ണം.'' കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് പി. ആർ. ഡി. ഇറക്കിയ പുസ്തകമാണ്. എന്താണ് അതിനകത്ത് എഴുതിയിരിക്കുന്നത്. ''കോയമ്പത്തൂരുണ്ടായ സ്ഫോടനവും തുടർന്നുണ്ടായ സംഭവങ്ങളുമായി ബന്ധപ്പെട്ട് അറസ്റ്റിലായ മ്അദനി ഉൾപ്പെടെയുള്ള പ്രതികളെ തമിഴ്നാട് പോലീസിനു കൈമാറി.'' ഇത് ഭരണനേട്ടമാണ്.....(ബഹളം)....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഒരു കേസ്സിലെ പ്രതിയായ ആളെ, മറെറാരു സ്റേററിന് കിട്ടേണ്ടുന്ന ആളെ, കിട്ടണമെന്ന് വേറൊരു സ്റേററ് ആവശ്യപ്പെട്ടാൽ നിങ്ങൾ പിടിച്ചു കൊടുക്കില്ല എന്നാണോ പറയുന്നത്?

ശ്രീ. ഉമ്മൻ ചാണ്ടി: ഞങ്ങൾ ഒരിക്കലും യാഥാർത്ഥ്യബോധമില്ലാത്ത സമീപനം സ്വീകരിക്കില്ല. പക്ഷേ അത് ഞങ്ങളുടെ ഭരണനേട്ടമായി ഞങ്ങൾ പോസ്ററർ ഒട്ടിക്കില്ല.......(ബഹളം)....ഒരു ഗവൺമെന്റിന് ചില ഉത്തരവാദിത്വങ്ങളുണ്ട്. അത് ഞങ്ങൾ നിറവേററുകതന്നെ ചെയ്യും. പക്ഷേ പി. ആർ. ഡി. യെക്കൊണ്ട് ലക്ഷങ്ങൾ മുടക്കിപ്പിച്ച് അതിനകത്ത് ഗവൺമെന്റിന്റെ ഭരണനേട്ടമായി എഴുതിക്കത്തില്ല. ശ്രീ. പി. സി. ജോർജ് പ്രസംഗിച്ചപ്പോൾ ലില്ലിക്കുട്ടിയുടെ കാര്യം പറഞ്ഞു. അവിശ്വാസ പ്രമേയത്തിന്റെ ചർച്ചയിൽ അദ്ദേഹത്തിനു പറയാൻ കിട്ടിയ ഏക ഇഷ്യു അതാണ്. കോട്ടയത്തെ ജനസമ്പർക്ക പരിപാടിയിൽ വച്ച് അവർ എനിക്കൊരു നിവേദനം തന്നു. ഞാൻ അവരുടെ കാര്യം കൂടുതലായി പഠിച്ചു. അവിടെയുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് പരിശോധിപ്പിച്ചു. അതൊരു സഹതാപമർഹിക്കുന്ന കേസ്സാണെന്നുള്ള പൂർണ്ണ വിശ്വാസത്തിൽ, അവരുടെ കാര്യത്തിൽ ഒരു ഉത്തരവ്, സാധാരണ നടപടിക്രമങ്ങൾ മറികടന്നുകൊണ്ട് ചെയ്യാനായി തീരുമാനമെടുത്തു. അതിന് കാലതാമസം ഉണ്ടായി എന്നുള്ളത് ശരിയാണ്. ബഹുദൂരവും അതിവേഗവുമൊക്കെ ചുവപ്പുനാടയിൽ, ഗവൺമെൻറ് കാര്യങ്ങളിൽ മാത്രമേ നടക്കുകയുള്ളൂ. കോടതിയിൽ, അത് നടക്കില്ല. ഇതിൽ കോടതിയുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ ഉണ്ടായിരുന്നതുകൊണ്ട് അതുചെയ്യാൻ കാലതാമസം ഉണ്ടായി. ഇപ്പോൾ അവരുടെ കാര്യത്തിൽ തീരുമാനമെടുത്തു. അവർക്ക് സ്ഥിരമായി ജോലി കൊടുക്കാനുള്ള തീരുമാനമായിട്ടുണ്ട്.

ശ്രീ. പി. സി. ജോർജ്: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഞാൻ പറഞ്ഞതു കേട്ടപ്പോൾ, എന്തോ മഹാപാപം ഞാൻ ചെയ്തു എന്ന രീതിയിലാണ് അങ്ങു മറുപടി പറഞ്ഞത്. ഏതായാലും ഞാൻ പറഞ്ഞതിന്റെ പേരിലെങ്കിലും കാബിനററുകൂടി ആ സ്ത്രീക്കു ജോലി കൊടുത്തു എന്നറിഞ്ഞതിൽ സന്തോഷമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഡൊണേഷനും പി. ടി. എ. ഫണ്ടും ഒരു പ്രശ്നമാണ്. ഇവിടെയും ചില ചർച്ചകൾ നടന്നു. കഴിഞ്ഞ ദിവസം അരുൺചന്ദ് എന്ന ഒരു കുട്ടിയുടെ പ്രശ്നം വന്നല്ലോ. പത്രത്തിലൊക്കെ അതു പ്രസിദ്ധീകരിച്ചതാണ്. അതിനെക്കുറിച്ച് ഒരു ചർച്ചയുണ്ടാകുകയും ചെയ്തു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയും ഞാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഇതു സംബന്ധിച്ചു ചർച്ച ചെയ്യുന്നതിനു വിളിച്ചുകൂട്ടി. സ്വകാര്യ സ്കൂളുകളിലും ഒരു കാരണവശാലും എയിഡഡ് സ്കൂളുകളിലും മെരിറ്റു സീറ്റിൽ ഡൊണേഷൻ വാങ്ങാൻ പാടില്ലെന്നുള്ള കർശനമായ നിയന്ത്രണം ഏർപ്പെടുത്താൻ തീരുമാനിച്ചു. അതുപോലെതന്നെ ഗവൺമെന്റ് സ്കൂളുകളിൽ പി. ടി. എ. ഫണ്ട് കമ്പൽസറിയായിട്ടു വാങ്ങാൻ പാടില്ല; വോളൻററിയായിട്ടു മാത്രമേ വാങ്ങാൻ പാടുള്ളൂ എന്ന തീരുമാനവുമെടുത്തിട്ടുണ്ട്. അരുൺചന്ദിന്റെ അനുഭവമാണ് ഗവൺമെൻറിനെ അതിനു പ്രേരിപ്പിച്ചത്. പഠിക്കാൻ ആഗ്രഹം, പക്ഷേ പഠിക്കാൻ ഒരു വരുമാന മാർഗ്ഗവുമില്ല. കട്ടിൽ വിററും അമ്മയുടെ കമ്മൽ പണയം വച്ചും പൈസയുമായി ചെന്നു. മിടുക്കനായ കുട്ടി, പക്ഷേ അവിടത്തെ പി. ടി. എ.ക്കാർ........(ബഹളം)...... ..അതു നിങ്ങൾ അന്വേഷിച്ചാൽ മതി. വട്ടിയൂർക്കാവ് വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളിലെ പി. ടി. എ. ആണ്. എന്തായാലും ഈ കുട്ടിയോട് അത്ര മാന്യമായിട്ടല്ല അവർ പെരുമാറിയത്. വിദ്യാഭ്യാസ വകുപ്പുമന്ത്രി അന്നു ഡൽഹിയിലായിരുന്നു. വൊക്കേഷണൽ ഹയർ സെക്കൻററി ഡയറക്ടറെ അവിടെ വിട്ടു അന്വേഷിപ്പിച്ചു. ആ കുട്ടി പറഞ്ഞതു ശരിയാണെന്നു ബോധ്യപ്പെട്ടു. അതിൻെറയടിസ്ഥാനത്തിൽ കുട്ടിയെ ഫീസൊന്നും കൊടുക്കാതെ ഫ്രീയായി അഡ്മിററു ചെയ്യാനുള്ള സംവിധാനമുണ്ടാക്കി. പക്ഷേ സംഭവം അവിടം കൊണ്ടു മാത്രം നിർത്താനായില്ല. കേരളത്തിന്റെ പൊതുവായ ഒരു സംഭവമായി കണ്ടുകൊണ്ട് ഞങ്ങൾ ഇന്നലെ തന്നെ മീററിംഗ് വിളിച്ചു കൂട്ടി തീരുമാനമെടുത്തു. സ്വകാര്യ സ്കൂളുകളിൽ ഒരു കാരണവശാലും ഡൊണേഷൻ വാങ്ങാൻ പാടില്ല, പി. ടി. എ. ഫണ്ട് ഗവൺമെന്റ് സ്കൂളുകളിൽ വോളൻററിയായിട്ടു മാത്രമേ വാങ്ങാൻ പാടുള്ളൂ എന്ന് പറഞ്ഞു. ശ്രീ. മഞ്ഞളാംകുഴി അലി ഇവിടെ പാക് പൗരൻമാരെക്കുറിച്ചു പറഞ്ഞു. ഗവൺമെൻറ് ഇതിനോടകംതന്നെ അതു ടേക്കപ്പു ചെയ്തിട്ടുണ്ട്. അതിനുവേണ്ടി നിരവധി കത്തുകൾ അയച്ചിട്ടുണ്ട്. ഹോം മിനിസ്ററെ കഴിഞ്ഞ ദിവസം ഞാൻ കണ്ടപ്പോഴും സംസാരിച്ചിരുന്നു. അതിനൊരു തീരുമാനമുണ്ടാക്കാൻ ശ്രമിക്കും. ഒരു കാരണവശാലും ഇവിടെ കഴിയുന്നവർക്ക് കേരള പോലീസിന്റെ ഭാഗത്തുനിന്ന് പീഡനമോ ബുദ്ധിമുട്ടോ ഉണ്ടാകില്ല. അതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. ഇവിടെ ചന്ദ്രികാ ഫണ്ടിനെക്കുറിച്ച് വലിയ വിവാദങ്ങളൊക്കെയുണ്ടാക്കി. പല ചർച്ചകളും വന്നു. ആ വിവാദത്തിൽ വലിയ കാര്യമൊന്നുമില്ല. 13,50,052 രൂപ ചീഫ് മിനിസ്ററുടെ ഫണ്ടിൽ 25-6-2005-ൽ കിട്ടിയിട്ടുണ്ട്. അതിന്റെ രസീത് അന്നുതന്നെ കൊടുത്തിട്ടുമുണ്ട്. അവിടെ വേറെ പ്രശ്നമൊന്നുമില്ല. സൂര്യനെല്ലിക്കേസിനെക്കുറിച്ചു ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ പറഞ്ഞു. ഞങ്ങൾ അപ്പീൽ കൊടുക്കാൻ തീരുമാനിച്ചു. അതിനുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയായി. നിങ്ങൾ നിയോഗിച്ച വക്കീലിന്റെ റിപ്പോർട്ടു കിട്ടാൻ വൈകിയതാണ് കാലതാമസത്തിനു കാരണം. ഇതിൽ ചില നടപടിക്രമങ്ങളുണ്ട്. ഉടനെതന്നെ മുഖ്യമന്ത്രിക്ക് അപ്പീൽ കൊടുക്കാനുള്ള തീരുമാനമെടുക്കാൻ പററില്ല. ഇതു സംബന്ധിച്ച നടപടിക്രമങ്ങളൊക്കെ പാലിച്ചില്ലെങ്കിൽ കോടതിയിൽ ചെല്ലുമ്പോൾ എന്തെങ്കിലും ഫോളോ അപ്പ് വന്നു

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞാൽ ഗവൺമെൻറ് സമാധാനം പറയേണ്ടിവരും. അവിടെനിന്നുള്ള ശുപാർശ കിട്ടി പിറേറ ദിവസം തന്നെ അതിനു അംഗീകാരം കൊടുത്തു. കേസ് ഫയൽ ചെയ്തു. 25-7-2005-ൽ അതു ഹിയറിംഗിനുവേണ്ടി പോസ്ററു ചെയ്തിരിക്കുകയാണ്. പഞ്ചായത്തു തിരഞ്ഞെടുപ്പിനെ സംബന്ധിച്ച് പ്രതിപക്ഷ നേതാവ് ഇവിടെ പ്രകടിപ്പിച്ച ആശങ്കയ്ക്ക് ഒരു അടിസ്ഥാനവുമില്ല. ഒരു കാരണവശാലും പഞ്ചായത്ത് തിരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടുപോകുന്ന പ്രശ്നമേയില്ല. ഭരണഘടനാപരമായി ഇതു നമ്മുടെ ബാധ്യതയല്ലേ? അതു നിറവേററുന്നതിനുവേണ്ടി എല്ലാ സഹായവും ഇലക്ഷൻ കമ്മീഷണർക്ക് കൊടുക്കുന്നുണ്ട്. നിയമപരമായി ചില പ്രശ്നങ്ങളും, ചില പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളമുണ്ട്. അതു എത്രയുംവേഗം പൂർത്തിയാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നെല്ല് സംഭരണത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ഒൻപതു കൊല്ലമായി നെല്ലു സംഭരണം തുടങ്ങിയിട്ട്. ഈ വർഷമല്ലാതെ ഒരു മണി നെല്ലുപോലും ഗവൺമെൻറ് എടുത്തിട്ടില്ല. നിങ്ങളെല്ലാംകൂടി വന്നു പറഞ്ഞതിൻെറ അടിസ്ഥാനത്തിൽ ഗവൺമെൻറിനു സാമ്പത്തിക ബുദ്ധിമുട്ടുണ്ടായിരുന്നു വെങ്കിലും, അഞ്ചുകോടി രൂപ നൽകിക്കൊണ്ടിരുന്ന സ്ഥാനത്ത് ഈ വർഷം 18 കോടി രൂപ കൊടുത്തു. അതിനുംപുറമെ നെല്ലെടുക്കാൻ തീരുമാനിച്ചു. നെല്ലെടുക്കാൻ തീരുമാനിച്ചപ്പോൾ, നെല്ലിൻെറ കണക്കു ചോദിച്ചു. 45,000 ടൺ എന്നു കിട്ടി. അതു മുഴുവൻ എടുക്കുന്നുണ്ട്. വീണ്ടും നെല്ല് എടുക്കണമെന്നു പറഞ്ഞപ്പോൾ ബുദ്ധിമുട്ട് വന്നിട്ടുണ്ട്. എങ്കിലും 45,000 എന്നുള്ള പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് എന്തു ചെയ്യാൻ പററുമെന്നുള്ള കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. മററു കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പറഞ്ഞ കാര്യങ്ങൾ പരമാവധി വേഗത്തിൽ ചെയ്യുന്നതിനുവേണ്ടി നടപടികൾ എടുക്കുമെന്നു പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇവിടെ ശ്രീ. ടി. എം. ജേക്കബ് ചില ആരോപണങ്ങൾ ഉന്നയിച്ചു. അദ്ദേഹം പറഞ്ഞ ഒരു കാര്യം, ഞാൻ അബ്കാരി കേസ് പിൻവലിച്ചു എന്നാണ്. ലോകം മുഴുവൻ ഇതു കണ്ടും കേട്ടും ഇരിക്കുകയാണ്.

ഏതോ ഒരു അബ്കാരിയെ രക്ഷപ്പെടുത്താൻ അദ്ദേഹം പറഞ്ഞ വാദത്തിന് ഒരു നാടകീയത ഉണ്ടാക്കാൻവേണ്ടി ജഡ്ജിയെ വിളിച്ചു വരുത്തിയെന്ന് അദ്ദേഹം പറഞ്ഞില്ല. മാനേജരെ വിളിച്ചുവരുത്തികൊടുത്തു എന്നു പറഞ്ഞു. ഈ അബ്കാരി കേസ് പിൻവലിക്കാനായി മാനേജരെ ആഫീസിൽ വിളിച്ചുവരുത്തി അത് കൊടുത്തുവെന്നാണ് അദ്ദേഹം പറഞ്ഞത്. ശ്രീ. ടി. എം. ജേക്കബ് ഈ സഭയിൽ വന്നിട്ട് വളരെ കൊല്ലങ്ങളായി. എനിക്ക് എല്ലാ പേരെയും അറിയുന്നതല്ലേ? ആ കേസിലെ പ്രതിയുടെ പേരുകൂടി അങ്ങേയ്ക്ക് പറയാൻ പാടില്ലായിരുന്നോ? ശ്രീ. ടി. എം. ജേക്കബ്, മനസ്സാക്ഷി വേണം. ശ്രീ. സക്കറിയാ മാത്യുവാണ് ആ കേസിലെ പ്രതി. ഈ സംസ്ഥാനത്തെ ഏററവും സത്യസന്ധനായ ഒരു ഉദ്യോഗസ്ഥൻ, പ്രഗൽഭനായ ഒരു ഉദ്യോഗസ്ഥൻ. അഡീഷണൽ സെക്രട്ടറിയായി റിട്ടയർ ചെയ്തിട്ട് നടപടിക്രമത്തിൽ എന്തോ ഒരു വീഴ്ച വന്നുവെന്നു പറഞ്ഞ് ഒരു കേസ്. എത്രവർഷം കേസുമായി നടന്നു. 16/95-ാം നമ്പർ കേസ് പ്രകാരം സക്കറിയാ മാത്യുവിനെ വെറുതെ വിട്ടു. ബാക്കിയുള്ള കേസുകളെല്ലാം സമാനസ്വഭാവമുള്ളവയായിരുന്നു. അതിനെക്കുറിച്ച് നിവേദനം തന്നു. അത് ഗവൺമെൻറ് പരിശോധിച്ചു. വിജിലൻസിൻെറ ലീഗൽ ഓഫീസർ—ലീഗൽ അഡ്വൈസർ തന്നെ ശുപാർശ ചെയ്തു ഈ കേസുകൾ പിൻവലിക്കുന്നതിൽ ഒരു തെററുമില്ലെന്ന്. അങ്ങനെ ആ കേസ് ഞാൻ പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: ഞാൻ പറഞ്ഞതിനെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി twist ചെയ്തിരിക്കുകയാണ്. ഇവിടെ സഭാരേഖയിലുണ്ടല്ലോ. ഞാൻ ഈ കേസുമായി ബന്ധപ്പെട്ട ജി. ഒ.യുടെ നമ്പർ വായിച്ചു. ഞാൻ പറഞ്ഞത് കേസുകൾ പിൻവലിക്കാറുണ്ട്. അതിന്റെ പ്രൊസീഡ്യുവർ ഞാൻ പറഞ്ഞു. കേസിന്റെ മെറിറ്റിലേക്കോ കേസ് പിൻവലിച്ച നടപടിയിലേക്കോ ഞാൻ കടന്നില്ല. ഞാൻ പറഞ്ഞതെന്താണെന്നുവച്ചാൽ മുഖ്യമന്ത്രി അത് പരിശോധിക്കണം. എൻകയറി കമ്മീഷണർ സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരത്തിന് ഡയറക്ടായിട്ട് ഈ ജി. ഒ. അയച്ച് നമ്മുടെ സംസ്ഥാനത്ത് അങ്ങനെയൊരു കീഴ്വഴക്കമുണ്ടാക്കി. എന്നിട്ട് ഞാൻ പറഞ്ഞു......(ബഹളം) ഞാൻ പറയട്ടെ സക്കറിയാ മാത്യുവിനെ ശ്രീ. ഉമ്മൻ ചാണ്ടിക്ക് അറിയാവുന്നതുപോലെ എനിക്കും അറിയാം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): എങ്കിൽ നിങ്ങൾ പറയരുതായിരുന്നു.

(ശ്രീ. ടി. എം. ജേക്കബ്): നിങ്ങൾ ഇവിടെയെടുത്ത പ്രൊസീഡ്യുവർ ഇത് വിത്ത്ഡ്രാ ചെയ്യാൻ ലീഗൽ അഡ്വൈസറുടെ പെർമിഷൻ വാങ്ങി. കോടതിയിൽ നിങ്ങളുടെ വക്കീൽവഴി സബ്മിറ്റ് ചെയ്ത് കോടതിയുടെ പെർമിഷനോടുകൂടി വിത്ത്ഡ്രാ ചെയ്യണം. അല്ലാതെ മാനേജരെ നിങ്ങളുടെ ഓഫീസിൽ വിളിച്ചുവരുത്തി. ജഡ്ജിക്കല്ല ജി. ഒ. മാർക്ക് ചെയ്യേണ്ടത്. ഇങ്ങനെയുള്ള നടപടി ഇതുവരെയുണ്ടായിട്ടുണ്ടോ?.....(ബഹളം) ....ഞാൻ അതാണ് പറഞ്ഞത് അതിനെ ശ്രീ. ഉമ്മൻ ചാണ്ടി twist ചെയ്യണ്ട.

ശ്രീ. ഉമ്മൻ ചാണ്ടി: അങ്ങനെ ഒരു മാനേജരേയും വിളിച്ചുവരുത്തി കൊടുത്തിട്ടില്ല. അങ്ങനെ ചെയ്യാമോ......(ബഹളം)......

ശ്രീ. ടി. എം. ജേക്കബ്: ചെയ്തു......(ബഹളം)......

ശ്രീ. ഉമ്മൻ ചാണ്ടി: എന്നാൽ ചെയ്തില്ലെന്ന് ഞാൻ പറയുന്നു..... (ബഹളം)......അങ്ങനെയായിരുന്നെങ്കിൽ ആ പേരുകൂടി പറയാമായിരുന്നില്ലേ മിസ്റ്റർ ജേക്കബ്? ഞാൻ ചെയ്തത് ഒരു നല്ല കാര്യമാണെന്നാണ് ഞാൻ ഇന്നും ധരിക്കുന്നത്. ഇത്രയും നല്ലൊരു ഉദ്യോഗസ്ഥനെ ഇത്രയും കാലം പീഡിപ്പിച്ചതിനുശേഷം, എന്റെ മനസ്സാക്ഷിയനുസരിച്ച് ശരിയെന്ന് തോന്നിയാൽ എനിക്ക് എന്ത് സംഭവിച്ചാലും ഞാൻ ചെയ്തിരിക്കും. അതാണ് എന്റെ രീതി. സുനാമി ഫണ്ടിന്റെ കണക്കുവല്ലതുമുണ്ടോയെന്നും ഇതെല്ലാം തട്ടിപ്പല്ലേയെന്നും ചോദിച്ചു. 10,000 രൂപയ്ക്ക് 1,000 രൂപയുടെ റസീറ്റ് കൊടുത്തുയെന്നൊക്കെ പറഞ്ഞു. സുനാമി ഫണ്ടിംഗ് ഡിപ്പാർട്ടുമെന്റിലെ ഒരു ക്ലാർക്കിന് പററിയ തെററാണ്. അതറിഞ്ഞ അന്നുതന്നെ തിരുത്തിച്ചു. 24-6-2005-ൽ ആ ആളിനോട് ക്ഷമ ചോദിച്ചുകൊണ്ട് കത്തയച്ചു. Inconvenience-ന് ഖേദം പ്രകടിപ്പിച്ചുകൊണ്ട് കത്തയച്ച് റസീപ്റ്റും കൊടുത്തു. ഞാൻ പറഞ്ഞത് വെറുതെയാണെന്നല്ലേ അങ്ങ് ധരിക്കുന്നത്? എന്റെ പ്രസംഗം കഴിഞ്ഞാലുടൻ ഇതിന്റെ കോപ്പി കൊടുത്തയക്കാം.

ശ്രീ. ടി. എം. ജേക്കബ്: എന്ത് സംസാരമാണ് ഇത്. നിങ്ങൾ കൊടുത്ത റസീപ്റ്റും ഫെഡറൽ ബാങ്കിലെ ചെക്ക് നമ്പരും ഇതിന്റെ കംപ്യൂട്ടർ ഡിറെറയിൽസും ഞാൻ ശ്രീ. ഉമ്മൻചാണ്ടിക്ക് തരാം....... ....(ബഹളം).........

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: ഒരു തെററു പററി തിരിച്ചറിഞ്ഞ അന്നേരം തന്നെ തിരുത്തി. ശ്രീ. ടി. എം. ജേക്കബ് പറഞ്ഞിട്ടില്ല അതിനുമുമ്പു തന്നെ 24-6-2005-ൽ കത്തയച്ചു. (ബഹളം)....പിന്നെ ബാജു ജോർജ്ജ് എന്റെ ബിനാമിയാണെന്നാണ് പറഞ്ഞത്. ശ്രീ. ടി. എം. ജേക്കബ്, എനിക്ക് ഇന്നുവരെ ബിനാമിയുണ്ടായിട്ടില്ല. ബിനാമിയുണ്ടാകുന്ന കാലത്ത് പൊതുപ്രവർത്തന രംഗത്തുണ്ടാകരുതെന്നാണ് ഞാൻ പ്രാർത്ഥിക്കുന്നത്. പക്ഷേ ബിനാമി കളെക്കുറിച്ച് അങ്ങ് എന്തെങ്കിലും മനസ്സിലാക്കിയിട്ടാണോ ഇത് പറഞ്ഞത്? ബാജു ജോർജ്ജ് ഡി.ഐ.സി.യുടെ സീനിയർ മാനേജരാണ്. 1999 മുതൽ ആ സ്ഥാപനത്തിൽ വർക്ക് ചെയ്യുകയാണ്. കൊല്ലം സ്വദേശിയാണ്. ഈ ഡിസ്കഷനുവേണ്ടി ആ കമ്പനി അയച്ചപ്പോൾ അവിടെ വച്ചാണ് ഞാൻ അദ്ദേഹത്തെ കണ്ടത്. എം.എൽ.എ.മാരും പത്രപ്രതിനിധികളുമൊക്കെ ആയിട്ടാണ് അവിടെ പോയത്. അന്ന് അവിടെപ്പോയപ്പോഴാണ് അദ്ദേഹം എന്റെ ബിനാമിയാണെന്നും തുക വന്നത് ബോംബെ വഴിയാണെന്നുമൊക്കെ പറഞ്ഞത്....................(ബഹളം)......................

ശ്രീ. ടി. എം. ജേക്കബ്: പറഞ്ഞ കാര്യങ്ങളിൽ ഞാൻ ഉറച്ചു നിൽക്കുക യാണ്. ഞാൻ അതിൽ നിന്നും പിന്നോക്കം പോകുന്നില്ല. ഇവിടെ മുഖ്യമന്ത്രി ബാജു ജോർജ്ജിനെക്കുറിച്ച് പറഞ്ഞതും ഞാൻ പറഞ്ഞതും (വെബ് സൈററിൽ നിന്നും ലഭിച്ച) രണ്ടും രണ്ടാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: ശ്രീ. ടി. എം. ജേക്കബ് കൊണ്ടുവരുന്ന പേപ്പർ വച്ചുകൊണ്ട് മറുപടി പറയാൻ പററുകയില്ല. ഡി.ഐ.സി. തന്നിട്ടുള്ളത് സീനിയർ മാനേജർ, commercial property എന്നു പറഞ്ഞിട്ടുള്ളതാണ്. ....(ബഹളം).. പിന്നെ റോഡിൽ സൈൻ ബോർഡ് വയ്ക്കുന്നതിനെ സംബ ന്ധിച്ച് ആരോപണം ഉന്നയിച്ചു. നിങ്ങളും കാര്യമറിയാതെ ഒന്ന് കയ്യടിച്ചു. ഇത് നിങ്ങളുടെ കാലത്തെടുത്ത തീരുമാനമാണ്. ഞാൻ പറയട്ടെ, ശ്രീ. പി.ജെ. ജോസഫ് ആണ് അന്നത്തെ പി. ഡബ്ലിയു. ഡി. മിനിസ്ററർ. Meeting of the Empowered Committee on road safety held on 16-12-1997. അതിന്റെ മിനിട്ട്സ് ആണ് ഇത്. അതാണ് എല്ലാ ഉദ്യോഗസ്ഥർക്കും അയച്ചുകൊടുത്തത്. Erection of sign warning boards should be done with public participation and sponsorship. There is no need to spend any money from the budget for this purpose എന്ന് പറഞ്ഞ് എല്ലാവർക്കും സർക്കുലർ അയച്ചു. അതിന്റെ അടിസ്ഥാനത്തിൽ ചില ഉദ്യോഗസ്ഥർ ആക്ട് ചെയ്തു. അതിന് ടെണ്ടർ വിളിച്ചില്ലെന്നുപറഞ്ഞ് ഒരു ആക്ഷേപം വന്നു. ഏതോ വീഡിയോയോ പരാതിയോ കിട്ടിയതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് എൻക്വയറിക്ക് 27-11-2003-ൽ ഉത്തരവിട്ടു. വിജിലൻസ് എൻക്വയറി നടത്തി എന്റെയടുത്ത് വന്നു. ഞാൻ അതു നോക്കി. അത് ഞാൻ പലയിടത്തും വ്യക്തമാക്കിയിട്ടുണ്ട്. ഗവൺമെന്റിന് നഷ്ടമുണ്ടാ ക്കുകയോ അഴിമതി കാണിക്കുകയോ സ്വജനപക്ഷപാതം കാണിക്കുകയോ ചെയ്താൽ മാത്രമേ വിജിലൻസ് കേസ് ആകാവൂയെന്നുള്ളതാണ് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നതും ഫോളോ ചെയ്യുന്നതും. നടപടിക്രമങ്ങളിൽ എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടെങ്കിൽ അതിന് ഡിപ്പാർട്ടുമെന്റൽ ആക്ഷൻ എടുക്കും. ഈ സർക്കുലറിനകത്ത് 'no budget support' എന്ന് മാത്രമാണ് പറഞ്ഞിരിക്കുന്നത്. ഗവൺമെന്റിന്റെ പണം ഉപയോഗിക്കാൻ പാടില്ല, ഗവൺമെന്റിന് ഏതെങ്കിലും വിധത്തിൽ അതിനകത്തുനിന്ന് ലാഭമുണ്ടോ എന്നൊന്ന് ഇതിൽ പറഞ്ഞിട്ടില്ല. ഈ തീരുമാനം എടുത്ത് ഒരു നാളുകൾ കഴിഞ്ഞിട്ടും ഒരാളും വന്നില്ല. ഏഴെട്ടുമാസം കഴിഞ്ഞിട്ടാണ് ഒരു

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടിയുമായി കരാർ ഉണ്ടാക്കുന്നത്. ഞാൻ മുഴുവൻ ഫയലുകളും പരിശോധിച്ചു. എനിക്ക് നേരിട്ട് അറിയാവുന്ന ചീഫ് എഞ്ചിനീയറാണ്; എന്റെ മനസാക്ഷിക്കനുസരിച്ച് പ്രവർത്തിച്ചു.......(ബഹളം)......

ശ്രീ. ടി. എം. ജേക്കബ്: അന്നത്തെ ചീഫ് എഞ്ചിനീയർ ശ്രീ. കുട്ടപ്പന് കൊടുത്ത 50 സൈൻ ബോർഡിന്റെ ഉത്തരവിന്റെ കാര്യത്തെക്കുറിച്ച് ശ്രീ. ഉമ്മൻ ചാണ്ടിയുടെ അഭിപ്രായം എന്താണ്?

ശ്രീ. ഉമ്മൻ ചാണ്ടി: ഞാൻ എല്ലാ ഫയലുകളും നോക്കി. കണ്ണൂരും കോഴിക്കോടും കൊടുത്തിട്ടുണ്ട്. കാരണം ഇത് ഗവൺമെന്റിന്റെ സർക്കുലർ ആണ്. 'No budget support' എന്നു മാത്രമാണ് പറഞ്ഞിരിക്കുന്നത്. എന്നിട്ട് private partnership ആയിക്കൊള്ളാൻ പറഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ചെയ്തു. ജോസഫ് മാത്യു പട്ടിക വർഗ്ഗത്തിൽപ്പെട്ട ആളാണ്. 300 എണ്ണത്തിന് സാങ്ഷൻ കൊടുത്തു. കോടികളുടെ ലാഭമുണ്ടാക്കുന്നതാണെങ്കിൽ അത് ചൂടപ്പം പോലെ വിററഴിക്കില്ലേ? 300 എണ്ണത്തിൽ 26 എണ്ണമാണ് വിററിരിക്കുന്നത്. ....(ബഹളം)........ മനഃസാക്ഷിക്കനുസരിച്ച് ശരി എന്ന് തോന്നുന്ന കാര്യം ഞാൻ ചെയ്യും. നിരപരാധികളായ ഉദ്യോഗസ്ഥരെ നടപടി ക്രമത്തിന്റെ പേരിൽ ബലിയാടാക്കാൻ ഞാൻ കൂട്ടുനിൽക്കില്ല. ശ്രീ. എം. വി. ജയരാജൻ എസ്.എസ്.എൽ.സി. ചോദ്യപേപ്പർ ചോർച്ചയിലെ യഥാർത്ഥ പ്രതി രാജൻ ചാക്കോയെ രക്ഷിക്കാൻ മുഖ്യമന്ത്രി നടത്തിയ അധികാരദുർവിനിയോഗത്തെക്കുറിച്ച് പറഞ്ഞു. ക്വസ്റ്റ്യൻ പേപ്പർ ചോർച്ചയെക്കുറിച്ച് ഏററവും ഫലപ്രദമായ നിലയിലുള്ള അന്വേഷണമാണ് നടത്തിയിരിക്കുന്നത്. ക്രൈംബ്രാഞ്ച് നല്ല രീതിയിൽ അവരുടെ ജോലി നിർവഹിച്ചിട്ടുണ്ട്. കുററം ചെയ്ത ഒരു പ്രതിയും രക്ഷപ്പെടാത്ത വിധത്തിൽ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. രണ്ടാഴ്ചത്തെ കാലതാമസം വന്നത് ഒരാം ഹൈക്കോടതിയിൽ കേസ് കൊടുത്തതുകൊണ്ടാണ് അതിന്റെ തീരുമാനത്തിനായി കാത്തിരിക്കുകയാണ്. അത് സംബന്ധിച്ച് യാതൊരു ആശങ്കയും വേണ്ട. ഡി. വൈ. എസ്. പി. മാരുടെ സ്ഥലമാററത്തിലും സസ്പെൻഷനിൽ കഴിയുന്ന പോലീസ് ഉദ്യോഗസ്ഥരുടെ പോസ്ററിംഗിലും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ 635 ലക്ഷം രൂപയുടെ അഴിമതിയെ സംബന്ധിച്ചും പ്രിയപ്പെട്ട എം. വി. ജയരാജൻ വിശദമായി പറയുമെന്ന് വിചാരിച്ചു. പക്ഷേ പറഞ്ഞു കേട്ടില്ല. അത് പറയുകയാണെങ്കിൽ നിശ്ചയമായും അതിനെക്കുറിച്ച് അന്വേഷിക്കാം. പക്ഷേ ഞാൻ ഒന്നുപറയാം. അതിൽ ഒരു അഴിമതിയും നടന്നിട്ടില്ല. കോട്ടയത്ത് ഡി.വൈ.എസ്.പി.-യെ മാററിയിട്ടില്ല. അത് ഞാൻ അന്വേഷിച്ചു.

ശ്രീ. എം. വി. ജയരാജൻ: മൂന്നാർ പോലീസ് സ്റ്റേഷനിലേയ്ക്ക് ഡി.വൈ.എസ്.പി.യുടെ സ്ഥലമാററത്തിന് 25 ലക്ഷം രൂപയാണോ, മുപ്പത് ലക്ഷം രൂപയാണോ റേററ് എന്നാണ് അറിയേണ്ടത്?

ശ്രീ. ഉമ്മൻ ചാണ്ടി: നിങ്ങൾ കോട്ടയത്തെ കാര്യം പറഞ്ഞു. കോട്ടയത്ത് അങ്ങനെ ഒരു മാററവും ഉണ്ടായിട്ടില്ല. പിന്നെ എറണാകുളത്തെ ഒരു കോൺഗ്രസ് നേതാവിന്റെ കെട്ടിടം പണിയുന്നതിനുവേണ്ടി ഞാൻ അനധികൃതമായി ഇടപെട്ടു, എന്റെ ഓഫീസ് ഇടപെട്ടു, വലിയ അഴിമതി നടന്നു എന്നാണ് എഴുതിയിരിക്കുന്നത്. മുഖ്യമന്ത്രിയോ മുഖ്യമന്ത്രിയുടെ ഓഫീസോ ഇടപെട്ടിട്ടില്ല. ഈ ഓർഡറുകൾ രണ്ടെണ്ണം ഒഴിച്ച് ബാക്കിയുള്ളത് എൽ.ഡി.എഫിന്റെ കാലത്ത് ശ്രീ. പാലൊളി മുഹമ്മദ് കുട്ടി

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയായിരുന്ന സമയത്ത് കൊടുത്തതാണ്. പിന്നെ രണ്ടെണ്ണം കൊടുത്തത് ഗവൺമെന്റല്ല നിങ്ങാം ഭരിക്കുന്ന കൊച്ചിൻ കോർപ്പറേഷന്റെ സ്റ്റാന്റിംഗ് കമ്മിററിയാണ്. അതിന്റെ ചെയർമാൻ മാർക്സിസ്റ്റ് പാർട്ടിയുടെ നേതാവായ ശ്രീ. കെ. ഡി. വിൻസന്റാണ്.......(ബഹളം) ....ഇതിന്റെ മുഴുവൻ രേഖകളും എന്റെ കൈവശമുണ്ട്. ഈ ചർച്ചയിൽ എനിക്ക് ഒരു കാര്യത്തിൽ മാത്രമേ ദുഃഖമുള്ളൂ. സമൂഹത്തിന്റെ താഴെത്തട്ടിലുള്ള ജനങ്ങളുടെ പ്രശ്നങ്ങാം സജീവമായി ചർച്ചയിൽ വരുമെന്നു ഞാൻ പ്രതിക്ഷിച്ചു. പക്ഷേ വന്നില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ കൊടുത്ത 13 കാരണങ്ങളിൽ പരമ്പരാഗത വ്യവസായം എന്നുള്ള ഒരു വാക്കുപോലും വന്നില്ല. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുവേണ്ടി ഈ ഗവൺമെന്റ് ഒട്ടേറെ പ്രവർത്തനങ്ങാം നടത്തുന്നുണ്ട്. ഈ ഗവൺമെന്റ് ഏററവും കൂടുതൽ പ്രാധാന്യം കൊടുക്കുന്നത് 'ആശ്രയ' സ്കീമിനാണ്. പാവപ്പെട്ടവരിൽ പാവപ്പെട്ടവരായിട്ടുള്ള ആളുകാംക്കുള്ള ആ സ്കീമിനെക്കുറിച്ച്, കുടുംബശ്രീയെക്കുറിച്ച്, അംഗൻവാടിയിലെ പ്രവർത്തനങ്ങളെക്കുറിച്ച്, ഉച്ചക്കഞ്ഞി വിതരണത്തെക്കുറിച്ച്, ഒരു നേരം ക്ഷേണം കഴിക്കാൻവേണ്ടി കഴിയാത്ത ആളുകളെക്കുറിച്ച് ഇതൊക്കെ സജീവമായി ചർച്ചയ്ക്ക് വരുമെന്ന് പ്രതീക്ഷിച്ചിരുന്നു. പക്ഷേ വന്നില്ല.

.................................(ബഹളം)................................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പരമ്പരാഗത വ്യവസായത്തെ സംബന്ധിച്ച് എന്റെ പ്രസംഗത്തിൽ ഞാൻ പറഞ്ഞിരുന്നു. കൈത്തറി, ബീഡി, കശുവണ്ടി എല്ലാം പറഞ്ഞതാണ്. മുഖ്യമന്ത്രി അത് കേട്ടിട്ടുണ്ടാവില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: ഞാൻ മുഖ്യമന്ത്രിയായ അന്നു മുതൽ എനിക്ക് ഒരു ആഗ്രഹം ഉണ്ടായിരുന്നു. നമ്മുടെ സാമ്പത്തിക സാഹചര്യത്തിൽ നിന്നുകൊണ്ട് അത് നടപ്പാക്കാനായി സാധിച്ചില്ല. ധനകാര്യ വകുപ്പുമന്ത്രി ആ കാര്യത്തിൽ വളരെ ഉദാരമായ സമീപനം എടുക്കും. നമ്മുടെ സമൂഹത്തിലെ ഏററവുമധികം അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങാംക്കുവേണ്ടിയുള്ള എല്ലാ പെൻഷനുകളും അപ്-ടു-ഡേററ് ആക്കുകയും കർഷക തൊഴിലാളി പെൻഷന്റേയും തൊഴിലില്ലായ്മ വേതനത്തിന്റേയും കുടിശ്ശിക കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടികാം സ്വീകരിക്കുകയും ചെയ്യും. ഞാൻ 14 ജില്ലകളിലും ജനസമ്പർക്ക പരിപാടിക്ക് പോയപ്പോാം വളരെയധികം ആളുകാം വേദനയോടുകൂടി എന്നോട് സംസാരിച്ചത് അവർക്ക് മാസംതോറും കിട്ടുന്ന തുച്ഛമായിട്ടുള്ള പെൻഷനെക്കുറിച്ചാണ്. കർഷകത്തൊഴിലാളി പെൻഷനും തൊഴിലില്ലായ്മ വേതനവും ഉാംപ്പെടെ ഗവൺമെന്റ് നേരിട്ട് നൽകുന്ന എല്ലാ പെൻഷനുകളും ഗവൺമെന്റ് ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നതുപോലെ എല്ലാ മാസവും ട്രഷറിയിൽ നിന്ന് അനുവദിക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കർഷകത്തൊഴിലാളി പെൻഷൻ 24 മാസത്തെ കുടിശ്ശികയുണ്ട്. തൊഴിലില്ലായ്മ വേതനവും കുടിശ്ശികയാണ്. ഈ വിഭാഗത്തിന്റെ പെൻഷൻ കൊടുക്കാതെ അങ്ങ് ബഡായി അടിച്ചിട്ട് വല്ല കാര്യവുമുണ്ടോ?.......(ബഹളം)........

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): കുടിശ്ശിക നിങ്ങളുടെ കാലത്തുള്ളതാണ്.......(ബഹളം).......

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ഞാൻ പറയുന്നു 18 മാസത്തെ കുടിശ്ശികയുണ്ട്.........(ബഹളം)..........

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: വളരെ സാമ്പത്തിക ബുദ്ധിമുട്ടുള്ള അവസരത്തിലും അത് കൊടുക്കാൻ തീരുമാനം എടുത്തു. എല്ലാ മാസവും അവരുടെ പേമെന്റ് ട്രഷറിയിൽ നിന്ന് കൊടുക്കും. ഞാൻ ഒരു കാര്യംകൂടി വ്യക്തമാക്കുന്നു. ഈ ഗവൺമെന്റ് നേരിട്ട് കൊടുക്കുന്ന മുഴുവൻ പെൻഷന്റെയും തുക ട്രഷറിയിൽനിന്ന് ബന്ധപ്പെട്ടവർക്ക് കൊടുത്തതിനുശേഷം മാത്രമേ എന്റെ ശമ്പളം ഞാൻ മാറി എടുക്കുകയുള്ളൂ.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): അങ്ങു ശമ്പളം മാറേണ്ട, എല്ലാ മാസവും ഒന്നാം തീയതി ആദ്യം ഈ ചെക്ക് കൊടുത്തിരിക്കും. അതുകൊണ്ട് അങ്ങ് ശമ്പളം വാങ്ങാതിരിക്കേണ്ട.

ശ്രീ. കെ. പി. രാജേന്ദ്രൻ: പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങളും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ചികിത്സാ ആനുകൂല്യങ്ങളും ട്രഷറി തടസ്സംമൂലം മാസങ്ങളായി കൊടുക്കുന്നില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: അത് കൊടുക്കും. ഈ അവിശ്വാസപ്രമേയം തള്ളിക്കളയണം. ജനങ്ങളോടുള്ള പ്രതിബദ്ധത നിലനിർത്തിക്കൊണ്ട് ജനനന്മയ്ക്കുവേണ്ടി കേരളത്തിന്റെ വികസനത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഈ രംഗത്ത് നിങ്ങളുടെ എല്ലാവിധ സഹായസഹകരണങ്ങളും ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: മൂന്ന് ദിവസത്തെ അവിശ്വാസപ്രമേയ ചർച്ചയിൽ 25 മണിക്കൂർ സമയം എടുത്ത് ചർച്ചചെയ്തത് റിക്കാർഡാണ്. ഏതാണ്ട് സഭാംഗങ്ങളിൽ അമ്പത് ശതമാനത്തിലധികം പേർ ചർച്ചയിൽ പങ്കെടുത്തു. സഹകരിച്ച എല്ലാപേർക്കും നന്ദി.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച അവിശ്വാസപ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—46

1. ശ്രീ. വി. എസ്. അച്യുതാനന്ദൻ
2. ,, മഞ്ഞളാംകുഴി അലി
3. ,, എ. എ. അസീസ്
4. ,, കോടിയേരി ബാലകൃഷ്ണൻ
5. ,, ആർ. ബാലകൃഷ്ണപിള്ള
6. ,, എ. കെ. ബാലൻ
7. ,, ബിനോയ് വിശ്വം
8. ,, വി. കെ. ചന്ദ്രൻ
9. ,, വി. ചെന്താമരാക്ഷൻ
10. ,, ടി. കെ. ദേവകുമാർ
11. ,, കെ. ബി. ഗണേഷ്കുമാർ
12. ,, പി. സി. ജോർജ്

LIBRARY ARCHIVES Kerala Legislative Assembly

13. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
14. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
15. ,, കെ. കെ. ജയചന്ദ്രൻ
16. ,, എം. വി. ജയരാജൻ
17. ,, ടി. എം. ജേക്കബ്
18. ,, ജോണി നെല്ലൂർ
19. ,, പി. ജയരാജൻ
20. ഡോ. കെ. സി. ജോസഫ്
21. ശ്രീ. വി. സി. കബീർ
22. ,, എം. കുമാരൻ
23. ,, കെ. വി. കുഞ്ഞിരാമൻ
24. ,, കോവൂർ കുഞ്ഞുമോൻ
25. ,, വി. കെ. സി. മമ്മത്കോയ
26. ,, മത്തായി ചാക്കോ
27. ,, കെ. പി. മോഹനൻ
28. ,, എ. സി. മൊയ്തീൻ
29. ,, പിരപ്പൻകോട് മുരളി
30. ,, സി. കെ. നാണു
31. ,, പി. നാരായണൻ
32. ഡോ. എ. നീലലോഹിതദാസൻ നാടാർ
33. ശ്രീ. എം. പ്രകാശൻ മാസ്റ്റർ
34. ,, കെ. രാധാകൃഷ്ണൻ
35. ,, മാങ്കോട് രാധാകൃഷ്ണൻ
36. ,, എൻ. രാജൻ
37. ,, കെ. പി. രാജേന്ദ്രൻ
38. ,, രാജു എബ്രഹാം
39. ,, ടി. പി. രാമകൃഷ്ണൻ
40. ,, സാജു പോൾ
41. ,, കെ. പി. സതീശ് ചന്ദ്രൻ
42. ,, എ. സി. ഷൺമുഖദാസ്
43. ,, ഷിബു ബേബിജോൺ
44. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
45. ശ്രീ. പി. എസ്. സുപാൽ
46. ഡോ. തോമസ് ഐസക്ക്

പ്രതികൂലിക്കുന്നവർ—82

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, കെ. അച്ചുതൻ
5. ,, സി. ടി. അഹമ്മദ് അലി
6. ,, എ. പി. അനിൽകുമാർ
7. ,, ഇ. എം. അഗസ്തി
8. ,, കെ. ബാബു
9. ,, ബാബു ദിവാകരൻ
10. ,, പി. കെ. കെ. ബാവ
11. ,, കെ. എ. ചന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

12. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
13. ,, പി. പി. ജോർജ്
14. ,, ജോർജ് ജെ. മാത്യു
15. ,, പ്രയാർ ഗോപാലകൃഷ്ണൻ
16. ശ്രീമതി കെ. ആർ. ഗൗരിയമ്മ
17. ശ്രീ. എം. എം. ഹസ്സൻ
18. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
20. ശ്രീ. ഇസ്ഹാക്ക് കുരിക്കൾ
21. ,, കെ. സി. ജോസഫ്
22. ,, ജോസഫ് എം. പുതുശ്ശേരി
23. ,, പി. ജെ. ജോയി
24. ,, ഉമ്മൻ ചാണ്ടി
25. ,, എം. കെ. പോൾസൺ മാസ്റ്റർ
26. ,, വി. ജെ. പൗലോസ്
27. ,, അടൂർ പ്രകാശ്
28. ,, ടി. എൻ. പ്രതാപൻ
29. ,, ജി. പ്രതാപവർമ്മ തമ്പാൻ
30. ,, വക്കം പുരുഷോത്തമൻ
31. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
32. ,, ടി. യു. രാധാകൃഷ്ണൻ
33. ,, എം. വി. രാഘവൻ
34. ,, വർക്കല കഹാർ
35. ,, ജി. കാർത്തികേയൻ
36. ,, കെ. എൻ. എ. ഖാദർ
37. ,, കെ. കെ. നായർ
38. ,, പി. കെ. കുഞ്ഞാലിക്കുട്ടി
39. ഡോ. എം. എ. കുട്ടപ്പൻ
40. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
41. ,, ലൂഡി ലൂയിസ്
42. ,, സി. മമ്മൂട്ടി
43. ,, കെ. എം. മാണി
44. ,, കെ. മുഹമ്മദാലി
45. ,, ഇ. ടി. മുഹമ്മദ് ബഷീർ
46. ,, കെ. മോഹൻ കുമാർ
47. ,, എ. കെ. മണി
48. ,, സി. മൊയിൻകുട്ടി
49. ,, ആര്യാടൻ മുഹമ്മദ്
50. ,, സി. പി. മുഹമ്മദ്
51. ,, എം. കെ. മുനീർ
52. പ്രൊഫ. എ. ഡി. മുസ്തഫ
53. ശ്രീ. ടി. എച്ച്. മുസ്തഫ
54. ,, കെ. നാരായണക്കുറുപ്പ്
55. ,, എഴുകോൺ നാരായണൻ
56. ,, കെ. കെ. ഷാജു
57. ,, കടവൂർ ശിവദാസൻ
58. ,, നാലകത്ത് സൂപ്പി
59. ,, സ്റ്റീഫൻ ജോർജ്

LIBRARY ARCHIVES Kerala Legislative Assembly

60. ശ്രീ. കെ. സുധാകരൻ
61. ,, എ. സുജനപാൽ
62. ,, എൻ. സുന്ദരൻ നാടാർ
63. ,, സി. എഫ്. തോമസ്
64. പ്രൊഫ. കെ. വി. തോമസ്
65. ശ്രീ. എ. എൻ. രാജൻ ബാബു
66. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
67. ,, യു. സി. രാമൻ
68. ,, തമ്പാനൂർ രവി
69. ,, റോഷി അഗസ്റ്റിൻ
70. ,, ടി. പി. എം. സാഹിർ
71. ,, എൻ. ശക്തൻ
72. ,, കെ. ശങ്കരനാരായണൻ
73. ശ്രീ. വി. ഡി. സതീശൻ
74. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
75. ശ്രീ. പി. ടി. തോമസ്
76. ,, തോമസ് ചാഴികാടൻ
77. ,, തോമസ് ഉണ്ണിയാടൻ
78. ,, ഉമേഷ് ചള്ളിയിൽ
79. ,, എം. എ. വാഹിദ്
80. ,, കെ. സി. വേണുഗോപാൽ
81. ,, ബി. വിജയകുമാർ
82. ,, കെ. പി. വിശ്വനാഥൻ

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

അനുകൂലിക്കുന്നവർ — 46

പ്രതികൂലിക്കുന്നവർ — 82

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല

അവിശ്വാസ പ്രമേയം 46-നെതിരെ 82 വോട്ടുകളോടെ സഭ നിരാകരിച്ചു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 ജൂലായ് മാസം 20-ാം തീയതി, ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാത്രി 8.47-ന് പിരിഞ്ഞു.)

2/29—19

LIBRARY ARCHIVES Kerala Legislative Assembly